atma
book with a soul

# അബ്ബാ



## യേശു പഠിപ്പിച്ച പ്രാർത്ഥന

ഡോ. മൈക്കിൾ കാരിമറ്റം

# അബ്ബാ

## യേശു പഠിപ്പിച്ച പ്രാർത്ഥന



### ഡോ. മൈക്കിൾ കാരിമറ്റം

അവൻ ഒരിടത്തു പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ ശിഷ്യന്മാരിലൊരുവൻ വന്നു പറഞ്ഞു: കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കണേ (ലൂക്കാ 11:1).

കർത്താവായ യേശുക്രിസ്തു പഠിപ്പിച്ച പ്രാർത്ഥനയാകയാൽ ഇതിനെ കർത്തൃപ്രാർത്ഥന എന്നു സാധാരണമായി വിശേഷിപ്പിക്കാറുണ്ട്. ക്രിസ്തുവിശ്വാസികളായ സകലരും ഏറ്റം അധികം പ്രാർത്ഥിക്കുന്നതാണ് കർത്തൃപ്രാർത്ഥന. മത്തായിയും ലൂക്കായും ഈ പ്രാർത്ഥന രേഖപ്പെടുത്തുന്നുണ്ട്. ഇപ്രകാരം പ്രാർത്ഥിക്കുവിൻ എന്ന ആമുഖത്തോടെയാണ് രണ്ടു സുവിശേഷങ്ങളും ഈ പ്രാർത്ഥന അവതരിപ്പിക്കുന്നത്. പ്രാർത്ഥനയ്ക്ക് ഒരു മാതൃകയാണ് കർത്തൃപ്രാർത്ഥന.

മനഃപാഠമാക്കിയതും ദിവസേന അനേകം തവണ ആവർത്തിച്ചു പ്രാർത്ഥിക്കുന്നതും ആണെങ്കിലും, ഈ പ്രാർത്ഥന ഉൾക്കൊള്ളുന്ന സത്യങ്ങളും നൽകുന്ന സന്ദേശങ്ങളും ആവശ്യപ്പെടുന്ന മനോഭാവങ്ങളും പലപ്പോഴും ശ്രദ്ധിക്കാതെ പോകാം.

ക്രിസ്തീയ വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും ഒരു സംക്ഷിപ്ത രൂപം കർത്തൃപ്രാർത്ഥനയിൽ കാണാം. ദൈവത്തെ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്നു വിളിച്ചുകൊണ്ടു നടത്തുന്ന ഏഴു യാചനകൾ ഇവിടെ വിശദമായി അപഗ്രഥിക്കുന്നു.

ജാതിമതഭേദമെന്നിയേ, ദൈവത്തിൽ വിശ്വസിക്കുന്ന സകലർക്കും ഈ പ്രാർത്ഥന മാതൃകയും പ്രചോദനവും, ശക്തികേന്ദ്രവും പ്രത്യാശയുടെ ഉറവിടവുമാകും. ദൈവത്തെ അബ്ബാ-അപ്പാ എന്നു വിളിക്കുമ്പോൾ നമ്മൾ ആരും അനാഥരും അന്യരുമല്ല; എല്ലാവരും ദൈവത്തിന്റെ മക്കളും പരസ്പരം സഹോദരങ്ങളും ആണെന്ന ബോധ്യം ഉണർത്താനും വളർത്താനും ഈ പ്രാർത്ഥന സഹായകമാകും.

atma books
Parayanchery, Kozhikode - 673 016
Ph: +0495 4022600
+91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

ISBN: 978-93-93969-00-2

290

Available at: amazon.in & atmabooks.com

Scripture

# അബ്ബാ

## യേശു പഠിപ്പിച്ച പ്രാർത്ഥന

# ഡോ. മൈക്കിൾ കാരിമറ്റം

പതിനഞ്ചു വർഷക്കാലം തലശ്ശേരി അതിരൂപതയിൽ ബൈബിൾ അപ്പോസ്റ്റൊലേറ്റിന്റെ ഡയറക്ടറായും നാലുവർഷം മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ച ഡോ. മൈക്കിൾ കാരിമറ്റം 2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ അദ്ധ്യാപകനായി സേവനം ചെയ്തുവരുന്നു.

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനമായ ആൽഫാ ബൈബിൾ കമന്ററിയുടെ ചീഫ് എഡിറ്റർ കൂടിയാണ് അദ്ദേഹം.

**ഞങ്ങൾ പ്രസാധനം ചെയ്ത ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ**

1. അങ്ങയുടെ ചിറകിൻ കീഴിൽ
2. വെളിപാടുപുസ്തകം ഒരു വ്യാഖ്യാനം
3. കുരിശിന്റെ സുവിശേഷം
4. ആത്മാക്കളുടെ ലോകം
5. പുതിയനിയമത്തിലെ സ്ത്രീകൾ
6. കഴുതകൾ സംസാരിക്കുമ്പോൾ
7. നസ്രത്തിൽനിന്നൊരു പ്രവാചകൻ
8. കാണാപ്പുറം
9. പരാജിതരുടെ സുവിശേഷം
10. വിശ്വാസത്തിന്റെ വേരുകൾ
11. 101 വാഗ്ദാനങ്ങൾ
12. ഗുരുമൊഴികൾ
13. പാതയിൽ പ്രകാശം
14. പ്രത്യാശയിൽ സന്തോഷം
15. ദൈവം, ദൈവപുത്രൻ, ദൈവമാതാവ്
16. മോശയെപ്പോലൊരു പ്രവാചകൻ
17. ഇപ്പോഴെങ്കിലും
18. സഹായകൻ
19. തിരുനാളുകൾ

# അബ്ബാ

## യേശു പഠിപ്പിച്ച പ്രാർത്ഥന

ഡോ. മൈക്കിൾ കാരിമറ്റം

pavan atma®
book with a soul

atmabooks@gmail.com

Malayalam
*Abba - Yesu Padippicha Prarthana*
(Scripture)
Author: Dr. Michael Karimattam
Copyright: Author

Layout: Sheeja M
Cover Design: Sreejith George

First Published: June 2022
ISBN:

Printed, Published & Distributed by

pavan atma®
book with a soul

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

# ഉള്ളടക്കം


| | | |
|---|---|---|
| | ആമുഖം | 07 |
| 1. | പ്രാർത്ഥന ബൈബിളിൽ | 11 |
| 2. | യേശുവും പ്രാർത്ഥനയും | 28 |
| 3. | സന്ദർഭം - ഘടന | 39 |
| 4. | സ്വർഗ്ഗസ്ഥനായ പിതാവ് | 46 |
| 5. | നാമം - പൂജിതം - പരിശുദ്ധം | 55 |
| 6. | രാജ്യവും ഹിതവും | 71 |
| 7. | തിരുഹിതം | 119 |
| 8. | അപ്പം | 157 |
| 9. | ക്ഷമ - മാപ്പ് | 179 |
| 10. | പരീക്ഷ - പ്രലോഭനം | 202 |
| 11. | സംരക്ഷണം | 210 |
| | ഉപസംഹാരം | 221 |

1. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

2. അങ്ങയുടെ നാമം പൂജിതമാകണമേ

3. അങ്ങയുടെ രാജ്യം വരണമേ

4. അങ്ങയുടെ തിരുഹിതം സ്വർഗ്ഗത്തിലേതുപോലെ ഭൂമിയിലും ആകണമേ

5. അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്ക് നല്കണമേ

6. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ

7. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ

8. തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ

മത്താ 6,10–13

1. പിതാവേ

2. അങ്ങയുടെ നാമം പൂജിതമാകണമേ

3. അങ്ങയുടെ രാജ്യം വരണമേ

4. അന്നന്നുവേണ്ട ആഹാരം ഓരോ ദിവസവും ഞങ്ങൾക്കു നല്കണമേ

5. ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ, എന്തെന്നാൽ ഞങ്ങളുടെ കടക്കാരോടു ഞങ്ങളും ക്ഷമിക്കുന്നു.

6. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ

ലൂക്കാ 11,2–4

# ആമുഖം

"*അവൻ ഒരിടത്തു പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ ശിഷ്യന്മാരിലൊരുവൻ വന്നുപറഞ്ഞു: കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കണേ*" (ലൂക്കാ 11,1).

പ്രാർത്ഥിക്കാത്ത ദൈവവിശ്വാസികളില്ല. ശരീരത്തിന് ശ്വാസവും ആഹാരവും പോലെയാണ് ആത്മാവിനു പ്രാർത്ഥന. ഓരോരുത്തരും അവരവരുടെ വിശ്വാസവും തങ്ങൾക്കു ലഭിച്ച പരിശീലനവും അനുസരിച്ചു പ്രാർത്ഥിക്കുന്നു. അതു യാചന യാവാം, കീർത്തനമാകാം, കൃതജ്ഞതയാകാം. മാപ്പിരക്കലാകാം. മനഃപാഠം പഠിച്ച പ്രാർത്ഥനകൾ ഉരുവിടുന്നതാകാം; അല്ലെങ്കിൽ ആന്തരികപ്രേരണയനുസരിച്ച് സ്വന്തം വാക്കുകളുപയോഗിച്ചു പ്രാർത്ഥിക്കുന്നതാവാം.

ഇതൊക്കെ ശരിയാണെങ്കിലും എന്താണ് പ്രാർത്ഥിക്കേണ്ടത്, എപ്രകാരമാണ് പ്രാർത്ഥിക്കേണ്ടത് എന്നു പലപ്പോഴും അറിയാൻ കഴിയുന്നില്ല. ഇത് ഏതെങ്കിലും ചില വ്യക്തികളുടെ ഒറ്റപ്പെട്ട അനുഭവമല്ല. എല്ലാ മനുഷ്യരും പൊതുവേ നേരിടുന്ന ഒരു പ്രതി സന്ധിയാണെന്നു പൗലോസ് അപ്പസ്തോലൻ സാക്ഷ്യപ്പെടു ത്തുന്നു: "*നമ്മുടെ ബലഹീനതയിൽ ആത്മാവു നമ്മെ സഹാ യിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു നമു ക്കറിഞ്ഞുകൂടാ. എന്നാൽ അവാച്യമായ നെടുവീർപ്പുകളാൽ ആ ത്മാവു തന്നെ നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു*" (റോമാ 8,26). പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ ഹൃദയത്തിന്റെ അഗാ ധതലങ്ങളിൽ നിന്നുയർന്നുവരുന്ന, വാക്കുകളില്ലാത്ത, നെടുവീർ പ്പുകൾ പ്രാർത്ഥനയാണ്.

അവാച്യമായ നെടുവീർപ്പുകൾ പ്രാർത്ഥനയായി ഉയരു മ്പോഴും എന്റെ മനസ് ശൂന്യമായിരിക്കും. എന്താണു പറയുന്ന തെന്നോ പറയേണ്ടതെന്നോ അറിയാതെ, കൊച്ചുകുഞ്ഞിനെ

പ്പോലെ, സന്തോഷിക്കുമ്പോൾ ചിരിക്കുകയും വേദനിക്കുമ്പോൾ കരയുകയും ചെയ്യുന്ന പ്രാർത്ഥനയുണ്ട്. എന്നാൽ അതു മാത്രം പോരാ. എന്തുപറയണം, എങ്ങനെ പറയണം, ആരോടു പറയണം എന്നിങ്ങനെയുള്ള ചോദ്യങ്ങൾ പ്രാർത്ഥനയെ സംബന്ധിച്ചും പ്രസക്തമാണ്. ഇപ്രകാരമുള്ള ഒരു ചോദ്യമാണ് തുടക്കത്തിൽ ഉദ്ധരിച്ചിരിക്കുന്നത്.

യേശുവിന്റെ പ്രാർത്ഥന ശിഷ്യർക്കു മാതൃകയും പ്രചോദനവുമായി. അതുപോലെ പ്രാർത്ഥിക്കാൻ പഠിക്കണം എന്ന് അവർ ആഗ്രഹിച്ചു. സ്നാപക യോഹന്നാൻ തന്റെ ശിഷ്യരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചത് ഉദാഹരണവുമായി. ഈ സാഹചര്യത്തിലാണ് യേശു പഠിപ്പിച്ച പ്രാർത്ഥന ലൂക്കാ രേഖപ്പെടുത്തിയിരിക്കുന്നത്.

കർത്താവായ യേശുക്രിസ്തു പഠിപ്പിച്ച പ്രാർത്ഥനയാകയാൽ ഇതിനെ "*കർത്തൃപ്രാർത്ഥന*" എന്നു സാധാരണമായി വിശേഷിപ്പിക്കാറുണ്ട്. ക്രിസ്തുവിശ്വാസികളായ സകലരും ഏറ്റം അധികം പ്രാർത്ഥിക്കുന്നതാണ് കർത്തൃപ്രാർത്ഥന. മത്തായിയും ലൂക്കായും ഈ പ്രാർത്ഥന രേഖപ്പെടുത്തുന്നുണ്ട്. "*ഇപ്രകാരം പ്രാർത്ഥിക്കുവിൻ*" എന്ന ആമുഖത്തോടെയാണ് രണ്ടു സുവിശേഷങ്ങളും ഈ പ്രാർത്ഥന അവതരിപ്പിക്കുന്നത്. പ്രാർത്ഥനയ്ക്ക് ഒരു മാതൃകയാണ് കർത്തൃപ്രാർത്ഥന.

മനഃപാഠമാക്കിയതും ദിവസേന അനേകം തവണ ആവർത്തിച്ചു പ്രാർത്ഥിക്കുന്നതും ആണെങ്കിലും, ഈ പ്രാർത്ഥന ഉൾക്കൊള്ളുന്ന സത്യങ്ങളും നല്കുന്ന സന്ദേശങ്ങളും ആവശ്യപ്പെടുന്ന മനോഭാവങ്ങളും പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകാം. പ്രാർത്ഥന ചൊല്ലുമ്പോൾ എന്താണ് പറയുന്നതെന്ന ചിന്ത പോലും ഇല്ലാതെ പോയെന്നുവരാം. എന്നാൽ വാക്കുകൾ ശ്രദ്ധിക്കാൻ തുടങ്ങുമ്പോൾ അനേകം ചോദ്യങ്ങളും ഉയരും.

പ്രാർത്ഥനയുടെ രൂപവും ഉപയോഗിക്കുന്ന വാക്കുകളും തന്നെ പ്രശ്നങ്ങൾക്കു വഴിയൊരുക്കുന്നു. വീടുകളിൽ പ്രാർത്ഥിക്കുന്നതുപോലെയല്ല ഈ പ്രാർത്ഥന പള്ളികളിൽ, പ്രത്യേകിച്ചും കുർബ്ബാന മധ്യേ പ്രാർത്ഥിക്കുന്നത്. പള്ളികളിൽത്തന്നെ, വിവിധ റീത്തുകളനുസരിച്ച്, ഈ പ്രാർത്ഥനയിലും ചില മാറ്റങ്ങൾ കാണാം. ഇനി ഒരു പടികൂടി കടന്ന്, സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രാർത്ഥന പരിശോധിച്ചാൽ അവിടെയും കാണാം വ്യത്യാസം. മത്തായിയും ലൂക്കായും ഈ പ്രാർത്ഥന

രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രാർത്ഥന അവതരിപ്പിക്കുന്ന സാഹചര്യവും പ്രാർത്ഥനയിലെ തന്നെ വാക്കുകളും രണ്ടു സുവിശേഷങ്ങളിലും ഒരുപോലെയല്ല. ഈ സാഹചര്യത്തിൽ വിശദമായ ഒരു പഠനം ആവശ്യമായി വരുന്നു.

പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്ന യേശുവും പഠിപ്പിക്കണമേ എന്നു യാചിക്കുന്ന ശിഷ്യരും യഹൂദരായിരുന്നു; ദൈവം സ്വന്തം ജനമായി തിരഞ്ഞെടുത്ത്, ലോകത്തിനു പ്രകാശമാകാൻ വേണ്ടി വളർത്തിയ ഇസ്രായേൽ ജനത്തിലെ അംഗങ്ങൾ. പ്രാർത്ഥന അവർക്ക് അപരിചിതമായിരുന്നില്ല. ദിവസംതോറും അനേകം തവണ വീടുകളിലും, സാബത്തുതോറും സിനഗോഗുകളിലും അവർ പ്രാർത്ഥിച്ചിരുന്നു. മാത്രമല്ല, വ്യക്തപരമായ പ്രാർത്ഥനയും അവരുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. എന്തായിരുന്നു പ്രാർത്ഥനയെക്കുറിച്ച് അന്നു നിലവിലിരുന്ന കാഴ്ചപ്പാട് എന്നു മനസിലാക്കുന്നതു യേശു പഠിപ്പിച്ച പ്രാർത്ഥനയുടെ സവിശേഷതകൾ ഗ്രഹിക്കാൻ സഹായിക്കും. അതിനാൽ ആദ്യത്തെ അധ്യായം പ്രാർത്ഥനയെക്കുറിച്ച് ബൈബിളിൽ കാണുന്ന പൊതുവായ വിവരങ്ങൾ അപഗ്രഥിക്കുന്നു. തുടർന്ന് യേശുവിന്റെ പ്രാർത്ഥനാജീവിതം, പ്രാർത്ഥനയെക്കുറിച്ച് യേശു നല്കിയ പ്രബോധനങ്ങൾ എന്നിവ ചുരുക്കമായി പ്രതിപാദിക്കുന്നു.

തുടർന്ന് രണ്ടു സുവിശേഷങ്ങളും ഈ പ്രാർത്ഥന അവതരിപ്പിക്കുന്ന സാഹചര്യവും സുവിശേഷങ്ങളുടെ ഘടനയിൽ ഈ പ്രാർത്ഥനയ്ക്കു നല്കിയിരിക്കുന്ന സ്ഥാനവും പരിശോധിക്കുന്നു. അതോടൊപ്പം രണ്ടു സുവിശേഷങ്ങളിലെയും പ്രാർത്ഥനകൾ തമ്മിൽ താരതമ്യം ചെയ്ത് സാമ്യങ്ങളും വ്യത്യാസങ്ങളും കണ്ടെത്തുന്നു. അഭിസംബോധനയും തുടർന്നുള്ള ഓരോ യാചനയും വിശദമായി അപഗ്രഥിക്കുകയാണ് അടുത്ത എട്ട് അധ്യായങ്ങളിൽ ചെയ്യുന്നത്. ഓരോ വിഷയവും വിശദമായി വിശകലനം ചെയ്ത് അർത്ഥം കണ്ടെത്താനും അവയുടെ ആനുകാലിക പ്രസക്തി മനസിലാക്കാനും ശ്രമിക്കുന്നു.

നിരന്തരം ഉരുവിടുകയും പലപ്പോഴും അർത്ഥം അറിയാതെയും അതിനെക്കുറിച്ചു കാര്യമായി ചിന്തിക്കാതെയും പ്രാർത്ഥിക്കുകയും ചെയ്യുന്ന, കർത്തൃപ്രാർത്ഥനയുടെ അർത്ഥം ഗ്രഹിക്കാനും പ്രാർത്ഥന ജീവിതത്തിൽ സ്വാധീനം ചെലുത്താനും അല്പമെങ്കിലും ഈ ഗ്രന്ഥം സഹായകമാകും എന്നു പ്രതീക്ഷിക്കുന്നു.

ജാതിമതഭേദമെന്നിയേ, ദൈവത്തിൽ വിശ്വസിക്കുന്ന സകലർക്കും ഈ പ്രാർത്ഥന മാതൃകയും പ്രചോദനവും, ശക്തികേന്ദ്രവും പ്രത്യാശയുടെ ഉറവിടവുമാകും. ദൈവത്തെ അബ്ബാ - അപ്പാ എന്നു വിളിക്കുമ്പോൾ നമ്മൾ ആരും അനാഥരും അന്യരുമല്ല; എല്ലാവരും ദൈവത്തിന്റെ മക്കളും പരസ്പരം സഹോദരങ്ങളും ആണെന്ന ബോധ്യം ഉണർത്താനും വളർത്താനും ഈ പ്രാർത്ഥന സഹായകമാകട്ടെ എന്ന് ആഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു, ആശം സിക്കുന്നു.

# 1

## പ്രാർത്ഥന ബൈബിളിൽ

*“വളരെയേറെ മനോവേദന അനുഭവിക്കുന്നവളാണ് ഞാൻ. വീഞ്ഞോ ലഹരിപാനീയമോ ഞാൻ കഴിച്ചിട്ടില്ല. കർത്താവിന്റെ മുമ്പിൽ എന്റെ ഹൃദയവികാരങ്ങൾ ഞാൻ പങ്കുവയ്ക്കുകയായിരുന്നു... അത്യധികമായ ആകുലതയും അസ്വസ്ഥതയും മൂലമാണ് ഞാൻ സംസാരിച്ചത്” (1 സാമു 1,15-16).*

പ്രാർത്ഥനയുടെ അതിമനോഹരമായൊരു മാതൃകയാണവൾ, സാമുവേലിന്റെ അമ്മയായ ഹന്നാ. ഏല്ക്കാനായുടെ രണ്ടു ഭാര്യമാരിൽ ഒരാൾ. പെനീന്നാ എന്നു പേരുള്ള ഭാര്യയിൽ ഏല്ക്കാനായ്ക്കു മക്കളുണ്ടായി. എന്നാൽ ഹന്നാ വന്ധ്യ ആയിരുന്നു. വന്ധ്യത്വം ഒരു ശാപമായി കരുതപ്പെട്ടിരുന്ന കാലം. അതിനും കാരണമുണ്ടായിരുന്നു. പുനരുത്ഥാനത്തെയോ മരണാനന്തരജീവിതത്തെയോ കുറിച്ച് അറിവില്ലാതിരുന്നതിനാൽ മക്കളിലൂടെ ജീവൻ നിലനില്ക്കുന്നു, തുടരുന്നു എന്നു വിശ്വസിച്ചിരുന്നു. മരിക്കുമ്പോൾ സംസ്കരിക്കുന്നത് മാതാപിതാക്കളുടെ കല്ലറയിൽത്തന്നെ. അങ്ങനെ തലമുറകൾ ഒരുമിച്ച് ഉറങ്ങുന്നു; മക്കളിലൂടെ ജീവിതം തുടരുന്നു. ഇതായിരുന്നു അന്നു നിലവിലുണ്ടായിരുന്ന വിശ്വാസം.

ഇതുതന്നെയാണ് ഹന്നായുടെ സങ്കടകാരണം. തന്നെയുമല്ല, വന്ധ്യത്വത്തിന്റെ പേരിൽ സഹഭാര്യയായ പെനീന്നായുടെ പരിഹാസം അവളെ ഏറെ ആകുലപ്പെടുത്തിയിരുന്നു. ഭർത്താവിന്റെ സ്നേഹവും സാന്ത്വനവചസുകളും ഒന്നും അവളുടെ ദുഃഖമകറ്റാൻ പര്യാപ്തമായില്ല. ഉടമ്പടിയുടെ പേടകം സൂക്ഷിച്ചിരുന്ന ഷീലോയിലേക്ക് ആണ്ടുതോറും നടത്തിയിരുന്ന തീർത്ഥാടനം ഹന്നായെ സംബന്ധിച്ച് കൂടുതൽ ദുഃഖത്തിനു കാരണമായി. പെയ്തുതീരാത്ത കണ്ണീർ അവളുടെ ആന്തരികവ്യഥയുടെ സാക്ഷിയായിരുന്നു. അതീവ ദുഃഖത്തോടെ അവൾ ഭക്ഷണം കഴിഞ്ഞ്

എണീറ്റു, കർത്താവിന്റെ സന്നിധിയിൽ ചെന്നു. ഉടമ്പടിയുടെ പ്രമാണങ്ങൾ രേഖപ്പെടുത്തിയ കല്പലകകൾ സൂക്ഷിച്ചിരുന്ന പേടകം കർത്താവിന്റെ സാന്നിധ്യത്തിന്റെ അടയാളമായിരുന്നു. ആ പേടകത്തിന്റെ മുമ്പിലേക്കാണ് അവൾ പോയത്. "*അവൾ കർത്താവിനോട് ഹൃദയം നൊന്തു കരഞ്ഞു പ്രാർത്ഥിച്ചു*" (1 സാമു 1,10).

ദേവാലയത്തിന്റെ പടിവാതിൽക്കൽ ഇരുന്ന് അവളെ ശ്രദ്ധിച്ച ഏലി പുരോഹിതൻ അവൾ മദ്യപിച്ചു ലക്കുകെട്ട് പുലമ്പുകയാണെന്നു കരുതി. "*അവൾ ഹൃദയത്തിൽ സംസാരിക്കുകയായിരുന്നു. അധരം മാത്രമേ ചലിച്ചിരുന്നുള്ളൂ. ശബ്ദം പുറത്തു വന്നിരുന്നില്ല*" (1 സാമു 1,13). കാര്യമറിയാതെ ശകാരിച്ച ഏലിയുടെ വാക്കുകൾ അവളെ കൂടുതൽ ഭാരപ്പെടുത്തി. എന്നാലും സത്യാവസ്ഥ മനസിലായപ്പോൾ പുരോഹിതൻ ഏലി അവളെ അനുഗ്രഹിച്ചു; ആശ്വസിപ്പിച്ചു. "*സമാധാനത്തിൽ പോവുക. ഇസ്രായേലിന്റെ ദൈവം നിന്റെ പ്രാർത്ഥന സാധിച്ചുതരട്ടെ*" (1 സാമു 1,17).

പ്രാർത്ഥനയെ കുറിച്ച് ശ്രദ്ധേയമായ ചില ഉൾക്കാഴ്ചകൾ ഈ വിവരണത്തിൽ നിന്നു ലഭിക്കുന്നുണ്ട്. അതിൽ ഏറ്റം പ്രധാനപ്പെട്ടതും, പ്രാർത്ഥനയുടെ ഒരു നിർവ്വചനം എന്നു പറയാവുന്നതുമാണ് ആദ്യത്തേത്. "*കർത്താവിന്റെ മുമ്പിൽ ഹൃദയവികാരങ്ങൾ ചൊരിയുകയായിരുന്നു*" (1 സാമു 1, 15). അതാണു പ്രാർത്ഥന. ദൈവത്തിന്റെ മുമ്പിൽ ഹൃദയം തുറക്കുക. മനഃപാഠമാക്കിയ വാക്യങ്ങൾ ഉരുവിടുകയല്ല, ആലോചിച്ച് തിരഞ്ഞെടുത്ത വാക്കുകളിലൂടെ ഒരു പ്രസംഗം നടത്തുകയുമല്ല, മറിച്ച് ഹൃദയവികാരങ്ങൾ അതേപടി ചൊരിയുക. അതു ദുഃഖമോ സന്തോഷമോ ആകാം; പ്രതീക്ഷയോ നിരാശയോ ആകാം. ആവശ്യങ്ങൾ അറിയിക്കുന്നതോ കിട്ടിയ അനുഗ്രഹങ്ങൾക്കു നന്ദി പറയുന്നതോ ആകാം. ചിലപ്പോൾ ഹൃദയം തകർന്ന നിലവിളിയുമാകാം. അതോടൊപ്പം ദൈവത്തിന്റെ സ്നേഹം അനുഭവിച്ചറിയുന്നതിലുള്ള സന്തോഷം, ദൈവത്തിന്റെ സംരക്ഷണയിൽ നിന്നു ലഭിക്കുന്ന ആത്മധൈര്യം, ദൈവത്തിന്റെ തിരഞ്ഞെടുപ്പിൽ നിന്നു ലഭിക്കുന്ന ആത്മാഭിമാനം, ഇതൊക്കെയാവാം പ്രാർത്ഥനയായി നിർഗ്ഗളിക്കുന്നത്. ദൈവത്തിനു മുമ്പിൽ വച്ചു നേരുന്ന നേർച്ചകൾ, നല്കുന്ന വാഗ്ദാനങ്ങൾ, എടുക്കുന്ന തീരുമാനങ്ങൾ, ഇതും പ്രാർത്ഥന തന്നെ.

ഇപ്രകാരം വ്യത്യസ്തങ്ങളായ മാനങ്ങൾ പ്രാർത്ഥനയ്ക്കുണ്ട്. ഹൃദയം തുറന്ന് ദൈവത്തിനുമുമ്പിൽ വിലപിച്ച ഹന്നാ ഒരു നേർച്ച നേർന്നു: "*സൈന്യങ്ങളുടെ കർത്താവേ, ഈ ദാസിയുടെ സങ്കടംകണ്ട്, അങ്ങ് എന്നെ അനുസ്മരിക്കണമേ. അങ്ങയുടെ ദാസിയെ വിസ്മരിക്കരുതേ! എനിക്കൊരു പുത്രനെ നല്കിയാൽ അവന്റെ ജീവിതകാലം മുഴുവൻ അവനെ ഞാൻ അങ്ങേയ്ക്കു പ്രതിഷ്ഠിക്കും. അവന്റെ ശിരസ്സിൽ ക്ഷൗരക്കത്തി സ്പർശിക്കുകയില്ല*" (1 സാമു 1,11). മകനെ കിട്ടിയാൽ അവനെ നാസീർ വ്രതക്കാരനായി ദൈവശുശ്രൂഷയ്ക്കുവേണ്ടി സമർപ്പിക്കും. തികച്ചും നിസ്വാർത്ഥമായൊരു പ്രാർത്ഥന.

ഹന്നായുടെ പ്രാർത്ഥന കർത്താവു കേട്ടു. അവൾക്കൊരു പുത്രൻ ജനിച്ചു. "ദൈവം കേട്ടു" എന്നർത്ഥമുള്ള "സാമുവേൽ" എന്ന പേര് അവനു നല്കി. മൂന്നുവയസായപ്പോൾ തന്റെ നേർച്ച നിറവേറ്റിക്കൊണ്ട് മകനെ ദേവാലയത്തിൽ കൊണ്ടുവന്ന് ദൈവത്തിനു സമർപ്പിച്ചു. ആ അവസരത്തിൽ ഹന്നായുടെ പ്രാർത്ഥന ഒരു സ്തോത്രഗീതമായി പുറത്തുവന്നു (1 സാമു 2, 1-10), പ്രാർത്ഥനയുടെ മറ്റൊരു മാതൃക. കർത്താവിലുള്ള സന്തോഷം ഏറ്റുപറയുന്ന, കർത്താവു ചെയ്ത വലിയ കാര്യങ്ങൾ സന്തോഷത്തോടെ പരസ്യമായി പ്രഘോഷിക്കുന്ന കീർത്തനം. പിന്നീട്, രക്ഷകന്റെ അമ്മയായ മറിയം, സഖറിയായുടെ വീട്ടിൽവച്ച് ആലപിക്കുന്ന സ്തോത്രഗീതത്തിൽ (ലൂക്കാ 1, 46-55) ഈ കീർത്തനത്തിന്റെ വലിയ സ്വാധീനം കാണാം.

## പ്രാർത്ഥന പലവിധം

മനുഷ്യൻ ദൈവത്തിന്റെ മുമ്പിൽ ഹൃദയം തുറക്കുന്നതാണ് പ്രാർത്ഥന എന്നു നാം കണ്ടു. ബൈബിൾ രേഖപ്പെടുത്തിയിട്ടുള്ള മനുഷ്യന്റെ ആദ്യവാക്കുകൾ തന്നെ, ഈ അർത്ഥത്തിൽ ഒരു പ്രാർത്ഥനയാണ്. ഏദേൻ തോട്ടത്തിൽ ഏകനായി കഴിഞ്ഞ ആദാമിന്റെ മുമ്പിലേക്ക്, അവന്റെ വാരിയെല്ലിൽ നിന്നു ദൈവം മെനഞ്ഞെടുത്ത സ്ത്രീയെ കൊണ്ടുവന്നപ്പോൾ, അവന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നുയർന്ന ഒരു പ്രാർത്ഥനയാണ് ആദിമനുഷ്യന്റെ ആദ്യവാക്കുകൾ: "*ഒടുവിൽ ഇതാ, എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽനിന്നുള്ള മാംസവും*" (ഉൽപ 2, 23). ഇതൊരു പ്രാർത്ഥനയായി പരിഗണിക്കാമോ എന്ന സംശയം ഉണ്ടാകാം. ദൈവമാണ് അവളെ കൊണ്ടുവന്നത്. ആദാ

മിന്റെ ഈ ഉദ്ഘോഷണം വലിയ ആശ്ചര്യത്തിന്റെയും സന്തോഷത്തിന്റെയും പ്രകടനമാണ്; അതും ദൈവതിരുമുമ്പിൽ. അതിനാൽത്തന്നെ മനോഹരമായൊരു പ്രാർത്ഥനയായി ഇതിനെ കാണാൻ കഴിയും. ഹൃദയത്തിൽനിന്നു കവിഞ്ഞൊഴുകുന്ന വാക്കുകളാണ് പ്രാർത്ഥന.

ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന മനുഷ്യന്റെ അവസാനത്തെ വാക്കും പ്രാർത്ഥന തന്നെ: "*കർത്താവായ യേശുവേ വരണമേ: കർത്താവായ യേശുവിന്റെ കൃപ എല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ*" (വെളി 22, 20-21), ഒരു യാചനയും ഒരു ആശിർവാദവും; പ്രാർത്ഥനയുടെ രണ്ടു രൂപങ്ങൾ, രണ്ടു ഭാവങ്ങൾ. അങ്ങനെ ബൈബിൾ മുഴുവൻ പ്രാർത്ഥനയാൽ നിറഞ്ഞിരിക്കുന്നു എന്നു പറയാനാവും. പ്രാർത്ഥിക്കുന്ന അനേകം വ്യക്തികൾ, അനേകം വ്യത്യസ്ത സാഹചര്യങ്ങൾ, പലവിധത്തിലുള്ള പ്രാർത്ഥനകൾ എല്ലാം ബൈബിളിൽ കാണാം. അവയെക്കുറിച്ച് വളരെ ചുരുക്കമായി പ്രതിപാദിക്കാനാണു തുടർന്നു ശ്രമിക്കുന്നത്.

## പ്രാർത്ഥിക്കുന്ന വ്യക്തികൾ

ഹന്നായുടെയും ആദാമിന്റെയും പ്രാർത്ഥനകൾ കണ്ടുകഴിഞ്ഞു. ഇതുപോലെ പ്രാർത്ഥിക്കുന്ന അകേം വ്യക്തികളെ ബൈബിളിൽ കാണാം. കായേനും ആബേലും ദൈവത്തിനു ബലിയർപ്പിക്കുന്നത്, വാക്കുകളില്ലാത്ത പ്രാർത്ഥനയുടെ ഒരു രൂപമാണ്. സഹോദരനെ വധിച്ച കായേനെ ദൈവം പിടിച്ചുനിർത്തി ചോദ്യം ചെയ്തു; കുറ്റം തെളിയിച്ചു; ശിക്ഷ വിധിച്ചു. അപ്പോൾ കായേന്റെ തകർന്ന ഹൃദയത്തിൽ നിന്നുയരുന്ന ഒരു നിലവിളിയുണ്ട്, പ്രാർത്ഥനയുടെ ഒരുദാഹരണമായി: "*എനിക്കു വഹിക്കാവുന്നതിലും വലുതാണ് ഈ ശിക്ഷ... കാണുന്നവരെല്ലാം എന്നെ കൊല്ലാൻ നോക്കും*" (ഉൽപ 4, 13-14). ദൈവതിരുമുമ്പിൽ കായേൻ നടത്തുന്ന ഈ വിലാപം പ്രാർത്ഥനയുടെ മറ്റൊരു രൂപം പ്രകടമാകുന്നു. അബ്രഹാമിന്റെയും (ഉൽപ 18,22-23) ഇസഹാക്കിന്റെ (ഉൽപ 25,21)യും പ്രാർത്ഥനകൾ മധ്യസ്ഥപ്രാർത്ഥനയാണ്; യാക്കോബിന്റെ ആശിർവാദങ്ങളും അനുഗ്രഹങ്ങളും (ഉൽപ 49, 1-27) മക്കൾക്കു നല്കുന്ന അനുഗ്രഹങ്ങളോടൊപ്പം അവർക്കുവേണ്ടി നടത്തുന്ന മധ്യസ്ഥപ്രാർത്ഥനകളായും കാണാൻ കഴിയും.

തുടർന്നങ്ങോട്ട് മോശ (പുറ 15,1-16) മിരിയാം (പുറ 15,21) ജോഷ്വ (ജോഷ്വ 7, 6-9) സാമുവേൽ (1 സാമു 7,9; 8,6; 16,2),

ദാവീദ് (2 സാമു 1, 17-27; 7,1829; 12,13;22,151) സോളമൻ (1 രാജാ 8,22-61), ഏലിയാ (1 രാജാ 17,20-21; 18, 36-37; 19,4) എന്നിങ്ങനെ നിരവധി വ്യക്തികൾ പ്രാർത്ഥിക്കുന്നതായി ബൈബിൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആമോസിന്റെ മധ്യസ്ഥപ്രാർത്ഥനയും (ആമോ7,1-6) ഏശയ്യായുടെ പരിഭ്രമവും (ഏശ 6,5) ജറെമിയായുടെ വിലാപങ്ങളും (ജറെ 4,19-23;8,18-9,2) പരാതികളും (ജറെ 20,7-18), തീച്ചൂളയിൽ എറിയപ്പെട്ട മൂന്നു യുവാക്കളുടെ കീർത്തനവും (ദാനി 3,23-24 വാക്യങ്ങൾക്കു മധ്യേ അവതരിപ്പിച്ചിരിക്കുന്ന 68 വാക്യങ്ങൾ) എല്ലാം പ്രാർത്ഥിക്കുന്നവരുടെയും പ്രാർത്ഥനയുടെയും ഉദാഹരണങ്ങൾ തന്നെ. അന്ധനായിത്തീർന്ന തോബിത്തും ഒന്നിനു പിറകെ ഒന്നായി ഏഴു ഭർത്താക്കന്മാർ നഷ്ടപ്പെട്ട സാറായും അവളെ വിവാഹം കഴിച്ച തോബിയാസും (തോബി 3,1-6;11-15;8,5-17;13,1-15) വിവിധങ്ങളായ പ്രാർത്ഥനയുടെ മാതൃകകളാണ്.

പ്രവാസത്തിൽനിന്നു മടങ്ങിവന്നിട്ടും ക്ലേശങ്ങളിൽ കഴിയുന്ന ജനത്തിനുവേണ്ടി, അവരുടെ തെറ്റുകൾക്കു മാപ്പിരന്നുകൊണ്ടു പ്രാർത്ഥിക്കുന്ന എസ്രാ (എസ്രാ 9, 5-15, നെഹെ 9,6-37), മരണത്തിനുഴിഞ്ഞിടപ്പെട്ടിരിക്കുന്ന തങ്ങളുടെ ജനത്തിനുവേണ്ടി പ്രാർത്ഥിക്കുന്ന എസ്തേർ (എസ്തേർ 14, 1-19), മർദൊക്കായ് (എസ്തേർ 13, 8-18), തന്റെ ജനത്തെ ശത്രുക്കളിൽനിന്നു രക്ഷിക്കണം എന്നു യാചിച്ചും രക്ഷ കിട്ടിക്കഴിഞ്ഞപ്പോൾ കർത്താവിനു നന്ദി പറഞ്ഞു സ്തുതിച്ചും പ്രാർത്ഥിക്കുന്ന യൂദിത്ത് (യൂദി 9, 1-14; 16, 2-17) തുടങ്ങി പ്രാർത്ഥനയുടെ നിരവധി മാതൃകകൾ പഴയനിയമത്തിൽ കാണാം.

പുതിയനിയമത്തിലും ഇതുപോലെ തന്നെ നിരവധി വ്യക്തികളെ പ്രാർത്ഥനയുടെ ഉദാഹരണങ്ങളായി അവതരിപ്പിക്കുന്നുണ്ട്. ദൈവസന്നിധിയിൽ ബലിയർപ്പിക്കുന്ന സഖറിയായെയും പ്രാർത്ഥിച്ചുകൊണ്ടു നില്ക്കുന്ന ജനത്തെയും ചിത്രീകരിച്ചുകൊണ്ടാണ് ലൂക്കാ സുവിശേഷം ആരംഭിക്കുന്നതുതന്നെ (ലൂക്കാ 1, 9-10). സുവിശേഷം അവസാനിപ്പിക്കുന്നതാകട്ടെ വീണ്ടും ഒരു പ്രാർത്ഥനാസമൂഹത്തെക്കുറിച്ചു പ്രതിപാദിച്ചുകൊണ്ട് (ലൂക്കാ 24, 53). സുവിശേഷങ്ങൾ, അപ്പസ്തോലപ്രവർത്തനങ്ങൾ, ലേഖനങ്ങൾ, വെളിപാടുപുസ്തകം എന്നിവ ഉൾപ്പെടുന്ന പുതിയ നിയമത്തിന്റെ 27 പുസ്തകങ്ങളിലും പ്രാർത്ഥിക്കുന്ന വ്യക്തികളെയും അവരുടെ പ്രാർത്ഥനകളെയും കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. അങ്ങനെ

ബൈബിൾ മുഴുവൻ തന്നെ ഒരു പ്രാർത്ഥനാപുസ്തകമാണെന്ന പ്രതീതി ലഭിക്കുന്നു. എന്താണീ പ്രാർത്ഥനകളുടെ വിഷയം എന്നു ചുരുക്കമായി വിശകലനം ചെയ്യാനാണ് അടുത്തതായി ശ്രമിക്കുന്നത്.

## ബൈബിളിലെ പ്രാർത്ഥനകൾ

ബൈബിളിൽ അനേകം പ്രാർത്ഥനകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ബൈബിളിലെ ഏറ്റം വലിയ പുസ്തകം, സങ്കീർത്തനങ്ങൾ, മുഴുവൻ പ്രാർത്ഥനകളാണ്. ഏതു സാഹചര്യത്തിലും പ്രാർത്ഥിക്കാൻ ഉതകുന്ന വിധത്തിൽ വൈവിധ്യമാർന്ന വിഷയങ്ങളാണ് സങ്കീർത്തനപുസ്തകത്തിന്റെ ഉള്ളടക്കം. പ്രാർത്ഥന മാത്രം രേഖപ്പെടുത്തിയിരിക്കുന്ന മറ്റൊരു പുസ്തകമാണ് "വിലാപങ്ങൾ". ഇവയ്ക്കു പുറമേ വിവിധങ്ങളായ സാഹചര്യങ്ങളിൽ വ്യത്യസ്ത വ്യക്തികൾ നടത്തിയ അനേകം പ്രാർത്ഥനകൾ ബൈബിളിൽ കാണാം. ഇവയെല്ലാം കണക്കിലെടുത്തുകൊണ്ട് പ്രാർത്ഥനയുടെ പൊതുവായ സ്വഭാവത്തെ അല്പം ഒന്നു അടുത്തു പരിശോധിക്കാം.

## വ്യക്തിപരം - സാമൂഹികം

പ്രാർത്ഥിക്കുന്ന വ്യക്തികളെ പരിഗണിച്ചാൽ വ്യക്തികൾ തനിച്ചു പ്രാർത്ഥിക്കുന്നതുണ്ട്; അതേസമയം സമൂഹം ഒന്നടങ്കം നടത്തുന്ന സമൂഹപ്രാർത്ഥനകളും ഉണ്ട്. ദൈവത്തോടുള്ള വ്യക്തിബന്ധത്തിൽ വളരുകയും അതോടൊപ്പം ഒരു സമൂഹമായി, ദൈവമക്കളായി, ഒരുമിച്ചു നില്ക്കുകയും ആവശ്യമാണ്. അതിനാൽ വ്യക്തിപരവും സാമൂഹികവുമായ പ്രാർത്ഥനകൾ ഒരുപോലെ പ്രാധാന്യമർഹിക്കുന്നു. സാമൂഹികപ്രാർത്ഥനയുടെ ഏറ്റം ഉദാത്തമായ പ്രകടനമാണ് ബലിയർപ്പണം, ആരാധന, തിരുനാളാഘോഷം മുതലായവ. അതോടൊപ്പം ഔദ്യോഗിക പ്രാർത്ഥനയുണ്ട്; സ്വതന്ത്രമായ പ്രാർത്ഥനകളുമുണ്ട്. സമൂഹത്തിനു മുഴുവനും വേണ്ടി പ്രാർത്ഥിക്കാൻ നിയുക്തരായ വ്യക്തികളാണ് പുരോഹിതരും സമർപ്പിതരും. ബലിയർപ്പണം, യാമപ്രാർത്ഥനകൾ, ആരാധന മുതലായവ ഔദ്യോഗികമായ പ്രാർത്ഥനയിൽപ്പെടും. അതേസമയം പ്രാർത്ഥനയ്ക്കായി നിയുക്തരായിരിക്കുന്ന വ്യക്തികളും തങ്ങളുടെ ഔദ്യോഗിക കടമയുടെ നിർവ്വഹണത്തിൽ മാത്രമായി പ്രാർത്ഥന ഒതുക്കി നിർത്താനാവില്ല.

## പ്രാർത്ഥനയുടെ വിഷയം - ലക്ഷ്യം

പ്രാർത്ഥിക്കുന്ന ആളിന്റെ, അഥവാ സമൂഹത്തിന്റെ ലക്ഷ്യം അനുസരിച്ച് പ്രാർത്ഥനയുടെ വിഷയവും ശൈലിയും വ്യത്യസ്തമാകും. പ്രാർത്ഥന എന്നു കേൾക്കുമ്പോൾ ആദ്യമേ മനസിലുദിക്കുന്ന ആശയം യാചനയുടേതായിരിക്കുമല്ലോ. പ്രാർത്ഥനയുടെ തന്നെ പര്യായമായി യാചന എന്ന വാക്ക് ഉപയോഗിക്കാറുണ്ട്. എന്നാൽ യാചന മാത്രമല്ല, ബൈബിളിൽ കാണുന്ന പ്രാർത്ഥനകൾ. ഏറ്റം വൈവിധ്യമാർന്ന പ്രാർത്ഥനകൾ സങ്കീർത്തനങ്ങളിൽ കാണാം. സങ്കീർത്തനങ്ങളുടെയും ബൈബിളിലെ ഇതര പ്രാർത്ഥനകളുടെയും വെളിച്ചത്തിൽ, വിഷയങ്ങളെ അടിസ്ഥാനമാക്കി പ്രാർത്ഥനകളെ അഞ്ചായി തിരിക്കാം. 1. സ്തുതികീർത്തനം (Hymns), 2. കൃതജ്ഞത (Thanks giving), 3. വിശ്വാസം - ഏറ്റുപറയൽ (Confidence), 4, വിലാപം (Laments), 5. യാചന (Petition). ഈ ഓരോ ഗണത്തെയും ഉപവിഭാഗങ്ങളായി തിരിച്ച്, സങ്കീർത്തനങ്ങളെയും ഇതരപ്രാർത്ഥനകളെയും കാണാൻ കഴിയും എന്നതു മറക്കുന്നില്ല. എന്നാലും പ്രാർത്ഥനയുടെ ഏറ്റം പ്രധാനപ്പെട്ട വിഷയങ്ങൾ ഇവ ആയിരിക്കും.

### 1. സ്തുതി - കീർത്തനം (Hymn)

"*ആകാശം ദൈവമഹത്വം പ്രഘോഷിക്കുന്നു. വാനവിതാനം അവിടുത്തെ കരവിരുതു വിളംബരം ചെയ്യുന്നു*" (സങ്കീ 19,1).

ദൈവിക സാന്നിധ്യത്തെക്കുറിച്ച് അവബോധമുണ്ടാകുന്ന വ്യക്തികൾ സ്വയം മറക്കുന്നു. അവരുടെ ഹൃദയത്തിൽ സ്വാഭാവികമായും നിറയുന്ന ഒരു ഭാവമാണ് ആശ്ചര്യം, സന്തോഷം. എല്ലാം അറിയുന്ന, എല്ലാം കാണുന്ന, എല്ലാറ്റിന്റെയും സ്രഷ്ടാവും പരിപാലകനും ആത്യന്തികലക്ഷ്യവുമായ ദൈവത്തിന്റെ മുമ്പിൽ നില്ക്കുന്ന മനുഷ്യന്റെ ഹൃദയത്തിൽ നിന്നു നിർഗ്ഗളിക്കുന്ന ശബ്ദവും വാക്കുകളും സ്തുതിപ്പുകളായിരിക്കും. ദൈവമേ, അങ്ങ് എത്ര വലിയവൻ, എത്ര മഹോന്നതൻ, എത്ര കാരുണ്യവാൻ! അങ്ങയുടെ സ്നേഹവും പരിഗണനയും പരിപാലനയും എത്ര വിസ്മയാവഹം! ഇപ്രകാരമുള്ള വികാരപ്രകടനങ്ങളാണ് സ്തുതിപ്പുകൾ.

സ്തുതി കീർത്തനങ്ങളുടെ അനേകം മാതൃകകൾ ബൈബിളിൽ കാണാം. "*എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദി*

*ക്കുന്നു*" (ലൂക്കാ 1, 46) എന്ന പരിശുദ്ധ അമ്മയുടെ സ്തോത്ര ഗീതം തന്നെ ഏറ്റം വ്യക്തമായ ഉദാഹരണം. അനേകം സങ്കീർത്തനങ്ങൾ സ്തുതികീർത്തനങ്ങളാണ്. ഉദാ. സങ്കീ 8, 19, 33, 100, 103, 104, 117, 135, 136. ഈ സങ്കീർത്തനങ്ങളെല്ലാം വിവിധങ്ങളായ സാഹചര്യങ്ങളിൽ, ദൈവത്തിന്റെ അത്ഭുതാവഹമായ പ്രവൃത്തികളെ പ്രഘോഷിച്ചുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുന്ന സ്തുതികീർത്തനങ്ങളാണ്. 150 പ്രാർത്ഥനാഗീതങ്ങളുടെ സമാഹാരമായ സങ്കീർത്തനപുസ്തകത്തിന്റെ അവസാനത്തെ 5 സങ്കീർത്തനങ്ങൾ (146-150) പൂർണ്ണമായും സ്തുതികീർത്തനങ്ങളാണ്.

നമുക്ക് ഏറെ പരിചിതമായൊരു പ്രാർത്ഥനയാണല്ലോ "*ഹല്ലേലുയ്യാ*". "*ഹല്ലെലൂ+യാഹവേ*" എന്ന രണ്ടു വാക്കുകൾ ലോപിച്ചതാണ് ഈ ഉദ്ഘോഷണം. "*കർത്താവിനെ സ്തുതിക്കുവിൻ*" എന്നർത്ഥം. അക്ഷരാർത്ഥത്തിൽ ഇതു സ്തുതിക്കാനുള്ള ഒരാഹ്വാനമായി തോന്നാമെങ്കിലും ഉപയോഗത്തിലൂടെ കൈവന്നിരിക്കുന്ന അർത്ഥം "*കർത്താവേ അങ്ങേയ്ക്കു സ്തുതി*" എന്നത്രെ. ഏറ്റം മനോഹരമായ സ്തുതിപ്പാണ് ഹല്ലേലുയ്യാ. എന്നാൽ അതോടൊപ്പം എന്താണ് സ്തുതിയുടെ കാരണം അഥവാ അടിസ്ഥാനം എന്നു ഏറ്റുപറഞ്ഞ് സ്തുതിക്കുന്നത് കൂടുതൽ അർത്ഥവത്താകും.

സൃഷ്ടപ്രപഞ്ചത്തിൽ പ്രകടമാകുന്ന ദൈവമഹത്വം വർണ്ണിക്കുന്ന 19-ാം സങ്കീർത്തനം ഒരു ഉദാഹരണമായി കാണാം. "*ആകാശം ദൈവമഹത്വം പ്രഘോഷിക്കുന്നു; വാനവിതാനം അവിടുത്തെ കരവേലയെ വിളംബരം ചെയ്യുന്നു*" (സങ്കീ 19, 1). സൃഷ്ടികർമ്മത്തിന്റെ പേരിൽ, വൈവിധ്യമാർന്ന സൃഷ്ടികളുടെ പേരിൽ ദൈവത്തെ സ്തുതിക്കുന്ന 104-ാം സങ്കീർത്തനം മറ്റൊരു ഉദാഹരണം "*എന്റെ ആത്മാവേ കർത്താവിനെ വാഴ്ത്തുക, എന്റെ ദൈവമായ കർത്താവേ അങ്ങ് അത്യുന്നതനാണ്*" (സങ്കീ 104, 1). തുടർന്ന് ഓരോ സൃഷ്ടവസ്തുക്കളെയും എടുത്തു പറഞ്ഞു ദൈവത്തെ സ്തുതിക്കുന്നു. കർത്താവിന്റെ രക്ഷാകരപ്രവൃത്തികളെ എടുത്തുപറഞ്ഞ് സ്തുതിക്കുന്ന 135-136 സങ്കീർത്തനങ്ങൾ മറ്റൊരു ഉദാഹരണം. കർത്താവിന്റെ സൃഷ്ടികർമ്മം, നിരന്തരമായ പരിപാലന, അവിടുത്തെ ശക്തിയും മഹത്വവും എല്ലാം ഏറ്റുപറഞ്ഞ് സ്തുതിക്കുന്ന 146-150 സങ്കീർത്തനങ്ങൾ "ഹല്ലേലുയ്യാ" എന്ന ആഹ്വാനത്തോടെയാണ് ആരംഭിക്കുന്നത്.

ഹല്ലേലുയ്യാ പോലെതന്നെ പ്രാർത്ഥനയുടെ ഭാഗമായി ഉപയോഗിക്കുന്ന മറ്റൊരു ഹീബ്രുവാക്കാണ് "*ഓശാന*". "ഓശാന ഹല്ലേലുയ്യാ, *ഹല്ലേലുയ്യാ ഓശാന*" എന്നു പാടുകയും സാധാരണമാണല്ലോ. "*ഹോഷെയാ+നാ*" എന്ന രണ്ടുവാക്കുകൾ ചേർന്ന ഒരു ഉദ്ഘോഷണമാണ് "ഹോസാന"യായി പരിണമിച്ചത്. "രക്ഷിക്കണേ" എന്നർത്ഥം. "നാ" എന്ന വാക്ക് ഒരു യാചനാരൂപമാണ്, മലയാളത്തിലെ "ണേ" പോലെ. "കേൾക്കണേ" ഉദാ. മിശിഹായെ അയച്ചു രക്ഷിക്കണേ എന്നായിരുന്നു ധ്വനി. എന്നാൽ കാലക്രമത്തിൽ ഇത് മിശിഹായുടെ ആഗമനത്തിൽ ഉയർത്തുന്ന ഒരു ജയ്‌വിളിയായി മാറി. അതാണ് യേശുവിന്റെ നഗരപ്രവേശനസമയത്ത് ശിഷ്യസമൂഹം ആർത്തുവിളിച്ചത്. "*ദാവീദിന്റെ പുത്രന് ഹോസാനാ*" (മത്താ 21, 9). അങ്ങനെ "ഹോസാനാ"യും ഒരു സ്തുതിപ്പായി ഉപയോഗിക്കുന്നു.

ദൈവികസന്നിധിയിൽ ആയിരിക്കുന്നതിലുള്ള സന്തോഷം, സംതൃപ്തി, ആനന്ദം - അതു പ്രകടമാക്കുന്ന സ്തുതിപ്പുകൾ പ്രാർത്ഥനയുടെ ഏറ്റം ഉദാത്തവും ഉന്നതവുമായ പ്രകടനമാകുന്നു.

**2. കൃതജ്ഞത**

ലഭിച്ച അനുഗ്രഹങ്ങൾക്കു നന്ദി പറയുന്നതും പ്രാർഥനയുടെ ഒരു അവശ്യഘടകമാണ്. യേശുവിന്റെ കല്പനയനുസരിച്ച്, അവിടുത്തെ ഓർമ്മയാചരിച്ചുകൊണ്ടു നാം അർപ്പിക്കുന്ന വിശുദ്ധ ബലി അഥവാ കുർബാന *യൂക്കരിസ്റ്റ്* (eucharist) എന്നാണല്ലോ ഇംഗ്ലീഷിൽ അറിയപ്പെടുന്നത്. നന്ദി പറയുക എന്നർത്ഥമുള്ള *എവുക്കരിസ്റ്റെയിൻ* (eucharistein) എന്ന ഗ്രീക്ക് ക്രിയാധാതുവിൽ നിന്നാണ് ഈ വാക്കിന്റെ ഉത്ഭവം. ഏറ്റം വലിയ പ്രാർത്ഥനയാണ് കൃതജ്ഞതാപ്രകടനമായ വി. കുർബാന.

വി. കുർബാന കൃതജ്ഞതാ പ്രാർത്ഥന മാത്രമല്ല എന്നതും ഓർമ്മിക്കണം. ദൈവത്തിന്റെ രക്ഷാകരപ്രവൃത്തികളെ അനുസ്മരിച്ചുകൊണ്ടുള്ള സ്തുതിപ്പുകൾ, ചെയ്തുപോയ പാപങ്ങൾ ഏറ്റുപറഞ്ഞു മാപ്പിരക്കുന്ന വിലാപം, ആവശ്യങ്ങൾ തിരുമുമ്പിൽ ഉണർത്തിക്കുന്ന യാചനകൾ, കർത്താവിന്റെ നാമത്തിൽ നല്കുന്ന ആശിർവ്വാദങ്ങൾ എന്നിങ്ങനെ പ്രാർത്ഥനയുടെ സകല രൂപങ്ങളും ഉൾക്കൊള്ളുന്ന സമഗ്രവും സമ്പൂർണ്ണവുമായ പ്രാർത്ഥനയാണ് വിശുദ്ധ കുർബാന.

ദൈവത്തിൽനിന്നു ദാനമായി ലഭിക്കാത്തതായി ആർക്കും

ഒന്നുമില്ല. ദൈവം സൗജന്യമായി നല്കുന്ന ദാനത്തിനു ഹൃദയത്തിന്റെ ഭാഷയിൽ നടത്തുന്ന നന്ദി പ്രകടനമാണ് കൃതജ്ഞതാ പ്രാർത്ഥന. ജനനം മുതൽ മരണംവരെയുള്ള ജീവിതത്തിൽ സംഭവിക്കുന്ന ദൈവത്തിന്റെ കരുണാർദ്രമായ ഇടപെടലുകൾക്ക് വ്യക്തിപരമായും സമൂഹം ഒന്നുചേർന്നും നന്ദി പറയുന്നതിന്റെ അനേകം ഉദാഹരണങ്ങളിൽ ബൈബിളിൽ കാണാം. 30, 32, 40, 92, 107, 115, 138 എന്നീ സങ്കീർത്തനങ്ങൾ വ്യക്തിയുടെയും 65-68, 118, 124 സങ്കീർത്തനങ്ങൾ സമൂഹത്തിന്റെയും കൃതജ്ഞത പ്രകടിപ്പിക്കുന്നു. "കർത്താവ് എന്റെ മേൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്കു പകരമായി ഞാൻ എന്തു നല്കും? ഞാൻ രക്ഷയുടെ പാനപാത്രമുയർത്തി കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും" (സങ്കീ 115, 12-13). ഈ സങ്കീർത്തനവാക്യം കൃതജ്ഞതയുടെ ഒരു ഉദാഹരണമാണ്.

"*എപ്പോഴും എല്ലാറ്റിനും വേണ്ടി, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ പിതാവായ ദൈവത്തിനു കൃതജ്ഞതയർപ്പിക്കുവിൻ*" (എഫേ 5, 20) എന്ന പൗലോസ് അപ്പസ്തോലന്റെ ഉപദേശം കൃതജ്ഞതാപ്രാർത്ഥനയുടെ പ്രാധാന്യം വ്യക്തമാക്കുന്നു. "*എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ. ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ച് ദൈവഹിതം*" (1 തെസ 5, 17-18); "*കൃതജ്ഞതാനിർഭരരായി ഉണർന്നിരുന്ന് നിരന്തരം പ്രാർത്ഥിക്കുവിൻ*" (കൊളോ 4,2) എന്നിങ്ങനെയുള്ള അപ്പസ്തോലന്റെ ഉപദേശങ്ങൾ കൃതജ്ഞതാപ്രാർത്ഥനയുടെ പ്രാധാന്യം ഊന്നിപ്പറയുന്നു. "*ഒന്നിനെക്കുറിച്ചും ആകുലരാകേണ്ടാ. പ്രാർത്ഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞതാസ്തോത്രങ്ങളോടെ നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ*" (ഫിലി 4,6). ഈ ഉപദേശം പ്രാർത്ഥനയുടെ വിവിധ വശങ്ങൾ വെളിപ്പെടുത്തുന്നു. പ്രാർത്ഥന, യാചന, കൃതജ്ഞത, സ്തുതി, സ്തോത്രം എല്ലാം പ്രാർത്ഥനയുടെ ഭാഗങ്ങൾ തന്നെ.

### 3. വിശ്വാസം ഏറ്റുപറയൽ (Confidence)

"*കർത്താവാണ് എന്റെ ഇടയൻ എനിക്കൊന്നിനും കുറവുണ്ടാവുകയില്ല*" (സങ്കീ 23:1) ദൈവത്തിന്റെ സ്നേഹവും കാവലും കരുതലും അനുഭവിച്ചറിയുന്ന വ്യക്തികളിൽ വിശ്വാസം നിറയും.

കർത്താവ് നിരന്തരം കാത്തുകൊള്ളും എന്ന വിശ്വാസം ആത്മ ധൈര്യം പകരും. ദൈവത്തിലുള്ള വിശ്വാസവും അതു നല്കുന്ന ധൈര്യവും ഏറ്റുപറയുന്നത് പ്രാർത്ഥനയുടെ മറ്റൊരു രൂപമാണ്. 3,4,11,16,23,27,121,131 എന്നീ സങ്കീർത്തനങ്ങൾ വ്യക്തിയുടെയും 125,128,129 സങ്കീർത്തനങ്ങൾ സമൂഹത്തിന്റെയും, ദൈവത്തിലുള്ള വിശ്വാസവും, അതു നല്കുന്ന ധൈര്യവും ആത്മവിശ്വാസവും ഏറ്റുപറയുന്നതിന്റെ ഉദാഹരണങ്ങളായി കാണാം.

ഇവിടെ യാചന എന്നതിനേക്കാൾ, ഏതു സാഹചര്യത്തിലും ദൈവം കൂടെ ഉണ്ടായിരിക്കും, ഒരിക്കലും കൈവിടുകയില്ല എന്ന ആഴമേറിയ വിശ്വാസം ഏറ്റു പറഞ്ഞുകൊണ്ട് വ്യക്തികൾ ഒറ്റയ്ക്കും സമൂഹം ഒന്നിച്ചും പ്രാർത്ഥിക്കുന്നു. ഇതിനെ സ്തുതിപ്പിന്റെ തന്നെ ഒരു ഭാഗമായി കാണാൻ കഴിയും. "*ഞാൻ ശാന്തമായി കിടന്നുറങ്ങുന്നു, ഉണർന്നെഴുന്നേല്ക്കുന്നു; എന്തെന്നാൽ ഞാൻ കർത്താവിന്റെ കരങ്ങളിലാണ്*" (സങ്കീ 3,5); "*മാതാവിന്റെ മടിയിൽ ശാന്തമായി കിടക്കുന്ന ശിശുവിനെപ്പോലെ ഞാൻ എന്നെത്തന്നെ ശാന്തനാക്കി; ശാന്തമായി ഉറങ്ങുന്ന ശിശുവിനെപ്പോലെയാണ് എന്റെ ആത്മാവ്*" (സങ്കീ 131, 2); "*അപ്പനും അമ്മയും ഉപേക്ഷിച്ചാലും കർത്താവ് എന്നെ കൈക്കൊള്ളും*" (സങ്കീ 27, 10) മുതലായ പ്രഖ്യാപനങ്ങൾ ദൈവത്തിലുള്ള ആഴമേറിയ വിശ്വാസവും ആശ്രയബോധവും അതു നല്കുന്ന ആത്മ ധൈര്യവും പ്രകടമാക്കുന്നു.

വി. പൗലോസിന്റെ ലേഖനങ്ങളിൽ ഇപ്രകാരമുള്ള പ്രാർത്ഥനകൾ ധാരാളം കാണാം. പ്രത്യക്ഷത്തിൽ പ്രാർത്ഥനകളായി തോന്നിയില്ലെങ്കിലും അടുത്തു പരിശോധിക്കുമ്പോൾ ദൈവത്തിലുള്ള ഗാഢമായ വിശ്വാസവും സ്നേഹവും, ആഴമേറിയ അനുഭവങ്ങളിലൂന്നിയ പ്രത്യാശയും പ്രകടമാക്കുന്ന പ്രാർത്ഥനകൾ തന്നെയാണ് അവയെന്നു കാണാൻ കഴിയും. "*ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിതനായിരിക്കുന്നു. ഇനിമേൽ ഞാനല്ല, ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്*" (ഗലാ 2, 20); "*എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്*" (ഫിലി 1,20); "*യേശുക്രിസ്തു എന്നെ സ്വന്തമാക്കിയിരിക്കുന്നു*" (ഫിലി 4,12) മുതലായ പ്രഖ്യാപനങ്ങൾ ദൈവത്തിലുള്ള വിശ്വാസവും ആത്മധൈര്യവും പ്രകടമാക്കുന്ന പ്രാർത്ഥനയുടെ മനോഹരമായ ഉദാഹരണങ്ങളാണ്. ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പേരിൽ

ഏറ്റെടുക്കേണ്ടിവന്ന സഹനങ്ങൾ എണ്ണിപ്പറയുമ്പോഴും (2 കോറി 4,7-5, 10; 11,16-30) പ്രാർത്ഥനയുടെ ഈ മാനം പ്രകടമാകുന്നു; ഏവർക്കും അനുകരണാർഹമായ മാതൃക.

## 4. വിലാപം (laments)

"*ഞാൻ കർത്താവിനെതിരേ പാപം ചെയ്തുപോയി, ദാവീദു പറഞ്ഞു*" (2 സാമു 12,13). വ്യഭിചാരവും അതു മറച്ചുവയ്ക്കാൻ കൊലപാതകവും നടത്തിയതിന്റെ പേരിൽ ദൈവം നാഥാൻ പ്രവാചകൻ വഴി അതികഠിനമായി ശാസിക്കുകയും ശിക്ഷാവിധി അറിയിക്കുകയും ചെയ്തപ്പോൾ അനുതാപത്താൽ തകർന്ന ദാവീദിന്റെ ഹൃദയത്തിൽനിന്ന് ഉയർന്ന ഈ കുറ്റസമ്മതം പ്രാർത്ഥനയുടെ സുപ്രധാനമായ മറ്റൊരു മാനം പ്രകടമാക്കുന്നു, വിലാപം. അനേകം തരത്തിലുള്ള വിലാപസങ്കീർത്തനങ്ങൾ ബൈബിളിൽ കാണാം. ആകെയുള്ള 150 സങ്കീർത്തനങ്ങളിൽ മൂന്നിൽ ഒരു ഭാഗത്തിലധികം (52) സങ്കീർത്തനങ്ങൾ വിലാപങ്ങളുടെ ഗണത്തിൽപ്പെടുന്നു. അതിൽ 38 വ്യക്തിയുടെയും 14 സമൂഹത്തിന്റെയും വിലാപങ്ങളായി അവതരിപ്പിച്ചിരിക്കുന്നു. 6, 32, 38, 51, 102, 130, 143 എന്നീ 7 സങ്കീർത്തനങ്ങൾ *അനുതാപ സങ്കീർത്തനങ്ങൾ* (*Penitential Psalms*) എന്നപേരിൽ അറിയപ്പെടുന്നു.

ദൈവികസാന്നിധ്യത്തെക്കുറിച്ച്, അവിടുത്തെ സ്നേഹത്തെയും കരുണയെയും പരിപാലനയെയും കുറിച്ച്, ഉണ്ടാകുന്ന അവബോധത്തിനനുസൃതമായി, ദൈവകല്പനയെ ലംഘിക്കുക വഴി ദൈവത്തിൽ നിന്നകലുകയും ദൈവത്തെ വേദനിപ്പിക്കുകയും ചെയ്തതിലുള്ള ദുഃഖവും അനുതാപവുമായിരിക്കും വിലാപങ്ങളുടെ മുഖ്യവിഷയം. എന്നാൽ അതു മാത്രമല്ല; വ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതത്തിലുണ്ടാകുന്ന എല്ലാ ദുരിതങ്ങളും ക്ലേശങ്ങളും നഷ്ടങ്ങളും നേരിടുന്ന പ്രതിസന്ധികളും അവ ഉയർത്തുന്ന ഭയവും നിരാശയും എല്ലാം വിലാപ പ്രാർത്ഥനയുടെ വിഷയങ്ങളാകാം.

"*എനിക്കു ദുരിതം! ഞാൻ നശിച്ചു*" (ഏശ 6, 5) എന്ന ഏശയ്യായുടെ ഉദീരണം ദൈവിക സാന്നിധ്യത്തിൽ തന്റെ നിസ്സാരതയും പാപാവസ്ഥയും മൂലമുണ്ടാകുന്ന ഭയവും അതോടൊപ്പം ഭക്തിയും പ്രകടമാക്കുന്നു.

ജറെമിയായുടെ പ്രാർത്ഥനകളിൽ അധികപങ്കും ഇപ്രകാരമുള്ള വിലാപങ്ങളായിരുന്നു. തന്റെ ജനത്തിന്റെ മേൽ വീഴാൻ

പോകുന്ന വലിയ നാശത്തിന്റെ ഭീകരചിത്രം വെളിപാടിലൂടെ കണ്ടു ഭയന്ന പ്രവാചകന്റെ നിലവിളിയാണ് ഈ വിലാപപ്രാർത്ഥനകളിൽ അധികവും. തന്നെ ഏല്പിക്കുന്ന ഭാരിച്ച ദൗത്യത്തിനു മുന്നിൽ പതറുന്ന യുവാവായ ജറെമിയായുടെ ആദ്യപ്രതികരണം തന്നെ ഒരു വിലാപമായിരുന്നു. "*ദൈവമായ കർത്താവേ, ഞാൻ കേവലം ബാലനാണ്. സംസാരിക്കാൻ എനിക്കു പാടവമില്ല*" (ജറെ 1,6). തുടർന്നങ്ങളോട്ട്, സംഭ്രമജനകമായ ചിത്രങ്ങൾക്കുമുന്നിൽ ഭയത്തിന്റെ നീർച്ചുഴിയിൽ ആണ്ടുപോകുന്ന പ്രവാചകന്റെ ആർത്തനാദം നിരവധി തവണ ഉയരുന്നുണ്ട്. "*വേദന, അസഹ്യമായ വേദന! ഞാൻ വേദനയാൽ പുളയുന്നു. ഹൃദയഭിത്തികൾ തകരുന്നു. നെഞ്ചിടിക്കുന്നു...*" (ജറെ 4, 19–20); "*ശമനമില്ലാത്ത ദുഃഖത്തിലാണു ഞാൻ. കദനഭാരം ഹൃദയത്തെ മഥിക്കുന്നു. എന്റെ ജനത്തിന്റെ വിലാപം ദേശത്തെങ്ങും മാറ്റൊലിക്കൊള്ളുന്നതു നിങ്ങൾ കേൾക്കുന്നില്ലേ*" (ജറെ 8, 18–19); "*എന്റെ ശിരസ് ഒരു കണ്ണീർ തടാകവും എന്റെ കണ്ണുകൾ അശ്രുധാരയും ആയിരുന്നെങ്കിൽ എന്റെ ജനത്തിന്റെ പുത്രിയുടെ നിഹതന്മാരെ ഓർത്തു ഞാൻ രാപകൽ കരയുമായിരുന്നു*" (ജറെ 9,1).

ആസന്നമായിരിക്കുന്ന നാശത്തെക്കുറിച്ചു ലഭിക്കുന്ന മുന്നറിയിപ്പുകൾ കണക്കിലെടുത്ത് മാനസാന്തരപ്പെടാൻ തയ്യാറാകാത്ത ജനത്തിന്റെ ദുരന്തം ജറെമിയായെ ഒരു ദുഃഖഭ്രാന്തിന്റെ വക്കിൽ എത്തിച്ചു. അപ്പോൾ പ്രാർത്ഥന പരാതിയും കുറ്റാരോപണവും ശാപവുമായി ഹൃദയത്തിന്റെ വക്കുപൊട്ടിയൊഴുകി. "*കർത്താവേ അങ്ങ് എന്നെ വഞ്ചിച്ചിരിക്കുന്നു; ഞാൻ വഞ്ചിതനായി*" (ജറെ 20, 7). വലിയ വാഗ്ദാനങ്ങൾ നല്കി കൂടെ കൊണ്ടുപോയിട്ട്, അവസാനം കാമുകനാൽ താൻ വഞ്ചിതയായി എന്നു കരുതുന്ന ഒരു പെൺകുട്ടിയുടെ വിലാപംപോലെ തോന്നും ജറെമിയായുടെ ഈ പ്രാർത്ഥന. ഇതു തീവ്രദുഃഖത്തിലേക്കും നിരാശയിലേക്കും വഴുതിവീഴാൻ കാരണമായി എന്ന സംശയം ജനിപ്പിക്കുന്നതാണ് അടുത്ത വിലാപം: "*ഞാൻ പിറന്ന ദിവസം ശപിക്കപ്പെട്ടതാകട്ടെ. എന്റെ അമ്മ എന്നെ പ്രസവിച്ച ദിവസം അനുഗ്രഹിക്കപ്പെടാതിരിക്കട്ടെ... ശപിക്കപ്പെട്ടവനാകട്ടെ*" (ജറെ 20,14–15).

പ്രത്യക്ഷത്തിൽ നിരാശയുടെ പ്രകടനവും ശകാരവും ശാപവുമൊക്കെയായി തോന്നാമെങ്കിലും ദൈവതിരുമുമ്പിൽ

ശിശുസഹജമായ സ്നേഹത്തോടെ, വിശ്വാസത്തോടെ ഹൃദയം തുറക്കുന്ന പ്രാർത്ഥനകളാണിതെല്ലാം. ഒന്നും മറച്ചുവയ്ക്കാതെ, ഭംഗിവാക്കുകൾ തിരഞ്ഞെടുക്കാതെ, ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നുയരുന്ന ദുഃഖവും ഭയവും നിരാശയും, അതോടൊപ്പം പാപബോധവും അനുതാപവും എല്ലാം ഏറ്റുപറയുന്ന ഈ വിലാപങ്ങൾ പ്രാർത്ഥനയുടെ സുപ്രധാനമായൊരു മാതൃകയാണ്. കേൾക്കാൻ ഒരാളുണ്ട്; എന്റെ നിലവിളിക്ക് ഉത്തരം തരാൻ കഴിയുന്ന, എന്നെയും എന്റെ ജനത്തെയും സ്നേഹിക്കുന്ന ദൈവം. ഈ അവബോധമാണ് വിലാപങ്ങളിലൂടെ പ്രകടമാകുന്നത്. അതിനാൽ പരാതി പറയുകയും കരഞ്ഞു നിലവിളിക്കുകയും ഒക്കെ ചെയ്യുമ്പോഴും ആത്യന്തികമായി പ്രത്യാശയുടെ പ്രകാശകിരണങ്ങൾ ഈ വിലാപങ്ങൾക്കുള്ളിൽ തെളിയുന്നതു കാണാം, "*എന്റെ ദൈവമേ, എന്റെ ദൈവമേ എന്തേ എന്നെ നീ കൈവെടിഞ്ഞു*" (മർക്കോ 15,34; സങ്കീ 22,1) എന്ന കുരിശിലെ നിലവിളിയിൽ എന്നതുപോലെ.

**5. യാചന (Petition)**

പ്രാർത്ഥന എന്നു കേൾക്കുമ്പോൾത്തന്നെ ആദ്യം മനസിലേക്കുവരുന്നത് യാചനയുടെ ചിത്രമാണ്. എന്റെ സ്രഷ്ടാവും രക്ഷകനും പരിപാലകനുമായ ദൈവത്തിന്റെ മുമ്പിൽ എന്റെ ആവശ്യങ്ങളെല്ലാം നിരത്തിവയ്ക്കുന്നു. ആത്മീയവും ഭൗതികവും, ശാരീരികവും മാനസികവും, വ്യക്തിപരവും സാമൂഹികവുമായ എല്ലാ ആവശ്യങ്ങളും ദൈവത്തോടു പറഞ്ഞ് സഹായം ആവശ്യപ്പെടുന്നതും പ്രാർത്ഥനതന്നെ. എല്ലാ വഴികളും അടഞ്ഞു; സഹായിക്കാൻ ആരുമില്ല എന്നു തോന്നുമ്പോഴും ദൈവത്തിലുള്ള വിശ്വാസവും പ്രത്യാശും പ്രാർത്ഥനകളായി ഉയരും, ഉയരണം. "യാചകൻ" എന്ന പദത്തിന് അത്ര മാന്യവും ഹൃദ്യവും അല്ലാത്ത ഒരു ധ്വനിയുണ്ട്. മറ്റുള്ളവരുടെ മുമ്പിൽ സഹായത്തിനായി കൈനീട്ടുന്നവൻ. സമൂഹത്തിന്റെ ഏറ്റം താഴെകിടയിലാണല്ലോ യാചകന്റെ സ്ഥാനം.

എന്നാൽ ഒരിക്കലും മറക്കരുതാത്ത ഒരു സത്യമാണ് ദൈവത്തിന്റെ മുമ്പിൽ എല്ലാവരും യാചകരാണെന്നത്. ദൈവം തരാതെ ഒന്നുമില്ല. എല്ലാം, ജീവനും ജീവസന്ധാരണമാർഗ്ഗങ്ങളും എല്ലാം, ദൈവത്തിന്റെ സൗജന്യദാനമാണ് എന്ന സത്യം യാചനാപ്രാർത്ഥന നമ്മെ അനുസ്മരിപ്പിക്കുന്നു. അതിനാൽ മടികൂടാതെ

ചോദിക്കണം, എല്ലാം തരുന്ന ദൈവത്തിന്റെ മുമ്പിൽ കൈനീട്ടണം. അതേസമയം ദൈവത്തിന്റെ ഇഷ്ടം എന്തോ അതു സ്വീകരിക്കാനും അതനുസരിച്ചു ജീവിക്കാനുമുള്ള കൃപയ്ക്കുവേണ്ടി ആയിരിക്കണം ഏറ്റം അധികം യാചിക്കേണ്ടത്. മിക്കവാറും എല്ലാ സങ്കീർത്തനങ്ങളിലും യാചനയും കാണാം.

യാചന തനിക്കുവേണ്ടിയോ മറ്റുള്ളവർക്കു വേണ്ടിയോ ആകാം. മറ്റുള്ളവർക്കുവേണ്ടി യാചിക്കുമ്പോൾ അതിനെ മധ്യസ്ഥപ്രാർത്ഥന എന്നു വിളിക്കുന്നു. ഒരു കച്ചവടക്കാരൻ വിലപേശുന്നതുപോലെ സോദോമിനുവേണ്ടി പ്രാർത്ഥിക്കുന്ന അബ്രാഹത്തിൽ (ഉൽപ 18,22-33) മധ്യസ്ഥ പ്രാർത്ഥനയുടെ മനോഹരമായൊരു മാതൃക കാണാം. "*ഞാൻ വായ് തുറക്കുമ്പോൾ എനിക്കു വചനം ലഭിക്കാനും സുവിശേഷത്തിന്റെ രഹസ്യം ധൈര്യപൂർവ്വം പ്രസംഗിക്കാനും നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ*" (എഫേ 6, 14) എന്ന വി. പൗലോസിന്റെ യാചന മധ്യസ്ഥപ്രാർത്ഥനയുടെ മറ്റൊരു ഉദാഹരണമാണ്.

## പ്രാർത്ഥനാരീതികൾ നിരവധി

ഈ അഞ്ചുതരം പ്രാർത്ഥനകൾക്കു പുറമേ വേറെയും വിവിധങ്ങളായ പ്രാർത്ഥനാരീതികൾ ബൈബിളിൽ കാണാം. ദൈവത്തെ സ്തുതിക്കുന്നതുപോലെ തന്നെ ദൈവനാമത്തിൽ ആരെയെങ്കിലും ആശീർവ്വദിക്കുന്നതും പ്രാർത്ഥനയാണ്. "*... കർത്താവു നിന്നെ അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്യട്ടെ. അവിടുന്ന് നിന്നിൽ പ്രസാദിക്കുകയും നിന്നോടു കരുണ കാണിക്കുകയും ചെയ്യട്ടെ. കർത്താവു കരുണയോടെ കടാക്ഷിച്ച് നിനക്കു സമാധാനം നല്കട്ടെ...*" (സംഖ്യ 6, 22-27). പുരോഹിതൻ ജനത്തെ ആശിർവ്വദിക്കാനായി നല്കിയിരിക്കുന്ന ഈ നിർദ്ദേശങ്ങൾ ഒരു മധ്യസ്ഥപ്രാർത്ഥനയായി കരുതാനാവും. ആശിർവ്വാദങ്ങൾ എല്ലാം തന്നെ ദൈവത്തിന്റെ മുമ്പിൽ നടത്തുന്ന മധ്യസ്ഥപ്രാർത്ഥനയാണല്ലോ.

ആശിർവ്വാദങ്ങൾ പോലെ തന്നെ വാഗ്ദാനങ്ങളും നേർച്ചകളും പ്രാർത്ഥനയായി കരുതണം. ദൈവത്തിനു മുമ്പിൽ അർപ്പിക്കുന്ന ഇപ്രകാരമുള്ള പ്രാർത്ഥനയുടെ ധാരാളം ഉദാഹരണങ്ങൾ ബൈബിളിലുണ്ട്. "*എനിക്കൊരു പുത്രനെ നല്കിയാൽ അവന്റെ ജീവിതകാലം മുഴുവൻ അവനെ ഞാൻ അങ്ങേയ്ക്കു പ്രതിഷ്ഠിക്കും*" (1 സാമു 1,11) എന്ന ഹന്നായുടെ പ്രാർത്ഥന വാഗ്ദാ

നത്തിന്റെ അഥവാ നേർച്ചയുടെ ഉത്തമോദാഹരമമായി കാണാം. ലേവ്യരുടെ പുസ്തകത്തിന്റെ അവസാനത്തെ അധ്യായം (27) മുഴുവൻ നേർച്ചകളെക്കുറിച്ചു പ്രതിപാദിക്കുന്നു. ദൈവത്തിനായി സമർപ്പിക്കാം എന്നു പറയുന്ന വിവിധ വ്യക്തികൾ, വസ്തുക്കൾ, പ്രവൃത്തികൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ വിവരിക്കുമ്പോൾ ഈ പ്രാർത്ഥനാരീതിയുടെ സ്വഭാവവും പ്രാധാന്യവും എടുത്തുകാട്ടുന്നു.

ദൈവത്തെയും ദൈവഹിതത്തെയും ദൈവികശുശ്രൂഷയെയും സംബന്ധിച്ചു നല്കുന്ന പ്രബോധനങ്ങളും പ്രാർത്ഥനയുടെ ഗണത്തിൽപ്പെടുന്നു. ഇപ്രകാരമുള്ള 12 സങ്കീർത്തനങ്ങൾ ബൈബിളിൽ കാണാം. രണ്ടു മാർഗ്ഗങ്ങൾ എടുത്തുകാട്ടി, ഇഷ്ടമുള്ളതു സ്വീകരിക്കാൻ ഉദ്ബോധിപ്പിക്കുന്ന 1-ാം സങ്കീർത്തനം പ്രബോധനപ്രാർത്ഥനയുടെ വ്യക്തമായൊരു ഉദാഹരണമാണ്. 176 വാക്യങ്ങളുള്ള, ബൈബിളിലെ തന്നെ ഏറ്റം ദീർഘ അധ്യായമായ 119-ാം സങ്കീർത്തനവും ഇപ്രകാരം ഉപദേശരൂപത്തിൽ ഉയരുന്ന പ്രാർത്ഥനയുടെ ഉദാഹരണമാണ്.

"*കർത്താവേ അങ്ങയുടെ കൂടാരത്തിൽ ആർ വസിക്കും? അങ്ങയുടെ വിശുദ്ധഗിരിയിൽ ആർ വാസമുറപ്പിക്കും?*" എന്ന ചോദ്യവും അതിനു നല്കുന്ന വ്യക്തമായ ഉത്തരവും അവതരിപ്പിക്കുന്ന 15-ാം സങ്കീർത്തനം പ്രബോധനപരവും അതേസമയം ആരാധനാപരവും (liturgical) ആണ്. ഇസ്രായേൽ ജനം കടന്നുപോന്ന വഴികളിൽ നേരിട്ട പ്രതിബന്ധങ്ങളും അനുഭവിച്ച ദൈവികസംരക്ഷണവും എണ്ണിപ്പറയുന്നവ ചരിത്രപരമായ സങ്കീർത്തനങ്ങൾ എന്ന് അറിയപ്പെടുന്നു. 78, 105 ഈ വിഭാഗത്തിൽപ്പെടുന്നു. 135, 136 മുതലായ സങ്കീർത്തനങ്ങൾ സമൂഹത്തിന്റെ അനുഭവങ്ങൾ എണ്ണിപ്പറഞ്ഞു ദൈവത്തെ സ്തുതിക്കുമ്പോൾ ചരിത്രവസ്തുതകൾ തന്നെ ദൈവസ്തുതിക്ക് ആധാരമായി നില്ക്കുന്നു. ഇതെല്ലാം ഇന്നും എന്നും പ്രാർത്ഥനയുടെ മാതൃകകളാണ്.

## ചുരുക്കത്തിൽ

പ്രാർത്ഥനയെക്കുറിച്ച് ബൈബിൾ നല്കുന്ന പാഠങ്ങളിലൂടെ നടത്തിയ ഈ പ്രയാണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം. ദൈവതിരുമുമ്പിൽ മനുഷ്യൻ ഹൃദയം തുറന്നു നടത്തുന്ന സംഭാഷമമാണ് പ്രാർത്ഥന. ഹൃദയത്തിൽ നിറയുന്ന വികാരങ്ങളും വിചാരങ്ങളും, ആഗ്രഹങ്ങളും പ്രതീക്ഷകളും,

അതോടൊപ്പം ദുഃഖവും നിരാശയും, ഭയവും പാപബോധവും എല്ലാം തുറന്നു പങ്കുവയ്ക്കുന്നു. എന്നെ സ്നേഹിക്കുന്ന, എന്റെ ഉറവിടവും ലക്ഷ്യവുമായ, എനിക്കാവശ്യമായതെല്ലാം നല്കി പരിപാലിക്കുന്ന, ദൈവത്തിന്റെ മുമ്പിലാണ് ഞാൻ നില്ക്കുന്നത് എന്ന അവബോധത്തിലാണു പ്രാർത്ഥനയുടെ തുടക്കം.

വ്യക്തികൾ തങ്ങൾക്കുവേണ്ടി നടത്തുന്ന പ്രാർത്ഥനകളുണ്ട്, സമൂഹം ഒരുമിച്ചു ചെയ്യുന്ന പ്രാർത്ഥനകളുമുണ്ട്; അതോടൊപ്പം മറ്റൊരാൾക്കുവേണ്ടി നടത്തുന്ന മധ്യസ്ഥപ്രാർത്ഥനകൾ, കർത്താവിന്റെ നാമത്തിൽ ഒരാൾ മറ്റു വ്യക്തികൾക്കു നല്കുന്ന ആശംസകൾ, ആശിർവ്വാദങ്ങൾ എന്നിവയും പ്രാർത്ഥന തന്നെ.

കർത്താവിന്റെ സ്നേഹവും കരുണയും, ശക്തിയും പരിപാലനയും ഏറ്റുപറഞ്ഞു സ്തുതിക്കുന്നതും, ദൈവത്തിൽ നിന്നു ലഭിച്ച അനുഗ്രഹങ്ങൾക്കു നന്ദി പറയുന്നതും പ്രാർത്ഥനയുടെ ചില രൂപങ്ങളാണ്. ചെയ്തുപോയ പാപങ്ങളും അനുഭവിക്കുന്ന ദുരിതങ്ങളും ഉൽക്കണ്ഠയും ഏറ്റുപറയുന്ന വിലാപങ്ങൾ, ദൈവം കൈവിടുകയില്ല എന്ന വിശ്വാസവും അതു നല്കുന്ന പ്രതീക്ഷയും പ്രകടമാക്കുന്ന വിശ്വാസപ്രഖ്യാപനങ്ങൾ എന്നിവയും പ്രാർത്ഥനയുടെ ഭാഗംതന്നെ. ദൈവത്തിന്റെ മുമ്പിൽവച്ച് എടുക്കുന്ന പ്രതിജ്ഞകളും നല്കുന്ന വാഗ്ദാനങ്ങളും നേർച്ചകളും എല്ലാം പ്രാർത്ഥനയുടെ വിവിധ രൂപങ്ങളാണ്.

വിവിധങ്ങളായ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നുമാത്രമല്ല, പലതും ഒരുമിച്ച് ഒരേ പ്രാർത്ഥനയുടെ ഭാഗങ്ങളാകാം. ദൈവത്തിന്റെ അനന്തമായ സ്നേഹത്തെയും കരുണയെയും ശക്തിയെയും കുറിച്ചുള്ള അവബോധമാണ് പ്രധാനം. ഈ ബോധ്യത്തോടെ ഹൃദയത്തിൽ നിന്നുയരുന്ന ഏതു വികാരവും പ്രാർത്ഥനയാകും. അമ്മയുടെ മടിയിൽ ഇരിക്കുന്ന കുഞ്ഞിനെപ്പോലെ, ഹൃദയം തുറന്ന് ദൈവത്തോടു സംസാരിക്കുക. വാക്കുകളാവാം, വാക്കുകളില്ലാത്ത തേങ്ങലുകളും നെടുവീർപ്പുകളുമാകാം. ചിലപ്പോൾ ഇതൊന്നുമില്ലാതെ, ആ സ്നേഹത്തിന്റെ അനുഭവത്തിൽ സ്വയം മറന്നു നിശ്ശബ്ദരായിരിക്കുന്നതും പ്രാർത്ഥന തന്നെ. പ്രാർത്ഥനയിൽ വാക്കുകളെക്കാൾ പ്രാധാന്യം വിശ്വാസത്തിനും മനോഭാവത്തിനുമാണ്. മുഖംമൂടിയില്ലാതെ ദൈവത്തിനു മുമ്പിൽ ആയിരിക്കുക.

# 2

## യേശുവും പ്രാർത്ഥനയും

*"അവൻ അതിരാവിലെ ഉണർന്ന് ഒരു വിജനസ്ഥലത്തേക്കു പോയി. അവിടെ അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു"* (മർക്കോ 1,35)

യേശുവിന്റെ ജീവിതം ആദ്യന്തം ഒരു പ്രാർത്ഥനതന്നെ ആയിരുന്നു. പരസ്യജീവിതത്തിന്റെ തുടക്കം മുതൽ ഒടുക്കംവരെ പ്രാർത്ഥിക്കുന്ന യേശുവിന്റെ ചിത്രം സുവിശേഷങ്ങളിൽ തെളിഞ്ഞുനില്ക്കുന്നു. കർത്താവു പഠിപ്പിച്ച പ്രാർത്ഥന വിശദമായി അപഗ്രഥിക്കുന്നതിനുമുമ്പേ പ്രാർത്ഥനയെക്കുറിച്ച് യേശു കാണിച്ചുതന്ന മാതൃക ശ്രദ്ധിക്കുന്നത് ഉപകാരപ്രദമായിരിക്കും. മൂന്നു കാര്യങ്ങളാണ് ഇവിടെ പഠനവിഷയമാക്കുന്നത്. 1. പ്രാർത്ഥിക്കുന്ന യേശു. 2. യേശുവിന്റെ പ്രാർത്ഥന. 3. പ്രാർത്ഥനയെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനം.

### 1. പ്രാർത്ഥിക്കുന്ന യേശു

പ്രാർത്ഥനയിലൂടെ പിതാവുമായി ഗാഢബന്ധം പുലർത്തുന്ന യേശുവിന്റെ ചിത്രം നാലു സുവിശേഷങ്ങളും അവതരിപ്പിക്കുന്നുണ്ട്. ഇതിൽ ലൂക്കാ എഴുതിയ സുവിശേഷത്തിലാണ് പ്രാർത്ഥിക്കുന്ന യേശുവിനെ ഏറ്റം കൂടുതലായി ചിത്രീകരിക്കുന്നത്. പരസ്യജീവിതത്തിൽ ഉടനീളം യേശു പ്രാർത്ഥിക്കുന്നതായി കാണാം. എന്നാൽ സുപ്രധാനമായ തീരുമാനങ്ങൾ എടുക്കുന്നതിനുമുമ്പേ യേശു പ്രാർത്ഥിച്ചിരുന്നു എന്നു സുവിശേഷങ്ങൾ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്.

ജോർദ്ദാനിൽവച്ച് യോഹന്നാനിൽ നിന്നു സ്നാനം സ്വീകരിച്ച യേശുവിന്റെ മേൽ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്നു. പരസ്യജീവിതത്തിനുള്ള അഭിഷേകമായാണ് ഈ സംഭവത്തെ സുവിശേഷങ്ങൾ അവതരിപ്പിക്കുന്നത്. എന്നാൽ സ്നാപകൻ നല്കിയ സ്നാനമല്ല യേശുവിന്റെ മേൽ പരിശുദ്ധാത്മാവ് ഇറങ്ങിവരാൻ കാരണമായത്; സ്നാനം ഒരു സാഹചര്യം

മാത്രമായിരുന്നു എന്ന് ലൂക്കാ സുവിശേഷകൻ പ്രത്യേകം സൂചിപ്പിക്കുന്നു. ലൂക്കാ മാത്രം നല്കുന്ന യേശുവിന്റെ പ്രാർത്ഥനയെക്കുറിച്ചുള്ള സൂചന പ്രത്യേകം ശ്രദ്ധിക്കണം. "*ജനം സ്നാനം സ്വീകരിച്ചുകൊണ്ടിരിക്കുമ്പോൾ യേശുവും വന്ന് സ്നാനമേറ്റു. അവൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെ മേൽ ഇറങ്ങിവന്നു*" (ലൂക്കാ 3,21-22).

പരിശുദ്ധാത്മാഭിഷേകം സ്വീകരിച്ച യേശു ആദ്യമേ ചെയ്തത് മരുഭൂമിയിൽ നാല്പതുദിവസം ഉപവസിച്ചു പ്രാർത്ഥിക്കുകയാണ്. അത് മനുഷ്യനെ അടിമയാക്കി വച്ചുകൊണ്ടിരിക്കുന്ന തിന്മയുടെ ശക്തിയെ പരാജയപ്പെടുത്തിയ യുദ്ധമായിരുന്നു, ആയുധമേന്തി കൊട്ടാരത്തിനു കാവൽനില്ക്കുന്ന ശക്തനെ കൂടുതൽ ശക്തനായവൻ പരാജയപ്പെടുത്തിയ യുദ്ധം (ലൂക്കാ 11,21-22). ഈ യുദ്ധത്തിന്റെ ആരംഭത്തിലും അവസാനത്തിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ചു പറഞ്ഞുകൊണ്ട് യേശുവിന്റെ പ്രവർത്തനങ്ങളിൽ പ്രചോദനവും ശക്തിയുമായി പരിശുദ്ധാത്മാവിനെ എടുത്തുകാട്ടുന്നു. "*യേശു പരിശുദ്ധാത്മാവു നിറഞ്ഞവനായി ജോർദ്ദാനിൽ നിന്നു മടങ്ങി. ആത്മാവ് അവനെ മരുഭൂമിയിലേക്കു നയിച്ചു*". "*ആത്മാവിന്റെ ശക്തിയോടെ അവൻ ഗലീലിയിലേക്കു മടങ്ങിപ്പോയി*" (ലൂക്കാ 4,1.14).

പരസ്യജീവിതത്തിലെ സുപ്രധാനമായൊരു സംഭവമായിരുന്നു പന്ത്രണ്ട് അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തത്. യഹൂദ നേതൃത്വം തന്നെ തിരസ്കരിക്കുകയും വധിക്കാൻ തീരുമാനിക്കുകയും ചെയ്തപ്പോൾ (മർക്കോ 3,6) ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങൾക്കു സമാന്തരമായി പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തുകൊണ്ട് യേശു രക്ഷാചരിത്രത്തിന് ഒരു പുതിയ വഴിതെളിച്ചു; പഴയ ഇസ്രായേലിന്റെ സ്ഥാനത്ത് പുതിയ ഇസ്രായേൽ, അഥവാ ദൈവജനമായ സഭ. ഇപ്രകാരം ഒരു തീരുമാനം എടുക്കുന്നതിനുമുമ്പേ യേശു ഒരു രാത്രി മുഴുവൻ പ്രാർത്ഥനയിൽ ചിലവഴിച്ചു. "*ആ ദിവസങ്ങളിൽ അവൻ പ്രാർത്ഥിക്കാനായി ഒരു മലയിലേക്കു പോയി. അവിടെ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ട് രാത്രി മുഴുവൻ "ചിലവഴിച്ചു*" (ലൂക്കാ 6, 12).

പത്രോസിന്റെ വിശ്വാസപ്രഖ്യാപനവും തുടർന്ന് പീഡാനുഭവത്തെക്കുറിച്ചു നല്കുന്ന മുന്നറിയിപ്പും പരസ്യജീവിതത്തിലെ സുപ്രധാനമായൊരു വഴിത്തിരിവായിരുന്നു. അവിടെയും പ്രാർ

ത്ഥിച്ചുകൊണ്ട് യേശു ഒരുങ്ങുന്നതായി ലൂക്കാ എടുത്തുപറയുന്നുണ്ട് (ലൂക്കാ 9, 16). വിശ്വാസപ്രഖ്യാപനത്തിനും പീഡാനുഭവ പ്രവചനത്തിനും പിതാവു നല്കുന്ന സ്ഥിരീകരണം സംഭവിച്ച രൂപാന്തരീകരണത്തിനു മുമ്പും യേശു പ്രാർത്ഥിക്കുകയായിരുന്നു (ലൂക്കാ 9, 28-29).

പീഡാനുഭവത്തിന്റെ തുടക്കത്തിൽ ദൈവഹിതം അറിയാനും തിരുഹിതത്തിനു സ്വയം അടിയറ വയ്ക്കാനുമായി യേശു തീവ്ര വേദനയോടെ പ്രാർത്ഥിച്ചുവെന്ന് സമാന്തര സുവിശേഷങ്ങൾ മൂന്നും രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ 26,36-46; മർക്കോ 14,38-42; ലൂക്കാ 23,39-46). കുരിശിൽ കിടന്നപ്പോഴും യേശു പ്രാർത്ഥിച്ചു. മരണം തന്നെ ഒരു പ്രാർത്ഥനയോടെ ആയിരുന്നു. അങ്ങനെ യേശുവിന്റെ ജീവിതം മുഴുവൻ പ്രാർത്ഥനയുടെ ഒരു മാതൃകയായിരുന്നു. എപ്പോഴും പ്രാർത്ഥനയിലാണ് യേശു അഭയം തേടിയത്. പരിശുദ്ധാത്മാവിനാൽ പ്രേരിതനായി, പിതാവുമായി ഗാഢബന്ധം പുലർത്തുന്നതായിരുന്നു യേശു നല്കിയ പ്രാർത്ഥനയുടെ മാതൃക. എന്താണ് യേശു പ്രാർത്ഥിച്ചതെന്നും സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

## 2. യേശുവിന്റെ പ്രാർത്ഥന

പ്രാർത്ഥനയുടെ വിവിധ മാതൃകകൾ യേശുവിന്റെ തന്നെ പ്രാർത്ഥനയിൽ കാണാം. ഹൃദയത്തിൽ സന്തോഷം നിറയുമ്പോൾ ഉയരുന്ന സ്തുതിപ്പ്, ദുഃഖം നിറയുമ്പോൾ വിലാപം, ആവശ്യങ്ങൾ അറിയിക്കുന്ന യാചന, പിതാവിന്റെ കൈകളിൽ സുരക്ഷിതനാണെന്ന വിശ്വാസം വിളിച്ചുപറയുന്ന വിശ്വാസപ്രഖ്യാപനങ്ങൾ, എല്ലാം പിതൃകരങ്ങളിൽ ഏല്പിക്കുന്ന സമർപ്പണം എന്നിങ്ങനെ വിവിധങ്ങളായ പ്രാർത്ഥനകൾ സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

തങ്ങളെ ഏല്പിച്ച സുവിശേഷപ്രഘോഷണ ദൗത്യം വിജയകരമായി പൂർത്തിയാക്കി സന്തോഷത്തോടെ ശിഷ്യന്മാർ തിരിച്ചുവന്നപ്പോൾ അവരുടെ സന്തോഷം യേശുവിനെ ആനന്ദനിർവൃതിയിലെത്തിച്ചു. "*ആ സമയം തന്നെ പരിശുദ്ധാത്മവിൽ ആനന്ദിച്ച് അവൻ പറഞ്ഞു: സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവായ പിതാവേ, അവിടുത്തെ ഞാൻ സ്തുതിക്കുന്നു...*" (ലൂക്കാ 10, 21-24, മത്താ 13,16-17). സന്തോഷപൂർണ്ണമായ സ്തുതികീർത്തനത്തിന്റെ ഒരുദാഹരണമാണിത്.

ഇതിനു നേർവിപരീതമായി നില്ക്കുന്നു യഹൂദനേതൃത്വ ത്തിന്റെ അവിശ്വാസവും എതിർപ്പും യേശുവിൽ ഉണർത്തിയ വികാരങ്ങൾ. മാനസാന്തരത്തിനുള്ള അവസാനക്ഷണം നിരസിച്ച, അവസരവും പാഴാക്കിയ യഹൂദനേതൃത്വത്തിന്റെ പ്രതീകമായ ജറുസലെമിനെ നോക്കി യേശു തീവ്രദുഃഖത്തോടെ വിലപിച്ചു. "*അവൻ അടുത്തുവന്ന്, പട്ടണം കണ്ടപ്പോൾ അതിനെക്കുറിച്ചു വിലപിച്ചുകൊണ്ടു പറഞ്ഞു: സമാധാനത്തിനുള്ള മാർഗ്ഗങ്ങൾ ഇപ്പോഴെങ്കിലും നീ അറിഞ്ഞിരുന്നെങ്കിൽ!... നിന്നിൽ കല്ലിന്മേൽ ശേഷിപ്പിക്കാതിരിക്കയും ചെയ്യും. എന്തെന്നാൽ നിന്റെ സന്ദർശ നദിനം നീ അറിഞ്ഞില്ല*" (ലൂക്കാ 19,41-44).

യഹൂദനേതൃത്വത്തിനെതിരേയുള്ള ശാപവർഷം എന്നു തോന്നാവുന്ന, "*ദുരിതം*" എന്ന ആമുഖത്തോടെ യേശു പറയുന്ന വാക്കുകൾ (മത്താ 23,13-36), വാസ്തവത്തിൽ വിലാപങ്ങളാണ്; ജനത്തിന്റെ അവിശ്വസ്തതയും സ്വാർത്ഥമോഹങ്ങളും അക്രമവും വരുത്തിവയ്ക്കുന്ന, അവരുടെ മേൽ താമസിയാതെ പതിക്കാൻ പോകുന്ന, ദുരന്തങ്ങളെ ദൈവികദൃഷ്ടിയിലൂടെ കണ്ട യേശുവിന്റെ ദുഃഖം വിളിച്ചറിയിക്കുന്ന നിലവിളി പോലുള്ള പ്രാർത്ഥന. "ദുരിതം" എന്നു വിവർത്തനം ചെയ്യുന്ന "*ഉവായ്*" (ouai) എന്ന ഗ്രീക്കുവാക്ക് ഒരു ശാപമല്ല. മറിച്ച് അതികഠിനമായ ദുഃഖത്തിൽ നിന്നുയരുന്ന വിലാപമാണ്, "*ഹോയ്*" എന്ന ഹീബ്രുവാക്കിനും ഇതുതന്നെ അർത്ഥം. "*ഹാ കഷ്ടം!*" (*Alas!*) എന്ന വിവർത്തന മായിരിക്കും അർത്ഥം വ്യക്തമാക്കാൻ കൂടുതൽ സഹായകം. നിങ്ങളുടെ അവസ്ഥ എത്രയോ ദയനീയം എന്നാണ് അർത്ഥ സൂചന.

യേശുവിന്റെ ഏറ്റം ദീർഘമായ പ്രാർത്ഥന യോഹന്നാൻ എഴു തിയ സുവിശേഷത്തിൽ കാണാം. 17-ാം അധ്യായം മുഴുവൻ യേശുവിന്റെ പ്രാർത്ഥനയാണ്. ശിഷ്യന്മാരോടൊത്ത് അന്ത്യഅ ത്താഴം ആഘോഷിച്ചതിനുശേഷം അവർക്കു നല്കുന്ന ദീർഘ മായ ഉപദേശത്തിന്റെ അവസാനം രേഖപ്പെടുത്തിയിരിക്കുന്ന ഈ പ്രാർത്ഥന സുവിശേഷത്തിന്റെ തന്നെ ഒരു സംക്ഷിപ്തവിവര ണമായി കരുതാനാവും.

"*ഇത്രയും പറഞ്ഞതിനുശേഷം യേശു സ്വർഗ്ഗത്തിലേക്കു കണ്ണുകൾ ഉയർത്തി പ്രാർത്ഥിച്ചു. പിതാവേ സമയമായിരിക്കുന്നു. പുത്രൻ അവിടുത്തെ മഹത്വപ്പെടുത്തേണ്ടതിന് പുത്രനെ അങ്ങു*

*മഹത്വപ്പെടുത്തണമേ*" (യോഹ 17, 1). ഈ ആമുഖത്തോടെ തുടങ്ങുന്ന പ്രാർത്ഥനയിൽ യേശു ആദ്യം തനിക്കും (യോഹ 17,1–5) പിന്നീട് ശിഷ്യന്മാർക്കും (17,6–19) അവരുടെ വാക്കുകേട്ട് ഭാവിയിൽ യേശുവിൽ വിശ്വസിക്കുന്നവർക്കും (17,20–26) വേണ്ടി പ്രാർത്ഥിക്കുന്നു. യേശുവിലൂടെ പിതാവിന്റെ സ്നേഹം എല്ലാവരും അറിയണം, ശിഷ്യസമൂഹത്തിന്റെ പരസ്പരസ്നേഹവും ഐക്യവും ലോകത്തിനുമുമ്പിൽ സാക്ഷ്യമാകണം, അവരെ ലോകത്തിന്റെ പ്രലോഭനങ്ങളിൽ വീഴാതെ കാത്തുസൂക്ഷിക്കണം, അങ്ങനെ ലോകം മുഴുവൻ ദൈവത്തെ അറിയണം, രക്ഷ പ്രാപിക്കണം. ഇതൊക്കെയാണ് യേശുവിന്റെ "*പുരോഹിതപ്രാർത്ഥന*" എന്നറിയപ്പെടുന്ന ഈ പ്രാർത്ഥനയിലൂടെ പിതാവിനോട് യാചിക്കുന്നത്.

പിതാവിന്റെ ഹിതം വ്യക്തമായി തിരിച്ചറിയാനും, ആ തിരുഹിതത്തിനു പരിപൂർണ്ണമായി സ്വയം സമർപ്പിക്കാനും വേണ്ടി യേശു നടത്തിയ യാചനാപ്രാർത്ഥനകളും സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. രക്തം വിയർക്കത്തക്ക തീവ്രവേദനയനുഭവിച്ച യേശുവിന്റെ പ്രാർത്ഥന ഒരു ഉദാഹരണമാണ്: "*പിതാവേ, അങ്ങേക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നു അകറ്റണമേ. എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ*" (ലൂക്കാ 22, 42).

മധ്യസ്ഥപ്രാർത്ഥനയുടെ മാതൃകയും യേശുവിന്റെ പ്രാർത്ഥനയിൽ കാണാം. നിരപരാധൻ എന്നു തെളിഞ്ഞിട്ടും തന്നെ മരണശിക്ഷയ്ക്കു വിധിക്കുകയും, അതികഠിനമായി പീഡിപ്പിച്ചതിനുശേഷം കുരിശിൻചുവട്ടിൽ നിന്നുതന്നെ പരിഹസിക്കുകയും ചെയ്യുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥന ഉദാഹരണം: "*പിതാവേ അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല*" (ലൂക്കാ 23, 34). യോഹ 17–ൽ കാണുന്ന പുരോഹിതപ്രാർത്ഥന ഏതാണ്ട് മുഴുവനായും ഒരു മധ്യസ്ഥ പ്രാർത്ഥനയായി കരുതാനാവും.

യേശു കുരിശിൽ കിടന്ന് യേശു നടത്തിയ പ്രാർത്ഥനയെ മത്തായിയും മർക്കോസും ഒരു വിലാപമായി അവതരിപ്പിക്കുന്നു. "*ഏലോയ്, ഏലോയ്, ലാമാ സബക്ക്ത്താനി? അതായത്, എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ ഉപേക്ഷിച്ചതെന്ത്*" (മർക്കോ 27, 34; മത്താ 27, 46). 22–ാം സങ്കീർത്തനം ഉപയോഗിച്ച്

യേശു പ്രാർത്ഥിക്കുകയായിരുന്നു എന്ന് ഈ വാക്യങ്ങളെ വിശദീകരിക്കാറുണ്ട്. എന്നാലും ലോകത്തിന്റെ പാപം മുഴുവൻ ഏറ്റെടുത്ത്, ബലിയാടായി സ്വയം സമർപ്പിക്കുന്ന യേശു കടന്നുപോയ തീവ്രദുഃഖവും വേദനയും അതോടൊപ്പം ദൈവത്തിലുള്ള പ്രത്യാശയും പ്രകടമാക്കുന്ന ഒരു വിലാപമാണിത് എന്നതു മറക്കാനാവില്ല.

യേശുവിന്റെ ഐഹികജീവിതത്തിലെ അവസാനത്തെ വാക്കും ഒരു പ്രാർത്ഥനയായിരുന്നു: "*പിതാവേ അവിടുത്തെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. ഇതു പറഞ്ഞ് അവൻ ജീവൻ വെടിഞ്ഞു*" (ലൂക്കാ 23, 46). കഠിനവേദനയും തീവ്രദുഃഖവും അനുഭവിക്കുമ്പോഴും യേശു നിരാശനാകുന്നില്ല. പിതാവ് ഏല്പിച്ച ദൗത്യം അവസാനം വരെ പൂർത്തിയാക്കി, പാനപാത്രം മട്ടുവരെ കുടിച്ചു എന്ന സംതൃപ്തി പ്രകടമാക്കുന്നതാണ് യോഹന്നാൻ രേഖപ്പെടുത്തുന്ന യേശുവിന്റെ അവസാനത്തെ പ്രാർത്ഥന. "*എല്ലാം പൂർത്തിയായിരിക്കുന്നു*" (യോഹ 19, 30). അങ്ങനെ സ്തുതിപ്പും കൃതജ്ഞതയും, വിശ്വാസപ്രകടനവും വിലാപവും യാചനയും എല്ലാം ഉൾക്കൊള്ളുന്നതായിരുന്നു യേശുവിന്റെ പ്രാർത്ഥനകൾ; എക്കാലവും ശിഷ്യർക്ക് അനുകരണീയമായ ഉത്തമമാതൃക.

## 3. പ്രാർത്ഥനയ്ക്ക് ആഹ്വാനം, നിർദ്ദേശങ്ങൾ

യേശു പ്രാർത്ഥിക്കുക മാത്രമല്ല, പ്രാർത്ഥിക്കാൻ ശിഷ്യന്മാരോട് ആവശ്യപ്പെടുകയും ചെയ്തു. നിരന്തരം പ്രാർത്ഥിക്കണം, മടുപ്പു തോന്നാതെ പ്രാർത്ഥിക്കണം എന്ന് ആഹ്വാനം ചെയ്യുന്നതോടൊപ്പം പ്രാർത്ഥന എങ്ങനെ ആയിരിക്കരുത് എന്നു നിഷേധാത്മകവും, എങ്ങനെ ആയിരിക്കണം എന്നു ഭാവാത്മകവുമായ രീതിയിൽ യേശു പഠിപ്പിച്ചു.

### കാപട്യമരുത്, അതിഭാഷണം വേണ്ടാ

ദൈവരാജ്യത്തിന്റെ സുവിശേഷം സമഗ്രമായി അവതരിപ്പിക്കുന്ന മലയിലെ പ്രസംഗത്തിന്റെ കേന്ദ്രസ്ഥാനത്താണ് "*കർത്തൃപ്രാർത്ഥന*" അവതരിപ്പിച്ചിരിക്കുന്നത്. അതിന് ഒരുക്കമായി യേശു രണ്ടുകാര്യങ്ങൾ പറയുന്നുണ്ട്. 1. പ്രാർത്ഥന എപ്രകാരമുള്ളതായിരിക്കണം എന്ന് പഠിപ്പിക്കുന്നു (മത്താ 6,5-8). പ്രാർത്ഥന മറ്റുള്ളവരെ കാണിക്കാൻവേണ്ടിയുള്ള അഭിനയമാകരുത്. മറിച്ച്, രഹ

സ്യമായി, പിതാവിന്റെ മുമ്പിൽ ഹൃദയം തുറക്കുന്നതായിരിക്കണം പ്രാർത്ഥന. 2. എല്ലാം അറിയുന്ന പിതാവിന്റെ മുമ്പിലാണ് പ്രാർത്ഥിക്കുന്നത് എന്ന ബോധ്യം ഉണ്ടായിരിക്കണം. അതിനാൽ അതിഭാഷണം വേണ്ടാ. അതോടൊപ്പം ചോദിക്കുന്ന കാര്യങ്ങൾ ലഭിക്കും എന്ന വിശ്വാസവും ഉണ്ടായിരിക്കണം.

## മടുപ്പു തോന്നാതെ നിരന്തരം പ്രാർത്ഥിക്കണം

ഒരിക്കൽ ചോദിച്ചിട്ട് കിട്ടിയില്ലെങ്കിൽ അതുകൊണ്ട് പ്രാർത്ഥന നിർത്തരുത്. "*ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും*" (മത്താ 7,7-8). കിട്ടുന്നതുവരെ ചോദിക്കണം; കണ്ടെത്തുന്നതുവരെ അന്വേഷിക്കണം; തുറക്കുന്നതുവരെ മുട്ടിക്കൊണ്ടേയിരിക്കണം.

ഈ പ്രബോധനം ഉള്ളിൽ ഉറപ്പിക്കാൻ സഹായകമായ രണ്ട് ഉപമകൾ ലൂക്കാ രേഖപ്പെടുത്തിയിട്ടുണ്ട്, അർദ്ധരാത്രിക്ക് അപ്പം ചോദിക്കുന്ന അയല്ക്കാരന്റെയും (ലൂക്കാ 11, 5-8) നീതിരഹിതനായ ന്യായാധിപന്റെയടുക്കൽ നിരന്തരം യാചിച്ചു ശല്യം ചെയ്യുന്ന വിധവയുടെയും (ലൂക്കാ 18,1-8) ഉപമകൾ. രാത്രി എണീറ്റ് അപ്പം നല്കാൻ മടിക്കുന്ന അയല്ക്കാരനും നീതി നടത്തിക്കൊടുക്കാൻ തയ്യാറാകാത്ത ന്യായാധിപനും ശല്യം ഒഴിവാക്കാൻവേണ്ടിയാണെങ്കിലും യാചന സാധിച്ചുകൊടുക്കുമെങ്കിൽ, സ്നേഹനിധിയായ പിതാവ് തന്റെ മക്കളുടെ യാചനകൾ എത്രയോ അധികം താൽപര്യത്തോടെ ശ്രവിച്ച് ഉത്തരം നല്കും! ഇതാണ് രണ്ട് ഉപമകളുടെയും സന്ദേശം. അതിനാൽ നിരാശപ്പെടാതെ തുടർന്നു പ്രാർത്ഥിക്കണം.

## നല്ലതേ ലഭിക്കൂ

ദൈവപിതാവിന്റെ മക്കളാണ് എല്ലാ മനുഷ്യരും. അതിനാൽ തന്റെ മക്കൾക്ക് നല്ലതും ഉപകാരപ്രദമായതും മാത്രമേ ദൈവം നല്കുകയുള്ളൂ എന്നും യേശു പഠിപ്പിച്ചു. "*മകൻ അപ്പം ചോദിച്ചാൽ കല്ലുകൊടുക്കുന്ന ആരെങ്കിലും നിങ്ങളിൽ ഉണ്ടോ? അഥവാ മീൻ ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ? മക്കൾക്കു നല്ല വസ്തുക്കൾ കൊടുക്കണമെന്ന് ദുഷ്ടരായ നിങ്ങൾ അറിയുന്നെങ്കിൽ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ്, തന്നോടു ചോദിക്കുന്നവർക്ക് എത്രയോ കൂടുതൽ നന്മകൾ നല്കും!*" (മത്താ 7,10-11)

“*നന്മകൾ*” എന്നതിനുപകരം “*പരിശുദ്ധാത്മാവിനെ*” എന്നാണ് ലൂക്കാ 11, 12-ൽ കാണുന്നത്. ദൈവം നല്കുന്ന ഏറ്റം വലിയ ദാനമാണ് പരിശുദ്ധാത്മാവ്. അതോടൊപ്പം ആവശ്യമായ എല്ലാ നന്മകളും ദൈവം നല്കും എന്ന വാഗ്ദാനത്തിനു മാറ്റമില്ല.

## ദൈവഹിതം മാത്രം തേടണം

എത്ര പ്രാർത്ഥിച്ചിട്ടും ലഭിക്കുന്നില്ലെങ്കിൽ എന്താണ് അതിനു കാരണം എന്ന് അന്വേഷിക്കണം. കൊച്ചുകുട്ടി എത്ര കരഞ്ഞാലും വാശിപിടിച്ചാലും മൂർച്ചയുള്ള കത്തി അമ്മ കൊടുക്കില്ല. കാരണം കുഞ്ഞ് സ്വയം മുറിപ്പെടുത്തിയേക്കും എന്ന് അമ്മയ്ക്കറിയാം. ഇതുപോലെ നമ്മൾ യാചിക്കുന്ന കാര്യങ്ങൾ ആത്യന്തികമായി നമുക്കു നന്മയ്ക്കായി ഭവിക്കില്ല എന്നതിനാലായിരിക്കാം എല്ലാം അറിയുന്ന പിതാവ് നല്കാത്തത്.

ദൈവപുത്രൻ രക്തം വിയർത്ത് പ്രാർത്ഥിച്ചിട്ടും പീഡാസഹനം എന്ന പാനപാത്രം പിതാവ് മാറ്റികൊടുത്തില്ല. ഈ സാഹചര്യത്തിൽ യേശുവിന്റെ പ്രാർത്ഥനയുടെ രണ്ടാം ഭാഗം പ്രത്യേകം ശ്രദ്ധിക്കണം. “*എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ*” (ലൂക്കാ 22, 42). പാനപാത്രം അകറ്റിയില്ലെങ്കിലും അതു മട്ടുവരെ കുടിക്കാനുള്ള ശക്തി പിതാവു നല്കി. അതിന്റെ ദൃശ്യമായ അടയാളമാണ് സ്വർഗ്ഗത്തിൽനിന്നു പ്രത്യക്ഷപ്പെട്ട ദൂതൻ (ലൂക്കാ 22, 43). ഇതായിരിക്കും ചിലപ്പോൾ നമ്മുടെ പ്രാർത്ഥനയിലും സംഭവിക്കുക. ദൈവഹിതം നമ്മുടെ ജീവിതത്തിൽ പൂർണ്ണമായി നിറവേറ്റാൻ ആവശ്യമായ ശക്തി ദൈവം നല്കും. അതിനാൽ എല്ലാ യാചനകളും “*പിതാവേ, അങ്ങേയ്ക്ക് ഇഷ്ടമെങ്കിൽ മാത്രം*” എന്നു സമാപിക്കുന്നത് ഉചിതമായിരിക്കും.

## വിശ്വാസത്തോടെ പ്രാർത്ഥിക്കണം

പ്രാർത്ഥന സ്വീകരിക്കപ്പെടാൻ ആവശ്യകമായി യേശു എടുത്തു കാണിക്കുന്ന മറ്റൊരു നിബന്ധനയാണ് വിശ്വാസം. പിശാചുബാധിതനെ സുഖപ്പെടുത്താൻ ശ്രമിച്ചു പരാജയപ്പെട്ട ശിഷ്യർ തങ്ങളുടെ പരാജയത്തിന്റെ കാരണം അന്വേഷിച്ചപ്പോൾ യേശു നല്കിയ മറുപടി വിശ്വാസത്തിന്റെ ആവശ്യകതയ്ക്ക് ഊന്നൽ നല്കുന്നു: “*നിങ്ങളുടെ അല്പവിശ്വാസം കൊണ്ടു തന്നെ. നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ*

*മലയോട് ഇവിടെ നിന്നുമാറി മറ്റൊരു സ്ഥലത്തേക്കു പോവുക എന്നുപറഞ്ഞാൽ അതു മാറിപ്പോകും. നിങ്ങൾക്ക് യാതൊന്നും അസാധ്യമായിരിക്കുകയില്ല*" (മത്താ 17, 20-21). വിശ്വാസത്തിന്റെ ആവശ്യകത ഊന്നിപ്പറയാൻ ഉപയോഗിക്കുന്ന അതിശയോക്തി കലർന്ന ഒരുദാഹരണമായി ഇതിനെ കരുതണം. എന്നാൽ ഇതു മാത്രം പോരാ.

## ക്ഷമ - അനുരഞ്ജനം

ആരോടെങ്കിലും വെറുപ്പോ വിദ്വേഷമോ ഉണ്ടെങ്കിൽ ഹൃദയപൂർവ്വം ക്ഷമിച്ചുകൊണ്ടുവേണം പ്രാർത്ഥിക്കാൻ എന്നും യേശു പഠിപ്പിച്ചിട്ടുണ്ട്. സഹോദരനുമായി രമ്യതപ്പെടാത്തവരുടെ ബലിയർപ്പണം ദൈവം സ്വീകരിക്കുകയില്ല എന്നു പഠിപ്പിക്കുമ്പോൾ (മത്താ 5,23-25) ക്ഷമയുടെയും രമ്യതയുടെയും ആവശ്യകത എടുത്തു കാട്ടുന്നു. "*നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ നിങ്ങൾക്ക് ആരോടെങ്കിലും എന്തെങ്കിലും വിരോധമുണ്ടെങ്കിൽഅതു ക്ഷമിക്കുവിൻ. അപ്പോൾ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും*" (മർക്കോ 11,25-26) എന്ന പ്രബോധനം സംശയത്തിനു പഴുതിടുന്നില്ല.

## എളിമയോടെ പ്രാർത്ഥിക്കണം

ദൈവത്തെ പിതാവേ എന്നു വിളിക്കുമ്പോഴും ബലഹീനരും പാപികളും, ദൈവസന്നിധിയിൽ നില്ക്കാൻപോലും അർഹതയില്ലാത്തവരുമാണ് നാം എന്ന കാര്യം മറക്കരുത്. ഫരിസേയന്റെയും ചുങ്കക്കാരന്റെയും പ്രാർത്ഥനയുടെ ഉദാഹരണത്തിലൂടെ (ലൂക്കാ 18,9-14) യേശു ഇക്കാര്യം പഠിപ്പിച്ചു. ദൈവതിരുമുമ്പിൽ നിന്നുകൊണ്ട് ഫരിസേയൻ പറഞ്ഞതെല്ലാം സത്യമായിരിക്കാം. ദൈവം ആവശ്യപ്പെടുന്നതിനേക്കാൾ കൂടുതൽ അയാൾ ചെയ്യുന്നുണ്ട്. ആണ്ടിൽ ഒരിക്കൽ മാത്രമാണ് ഉപവാസം നിർബ്ബന്ധമായിരുന്നത്, പാപപരിഹാരദിനത്തിൽ. എന്നാൽ ഇയാൾ ആഴ്ചയിൽ രണ്ടുപ്രാവശ്യം ഉപവസിക്കുന്നു. ദശാംശത്തെക്കുറിച്ചും ഇതുപോലൊരു സൂചനയുണ്ട്. എല്ലാ വിഭവങ്ങൾക്കും ഒരുതവണമാത്രം ദശാംശം നല്കിയാൽ മതി. ഓരോ തവണയും വില്ക്കുകയും വാങ്ങുകയും ചെയ്യുമ്പോൾ വേണ്ടാ. എന്നാൽ താൻ വാങ്ങുന്ന വസ്തുക്കൾക്ക് ആദ്യ ഉടമ ദശാംശം കൊടുത്തോ എന്നു തീർച്ചയില്ലാത്തതിനാൽ അയാൾ ദശാംശം കൊടുക്കുന്നു.

ഇതൊന്നും അതിൽത്തന്നെ തെറ്റല്ല; പ്രശംസാർഹം തന്നെ. എന്നാൽ അയാളുടെ മനോഭാവമാണ് യേശു എടുത്തുകാട്ടുന്നത്. ദൈവതിരുമുമ്പിൽ താൻ മറ്റുള്ളവരേക്കാൾ മെച്ചമാണെന്ന അഹങ്കാരവും അതോടൊപ്പം മറ്റുള്ളവരോടുള്ള അവജ്ഞയും പുഛവും. ഫരിസേയ മനോഭവാത്തിന്റെ അടിസ്ഥാനപരമായ ദോഷവശങ്ങളാണിവ, ദൈവത്തിനു സ്വീകാര്യമല്ലാത്ത മനോഭാവവും അതു പ്രകടമാക്കുന്ന പ്രാർത്ഥനയും.

ഇതിനു നേർ വിപരീതമാണ് ചുങ്കക്കാരന്റെ പ്രാർത്ഥന. തന്റെ പാപാവസ്ഥയെക്കുറിച്ച് അയാൾക്കു വ്യക്തമായ അവബോധമുണ്ട്; അയാളുടെ നില്പിലും വാക്കുകളിലും അതു പ്രതിഫലിക്കുന്നുമുണ്ട്. ഒന്നു മാത്രമേ യാചിക്കാനുള്ളൂ: "*ദൈവമേ, പാപിയായ എന്നിൽ കനിയണമേ*" (ലൂക്കാ 18, 13). തന്റെ യഥാർത്ഥ അവസ്ഥയെക്കുറിച്ചുള്ള വ്യക്തമായ അവബോധവും അതോടൊപ്പം ദൈവത്തിലുള്ള ആശ്രയവും പ്രകടമാക്കുന്ന പ്രാർത്ഥന. ഇതാണ് പ്രാർത്ഥനയ്ക്കാവശ്യമായ ഒരു മാനം.

"*പരീക്ഷയിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ*" (ലൂക്കാ 22, 46). പ്രാർത്ഥനയെക്കുറിച്ച് യേശു അവസാനമായി നല്കുന്ന പ്രബോധനമാണിത്. പീഡാസഹനവും കുരിശുമരണവും യേശുവിനു മാത്രമല്ല ശിഷ്യന്മാർക്കും വലിയൊരു പരീക്ഷണമായിരുന്നു; ദൈവത്തിലുള്ള വിശ്വാസവും ആശ്രയബോധവും നഷ്ടപ്പെടാൻ കാരണമായേക്കാവുന്ന വലിയൊരു പ്രലോഭനം. പ്രാർത്ഥനയിലൂടെയാണ് യേശു ഈ പ്രലോഭനത്തിന്മേൽ വിജയം നേടിയത്, പിതാവിന്റെ ഹിതത്തിനു സ്വയം സമർപ്പിക്കുന്ന പ്രാർത്ഥന. ഇതുതന്നെയാണ് ശിഷ്യന്മാരിൽ നിന്നും യേശു ആവശ്യപ്പെടുന്നത്.

എന്നാൽ ശിഷ്യന്മാർ ആഹ്വാനം സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടു. പ്രാർത്ഥിക്കുന്നതിനുപകരം അവർ ഉറങ്ങി. യേശു ആവർത്തിച്ച് ഉദ്ബോധിപ്പിച്ചിട്ടും അവർക്ക് ഉണർന്നിരുന്നു പ്രാർത്ഥിക്കാൻ കഴിഞ്ഞില്ല. ഫലം ഭയാനകമായിരുന്നു. എല്ലാവരും ഒളിച്ചോടി. പത്രോസ് ആണയിട്ട് യേശുവിനെ തള്ളിപ്പറഞ്ഞു; പ്രലോഭനത്തിൽ വീണു. യേശുവിന്റെ പ്രാർത്ഥനയും പരിശുദ്ധാത്മശക്തിയുമാണ് അവരെ ശിഷ്യത്വത്തിലേക്ക് തിരിയെ കൊണ്ടുവന്നത്.

**ചുരുക്കത്തിൽ**

യേശു തന്നെയാണ് പ്രാർത്ഥനയുടെ ഏറ്റം വലിയ മാതൃക.

എപ്പോൾ, എങ്ങനെ പ്രാർത്ഥിക്കണം എന്നു സ്വന്തം ജീവിതവും വാക്കും പ്രവൃത്തിയും വഴി യേശു പഠിപ്പിച്ചു. യേശുവിന്റെ ജീവിതം മുഴുവൻ ഒരു പ്രാർത്ഥനയായിരുന്നു, പിതാവിന്റെ ഹിതം തേടുകയും തിരുഹിതത്തിനു സ്വയം സമർപ്പിക്കുകയും ചെയ്യുന്ന പ്രാർത്ഥന.

ജോർദ്ദാനിലെ സ്നാനം മുതൽ കാൽവരിയിലെ മരണംവരെ യേശു നിരന്തരം പ്രാർത്ഥിച്ചിരുന്നു. വലിയ തിരക്കിനിടയിലും ജനക്കൂട്ടത്തിൽനിന്നു മാറി വിജനതയിൽ ഏകാന്തത തേടി, പിതാവുമായി പ്രാർത്ഥനയിലൂടെ സമ്പർക്കം പുലർത്തി. ഇതിനുപുറമേ, പരസ്യജീവിതത്തിന്റെ നിർണ്ണായക മുഹൂർത്തങ്ങളിലും വഴിത്തിരുവുകളിലും തീരുമാനം എടുക്കുന്നതിനു മുമ്പേ ദീർഘസമയം പ്രാർത്ഥനയിൽ ചിലവഴിച്ചിരുന്നു.

ഉള്ളിൽ നിറയുന്ന സന്തോഷവും നന്ദിയും പ്രകടമാക്കുന്ന സ്തുതിപ്പുകൾ, ദുഃഖം വെളിപ്പെടുത്തുന്ന വിലാപങ്ങൾ, ആവശ്യങ്ങൾ നിരത്തുന്ന യാചനകൾ, മധ്യസ്ഥപ്രാർത്ഥനകൾ, വിശ്വാസം ഉറക്കെ പ്രഘോഷിക്കുന്ന ആത്മസമർപ്പണം എന്നിങ്ങനെ വിവിധങ്ങളായ പ്രാർത്ഥനാരീതികളുടെ മാതൃക യേശുവിൽ കാണാം. പിതാവിന്റെ മടിയിലിരുന്ന് സംസാരിക്കുന്ന ഒരു കൊച്ചുകുഞ്ഞിന്റെ സ്വാഭാവികമായ സ്നേഹത്തോടെ, വിശ്വാസത്തോടെ, ആയിരുന്നു യേശുവിന്റെ പ്രാർത്ഥനകൾ. വിശ്വാസം, പ്രത്യാശ, സ്നേഹം, ആശ്രയം, സുരക്ഷിതത്വബോധം ഇവയെല്ലാം യേശുവിന്റെ പ്രാർത്ഥനകളിൽ പ്രകടമാകുന്നു.

വിവിധ സാഹചര്യങ്ങളിൽ പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് യേശു ശിഷ്യന്മാരെ പഠിപ്പിച്ചു. നിരന്തരം, മനസു മടുക്കാതെ, പിതാവു കേൾക്കും എന്ന വിശ്വാസത്തോടെ പ്രാർത്ഥിക്കണം. പ്രത്യാശ കൈവിടരുത്. ക്ഷമയോടെ കാത്തിരിക്കണം. ആരോടും വെറുപ്പും വിദ്വേഷവും അരുത്. എല്ലാവരോടും ക്ഷമിക്കണം. ശത്രുക്കളെപ്പോലും സ്നേഹിക്കണം. അഹങ്കാരവും അതിഭാഷണവും വേണ്ടാ. വിനയത്തോടെ പ്രാർത്ഥിക്കണം. സർവ്വോപരി, ദൈവത്തിന്റെ ഹിതം അറിയാനും അതു സ്വീകരിച്ചു ജീവിക്കാനുമുള്ള കൃപയ്ക്കുവേണ്ടി പ്രാർത്ഥിക്കണം. ഇങ്ങനെ വാക്കും പ്രവൃത്തിയും, ആഹ്വാനങ്ങളും ഉപദേശങ്ങളും വഴി യേശു ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചു. ഈ പശ്ചാത്തലത്തിൽ വേണം കർത്താവു പഠിപ്പിച്ച "*കർത്തൃപ്രാർത്ഥന*" മനസ്സിലാക്കാൻ.

# 3

## സന്ദർഭം - ഘടന

കർത്താവു പഠിപ്പിച്ചു എന്നു സുവിശേഷങ്ങൾ പറയുന്ന പ്രാർത്ഥന രേഖപ്പെടുത്തിയിരിക്കുന്ന സാഹചര്യങ്ങളിലും ഘടനയിലും മത്തായിയും ലൂക്കായും തമ്മിൽ വ്യത്യാസങ്ങളുണ്ട്. സുവിശേഷപ്രഘോഷണത്തിന്റെ തുടക്കത്തിൽ മലയിലെ പ്രസംഗത്തിന്റെ ഭാഗമായിട്ടാണ് മത്തായി ഈ പ്രാർത്ഥന രേഖപ്പെടുത്തിയിരിക്കുന്നത്; ലൂക്കയാകട്ടെ പരസ്യജീവിതത്തിന്റെ പകുതിക്കാലം പിന്നിട്ടതിനുശേഷവും. തന്നെയുമല്ല, ശിഷ്യന്മാരുടെ യാചനയ്ക്കു മറുപടി എന്നോണം യേശു അവരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചു എന്നു ലൂക്കാ എഴുതുമ്പോൾ അങ്ങനെ യാതൊരു മുഖവുരയും കൂടാതെ പ്രബോധനത്തിന്റെ ഭാഗമായി യേശു പഠിപ്പിച്ചു എന്നാണ് മത്തായിയിൽ. ഇതിനും പുറമേ രണ്ടുപേരും അവതരിപ്പിക്കുന്ന പ്രാർത്ഥനയിലും ചില വ്യത്യാസങ്ങൾ കാണാം. ഒരു അഭിസംബോധനയ്ക്കുശേഷം മത്തായിയിൽ ഏഴും ലൂക്കായിൽ അഞ്ചും യാചനകളാണു കാണുന്നത്. എന്താണ് ഈ വ്യത്യാസങ്ങളുടെ കാരണം? രണ്ടുപേരും രേഖപ്പെടുത്തിയിരിക്കുന്നത് ഒരേ പ്രാർത്ഥനതന്നെയല്ലേ?

### സുവിശേഷങ്ങൾ ദിനവൃത്താന്തങ്ങളല്ല

മേൽ ഉന്നയിച്ചിരിക്കുന്ന ചോദ്യങ്ങൾക്കു മറുപടി തേടുമ്പോൾ ആദ്യമേ ശ്രദ്ധിക്കേണ്ടത് എന്താണു "*സുവിശേഷം*" എന്ന കാര്യമത്രേ. യേശുവിന്റെ ജീവിതവും പ്രവൃത്തികളും പ്രബോധനങ്ങളും കണിശമായ ഒരു കാലക്രമത്തിന്റെ ചട്ടക്കൂട്ടിലല്ല സുവിശേഷങ്ങൾ അവതരിപ്പിക്കുന്നത് എന്നതു ശ്രദ്ധിക്കണം. സമാന്തര, അഥവാ സമവീക്ഷണ (Synoptic) സുവിശേഷങ്ങൾ എന്നറിയപ്പെടുന്ന മത്തായി മർക്കോസ്, ലൂക്കാ അവതരിപ്പിക്കുന്നതുപോലെയല്ല യോഹന്നാൻ യേശുവിന്റെ ജീവിതവും പ്രവർത്തനങ്ങളും അവതരിപ്പിക്കുന്നത്. അവതരിപ്പിക്കുന്ന സംഭവങ്ങളിലും അവ അവതരിപ്പിക്കുന്ന കാലക്രമത്തിലും ഏറെ വ്യത്യാസങ്ങൾ ഉണ്ട്. സമാന്തര സുവിശേഷങ്ങൾ ഏതാണ്ട് ഒരേ കാലക്രമത്തിൽ സംഭ

വങ്ങൾ അവതരിപ്പിക്കുന്നു എന്നു തോന്നാം. ഗലീലിയിലെ തുടക്കം, ജറുസലേം യാത്ര, ജറുസലേമിലെ സംഭവങ്ങൾ എന്ന ഒരു പൊതുഘടന മൂന്നു സുവിശേഷങ്ങളിലും ദൃശ്യമാണ്. എന്നാൽ അടുത്തു പരിശോധിക്കുമ്പോൾ ഇവിടെയും അനേകം വ്യത്യാസങ്ങൾ കാണാം.

ഇതിൽനിന്നു വ്യക്തമാകുന്ന ഒരു കാര്യമുണ്ട്. സുവിശേഷ ങ്ങൾ ഒന്നും യേശുവിന്റെ കണിശമായ ജീവചരിത്രങ്ങളല്ല. മറിച്ച്, യേശുവിലൂടെ മനുഷ്യനു ലഭ്യമായ രക്ഷയുടെ സന്ദേശമാണ്, അഥവാ സദ്വാർത്തയാണ്. അതാണല്ലോ "*സുവിശേഷം*" എന്ന പേരു തന്നെ സൂചിപ്പിക്കുന്നത്. ഇതു പറയുമ്പോഴും സുവിശേ ഷങ്ങൾ വെറും കെട്ടുകഥകളാണെന്നു കരുതാൻ പാടില്ല. സംഭ വങ്ങളും പ്രബോധനങ്ങളും രേഖപ്പെടുത്തുന്ന ക്രമത്തിൽ വ്യത്യാ സമുണ്ടെന്നതിനാൽ അവ ചരിത്രസംഭവങ്ങളല്ല എന്ന നിഗമനം ശരിയല്ല. ഓരോ സുവിശേഷകനും തന്റേതായ ഒരു ക്രമം സ്വീക രിച്ചിട്ടുണ്ട്. "*എല്ലാം ക്രമമായി നിനക്ക് എഴുതുന്നത് ഉചിതമാ ണെന്ന് എനിക്കും തോന്നി*" (ലൂക്കാ 1,3) എന്ന ആമുഖ വാക്യം ഇതിനു തെളിവായി നില്ക്കുന്നു.

**പ്രാർത്ഥനയുടെ സന്ദർഭം**

യേശു നല്കിയ പ്രാർത്ഥനയെക്കുറിച്ചുള്ള പ്രബോധന ത്തിലും ഈ നിലപാട് ശ്രദ്ധിക്കണം. മത്തായി എഴുതിയ സുവി ശേഷത്തിൽ യേശുവിന്റെ പ്രബോധനങ്ങൾ സുദീർഘമായ അ ഞ്ചു പ്രഭാഷണങ്ങളായി അവതരിപ്പിച്ചിരിക്കുന്നു; ഓരോ പ്രഭാ ഷണത്തിനും ശേഷം പ്രവർത്തനങ്ങളുടെ വിവരണങ്ങളും. (1) മലയിലെ പ്രസംഗം 5-7; വിവരണം 8-9; (2) പ്രേഷിതപ്രഭാഷണം 10; പ്രവർത്തനങ്ങൾ 11-12; (3) ദൈവരാജ്യം ഉപമകളിലൂടെ 13,1-52; പ്രവർത്തനങ്ങൾ 13,53-17,27; (4) സഭയെ സംബന്ധിച്ച നിർദ്ദേശ ങ്ങൾ 18; പ്രവർത്തനങ്ങൾ 19-23; (5) യുഗാന്തപ്രഭാഷണം 24-25; പ്രവർത്തനങ്ങൾ 26-28. ഇതിൽ ആദ്യത്തെ പ്രഭാഷണത്തിന്റെ മധ്യത്തിലാണ് കർത്തൃപ്രാർത്ഥന അവതരിപ്പിച്ചിരിക്കുന്നത്. യേശുവിലൂടെ പൂർത്തിയായ പുതിയ ഉടമ്പടിയുടെ സവിശേഷ തകളും നിബന്ധനകളുമാണ് മലയിലെ പ്രസംഗത്തിന്റെ ഉള്ള ടക്കം. അതിന്റെ കേന്ദ്രസ്ഥാനത്ത് അവതരിപ്പിക്കുന്നതിലൂടെ കർ ത്തൃപ്രാർത്ഥനയ്ക്കു മത്തായി നല്കുന്ന പ്രാധാന്യം വ്യക്തമാ കുന്നു.

ലൂക്കായുടെ സുവിശേഷം തികച്ചും വ്യത്യസ്തമായ ഒരു ഘടനയാണ് സ്വീകരിച്ചിരിക്കുന്നത്. ഒരുക്കത്തിന്റെ വിവരണത്തിനുശേഷം (1,1-4,13) സുവിശേഷത്തെ മൂന്നു ഭാഗമായി തിരിച്ചിരിക്കുന്നു. (1) ഗലീലിയിലെ പ്രവർത്തനങ്ങൾ 4,14-9,50; (2) ജറുസലെം യാത്ര 9,51-19,46; (3) ജറുസലെമിലെ പ്രവർത്തനങ്ങൾ 9,47-24,53. ഇതിൽ രണ്ടാംഭാഗം ഒരു യാത്രാവിവരണമായി അവതരിപ്പിക്കുന്നെങ്കിലും ശിഷ്യന്മാർക്കു നല്കുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളുമാണ് ഇവിടെ മുഖ്യവിഷയം.

നിത്യജീവൻ അവകാശപ്പെടുത്താൻ എന്തു ചെയ്യണം എന്ന ചോദ്യം ആരംഭത്തിലും (10,25) അവസാനത്തിലും (18,18) ഉന്നയിക്കുന്നതിലൂടെ ഈ യാത്രാവിവരണത്തിന്റെ മുഖ്യമായ സന്ദേശം വ്യക്തമാക്കുന്നു. ഈ ചോദ്യം തന്നെ യാത്രാവിവരണത്തിന്റെ മധ്യഭാഗത്തും (13,23) അവതരിപ്പിച്ചുകൊണ്ട് വിഷയത്തിന്റെ പ്രാധാന്യം എടുത്തുകാട്ടുന്നു. ഈ സാഹചര്യത്തിൽ ശിഷ്യത്വത്തെക്കുറിച്ചുള്ള പ്രബോധനത്തിന്റെ കേന്ദ്രം എന്ന നിലയിലാണ് പ്രാർത്ഥനയെ സംബന്ധിച്ച പ്രബോധനം രേഖപ്പെടുത്തിയിരിക്കുന്നത്. തന്നെയുമല്ല, കർത്തൃപ്രാർത്ഥന അവതരിപ്പിച്ചതിനു തൊട്ടുപിന്നാലെ പ്രാർത്ഥനയുടെ പ്രാധാന്യവും സവിശേഷതയും വ്യക്തമാക്കുന്ന ഒരു ഉപമയും (11,5-13) അവതരിപ്പിക്കുന്നു. സ്വർഗ്ഗസ്ഥനായ പിതാവിന്റെ കരുണയും കരുതലും വ്യക്തമാക്കുന്നതാണ് രാത്രിയിൽ അപ്പത്തിനുവേണ്ടി അയല്ക്കാരന്റെ വാതിലിൽ മുട്ടി ശല്യം ചെയ്യുന്ന ആവശ്യക്കാരന്റെ ഉപമ.

രണ്ടു സുവിശേഷങ്ങളും, വ്യത്യസ്തമായ രീതിയിലാണെങ്കിലും, സുവിശേഷത്തിന്റെ പൊതുഘടനയിൽ ഈ പ്രാർത്ഥന രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാനത്തിലൂടെ പ്രാർത്ഥനയുടെ പ്രാധാന്യം വ്യക്തമാക്കുന്നു എന്നു ഈ ചെറിയ അപഗ്രഥനത്തിൽ നിന്നു തെളിയുന്നു. അല്പം കൂടി അടുത്തു പരിശോധിച്ചാൽ, പ്രത്യേകിച്ചും മത്തായി എഴുതിയ സുവിശേഷത്തിൽ, കർത്തൃപ്രാർത്ഥനയുടെ അതുല്യമായ പ്രാധാന്യം കൂടുതൽ വ്യക്തമാകും.

## മലയിലെ പ്രസംഗത്തിൽ

മൂന്നദ്ധ്യായങ്ങളിൽ (മത്താ 5-7) നിറഞ്ഞുനില്ക്കുന്ന മലയിലെ പ്രസംഗം ആരംഭിക്കുന്നത് സുവിശേഷഭാഗ്യങ്ങൾ (5,1-12)

അവതരിപ്പിച്ചുകൊണ്ടാണ്. തുടർന്നു ശിഷ്യത്വത്തിന്റെ പ്രാധാന്യവും (5, 13-16) യേശു നല്കുന്ന പുതിയനിയമത്തിന്റെ സവിശേഷതയും (5, 17-20) എടുത്തുകാട്ടിയതിനുശേഷം, പഴയനിയമവും പുതിയ നിയമവും തമ്മിലുള്ള വ്യത്യാസങ്ങൾ ആറ് ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കുന്നു (5,21-48). അതിനുശേഷം ധർമ്മദാനം (6,1-4), പ്രാർത്ഥന (6,5-15), ഉപവാസം (6,16-18) എന്നീ മൂന്നു കാര്യങ്ങൾ പ്രത്യേകമായി എടുത്തുപറയുന്നു. തുടർന്ന് ദൈവരാജ്യത്തിൽ പങ്കുകാരാകാൻ ആവശ്യമായ മനോഭാവങ്ങളും ജീവിതശൈലിയും അനേകം ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കുന്നു (6,19-7,28).

മലയിലെ പ്രസംഗത്തിന്റെ ഈ ഘടനയിൽ പ്രാർത്ഥനയ്ക്കു നല്കുന്ന പ്രാധാന്യത്തെക്കുറിച്ച് സംശയത്തിനു പഴുതില്ല. പ്രാർത്ഥനയെക്കുറിച്ചുള്ള പ്രബോധനം തന്നെ രണ്ടു ഭാഗമായി തിരിച്ചിരിക്കുന്നു. ആദ്യഭാഗം (6,5-8) എങ്ങനെ പ്രാർത്ഥിക്കരുത് എന്നു രണ്ട് ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കുന്നു. പ്രാർത്ഥന മറ്റുള്ളവരെ കാണിക്കാനുള്ള ഒരു പ്രകടനമാകരുത്. അതുപോലെതന്നെ, പ്രാർത്ഥനയിൽ അതിഭാഷണവും വേണ്ടാ. എല്ലാം അറിയുന്ന പിതാവായ ദൈവത്തിന്റെ തിരുമുമ്പിലാണ് പ്രാർത്ഥിക്കുന്നത് എന്ന അവബോധം പ്രാർത്ഥനയുടെ അടിസ്ഥാനഭാവമായിരിക്കണം.

ഈ താക്കീതുകൾക്കുശേഷമാണ് കർത്തൃപ്രാർത്ഥന അവതരിപ്പിക്കുന്നത് (6,9-13). അതിനു തൊട്ടുപിന്നാലെ (6,14-15) മറ്റുള്ളവരോടു ക്ഷമിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നു. പരസ്പരവിരുദ്ധമായ രണ്ടു കാര്യങ്ങൾ സമാന്തരമായി അവതരിപ്പിച്ചുകൊണ്ട് നിർദ്ദേശിക്കുന്ന കാര്യത്തിന് ഊന്നൽനല്കുന്ന ഒരു സാഹിത്യരൂപം (*വിപരീതാർത്ഥ സമാന്തര വാക്യങ്ങൾ*) ഇവിടെ ഉപയോഗിച്ചിരിക്കുന്നു. കർത്തൃപ്രാർത്ഥനയുടെ സമാപനം എന്നതുപോലെ അവതരിപ്പിച്ചിരിക്കുന്ന ഈ വാക്യങ്ങൾ പ്രാർത്ഥനയിലെ ഒരു വിഷയത്തിനു നല്കുന്ന ഊന്നൽ കാണാതെ പോകരുത്.

**യാത്രാവിവരണത്തിൽ**

ലൂക്കാ എഴുതിയ സുവിശേഷത്തിന്റെ മധ്യഭാഗത്തവതരിപ്പിച്ചിരിക്കുന്ന യാത്രാവിവരണത്തിന്റെ കേന്ദ്രം എന്നപോലെയാണ്

പ്രാർത്ഥനയെക്കുറിച്ചുള്ള പ്രബോധനം രേഖപ്പെടുത്തിയിരിക്കുന്നത്. ഈ പ്രബോധനം ലൂക്കാ അവതരിപ്പിക്കുന്ന സന്ദർഭവും വിധവും മത്തായിയുടേതിൽനിന്നു തികച്ചും വ്യത്യസ്തമാണ്. മലയിലെ പ്രസംഗത്തിന്റെ ഭാഗമാണ് മത്തായി എഴുതിയ സുവിശേഷത്തിൽ കർത്തൃപ്രാർത്ഥന. എന്നാൽ ലൂക്കാ തനതായ മറ്റൊരു വിധത്തിൽ പ്രാർത്ഥന അവതരിപ്പിക്കുന്നു.

"*അവൻ ഒരിടത്തു പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രാർത്ഥിച്ചുകഴിഞ്ഞപ്പോൾ ശിഷ്യന്മാരിൽ ഒരുവൻ വന്നു പറഞ്ഞു: കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ*" (ലൂക്കാ 11,1). വ്യത്യാസം വ്യക്തം. യേശുവിന്റെ മാതൃകയാണ് ശിഷ്യന്മാരെ ഒരു യാചനയ്ക്കു പ്രേരിപ്പിക്കുന്നത്. പ്രാർത്ഥിക്കുന്ന യേശുവിനെ ലൂക്കാ സുവിശേഷകൻ അനേകം തവണ ചിത്രീകരിച്ചിട്ടുണ്ട് (ഉദാ: ലൂക്കാ 3,21; 4,42; 6,12; 9,18. 28). അതേസമയം സ്നാപകയോഹന്നാൻ തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചു എന്നും അതുപോലെ തങ്ങൾക്കും പ്രാർത്ഥിക്കാൻ പഠിക്കണം എന്നുമുള്ള ശിഷ്യന്മാരുടെ അഭ്യർത്ഥനയാണ് കർത്തൃപ്രാർത്ഥനയുടെ സന്ദർഭമായി ലൂക്കാ അവതരിപ്പിച്ചിരിക്കുന്നത്.

ഇതിനു പിന്നാലെ വരുന്ന ഉപമ നിരന്തരമായ പ്രാർത്ഥനയുടെ ആവശ്യകത ഊന്നിപ്പറയുന്നു. പ്രാർത്ഥനയെക്കുറിച്ച് യാത്രാവിവരണത്തിന്റെ അവസാനഭാഗത്ത് (18,1-14) രണ്ട് ഉദാഹരണങ്ങളിലൂടെയ യേശു പഠിപ്പിച്ചതായി ലൂക്കാ വീണ്ടും പറയുന്നുണ്ട്. മടുപ്പുതോന്നാതെ, നിരന്തരം പ്രാർത്ഥിക്കണം എന്ന ന്യായാധിപന്റെയും വിധവയുടെയും ഉപമയിലൂടെയും (18,1-8), വിനയത്തോടെ പ്രാർത്ഥിക്കണം എന്ന് ഫരിസേയന്റെയും ചുങ്കക്കാരന്റെയും ഉപമയിലൂടെയും (18,9-14) പഠിപ്പിക്കുന്നു. ജറുസലെമിലേക്ക് ശിഷ്യരുമൊത്തെ യേശു നടത്തിയ യാത്രയുടെ വിവരണമായിട്ടാണ് ലൂക്കാ സുവിശേഷത്തിന്റെ മധ്യഭാഗം അവതരിപ്പിക്കുന്നതെങ്കിലും ഒരു യാത്രാവിവരണം എന്നതിനേക്കാൾ ശിഷ്യത്വത്തെ സംബന്ധിച്ച സുദീർഘമായ പ്രബോധനങ്ങളാണ് ഈ ഭാഗത്തു ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. രണ്ടു സുവിശേഷങ്ങളിലും പ്രാർത്ഥനയുടെ പ്രാധാന്യം അടിവരയിട്ടുറപ്പിച്ചിരിക്കുന്നു എന്ന് ഈ സന്ദർഭ വിശകലനത്തിൽനിന്നു വ്യക്തമാകുന്നു.

## പ്രാർത്ഥനയുടെ ഘടന

ഉപയോഗിക്കുന്ന വാക്കുകളിൽ ചില വ്യത്യാസങ്ങൾ ഉണ്ടെങ്കിലും രണ്ടു സുവിശേഷകരും അവതരിപ്പിക്കുന്ന പ്രാർത്ഥനയുടെ ഘടന ഒന്നുതന്നെ: സംബോധന, യാചനകൾ. ദൈവത്തെ പിതാവായി അഭിസംബോധന ചെയ്തുകൊണ്ട് ആരംഭിക്കുന്ന പ്രാർത്ഥനയിൽ മത്തായി ഏഴും ലൂക്കാ അഞ്ചും യാചനകളാണ് അവതരിപ്പിക്കുന്നത്. ഈ യാചനകൾ തന്നെ രണ്ടു ഭാഗങ്ങളായി തിരിക്കാം. ആദ്യഭാഗം ദൈവമനുഷ്യബന്ധത്തെ പരാമർശിക്കുമ്പോൾ രണ്ടാം ഭാഗം മനുഷ്യരുടെ വ്യക്തിപരവും സാമൂഹികവുമായ മാനങ്ങൾ അവതരിപ്പിക്കുന്നു. രണ്ടു ഭാഗങ്ങളിലും ലൂക്കായുടെ അവതരണത്തിൽ മത്തായിയുടേതിനേക്കാൾ ഓരോ യാചനകൾ കുറവുണ്ട്. വിശദമായ പഠനത്തിന് താഴെ കൊടുത്തിരിക്കുന്ന താരതമ്യം സഹായിക്കും.

| മത്തായി 6,9-13 | ലൂക്കാ 11,2-4 |
|---|---|
| സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ | പിതാവേ |
| 1. അങ്ങയുടെ നാമം പൂജിതമാകണമേ | 1. അങ്ങയുടെ നാമം പൂജിതമാകണമേ |
| 2. അങ്ങയുടെ രാജ്യം വരണമേ | 2. അങ്ങയുടെ രാജ്യം വരണമേ |
| 3. അങ്ങയുടെ ഹിതം സ്വർഗ്ഗത്തിലേതുപോലെ ഭൂമിയിലും ആകണമേ | ——— |
| 4. അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ | 3. അന്നുവേണ്ട ആഹാരം ഓരോ ദിവസവും ഞങ്ങൾക്കു തരണമേ. |
| 5. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ. | 4. ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ. എന്തെന്നാൽ ഞങ്ങളുടെ കടക്കാരോടു ഞങ്ങളും ക്ഷമിക്കുന്നു. |
| 6. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ | 5. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. |

രണ്ട് അവതരണങ്ങളിലും ദൈവത്തെ പിതാവേ എന്നു വിളിച്ചുകൊണ്ടാണ് പ്രാർത്ഥന തുടങ്ങുന്നത്. എന്നാൽ മത്തായി പിതാവായ ദൈവത്തിന് രണ്ടു വിശേഷണങ്ങൾ നല്കുന്നു.

സ്വർഗ്ഗസ്ഥൻ, ഞങ്ങളുടെ. ലൂക്കായിൽ വിശേഷണം ഒന്നുമില്ലാതെ പിതാവേ എന്നു മാത്രം വിളിക്കുന്നു.

യാചനകളിൽ മത്തായിയിൽ കാണുന്ന മൂന്നും ഏഴും യാചനകൾ ലൂക്കായുടെ അവതരണത്തിലില്ല. അങ്ങയുടെ ഹിതത്തെ സംബന്ധിച്ചതാണ് മൂന്നാമത്തെ യാചന; തിന്മയിൽ നിന്നുള്ള സംരക്ഷണം ഏഴാമത്തേതും. എന്താണീ വ്യത്യാസങ്ങൾക്കു കാരണം എന്നു കണ്ടെത്തണം. അതുമാത്രമല്ല, അഭിസംബോധനയും യാചനകളും വിശദമായ പഠനം ആവശ്യപ്പെടുന്നു. അതിനാണ് തുടർന്നു ശ്രമിക്കുന്നത് ഓരോ വാക്യവും അപഗ്രഥിക്കുമ്പോൾ രണ്ടു സുവിശേഷങ്ങൾക്കും തുല്യ പരിഗണന നല്കി, രണ്ടും വിശദമായി പഠിക്കാൻ ശ്രമിക്കുന്നതാണ്.

# 4

## സ്വർഗ്ഗസ്ഥനായ പിതാവ്

യേശു പഠിപ്പിച്ചത് എന്ന് സുവിശേഷങ്ങൾ സാക്ഷ്യപ്പെടു ത്തുന്ന പ്രാർത്ഥനയുടെ തുടക്കത്തിൽ തന്നെ ഒരു ചെറിയ പ്രശ്നം കാണുന്നു. ലൂക്കായുടെ സുവിശേഷത്തിൽ "*പിതാവേ*" എന്ന വളരെ ലളിതമായ അഭിസംബോധനയോടെയാണ് പ്രാർ ത്ഥന ആരംഭിക്കുന്നത്. എന്നാൽ മത്തായിയുടെ സുവിശേഷ ത്തിൽ "*സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ*" എന്നാണ് അഭി സംബോധന. ഇതിൽ ഏതാണ് ശരി? ഏതായിരിക്കും യേശു പഠിപ്പിച്ചത്? ഇനി "സ്വർഗ്ഗസ്ഥൻ" എന്ന വിശേഷണംകൊണ്ട് എന്താണർത്ഥമാക്കുന്നത്? എവിടെയാണ് അഥവാ എന്താണ് സ്വർഗ്ഗം?

കർത്തൃപ്രാർത്ഥനയുടെ രണ്ടുരൂപങ്ങൾ സുവിശേഷങ്ങളി ലൂടെ നമുക്ക് ലഭിച്ചിട്ടുള്ളതിൽ ലൂക്കായുടേതു ഹ്രസ്വവും ആവർ ത്തനങ്ങൾ ഒഴിവാക്കുന്നതുമാണ്. മത്തായിയുടേതാകട്ടെ സെമി റ്റിക് ശൈലി പ്രകടമാക്കുന്നതും ആവർത്തനങ്ങളിലൂടെ ആശയം വ്യക്തമാക്കുന്നതുമാണ്. ഇതിൽ യേശു പഠിപ്പിച്ച പ്രാർത്ഥന ഏത് എന്നു തീർച്ചയാക്കുക എളുപ്പമല്ല. യേശുവിന്റെ സംസാരഭാ ഷയായ അരമായ ഒരു സെമിറ്റിക് ഭാഷയാണ്; അതിനാൽത്തന്നെ യേശുവും ആ ശൈലി ഉപയോഗിച്ചു എന്നു വാദിക്കുന്നവരുണ്ട്. പ്രാർത്ഥനകളിൽ പൊതുവേ കാണുന്നതാണ് ഈ ആവർത്തനം. സങ്കീർത്തനങ്ങൾ ഉദാഹരണങ്ങളായി കാണാനാവും. എന്നാൽ ഗ്രീക്കുകാരായ തന്റെ അനുവാചകർക്ക് പരിചിതവും കൂടുതൽ സ്വീകാര്യവുമായ രീതിയിൽ ലൂക്കാ ആവർത്തനങ്ങൾ ഒഴിവാ ക്കിയതാണ് എന്ന് ഇക്കൂട്ടർ വാദിക്കുന്നു.

അതേസമയം, യേശു പഠിപ്പിച്ചത് ലളിതമായ പ്രാർത്ഥനാരൂ പമായിരുന്നു. യഹൂദക്രൈസ്തവരെ മുന്നിൽകണ്ട് സുവിശേഷം എഴുതുന്ന മത്തായി തങ്ങൾക്കു പരിചിതമായ രീതിയിൽ ഗുരു വചനങ്ങൾക്കു വ്യാഖ്യാനം കൂട്ടിച്ചേർത്ത് പ്രാർത്ഥന തന്റെ അനു വാചകർക്കു കൂടുതൽ ഹൃദ്യമാക്കാൻ ശ്രമിച്ചു എന്നു കരുതാനും

ന്യായമുണ്ട്. ഗുരുവചനങ്ങൾ എന്തെങ്കിലും വിട്ടുകളയുക എന്ന തിനേക്കാൾ വിശദീകരണങ്ങൾ കൂട്ടിച്ചേർക്കുകയാണ് പൊതുവേ കാണുന്ന പ്രവണത എന്നതും ലൂക്കായുടെ അവതരണത്തിനു പ്രാമുഖ്യം അവകാശപ്പെടാൻ കാരണമായി എടുത്തുകാട്ടാനാവും. ഇരുഭാഗത്തെയും വാദങ്ങൾക്ക് തുല്യ വിലയുള്ളതിനാൽ വ്യക്തമായ ഒരു തീരുമാനം എളുപ്പമല്ല. അതിനാൽ യേശു പഠി പ്പിച്ച പ്രാർത്ഥനയുടെ മൂലരൂപം കണ്ടെത്താനുള്ള ശ്രമം കൃത്യ മായ ഒരു മറുപടിയിൽ എത്തിക്കുകയില്ല. എന്താണ് ഈ പ്രാർ ത്ഥനയുടെ അർത്ഥം എന്ന അന്വേഷണമാണ് കൂടുതൽ പ്രസക്തം.

ഒരഭിസംബോധനയും തുടർന്ന് ഏഴു യാചനകളും ഉൾക്കൊ ള്ളുന്നതാണ് മത്തായി അവതരിപ്പിക്കുന്ന കർത്തൃപ്രാർത്ഥന. അതിലെ അഭിസംബോധനയാണ് ഇവിടെ ചർച്ചാവിഷയം. "സ്വർ ഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നാണ് ഈ അഭിസംബോ ധനയുടെ മലയാളവിവർത്തനം. അതു ശരിയാണുതാനും. എന്നാലും വാക്കുകൾ അവതരിപ്പിക്കുന്ന ക്രമത്തിൽ മൂലഭാ ഷയായ ഗ്രീക്കിൽനിന്നും വ്യത്യസ്തമാണ് മലയാളത്തിലെ അവ തരണം. "*പത്തേർ ഹെമോൺ ഹോ എൻ തോയിസ് ഉരനോ യിസ്*" (*Pater hemon ho en tois ouranois*) എന്നാണ് ഗ്രീക്കു മൂലം. അക്ഷരശഃ വിവർത്തനം ചെയ്താൽ ഇപ്രകാരമായിരിക്കും അഭിസംബോധന: "പിതാവേ - ഞങ്ങളുടെ - ആകാശങ്ങളിൽ ആയിരിക്കുന്നവനേ" വ്യക്തമായും ഇതു മലയാള ശൈലിയല്ല. ഇംഗ്ലീഷിൽ "our father who art in the heavens" എന്നായിരിക്കണം മൂലഭാഷയുടെ കൃത്യമായ വിവർത്തനം. എന്നാൽ പൊതുവേ കാണുന്നത് "our father in heaven" എന്നത്രേ.

ഓരോ ഭാഷയും അതതിന്റെ ശൈലി നിലനിർത്തിക്കൊ ണ്ടാണ് വിവർത്തനം ചെയ്യുക. എന്നാലും ആദ്യമേ ശ്രദ്ധയിൽ പ്പെടുന്നത് മൂലഭാഷയിലെ വാക്കുകളുടെ ക്രമമാണ്. "പിതാവേ" എന്നാണ് തുടക്കം. ഇതുതന്നെയാണ് ലൂക്കായുടെ അവതരണ ത്തിലും കാണുന്നത്. മത്തായി തുടർന്ന് രണ്ടുവിശേഷണങ്ങൾ കൂടി ചേർക്കുന്നു: ഞങ്ങളുടെ, സ്വർഗ്ഗസ്ഥനായ. "*ഞങ്ങളുടെ*" എന്ന വിശേഷണം ഗ്രീക്കുഭാഷയിൽ പിതാവേ എന്ന അഭിസം ബോധനയ്ക്കു ശേഷം വേറൊരു വാക്കായിട്ടാണ് വരുന്നത് എന്നാൽ സെമിറ്റിക് ഭാഷകളിൽ വ്യക്തിബന്ധങ്ങളെ സൂചിപ്പി ക്കുന്ന വിശേഷണങ്ങൾ വാക്കുകളുടെ പിന്നിൽ കൂട്ടിച്ചേർത്ത്

രണ്ടുംകൂടി ഒറ്റവാക്കായി അവതരിപ്പിക്കുന്നു. സുറിയാനി ഭാഷയിലെ ഈ പ്രാർത്ഥനയുടെ രൂപം ഇവിടെ ശ്രദ്ധേയമാകുന്നു. "*ആബൂൻ*" (*ആബാ = പിതാവ് + ഊൻ = ഞങ്ങളുടെ. ആവൂൻ* എന്നും ഉച്ചരിക്കും). ഇതായരിക്കണം യേശു പഠിപ്പിച്ച രൂപം.

രണ്ടു കാര്യങ്ങൾ ഇവിടെ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. 1. ദൈവത്തെ "പിതാവേ" എന്നു വിളിക്കുന്നു. 2. "ഞങ്ങളുടെ" എന്ന വിശേഷണം പേരിന്റെ തന്നെ ഭാഗമായി അവതരിപ്പിക്കുന്നു. പിതാവേ എന്ന വിളി ദൈവവും പ്രാർത്ഥിക്കുന്ന ഭക്തനും തമ്മിലുള്ള വ്യക്തിബന്ധത്തിലേക്കാണ് ആദ്യമേ ശ്രദ്ധ ക്ഷണിക്കുന്നത്. ഇവിടെ ഒരു പിതൃ-പുത്രബന്ധത്തിന് ഊന്നൽ നല്കുന്നു. യേശു ശിഷ്യന്മാരെ പഠിപ്പിച്ചതാണ് ഈ പ്രാർത്ഥന എന്ന് മത്തായിയും (5,1-2) കൂടുതൽ വ്യക്തമായി ലൂക്കായും (11,1) എടുത്തുപറയുന്നതിൽനിന്ന് ആർക്കാണ് ഇപ്രകാരം പ്രാർത്ഥിക്കാൻ അർഹതയുള്ളത് എന്ന ഒരു സൂചന കാണാം.

**പിതാവ്**

ദൈവത്തിന്റെ മുമ്പിൽ അപരിചിതരെയോ അടിമകളെയോ പോലെയല്ല, മക്കളെപ്പോലെ നിന്നുകൊണ്ടാണ് ശിഷ്യർ പ്രാർത്ഥിക്കേണ്ടത്. യേശുവിന്റെ പ്രബോധനങ്ങളിൽ മുഴുവൻ നിറഞ്ഞുനില്ക്കുന്നതാണ് ദൈവം പിതാവാണ് എന്ന സത്യം. ജീവന്റെ ഉറവിടമാണ് പിതാവ്. എന്റെ അസ്തിത്വത്തിന്റെ നിദാനവും ആത്യന്തിക ലക്ഷ്യവും പിതാവുതന്നെ. എന്റെ ആവശ്യങ്ങൾ എല്ലാം അറിയുന്നവൻ (മത്താ 6,8), എല്ലാവരെയും ഒരുപോലെ സ്നേഹിക്കുകയും ഏവർക്കും ആശ്യമായതെല്ലാം നല്കുകയും ചെയ്യുന്നവൻ (മത്താ 5, 43-48), പാപിയും വിശുദ്ധനുമെന്ന വ്യത്യാസം കൂടാതെ എല്ലാവരെയും ഒരുപോലെ സ്നേഹിക്കുന്ന പിതാവാണ് ദൈവം.

അതിനാൽ പ്രാർത്ഥിക്കുമ്പോൾ ഏറ്റം ആദ്യമേ ആവശ്യമായിരിക്കുന്നത് ദൈവം പിതാവാണ് എന്ന വിശ്വാസവും അതിൽനിന്നു ജനിക്കുന്ന സ്വാതന്ത്ര്യവും സന്തോഷവും സ്നേഹവുമാണ്. ഞാൻ അനാഥനല്ല; ഹതഭാഗ്യനല്ല; ആകസ്മികമായി ഈ ഭൂമിയിലേക്കു വന്നവനുമല്ല. എനിക്ക് ഒരു പിതാവുണ്ട് - ദൈവം. ഞാൻ ദൈവത്തിന്റെ മകനാണ് / മകളാണ്. ഈ വിശ്വാസം ഓരോ വ്യക്തിയുടെയും അനന്യതയിലേക്കും അമൂല്യതയി

ലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. ദൈവമാണ് എന്റെ പിതാവെങ്കിൽ ഞാൻ ആരെ ഭയപ്പെടണം? എന്തിനു ദുഃഖിക്കണം? എന്തിനു നിരാശനാകണം?

യേശു തന്റെ പ്രാർത്ഥനയിലൂടെ പ്രകടമാക്കിയിരുന്നതാണ് ഈ അവബോധം. ദൈവത്തെ "പിതാവേ" എന്നാണ് യേശു എപ്പോഴും അഭിസംബോധന ചെയ്തിരുന്നത്. സന്തോഷത്തിലും (മത്താ 11, 25) ദുഃഖത്തിലും (മത്താ 26, 39) ഒരുപോലെ ദൈവ ത്തെ പിതാവേ എന്നു വിളിച്ചു. ആ വിളിക്ക് ഒരു സവിശേഷത യുണ്ടായിരുന്നു. "*എന്റെ പിതാവേ*" എന്നു വിവർത്തനം ചെയ്യുന്ന വാക്കിന്റെ മൂലരൂപം യേശുവിന്റെ സംസാരഭാഷയായ അരമായ യിൽത്തന്നെ മർക്കോസ് രേഖപ്പെടുത്തിയിട്ടുണ്ട്: "*അബ്ബാ, പിതാവേ*" (മർക്കോ 14, 36). യഹൂദർ തങ്ങളുടെ പ്രാർത്ഥന യിൽ ദൈവത്തെ "പിതാവേ" എന്ന് വിളിക്കുമായിരുന്നെങ്കിലും യേശുവിന്റെ അഭിസംബോധനാരീതി അവർക്ക് മനസിലാക്കാൻ കഴിഞ്ഞില്ല. കാരണം കൊച്ചുകുട്ടികൾ തങ്ങളുടെ പിതാക്കന്മാരെ അപ്പച്ചാ, ഇച്ചാച്ചാ, ഡാഡി എന്നൊക്കെ വിളിക്കുന്നതുപോലുള്ള ഗാഢമായൊരു അടുപ്പവും ലാളിത്യവും ഈ അഭിസംബോധന യിലുണ്ട്. ഇതിലൂടെ യേശു ദൈവവുമായുള്ള തന്റെ തുല്യതയും അനന്യമായ വ്യക്തിബന്ധവുമാണ് സൂചിപ്പിക്കുന്നത് എന്ന് അവർ കരുതി; അതുതന്നെയാണ് താൻ ഉദ്ദേശിക്കുന്നതെന്ന്, സംശയ ത്തിനു പഴുതിടാതെ, യേശു പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട് (യോഹ 5, 36-40; 8, 18-19.42.58; 10,29.33; 14,9).

ദൈവത്തെ അബ്ബാ എന്നു താൻ വിളിക്കുന്നതുപോലെ വിളി ക്കാൻ ശിഷ്യന്മാരെയും പഠിപ്പിച്ചു. എന്നാലും യേശുവിനും ശിഷ്യർക്കും തുല്യമായ ബന്ധമല്ല ദൈവത്തോടുള്ളത് എന്ന് യേശു വ്യക്തമാക്കിയിട്ടുണ്ട്. "*എന്റെ പിതാവും നിങ്ങളുടെ പിതാവും*" (യോഹ 20,17) എന്നല്ലാതെ "നമ്മുടെ പിതാവ്" എന്ന് ഒരിക്കലും വിശേഷിപ്പിച്ചിട്ടില്ല. യേശു സ്വഭാവേന ദൈവപുത്ര നാണ്; ശിഷ്യരാകട്ടെ ദത്തുപുത്രരും. യേശുവിന്റെ മരണവും ഉത്ഥാനവും വഴി പരിശുദ്ധാത്മാവിനാൽ ദൈവമക്കളുടെ സ്ഥാന ത്തേക്ക് ദത്തെടുക്കപ്പെട്ടവർ അഥവാ ഉയർത്തപ്പെട്ടവരാണ് ശിഷ്യർ (റോമാ 8,14-17). ഈ വലിയ ദാനവും ഔന്നത്യവും അനുസ്മരി പ്പിക്കുന്നതാണ് "പിതാവേ" എന്ന അഭിസംബോധന.

**ഞങ്ങളുടെ**

ഇതുമായി അഭേദ്യം ബന്ധപ്പെടുത്തിയിരിക്കുന്ന "*ഞങ്ങളുടെ*" എന്ന വിശേഷണവും പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ദൈവമക്കളുടെ ഒരു കൂട്ടായ്മയാണ് ശിഷ്യർ. ഒറ്റപ്പെട്ട വ്യക്തികൾ എന്ന നിലയിലല്ല, ദൈവമക്കളായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നവരുടെ സമൂഹത്തിലെ അംഗം എന്നനിലയിൽ ആയിരിക്കണം ശിഷ്യൻ പ്രാർത്ഥിക്കുന്നതും ജീവിക്കുന്നതും. ഈ സാമൂഹിക മാനത്തിലേക്കു വിരൽചൂണ്ടുന്നതാണ് "ഞങ്ങളുടെ" എന്ന വിശേഷണം. ദൈവത്തിന്റെ മുമ്പിൽ പ്രാർത്ഥിക്കാനായി നില്ക്കുമ്പോൾ സകല മനുഷ്യരും എന്റെ സഹോദരങ്ങളും അതിനാൽ പരിഗണനയും ആദരവും ക്രിയാത്മകമായ സ്നേഹവും അർഹിക്കുന്നവരും ആണെന്ന് ഈ വിശേഷണം എന്നെ അനുസ്മരിപ്പിക്കുന്നു. "*നിന്റെ സഹോദരൻ എവിടെ?*" എന്ന ദൈവത്തിന്റെയും "*സഹോദരന്റെ കാവല്ക്കാരനാണോ ഞാൻ?*" എന്ന കായേന്റെയും ചോദ്യങ്ങൾക്കുള്ള ഉത്തരം ഈ വിശേഷണത്തിലുണ്ട്. അങ്ങനെ തുടക്കത്തിൽത്തന്നെ പ്രാർത്ഥിക്കുന്ന വ്യക്തിയുടെ മഹത്വവും അതോടൊപ്പം ഉത്തരവാദിത്വവും വ്യക്തമാക്കുന്നു.

**സ്വർഗ്ഗസ്ഥൻ**

"*സ്വർഗ്ഗസ്ഥനായ*" എന്ന വിശേഷണമാണ് മലയാളവിവർത്തനത്തിൽ ആദ്യമേ വരുക. എന്താണിതിനർത്ഥം? എവിടെയാണ് അഥവാ എന്താണ് സ്വർഗ്ഗം? "സ്വർഗ്ഗം" എന്നത് ഏകവചനാണ്. എന്നാൽ മൂലഭാഷയിൽ ഈ പദം ബഹുവചനമാണ്. "*ഉരാനോയ്*" എന്ന ഗ്രീക്ക്; "*ശമായിം*" എന്ന് ഹീബ്രു. ഇതിന്റെ വാച്യാർത്ഥ വിവർത്തനമായിരുന്നു കുറച്ചുകാലം മുമ്പുവരെ മലയാളത്തിൽ ഉപയോഗിച്ചിരുന്ന "*ആകാശങ്ങളിൽ ഇരിക്കുന്ന*" എന്ന പ്രയോഗം. മൂലത്തോടു കൂടുതൽ വിശ്വസ്തമാണിത്. എന്നാലും എന്താണ് ഈ ആകാശങ്ങൾ എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തണം ലത്തീനിലും (*ഇൻ ചേളിസ് - in coelis*) പല ആധുനിക ഭാഷകളിലും ബഹുവചനത്തിലാണ് വിവർത്തനം. അപ്പോൾ പല സ്വർഗ്ഗങ്ങൾ അഥവാ ആകാശങ്ങളുണ്ടോ?

പ്രപഞ്ച ഘടനയെക്കുറിച്ച് പുരാതനകാലത്തു നിലവിലിരുന്നതും ബൈബിളിൽ പ്രകടമാകുന്നതുമായ കാഴ്ചപ്പാട് ഇവിടെ ശ്രദ്ധേയമാകുന്നു. ഉൽപത്തി ഒന്നാം അധ്യായത്തിൽ പ്രപഞ്ച സൃഷ്ടിയെക്കുറിച്ചുള്ള വിവരണം മുതൽ ഈ കാഴ്ചപ്പാട് ദൃശ്യ

മാണ്. സൃഷ്ടികർമ്മത്തിന്റെ ആരംഭത്തിൽ, സർവ്വത്ര ജലം മുറ്റി നിന്ന സാഹചര്യത്തിൽ, ജലമധ്യത്തിൽ നിർമ്മിച്ച വിതാനത്തെ ആകാശം (ശമായിം എന് ഹീബ്രു) എന്നാണ് വിളിക്കുക (ഉൽപ 1,8). ഇതു ബഹുവചനമാണ്. ഈ വാക്കുതന്നെയാണ് കർതൃ പ്രാർത്ഥനയിൽ ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ ജലമധ്യേ നിർ മ്മിച്ച്, ആകാശം എന്നു പേരിട്ട വിതാനത്തിനും മുകളിൽ ജലമു ണ്ടായിരുന്നു അതിനാൽ ആകാശത്തിനുപരിയുള്ള ജലത്തിനും മുകളിലാണ് ദൈവത്തിന്റെ വാസസ്ഥലം എന്ന് കാഴ്ചപ്പാട് കട ന്നുവന്നു (സങ്കീ 104, 3). ഇത് പ്രപഞ്ചഘടനയെക്കുറിച്ചുള്ള ശാസ് ത്രീയമായ കാഴ്ചപ്പാടായി കരുതാനാവില്ല; കാവ്യാത്മകമായ ഒരു വിവരണമായേ കാണാൻ കഴിയൂ. ഭൂമിക്കുമേൽ കൂടാരംപോലെ വിരിച്ചിരിക്കുന്ന ആകാശത്തിനു മുകളിലുള്ള ജലത്തിനും മുക ളിലാണ് ദൈവത്തിന്റെ വാസസ്ഥലം. അതിനെയാണ് സ്വർഗ്ഗം എന്നു വിശേഷിപ്പിക്കുക.

യേശുവിന്റെ കാലമായപ്പോഴേക്കും സ്വർഗ്ഗത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ വലിയ വ്യതിയാനമുണ്ടായി. ഭൂമിയുടെ മുകളിലുള്ള ആകാശത്തിനും മുകളിൽ പത്തുനിലകളായാണ് സ്വർഗ്ഗം സ്ഥിതി ചെയ്യുന്നത് എന്ന ഒരു വിവരണം അപ്രാമാണികഗ്രന്ഥമായ ഏനോക്കിന്റെ പുസ്തകത്തിൽ കാണാം. ഈ പത്തു സ്വർഗ്ഗങ്ങ ളിലും സർവ്വവ്യാപിയായ ദൈവത്തിന്റെ സാന്നിധ്യം ഉണ്ടെങ്കിലും ഏറ്റം ഉന്നതത്തിലുള്ള പത്താംനിലയാണ് ദൈവത്തിന്റെ വാസസ്ഥലം എന്ന് ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു. മൂന്നാം സ്വർഗ്ഗം വരെ ഉയർത്തപ്പെട്ട മനുഷ്യനെക്കുറിച്ച് വി. പൗലോസ് പറയുമ്പോൾ (2 കോറി 12, 2) സ്വർഗ്ഗത്തെക്കുറിച്ചുള്ള സമാനമായ ഒരു കാഴ്ചപ്പാടിനു സാക്ഷ്യം നല്കുന്നു. ഇതും ആലങ്കാരികമായ ഒരു പ്രയോഗം എന്നല്ലാതെ കൃത്യമായ ഒരു വിവരണം ആണെന്നു കരുതാനാവില്ല.

ആകാശം, ഭൂമി, പാതാളം എന്ന ത്രിമാന ദർശനമാണ് പ്രചാ രത്തിലിരുന്ന മറ്റൊരു കാഴ്ചപ്പാട്. ദൃശ്യമായ ഭൂമി മനുഷ്യന്റെ വാസസ്ഥലം. ഭൂമിക്കടിയിൽ അഗാധമായ ഗർത്തമോ ഇരുൾ ക്കുഴിയോ ആയി കരുതപ്പെടുന്ന പാതാളം മരിച്ചവരുടെ വാസ സ്ഥലം. ആകാശം, അഥവാ ദൃശ്യമായ നീലാകാശത്തിനു മുകളി ലുള്ള അദൃശ്യമായ സ്വർഗ്ഗം ദൈവത്തിന്റെ വാസസ്ഥലം. പാപം മൂലം പിശാചായി മാറിയ മാലാഖമാർ തങ്ങളുടെ പതനത്തിനു മുമ്പ് സ്വർഗ്ഗത്തിലായിരുന്നു, ദൈവത്തോടുകൂടെ. ഈ ഒരു കാഴ്ച പ്പാടാണ് വെളിപാടുഗ്രന്ഥങ്ങളിൽ പ്രകാശിതമാകുന്നത്. ദൈവം

വസിക്കുന്ന ഇടമാണ് സ്വർഗ്ഗം; അതു മുകളിലാണ് എന്ന ധാരണ പ്രകടമാക്കുന്നതാണ് ബൈബിളിലെ പല പരാമർശങ്ങളും വിവരണങ്ങളും. സ്വർഗ്ഗത്തിലേക്ക് കണ്ണുകൾ ഉയർത്തി (യോഹ 11,41;17,1). യേശു സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു; (ലൂക്കാ 24, 51;) അതുകണ്ട ശിഷ്യന്മാർ മുകളിലേക്കു നോക്കിനിന്നു (അപ്പ 1,11) മുതലായ പ്രയോഗങ്ങൾ ഈ കാഴ്ചപ്പാടാണവതരിപ്പിക്കുന്നത്. അപ്പോൾ ഭൂമിക്കു മുകളിൽ കാണുന്ന നീലാകാശത്തിനും മുകളിലാണ് ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗം എന്നുവരുന്നു.

എന്നാൽ പ്രപഞ്ചഘടനയെക്കുറിച്ച് ഇന്നു നമുക്ക് ലഭിച്ചിരിക്കുന്ന, തികച്ചും വിശ്വസനീയവും ആധികാരികവുമായ അറിവിന്റെ വെളിച്ചത്തിൽ ഈ കാഴ്ചപ്പാട് സ്വീകരിക്കാൻ പ്രയാസമുണ്ട്. അനേകായിരം ക്ഷീരപഥങ്ങളും കോടാനുകോടി നക്ഷത്രവ്യൂഹങ്ങളും ഉൾക്കൊള്ളുന്ന പ്രപഞ്ചത്തിൽ ചെറിയ ധൂളിപോലുള്ള ഒരു ഗോളമാണ് ഭൂമി. ഈ പ്രപഞ്ചത്തിൽ എവിടെയാണ് മുകൾ? എവിടെയാണ് താഴെ? ഇപ്രകാരമുള്ള ദിശാനിർണ്ണയങ്ങൾതന്നെ അർത്ഥശൂന്യമായിത്തീരുന്നു. അനന്തമായ ഈ ദൃശ്യപ്രപഞ്ചത്തിന്റെ ഏതെങ്കിലും ഒരു കോണിൽ ഇരിക്കുന്ന ഒരു ഗ്രഹമാണ് ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗം എന്നു പറയാനാവില്ല. തന്നെയുമല്ല സ്ഥലകാല പരിമിതികൾക്കപ്പുറമാണ് ദൈവം. അതിനാൽത്തന്നെ സ്വർഗ്ഗത്തെ ഒരു "*ഇടം*" എന്നല്ല, ഒരു "*അവസ്ഥ*" എന്നു മനസിലാക്കണം.

നമുക്കു പരിചിതമായ പദാർത്ഥാത്മകലോകത്തിനപ്പുറം മറ്റു യാഥാർത്ഥ്യങ്ങൾ ഉണ്ട് എന്നംഗീകരിക്കുന്നത് യുക്തിക്കു വിരുദ്ധമല്ല. ആ ലോകത്തെ നിരീക്ഷിക്കാനും അപഗ്രഥിക്കാനും ഭൗതികമായ ഉപകരണങ്ങൾ കൊണ്ടു സാധ്യമല്ല. അപ്പോൾ സ്വർഗ്ഗം എന്നത് തികച്ചും വ്യത്യസ്തവും മനുഷ്യദൃഷ്ടിക്കും ഉപകരണങ്ങൾക്കും അതീതവുമാണെന്നു കാണാം. "*ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ കണ്ണു കാണുകയോ ചെവി കേൾക്കുകയോ മനുഷ്യമനസ് ഗ്രഹിക്കുകയോ ചെയ്തിട്ടില്ല*" (1 കോറി 2,9) എന്ന അപ്പസ്തോലന്റെ വിവരണം സ്വർഗ്ഗത്തെക്കുറിച്ച് ഒരു സൂചന നല്കുന്നു. സ്ഥലകാല പരിമിതികൾക്കും ത്രിമാനദർശനങ്ങൾക്കും ഉപരിയാണ് സ്വർഗ്ഗം.

ദൈവത്തിന്റെ പര്യായമായോ ഒരു വിശേഷണമായോ സ്വർഗ്ഗം എന്ന പദം ബൈബിളിൽ ഉപയോഗിക്കുന്നുണ്ട്. "*ദൈവ*

*രാജ്യം*" എന്ന സുപരിചിതമായ പ്രയോഗം മത്തായി എഴുതിയ സുവിശേഷത്തിൽ "*സ്വർഗ്ഗരാജ്യം*" എന്നാണു കാണുക. ദൈവ ത്തോടുള്ള ആദരവിന്റെ പേരിൽ ദൈവം എന്ന പദത്തിനുപകരം സ്വർഗ്ഗം, സ്വർഗ്ഗസ്ഥൻ എന്നൊക്കെയാണ് പറയുക. അപ്പോൾ ദൈ വത്തിന്റെ തന്നെ ഒരു പ്രതീകമാണ്, അഥവാ ദൈവം തന്നെയാണ് സ്വർഗ്ഗം എന്ന നിഗമനത്തിനു സാധ്യതയുണ്ട്. അതോടൊപ്പം ദൈ വത്തിന്റെ സ്വഭാവത്തിലേക്കും ഈ പദം വിരൽചൂണ്ടുന്നു. ഇതിൽ നിന്ന് ചില നിഗമനങ്ങൾ ഉരുത്തിരിയുന്നു.

1. സ്വർഗ്ഗം എല്ലാറ്റിനും ഉപരിയാണ്, അതീതമാണ്. ദൈവം സർവ്വാതിശായിയും എല്ലാ സൃഷ്ടവസ്തുക്കളിൽനിന്നും വ്യത്യ സ്തനും വിദൂരസ്ഥനും മനുഷ്യൻ നല്കുന്ന സകല നിർവ്വചന ങ്ങൾക്കും വിവരണങ്ങൾക്കും അതീതനുമാണ്. "*ഞങ്ങളുടെ പിതാവേ*" എന്നു വിളിക്കുമ്പോൾ ദൈവത്തോടുള്ള അടുപ്പത്തിന് ഊന്നൽകൊടുക്കുന്നു. എന്നാൽ അടുപ്പം അനാദരവിന് കാര ണമാകരുത് എന്ന് ഓർപ്പിക്കുന്നതാണ് "*സ്വർഗ്ഗസ്ഥനായ*" എന്ന വിശേഷണം. അതിപരിശുദ്ധൻ, മനുഷ്യന് അപ്രാപ്യമായ പ്രകാ ശത്തിൽ വസിക്കുന്നവൻ, ഭയത്തോടും വിറയലോടും കൂടെ മാത്രം മനുഷ്യന് സമീപിക്കാൻ കഴിയുന്നവൻ എന്നിങ്ങനെയുള്ള ബൈബിൾ വിവരണങ്ങളിലേക്കും സ്വർഗ്ഗസ്ഥൻ എന്ന വിശേ ഷണം വിരൽചൂണ്ടുന്നു (പുറ 3,5-6; ഏശ 6,5; ഫിലി 2,12; ഹെബ്രാ 12,18-24).

2. എല്ലാറ്റിനും ഉപരിയും, എല്ലാറ്റിന്റെയും മേൽ അധികാ രവും ആധിപത്യവും ഉള്ളവനുമാണ് ദൈവം. എല്ലാറ്റിന്റെയും സ്രഷ്ടാവും നിയന്താവും പരിപാലകനുമാണ് സ്വർഗ്ഗസ്ഥൻ. ഉയ രങ്ങളിൽ ആയിരിക്കുക എന്നത് അധികാരത്തിന്റെ ഒരു സൂചന യാണല്ലോ, സാധാരണഭാഷയിൽ. ഇതും സ്വർഗ്ഗസ്ഥൻ എന്ന വിശേഷണത്തിൽ ഉൾപ്പെടുന്നു.

3. എല്ലാം കാണുകയും അറിയുകയും നിയന്ത്രിക്കുകയും ചെയ്യുന്നവനാണ് സ്വർഗ്ഗസ്ഥൻ. ദൂരദർശിനികളും സൂക്ഷ്മദർശി നികളും ഘടിപ്പിച്ച മനുഷ്യനിർമ്മിത ഉപഗ്രഹങ്ങൾ നമുക്കിന്നു സുപരിചിതമാണല്ലോ. ഉയരും തോറും കൂടുതൽ വിശാലവും ആഴമേറിയതുമായ കാഴ്ച ലഭിക്കുന്നു. അതുപോലെ സ്വർഗ്ഗസ്ഥൻ എല്ലാം കാണുന്നു; അറിയുന്നു, നിയന്ത്രിക്കുന്നു.

4. സർവ്വാതിശായിയെങ്കിലും എല്ലാറ്റിനോയും ഏറ്റം അടു ത്തുനില്ക്കുന്നവനുമാണ് സ്വർഗ്ഗസ്ഥൻ. നാം ശ്വസിക്കുന്ന വായു

വിനേക്കാളും നമ്മോടടുത്തു നില്ക്കുന്നവൻ. എന്റെ ഉള്ളിലും പുറത്തും എല്ലായിടത്തും നിറഞ്ഞുനില്ക്കുന്ന സാർവ്വത്രിക സാന്നിധ്യവും സ്വർഗ്ഗസ്ഥൻ എന്ന പദം സൂചിപ്പിക്കുന്നു. ആഥൻസിലെ ആരെയോപ്പഗസിൽ വച്ച് പൗലോസ് നടത്തിയ സുവിശേഷഘോഷണത്തിൽ ഈ സൂചന നല്കുന്നുണ്ട്: "*അവിടുന്ന് നമ്മിൽ ആരിൽനിന്നും അകലെയല്ല, എന്തെന്നാൽ അവിടുന്നിൽ നാം ജീവിക്കുന്നു, ചരിക്കുന്നു, നിലനില്ക്കുന്നു*" (അപ്പ 17, 28).

**ചുരുക്കത്തിൽ**

ദൈവത്തെ പിതാവായി കണ്ട്, സ്നേഹത്തോടും സ്വാതന്ത്ര്യത്തോടും കൂടെ, ഒരു ശിശു തന്റെ അപ്പച്ചനോടു സംസാരിക്കുന്നതുപോലെയാവണം പ്രാർത്ഥന. എന്നെ പൂർണ്ണമായി അറിയുന്ന, ഞാൻ ആയിരിക്കുന്ന വിധത്തിൽ എന്നെ സ്നേഹിക്കുന്ന, എന്റെ സ്രഷ്ടാവും പരിപാലകനുമായ പിതാവാണ് ദൈവം. അവിടുന്ന് എന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും, പ്രലോഭനങ്ങളും ആസക്തികളും, പരാജയങ്ങളും വീഴ്ചകളും എല്ലാം അറിയുന്നു. ഒന്നും എനിക്കു മറച്ചുവയ്ക്കാനാവില്ല; മറച്ചുവയ്ക്കേണ്ടതുമില്ല.

അതേസമയം ദൈവം സ്വർഗ്ഗസ്ഥനാണ്. ഒരേസമയം സർവ്വാതിശായിയും അന്തര്യാമിയുമാണ് സ്വർഗ്ഗസ്ഥൻ. പരമപരിശുദ്ധനും സർവ്വശക്തനും, സകലത്തിന്റെയും സ്രഷ്ടാവും പരിപാലകനുമായ സ്വർഗ്ഗസ്ഥൻ എല്ലാവരുടെയും വിധിയാളനുമാണ്. അതിനാൽ പ്രാർത്ഥിക്കുമ്പോൾ ഒരേസമയം സ്നേഹവും ആദരവും, ഭക്തിയും ഭയവും ഉണ്ടായിരിക്കണം.

ഞാൻ ഒറ്റയ്ക്കല്ല, ഒരു സമൂഹത്തിന്റെ അംഗമാണ്. ഞങ്ങളുടെ പിതാവേ എന്നു ദൈവത്തെ വിളിക്കുമ്പോൾ മനുഷ്യരെല്ലാം ഒരേ പിതാവിന്റെ മക്കളും അതിനാൽത്തന്നെ പരസ്പരം സഹോദരങ്ങളും ആണെന്നും ഈ പ്രാർത്ഥന നമ്മെ അനുസ്മരിപ്പിക്കുന്നു. സഹോദരനെ മറന്നുകൊണ്ട് ദൈവത്തെ സമീപിക്കാനാവില്ല; ദൈവത്തെ അവഗണിക്കുന്നിടത്ത് സഹോദരനും അവഗണിക്കപ്പെടും. നീതിനിഷ്ഠവും സ്നേഹനിർഭരവും, ശാന്തിയും സന്തോഷവും നിറഞ്ഞതും, ശാശ്വതവുമായ ഒരു ജീവിതത്തിന് അടിസ്ഥാനമാണ് ദൈവം സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവാണെന്ന അവബോധം. ഈ ബോധ്യത്തോടെ ആയിരിക്കണം പ്രാർത്ഥിക്കുന്നതും ജീവിക്കുന്നതും.

# 5

## നാമം - പൂജിതം - പരിശുദ്ധം

യേശു പഠിപ്പിച്ച പ്രാർത്ഥനയിലെ ഏഴു യാചനകളിൽ ആദ്യത്തേതിൽത്തന്നെ ഒരു അവ്യക്തതയുണ്ട്. "*അങ്ങയുടെ നാമം പൂജിതമാകണമേ*" എന്നാണ് പൊതുവേ പ്രാർത്ഥിക്കുന്നത്. എന്നാൽ "*അങ്ങയുടെ നാമം പരിശുദ്ധമാക്കപ്പെടണം*" എന്നും പ്രാർത്ഥിക്കാറുണ്ട്. ഇതിൽ ഏതാണ് ശരി? പൂജിതമോ അതോ പരിശുദ്ധമോ? എന്താണീ യാചനയുടെ അർത്ഥം? രണ്ടും ഒന്നു തന്നെയോ? ഇനി എന്താണ് "*അങ്ങയുടെ നാമം*" എന്നതുകൊണ്ട് അർത്ഥമാക്കുക? ദൈവത്തിന് പേരുണ്ടോ? ഉണ്ടെങ്കിൽ എന്താണ് ആ പേര്?

പ്രാർത്ഥനയുടെ മാതൃകയായി യേശുനാഥൻ തന്നെ പഠിപ്പിച്ചതാണ് ഈ പ്രാർത്ഥന. അതിനാലാണല്ലോ "*കർത്തൃപ്രാർത്ഥന*" എന്ന് ഇതറിയപ്പെടുന്നത്. ക്രൈസ്തവർ ഏറ്റം കൂടുതൽ പ്രാർത്ഥിക്കുന്നതും ഈ പ്രാർത്ഥന തന്നെ. മാത്രമല്ല, സകല ജനതകൾക്കും പ്രാർത്ഥിക്കാൻ കഴിയുന്ന ഏറ്റം മനോഹരവും അർത്ഥവത്തുമായ പ്രാർത്ഥനയും ആണിത്. അതിനാൽത്തന്നെ എന്താണ് പ്രാർത്ഥിക്കുന്നത് എന്ന് കൃത്യമായി അറിഞ്ഞിരിക്കേണ്ടതുണ്ട്.

ദൈവത്തെ പിതാവേ എന്ന് അഭിസംബോധന ചെയ്തതിനുശേഷം ഏഴുയാചനകളാണ് മത്തായി എഴുതിയ സുവിശേഷത്തിലെ പ്രാർത്ഥനയിൽ കാണുന്നത്. ലൂക്കായിൽ അഞ്ചു യാചനകളേ ഉള്ളൂ. ആവർത്തനം ഒഴിവാക്കിയതാവാം ഈ വ്യത്യാസത്തിനു കാരണം. എന്നാൽ ആദ്യത്തെ യാചന രണ്ടു സുവിശേഷങ്ങളിലും ഒന്നുതന്നെ. രണ്ടു ചോദ്യങ്ങളാണ് മുഖ്യമായും ഉയരുന്നത്. 1. നാമം – എന്താണ് ദൈവത്തിന്റെ നാമം? എന്താണിതിനർത്ഥം? 2. പൂജിതമോ പരിശുദ്ധമോ? എന്താണ് ഈ യാചനയുടെ അർത്ഥം? രണ്ടും വിശദമായി അപഗ്രഥിക്കേണ്ടതുണ്ട്.

**1. അങ്ങയുടെ നാമം**

ദൈവത്തിനു പേരുണ്ടോ? ഉണ്ടെങ്കിൽ എന്താണ് ആ പേര്?

ഈ ചോദ്യത്തിനു ഉത്തരം കണ്ടെത്തുന്നതിനുമുമ്പേ, നാമം = പേര് എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത് എന്നു മനസി ലാക്കിയിരിക്കണം.

## പേരിനർത്ഥം

വസ്തുക്കൾക്കും വ്യക്തികൾക്കും, പ്രവൃത്തികൾക്കും പ്രസ്ഥാനങ്ങൾക്കും എല്ലാം പേരുണ്ട്. ആരെങ്കിലും നല്കിയ തായിരിക്കും പേരുകൾ. ഒരു വ്യക്തിയെയോ വസ്തുവിനെയോ, മറ്റെന്തിനെയെങ്കിലുമോ സൂചിപ്പിക്കാനും നിർവ്വചിക്കാനും ഉപ യോഗിക്കുന്ന വാക്കാണ് പേര് അഥവാ നാമം. അതിനാൽ പേര് അതിൽത്തന്നെ ഒരു നിർവ്വചനം ഉൾക്കൊള്ളുന്നു; അതോടൊപ്പം മറ്റെല്ലാറ്റിലും നിന്ന് അതിനെ വേർതിരിച്ചു കാട്ടുകയും ചെയ്യുന്നു. വ്യക്തിയുടെയും വസ്തുവിന്റെയും അനന്യതയും വ്യതിരിക്ത തയും, അതോടൊപ്പം അന്തഃസത്തയും വെളിപ്പെടുത്തുന്നതാണ് പേര്. അത് ഒരേസമയം ഉറവിടത്തെയും സ്വഭാവത്തെയും ലക്ഷ്യ ത്തെയും സൂചിപ്പിക്കുന്നതാവണം. എവിടെനിന്ന്, എങ്ങോട്ട്, എന്ത്, എന്തിന് എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കെല്ലാം പേര് ഉത്തരം നല്കണം.

ബൈബിളിൽ നിന്നു ചില ഉദാഹരണങ്ങൾ ഇതു വ്യക്തമാ ക്കാൻ സഹായിക്കും. ഉൽപത്തി പുസ്തകത്തിന്റെ ആദ്യ അധ്യാ യത്തിൽത്തന്നെ അനേകം പേരുകൾ പ്രത്യക്ഷപ്പെടുന്നുണ്ട്. താൻ സൃഷ്ടിച്ച ഓരോ വസ്തുവിനും ദൈവം പേരിടുന്നു. പകൽ, രാത്രി, ആകാശം, ഭൂമി, കടൽ മുതലായവ ഉദാഹരണങ്ങൾ. പേരിടു ന്നത് ഉടമസ്ഥതയുടെ സൂചനയും ഉൾക്കൊള്ളുന്നുണ്ട്. ദൈവം സൃഷ്ടിച്ചു, പേരിട്ടു. അതെല്ലാം ദൈവത്തിന്റേതാണ്; അവയ് ക്കെല്ലാം സ്വഭാവവും ലക്ഷ്യവും നിർദ്ദേശിച്ചതും ദൈവം തന്നെ. രണ്ടാമത്തെ അധ്യായത്തിൽ, പൂഴിയിൽനിന്നു മെനഞ്ഞെടുത്ത് തന്റെ സ്വന്തം ശ്വാസത്താൽ ജീവൻ നല്കിയ സൃഷ്ടിയെ ദൈവം ആദാം എന്നു വിളിച്ചു. പൂഴി എന്നർത്ഥമുള്ള "*ആദമാ*" എന്ന വാക്കിൽനിന്നാണ് "*ആദാം*" എന്ന പേരുണ്ടായത്. മനുഷ്യന്റെ മർത്യസ്വഭാവത്തെയും നശ്വരതയെയും സൂചിപ്പിക്കുന്നതാണ് ആദാം എന്ന പേര്.

പ്രവാചകന്മാർ വഴി മുൻകൂട്ടി അറിയിക്കുകയും നൂറ്റാണ്ടുക ളായി ജനം കാത്തിരിക്കുകയും ചെയ്ത രക്ഷകന് ദൈവം തന്നെ നല്കുന്ന നാമമാണ് "യേശു". കർത്താവ് രക്ഷകൻ, ദൈവം രക്ഷ

നല്കുന്നു എന്നർത്ഥമുള്ള *യാഹ്‌വേ ഷാ* എന്ന രണ്ടു വാക്കുകൾ ചേർന്നതാണ് ഈ പേര്. ലോപിച്ച് *യെഹോഷാ-യെഷാ-യോഷാ,* ഗ്രീക്കിൽ - *യേസൂസ്*, സുറിയാനിയിൽ *ഈശോ*, ഗ്രീക്കിൽ നിന്നു മലയാളത്തിലേക്കു വിവർത്തനം ചെയ്യുമ്പോൾ യേശു, സുറിയാനിൽ നിന്നാണെങ്കിൽ ഈശോ. ഇങ്ങനെയാണ് പേരിന്റെ ഉത്ഭവം. ദൈവം രക്ഷകനായി അവതരിപ്പിച്ചിരിക്കുന്നു എന്നർത്ഥം.

ഒരു വ്യക്തിയെ പ്രത്യേകമായ ദൗത്യത്തിനുവേണ്ടി തിരഞ്ഞെടുക്കുമ്പോൾ പുതിയ പേര് നൽകുന്നതായും ബൈബിൾ രേഖപ്പെടുത്തിയിട്ടുണ്ട്. "*എന്റെ പിതാവ് ഉന്നതൻ*" എന്നർത്ഥമുള്ള "*അബ്രാം*" (*അബിറാം*) എന്ന പേരുമാറ്റി "*വലിയ ജനതയുടെ പിതാവ്*" എന്നർത്ഥമുള്ള *അബ്രാഹം* എന്ന പേരു നല്കുന്നത് ഉദാഹരണമാണ് (ഉൽപ 17,5). ഭീരുവും വഞ്ചകനും എന്ന അർത്ഥസൂചന നല്കുന്ന *യാക്കോബ്* (അപരന്റെ സ്ഥാനം കരസ്ഥമാക്കുന്നവൻ - കാലുവാരി) എന്ന പേരുമാറ്റി മനുഷ്യനോടും ദൈവത്തോടും മല്ലടിച്ച് ജയിച്ചവൻ എന്നർത്ഥമുള്ള "*ഇസ്രായേൽ*" എന്ന പേരു നല്കുന്നതും (ഉൽപ 32, 28) ഉദാഹരണം തന്നെ. തന്റെ സഭയുടെ അടിത്തറയാകാൻ വിളിക്കപ്പെട്ട ശിമയോനെ *പാറ* (*കോപ്പ - പത്രോസ്*) എന്നു വിളിക്കുമ്പോൾ യേശുവും പേരിന്റെ അർത്ഥസൂചനകൾ വ്യക്തമാക്കുന്നു.

ഈ അപഗ്രഥനത്തിൽനിന്ന് ഒരു നിഗമനം ഉരുത്തിരിയുന്നു. നാമം എന്നാൽ വ്യക്തിത്വത്തെ, വ്യക്തിയുടെ സ്വഭാവ-ലക്ഷ്യങ്ങളെ, നിർവ്വചിക്കുന്ന വാക്കാണ്. അതിനാൽത്തന്നെ പൂർണ്ണമായി അറിയാവുന്നവർക്കേ പേരു നൽകാൻ കഴിയൂ, അർഹതയുള്ളൂ. തന്റെ സൃഷ്ടികൾക്ക് ദൈവം പേരു നല്കുന്നു. തന്റെ അസ്ഥിയുടെയും മാംസത്തിന്റെയും ഭാഗമായ സ്ത്രീക്ക് പുരുഷൻ പേരു നല്കുന്നു. ഹീബ്രുവിൽ *ഇഷ് = പുരുഷൻ - നരൻ; ഇഷാ- സ്ത്രീ - നാരി* (ഉൽപ 2, 23). ഈ പശ്ചാത്തലത്തിൽ എന്താണ് ദൈവത്തിന്റെ പേര്?

പൂർവ്വപിതാക്കന്മാർ ചോദിച്ചെങ്കിലും ദൈവം പേരു വെളിപ്പെടുത്തിയില്ല (ഉൽപ 32, 29). എന്തു പേരാണ് ദൈവത്തിനു നിർവ്വചനമാക്കുക? ആർക്കാണ് ദൈവത്തെ പൂർണ്ണമായി ഗ്രഹിക്കാൻ കഴിയുക? അനന്തം, അജ്ഞാതം, അദൃശ്യം, അസ്പൃശ്യം, അവർണ്ണനീയം എന്നൊക്കെയല്ലാതെ ദൈവത്തെക്കുറിച്ച് എന്തെ

ങ്കിലും പറയാൻ കഴിയുമോ? *നേതി, നേതി-ഇതുമല്ല, അതുമല്ല* എന്നൊക്കെ ഭാരതീയ ഋഷിമാർ പഠിപ്പിച്ചതുപോലെ, നിഷേധാത്മകമായല്ലാതെ ദൈവത്തെ നിർവ്വചിക്കാൻ കഴിയുമോ?

കഴിയില്ല എന്നതാണ് യാഥാർത്ഥ്യം. ദൈവം ആയിരിക്കുന്ന അവസ്ഥയിൽ, ദൈവത്തിന്റെ അന്തഃസത്ത പൂർണ്ണമായി ഗ്രഹിക്കാൻ ദൈവത്തിനു മാത്രമേ കഴിയൂ; പരിമിതമായ മനുഷ്യബുദ്ധിക്ക് അതസാധ്യമത്രെ. പിന്നെ എന്താണ് യേശു പഠിപ്പിച്ച പ്രാർത്ഥനയിലെ ആദ്യയാചനയുടെ അർത്ഥം? "*അങ്ങയുടെ നാമം*" എന്നു പറയുമ്പോൾ ദൈവത്തിന് ഒരു പേരുണ്ട് എന്നു സൂചിപ്പിക്കുകയല്ലേ? പേര് ഒരു നിർവ്വചനം ആണെന്നു നാം കണ്ടു. പക്ഷേ ദൈവത്തെ നിർവ്വചിക്കാൻ ആർക്കും കഴിയില്ല. എന്നാലും ദൈവം സ്വയം വെളിപ്പെടുത്തുന്നതായി ബൈബിൾ രേഖപ്പെടുത്തുന്നുണ്ട്. ഒരർത്ഥത്തിൽ ബൈബിൾ മുഴുവൻ ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണല്ലോ. എന്നാലും ദൈവം തന്റെ പേരു വെളിപ്പെടുത്തിയതായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## ദൈവത്തിന്റെ പേര് - ഞാൻ

ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ഇസ്രായേൽ ജനത്തെ മോചിപ്പിക്കാനായി മോശയെ വിളിക്കുന്ന സാഹചര്യത്തിലാണ് ഈ വെളിപ്പെടുത്തൽ സംഭവിക്കുന്നത്. "*പിതാക്കന്മാരുടെ ദൈവം*" എന്ന വിശദീകരണത്തിനുപരി, എന്താണ് ദൈവത്തിന്റെ പേര് എന്ന മോശയുടെ ചോദ്യത്തിനു ദൈവം നല്കുന്ന മറുപടിയിൽ ഈ പേര് ആദ്യമായി പ്രത്യക്ഷപ്പെടുന്നു: "*ദൈവം മോശയോട് അരുളിച്ചെയ്തു: ഞാൻ ഞാൻ തന്നെ... ഞാനാകുന്നവൻ എന്നെ നിങ്ങളുടെ അടുത്തേക്ക് അയച്ചിരിക്കുന്നു... നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവ്... ഇതാണ് എന്നേക്കും എന്റെ നാമം*" (പുറ 3,1415).

തികച്ചും അർത്ഥഗർഭമാണ് ഈ പേര്. എന്നാൽ എന്താണത് എന്ന് മേൽകൊടുത്ത വിവർത്തനത്തിൽ നിന്നു വ്യക്തമാവുകില്ല. രണ്ടു വാക്കുകൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. 1. *ഞാൻ*; 2. *കർത്താവ്.* എന്താണ് നിന്റെ പേര് എന്ന ചോദ്യത്തിന് ആദ്യമേ നല്കുന്ന ഉത്തരമാണ് "*ഞാൻ ഞാൻ തന്നെ*" പി.ഒ.സി. ബൈബിൾ വിവർത്തനത്തിന് ഞങ്ങൾ ഏറെ ക്ലേശിച്ചതാണ് ഈ ഒരു നിർവ്വചനം മലയാളത്തിലാക്കാൻ. "*ഇഹിയേ അഷെർ ഇഹിയേ*" എന്നാണ് ഹീബ്രുമൂലം. "*ഇഹിയേ*" എന്ന ക്രിയാരൂപം ഭാവിയെ

സൂചിപ്പിക്കുന്നോ അതോ വർത്തമാനകാലത്തെയാണോ എന്ന കാര്യത്തിൽത്തന്നെ വ്യാഖ്യാതാക്കളുടെ ഇടയിൽ തർക്കമുണ്ട്. ഭാവികാലത്തെയാണ് സൂചിപ്പിക്കുന്നതെങ്കിലും, ദൈവത്തിന് ഭൂതവും ഭാവിയും എല്ലാം ഒന്നാകയാൽ വർത്തമാനകാലയി കരുതണം എന്ന അഭിപ്രായത്തിന് മുൻതൂക്കമുണ്ട്. *I will be who I will be or I am who I am. ഞാൻ ആരായിരിക്കുമോ അവനായി രിക്കും ഞാൻ; അല്ലെങ്കിൽ, ഞാൻ ആരായിരിക്കുന്നുവോ അവ നാണ് ഞാൻ.* ആയിരിക്കുക എന്നർത്ഥമുള്ള "*ഹയാ*" എന്ന ക്രിയ യിൽനിന്നാണ് ഈ പേരിന്റെ ഉത്ഭവം.

തത്വചിന്തകർ ദൈവത്തെ അസ്തിത്വമായി, അസ്തിത്വ ത്തിന്റെ ഉറവിടമായി അവതരിപ്പിക്കുമ്പോൾ ഈ നിർവ്വചന ത്തിന്റെ വിശദീകരണമാണ് നല്കുന്നതെന്നു തോന്നാം. "I am who am" "*ആകുന്നവനാണ് ഞാൻ*" എന്നാൽ ഈ നിഗമനം ശരിയല്ല. കാരണം "*ആകുന്നവൻ*" എന്നല്ല "*ഞാനാകുന്നവൻ*" എന്നാണ് മൂലം. പിന്നെ എങ്ങനെയാണിതു വിവർത്തനം ചെയ്യുക? എന്താണ് ഇവിടെ വെളിപ്പെടുത്തുന്ന പേര്?

"*ഞാനായിരിക്കുന്നവൻ*" അഥവാ "*ഞാൻ*" എന്നായിരിക്കണം പേരിന്റെ അക്ഷരാർത്ഥത്തിലുള്ള വിവർത്തനം. അതാണ് പി.ഒ.സി. ബൈബിളിൽ "*ഞാൻ ഞാൻ തന്നെ*" എന്നു വിവർത്ത നം ചെയ്യാൻ കാരണം. അപ്പോൾ ദൈവത്തിന്റെ പേര് "*ഞാൻ*" എന്നായിരിക്കണം. പക്ഷേ ഇത് എങ്ങനെ ഒരു പേരാകും? അതേ സമയം ഇതല്ലാതെ മറ്റൊരു തരത്തിൽ ഈ വാക്ക് വിവർത്തനം ചെയ്യാനാവില്ല. അപ്പോൾ "*ഞാൻ*" എന്നതു ദൈവത്തിന്റെ പേരാ യിത്തന്നെ സ്വീകരിച്ചേ മതിയാവൂ. മറ്റൊന്നുമായും ആരുമായും ബന്ധമില്ലാതെ തികച്ചും സ്വതന്ത്രമായ "*ഞാൻ*" എന്ന പേരു ദൈവത്തിനു മാത്രമേ യോജിക്കുകയുള്ളൂ.

സാധാരണ വ്യക്തികൾ തങ്ങളെ കാണുന്നതും പരിചയ പ്പെടുത്തുന്നതും മാതാപിതാക്കൾ, സഹോദരങ്ങൾ കുടുംബം, താമസസ്ഥലം, ജോലി, രാജ്യം മുതലായ അനേക ബന്ധങ്ങളി ലൂടെയാണ്. ഈ ബന്ധങ്ങളാണ് എന്നെ ഞാനാക്കുന്നത്. എന്റെ ജനനം, വളർച്ച, വിദ്യാഭ്യാസം, തൊഴിൽ എന്നിങ്ങനെ അനേകം ഘടകങ്ങൾ എന്നെ നിർവ്വചിക്കാൻ സഹായകമാകുന്നു. എന്നാൽ ദൈവത്തെ സംബന്ധിച്ച് ഇതൊന്നും പ്രസക്തമല്ല. നിരപേക്ഷി തമായ, കേവലമായ (absolute) അർത്ഥത്തിൽ "ഞാൻ" എന്നുപ

റയാൻ ദൈവത്തിനു മാത്രമേ കഴിയൂ. അതുകൊണ്ടാവണം ദൈവം ഈ പേരിൽ സ്വയം വെളിപ്പെടുത്തിയത്. ഇതായിരിക്കണം "*ഞാൻ ഞാൻ തന്നെ*" എന്ന വിശദീകരണത്തിന്റെ അർത്ഥം.

അതേസമയം "*ദൈവമായ കർത്താവ്*" എന്ന പേരിലായിരിക്കണം ദൈവം എന്നേക്കും അനുസ്മരിക്കപ്പെടേണ്ടത് എന്ന നിർദ്ദേശം (പുറ 3,15) "ഞാൻ" എന്ന പേരിന് ഒരു വിശദീകരണം നല്കുന്നു. "*ഏലോഹിം*" എന്ന ഹീബ്രു വാക്കാണ് "*ദൈവം*" എന്നു വിവർത്തനം ചെയ്യുന്നത്. "*പിതാക്കന്മാരുടെ ദൈവം*" തന്റെ പേരായി വെളിപ്പെടുത്തുന്നത്, ഹീബ്രുവിൽ നാലക്ഷരങ്ങളാണ്. "*യഹവഹ*" - ഹീബ്രുഭാഷയിൽ സ്വരാക്ഷരങ്ങളില്ല. പില്ക്കാലത്ത് ഉച്ചാരണത്തെ സൂചിപ്പിക്കാൻ സ്വരാക്ഷരങ്ങൾക്കു പകരം ചിഹ്നങ്ങൾ നല്കുന്നുണ്ട്. എന്നാൽ ദൈവത്തിന്റെ പേരായ ഈ നാലക്ഷരങ്ങൾ, ദൈവത്തോടുള്ള ഭയാദരവുകൾ മൂലം, ഉച്ചരിക്കാറില്ല. പകരം "*അദോനായ്*" (*Adonai*) എന്നാണ് പറയുക. എന്റെ നാഥൻ, ഉടയവൻ, കർത്താവ് (*My Lord*) എന്നാണീ വാക്കിനർത്ഥം. അതിൽനിന്നാണ് "*കർത്താവ്*" എന്ന വിവർത്തനമുണ്ടായത്. എന്നാൽ ദൈവത്തിന്റെ പേരായി നല്കിയിരിക്കുന്ന നാലക്ഷരങ്ങളുടെ വിവർത്തനമല്ല, വിശദീകരണമാണിത്.

ഇനി "*യഹവഹ*" എന്നീ നാലക്ഷരങ്ങൾ എങ്ങനെ ഉച്ചരിക്കണം എന്ന കാര്യത്തിലും തർക്കമുണ്ട്. "അദോനായ്" എന്ന വാക്കിന്റെ സ്വരാക്ഷരങ്ങൾ (*അ-ഓ-ആ*) നാലക്ഷരങ്ങളോടു ചേർത്തപ്പോൾ "യഹോവാ" എന്നായി. ഇതാണ് പൊതുവേ അറിയപ്പെടുന്ന ഉച്ചാരണം. എന്നാൽ ഈ സ്വരാക്ഷരങ്ങൾ മറ്റൊരു വാക്കിൽ നിന്നെടുത്തതാണ്. ദൈവനാമത്തിന്റെ ഉച്ചാരണം അങ്ങനെയല്ല മറിച്ച് "*യാഹ്വേ*" എന്നായിരിക്കണം എന്ന് ബൈബിൾ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

പേരിന്റെ ഉത്ഭവവും ഉച്ചാരണവും എന്നതിലുപരി അർത്ഥമാണ് കൂടുതൽ പ്രസക്തം. വ്യക്തിയെ വെളിപ്പെടുത്തുന്ന നിർവ്വചനമാണ് പേരെങ്കിൽ "യാഹ്വേ" എന്ന പേരിലൂടെ എങ്ങനെയാണ് ദൈവത്തെ അറിയുക? പേര് വ്യാകരണപരമായി അപഗ്രഥിച്ചു കണ്ടെത്താവുന്നതല്ല ഇതിനുള്ള ഉത്തരം. മറിച്ച് എന്താണ് ദൈവം ഈ പേരിലൂടെ വെളിപ്പെടുത്തുന്നത്, എങ്ങനെയാണ് ദൈവം ഈ പേരിലൂടെ അറിയപ്പെടുന്നത് എന്നതു കൂടുതൽ പ്രസക്തമാകുന്നു.

പേരു വെളിപ്പെടുത്തുന്ന സാഹചര്യം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഒരുപറ്റം അടിമകളെ സ്വതന്ത്രരാക്കി, ദൈവജനമാക്കി മാറ്റുന്ന പ്രക്രിയയുടെ തുടക്കത്തിലാണ് ഈ വെളിപ്പെടുത്തൽ. ചരിത്രത്തിലൂടെ സ്വയം വെളിപ്പെടുത്തിയവനാണ് ദൈവം. അതാണ് "*പിതാക്കന്മാരുടെ ദൈവം*" എന്നതുകൊണ്ട് അർത്ഥമാക്കുക. ഈ ദൈവം പുതിയൊരു പ്രവൃത്തിയിലൂടെ വീണ്ടും സ്വയം വെളിപ്പെടുത്തുന്നു. ആ പുതിയ പ്രവൃത്തിയാണ് അടിമകളെ വിമോചിപ്പിക്കൽ. ആ പ്രവൃത്തിക്കു പ്രേരകമായി നില്ക്കുന്നതാകട്ടെ, അവരുടെ നിലവിളി കേൾക്കുകയും കണ്ണീരു കാണുകയും ദുഃഖങ്ങൾ അറിയുകയും ചെയ്യുന്നു (പുറ 3,9) എന്നത്രെ. "ഞാൻ" അഥവാ "യാഹ്‌വേ" എന്ന പേരിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവത്തെ അറിയാൻ ഒരേ ഒരു മാർഗ്ഗമേയുള്ളൂ: അവിടുത്തെ ചെയ്തികൾ കാണുക; വാക്കുകൾ കേൾക്കുക; അവിടുന്ന് നയിക്കുന്ന വഴിയേ നടക്കുക.

ഇതുതന്നെയാണ് സീനായ് ഉടമ്പടിയുടെ ആദ്യ പ്രമാണമായി അവതരിപ്പിച്ചിരിക്കുന്നത്. "*അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്*" (*അനീ* = (*ഞാൻ*) *യാഹ്‌വേ എലോഹേയ്കാ* = (*നിന്റെ ദൈവം*) എന്നു ഹീബ്രു മൂലം). നാമത്തിന്റെ വെളിപ്പെടുത്തലിലൂടെ ദൈവം തന്റെ സ്വഭാവം വ്യക്തമാക്കുന്നു. അടിമകൾക്കു വിടുതൽ നല്കുന്നവൻ; മർദ്ദിതർക്കു മോചകൻ. പുറമ്പോക്കിലേക്കു തള്ളിമാറ്റപ്പെടുന്നവരെ സ്വന്തം ജനമായി പരിഗണിക്കുന്നവൻ; കീഴാളന്മാരുടെ ദൈവം. അതാണ് യാഹ്‌വേ; ഇതാണു പുറപ്പാടു സംഭവത്തിലൂടെ വെളിപ്പെടുത്തപ്പെടുന്ന ദൈവനാമത്തിന്റെ സവിശേഷത.

പുതിയ നിയമത്തിലേക്കു വരുമ്പോൾ ഈ പേരിന് കൂടുതൽ വ്യാപകവും ആഴമേറിയതുമായ അർത്ഥം നല്കപ്പെടുന്നു. ഏകദൈവമായ യാഹ്‌വേ ആയി വെളിപ്പെടുത്തപ്പെട്ട ദൈവം ഇവിടെ പിതാവും പുത്രനും പരിശുദ്ധാത്മാവും എന്ന ത്രിയേക ദൈവമാണെന്ന് യേശു പഠിപ്പിക്കുന്നു. അപ്പാ (അബ്ബാ) എന്നാണ് യേശു ദൈവത്തെ വിളിച്ചതും വിളിക്കാൻ പഠിപ്പിച്ചതും. അപ്പോൾ യാഹ്‌വേ എന്നതിനുപകരം "*അബ്ബാ*" - പിതാവ് എന്നാണ് ദൈവത്തിന്റെ പേര് എന്നു തോന്നാം. "*നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവും കരുണയുടെ പിതാവും സകല സമാ*

*ശ്വാസത്തിന്റെയും ദൈവവും ആയവൻ*" (2 കോറി 1,3) എന്ന് അപ്പസ്തോലൻ ദൈവത്തെ വിശേഷിപ്പിക്കുന്നത് ഈ വിശദീകരണത്തിന്റെ സ്ഥിരീകരണമാണ്. എന്നാൽ "പിതാവ്" എന്ന പേരും പൂർണ്ണമല്ല. ദൈവത്തെ എല്ലാറ്റിന്റെയും സ്രഷ്ടാവും ഉറവിടവും ആദികാരണവും ആത്യന്തിക ലക്ഷ്യവുമായി ഈ പേരിലൂടെ ചിത്രീകരിക്കുന്നു.

അതോടൊപ്പം ദൈവം പുത്രനുമാണ്. സ്നേഹത്തിന്റെ പ്രകടനമാണു പുത്രൻ എന്നതുകൊണ്ട് അർത്ഥമാക്കുക. "*പിതാവിനോടു ഗാഢമായ ഹൃദയഐക്യം പുലർത്തുന്ന, അവിടുത്തെ വക്ഷസിനോടു ചേർന്നിരിക്കുന്ന വചനമാണ്*" (യോഹ 1,18) പുത്രൻ. മനുഷ്യനായി അവതരിക്കുകയും മനുഷ്യന്റെ പാപം ഏറ്റെടുത്ത് കുരിശിൽ പരിഹാരബലിയായി സ്വയം സമർപ്പിച്ച് ദൈവത്തിന്റെ അതിരുകളില്ലാത്ത സ്നേഹം പ്രകടമാക്കുകയും (യോഹ 3,16) ചെയ്ത പുത്രൻ ദൈവത്തിന്റെ തന്നെ വെളിപ്പെടുത്തലാണ്. അതിനാൽ "പുത്രൻ" എന്നതും ദൈവത്തിന്റെ പേരായി പരിഗണിക്കണം.

പിതാവിൽനിന്നു പുത്രനിലേക്കും പുത്രനിൽനിന്നു പിതാവിലേക്കും നിരന്തരം നിർഗ്ഗളിക്കുന്ന സ്നേഹപ്രവാഹത്തെ "*പരിശുദ്ധാത്മാവ്*" എന്നാണ് ബൈബിൾ വിശേഷിപ്പിക്കുന്നത്. ഈ ആത്മാവാണ് മനുഷ്യരെ ദൈവമക്കളാക്കി മാറ്റുന്നത്; ദൈവമക്കൾക്ക് അനുയോജ്യമാംവിധം ജീവിക്കാൻ സഹായിക്കുന്നത് (റോമാ 8,9-17.25; യോഹ 14,16.25-27; 16,5-15). പരിശുദ്ധാത്മാവ് നമ്മിൽ നിരന്തരം വസിച്ചുകൊണ്ട് നമ്മെ സഹായിക്കുന്നു, നയിക്കുന്നു, ശക്തിപ്പെടുത്തുന്നു. ആകയാൽ പരിശുദ്ധാത്മാവ് എന്നതും ദൈവത്തിന്റെ പേരുതന്നെ.

"*അങ്ങയുടെ നാമം*" എന്നതുകൊണ്ട് ദൈവം, ചരിത്രത്തിലൂടെ വെളിപ്പെടുത്തിയ, ആത്യന്തികമായി യേശുവിന്റെ കുരിശുമരണവും ഉയിർപ്പും പരിശുദ്ധാത്മാവിന്റെ ആഗമനവും വഴി സ്വയം വെളിപ്പെടുത്തിയ, ത്രിയേകദൈവം എന്നാണ് അർത്ഥമാക്കുന്നത്. ദൈവത്തിന്റെ നാമം ദൈവം തന്നെയാണ്. ദൈവത്തോടുള്ള ഭക്തിയാദരവുകൾ മൂലം യഹൂദർ പേരു പറയുന്നില്ല എന്നു മാത്രമല്ല, ദൈവം എന്നുപോലും പറയാൻ മടിക്കും. അതിനാലാണ് ദൈവത്തിന്റെ നാമം എന്നു പറയുക. ജറുസലെം ദേവാലയത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ഉദാഹരണമായി എടുക്കാം.

നിയമാവർത്തനപുസ്തകത്തിൽ, മോശയുടെ ചാവരുളായി അവതരിപ്പിക്കുന്ന നിർദ്ദേശങ്ങളിൽ ഒന്ന്: "*നിങ്ങളുടെ ദൈവമായ കർത്താവ് തന്റെ നാമം സ്ഥാപിക്കാനും തനിക്കു വസിക്കാനുമായി നിങ്ങളുടെ സകല ഗോത്രങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്ന സ്ഥലം ഏതാണെന്നന്വേഷിച്ച് നിങ്ങൾ അങ്ങോട്ടു പോകണം*" (നിയ 12,5), നാമത്തിന്റെ അർത്ഥം വ്യക്തമാക്കുന്നു. *നാമം സ്ഥാപിക്കുക - വസിക്കുക* എന്ന രണ്ടു പ്രയോഗങ്ങളും ഏകാർത്ഥ സമാന്തരവാക്യങ്ങളാണ്. രണ്ടിന്റെയും അർത്ഥം ഒന്നു തന്നെ. ദൈവം തന്നെയാണ് ദൈവത്തിന്റെ നാമം. ദേവാലയ പ്രതിഷ്ഠയോടനുബന്ധിച്ച സോളമൻ നടത്തുന്ന പ്രാർത്ഥനയിലും ഇതേ ആശയം വ്യക്തമാകുന്നു: "*അങ്ങയുടെ നാമം ഇവിടെ ഉണ്ടായിരിക്കും എന്ന് അങ്ങ് അരുളിച്ചെയ്തിട്ടുണ്ടല്ലോ*" (1 രാജാ 8, 29). അതിനാൽ അങ്ങയുടെ നാമം എന്നാൽ അങ്ങയുടെ വ്യക്തിത്വം എന്നു തന്നെയാണർത്ഥം. ഇനി എന്താണ് പൂജിതമാവുക, അഥവാ പരിശുദ്ധമാക്കപ്പെടുക എന്നതുകൊണ്ട് അർത്ഥമാക്കുക? അതിലേക്കാണ് അടുത്തതായി ശ്രദ്ധ തിരിക്കുന്നത്.

ദൈവത്തിന്റെ നാമം എന്ന പ്രയോഗം ചരിത്രത്തിലൂടെ സ്വയം വെളിപ്പെടുത്തിയ ദൈവത്തെത്തന്നെയാണ് സൂചിപ്പിക്കുന്നത് എന്നു നാം കണ്ടുകഴിഞ്ഞു. സൃഷ്ടി മുതൽ പുതുസൃഷ്ടിവരെയുള്ള ചരിത്രത്തിലുടനീളം ദൈവം സ്വയം വെളിപ്പെടുത്തുന്നുണ്ട്. എന്നാൽ ഈ ചരിത്രത്തിൽ രണ്ടു മുഹൂർത്തങ്ങൾ, ഈജിപ്തിൽ നിന്നുള്ള വിമോചനവും യേശുക്രിസ്തുവിലൂടെ നടന്ന പാപത്തിൽനിന്നും മരണത്തിൽനിന്നുമുള്ള മോചനവും കേന്ദ്രവത്തായി നില്ക്കുന്നു. ഇവയിലൂടെ വിമോചകനും, പിതാവും സഹോദരനും സ്നേഹിതനും, രക്ഷകനുമായി വെളിപ്പെടുത്തിയതാണ് ദൈവത്തിന്റെ സ്വഭാവം അഥവാ നാമം. ഇനി എന്താണ് "*പൂജിതമാവുക*" അഥവാ "*പരിശുദ്ധമാക്കപ്പെടുക*" എന്നതിനർത്ഥം?

## പൂജിതം - പരിശുദ്ധം

ഈ രണ്ടുപ്രയോഗങ്ങളിൽ ഏതാണ് യേശു പഠിപ്പിച്ച പ്രാർത്ഥനയുടെ മൂലത്തോടു കൂടുതൽ വിശ്വസ്തത പാലിക്കുന്നത് എന്ന് കാണേണ്ടതുണ്ട്. രണ്ടും കർമ്മിണിപ്രയോഗങ്ങളാണ് എന്ന കാര്യം ആദ്യമേ ശ്രദ്ധയിൽപെടുന്നു. ഈ കർമ്മിണിപ്ര

യോഗത്തിൽ ആരായിരിക്കും കർത്താവ്? ആരാണ് പൂജിതം അഥവാ പരിശുദ്ധം ആക്കേണ്ടത്? ആരാലാണ് ഈ പ്രവൃത്തി ചെയ്യപ്പെടേണ്ടത്? മൂന്നു സാധ്യതകളാണുള്ളത്. 1. മനുഷ്യരാൽ ദൈവനാമം പൂജിതം, പരിശുദ്ധം ആക്കപ്പെടണം. 2. സ്വയമേവ, ദൈവത്തിന്റെ സംപൂജ്യത - പരിശുദ്ധ വെളിവാകണം. 3. ദൈവം തന്റെ നാമം പൂജിതം - പരിശുദ്ധം ആക്കണം. ഇതിൽ ഏതെങ്കിലും ഒരർത്ഥം മാത്രം തിരഞ്ഞെടുക്കണമെന്നില്ല. സമഗ്രമായ കാഴ്ചപ്പാടിൽ മൂന്നു വ്യാഖ്യാനങ്ങളും ഒരുമിച്ച് എടുക്കുന്നതാവും അർത്ഥം പൂർണ്ണമായി ഗ്രഹിക്കാൻ സഹായകം.

പൂജിതമോ പരിശുദ്ധമോ? ഇതിൽ ഏതാണ് മൂലാർത്ഥം കൂടുതൽ വ്യക്തമാക്കുന്ന പ്രയോഗം? പൂജിതം എന്നാൽ പൂജിക്കപ്പെടുന്നത് എന്നാണല്ലോ വാച്യാർത്ഥം. ആദരിക്കുക, ബഹുമാനിക്കുക, വണങ്ങുക, മഹത്വപ്പെടുത്തുക എന്നു തുടങ്ങി ആരാധിക്കുക എന്നുവരെ പൂജിക്കുക എന്ന വാക്കിനർത്ഥമുണ്ട്. ഈ കാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോൾ "*പിതാവേ അങ്ങയെ സകലരും ആദരിക്കാനും വണങ്ങാനും ആരാധിക്കാനും ഇടയാക്കണമേ*" എന്നായിരിക്കും യാചനയുടെ അർത്ഥം. മനുഷ്യന്റെ ഏറ്റവും പ്രഥമവും ഉൽകൃഷ്ടവുമായ ദൗത്യവും കടമയുമാണ് ദൈവാരാധന. സീനായ് ഉടമ്പടിയിലെ പത്തുപ്രമാണങ്ങളിൽ ആദ്യത്തേതായി അവതരിപ്പിച്ചിരിക്കുന്നതും ഈ കടമയാണല്ലോ (പുറ 20,2). തന്നെ ആരാധിക്കാനായി ജനത്തെ വിട്ടയയ്ക്കണം എന്നതായിരുന്നു മോശവഴി ഫറവോയ്ക്കു നല്കിയ കല്പന (പുറ 4, 23). അപ്പോൾ ദൈവത്തോടുള്ള മനുഷ്യന്റെ വിധേയത്വവും കടപ്പാടും ആകും ഈ യാചനയിലൂടെ പ്രകടമാക്കുക.

ഏതാണ്ട് ഇതേ അർത്ഥത്തിലാണ് മിക്ക ഇംഗ്ലീഷ് വിവർത്തനങ്ങളും ഈ യാചനയെ അവതരിപ്പിക്കുന്നത്: "*Hallowed be thy name*". ആദരിക്കപ്പെടണം, ബഹുമാനിക്കപ്പെടണം എന്നൊക്കെയാണ് വാച്യാർത്ഥം. മനുഷ്യരുടെ പ്രവൃത്തികളിലൂടെ ദൈവം ആദരിക്കപ്പെടാൻ ഇടയാക്കണം എന്നാകും അപ്പോൾ ഈ പ്രാർത്ഥന സൂചിപ്പിക്കുക. എന്നാൽ ഇതുമാത്രമല്ല, ദൈവം തന്നെ തന്റെ മഹത്വം വെളിപ്പെടാൻ ഇടയാക്കണമേ എന്ന ഒരു സൂചനയും ഈ വാക്കിലുണ്ടാകാം.

"*പരിശുദ്ധമാക്കപ്പെടണം*" എന്ന വിവർത്തനത്തിനും തുല്യ സാധ്യതയുണ്ട്. ഇറ്റാലിയൻ, ഫ്രഞ്ച്, സ്പാനിഷ്, ജർമ്മൻ മുത

ലായ ആധുനിക പാശ്ചാത്യഭാഷകളിൽ പരിശുദ്ധമാക്കപ്പെടണം എന്നാണ് വിവർത്തനം ചെയ്യുക. ലത്തീനിലും ഇതേ വിവർത്തനം തന്നെ കാണാം: "*സാൻക്തിഫിച്ചേത്തുർ നോമെൻ തൂവും*" – (*Sanctificetur nomen tuum*) എന്നു ലത്തീൻ വിവർത്തനം. സുറിയാനിയിലും ഈ ആശയമാണ് മുന്നിട്ടുനില്ക്കുന്നത്: "*നെസ്ക്കന്തെശ് ശ്മാക്" = നിന്റെ നാമം പരിശുദ്ധമാക്കപ്പെടണം*. യേശുവിന്റെ സംസാരഭാഷയായിരുന്ന അരമായയോട് ഏറ്റം അടുത്തുനില്ക്കുന്നതാണല്ലോ സുറിയാനി. അപ്പോൾ യേശു പഠിപ്പിച്ച പ്രാർത്ഥന പരിശുദ്ധമാക്കപ്പെടണം എന്നായിരുന്നു എന്ന നിഗമനത്തിന് കൂടുതൽ സാധ്യതയുണ്ട്. എന്നാൽ എന്താണ് പരിശുദ്ധമാക്കപ്പെടുക എന്നതിനർത്ഥം? ആരാണ് നാമം പരിശുദ്ധമാക്കേണ്ടത്? എങ്ങനെ? എന്നീ ചോദ്യങ്ങൾക്കെല്ലാം ഉത്തരം കണ്ടെത്തണം.

ഒരു സെമിറ്റിക് ശൈലിയിലുള്ള പ്രാർത്ഥനയാണിത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. പരിശുദ്ധം അഥവാ വിശുദ്ധം എന്നാൽ എന്താണർത്ഥമാക്കുന്നത് എന്ന് ആദ്യമേ അന്വേഷിക്കണം. "*കോദെശ്*" എന്നാണ് പരിശുദ്ധം എന്ന വാക്കിന്റെ ഹീബ്രുമൂലം. "*കന്തീശാ*" എന്നു സുറിയാനി. മുറിച്ചുമാറ്റപ്പെട്ടത്, മാറ്റിവയ്ക്കപ്പെട്ടത് എന്നാണ് വാച്യാർത്ഥം. മറ്റെല്ലാറ്റിലും നിന്ന് വേറിട്ടുനില്ക്കുന്നത്, എല്ലാറ്റിനും അതീതം, വ്യതിരിക്തം എന്നൊക്കെയാണ് വാക്കിന് അർത്ഥം. ദൈവത്തിനു മാത്രം അനുയോജ്യമായൊരു വിശേഷണമാണിത്.

വിശുദ്ധം എന്ന വിശേഷണത്തിനുതന്നെ രണ്ടു വ്യത്യസ്തമാനങ്ങളുണ്ട്. 1. *സത്താപരം അഥവാ അസ്തിത്വപരം – ontological or existential*. 2. *ധാർമ്മികം – ethical or moral*. ആദ്യത്തെ അർത്ഥസൂചന സർവ്വാതിശായി, എല്ലാറ്റിൽനിന്നും വ്യത്യസ്തനായി നില്ക്കുന്നവൻ എന്നായിരിക്കും. ദൈവം പരിശുദ്ധനാണ് എന്നുപറയുമ്പോൾ ഇതാണ് ആദ്യമേ അർത്ഥമാക്കുക. ഈ അർത്ഥത്തിൽ മറ്റു വ്യക്തികൾക്കും വസ്തുക്കൾക്കും വിശേഷണമായി ഈ പദം ഉപയോഗിക്കാറുണ്ട്. അപ്പോൾ ദൈവത്തിനുവേണ്ടി മാത്രമായി മാറ്റിവയ്ക്കപ്പെട്ടത് എന്നായിരിക്കും അർത്ഥം. അങ്ങനെ ദൈവശുശ്രൂഷയ്ക്കായി മാറ്റിവയ്ക്കപ്പെടുന്ന സ്ഥലവും വസ്തുവും വ്യക്തിയും എല്ലാം വിശുദ്ധമാകുന്നു. ദേവാലയം വിശുദ്ധമാണ് – കാരണം ദൈവാരാധനയ്ക്കായി

മാറ്റിവയ്ക്കപ്പെട്ട സ്ഥലമാണത്. ഈ അർത്ഥത്തിലാണ് "*യേശുക്രിസ്തുവിൽ വിശുദ്ധരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരും*" (1 കോറി 1,2) എന്ന് പൗലോസ് കോറിന്തോസിലെ വിശ്വാസികളെ വിശേഷിപ്പിക്കുന്നത്. ധാർമ്മിക മേഖലയെ സൂചിപ്പിക്കുന്നതാണ് വിശുദ്ധം എന്ന വാക്കിന്റെ രണ്ടാമത്തെ അർത്ഥം. വെളിപ്പെടുത്തപ്പെട്ട ദൈവഹിതം, അഥവാ അവിടുത്തെ കല്പനകൾ, അനുസരിച്ച് ജീവിക്കുന്നതാണ് വിശുദ്ധി; അങ്ങനെ ജീവിക്കുന്നവരാണ് വിശുദ്ധർ.

ദൈവത്തിന്റെ നാമം അഥവാ വ്യക്തിത്വം വിശുദ്ധമാക്കപ്പെടണം എന്ന യാചനയുടെ അർത്ഥം എന്തായിരിക്കും? രണ്ടു തരത്തിൽ, ഭാവാത്മകമായും നിഷേധാത്മകമായും, ഈ യാചനയെ മനസിലാക്കാൻ കഴിയും. നിഷേധാത്മകമായ അർത്ഥം മനസിലാക്കാൻ കൂടുതൽ എളുപ്പമുണ്ട്. മാതാപിതാക്കൾ മക്കളോടും നേതാക്കൾ അനുയായികളോടും പൊതുവേ പറയാറുള്ള ഒന്നാണ്: "പേരു ചീത്തയാക്കരുത്". മക്കളുടെ ദുഷിച്ച പ്രവർത്തനങ്ങളും ജീവിതശൈലിയും കുടുംബത്തിനു ചീത്തപ്പേരുണ്ടാക്കും. അണികളുടെ തെറ്റായ പ്രവർത്തനങ്ങൾ പ്രസ്ഥാനത്തിനും പാർട്ടിക്കും രാജ്യത്തിനും ദുഷ്പേരിനു കാരണമാകും. ഇത് യാചനയുടെ ഒരു വശമാകാം. പിതാവേ അങ്ങയുടെ പേര് ചീത്തയാകാൻ ഒരിക്കലും ഇടവരുത്തരുതേ! ദൈവത്തിന്റെ പേരു ചീത്തയാക്കുന്നത് ദൈവമല്ല, ആ പേരിൽ അറിയപ്പെടുന്നവരാണ്. അതിനാൽ അങ്ങയുടെ വിശുദ്ധിക്ക് അനുയോജ്യമല്ലാത്ത ഒന്നും ഞങ്ങളുടെ ജീവിതത്തിലും പ്രവൃത്തിയിലും സംഭവിക്കാൻ അനുവദിക്കരുതേ എന്നാകാം ഈ യാചനയുടെ ഒരർത്ഥം.

ഈ അർത്ഥമാണ് പത്തുപ്രമാണങ്ങളിലെ രണ്ടാം പ്രമാണം അനുശാസിക്കുന്നത്! "*നിന്റെ ദൈവമായ കർത്താവിന്റെ നാമം വൃഥാ ഉപയോഗിക്കരുത്*" (പുറ 20,7). നുണയെ നേരാക്കി അവതരിപ്പിക്കാൻ വേണ്ടി ദൈവനാമത്തിൽ ശപഥം ചെയ്യുന്നതിനെയാണ് ഈ പ്രമാണം മുടക്കുന്നത്. എന്നാൽ അതു മാത്രമല്ല. ദൈവത്തിന്റെ നാമം ദുഷിക്കപ്പെടാൻ ദൈവജനത്തിന്റെ ജീവിതവും പ്രവൃത്തികളും ഒരിക്കലും കാരണമാകരുത് എന്ന നിഷേധാത്മകമായ ഒരു വശമാണ് ഈ കല്പനയിലൂടെ മുഖ്യമായും അനുശാസിക്കുന്നത്. "*എന്റെ നാമത്തിൽ കള്ള സത്യം ചെയ്യരുത്. നിങ്ങളുടെ ദൈവത്തിന്റെ നാമം അശുദ്ധമാക്കരുത്*" (ലേവ്യ 19,12) എന്ന നിർദ്ദേശത്തിൽ ഈ കല്പനയുടെ അർത്ഥവും

വ്യാപ്തിയും പ്രകടമാകുന്നു. വിഗ്രഹാരാധന, നരബലി മുതലായവ വഴി ഇസ്രായേൽ ജനം ദൈവനാമം അശുദ്ധമാക്കിയെന്ന് ലേവ്യ 20, 3-ൽ ഉന്നയിക്കുന്ന ആരോപണം ഈ യാചനയുടെ തന്നെ ഒരു വശം വ്യക്തമാക്കുന്നതാണ്.

ഇസ്രായേൽ ജനം തങ്ങളുടെ പ്രവൃത്തികളിലൂടെ ദൈവനാമം അശുദ്ധമാക്കിയെന്ന ആരോപണം പ്രവാചകന്മാർ ആവർത്തിച്ചുന്നയിക്കുന്നുണ്ട്: "*ജനതകളുടെ ഇടയിൽ നിങ്ങൾ അശുദ്ധമാക്കിയ എന്റെ വിശുദ്ധനാമത്തെ പ്രതി....... ജനതകളുടെ ഇടയിൽ നിങ്ങൾ അശുദ്ധമാക്കിയ എന്റെ ശ്രേഷ്ഠ നാമത്തിന്റെ പരിശുദ്ധി ഞാൻ തെളിയിക്കും*" (എസെ 36,22-23). ഈ തിരുവചനത്തിൽ കർത്തൃപ്രാർത്ഥനയിലെ ആദ്യയാചനയുടെ രണ്ടുവശങ്ങളും ഒരുമിച്ചു പ്രകടമാകുന്നു.

ദൈവത്തിന്റെ സ്വന്തം ജനം എന്ന് അറിയപ്പെട്ടിരുന്നവരാണ് ഇസ്രായേൽക്കാർ. അത്ഭുതകരമായ ശക്തിപ്രകടനത്തിലൂടെ അടിമത്തത്തിൽനിന്നു മോചിപ്പിച്ച്, സ്വന്തമായി ഒരു രാജ്യം നല്കി, ദൈവം പരിപാലിച്ചിരുന്ന ജനം ഇപ്പോൾ അടിമകളായി വിദേശത്തു കഴിയുന്നു. അവർ ചെല്ലുന്നിടത്തെല്ലാം ദൈവജനം എന്നു തന്നെയാണ് അറിയപ്പെടുന്നത്. അതിനാൽത്തന്നെ അവരുടെ ഉടയവനും നാഥനും രക്ഷകനുമായ ദൈവം അവരിലൂടെ അവഹേളിക്കപ്പെടുന്നു: "*ഇവരാണ് കർത്താവിന്റെ ജനം. എന്നിട്ടും അവിടുത്തെ ദേശത്തുനിന്ന് അവർക്ക് പോകേണ്ടിവന്നു എന്ന് ആളുകൾ അവരെപ്പറ്റി പറഞ്ഞു. അങ്ങനെ അവർ എന്റെ വിശുദ്ധനാമം അശുദ്ധമാക്കി*" (എസെ 36, 20). പ്രവാസികളായി കഴിയുന്ന ഇസ്രായേൽക്കാരുടെ അടിമത്തം മാത്രമല്ല, പ്രവാസത്തിലേക്കു നയിച്ച അവരുടെ ജീവിതരീതിയും ദൈവത്തെ അവഹേളിക്കുന്നതിനു കാരണമായി, ദൈവനാമത്തെ അശുദ്ധമാക്കി. എന്നാൽ ദൈവം ഇതുകൊണ്ട് അവസാനിപ്പിക്കുന്നില്ല.

തന്റെ നാമത്തിന്റെ വിശുദ്ധി അവരിലൂടെ തന്നെ പ്രകടമാക്കും. അതാണ് കുറ്റാരോപണങ്ങൾക്കുശേഷം നല്കുന്ന വാഗ്ദാനം. തന്റെ നാമത്തിന്റെ വിശുദ്ധി ദൈവം വെളിപ്പെടുത്തും. അതാണ് എസെക്കിയേലിലൂടെ നല്കുന്ന വാഗ്ദാനം: "*എന്റെ ശ്രേഷ്ഠനാമത്തിന്റെ വിശുദ്ധി ഞാൻ തെളിയിക്കും*" (എസെ 36, 23). അത് എങ്ങനെയെന്നു പ്രവാചകൻ തുടർന്ന് വിശദമായി പ്രതിപാദിക്കുന്നു. പ്രവാസികളെ ഒരുമിച്ചുകൂട്ടും, അവരെ ശുദ്ധീകരിക്കും. ഒരു പുതുചൈതന്യം അവർക്കു നല്കും; കല്പന

കൾ പാലിക്കാൻ കഴിവുള്ളവരാക്കും. അവരെ വാഗ്ദത്തഭൂമിയിലേക്കു തിരിച്ചുകൊണ്ടുവന്ന് കുടിയിരുത്തും. ദൈവം തന്നെ അവരുടെ മധ്യേ വാസമുറപ്പിക്കും (എസെ 36, 24-38). ഇവിടെ "*നാമം പരിശുദ്ധമാക്കപ്പെടണമേ*" എന്ന യാചനയുടെ ഭാവാത്മകമായ അർത്ഥം പ്രകടമാകുന്നു. പാപങ്ങൾ ക്ഷമിച്ച്, അടിമത്തം അവസാനിപ്പിച്ച്, ദൈവജനം എന്ന സ്ഥാനത്തിനു വീണ്ടും അർഹരാക്കി, സ്വന്തം ഭൂമിയിൽ സുരക്ഷിതരായി വസിക്കാൻ അവർക്ക് ദൈവം തന്നെ ഇടയാക്കും. അങ്ങനെ അവരിലൂടെ ദൈവത്തിന്റെ വിശുദ്ധി, അഥവാ മഹത്വം എല്ലാവർക്കും ദൃശ്യമാകും.

"*പരിശുദ്ധനായ ദൈവം നീതിനിഷ്ഠയിലൂടെ തന്റെ പരിശുദ്ധി വെളിപ്പെടുത്തുന്നു*" (ഏശ 5, 16) എന്ന ഏശയ്യാ പ്രവാചകന്റെ വിശദീകരണം ഈ യാചനയുടെ ഒരു ഭാഷ്യമായി കരുതാനാവും. ഇവിടെ പ്രവർത്തിക്കുന്നതു ദൈവമാണ്. ആ പ്രവൃത്തിയാകട്ടെ നീതിയുടെ പുനഃസ്ഥാപനവും. ഈ അർത്ഥത്തിലാണ് "യാഹ്‌വേ" എന്ന നാമം മോശയ്ക്കു വെളിപ്പെടുത്തിയതു മുതൽ ദൈവത്തിന്റെ നാമം ഉപയോഗിക്കപ്പെടുന്നത്. ഫറവോ ചുമത്തിയ അടിമത്തത്തിന്റെ നുകം ഒടിക്കുമ്പോൾ ദൈവനാമത്തിന്റെ പരിശുദ്ധി പ്രകടമാകുന്നു (പുറ 6, 7; ലേവ്യ 26, 13). ഈ വിശുദ്ധിയുടെ വെളിപ്പെടുത്തലിന്റെ ഉച്ചകോടി യേശുവിന്റെ കുരിശിലാണ് ലക്ഷ്യമാകുക (യോഹ 3,16). യേശുവിന്റെ ജീവിതവും വാക്കും പ്രവൃത്തിയും എല്ലാം ദൈവത്തിന്റെ വിശുദ്ധി പ്രകടമാക്കുന്നവയായിരുന്നു. അതാണ് "*അവിടുന്ന് എന്നെ ഏല്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്വപ്പെടുത്തി*" (യോഹ 17, 3) എന്ന പ്രാർത്ഥനയിലൂടെ ഏറ്റുപറയുന്നത്. മഹത്വപ്പെടുത്തുക എന്നു പറയുന്നതു തന്നെയാണ് പരിശുദ്ധമാക്കപ്പെടുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

ഈ വിചിന്തനങ്ങളുടെ പശ്ചാത്തലത്തിൽ ആദ്യയാചന ഇങ്ങനെ വിശദമാക്കാം. ഞങ്ങളുടെ അസ്തിത്വത്തിന്റെ നാഥനും ഉറവിടവും ലക്ഷ്യവും പരിപാലകനുമായ പിതാവേ, അങ്ങയുടെ വിശുദ്ധി, മഹത്വം, ഈ ഭൂമിയിൽ പ്രകടമാകണമേ. ഞങ്ങളുടെ ജീവിതം അങ്ങയുടെ വിശുദ്ധിക്കു സാക്ഷ്യമാകട്ടെ. ഈ ഭൂമിയിൽ നീതി പുനഃസ്ഥാപിക്കുന്നതിലൂടെ അങ്ങയുടെ വിശുദ്ധി പ്രകടമാക്കണമേ. ഞങ്ങളുടെ ജീവിതവും പ്രവൃത്തികളും അങ്ങയുടെ വിശുദ്ധ നാമത്തിന് ഒരുവിധത്തിലും കളങ്കം ചാർത്താൻ

ഇടയാക്കരുതേ! അങ്ങയുടെ സ്വഭാവം തെറ്റിധരിക്കപ്പെടാനോ നാമം ദുഷിക്കപ്പെടാനോ ഞങ്ങൾ ഒരിക്കലും കാരണമാകാൻ അനുവദിക്കരുതേ.

## ചില പ്രായോഗിക പരിചിന്തനങ്ങൾ

ദൈവനാമം വിശുദ്ധമാക്കപ്പെടണം എന്നാൽ ദൈവത്തിന് ഇല്ലാത്ത എന്തെങ്കിലും കൂട്ടിച്ചേർക്കുകയെന്നോ ഉള്ളതിനെ വർദ്ധിപ്പിക്കുകയോ എന്നല്ല, മറിച്ച് അങ്ങയുടെ വിശുദ്ധി ഈ ഭൂമിയിൽ പ്രകടമാക്കണമേ; അതിനു ഞങ്ങളെയും ഉപകരണമാക്കണമേ എന്നാണ് പ്രാർത്ഥന അർത്ഥമാക്കുക. ഇവിടെ ദൈവത്തിന്റെ പ്രവൃത്തിയും മനുഷ്യന്റെ സഹകരണവും ഒരുപോലെ ആവശ്യപ്പെടുന്നു. അതോടൊപ്പം ചുറ്റിലും നിലനില്ക്കുന്ന യാഥാർത്ഥ്യങ്ങൾ ഈ വിശുദ്ധി പ്രകടമാകുന്നതിന് വിഘാതമായി നില്ക്കുന്നു; പോരാ, ദൈവനാമം അശുദ്ധമാക്കപ്പെടുന്നതിന്, അപഹാസ്യമാകുന്നതിന് കാരണമായിത്തീരുന്നു എന്ന ഒരു സൂചനയും ഈ യാചനയിലുണ്ട്.

ദൈവത്തിന്റെ മുഖം വഹിക്കുന്ന, അവിടുത്തെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട, ദൈവമക്കളാകാൻ വിളിക്കപ്പെട്ട, മനുഷ്യർ അനീതിക്കും അക്രമത്തിനും, ക്രൂരമായ ചൂഷണത്തിനും പീഡനത്തിനും ഇരയാകുമ്പോൾ അവിടുത്തെ നാമമല്ലേ അശുദ്ധമാക്കപ്പെടുന്നത്? വിശപ്പും ദാഹവും, നഗ്നതയും അടിമത്തവും അനുഭവിക്കുന്ന മനുഷ്യമക്കളോടു ദൈവം താദാത്മ്യപ്പെടുന്നു എന്ന യേശുവിന്റെ പ്രബോധനം (മത്താ 25, 31-46) ദൈവനാമം അശുദ്ധമാക്കപ്പെടുന്ന സാഹചര്യങ്ങളും പരിശുദ്ധമാക്കപ്പെടുന്നതിന് ആവശ്യമായ നിബന്ധനകളും എടുത്തുകാട്ടുന്നുണ്ട്.

ദൈവത്തെ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ആയിരം തവണ നാവുകൊണ്ട് ഉദ്ഘോഷിച്ചതുകൊണ്ടു മാത്രം അവിടുത്തെ നാമം പരിശുദ്ധമാക്കപ്പെടുമോ? തന്റേതിൽനിന്നു വ്യത്യസ്തമായൊരു വിശ്വാസം വച്ചുപുലർത്തുന്നതിന്റെ പേരിൽ അപരനെ ദൈവനാമത്തിൽ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്നിടത്ത് ഏതു ദൈവത്തിന്റെ നാമമാണ് പരിശുദ്ധമാക്കപ്പെടുക? മതതീവ്രവാദങ്ങൾ, അത് ഏതു മതത്തിന്റെ ഭാഗത്തു നിന്നായാലും, ദൈവനാമത്തെ പരിശുദ്ധമാക്കുകയല്ല, ദൈവത്തെ ആദിമുതൽ നുണയനും കൊലപാതകിയുമായ സാത്താനായി അവതരിപ്പിക്കുകയാണെന്ന് ഇനി എന്നാണു നാം തിരിച്ചറിയുക?

ദൈവനാമത്തിന്റെ മഹത്വവും വിശുദ്ധിയും വിളിച്ചറിയിക്കാനായി അംബരചുംബികളായ സൗധങ്ങളും മുഖവാരങ്ങളും നിർമ്മിക്കുകയും പടുകൂറ്റൻ റാലികളും പ്രദക്ഷിണങ്ങളും സംഘടിപ്പിക്കുകയും ചെയ്യുമ്പോൾ ദാരിദ്ര്യത്തിലും പട്ടിണിയിലും കഴിയുന്ന ദൈവമക്കളായ പച്ചമനുഷ്യർ വിസ്മരിക്കപ്പെടുന്നെങ്കിൽ ഇതെങ്ങനെ ദൈവനാമം മഹത്വപ്പെടുത്തലാകും? നീതി പ്രവർത്തിച്ചും കരുണ കാണിച്ചും കർത്താവിന്റെ മുമ്പിൽ വിനീതരായി ചരിച്ചും (മിക്കാ 6, 8) കൊണ്ടല്ലേ ദൈവത്തിന്റെ പരിശുദ്ധിക്കു സാക്ഷ്യം വഹിക്കേണ്ടത്? "*നീതി, കാരുണ്യം, വിശ്വസ്തത*" (മത്താ 25, 23) എന്ന് ഗുരുനാഥൻ പഠിപ്പിച്ചു; അതാണ് ദൈവത്തിന്റെ നാമം നമ്മുടെ ജീവിതത്തിലൂടെ പരിശുദ്ധമാക്കപ്പെടാനുള്ള മാർഗ്ഗം.

**ചുരുക്കത്തിൽ**

പൂജിതം - പരിശുദ്ധം എന്നതിൽ ഏതു വിവർത്തനം സ്വീകരിച്ചാലും അർത്ഥത്തിൽ കാതലായ വ്യത്യാസം വരുന്നില്ല. പൂജിതം എന്നത് മനുഷ്യന്റെ പ്രവൃത്തിക്ക് ഊന്നൽ നല്കുമ്പോൾ പരിശുദ്ധമാക്കപ്പെടണം എന്നത് ദൈവത്തിന്റെ പ്രവൃത്തിക്കു മുൻഗണന നല്കുന്നു. എന്നാൽ രണ്ടും ദൈവത്തിന്റെയും മനുഷ്യന്റെയും പ്രവർത്തനങ്ങളിലേക്കും വിരൽചൂണ്ടുന്നുണ്ട്. അനീതിക്കും അക്രമത്തിനും, മർദ്ദനത്തിനും ചൂഷണത്തിനും എന്നല്ല, മനുഷ്യനിലെ ദൈവിക പ്രതിഛായയ്ക്കു മങ്ങലേല്പിക്കുന്ന സകലതിനും അറുതി വരുത്തിക്കൊണ്ട്, പിതാവേ, അങ്ങയുടെ വിശുദ്ധി ഈ ഭൂമിയിൽ വെളിപ്പെടുത്തണമേ; ആ പ്രക്രിയയിൽ പങ്കുകാരാകാൻ ഞങ്ങളെയും ശക്തിപ്പെടുത്തണമേ എന്ന് ഈ യാചനയെ പരാവർത്തനം ചെയ്യാം. അപ്പോൾ ഇത് ഒരു യാചനയും അതേസമയം ഒരു ആഹ്വാനവും ആയിത്തീരുന്നു. ദൈവത്തോടു യാചിക്കുന്നതിനോടൊപ്പം നമ്മുടെ കടമയെക്കുറിച്ച് ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. പിതാവേ, അവിടുത്തെ മക്കളായ ഞങ്ങളിലൂടെ അവിടുത്തെ വിശുദ്ധി സകലർക്കും ദൃശ്യമാകാൻ സഹായിക്കണേ; ഞങ്ങൾ നിമിത്തം യാതൊരു വിധത്തിലും അങ്ങയുടെ നാമം ദുഷിക്കപ്പെടാൻ ഇടവരുത്തരുതേ. ഇത് ഏഴു യാചനകളിൽ ആദ്യത്തേതാണ്. തുടർന്നു വരുന്നവയെ ഈ യാചനയുടെ വിശദീകരണങ്ങളായി കാണാൻ കഴിയും.

# 6

## രാജ്യവും ഹിതവും

യേശു പഠിപ്പിച്ച പ്രാർത്ഥന മത്തായിയും ലൂക്കായും അവതരിപ്പിക്കുന്നുണ്ട്; രണ്ട് അവതരണങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങളുമുണ്ട് എന്നു കണ്ടുകഴിഞ്ഞു. മത്തായിയുടെ അവതരണത്തിൽ ഏഴും ലൂക്കായുടേതിൽ അഞ്ചും യാചനകളാണുള്ളത് എന്നും കണ്ടു. രണ്ടു സുവിശേഷങ്ങളിലും കാണുന്ന രണ്ടാമത്തെ യാചനയാണ് ഇവിടെ ചർച്ചാവിഷയം. "അങ്ങയുടെ രാജ്യം വരണം" എന്നതാണ് രണ്ടാമത്തെ യാചന. എന്താണ് ഈ യാചനകൊണ്ട് ഉദ്ദേശിക്കുന്നത്? എന്താണ് "അങ്ങയുടെ രാജ്യം?" ഏതെങ്കിലും ഒരു ഭൂവിഭാഗമാണോ? അതോ ഏതെങ്കിലും പ്രത്യേകമായ ഒരവസ്ഥയോ? തന്നെയുമല്ല, ദൈവരാജ്യം അടുത്തെത്തിയിരിക്കുന്നു, വന്നുകഴിഞ്ഞു, ഇനിയും വരാനിരിക്കുന്നു എന്നിങ്ങനെ വ്യത്യസ്തമായ കാഴ്ചപ്പാടുകൾ സുവിശേഷങ്ങൾ തന്നെ, അതും യേശുവിന്റെ വാക്കുകളിൽ, പറയുമ്പോൾ അർത്ഥം ഗ്രഹിക്കാൻ കൂടുതൽ പ്രയാസമാകുന്നു. അതിനുപുറമേ, മത്തായിയുടെ അവതരണത്തിൽ കാണുന്ന "അങ്ങയുടെ ഹിതം സ്വർഗ്ഗത്തിലേതുപോലെ ഭൂമിയിലും ആകണമേ" എന്ന യാചന ലൂക്കായിൽ ഇല്ല എന്നതും ശ്രദ്ധേയം. എന്തേ ഈ വ്യത്യാസം?

ഒരേ കാര്യം വ്യത്യസ്തവാക്കുകളിൽ അവതരിപ്പിക്കുന്നതിലൂടെ ഒരാശയത്തിന് ഊന്നൽനല്കുന്നത് സെമിറ്റിക് ഭാഷകളുടെ ഒരു സവിശേഷതയാണെന്ന് കണ്ടുകഴിഞ്ഞു. അതനുസരിച്ച്, ലൂക്കാ സുവിശേഷകൻ ആവർത്തനങ്ങൾ ഒഴിവാക്കുക പതിവാണെന്നും നാം കണ്ടു. ഈ പശ്ചാത്തലത്തിൽ മത്തായി എഴുതിയ സുവിശേഷത്തിലെ കർത്തൃപ്രാർത്ഥനയിൽ കാണുന്ന ഏഴു യാചനകൾ ലൂക്കായിൽ അഞ്ചായി ചുരുങ്ങിയിരിക്കുന്നു. ഒരേ ആശയത്തിന്റെ ആവർത്തനം ഒഴിവാക്കുന്ന പ്രവണതയാണ് ഇതിനു കാരണം എന്നു കരുതാനാവും. ഈ അഭിപ്രായം സ്വീകരിച്ചാൽ ചോദ്യവിഷയത്തിലേക്ക് നിർണ്ണായകമായൊരു ഉൾക്കാഴ്ച ലഭിക്കുന്നു.

അങ്ങയുടെ രാജ്യം, അങ്ങയുടെ ഹിതം എന്നു മത്തായിയിൽ കാണുന്ന യാചനകൾ ഒരേ കാര്യത്തിന് ഊന്നൽ നല്കുന്ന വിശദീകരണമാണെന്നും അതുകൊണ്ട് അങ്ങയുടെ ഹിതത്തെ സംബന്ധി യാചന ലൂക്കാ ഒഴിവാക്കുന്നതാണെന്നും കരുതാനാവും. അപ്പോൾ ''അങ്ങയുടെ രാജ്യം" എന്നതിന്റെ വിശദീകരണമായി "അങ്ങയുടെ ഹിതം" മനസിലാക്കാൻ കഴിയും. ഈ ഒരു ഉൾക്കാഴ്ച മനസിൽ വച്ചുകൊണ്ട് "ദൈവരാജ്യം" എന്ന വിഷയം വിശകലനം ചെയ്യാനാണ് തുടർന്നു ശ്രമിക്കുന്നത്.

യേശുവിന്റെ പ്രബോധനങ്ങളിൽ ഏറ്റം മുന്നിട്ടുനിന്ന ഒരു വിഷയമാണ് ദൈവരാജ്യം. മാത്രമല്ല, യേശു പ്രഘോഷിക്കുന്ന സുവിശേഷത്തിന്റെ കാതൽ എന്നുതന്നെ ഇതിനെ വിശേഷിപ്പിക്കണം. ദൈവരാജ്യത്തിന്റെ സാമീപ്യം അറിയിച്ചുകൊണ്ടാണ് യേശു തന്റെ ദൗത്യം ആരംഭിക്കുന്നത്. യേശു പ്രവർത്തിച്ച അത്ഭുതങ്ങൾ മാത്രമല്ല, അവിടുത്തെ ജീവിതശൈലിയും മനുഷ്യരോടുള്ള സമീപനങ്ങളും ദൈവരാജ്യത്തിന്റെ അടയാളങ്ങളായിരുന്നു. അവിടുത്തെ പ്രബോധനങ്ങൾ ദൈവരാജ്യത്തിന്റെ സാന്നിധ്യവും സ്വഭാവവും വ്യക്തമാക്കുന്നതായിരുന്നു. അതിനാൽ സംശയമില്ല, ദൈവരാജ്യം സുവിശേഷത്തിന്റെ കേന്ദ്രമാണ്. അതിനാൽ എന്താണ് ദൈവരാജ്യം എന്ന വിഷയം അർത്ഥമാക്കുന്നത് എന്ന് അടുത്ത്  പരിശോധിക്കേണ്ടിയിരിക്കുന്നു.

ദൈവത്തിന്റെ തിരഞ്ഞെടുപ്പിനും പ്രത്യേകമായ സ്നേഹസംരക്ഷണങ്ങൾക്കും പാത്രീഭൂതരായ ഒരു ജനതയാണ് തങ്ങൾ എന്നു വിശ്വസിക്കുകയും സ്വയം വിശേഷിപ്പിക്കുകയും ചെയ്തിരുന്ന ഇസ്രായേൽ ജനത്തിന്റെ മധ്യത്തിലാണ് യേശു ജീവിച്ചതും പ്രവർത്തിച്ചതും പഠിപ്പിച്ചതും. ആ പ്രബോധനത്തിന്റെ കേന്ദ്രവത്തായ വിഷയമാണ് ദൈവരാജ്യമെങ്കിൽ യേശുവിന്റെ അനുവാചകർ അതിനെ എങ്ങനെ കണ്ടു, അവരുടെ കാഴ്ചപ്പാട് യേശു അംഗീകരിച്ചോ അതോ തിരുത്തിയോ എന്ന ചോദ്യങ്ങൾ പ്രസക്തമാകുന്നു. അതിനാൽ ദൈവരാജ്യത്തെക്കുറിച്ച് യേശുവിന്റെ സമകാലികരുടെ ഇടയിൽ നിലവിലിരുന്ന വിശ്വാസങ്ങളും പ്രതീക്ഷകളും എന്തായിരുന്നു എന്നു കാണണം.

### 1. ദൈവരാജ്യം ഇസ്രായേൽ ജനത്തിന്റെ കാഴ്ചപ്പാടിൽ

ദൈവജനമായ ഇസ്രായേലിനു ലഭിച്ച ദൈവിക വെളിപാടുകളുടെയും അതിനോടുള്ള ജനത്തിന്റെ പ്രതികരണങ്ങളുടെയും

വിവരണമാണ് പഴയനിയമം എന്നു നാം വിശേഷിപ്പിക്കുന്ന ബൈബിൾ ഭാഗത്തിന്റെ ഉള്ളടക്കം. ഇസ്രായേൽ ജനം കടന്നുപോന്ന വഴികൾ വിശുദ്ധഗ്രന്ഥം എന്ന് അവർ വിശേഷിപ്പിക്കുന്ന പഴയനിയമഗ്രന്ഥങ്ങളിൽ കാണാം. പ്രപഞ്ചസൃഷ്ടിമുതൽ രക്ഷകന്റെ ആഗമനം വരെയുള്ള ചരിത്രം ഈ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പഴയനിയമത്തിലെ 46 ഗ്രന്ഥങ്ങളിൽ ദൈവരാജ്യത്തെക്കുറിച്ച് പടിപടിയായി വ്യക്തത നേടുന്ന ഉൾക്കാഴ്ചകൾ ദൃശ്യമാണ്.

ദൈവരാജ്യത്തിന്റെ നാൾവഴികൾ തേടിയുള്ള പ്രയാണം ബൈബിളിന്റെ തുടക്കത്തിൽത്തന്നെ തുടങ്ങാം. പ്രപഞ്ചസൃഷ്ടിയും പതനവും രക്ഷാചരിത്രം ആവശ്യമായി വന്ന സാഹചര്യങ്ങളും വിവരിക്കുന്നിടത്ത് ദൈവരാജ്യം എന്ന ഒരു ആശയമേ ഇല്ല. മനുഷ്യൻ ദൈവത്തോടൊന്നിച്ച്, തിരുഹിതം അനുസരിച്ച്, ജീവിക്കുന്ന അവസ്ഥയെ പറുദീസാ എന്നു വിശേഷിപ്പിക്കുന്നു. പാപംമൂലം ദൈവവുമായുള്ള ബന്ധം വിച്ഛേദിച്ചവർ പരസ്പരം വെറുത്തു, അകന്നു, ചിതറി. ഇതാണ് ആദിചരിത്രം (ഉൽപ 1-11) അവതരിപ്പിക്കുന്ന ചിത്രം. തുടർന്നുവരുന്ന പൂർവ്വപിതാക്കന്മാരുടെ ചരിത്രം (ഉൽപ 12-50) കൂടെ നടക്കുന്ന ദൈവത്തെ അവതരിപ്പിക്കുന്നു. അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നീ പൂർവ്വപിതാക്കന്മാർ ഇടയന്മാരായിരുന്നു. അവർക്ക് അനുഭവവേദ്യമായ ദൈവചിത്രം ഇടയന്റേതായിരുന്നു. നയിക്കുന്ന, സംരക്ഷിക്കുന്ന, വാഗ്ദാനങ്ങൾ നല്കി കാത്തുപാലിക്കുന്ന ഇടയനാണ് അവർക്കു ദൈവം.

പുറപ്പാടു സംഭവത്തിൽ (പുറ-നിയമ) ദൈവം സർവ്വോപരി വിമോചകനായി പ്രത്യക്ഷപ്പെട്ടു. അടിമകളുടെ നിലവിളി കേട്ട് ഇറങ്ങിവന്ന്, അവരെ മോചിപ്പിച്ച്, സ്വന്തമായൊരു ദേശത്തേക്കു നയിക്കുന്ന വിമോചകനും യോദ്ധാവുമാണ് ദൈവം. സീനായ് മലയിൽവച്ച് ദൈവം അവരുമായി ചെയ്യുന്ന ഉടമ്പടിയിലാണ് ദൈവത്തിന്റെ രാജത്വത്തെയും രാജ്യത്തെയും കുറിച്ചുള്ള സൂചന ആദ്യമായി കാണുന്നത്; "*നിങ്ങൾ എന്റെ വാക്കു കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനതകളിലും വച്ച് എനിക്ക് ഏറ്റം പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും. കാരണം ഭൂമി മുഴുവൻ എന്റേതാണ്. നിങ്ങൾ എനിക്കു പുരോഹിത രാജ്യവും വിശുദ്ധ ജനവും ആയിരിക്കും*" (പുറ

19,5-6). ആഴമേറിയ ധ്വനികൾ ഉൾക്കൊള്ളുന്ന ഒരു പ്രയോഗ മാണ് "*പുരോഹിതരാജ്യം - വിശുദ്ധജനം*".

ഇസ്രായേൽ ജനം തന്നെ ദൈവത്തിന്റെ രാജ്യമായി ഇവിടെ പ്രത്യക്ഷപ്പെടുന്നു. ദൈവം തനിക്കുവേണ്ടി തിരഞ്ഞെടുത്തു മാറ്റി നിർത്തിയതാണ് വിശുദ്ധജനം. ദൈവത്തിനു സ്വയം കാഴ്ചയായി സമർപ്പിക്കുന്നവരാണ് പുരോഹിതർ. അതോടൊപ്പം ദൈവഹിതം ഇതരജനതകളെ അറിയിക്കുകയും, അവർക്കും ദൈവത്തിനും ഇടയിൽ മധ്യവർത്തികളായി കഴിയുകയും ചെയ്യണം, അതാണ് പൗരോഹിത്യത്തിന്റെ അർത്ഥവും ലക്ഷ്യവും. ദൈവഹിതം അനു സരിക്കുന്നിടത്തോളം കാലം മാത്രമേ അവർ ദൈവത്തിനു പുരോ ഹിതരാജ്യമായി തുടരൂ; അഥവാ ദൈവഹിതം പൂർണ്ണമായി നിറ വേറുന്ന അവസ്ഥയാണ് ദൈവരാജ്യം എന്ന ഒരു സൂചന ഇതിൽ നിന്നു ലഭിക്കുന്നു. ഇവിടെ ദൈവമാണ് രാജാവ്; ജനം അവിടു ത്തെ പ്രജകൾ. അവരിൽ ദൈവരാജ്യം യാഥാർത്ഥ്യമാകുന്നു; ദൃശ്യമാകുന്നു. സീനായ് ഉടമ്പടിയിലൂടെ ഉറപ്പിച്ചതാണ് ഈ ബന്ധം. ഇതാണ് ദൈവരാജ്യത്തിന്റെ അടിസ്ഥാനം.

## ഇസ്രായേലിലെ രാജഭരണം

എന്നാൽ ജനം ആഴമേറിയ ഈ ഉൾക്കാഴ്ച സാവധാനം മറന്നു, അഥവാ പൂർണ്ണമായും ഗ്രഹിച്ചില്ല. ജോഷ്വായുടെ നേതൃ ത്വത്തിൽ അവർക്കു സ്വന്തമായൊരു രാജ്യം ലഭിച്ചു. ന്യായാധി പന്മാർ എന്നറിയപ്പെടുന്ന നേതാക്കന്മാർ വഴി ദൈവം അവരെ അപകടങ്ങളിൽനിന്നും ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നും രക്ഷിച്ചു. പക്ഷേ കാലക്രമത്തിൽ ഈ സംരക്ഷണം പോരാ എന്ന വർക്കു തോന്നി. തങ്ങളെ സംരക്ഷിക്കാൻ മറ്റു ജനതകൾക്കു ള്ളതുപോലെ ഒരു രാജാവിനെ തങ്ങൾക്കും വേണം എന്ന് അവർ ശഠിച്ചു (1 സാമു 8,1-5).

ജനത്തിന്റെ ശാഠ്യം നേതാവായ സാമുവേലിന് ഇഷ്ടമായില്ല. പക്ഷേ ദൈവം സാമുവേലിനോട് പറഞ്ഞു: "*ജനം പറയുന്നതു കേൾക്കുക. അവർ നിന്നെയല്ല, തങ്ങളുടെ രാജാവായ എന്നെ യാണ് തിരസ്കരിച്ചിരിക്കുന്നത്*" (1 സാമു 8,7). ഇതുവരെ ദൈ വമായിരുന്നു ഇസ്രായേലിന്റെ രാജാവ് എന്ന് ഈ പ്രസ്താവന വ്യക്തമാക്കുന്നു. മാത്രമല്ല, ദൈവഹിതത്തിനു വിരുദ്ധമായി ഇസ്രാ യേൽചരിത്രത്തിലേക്കു കടന്നുവന്ന ഒന്നാണ് രാജഭരണം എന്ന സംവിധാനം എന്നും ഇതു സൂചിപ്പിക്കുന്നു. എന്നാൽ ദൈവം

തന്നെയാണ് ഇസ്രായേലിനുവേണ്ടി രാജാവിനെ തിരഞ്ഞെടുത്തു കൊടുത്തതും പ്രവാചകനിലൂടെ അഭിഷേചിച്ച് അവരോധിച്ചതും എന്നുപറയുന്ന ബൈബിൾ ഭാഗങ്ങളുമുണ്ട്. സാവൂളും (1 സാമു 9–11) ദാവീദും (1 സാമു 16,1–13) ഇപ്രകാരം അഭിഷിക്തരായവ രാണ്.

## രാജഭരണത്തിന്റെ ഗുണങ്ങൾ

രാജഭരണത്തെക്കുറിച്ചുള്ള പരസ്പരവിരുദ്ധമായ, ഈ രണ്ടു കാഴ്ചപ്പാടുകൾ ഇസ്രായേൽ ജനത്തിന്റെ അനുഭവത്തിൽനിന്നു തന്നെ രൂപം കൊണ്ടതാണ്. ഒരുവശത്തുനിന്നു നോക്കുമ്പോൾ രാജഭരണം വളരെ നല്ലതും ഉപകാരപ്രദവുമായിരുന്നു. രാജഭര ണകാലത്താണ് തങ്ങൾ ഒരു ജനതയും രാജ്യവും ആണെന്ന അവബോധവും ആത്മാഭിമാനവും ജനത്തിൽ വേരൂന്നിയത്. ശത്രു ക്കളിൽ നിന്നു സംരക്ഷണം, സുരക്ഷിതമായ അതിർത്തികൾ, സാമ്പത്തിക ഉന്നമനം എന്നിങ്ങനെ നിരവധി നേട്ടങ്ങൾ രാജ ഭരണം വഴിയാണു ലഭിച്ചത്. ജനത്തിനു കേന്ദ്രമായി ഒരു രാ ഷ്ട്രീയ തലസ്ഥാനവും, എല്ലാവരെയും ഒരുമിപ്പിക്കുന്ന ജറുസലെം ദേവാലയവും രാജഭരണത്തിന്റെ നേട്ടങ്ങളായി കരുതാം. അതി നാൽ ദൈവം കനിഞ്ഞുനല്കിയതാണ് ഇസ്രായേലിലെ രാജ ഭരണം എന്ന ഒരു വീക്ഷണം ബൈബിളിൽ ശക്തമാണ്.

ദാവീദിന്റെ കാലത്ത് ഈ വീക്ഷണം പ്രബലപ്പെട്ടു. ദാവീ ദിനെ രാജാവായി നിശ്ചയിച്ച് അഭിഷേകം ചെയ്തതു ദൈവ മാണ്. ദാവീദിന്റെ സന്തതിപരമ്പരയിലൂടെ ഇസ്രായേലിൽ ഈ രാജത്വം എന്നേക്കും നിലനില്ക്കും എന്ന പ്രതീക്ഷ ഉണർത്തു ന്നതായിരുന്നു നാഥാന്റെ പ്രവചനം. താൻ കൊട്ടാരത്തിൽ വസി ക്കുമ്പോൾ കർത്താവിന്റെ സാന്നിധ്യത്തിന്റെ അടയാളമായ ഉട മ്പടിയുടെ പേടകം കൂടാരത്തിൽ ഇരിക്കുന്നതു ശരിയല്ല; കർത്താ വിനുവേണ്ടി ഒരാലയം പണിയണം എന്ന് ദാവീദ് ആഗ്രഹിച്ചു. പ്രവാചകൻ നാഥാൻ ആ ആഗ്രഹത്തെ പ്രോത്സാഹിപ്പിച്ചു.

എന്നാൽ കർത്താവു നാഥാൻവഴി അരുളിച്ചെയ്തു: "*എനിക്കു വസിക്കാൻ നീ ഒരാലയം പണിയുമോ?... ഞാൻ നിന്നെ ഒരു വംശമായി ഉയർത്തും... ദിനങ്ങൾ തികഞ്ഞ് നീ പൂർവ്വികരോടു ചേരുമ്പോൾ നിന്റെ ഔരസപുത്രനെ ഞാൻ ഉയർത്തി അവന്റെ രാജ്യം സുസ്ഥിരമാക്കും. അവൻ എനിക്ക് ഒരാലയം പണിയും; അവന്റെ രാജസിംഹാസനം ഞാൻ എന്നേക്കും സ്ഥിരപ്പെടുത്തും...*

*നിന്റെ കുടുംബവും രാജത്വവും എന്റെ മുമ്പിൽ സ്ഥിരമായിരിക്കും. നിന്റെ സിംഹാസനം എന്നേക്കും നിലനില്ക്കും*" (2 സാമു 7,5-16).

എന്നേക്കും നിലനില്ക്കുന്ന രാജ്യവും സിംഹാസനവും ദാവീദിനു നല്കിയ വാഗ്ദാനങ്ങളുടെ ഭാഗമാണ്. ഇതിൽ അടിയുറച്ചു വിശ്വസിച്ച ഇസ്രായേൽ ജനം ശാശ്വതമായൊരു രാജ്യത്തെ പ്രതീക്ഷിച്ചു. ദാവീദിന്റെ സന്തതിപരമ്പരയിലൂടെ ദൈവം തങ്ങളെ എന്നേക്കും ഭരിക്കും എന്ന വിശ്വാസം തലമുറകളിലൂടെ കൈമാറപ്പെട്ടു. ഇസ്രായേൽ രാജാവ് ദൈവത്തിന്റെ ദത്തുപുത്രനായി കരുതപ്പെട്ടു. രാജാഭിഷേകസമയത്ത് പുരോഹിതൻ നടത്തുന്ന പ്രഖ്യാപനം ഇതു സ്ഥിരീകരിക്കുന്നു. "*കർത്താവ് എന്നോടരുളിച്ചെയ്തു: നീ എന്റെ പുത്രനാണ്; ഇന്നു ഞാൻ നിനക്കു ജനനം നല്കി*" (സങ്കീ 2,7).

## രാജവാഴ്ചയിലെ വീഴ്ചകൾ

എന്നാൽ ഏറ്റം വിശുദ്ധനെന്നു കരുതുന്ന ദാവീദിനു പോലും മാരകമായ വീഴ്ചകൾ സംഭവിച്ചു (2 സാമു 11-12). തുടർന്നുവന്ന രാജാക്കന്മാരിൽ ചുരുക്കം പേരൊഴികെ എല്ലാവരും തികച്ചും പരാജയപ്പെട്ടു. വലിയ ജ്ഞാനിയായ സോളമന്റെ ദുർഭരണം ജനത്തിനു താങ്ങാനാവാത്ത ഭാരമായി. ഭാരംകുറയ്ക്കാൻ പിൻഗാമി വിസമ്മതിച്ചു. രാജ്യം രണ്ടായി പിളർന്നു (1 രാജാ 12,14-19). തുടർന്നുള്ള ചരിത്രം രാജഭരണത്തിൻകീഴിൽ ജനം നേരിട്ട ദുരന്തങ്ങൾ വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. ഇരുനൂറുവർഷത്തെ ഭരണത്തിനുശേഷം വടക്കൻരാജ്യമായ ഇസ്രായേൽ ബി.സി. 721-ൽ നാമാവശേഷമായി. ഏകദേശം 150 വർഷങ്ങൾകൂടി നാമമാത്രമായ രാജത്വം തുടർന്ന യൂദായും ബി.സി. 587-ൽ തകർന്നു. രാജാവും ജനവും അടിമകളാക്കപ്പെട്ടു. ബാബിലോൺ പ്രവാസം ആരംഭിച്ചു. അങ്ങനെ രാജഭരണം എന്ന സംരംഭം ഇസ്രായേലിൽ എന്നേക്കുമായി അവസാനിച്ചു.

## പ്രവാചകവീക്ഷണം

മാനുഷികമായ രാജാക്കന്മാരുടെ നിരന്തരമായ പരാജയങ്ങളുടെ പശ്ചാത്തലത്തിൽ രാജത്വത്തെയും രാജ്യത്തെയും കുറിച്ച് മറ്റൊരു കാഴ്ചപ്പാട് രൂപംകൊണ്ടു. പ്രവാചകന്മാർ വ്യത്യസ്തമായൊരു രാജ്യത്തെ സ്വപ്നം കണ്ടു. രാജഭരണകാലത്ത് മങ്ങലേൽക്കുകയും സാവകാശം ജനമനസുകളിൽ നിന്നു മാഞ്ഞുപോകു

കയും ചെയ്ത "*ദൈവം രാജാവ്*" എന്ന കാഴ്ചപ്പാട് പ്രവാചക ന്മാരിലൂടെ പുതുജീവൻ പ്രാപിച്ചു. തകർന്നടിയുന്ന ദാവീദിന്റെ ഭവനത്തിൽനിന്നു തന്നെ ദൈവം പുതിയൊരു രാജാവിനെ ഉയർ ത്തും. അവൻ പുതിയൊരു രാജ്യം സ്ഥാപിക്കും, സകല ജനതക ളെയും ഉൾക്കൊള്ളുന്നത്ര വിശാലമായൊരു രാജ്യം. ഈ രാജ്യത്തെ രാജാവ് മിശിഹാ രാജാവ് എന്നറിയപ്പെടും. അവന്റെ ഭരണം എന്നേക്കും നിലനില്ക്കും. ഇപ്രകാരമുള്ള പ്രതീക്ഷകൾ ഉണർത്തിയ പ്രവാചകന്മാരിൽ പ്രമുഖൻ ഏശയ്യ ആയിരുന്നു. ഏശ 7,14-17; 9,1-7; 11,1-9;32,1-20; 35,1-10 എന്നിങ്ങനെ നിരവധി പ്രവചനങ്ങൾ ഭാവിരാജാവിനെയും രാജ്യത്തെയും കുറിച്ച് മനോ ഹരമായ ചിത്രങ്ങൾ വരച്ചുകാട്ടി. അങ്ങനെ ദാവീദിന്റെ പുത്ര നായ മിശിഹായും മിശിഹാ സ്ഥാപിക്കുന്ന രാജ്യവും ജനത്തിനു പ്രതീക്ഷ നല്കി.

എന്നാൽ, ഈ പ്രവചനങ്ങളൊന്നും കേൾവിക്കാർ പ്രതീ ക്ഷിച്ചത്ര വേഗത്തിൽ യാഥാർത്ഥ്യമായില്ല. തന്നെയുമല്ല, ബി.സി. 587-ൽ രാജകൊട്ടാരവും ദേവാലയവും അടക്കം ജറുസലെം മുഴു വൻ തകർത്തു തരിപ്പണമാക്കിയ നബുക്കദ്ദേസറിന്റെ സൈന്യം ബാബിലോണിന്റെ ആധിപത്യം ജറുസലെമിൽ സ്ഥാപിച്ചു. ദൈവം മോചിപ്പിച്ച ജനം ഈജിപ്തിലേതിനു സമാനമായ ഒര ടിമത്തത്തിലായി.

## പ്രവാസികൾക്കു പ്രതീക്ഷ

ദൈവം തങ്ങളെ എന്നേക്കുമായി പരിത്യജിച്ചു എന്ന ധാര ണയിൽ പ്രത്യാശ നഷ്ടപ്പെട്ട് ദുഃഖത്തിലും നിരാശയിലും ആണ്ടു പോയ ജനത്തിനു പുതിയ വാഗ്ദാനങ്ങളിലൂടെ ധൈര്യവും പ്രതീ ക്ഷയും നല്കിയതാണ് രണ്ടാം ഏശയ്യാ എന്നറിയപ്പെടുന്ന, പ്രവാ ചകൻ. ഈ പ്രവചനങ്ങളിൽ ദൈവത്തെയും ദൈവരാജ്യത്തെയും കുറിച്ച് പുതിയ സ്വപ്നങ്ങൾ വിരിയുന്നതു കാണാം. "*ആശ്വാസ ത്തിന്റെ പുസ്തകം*" (*Book of Consolation*) എന്നാണ് ഈ ഭാഗം അറിയപ്പെടുന്നത്. ദൈവം തന്റെ ജനത്തെ ആശ്വസിപ്പിക്കും; അടിമത്തം അവസാനിപ്പിച്ച്, ഇടയൻ ആടുകളെ എന്നപോലെ, ദൈവം ജനത്തെ വീണ്ടും വാഗ്ദത്തഭൂമിയിലേക്കു നയിക്കും എന്ന താണു രണ്ടാം ഏശയ്യായുടെ മുഖ്യസന്ദേശം.

ദൈവം സർവ്വശക്തനാണ്. എല്ലാ ജനതകളും ദൈവത്തിന്റെ ആധിപത്യത്തിൻകീഴിൽ സുരക്ഷിതരും സന്തുഷ്ടരുമായി കഴിയും.

ഇസ്രായേൽ ജനത്തെ ദൈവം പ്രത്യേകമായി കാത്തുപാലിക്കും. ഒരിക്കലും വിസ്മരിക്കുകയില്ല, എപ്പോഴും കൂടെ ഉണ്ടാകും, എല്ലാ അപകടങ്ങളിലും നിന്നു കാത്തുരക്ഷിക്കും എന്നിങ്ങനെയുള്ള നിരവധി വാഗ്ദാനങ്ങൾക്കിടയിൽ ആസന്നമായിരിക്കുന്ന വിമോചനത്തെക്കുറിച്ചു നടത്തുന്ന ഒരു പ്രഖ്യാപനം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. നഷ്ടപ്പെട്ടുപോയ മക്കളെ ഓർത്തു വിലപിക്കുന്ന ഒരമ്മയോടാണ് പ്രവാചകൻ ഇസ്രായേലിന്റെ പ്രതീകമായ ജറുസലെമിനെ ഉപമിക്കുന്നത്. ബാബിലോണിൽ പ്രവാസികളായി കഴിയുന്ന മക്കൾ എന്നേക്കുമായി നഷ്ടപ്പെട്ടു എന്നു കരുതി വിരഹദുഃഖത്തിൽ കേഴുന്ന ഈ അമ്മയ്ക്കു നല്കുന്ന വാഗ്ദനാമാണ് ഇവിടെ ശ്രദ്ധാകേന്ദ്രം.

"*സീയോനേ, ഉണർന്നെഴുന്നേല്ക്കുകഹ; ശക്തി സംഭരിക്കുക... ബന്ധനസ്ഥയായ ജറുസലെമേ, പൊടിയിൽ നിന്ന് തട്ടുക്കുടഞ്ഞ് എഴുന്നേല്ക്കുക. ബന്ധനസ്ഥയായ സീയോൻപുത്രി, നിന്റെ കഴുത്തിലെ കെട്ടുകൾ പൊട്ടിക്കുക... സദ്വാർത്ത അറിയിക്കുകയും സമാധാനം വിളംബരം ചെയ്യുകയും രക്ഷയുടെ സന്ദേശം പ്രഘോഷിക്കുകയും* ***നിന്റെ ദൈവം ഭരിക്കുന്നു*** *എന്ന് സീയോനോടു പറയുകയും ചെയ്യുന്നവന്റെ പാദം മലമുകളിൽ എത്ര മനോഹരമം!*" (ഏശ 52,1-7).

വിദൂരസ്ഥമായ ബാബിലോണിൽനിന്ന് വലിയൊരു സന്തോഷവാർത്തയുമായി പാഞ്ഞുവരുന്ന ദൂതനാണ് ഒലിവുമലയിൽ പ്രത്യക്ഷപ്പെടുന്നത്. മക്കളെ നോക്കി കണ്ണീരൊഴുക്കുന്ന അമ്മയ്ക്ക് ആ ദൂതൻ നല്കുന്ന സദ്വാർത്ത ഇതാണ്: "*നിന്റെ ദൈവം ഭരിക്കുന്നു*" (52,7). *മല്ആക് ഏലോഹെയ്കാ* എന്നാണ് ഹീബ്രു മൂലം. "*മേലെക്*" എന്ന നാമവും "*മല്ആക്*" എന്ന ക്രിയയും ഒരേ ധാതുവിൽ നിന്നുവരുന്നു. രാജാവ് എന്നാണ് നാമത്തിനർത്ഥം. അപ്പോൾ "*രാജാവായിരിക്കുന്നു*" എന്നാവണം അക്ഷരാർത്ഥത്തിലുള്ള വിവർത്തനം. നിന്റെ ദൈവം രാജാവായിരിക്കുന്നു. ഭരണം നടത്തുന്നു എന്നാണ് സൂചന എന്നതിൽ സംശയമില്ല. എന്നാലും രാജാവായിരിക്കുന്നു എന്ന അക്ഷരാർത്ഥവിവർത്തനം ആശയം കൂടുതൽ വ്യക്തമാക്കാൻ സഹായിക്കും.

ആരാണ് യഥാർത്ഥത്തിൽ രാജാവ് എന്ന ചോദ്യം ഉണർത്തുന്നതായിരുന്നു ജറുസലെമിന്റെ നാശവും ബാബിലോൺ പ്രവാസവും. ജനതകൾ തമ്മിൽ നടക്കുന്ന യുദ്ധം വാസ്തവ

ത്തിൽ ഓരോ ജനതയുടെയും ദൈവങ്ങൾ തമ്മിലുള്ള യുദ്ധമാണെന്ന് അന്നു വിശ്വസിച്ചിരുന്നു. ശക്തനായ ദൈവം ജയിക്കുന്നു. ആ ദൈവത്തിന്റെ ജനം സ്വതന്ത്രരാകുന്നു, ഭരിക്കുന്നു. ഈ കാഴ്ചപ്പാടാണ് ഈജിപ്തിൽനിന്നുള്ള മോചനത്തിൽ പ്രതിഫലിച്ചത്. എന്നാൽ ബാബിലോണിന്റെ വിജയം ഇസ്രായേലിനെ നിരാശയിലാഴ്ത്തി. തങ്ങളുടെ ദൈവം പരാജയപ്പെട്ടുവോ? അവർ സംശയിച്ചു. ഇപ്പോൾ ഉത്തരം ലഭിക്കുന്നു. ദൈവം തന്റെ സകല ശത്രുക്കളെയും പരാജയപ്പെടുത്തി, ഈ ഭൂമിയിൽ ഭരണം നടത്തുന്നു. "*ദൈവം രാജാവിയിരിക്കുന്നു*" എന്ന പ്രസ്താവനയുടെ അർത്ഥം ഇതാണ്.

ദൈവരാജ്യത്തെ സംബന്ധിച്ച നിർണ്ണായകമായൊരു ഉൾക്കാഴ്ച നല്കുന്നതാണ് ഈ പ്രസ്താവന. ബാബിലോൺ ചക്രവർത്തിയോ മറ്റാരെങ്കിലുമോ അല്ല, ഇസ്രായേലിന്റെ ദൈവമാണ് യഥാർത്ഥത്തിൽ ഈ ഭൂമിയുടെ അധിപൻ; ദൈവമാണ് ഈ ഭൂമിയിൽ ഭരണം നടത്തുന്നത്. ദൈവം രാജാവായിരിക്കുന്നു എന്നാൽ ദൈവം തന്റെ ഭരണം ഈ ഭൂമിയിൽ നടപ്പാക്കുന്നു എന്നു തന്നെയാണർത്ഥം. അതിനാൽ ദൈവരാജ്യം എന്നാൽ "*ദൈവഭരണം*" എന്നും "*ദൈവഹിതം പൂർണ്ണമായി നടപ്പിലാകുന്ന അവസ്ഥ*" എന്നും വിശദീകരിക്കാം.

രണ്ടാം ഏശയ്യായുടെ കാഴ്ചപ്പാടിൽ ഇസ്രായേൽ ജനത്തിനു പുതിയൊരു ദൗത്യമുണ്ട്, ലോകജനതകൾക്കു മധ്യേ പ്രകാശമായി വർത്തിക്കുക. ഇസ്രായേൽ ആരാധിക്കുന്ന യാഹ്വേ ഇസ്രായേലിന്റെ മാത്രം ദൈവമല്ല, സകല ജനതകളുടെയും ദൈവമാണ്. സത്യത്തിൽ യാഹ്വേ അല്ലാതെ മറ്റൊരു ദൈവമില്ല. ആ ദൈവത്തിന്റെ സാക്ഷികളും പുരോഹിതരും പ്രവാചകരുമായി ലോകജനതകൾക്കു മധ്യേ വർത്തിക്കാനുള്ള ദൗത്യമാണ് ഇസ്രായേലിനെ ദൈവം ഏല്പിച്ചിരിക്കുന്നത്.

## സങ്കീർത്തനങ്ങളിൽ വിരിയുന്ന ദൈവരാജ്യചിത്രം

ഇസ്രായേൽ ജനത്തിന്റെ പ്രാർത്ഥനാസമാഹാരമാണ് സങ്കീർത്തനങ്ങൾ. ഏകദേശം ആയിരം വർഷത്തിനിടയിൽ രചിക്കപ്പെട്ട 150 കീർത്തനങ്ങളുടെ ഈ സമാഹാരത്തിൽ ദൈവരാജ്യത്തെക്കുറിച്ച് വിലയേറിയ ചില കാഴ്ചപ്പാടുകൾ പ്രത്യക്ഷപ്പെടുന്നുണ്ട്. പ്രപഞ്ചസ്രഷ്ടാവും പരിപാലകനുമായ ദൈവം തന്നെയാണ് രാജാവ് എന്നതത്രേ അടിസ്ഥാനപരമായ കാഴ്ചപ്പാട്. സ്രഷ്ടാവും

പരിപാലകനുമായ ദൈവം എല്ലാവരെയും നീതിപൂർവ്വം ഭരിക്കുന്നു.

അതിനാൽ ദൈവം തന്നെയാണ് രാജാവ്. ഇസ്രായേൽ ജനത്തിന്റെ മാത്രമല്ല, ലോകജനതകളുടെ മുഴുവൻ രാജാവാണ് യാഹ്‌വേ എന്ന പേരിൽ ഇസ്രായേൽ ജനത്തിനു സ്വയം വെളിപ്പെടുത്തിയ ദൈവം. ദൈവം തന്റെ ഭരണം ഈ ഭൂമിയിൽ നടപ്പിലാക്കുന്നു. എല്ലാവരും അവിടുത്തെ ഹിതമനുസരിച്ച്, അവിടുത്തെ രാജത്വം അംഗീകരിച്ച്, സുരക്ഷിതരും സന്തുഷ്ടരുമായി കഴിയണം.

ഈ കാഴ്ചപ്പാട് വിശദമായി അവതരിപ്പിക്കുന്ന ആറു സങ്കീർത്തനങ്ങളുണ്ട്. 47, 93, 96, 97, 98, 99 ദൈവരാജ്യത്തിന്റെ വിവിധ വശങ്ങൾ ഈ സങ്കീർത്തനങ്ങൾ വിവരിക്കുന്നു. "*അവിടുന്ന് ഭൂമി മുഴുവന്റെയും രാജാവാണ്*" (47, 2). "*കർത്താവ് വാഴുന്നു. അവിടുന്ന് മഹത്വമണിഞ്ഞിരിക്കുന്നു*" (93,1). "*വാഴുന്നു*" എന്നു വിവർത്തനം ചെയ്യുന്നത് "*മല്ആക്*" എന്ന ഹീബ്രുവാക്കാണ്, ഏശയ്യാ 52,7-ൽ കണ്ട അതേ വാക്ക്. രാജാവായി ഭരിക്കുന്നു എന്നാണ് വാച്യാർത്ഥം. ഭൂമി മുഴുവന്റെയും രാജാവായ കർത്താവ് നീതിയും ന്യായവും നടപ്പിലാക്കുന്നവനാണ്. "*അവിടുന്ന് വരുന്നു. അവിടുന്ന് ഭൂമിയെ വിധിക്കാൻ വരുന്നു. അവിടുന്ന് ലോകത്തെ നീതിയോടും ജനതകളെ സത്യത്തോടും കൂടെ വിധിക്കും*" (96,13). ഇതേ വാക്യം തന്നെ 98, 9-ൽ ആവർത്തിക്കുന്നുണ്ട്.

കർത്താവിന്റെ രാജഭരണം ഭൂമിയിൽ നടപ്പിലാകുന്നതിനാൽ പ്രപഞ്ചം മുഴുവൻ സന്തോഷിച്ച് ആനന്ദഗീതങ്ങൾ ആലപിക്കണം (96,1-2). "*കർത്താവ് വാഴുന്നു. ഭൂമി സന്തോഷിക്കട്ടെ*" (97,1). കർത്താവിന്റെ അത്ഭുതകൃത്യങ്ങളെ പ്രതി സ്തുതിപാടുവാൻ ആഹ്വാനം ചെയ്യുന്ന സങ്കീർത്തകൻ തിന്മയുടെ മേൽ ദൈവം നേടിയ വിജയങ്ങളെയാണ് അത്ഭുതകൃത്യങ്ങളായി അവതരിപ്പിക്കുന്നത് (98,1-3). കർത്താവിന്റെ ഭരണം തിന്മയ്ക്കും തിന്മയിൽ തുടരുന്നവർക്കും എതിരായി വിധി നടപ്പിലാക്കും. "*കർത്താവ് വാഴുന്നു. ജനതകൾ വിറകൊള്ളട്ടെ. അവിടുന്ന് കെരൂബുകളുടെ മേൽ സിംഹാസനസ്ഥനായിരിക്കുന്നു; ഭൂമി കുലുങ്ങട്ടെ*" (99,1).

കർത്താവും രാജാവുമായ ദൈവം ഇസ്രായേൽ ജനത്തിന്റെ മേൽ ഭരണം നടത്താനായി രാജാവിനെ നിശ്ചയിച്ചു; അഭിഷേകം

ചെയ്തവരോധിച്ചു. രാജാവിനെ തന്റെ ദത്തുപുത്രനും പ്രതിനിധിയുമായി സ്ഥാപിച്ചു. രാജാഭിഷേകത്തിന്റെ അവസരത്തിൽ പുരോഹിതൻ അഭിഷിക്തനോടു പറയുന്ന ദൈവവചനം ഇതു വ്യക്തമാക്കുന്നു: "*നീ എന്റെ പുത്രനാണ്; ഇന്നു ഞാൻ നിനക്കു ജന്മം നല്കി*" (സങ്കീ 2,7). ദൈവം തന്റെ പ്രതിനിധിയായി, ഭൂമിയിൽ നീതിയും ന്യായവും നടത്താൻവേണ്ടി (സങ്കീ 45, 6-7; 72,1-14) യാണ് രാജാവിനെ നിയോഗിച്ചിരിക്കുന്നത്. രാജകീയ സങ്കീർത്തനങ്ങൾ എന്നറിയപ്പെടുന്ന എട്ടു സങ്കീർത്തനങ്ങളിൽ (2, 45, 72, 89, 101, 110, 132, 144) ഈ ആശയം ആവർത്തിച്ച് അവതരിപ്പിക്കുന്നുണ്ട്.

"*കർത്താവു തന്റെ സിംഹാസനം സ്വർഗ്ഗത്തിൽ സ്ഥാപിച്ചിരിക്കുന്നു. എല്ലാവരും അവിടുത്തെ രാജകീയാധികാരത്തിൻകീഴിലാണ്*" (സങ്കീ 103, 19). "*എന്റെ ദൈവവും രാജാവുമായ അങ്ങയെ ഞാൻ പുകഴ്ത്തും*" (സങ്കീ 145,1). "*കർത്താവേ, അങ്ങയുടെ വിശുദ്ധർ അങ്ങയെ വാഴ്ത്തും. അവിടുത്തെ രാജ്യത്തിന്റെ മഹത്വത്തെപ്പറ്റി അവർ സംസാരിക്കും*" (സങ്കീ 145,11). "*അവിടുത്തെ രാജത്വം ശാശ്വതമാണ്; അവിടുത്തെ ആധിപത്യം തലമുറകളോളം നിലനില്ക്കുന്നു*" (145, 13) മുതലായ പ്രസ്താവനകൾ ഉദാഹരണങ്ങളാണ്. രണ്ടാം ഏശയ്യാ അവതരിപ്പിച്ച ദൈവത്തിന്റെ രാജഭരണമാണ് ഈ സങ്കീർത്തനങ്ങളും പ്രകീർത്തിക്കുന്നത്.

എന്നാൽ, രാജഭരണം ഇസ്രായേലിൽ ആത്യന്തികമായി ഒരു പരാജയമായിരുന്നു. ബി.സി. 587-ൽ ബാബിലോൺ പ്രവാസത്തോടെ രാജഭരണം തന്നെ ഇല്ലാതായി. ഈ സാഹചര്യത്തിൽ മാനുഷികമായ ഒരു രാജാവിനെക്കാൾ ദൈവം തന്നെ രാജാവായി ഭരണം നടത്തും എന്ന വിശ്വാസം ശക്തിപ്പെട്ടു. പ്രവാചകന്മാർ ഈ വിശ്വാസത്തെ ഉറപ്പിച്ചു. ദാവീദിന്റെ വംശത്തിൽ പിറക്കാൻ പോകുന്ന, പുതിയ ഒരു രാജാവിലൂടെ ആയിരിക്കും ദൈവം ശാശ്വതമായ രാജഭരണം നടപ്പിലാക്കുക എന്ന അർത്ഥത്തിൽ സങ്കീർത്തനങ്ങളും പ്രവചനങ്ങളും പുനർവ്യാഖ്യാനം ചെയ്യപ്പെട്ടു. അത് മിശിഹാ രാജാവിലേക്കും ദൈവരാജ്യത്തിലേക്കും ശ്രദ്ധ ക്ഷണിച്ചു.

**പ്രവാസാനന്തരം**

പ്രവാസത്തിൽനിന്നു മടങ്ങി വന്നവർക്ക് രണ്ടാം ഏശയ്യായുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമായില്ല. സാമ്പത്തിക പരാധീ

നത തുടർന്നു. ദാരിദ്ര്യം വീണ്ടും മറ്റൊരു തരം അടിമത്തത്തിലേക്കു നയിച്ചു (നെഹെ 5,1-5). ഇസ്രായേൽ നേതൃത്വം വീണ്ടും തങ്ങളുടെ സങ്കുചിതമനോഭാവത്തിലേക്ക് ഒതുങ്ങി. അമ്പതുവർഷങ്ങൾക്കുശേഷം തിരിച്ചുവന്നെങ്കിലും അവരുടെ രാജത്വം എന്നേക്കുമായി അവസാനിച്ചതുപോലെ തോന്നി. ബാബിലോണിനുശേഷം പേർഷ്യയും തുടർന്ന് സിറിയായും ഇസ്രായേലിന്റെ മേൽ ഭരണം നടത്തി. സിറിയൻ രാജാവായ അന്തിയോക്കസ് നാലാമന്റെ ഭരണകാലത്ത് ഇസ്രായേൽ ജനം തങ്ങളുടെ വിശ്വാസത്തിന്റെ പേരിൽ ആദ്യമായി കഠിനമായ മതപീഡനങ്ങൾക്കിരയായി.

## അപ്പോകാലിപ്റ്റിക് ചിന്തയിൽ

ഈ സാഹചര്യത്തിൽ രാജത്വത്തെയും രാജ്യത്തെയും കുറിച്ച് പുതിയൊരു കാഴ്ചപ്പാട് രൂപംകൊണ്ടു. *അപ്പോകലിപ്റ്റിക് (വെളിപാട്)* എന്നറിയപ്പെടുന്ന ഒരു സാഹിത്യരൂപം പ്രത്യക്ഷപ്പെട്ടു. മാനുഷികരായ ഒരു രാജാവിനും ഈ ഭൂമിയിൽ ശാശ്വതമായ നീതിയും സമാധാനവും സ്ഥാപിക്കാൻ സാധിക്കുകയില്ല. കാരണം ഈ ലോകം അത്രമാത്രം ദുഷിച്ചുപോയിരിക്കുന്നു. അതിനാൽ ദൈവം തന്നെ ചരിത്രത്തിൽ ഇടപെട്ട്, അനീതിക്ക് അറുതി വരുത്തും. ദൈവം തന്നെ ഇവിടെ തന്റെ രാജ്യം സ്ഥാപിക്കും; രാജാവായി വാഴും. എന്നേക്കും ശാന്തിയും സമാധാനവും ഉണ്ടാകും. ചുരുക്കത്തിൽ ഇതാണ് ദൈവരാജ്യത്തെ സംബന്ധിച്ച അപ്പോകാലിപ്റ്റിക് ഗ്രന്ഥങ്ങൾ അവതരിപ്പിക്കുന്ന വീക്ഷണം.

ദൈവം നേരിട്ട് ചരിത്രത്തിൽ ഇടപെട്ട് നീതി നടപ്പിലാക്കും എന്ന അപ്പോകലിപ്റ്റിക് വീക്ഷണത്തിന്റെ തുടക്കം പ്രവാചകന്മാരുടെ കാലത്തുതന്നെ കാണാൻ കഴിയും. ഏശയ്യായുടെ *Little apocalyptic* (*ചെറിയ വെളിപാടുഗ്രന്ഥം*) എന്നു ബൈബിൾ പഠിതാക്കൾ വിശേഷിപ്പിക്കുന്ന ഏശ 24-27, സമൂലപരിവർത്തനവും ദാവീദിന്റെ സിംഹാസനത്തിന്റെ പുനഃസ്ഥാപനവും സ്വപ്നം കണ്ട ആമോസ് 9,11-15, ഇസ്രായേലിലെ *അവശിഷ്ടവിഭാഗത്തെ* (*Holy Remnant*) പാപങ്ങളെല്ലാം കഴുകി ശുദ്ധീകരിച്ചു പുനഃസ്ഥാപിക്കും എന്ന വാഗ്ദാനം നല്കുന്ന മിക്ക 7,8-20, സംഭ്രമജനകമായ സമൂലനാശത്തിനുശേഷം സമാധാനം പ്രവചിക്കുന്ന ജറെ 4,23-31, പുതിയൊരു ജറുസലെമിനെ സ്വപ്നം കാണുന്ന എസെ 40-48 മുതലായ ബൈബിൾ ഭാഗങ്ങളിൽ ഈ ദർശന

ത്തിന്റെ ആരംഭം കാണാം. എന്നാൽ അന്തിയോക്കസ് നാലാമന്റെ മതമർദ്ദനകാലത്തു രൂപംകൊണ്ട ദാനിയേലിന്റെ പുസ്തകത്തിലാണ് ദൈവരാജ്യത്തെയും ദൈവഭരണത്തെയും കുറിച്ചുള്ള ദർശനങ്ങൾ വ്യക്തതയാർജ്ജിക്കുന്നത്.

ദാനിയേലിന്റെ അനേകം ദർശനങ്ങളിൽ രണ്ടെണ്ണം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. നബുക്കദ്നേസറിനുണ്ടായ ഒരു സ്വപ്നത്തിന്റെ വിശദീകരണത്തിലാണ് ഒരു ദർശനം. ആകാശം മുട്ടുന്ന പ്രതിമ. തല സ്വർണ്ണം, ഉടൽ വെള്ളി, തുട ഇരുമ്പ് എന്നിങ്ങനെ നിർമ്മിച്ച പ്രതിമയുടെ പാദങ്ങൾ ഇരുമ്പും മണ്ണും കൂട്ടികുഴച്ചുണ്ടാക്കിയത്. ആ പ്രതിമയിൽ വലിയ നാലു സാമ്രാജ്യങ്ങളുടെ ചിത്രം പ്രവാചകൻ കാണുന്നു. മനുഷ്യകരം തൊടാതെ മലയിൽ നിന്നടർന്നു വീണ കല്ല് ആ പ്രതിമയെ ഇടിച്ചുതകർത്തു ധൂളിയാക്കി. "*പ്രതിമ തകർത്ത കല്ലാകട്ടെ ഒരു മഹാപർവ്വതമായി ഭൂമി നിറഞ്ഞു*" (ദാനി 2,31-35) .

ദർശനത്തിനു നല്കുന്ന വിശദീകരണത്തിൽ ദൈവരാജ്യത്തെക്കുറിച്ചുള്ള ഒരു സൂചന വ്യക്തമാകുന്നു. "*ആ രാജാക്കന്മാരുടെ നാളുകളിൽ, ഒരിക്കലും നശിപ്പിക്കപ്പെടാത്തതും പരമാധികാരം മറ്റൊരു ജനതയ്ക്കും വിട്ടുകൊടുക്കാത്തതുമായ മറ്റൊരു രാജ്യം സ്വർഗ്ഗസ്ഥനായ ദൈവം പടുത്തുയർത്തും... അത് എന്നേക്കും നിലനില്ക്കും*" (ദാനി 2,44). എന്നേക്കും നിലനില്ക്കുന്ന ഈ രാജ്യം ദൈവത്തിന്റേതാണ്. ദൈവം തന്നെ അതു സ്ഥാപിക്കും, ഭരിക്കും. എന്ന്, എങ്ങനെ എന്നൊന്നും പ്രവാചകൻ പറയുന്നില്ല. എന്നാൽ രണ്ടാമതൊരു ദർശനത്തിൽ ഈ ചോദ്യങ്ങൾക്കുത്തരം നല്കുന്നുണ്ട്.

ഏറെ പ്രസിദ്ധമാണ് ദാനിയേലിന്റെ പുസ്തകത്തിലെ മനുഷ്യപുത്രദർശനം (7,9-22). ദാനിയേലിനു ലഭിച്ച സ്വർഗ്ഗദർശനത്തിന്റെ ഭാഗമാണിത്: "*നിശാദർശനത്തിൽ ഞാൻ കണ്ടു. ഇതാ വാനമേഘങ്ങളോടുകൂടെ മനുഷ്യപുത്രനെപ്പോലെ ഒരുവൻ വരുന്നു. അവനെ പുരാതനനായവന്റെ മുമ്പിലേക്ക് ആനയിച്ചു. എല്ലാ ജനതകളും ജനപദങ്ങളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് ആധിപത്യവും മഹത്വവും രാജത്വവും അവനു നല്കപ്പെട്ടു. അവന്റെ ആധിപത്യം ശാശ്വതമാണ്. അത് ഒരിക്കലും ഇല്ലാതാവുകയില്ല. അവന്റെ രാജത്വം അനശ്വരമാണ്*" (ദാനി 2, 13-14).

അക്രമത്തിലും അനീതിയിലും അടിസ്ഥാനമുറപ്പിച്ച സകല രാജത്വങ്ങളെയും സാമ്രാജ്യങ്ങളെയും കടപുഴക്കി, ദൈവം തന്നെ പുതിയൊരു രാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കും. ദർശനത്തിൽ കണ്ട മനുഷ്യപുത്രനായിരിക്കും ഈ പുതിയ രാജ്യത്തിലെ അധിപൻ. വാനമേഘങ്ങളിൽ വരുന്നവൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനും ദൈവിക സ്വഭാവത്തിൽ പങ്കുചേരുന്നവനുമായിരിക്കും.

ആരാണ് ഈ മനുഷ്യപുത്രൻ എന്ന ചോദ്യത്തിന് ദാനിയേൽ തന്നെ ഉത്തരം നല്കുന്നുണ്ട്: "അത്യുന്നതന്റെ പരിശുദ്ധർക്കു രാജ്യം ലഭിക്കും. അവർ ആ രാജ്യം എന്നേക്കുമായി അവകാശമാക്കുകയും ചെയ്യും" (ദാനി 7,18). "*അത്യുന്നതന്റെ പരിശുദ്ധർ രാജ്യം സ്വീകരിക്കുന്ന സമയം സമാഗതമാകുന്നതുവരെ*" (ദാനി 7,21-22) എന്ന സമയപരിധിയിലും ദൈവജനമായ ഇസ്രായേലിനെയാണ് മനുഷ്യപുത്രനായി ചിത്രീകരിക്കുന്നത് എന്നുകാണാം. ദൈവം ഇസ്രായേൽ ജനത്തിനു രാജ്യം നല്കും. അത് ലോകം മുഴുവന്റെയും മേലുള്ള ആധിപത്യമായിരിക്കും എന്ന് ഈ പ്രവചനങ്ങളുടെയും ദർശനങ്ങളുടെയും വെളിച്ചത്തിൽ ഇസ്രായേൽ ജനം വിശ്വസിച്ചു. ആ നല്ല നാളെയ്ക്കായി അവർ പ്രാർത്ഥനയോടെ കാത്തിരുന്നു.

## യേശുവിന്റെ കാലത്തെ പലസ്തീനായിൽ

യേശുവിന്റെ പ്രഘോഷണത്തിന്റെ കേന്ദ്രമായിരുന്നു ദൈവരാജ്യം. എന്നാൽ യേശു ദൈവരാജ്യത്തെക്കുറിച്ചു പറഞ്ഞപ്പോൾ എന്താണ് സമകാലികർ മനസിലാക്കിയത്? തീർച്ചയായും അവർക്കു പരിചിതമായ ഒരു വിഷയമായിട്ടാണ് യേശു ദൈവരാജ്യത്തെ അവതരിപ്പിക്കുന്നത്. അതിനാൽ യേശുവിന്റെ കാലത്ത് പലസ്തീനായിൽ ജീവിച്ചിരുന്നവർ ദൈവരാജ്യത്തെക്കുറിച്ച് എന്തെന്തു സങ്കല്പങ്ങളാണ് കാത്തുസൂക്ഷിച്ചിരുന്നത് എന്നറിയുക അത്യാവശ്യമാണ്. ദൈവരാജ്യത്തെക്കുറിച്ച് വ്യത്യസ്തമായ കാഴ്ചപ്പാടുകൾ നിലവിലിരുന്നു എന്നതാണ് ആദ്യമേ ശ്രദ്ധയിൽപ്പെടുന്നത്. അതിനാൽ യേശുവിന്റെ വാക്കുകൾ പലവിധത്തിൽ മനസിലാക്കാനും വ്യാഖ്യാനിക്കാനും സാധ്യതകൾ ഉണ്ടായിരുന്നു എന്നറിഞ്ഞുകൊണ്ടുവേണം അന്വേഷണം ആരംഭിക്കാൻ.

സിറിയൻ ഭരണത്തിനെതിരേയുള്ള യുദ്ധം നയിച്ച മക്കബാ

യർ വിജയിച്ചു. മത്താത്തിയാസിന്റെ മൂത്ത പുത്രനായ ശിമയോൻ, മറ്റു സഹോദരങ്ങൾക്കുശേഷം പത്തുവർഷം (ബി.സി. 143–134) രാജ്യം ഭരിച്ചു. ജനം അദ്ദേഹത്തെ പ്രധാന പുരോഹിതനും രാജാവുമായി അംഗീകരിച്ചു (1 മക്ക 14, 41). "*അവൻ രാജകീയ വസ്ത്രം ധരിക്കുകയും സ്വർണ്ണാഭരണങ്ങൾ അണിയുകയും വേണം*" (1 മക്ക 14,43). അങ്ങനെ ഇസ്രായേലിൽ ഒരു പുതിയ രാജഭരണം നിലവിൽവന്നു. മത്താത്തിയാസിന്റെ പിതാമഹനായ ഹസ്മൊണേയൂസിന്റെ പേരിൽ ഈ പുതിയ രാജവംശം "*ഹസ്മൊണേയർ*" എന്ന പേരിൽ അറിയപ്പെട്ടു. ദാവീദിന്റെ വംശമായിരുന്നില്ല ഇത്. അതിനാൽത്തന്നെ പുരോഹിതർ രാജഭരണം കയ്യടക്കിയത് ജനം മുഴുവൻ ഒരുപോലെ അംഗീകരിച്ചില്ല.

ചതിയിൽ കൊല്ലപ്പെട്ട ശിമയോനു പകരം മകൻ യോഹന്നാൻ ഹിർക്കാനൂസ് രാജാവായി (1 മക്ക 16, 11–24). ഈ രാജവാഴ്ചയിലും പിൻതുടർച്ചയിലും അസംതൃപ്തരായ ഒരു വിഭാഗം ആളുകൾ "*നീതിയുടെ ഗുരു*" (*Teacher of Righteousness*) എന്നറിയപ്പെടുന്ന ഒരു പുരോഹിതന്റെ നേതൃത്വത്തിൽ മരുഭൂമിയിൽ, ചാവുകടൽ തീരത്തുള്ള ഖുമ്റാൻ എന്ന സ്ഥലത്തേക്കു പിൻവാങ്ങി, ഒരു സന്യാസസമൂഹമായി ജീവിച്ചു. *എസ്സേനർ* എന്നും *ഖുമ്റാൻ സന്യാസികൾ* എന്നും അറിയപ്പെട്ടിരുന്ന ഇവർ കഠിനമായ തപസും പ്രായശ്ചിത്തവും വഴി മിശിഹാ രാജാവിനു മരുഭൂമിയിൽ വഴിയൊരുക്കാൻ തുടങ്ങി.

അവരുടെ കാഴ്ചപ്പാടിൽ ജനത്തെ രക്ഷിക്കാൻ വരുന്ന മിശിഹാ ലേവി ഗോത്രത്തിൽ നിന്നുള്ള പുരോഹിതനായിരിക്കും; അതോടൊപ്പം യൂദാഗോത്രത്തിൽ, ദാവീദിന്റെ ഭവനത്തിൽ നിന്നു വരുന്ന ഒരു രാജാവും (മിശിഹാ അഥവാ അഭിഷിക്തൻ) ഈ കൂട്ടത്തിൽ ഉണ്ടാവും. ഒന്നല്ല, രണ്ടു മിശിഹാമാർ. അവർ വരുമ്പോൾ കൂടെ ചേർന്ന് യുദ്ധം ചെയ്ത് ഇസ്രായേൽ ജനത്തെ ദൈവരാജ്യമായി പടുത്തുയർത്താൻ വിളിക്കപ്പെട്ടവരാണ് തങ്ങൾ എന്ന് ഖുമ്റാൻ സന്യാസികൾ വിശ്വസിച്ചു. സ്നാപകയോഹന്നാൻ മരുഭൂമിയിൽ വസിച്ചു എന്നു ലൂക്കാ പറയുന്നത് (ലൂക്കാ 1, 80) ഈ സന്യാസസമൂഹത്തിന്റെ കൂടെ വസിച്ചു എന്നു വ്യാഖ്യാനിക്കുന്നവരുണ്ട്.

ബി.സി. 63-ൽ റോമൻ സൈന്യാധിപനായ പോംപെ ജറുസലെം കീഴടക്കി. അതോടെ ഹസ്മൊണേയ രാജവംശത്തിന്റെ

ഭരണം അവസാനിച്ചു. റോമാക്കാരുടെ അനുവാദവും സഹായവും ലഭിച്ച ഹേറോദേസ് ബി.സി. 37-ൽ പലസ്തീനായുടെ മുഴുവൻ രാജാവായി. അയാൾ പകുതി (മാതാവ്) യഹൂദനും പകുതി (പിതാവ്) ഇദുമേയനുമായിരുന്നു; റോമാക്കാരുടെ സാമന്തനുമായിരുന്നു. അതിനാൽ ജനം അദ്ദേഹത്തെ അംഗീകരിക്കാൻ തയ്യാറായില്ല. ഹേറോദേസ് എതിർപ്പുകളെ കനത്ത കരത്താൽ അടിച്ചമർത്തി. ജനത്തിന്റെമേൽ കടുത്ത നികുതി ഈടാക്കി. റോമാക്കാരുടെ പ്രീതിയും തന്റെ സുരക്ഷിതത്വവുമായിരുന്നു ഹേറോദേസിനു പ്രധാനം.

ജനം ഒരു വിമോചകനുവേണ്ടി തീവ്രമായി ആഗ്രഹിച്ചു, തീക്ഷ്ണമായി പ്രാർത്ഥിച്ചു. ദാവീദിന്റെ പുത്രനായ ഒരു രാജാവു വന്നു തങ്ങൾക്കു വിമോചനം നല്കും, ഇസ്രായേലിനെ ഒരു സ്വതന്ത്ര രാജ്യമായി പടുത്തുയർത്തും എന്ന പ്രതീക്ഷ ഒന്നിനൊന്നു ശക്തിയാർജിച്ചു. ഗത്യന്തരമില്ലാഞ്ഞതിനാൽ യഹൂദമതനേതാക്കൾ ഹേറോദേസിന്റെ രാജഭരണത്തോടും റോമൻ അധികാരത്തോടും സഹകരിച്ചെങ്കിലും വിമോചകനായ രാജാവു വന്ന് ഇസ്രായേലിന് രാജ്യം പുനഃസ്ഥാപിച്ചുകൊടുക്കും എന്നു ദൃഢമായി വിശ്വസിച്ചു.

## തീവ്രവാദി മുന്നേറ്റം

എഡി 6-ൽ റോമാക്കാർ നടത്തിയ ഒരു ജനസംഖ്യാ കണക്കെടുപ്പിൽ പ്രതിഷേധിച്ച ഒരു ഗണം ആളുകൾ *ഗലീലിക്കാരനായ യൂദാസ്* എന്ന നേതാവിന്റെ കീഴിൽ സായുധവിപ്ലവം ആരംഭിച്ചു. ഗലീലിയുടെ അന്നത്തെ തലസ്ഥാനമായിരുന്ന സെഫോറിസിൽ, ഹേറോദേസ് അന്തിപ്പാസിന്റെ ആയുധപ്പുര കൊള്ളയടിച്ചുകൊണ്ടാണ് വിപ്ലവത്തിനു തുടക്കം കുറിച്ചത്. റോമാക്കാർ ഉടനെ ഇടപെട്ടു. വിപ്ലവപ്രസ്ഥാനം അടിച്ചൊതുക്കാൻ ശ്രമിച്ചു. നേതാക്കന്മാർ കൊല്ലപ്പെട്ടെങ്കിലും അവർ തുടങ്ങിവച്ച നീക്കം ശക്തിയാർജ്ജിച്ചു.

തീക്ഷ്ണമതിയായ ഏലിയായുടെ ചൈതന്യത്തെ അനുസ്മരിപ്പിക്കുംവിധം തീക്ഷ്ണമതികൾ എന്നർത്ഥമുള്ള *സെലട്ട്* (*Zealots*) എന്ന് അവർ അറിയപ്പെട്ടു. *തീവ്രവാദി* എന്നാണ് സൂചന. സായുധസമരത്തിലൂടെ വിദേശ മേൽക്കോയ്മയെ തൂത്തെറിഞ്ഞ്, സ്വാതന്ത്ര്യം നേടാനും, ഇസ്രായേലിനെ ഒരു സാമ്രാജ്യമായി പടുത്തുയർത്താനും ദാവീദിന്റെ പുത്രനായ

മിശിഹാ താമസിയാതെ വരും എന്ന് അവർ വിശ്വസിച്ചു. യേശു പരസ്യജീവിതം ആരംഭിക്കുമ്പോൾ ഇവർക്കു ഗലീലിയിൽ മാത്രമല്ല യുദയായിലും അനുയായികളും ശക്തമായ സ്വാധീനവും ഉണ്ടായിരുന്നു. താനാണ് ജനം പ്രതീക്ഷിക്കുന്ന മിശിഹാ എന്ന വകാശപ്പെട്ട് പലരും ഈ കാലഘട്ടത്തിൽ രംഗപ്രവേശം ചെയ്തതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവം അയയ്ക്കുന്ന മിശിഹാ സ്ഥാപിക്കുന്നത് ദൈവരാജ്യമായിരിക്കും.

## യേശുവിനെക്കുറിച്ച് ജനത്തിന്റെ പ്രതീക്ഷ

യേശുവിന്റെ പ്രവർത്തനങ്ങളിലും പ്രബോധനങ്ങളിലും ആകൃഷ്ടരായ ജനം യേശു തന്നെയാണ് തങ്ങൾ പ്രതീക്ഷിക്കുന്ന മിശിഹാ എന്നു കരുതി. യേശുവിനെ *ദാവീദിന്റെ പുത്രാ* എന്നു വിളിച്ചപേക്ഷിക്കുന്നവർ ഈ വിശ്വാസമാണ് പ്രകടിപ്പിക്കുക. കരുണയ്ക്കായി യാചിക്കുന്ന കുരുടന്മാരും (മത്താ 9,27; മർക്കോ 10,48), പിശാചുബാധിതയായ മകൾക്കുവേണ്ടി അപേക്ഷിക്കുന്ന കാനാൻകാരിയും (മത്താ 15,22) ഉദാഹരണങ്ങളാണ്. യേശുവിന്റെ അത്ഭുതപ്രവർത്തനം കണ്ട ജനക്കൂട്ടം "*അത്ഭുതപ്പെട്ടു പറഞ്ഞു: ഇവൻ തന്നെ ആയിരിക്കുമോ ദാവീദിന്റെ പുത്രൻ?*" (മത്താ 12,22). മരുഭൂമിയിൽ വച്ച് അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച് ആയിരങ്ങളെ തൃപ്തരാക്കിയപ്പോൾ ആ ജനക്കൂട്ടം ഒന്നടങ്കം യേശുവിനെ രാജാവാക്കാൻ ശ്രമിച്ചതായി സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട് (യോഹ 6,15). അപ്പം നല്കുന്ന രാജാവ്! യേശുവിനോടുകൂടെ കുരിശിൽ മരിച്ച ഒരു കുറ്റവാളിക്ക് യാതൊരു സംശയവുമില്ല, യേശു തന്നെയാണ് ഇസ്രായേൽ ജനം പ്രതീക്ഷിക്കുന്ന രാജ്യം ഉദ്ഘാടനം ചെയ്യുന്ന മിശിഹാ രാജാവ്. "*യേശുവേ, നീ നിന്റെ രാജ്യത്തിൽ വരുമ്പോൾ എന്നെയും ഓർക്കണമേ*" (ലൂക്കാ 23, 42).

യേശുവിനെ മിശിഹാ രാജാവായി അംഗീകരിക്കാതിരുന്ന ഫരിസേയരും ദൈവരാജ്യം ഉടനെ പ്രത്യക്ഷമാകും എന്നു വിശ്വസിച്ചിരുന്നതായി അവരുടെ ചോദ്യത്തിൽ നിന്നു വ്യക്തമാകും. "*ദൈവരാജ്യം എപ്പോഴാണ് വരുന്നത്?*" (ലൂക്കാ 17,20). ഇതുവരെ കാത്തുസൂക്ഷിച്ച രഹസ്യത്തിന്റെയും നിശ്ശബ്ദതയുടെയും മറനീക്കി, യേശു തന്നെ മുൻകൈ എടുത്ത്, കഴുതപ്പുറത്തു ജറുസലെമിലേക്കു പ്രവേശിച്ചപ്പോൾ തങ്ങളുടെ ദൈവരാദ്യപ്രതീക്ഷകൾ സഫലമായി എന്ന് ജനം വിശ്വസിച്ചു. ആ വിശ്വാസം അവർ

വിളിച്ചുപറഞ്ഞു: "*ഹോസാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ! നമ്മുടെ പിതാവായ ദാവീദിന്റെ സമാഗതമാകുന്ന രാജ്യം അനുഗൃഹീതം*" (മർക്കോ 11, 9-10).

യേശുവിന്റെ ശിഷ്യന്മാരും ദൈവരാജ്യത്തെക്കുറിച്ച് സമാനമായ ചില സ്വപ്നങ്ങൾ കാത്തുസൂക്ഷിച്ചിരുന്നുവെന്നും അവയെല്ലാം യേശുവിൽ യാഥാർത്ഥ്യമാകാൻ പോകുന്നതായി കരുതിയെന്നും അവരുടെ തന്നെ വാക്കുകളിൽ പ്രതിധ്വനിക്കുന്നുണ്ട്. സ്നാപകന്റെ വാക്കുകേട്ട് യേശുവിന്റെ പിന്നാലെ ചെന്ന്, ഒരു ദിവസം കൂടെ വസിച്ച രണ്ടുപേരിൽ ഒരാളായ അന്ത്രയോസ് പിറ്റേന്ന് തന്റെ സഹോദരൻ ശിമയോനോട് തന്റെ ബോധ്യം പങ്കുവച്ചു: "*ഞങ്ങൾ മിശിഹായെ കണ്ടു*" (യോഹ 1,41). തങ്ങൾ പ്രതീക്ഷിച്ചിരുന്ന ദാവീദിന്റെ പുത്രനായ മിശിഹായാണ് യേശു എന്ന വിശ്വാസം ഈ പ്രഖ്യാപനത്തിലുണ്ട്. യേശു വന്നത് ദൈവരാജ്യം സ്ഥാപിക്കാനാണെന്നും അത് ദാവീദിന്റേതു പോലൊരു ഭൗതികസാമ്രാജ്യമായിരിക്കുമെന്നുമുള്ള വിശ്വാസമാണ് ശിഷ്യർ കാത്തുസൂക്ഷിച്ചത്. ആ രാജ്യം ഉടനെ ആരംഭിക്കും എന്ന ബോധ്യം ഏറ്റം പ്രധാനപ്പെട്ട സ്ഥാനങ്ങൾ, രാജാവിന്റെ ഇടത്തും വലത്തും, തങ്ങൾക്കും വേണമെന്ന യാക്കോബ് - യോഹന്നാൻ സഹോദരങ്ങളുടെ അഭ്യർത്ഥനയുടെ പിന്നിലും (മർക്കോ 10,37) തെളിയുന്നുണ്ട്. "*അങ്ങയുടെ മഹത്വത്തിൽ*" എന്ന മർക്കോസിന്റെ പ്രയോഗം സംശയത്തിന് പഴുതടച്ച് "*അങ്ങയുടെ രാജ്യത്തിൽ*" (മത്ത 20,21) എന്നാക്കുന്നു മത്തായി.

സക്കേവൂസിന്റെ ഭവനത്തിനു രക്ഷ പ്രദാനം ചെയ്തതിനു ശേഷം യേശു ജെറീക്കോയിൽനിന്ന് ജറുസലെമിലേക്കു യാത്ര തുടർന്നു. അപ്പോൾ ശിഷ്യന്മർ വച്ചുപുലർത്തിയിരുന്ന ഒരു വിശ്വാസം ലൂക്കാ വിവരിക്കുന്നത് ഇപ്രകാരമാണ്. "*അവർ ഇതു കേട്ടുകൊണ്ടിരിക്കുമ്പോൾ, അവൻ തുടർന്ന് ഒരു ഉപമ പറഞ്ഞു. കാരണം, അവൻ ജറുസലെമിനു സമീപത്തായിരുന്നു. ദൈവരാജ്യം ഉടൻ വന്നുചേരുമെന്ന് അവർ വിചാരിക്കുകയും ചെയ്തു*" (ലൂക്കാ 19,11). ഈ പശ്ചാത്തലത്തിൽ യേശുവിന്റെ ജറുസലെം പ്രവേശനവും ശിഷ്യന്മാരുടെ സന്തോഷപ്രകടനവും കൂടുതൽ ശ്രദ്ധേയമാകുന്നു. "*ശിഷ്യഗണം മുഴുവൻ സന്തോഷിച്ച്, തങ്ങൾ കണ്ട എല്ലാ അത്ഭുതപ്രവൃത്തികളെയും പറ്റി ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കാൻ തുടങ്ങി. കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് അനുഗൃഹീതൻ*" (ലൂക്കാ 19,17-18).

യേശുവിന്റെ പീഡാനുഭവവും കുരിശുമരണവും തികച്ചും അപ്രതീക്ഷിതവും താങ്ങാനാവാത്തതുമായ ഒരാഘാതമായിരുന്നു എന്നു ശിഷ്യന്മാർ തന്നെ ഏറ്റുപറയുന്നുണ്ട്. ജറുസലെമിലെ സംഭവങ്ങളിൽ ഭഗ്നാശരായി എമ്മാവൂസിലേക്കു പോയ രണ്ടു ശിഷ്യരുടെ വാക്കുകളിൽ ഈ നിരാശയും ദുഃഖവും മുഴങ്ങിക്കേൾക്കാം. അപരിചിതനായി കൂടെ നടന്ന യേശുവിനോട് അവർ പറഞ്ഞു: "....... *ഇസ്രായേലിനെ മോചിപ്പിക്കാനുള്ളവർ ഇവനാണെന്നു ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു*" (ലൂക്കാ 24,21). ഉത്ഥിതനെ കണ്ടുമുട്ടിയിട്ടും ദൈവരാജ്യത്തെക്കുറിച്ചുള്ള അവരുടെ പ്രതീക്ഷകളിലും കാഴ്ചപ്പാടിലും മാറ്റമുണ്ടായില്ല. അതുകൊണ്ടാണല്ലോ അവർ ചോദിച്ചത്: "*കർത്താവേ ഇപ്പോഴാണോ അവിടുന്ന് ഇസ്രായേലിനു രാജ്യം പുനഃസ്ഥാപിച്ചു നല്കുന്നത്?*" (അപ്പ 1, 6).

**ചുരുക്കത്തിൽ**

യേശുവിന്റെ സമകാലികർ ദൈവരാജ്യത്തെക്കുറിച്ചു കാത്തുസൂക്ഷിച്ചിരുന്ന കാഴ്ചപ്പാടുകളെ ഇങ്ങനെ സമാഹരിക്കാം. സ്രഷ്ടാവും രക്ഷകനുമായ ദൈവമാണ് രാജാവ്, ഭൂമിയിൽ നീതിയും ന്യായവും നടപ്പിലാക്കുന്നത് രാജാവായ ദൈവമാണ്. ദൈവത്തിന്റെ ഭരണത്തെയാണ് ദൈവരാജ്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. എന്നാൽ ദൈവം നേരിട്ടല്ല, ദാവീദിന്റെ പിൻതലമുറകളിൽ ഒരാളായി ജനിക്കുന്ന മിശിഹാ വഴിയായിരിക്കും ദൈവം തന്റെ രാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കുക.

ദൈവരാജ്യം തന്റെ ജനമായ ഇസ്രായേലിനെ ആയിരിക്കും ദൈവം ഏല്പിക്കുക. എല്ലാ ജനതകളെയും ദൈവം തന്റെ ഈ രാജ്യത്തിലേക്കു കൊണ്ടുവരും. അത് ലോകം മുഴുവൻ വ്യാപിക്കുന്ന വലിയൊരു സാമ്രാജ്യമായിരിക്കും. ജറുസലെമായിരിക്കും ഈ രാജ്യത്തിന്റെ തലസ്ഥാനം. സകല ജനതകളും കാഴ്ചകളുമായി അങ്ങോട്ടു തീർത്ഥാടകരായി വരും. ഈ രാജ്യം ഭൗതികവും അതേസമയം ശാശ്വതവുമായിരിക്കും. അവിടെ ശാശ്വതമായ ശാന്തിയും സമാധാനവുമുണ്ടാകും. നീതി ജലം പോലെ പ്രവഹിക്കും; ന്യായവിധി ഒരിക്കലും വറ്റാത്ത നീർച്ചാൽ പോലെ ഒഴുകും. അവിടെ ആരും ആർക്കും ഒരു ദ്രോഹവും ചെയ്യില്ല. എല്ലാവർക്കും സമൃദ്ധി, സന്തോഷം, ആരോഗ്യം. ഇപ്രകാരം ഒരു രാജ്യമായിരിക്കും ദൈവം ഇസ്രായേൽ ജനത്തിലൂടെ, ദാവീദിന്റെ പുത്രനായ രാജാവിലൂടെ യാഥാർത്ഥ്യമാക്കാൻ പോകുന്നത്.

അതിനുവേണ്ടി ജനം കാത്തിരുന്നു, വലിയ പ്രതീക്ഷയോടെ, ആകാംക്ഷയോടെ.

എന്നാൽ, ഇപ്രകാരം ഒരു പ്രതീക്ഷ പൂർത്തിയാക്കുന്നതായിരുന്നോ യേശുവിന്റെ വാക്കും പ്രവൃത്തിയും? അങ്ങയുടെ രാജ്യം വരണമേ എന്നു പ്രാർത്ഥിക്കാൻ പഠിപ്പിച്ചപ്പോൾ ഇപ്രകാരം ഒരു രാജ്യമാണോ യേശു വിഭാവനം ചെയ്തത്? അതു മനസിലാക്കാൻ യേശുവിന്റെ തന്നെ ജീവിതവും പ്രവൃത്തികളും പ്രബോധനങ്ങളും അടുത്തു പരിശോധിക്കണം.

## 2. യേശുവും ദൈവരാജ്യവും

ദാവീദിന്റെ പുത്രനാണ് യേശു എന്ന് വംശാവലിയിൽ എടുത്തുപറഞ്ഞുകൊണ്ടാണ് മത്തായി സുവിശേഷം ആരംഭിക്കുന്നത്. "*അബ്രാഹത്തിന്റെ പുത്രനായ ദാവീദിന്റെ പുത്രൻ യേശുക്രിസ്തുവിന്റെ വംശാവലിഗ്രന്ഥം*" (മത്താ 1,1) എന്ന് സുവിശേഷത്തെ വിശേഷിപ്പിക്കുമ്പോൾ ഈ വിശേഷണത്തിനു നല്കുന്ന ഊന്നൽ വ്യക്തമാകുന്നു. ദാവീദിന്റെ ജന്മസ്ഥലമായ ബേത്‌ലെഹെമിലാണ് യേശു ജനിച്ചത്. അതുതന്നെ പ്രവചനങ്ങളുടെ (മിക്കാ 5,2) പൂർത്തീകരണമായിരുന്നു. കിഴക്കുനിന്ന് ജ്ഞാനികൾ നക്ഷത്രത്തെ അനുഗമിച്ച് ബേത്‌ലെഹെമിൽ എത്തിയതും യേശു ദാവീദിന്റെ പുത്രനായ രാജാവാണെന്നതിനു തെളിവായി അവതരിപ്പിക്കുന്നു. ഹേറോദേസിന്റെ അസ്വസ്ഥതയും തുടർന്നുണ്ടായ ശിശുവധവും (മത്താ 2,1-18). ഈ വിശ്വാസത്തെ ഉറപ്പിക്കുന്നു.

ലൂക്കായുടെ സുവിശേഷവും യേശുവിനെ ദാവീദിന്റെ പുത്രനായ മിശിഹാ രാജാവായി തുടക്കംമുതലേ അവതരിപ്പിക്കുന്നുണ്ട്, മറിയത്തിനു ദൈവദൂതൻ നല്കുന്ന സന്ദേശം ഇത് വ്യക്തമായി പ്രഖ്യാപിക്കുന്നു. "*... അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു നല്കും... അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാവുകയില്ല*" (ലൂക്കാ 1,32-33). പ്രവചനങ്ങളുടെ പൂർത്തീകരണവും ഇസ്രായേൽ ജനത്തിന്റെ പ്രതീക്ഷകളുടെ സാക്ഷാൽക്കാരവുമായിട്ടാണ് യേശു ദാവീദിന്റെ പട്ടണത്തിൽ ജനിച്ചത്. അതിനാൽ ജന്മംകൊണ്ടുതന്നെ യേശു രാജാവാണെന്നും ദൈവരാജ്യം സ്ഥാപിക്കാനായിട്ടാണ് വന്നിരിക്കുന്നതെന്നും സുവിശേഷകന്മാർ സൂചിപ്പിക്കുന്നു.

പരസ്യജീവിതം ആരംഭിക്കുന്നതിനുമുമ്പ് യേശു സ്നാപക

യോഹന്നാനിൽ നിന്നു സ്നാനം സ്വീകരിച്ചവേളയിൽ തുറക്കപ്പെട്ട സ്വർഗ്ഗത്തിൽനിന്നു മുഴങ്ങിയ പിതാവിന്റെ സ്വരം യേശുവിനെ ദൈവപുത്രനായി പ്രഖ്യാപിക്കുന്നത് രാജാഭിഷേകത്തെ അനുസ്മരിപ്പിക്കുന്ന സങ്കീർത്തനവാക്യം ഉപയോഗിച്ചാണ് സുവിശേഷകന്മാർ രേഖപ്പെടുത്തിയിരിക്കുന്നത്. "*നീ എന്റെ പ്രയപുത്രൻ. നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു*" മർക്കോ 1,11; സങ്കീ 2,7). മറ്റു രാജാക്കന്മാർ ദൈവത്തിന്റെ ദത്തുപുത്രരായിരുന്നെങ്കിൽ യേശു ദൈവത്തിന്റെ സ്വാഭാവിക പുത്രനായ രാജാവാണ്.

മരുഭൂമിയിലെ പ്രലോഭനങ്ങളിൽ യേശു തന്നെ തന്റെ രാജത്വത്തിന്റെ സ്വഭാവത്തെക്കുറിച്ച് സൂചനകൾ നല്കുന്നുണ്ട്. എളുപ്പമാർഗ്ഗത്തിൽ അപ്പം നല്കി ജനപിന്തുണ പിടിച്ചുപറ്റുന്നവനല്ല, അത്ഭുതപ്രവർത്തനങ്ങൾ വഴി ജനത്തെ ആകർഷിച്ച് കൂടെക്കൂട്ടുന്നവനല്ല, പൈശാചികസ്വാധീനത്താൽ മറ്റുള്ളവരുടെ മേൽ ആധിപത്യം സ്ഥാപിച്ച് ഭരണം നടത്തുന്ന ഭൗതികരാജാവുമല്ല യേശു. മറിച്ച്, ദൈവഹിതം പൂർണ്ണമായി അനുസരിച്ചു നടപ്പിലാക്കുന്ന ദാസനും പുത്രനുമാണവൻ. അവൻ സ്ഥാപിക്കുന്ന രാജ്യവും അതിനുപയോഗിക്കുന്ന മാർഗ്ഗവും വ്യത്യസ്തമായിരിക്കും. അപ്പത്തിന്റെയും അത്ഭുതങ്ങളുടെയും അധികാരത്തിന്റെയും എളുപ്പമാർഗ്ഗങ്ങളല്ല, ആത്മത്യാഗത്തിൽ പൂർത്തിയാകുന്ന, ദൈവഹിതം വഴി ഈ ഭൂമിയിൽ യാഥാർത്ഥ്യമാക്കുന്നതായിരിക്കും യേശുകൊണ്ടുവരുന്ന ദൈവരാജ്യം; കുരിശിലൂടെ സ്ഥാപിക്കപ്പെടുന്ന ദൈവത്തിന്റെ ഭരണം.

തന്റെ പിന്നാലെ വരുന്ന രക്ഷകനും ഇസ്രായേൽ രാജാവുമായ മിശിഹായെ പരിചയപ്പെടുത്താൻ അയയ്ക്കപ്പെട്ട സ്നാപകൻ തന്റെ പ്രസംഗം ആരംഭിച്ചത് ദൈവരാജ്യം ആസന്നമായിരിക്കുന്നു എന്ന പ്രഖ്യാപനത്തോടെയാണ്. "*അക്കാലത്ത് സ്നാപക യോഹന്നാൻ യൂദയായിലെ മരുഭൂമിയിൽ വന്നുപ്രസംഗിച്ചു. മാനസാന്തരപ്പെടുവിൻ. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു*" (മത്താ 3,1–2). ദൈവത്തോടുള്ള ആദരവുമൂലം ദൈവം എന്ന പദം ഒഴിവാക്കി, മറ്റുവാക്കുകളിലൂടെ ആശയം അവതരിപ്പിക്കുന്ന സെമിറ്റിക് ശൈലി ഉപയോഗിക്കുന്നതിനാൽ "*ദൈവരാജ്യം*" എന്നു മറ്റു സുവിശേഷകന്മാർ വിളിക്കുന്ന യാഥാർത്ഥ്യത്തെ മത്തായി "*സ്വർഗ്ഗരാജ്യം*" എന്നു വിശേഷിപ്പിക്കുന്നു. അർത്ഥം രണ്ടിനും ഒന്നുതന്നെ. ദൈവരാജ്യം ഈ ഭൂമിയിൽ ഉദ്ഘാടനം ചെയ്യാൻ

വേണ്ടിയാണ് തന്നെക്കാൾ ശക്തനായ മിശിഹാരാജാവ് പിന്നാലെ വരുന്നത് എന്നു യോഹന്നാൻ പ്രഖ്യാപിക്കുന്നു.

യോഹന്നാൻ ഉപയോഗിച്ച അതേ വാക്കുകൾ കൊണ്ടാണ് യേശുവും തന്റെ പരസ്യജീവിതം ആരംഭിച്ചത് എന്ന് മത്തായി എടുത്തു പറയുന്നു. "*അപ്പോൾ മുതൽ യേശു പ്രസംഗിക്കാൻ തുടങ്ങി. മാനസാന്തരപ്പെടുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു*" (മത്താ 4,17). യേശുവിന്റെ ചെയ്തികളെ അഞ്ചുപ്രഭാഷണങ്ങളും ഓരോന്നിന്റെയും പിന്നാലെ പ്രവർത്തനങ്ങളുടെ സംഗ്രഹങ്ങളും ആയി അവതരിപ്പിക്കുന്ന മത്തായി, ആദ്യത്തെ യൂണിറ്റിന്റെ ആരംഭത്തിലും അവസാനത്തിലും ദൈവരാജ്യത്തിന്റെ സുവിശേഷപ്രസംഗത്തെക്കുറിച്ച് പരാമർശിച്ചുകൊണ്ട്, യേശുവിന്റെ പ്രബോധനങ്ങളുടെയും പ്രവർത്തനങ്ങളുടെയും മുഖ്യവിഷയം ദൈവരാജ്യമായിരുന്നു എന്ന് എടുത്തുകാട്ടുന്നു.

"*അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ചുറ്റി സഞ്ചരിച്ചു*" (മത്താ 4,23;9,35). തനിക്കുമുമ്പേ ശിഷ്യന്മാരെ അയയ്ക്കുമ്പോൾ അവർക്കു നല്കുന്ന നിർദ്ദേശത്തിന്റെയും കാതൽ ഇതു തന്നെയാണ്; ദൈവരാജ്യം. "*പോകുമ്പോൾ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പറയുവിൻ. രോഗികളെ സുഖപ്പെടുത്തുകയും... പിശാചുക്കളെ ബഹിഷ്കരിക്കുകയും ചെയ്യുവിൻ*" (മത്താ 10,7-8).

ദൈവരാജ്യം ഇതാ വാതില്ക്കൽ എത്തിക്കഴിഞ്ഞു. അതിന്റെ അടയാളങ്ങൾ യേശുവിന്റെയും ശിഷ്യന്മാരുടെയും പ്രവർത്തനങ്ങളിൽ പ്രകടമാകുന്നു; അർത്ഥവും സ്വഭാവവും യേശു തന്റെ പ്രബോധനങ്ങളിലൂടെ വ്യക്തമാക്കുന്നു. അങ്ങനെ യേശുവിന്റെ ജീവിതവും പ്രവർത്തനങ്ങളും പ്രബോധനങ്ങളും എല്ലാം ദൈവരാജ്യത്തിന്റെ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും സാക്ഷാൽക്കാരവുമാകുന്നു - ഇതാണ് സുവിശേഷങ്ങൾ നല്കുന്ന സന്ദേശം.

### ദൈവരാജ്യത്തിന്റെ അടയാളങ്ങൾ - ജീവിതം

യേശുവിന്റെ ജീവിതം തന്നെയാണ് ദൈവരാജ്യത്തിന്റെ സാന്നിധ്യവും സ്വഭാവവും വെളിപ്പെടുത്തുന്ന ഏറ്റം വലിയ അടയാളം. പ്രവചനങ്ങളുടെ എല്ലാം പൂർത്തീകരണമായിരുന്നു യേശുവിന്റെ ജീവിതം. എന്നാൽ ഇസ്രായേൽ ജനം പരമ്പരാഗതമായും

യേശുവിന്റെ സമകാലികർ പ്രത്യേകിച്ചും പ്രതീക്ഷിച്ച വിധത്തിലല്ല യേശു ദൈവരാജ്യം അവതരിപ്പിച്ചത്. രാജത്വം, ഭരണം, അധികാരം, രാജ്യം എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങളെക്കുറിച്ചുള്ള അവരുടെ പ്രതീക്ഷകൾക്കു കടകവിരുദ്ധമായിരുന്നു യേശുവിന്റെ ജീവിതവും പ്രവൃത്തികളും പ്രബോധനവും. പ്രവചനങ്ങൾക്കു പുതിയ അർത്ഥവും മാനവും നല്കി; ദൈവരാജ്യത്തിന്റെ സ്വഭാവം തന്നെ പുനർനിർവ്വചിച്ചു.

ദാവീദിന്റെ ഗോത്രത്തിൽ, ദാവീദിന്റെ പട്ടണത്തിലാണ് ജനിച്ചതെങ്കിലും രാജകീയ പ്രൗഢിയിലായിരുന്നില്ല ആ ജനനം. അനുദിനാഹാരത്തിനു വേണ്ടി കൂലിവേല ചെയ്യുന്ന ഒരു മരപ്പണിക്കാരന്റെ മകൻ. ജനത്തിരക്കിനിടയിൽ പിറക്കാൻ ഇടം കിട്ടാതെ, പട്ടണത്തിനു വെളിയിൽ, മൃഗങ്ങൾ രാപാർക്കുന്ന ഗുഹയിൽ ജനനം. ജീവരക്ഷാർത്ഥം നാടുവിട്ടോടേണ്ടിവരുന്ന അഭയാർത്ഥിയുടെ ജീവിതം. തുടക്കം മുതലേ ദരിദ്രരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും താദാത്മ്യപ്പെടുന്നതായിരുന്നു യേശുവിന്റെ ജീവിതം. ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിക്കുന്നതിനുമുമ്പേ അതിന്റെ സ്വഭാവവും മൂല്യങ്ങളും യേശു ജീവിച്ചു കാണിച്ചു.

നസ്രത്തിലേക്കു തിരിച്ചുവന്ന് ആശാരിയുടെ പണിശാലയിൽ യൗവ്വനം മുഴുവൻ ചിലവഴിക്കുന്നതിലൂടെ തൊഴിലിന്റെ ആവശ്യകതയും മാഹാത്മ്യവും എടുത്തുകാട്ടി, ദൈവരാജ്യത്തിന്റെ മൂല്യമായി. പരസ്യജീവിതം ആരംഭിച്ചപ്പോൾ കാട്ടുമൃഗങ്ങൾക്കും ആകാശപ്പറവകൾക്കും ഉള്ള സുരക്ഷിതത്വം പോലുമില്ലാതെ, ദൈവപരിപാലനയിൽ മാത്രം ആശ്രയിച്ചുള്ള ജീവിതം. അന്യരുടെ വീടുകളിലും വഴിയോരങ്ങളിലും മരച്ചുവട്ടിലും അന്തിയുറങ്ങി. പലപ്പോഴും വിശന്നും ദാഹിച്ചും ദൈവരാജ്യം പ്രഘോഷിച്ചു നടന്ന ജീവിതം ആ രാജ്യത്തിന്റെ മറ്റൊരു മാനം എടുത്തുകാട്ടുന്നു - ദൈവത്തിലുള്ള സമ്പൂർണ്ണ സമർപ്പണം, വിശ്വാസം, ആശ്രയം.

അടുത്ത അനുയായികളായി തിരഞ്ഞെടുത്തതെല്ലാം സാധാരണ മനുഷ്യരെ ആയിരുന്നു; സമൂഹത്തിൽ വലിയ സ്ഥാനമാനങ്ങളൊന്നും ഇല്ലാത്തവർ, അനുദിനാധ്വാനത്തിലൂടെ ആഹാരം സമ്പാദിക്കുന്നവർ, രാപകൽ അധ്വാനിച്ചിട്ടും പലപ്പോഴും ആഹാരത്തിനു വക കിട്ടാത്തവർ. സമകാലികരിൽ നിന്നു സ്വീകരിച്ച ദൈവരാജ്യത്തെക്കുറിച്ചുള്ള അവരുടെ ചിന്താഗതികളിലും സ്വപ്ന

ങ്ങളിലും മാറ്റം വരുത്താൻ യേശു നിർബ്ബന്ധിച്ചു, എളുപ്പമല്ലായിരുന്നെങ്കിലും. നിയമങ്ങളുടെ പുനർവായനകളും അധികാരികളുമായുള്ള സംഘർഷഭരിതമായ സംവാദങ്ങളും ദൈവരാജ്യത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നതായിരുന്നു. സാബത്തു മനുഷ്യനുവേണ്ടിയാണ്, മനുഷ്യനെ സാബത്തിന്റെ അടിമയാക്കരുത് എന്ന നിർബ്ബന്ധം (മർക്കോ 2,28) അനേകം ഉദാഹരണങ്ങളിൽ ഒന്നു മാത്രം.

ദൈവം പിതാവാണെന്നും, മനുഷ്യരെല്ലാം ദൈവത്തിന്റെ മക്കളും അതിനാൽത്തന്നെ പരസ്പരം സഹോദരങ്ങളും ആണെന്നുമുള്ള അടിസ്ഥാന സത്യം വെളിപ്പെടുത്തുന്നതായിരുന്നു യേശുവിന്റെ സമീപനങ്ങൾ. അവിടെ ഫരിസേയനും ചുങ്കക്കാരനും ഒരുപോലെ സ്ഥാനമുണ്ട്. തീവ്രവാദിക്കും റോമൻ പടയാളിക്കും ഇടമുണ്ട്. വിശുദ്ധർക്കും പാപികൾക്കും എല്ലാം ഒരുപോലെ പ്രവേശനം നല്കുന്നതാണ് ദൈവരാജ്യം. ഇതായിരുന്നു യേശുവിന്റെ സമീപനരീതി. ആവശ്യം ഒന്നുമാത്രം. ഹൃദയം തുറന്ന് യേശുവിനെ സ്വീകരിക്കുക. യേശുവിലൂടെ ദൈവരാജ്യം സന്നിഹിതമായിരിക്കുന്നു എന്നു വിശ്വസിക്കുക. ദൈവരാജ്യമൂല്യങ്ങളായ സ്നേഹം, നീതി, കാരുണ്യം മുതലായവ ജീവിതനിയമമാക്കുക.

ശിഷ്യന്മാരുമായുള്ള നിരന്തരസമ്പർക്കത്തിലൂടെയും സ്വന്തം മാതൃകയിലൂടെയും ദൈവരാജ്യത്തിന്റെ സവിശേഷതകൾ അവരെ പഠിപ്പിച്ചു; അതു സ്വന്തമാക്കി ജീവിക്കാനും പ്രഘോഷിക്കാനും ചുമതലപ്പെടുത്തി. അതിൽ ഏറ്റം പ്രധാനപ്പെട്ട ഒന്നാണ് അന്ത്യഅത്താഴവേളയിൽ യേശു ചെയ്തത്. അത്താഴമധ്യേ, മേലങ്കി മാറ്റി, അടിമയുടെ കച്ച ചുറ്റി, ശിഷ്യരുടെ മുമ്പിൽ മുട്ടുകുത്തി, അവരുടെ പാദങ്ങൾ കഴുകി തുടച്ചു. ദൈവരാജ്യത്തിൽ അധികാരം എന്നതു സേവനത്തിനുള്ള കടമയാണെന്നും ഏറ്റം വലിയവൻ ഏറ്റം ചെറിയ സേവനത്തിനും തയ്യാറാകുന്നവനാണെന്നും പഠിപ്പിച്ചപ്പോൾ ദൈവരാജ്യത്തെക്കുറിച്ചുള്ള ചിത്രത്തിന് പുതിയൊരു മാനം ലഭിച്ചു. "*ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കൊരു മാതൃക നല്കിയിരിക്കുന്നു*" (യോഹ 13,15). ജീവത്യാഗത്തോളം എത്തിനില്ക്കുന്ന, ദാസനായി മാറുന്ന, സ്വയം ശൂന്യവൽക്കരണത്തിന്റെ മാതൃക.

## അത്ഭുതങ്ങൾ – അടയാളങ്ങൾ

യേശുവിന്റെ ആധികാരികതയും ദൈവരാജ്യസാന്നിധ്യവും അതിന്റെ സ്വഭാവസവിശേഷതകളും വ്യക്തമാക്കുന്ന അടയാളങ്ങളായിരുന്നു അവൻ പ്രവർത്തിച്ച അത്ഭുതങ്ങൾ. യേശുവിന്റെ ചെയ്തികളിൽ അധിക പങ്കും അത്ഭുതപ്രവർത്തനങ്ങളായിരുന്നു. പിശാചു ബഹിഷ്കരണം, രോഗശാന്തി, പ്രകൃതിശക്തികളുടെ മേൽ നിയന്ത്രണം, മരിച്ചവർക്കു പുതുജീവൻ എന്നിങ്ങനെ വിവിധ തരത്തിലുള്ള അനേകം അത്ഭുതങ്ങൾ സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയെല്ലാം ദൈവരാജ്യത്തിന്റെ സാന്നിധ്യവും സ്വഭാവവും വ്യക്തമാക്കുന്നു. യേശു പ്രവർത്തിച്ച ഏഴത്ഭുതങ്ങൾ യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത്ഭുതങ്ങൾ എന്നല്ല, അടയാളങ്ങൾ എന്നാണ് അവയെ വിശേഷിപ്പിക്കുന്നത്; യേശു ഉദ്ഘാടനം ചെയ്യുന്ന ദൈവരാജ്യത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്ന അടയാളങ്ങൾ. ജീവൻ, പ്രകാശം എന്ന രണ്ടു മുഖ്യപ്രമേയങ്ങളാണ് ഇവയിലൂടെ വെളിപ്പെടുത്തുന്നത്.

**പിശാചുബഹിഷ്കരണം:** നാലു സുവിശേഷങ്ങളിൽ ഏറ്റവും ആദ്യം എഴുതപ്പെട്ടത് എന്നു പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള മർക്കോസിന്റെ സുവിശേഷം രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ ആദ്യത്തെ അത്ഭുതം ഒരു പിശാചുബാധിതനെ സുഖപ്പെടുത്തുന്നതാണ് (മർക്കോ 1,21-28). ഈ ലോകം പിശാചിന്റെ ആധിപത്യത്തിലാണെന്നും യേശുവിന്റെ വരവ് ഈ ആധിപത്യത്തിനു ഭീഷണിയാവുക മാത്രമല്ല, അന്ത്യം കുറിക്കുന്നു എന്നുമുള്ള ഒരു പരസ്യപ്രഖ്യാപനമാണ് പിശാചുബാധിതനിലൂടെ നാം കേൾക്കുന്നത്: "*നസ്രായനായ യേശുവേ, നീ എന്തിനു ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു? ഞങ്ങളെ നശിപ്പിക്കാനാണോ നീ വന്നിരിക്കുന്നത്?*" (മർക്കോ 1,24).

പിശാചിന്റെ കോട്ടയിലേക്കുള്ള കടന്നുകയറ്റമാണ് യേശുവിന്റെ പ്രവർത്തനങ്ങൾ എന്നു സുവിശേഷകന്മാർ പലതവണ രേഖപ്പെടുത്തിയിട്ടുണ്ട്. മരുഭൂമിയിലെ വിജയത്തിന്റെ തുടർച്ചയാണ് യേശുവും പിന്നീട് ശിഷ്യന്മാരും നടത്തിയ പിശാചു ബഹിഷ്കരണം. ആയുധധാരിയായി കൊട്ടാരത്തിനു കാവൽ നില്ക്കുന്നവനെ ആക്രമിച്ചു തോല്പിച്ച്, അവൻ അടിമകളാക്കി വച്ചിരുന്നവരെ മോചിപ്പിക്കുന്നതുപോലെയാണ് യേശുവിന്റെ പ്രവർത്തനങ്ങൾ, പ്രത്യേകിച്ചും പിശാചുക്കളെ ബഹിഷ്കരിക്കൽ എന്ന്

യേശു വിശദീകരിച്ചു (ലൂക്കാ 11,21-22). ഈ പിശാചു ബഹിഷ്കരണം ദൈവരാജ്യ സാന്നിധ്യത്തിന്റെ അടയാളമായി കാണണം: "*ദൈവകരം കൊണ്ടാണ് ഞാൻ പിശാചുക്കളെ ബഹിഷ്കരിക്കുന്നതെങ്കിൽ ദൈവരാജ്യം നിങ്ങളുടെ ഇടയിൽ വന്നുകഴിഞ്ഞു*" (ലൂക്കാ 11,20).

പാപം മൂലം മനുഷ്യന്റെ മേൽ ആധിപത്യം സ്ഥാപിച്ച തിന്മയുടെ ശക്തിയിൽനിന്നു മോചിപ്പിക്കുന്നതാണ് യേശുവിന്റെ പ്രവൃത്തി. "*പിശാചുബാധ*" എന്നത് ആധിപത്യത്തിന്റെ ഏറ്റം ദൃശ്യമായ ഒരടയാളം മാത്രമാണ്. അതിനേക്കാൾ വലുതാണ് മൂല്യതലത്തിൽ, വിശ്വാസത്തിന്റെയും ജീവിതവീക്ഷണത്തിന്റെയും തലത്തിൽ, മനുഷ്യനെ അടിമയാക്കുന്ന തിന്മയുടെ ശക്തി. അതിൽനിന്നുള്ള മോചനം സാധാരണമായി കാണുന്ന പിശാചുബഹിഷ്കരണം വഴിയല്ല, മറിച്ച് സുവിശേഷവൽക്കരണത്തിലൂടെയാണ് നടക്കുന്നത്. പുതിയ ബോധ്യങ്ങൾ, ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ, സ്വീകരിക്കുന്നതിലൂടെ മനുഷ്യൻ തിന്മയുടെ ആധിപത്യത്തിൽ നിന്നു മോചിതനാകുന്നു. അതാണ് സുവിശേഷത്തിൽ വിശ്വസിക്കുന്നതിലൂടെ സംഭവിക്കുന്നത്. അതിനുവേണ്ടിയാണ് പന്ത്രണ്ടുപേരെ പ്രത്യേകം തിരഞ്ഞെടുത്ത് അധികാരം നല്കി അയച്ചത് (മർക്കോ 3,14-15).

**രോഗശാന്തി**

യേശു പ്രവർത്തിച്ച അത്ഭുതങ്ങളിൽ ഏറ്റവും അധികം രോഖശാന്തികളായിരുന്നു. എല്ലാവിധത്തിലുമുള്ള രോഗങ്ങളിൽ നിന്നും യേശു മോചനം നല്കുന്നതായി സുവിശേഷങ്ങൾ വിവരിക്കുന്നുണ്ട്. അടിസ്ഥാനപരമായി എല്ലാ രോഗങ്ങളും പാപത്തിന്റെയും, തന്മൂലമുണ്ടാകുന്ന തിന്മയുടെ ആധിപത്യത്തിന്റെയും ഫലമാണ് എന്ന ബൈബിളിന്റെ പൊതുദർശനം സുവിശേഷങ്ങളും സ്വീകരിക്കുന്നുണ്ട്. എന്നാൽ ഓരോ രോഗവും ഏതെങ്കിലും ഒരു പാപത്തിന്റെ ഫലമാണെന്നു പറയുന്നില്ല. തന്നെയുമല്ല, രോഗിയുടെയോ അയാളുടെ പൂർവ്വികരുടെയോ പാപത്തിന്റെ ഫലമല്ല രോഗം എന്നു യേശു വ്യക്തമായി പഠിപ്പിക്കുന്നുമുണ്ട് (യോഹ 9,3). എന്നാലും രോഗവും പാപവും തമ്മിലുള്ള ആത്യന്തിക ബന്ധം യേശു നിഷേധിക്കുന്നില്ല എന്നു മാത്രമല്ല, രോഗശാന്തിയും പാപമോചനവും പരസ്പരം ബന്ധിപ്പിക്കുന്നുമുണ്ട്.

നാലുപേർകൂടി കിടക്കയിൽ എടുത്തുകൊണ്ടുവന്ന്, വീടിന്റെ

മേൽക്കൂര പൊളിച്ചു താഴെയിറക്കി, യേശുവിന്റെ മുമ്പിൽ കിടത്തിയ തളർവാതരോഗിയോട് യേശു പറയുന്നത് ശ്രദ്ധേയ മാണ്. "*നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു*" (മർക്കോ 2,5). യേശു നല്കുന്ന സമ്പൂർണ്ണ മോചനത്തിന്റെ ദൃശ്യമായ അടയാ ളമാണ് രോഗശാന്തികൾ. പാപമോചനം വഴി തിന്മയുടെ ആധി പത്യത്തിൽനിന്നു മോചിതനാകുന്ന വ്യക്തി ദൈവരാജ്യാനുഭവ ത്തിലേക്കു കടന്നുവരുന്നു.

വരാനിരിക്കുന്നവൻ നീ തന്നെയോ എന്ന ചോദ്യവുമായി വന്ന സ്നാപകശിഷ്യരുടെ മുമ്പിൽ യേശു നിരത്തുന്ന അടയാ ളങ്ങൾ ശ്രദ്ധേയമാമ്. "*കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ സുഖപ്പെടുന്നു. ചെകിടർ കേൾക്കുന്നു. മരിച്ച വർ ഉയിർക്കുന്നു. ദരിദ്രരോട് സുവിശേഷം പ്രസംഗിക്കപ്പെടുന്നു*" (ലൂക്കാ 7,22). രോഗാതുരനായ മനുഷ്യനെ സമൂലം നവീകരിച്ച്, പുതിയ മനുഷ്യനാക്കുന്നതിന്റെ സൂചനയാണ് ഈ രോഗശാ ന്തികൾ.

കുരുടന്മാർക്ക് ശാരീരികമായ കാഴ്ച മാത്രമല്ല, ആന്തരികമായ ഉൾക്കാഴ്ചയും ലഭിക്കുന്നു. അവർ യേശുവിനെ രക്ഷകനായി കണ്ട് അനുഗമിക്കുന്നു (മർക്കോ 10,52; യോഹ 9,35-39). ബധി രർക്കു കേൾവി ലഭിക്കുമ്പോൾ അവർ സുവിശേഷം കേൾക്കുന്നു. കുഷ്ഠരോഗികൾക്കു സൗഖ്യം കിട്ടുമ്പോൾ അവർ സമൂഹത്തിലെ, ദൈവരാജ്യത്തിലെ, അവകാശമുള്ള അംഗങ്ങളായി മാറുന്നു. ഊ മർക്കു സംസാരശേഷി കിട്ടുമ്പോൾ അവർ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കുന്നു. അതാണല്ലോ യേശു പ്രവർ ത്തിച്ച അത്ഭുതത്തിന്റെ കാതൽ. പാപം മൂലം ദുർബ്ബലവും വിക ലവുമായ മനുഷ്യപ്രകൃതിയെ പൂർണ്ണമായി ശുദ്ധീകരിച്ച്, ശക്തി പ്പെടുന്നതാണ് ദൈവരാജ്യം എന്ന് യേശു നല്കിയ രോഗശാ ന്തികൾ വിളിച്ചറിയിക്കുന്നു.

### പ്രകൃതിശക്തികളുടെ മേൽ ആധിപത്യം

മനുഷ്യമനസിൽ ഭയം ജനിപ്പിക്കുന്നതാണ് പ്രകൃതി ശക്തി കൾ. ചീറിയടിക്കുന്ന കൊടുങ്കാറ്റും അലറിയാർക്കുന്ന ആഴക്ക ടലും തീരങ്ങളെ വിഴുങ്ങുന്ന തിരമാലകളും സകലതും തകിടം മറിക്കുന്ന ഭൂമികുലുക്കവും തുടങ്ങി മനുഷ്യജീവിതത്തെ കശ ക്കിയെറിയുന്ന എത്രയെത്ര ഭീകരപ്രതിഭാസങ്ങൾ! പുരാതന മനു ഷ്യർ മാത്രമല്ല, അത്യാധുനികർ, ആധുനികാനന്തർ എന്നൊക്കെ

സ്വയം വിശേഷിപ്പിച്ച്, സ്വന്തം അറിവിലും കഴിവിലും കണ്ടുപിടുത്തങ്ങളിലും ഊറ്റം കൊള്ളുന്ന ആനുകാലികരും ക്രമംതെറ്റി, കലിതുള്ളുന്ന പ്രപഞ്ചശക്തികളുടെ മുമ്പിൽ ഭയവിഹ്വലരാകുന്നു; അഹങ്കാരത്തിന്റെ പത്തിമടക്കി മാളങ്ങളിൽ ഒളിക്കാൻ ശ്രമിക്കുന്നു. കഴിഞ്ഞ ഒരു പതിറ്റാണ്ടിനുള്ളിൽ ലോകം കണ്ട സുനാമി കൊടുങ്കാറ്റുകളും പ്രളയങ്ങളും ഭൂമികുലുക്കങ്ങളും ഭൂമിയുടെ ശ്വാസകോശത്തെത്തന്നെ കാർന്നുതിന്നുന്ന അഗ്നിപ്രവാഹങ്ങളും എല്ലാം എണ്ണിയാൽ തീരാത്ത ഉദാഹരണങ്ങൾ. ലോകജനതകളുടെ മേൽ ഭയത്തിന്റെ കരിനിഴൽ വീഴ്ത്തുന്ന കോവിഡ് 19 ഏറ്റം അവസാനത്തെ ഉദാഹരണം.

ഇവിടെയാണ് യേശു പ്രകൃതിശക്തികളുടെ മേൽ പ്രവർത്തിച്ച അടയാളങ്ങൾ ആനുകാലികവും അർത്ഥം പൂർണ്ണവുമാകുന്നത്. വലിയ കരകാണാക്കടലൊന്നുമല്ല ഗലീലിക്കടൽ. ഏകദേശം 25 കി.മീ. നീളവും ഏറ്റം കൂടിയത് 13 കി.മീ. വീതിയുള്ള ചെറിയൊരു ഉൾനാടൻ തടാകം. എന്നാൽ മലയിടുക്കിലൂടെ കടന്നുവരുന്ന കൊടുങ്കാറ്റ് ഈ തടാകത്തിന്റെ സ്വാഭാവികമായ ശാന്തതയ്ക്കു മാറ്റം വരുത്തും. അലയടിച്ചുയർന്നുവരുന്ന തിരമാലകൾ മീൻപിടുത്തക്കാരുടെ തോണികളെ അപ്പാടെ വിഴുങ്ങും. പരിചയസമ്പന്നരായ മത്സ്യത്തൊഴിലാളികളായിരുന്നു യേശുവിന്റെ പ്രമുഖ ശിഷ്യരിൽ മിക്കവരും. പക്ഷേ, കൊടുങ്കാറ്റിൽ പെട്ട തോണി ഏതുനിമിഷവും പാതാളത്തിന്റെ അടിത്തട്ടിലേക്കു കൂപ്പുകുത്തും എന്നു ഭയന്ന ശിഷ്യർ നിസ്സഹായരായി നിലവിളിച്ചു.

അപ്പോഴാണ് അവർ യേശുവിന്റെ മറ്റൊരു ഭാവം കണ്ടത്. തിരമാലകളിൽ ആടിയുലഞ്ഞ് മുങ്ങാൻ പോകുന്ന തോണിയിൽ ശാന്തമായി ഉറങ്ങുന്ന യേശു. അവന് ഭയമില്ല; അസ്വസ്ഥതയുമില്ല. ശിഷ്യരുടെ നിലവിളി കേട്ട് കണ്ണു തുറന്നവന്റെ ഒറ്റവാക്ക്. കാറ്റു നിലച്ചു. കടലടങ്ങി. എല്ലാം ശാന്തം, പ്രശാന്തം. ആരാണിവൻ? ശിഷ്യന്മാർ ഭയന്ന് പരസ്പരം ചോദിച്ചു (മർക്കോ 4, 35-41).

മറ്റൊരിക്കൽ, കൊടുങ്കാറ്റ് പതിയിരുന്ന ഗലീലിക്കടലിലേക്ക് യേശു ശിഷ്യന്മാരെ നിർബ്ബന്ധിച്ചു പറഞ്ഞയച്ചു. മരുഭൂമിയിൽ വച്ച് അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ചതിനെ തുടർന്ന് ജനക്കൂട്ടം യേശുവിനെ രാജാവാക്കാൻ നടത്തിയ ശ്രമത്തിൽ നിന്ന് അകറ്റി നിർത്താൻ വേണ്ടിയാണ് ശിഷ്യന്മാരെ കടലിനക്കരയ്ക്കു

വിട്ടത്. കാറ്റു പ്രതികൂലമായിരുന്നു, കടൽ പ്രക്ഷുബ്ധവും. തണ്ടു വലിച്ചു തളർന്നിട്ടും എങ്ങും എത്താത്ത അവർ വെളുപ്പാൻ കാലത്ത്, രാത്രിയുടെ നാലാംയാമത്തിൽ, ഒരു കാഴ്ച കണ്ട് ഭയാക്രാന്തരായി. കടലിനു മീതേ നടന്നടുക്കുന്നത് ഏതോ ദുർഭൂതമെന്നവർ കരുതി - ഇടിവെട്ടിയവനെ പാമ്പുകടിച്ചു എന്നു പറഞ്ഞതുപോലെ. പക്ഷേ അത് തങ്ങളുടെ ഗുരുവാണെന്ന് ഉടനെ തിരിച്ചറിഞ്ഞു. "*ധൈര്യമായിരിക്കുവിൻ, ഞാനാണ്, ഭയപ്പെടേണ്ടാ*" (മത്താ 14,27).

കാറ്റിനെയും കടലിനെയും ചൊല്പടിക്കുനിർത്തുന്നവൻ, ആർത്തിരമ്പുന്ന തിരമാലകൾക്കു മുകളിലൂടെ ശാന്തമായി നടന്നടുക്കുന്നവൻ - ആരാണിവൻ? ശിഷ്യന്മാർ പരസ്പരം ചോദിച്ചു. കടലിനെ ശാസിക്കുകയും ഒറ്റവാക്കാൽ കാറ്റിനെ നിയന്ത്രിക്കുകയും ചെയ്യുന്നവൻ, സംശയമില്ല. ദൈവം തന്നെ! യേശു ഉദ്ഘാടനം ചെയ്യുന്ന ദൈവരാജ്യത്തിന്റെ മറ്റൊരു മാനം ഇവിടെ പ്രത്യക്ഷമാകുന്നു. എല്ലാ ഭയങ്ങളും അകറ്റുന്ന, തിന്മയുടെ എല്ലാ ശക്തികളെയും കീഴടക്കുന്ന, ദൈവത്തിന്റെ ശക്തിയാണ് ദൈവരാജ്യത്തിലൂടെ പ്രകടമാകുന്നത്.

**ആഹാരം**

മനുഷ്യന്റെ ഏറ്റം പ്രാഥമികമായ ആവശ്യമാണ് ആഹാരം. പ്രപഞ്ചസൃഷ്ടിയുടെ വിവരണത്തിൽ വിശുദ്ധ ഗ്രന്ഥകാരൻ ഇതു സൂചിപ്പിക്കുന്നുണ്ട്. അതിനാലാണല്ലോ പക്ഷിമൃഗാദികളെയും. മനുഷ്യരെയും സൃഷ്ടിക്കുന്നതിനുമുമ്പ് അവരുടെ ജീവസന്ധാരണത്തിനാവശ്യമായ സസ്യലതാദികളും ഫലമൂലാദികളും സൃഷ്ടിച്ചതായി വിവരിക്കുന്നത്. എന്നാൽ എല്ലാ കാലത്തും മനുഷ്യൻ നേരിടുന്ന വലിയൊരു വെല്ലുവിളിയാണ് വിശപ്പിന്റെ വിളി. ലോകം ഏറെ പുരോഗമിച്ചു എന്നഭിമാനിക്കുന്ന ഇന്നും ലോകജനസംഖ്യയുടെ മൂന്നിൽ ഒരുഭാഗം ആവശ്യത്തിനാഹാരം കിട്ടാതെ ക്ലേശിക്കുന്നു. ലക്ഷക്കണക്കിനു കുഞ്ഞുങ്ങൾ പോഷകാഹാരത്തിന്റെ കുറവു കാരണം മരിച്ചുപോകുന്നു. പട്ടിണിമരണങ്ങൾ നമ്മുടെ നാട്ടിൽ ഒരു വാർത്തപോലും അല്ലാതായിരിക്കുന്നു. ഈ സാഹചര്യത്തിൽ യേശുവിന്റെ ഒരത്ഭുതപ്രവർത്തനം സവിശേഷ ശ്രദ്ധയർഹിക്കുന്നു.

മരുഭൂമിയിൽവച്ച് യേശു നേരിട്ട ആദ്യത്തെ പ്രലോഭനം വകല്ലുകളെ അപ്പമാക്കി വിശപ്പടക്കുക എന്ന എളുപ്പമാർഗ്ഗമായി

രുന്നു. ദൈവവചനത്തിന്റെ പ്രഥമസ്ഥാനം എടുത്തുകാട്ടി മറുപടി പറഞ്ഞെങ്കിലും പിന്നീട്, തന്റെ പിന്നാലെ വന്ന ആയിരങ്ങൾക്കു വിശന്നപ്പോൾ യേശു അത്ഭുതം പ്രവർത്തിച്ചുതന്നെ അവർക്ക് ആഹാരം നല്കി. നാലു സുവിശേഷങ്ങളും രേഖപ്പെടുത്തിയിരിക്കുന്ന ഏക അത്ഭുതമാണിത് എന്നതിൽ നിന്നുതന്നെ അപ്പം എന്ന പ്രമേയത്തിന് യേശുവും ശിഷ്യന്മാരും നല്കുന്ന പ്രാധാന്യം വ്യക്തമാകുന്നു. എന്നാൽ അത്ഭുതം പ്രവർത്തിക്കുന്നതിനുമുമ്പ് യേശു മറ്റൊന്നു ചെയ്തു. ശിഷ്യന്മാരുടെ കൈവശം ഉണ്ടായിരുന്നതു മുഴുവൻ കാഴ്ചവയ്ക്കാൻ ആവശ്യപ്പെട്ടു.

അഞ്ചപ്പത്തിന്റെ പിച്ചക്കണക്കു പറഞ്ഞവർ അറിഞ്ഞില്ല അതിനെ അൻപതിനായിരമായി വർദ്ധിപ്പിക്കാൻ കഴിയുന്നവന്റെ മുമ്പിലാണ് തങ്ങൾ നില്ക്കുന്നതെന്ന്. ഇതും ദൈവരാജ്യത്തിന്റെ ഒരടയാളമായിരുന്നു - വിശക്കുന്നവർക്ക് ആഹാരം. അത് എളുപ്പമാർഗ്ഗത്തിൽ സമ്പാദിക്കുകയല്ല, ഓരോരുത്തരും തങ്ങളുടെ കൈവശമുള്ളതു മുഴുവൻ, അല്പംപോലും മാറ്റിവയ്ക്കാതെ, പങ്കുവയ്ക്കാൻ തയ്യാറാകണം. അപ്പോൾ അപ്പം അത്ഭുതകരമായി വർദ്ധിച്ച് എല്ലാവരുടെയും വിശപ്പടക്കും.

ആദ്യം അത്ഭുതം നടക്കേണ്ടത് മനുഷ്യഹൃദയങ്ങളിലാണ്. അപരനെ സഹോദരനായി കണ്ട്, പങ്കുവയ്ക്കാൻ തയ്യാറാകുന്ന സ്നേഹം ഹൃദയങ്ങളെ ഭരിക്കുമ്പോൾ ദൈവരാജ്യം ഹൃദയങ്ങളിൽ മാത്രമല്ല, സമൂഹത്തിലും യാഥാർത്ഥ്യമാകും. അതാണ് ആദിമക്രൈസ്തവസമൂഹങ്ങളിൽ സംഭവിച്ചത്. "*അവരുടെ ഇടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല. കാരണം ........... ഓരോരുത്തർക്കും ആവശ്യമനുസരിച്ച് വിതരണം ചെയ്യപ്പെട്ടു*" (അപ്പ 4, 34-35; 2,44-45).

മനുഷ്യജീവിതത്തിൽ വലിയ സന്തോഷത്തിന്റെയും ആഘോഷത്തിന്റെയും ഒരവസരമാണ് വിവാഹം. വിവാഹവിരുന്നിൽ വിഭവങ്ങൾ തീർന്നുപോകുന്നത് വലിയൊരു നാണക്കേടിനിടയാക്കും. അതാണ് കാനായിൽ സംഭവിക്കാൻപോയത്. പക്ഷേ അമ്മയുടെ സമയോചിതമായ ഇടപെടൽ പ്രതിസന്ധി ഒഴിവാക്കി. 120 ലിറ്റർ വീതം കൊള്ളുന്ന ആറു ചാറകളിൽ നിറഞ്ഞുകവിഞ്ഞ പച്ചവെള്ളം പുതുവീഞ്ഞാക്കിപ്പകർത്തിയത് മനുഷ്യനു സന്തോഷം നല്കാൻ വേണ്ടിയായിരുന്നു. അതാണ് ദൈവരാജ്യത്തിന്റെ മറ്റൊരു മാനം - സന്തോഷം. എല്ലാവർക്കും സന്തോഷമുണ്ടാ

കണം. ദൈവമക്കൾ ആരും ദുഃഖിതരായി, നിരാശയിൽ കഴിയരുത്. യേശു തന്റെ മഹത്വം വെളിപ്പെടുത്തിയ ആദ്യത്തെ അടയാളമാണ് കാനായിൽ പ്രവർത്തിച്ചത് എന്നു സുവിശേഷകൻ എടുത്തുപറയുമ്പോൾ (യോഹ 2,11) സന്തോഷത്തിന്റെ മാനത്തിന് ഊന്നൽ നല്കുന്നതു കാണാം.

## മരിച്ചവർക്ക് ജീവൻ

മനുഷ്യന്റെ എല്ലാ പ്രയത്നങ്ങളും പ്രതീക്ഷകളും, സന്തോഷങ്ങളും ദുഃഖങ്ങളും മരണത്തിൽ ചെന്നവസാനിക്കുന്നു. മരണത്തിൽനിന്നു മോചനം നേടാനുള്ള ശ്രമത്തിനു മനുഷ്യവർഗ്ഗത്തോളം തന്നെ പഴക്കമുണ്ട്. എന്നാൽ ഇന്നും മരണം കീഴടങ്ങാത്ത ഒരു ശത്രുവായി നിലകൊള്ളുന്നു, നിരന്തരമായ ഒരു ഭീഷണിയായി. ഇവിടെയാണ് യേശു ഉദ്ഘാടനം ചെയ്ത ദൈവരാജ്യത്തിന്റെ ഏറ്റം വലിയ അടയാളം പ്രകടമാകുന്നത്. മരിച്ചവരെ ഉയിർപ്പിച്ച മൂന്നു സംഭവങ്ങൾ ദൈവരാജ്യത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്ന അടയാളങ്ങളും തെളിവുകളുമായി സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

12 വയസ് പ്രായമായ ബാലികയെ യേശു മരണത്തിൽ നിന്നു തിരിച്ചുകൊണ്ടുവന്നത് അവൾ മരിച്ച് ഏതാനും നിമിഷങ്ങൾക്കകമാണ് (മർക്കോ 5,35-43). ബാലികയുടെ പിതാവിനോട് ഒന്നു മാത്രമേ യേശു ആവശ്യപ്പെട്ടുള്ളൂ: "*ഭയപ്പെടേണ്ടാ, വിശ്വസിക്കുക മാത്രം ചെയ്യുക*" (മർക്കോ 5,36). യേശുവിന്റെ വാക്കുകൾ മാതൃഭാഷയായ അരമായയിൽത്തന്നെ ഉദ്ധരിച്ചുകൊണ്ട് യേശുവിന്റെ ആജ്ഞാശക്തിയും ദൈവരാജ്യത്തിന്റെ സാന്നിധ്യവും സ്വഭാവവും വ്യക്തമാക്കുന്നു: "*തലീത്താക്കും!*" (ബാലികേ എഴുന്നേല്ക്കുക). എണീറ്റു നടന്ന ബാലികയ്ക്ക് ആഹാരം കൊടുക്കാൻ നിർദ്ദേശിച്ചുകൊണ്ട് ജീവൻ നിലനിർത്താനാവശ്യമായതു നല്കുന്നതും ദൈവരാജ്യത്തിന്റെ സ്വഭാവത്തിൽപ്പെടുന്നു എന്നു പഠിപ്പിക്കുന്നു.

നായീനിലെ വിധവയുടെ ഏകമകനായിരുന്നു ആ യുവാവ്. ഭർത്താവ് നഷ്ടപ്പെട്ടതിന്റെ ദുഃഖം തീരുന്നതിനുമുമ്പേ ഏക ആശ്രയമായ മകനും മരിച്ചത് ആ വിധവയെ വല്ലാത തളർത്തിക്കളഞ്ഞു. മകനെ മറവുചെയ്യാൻ ശവപ്പറമ്പിലേക്കു കൊണ്ടുപോകുന്ന വഴിയിലാണ് യേശു അവളെ കണ്ടുമുട്ടിയത്, നായിൻപട്ടണത്തിന്റെ വാതിൽക്കൽവച്ച്. കഫാർണാമിൽനിന്ന് ഏകദേശം

35 കിലോമീറ്റർ നടന്നാണ് യേശു അവിടെ എത്തിയത്, ഒരേ ഒരു ലക്ഷ്യത്തിനുവേണ്ടി - ഈ വിധവയുടെ മകനെ ഉയിർപ്പിച്ച് അമ്മയുടെ ദുഃഖമകറ്റുക. കഫർണാമിലെ ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തിയതിനുശേഷം നായീനിൽവന്നു. പിന്നീട് രംഗം മാറി, യാത്ര തുടർന്നു (ലൂക്കാ 7,1-17).

മകന്റെ ശവമഞ്ചത്തിനു പിന്നാലെ നടന്ന അമ്മയോട് യേശു പറഞ്ഞത് വെറും ഭംഗിവാക്കായിരുന്നില്ല: "*കരയേണ്ടാ!*" കണ്ണീരിന്റെ കാരണം പരിഹരിക്കാൻ കഴിവുള്ളവനാണതു പറഞ്ഞത്. അവന്റെ വാക്കുകേട്ട് യുവാവ് എഴുന്നേറ്റിരുന്നു. അത് കാഴ്ചക്കാരുടെ വെറും ഒരു തോന്നലല്ല, യാഥാർത്ഥ്യമാണെന്നു തെളിയിക്കാൻ യുവാവു സംസാരിക്കാൻ തുടങ്ങി. മകനെ തിരിച്ചുകിട്ടിയ അമ്മയുടെ കണ്ണീർവറ്റി; മുഖം പ്രസന്നമായി. ഹൃദയത്തിൽ സന്തോഷം ചിറപൊട്ടി. അതാണ് ദൈവരാജ്യം - മരണത്തിൽ നിന്നു പുതുജീവൻ, കണ്ണീർ തുടച്ച് സന്തോഷം പ്രദാനം ചെയ്യുന്ന ദൈവഭരണം.

ബെഥാനിയായിലെ ലാസർ മരിച്ച് സംസ്കരിക്കപ്പെട്ടിട്ട് മൂന്നു ദിവസം കഴിഞ്ഞിരുന്നു. ദുർഗന്ധം വമിക്കും എന്നു സഹോദരി അനുസ്മരിപ്പിച്ചു. പിതാവ് പ്രാർത്ഥന കേട്ടു. യേശുവിന്റെ വാക്ക് മൃതിയുടെ കവാടം കടന്ന് പാതാളത്തിലെത്തി. മരിച്ചവൻ കല്ലറയിൽനിന്ന് എണീറ്റുവന്നു. യോഹന്നാൻ മാത്രം അവതരിപ്പിക്കുന്ന ഒരത്ഭുതം, ദൈവരാജ്യത്തിന്റെ ശക്തിയും സ്വഭാവവും ഏറ്റം പ്രകടമാക്കുന്ന മഹാത്ഭുതം! (യോഹ 11,1-44). ആർക്കും നിഷേധിക്കാനാവാത്തവിധം അനേകരുടെ സാന്നിധ്യത്തിൽ പ്രവർത്തിച്ച ഈ വലിയ അടയാളം ദൈവരാജ്യം എന്നാൽ ജീവനും സന്തോഷവുമാണെന്നതിന് അനിഷേധ്യമായ തെളിവു നല്കി.

ഇതിനെ എല്ലാം വെല്ലുന്നതായിരുന്നു യേശുവിന്റെ തന്നെ ജീവിതത്തിൽ സംഭവിച്ചത്. ദൈവദൂഷകനും കലാപകാരിയും എന്നു മുദ്രകുത്തി കുരിശിൽ തറച്ചുകൊന്നവന്റെ ശരീരം അടക്കിയ കല്ലറയ്ക്കു മുദ്രവച്ച് യഹൂദനേതാക്കൾ കാവൽനിന്നു, മരിച്ചവൻ മരിച്ചുതന്നെ കിടക്കണം എന്ന ശാഠ്യത്തോടെ. എന്നാൽ മുദ്ര തകർന്നു. കല്ലറ തുറന്നു. ശരീരം കല്ലറയിൽ ഉണ്ടായിരുന്നില്ല. മരിച്ചവൻ ഉയിർത്തെഴുന്നേറ്റു എന്ന് ശത്രുക്കൾ പോലും സാക്ഷ്യപ്പെടുത്താൻ നിർബ്ബന്ധിതരായി. അതാണ് ദൈവരാജ്യം - മനുഷ്യന്റെ അവസാനത്തെ ശത്രുവായ മരണത്തെയും

കീഴടക്കുന്നു ദൈവത്തിന്റെ ഭരണം. എല്ലാ മനുഷ്യർക്കും ലഭിക്കാൻ പോകുന്ന പുനരുത്ഥാനത്തിന്റെ ഒരു മുന്നാസ്വാദനമായിരുന്നു മരിച്ചവർക്ക് യേശു നല്കിയ പുനരുജ്ജീവനം. എന്നാൽ പുനരുത്ഥാനത്തിന്റെ അച്ചാരമാണ് യേശുവിന്റെ പുനരുത്ഥാനം. അതിലൂടെയാണ് ദൈവരാജ്യത്തിന്റെ പൂർണ്ണത പ്രകടമാകുക. നിത്യം ദൈവത്തോടൊന്നിച്ച് സന്തോഷത്തിൽ കഴിയുന്ന അവസ്ഥ.

### 3. ഉപമകളിൽ വിരിയുന്ന ദൈവരാജ്യം

യേശുവിന്റെ ജീവിതം ദൈവരാജ്യത്തിന്റെ ചില സവിശേഷതകളിലേക്കു സൂചന നല്കി. അത്ഭുതപ്രവർത്തനങ്ങൾ ദൈവരാജ്യത്തിന്റെ സാന്നിധ്യം വിളിച്ചറിയിച്ചു. എന്നാൽ എന്താണ് ദൈവരാജ്യം എന്ന ചോദ്യത്തിന് മതിയായ ഉത്തരം ഇതിൽ നിന്നു മാത്രം ലഭ്യമല്ല. അതിനു യേശുവിന്റെ പ്രബോധനങ്ങളിലേക്കു തിരിയണം. ദൈവരാജ്യം അടുത്തെത്തിയിരിക്കുന്നു എന്ന പ്രഖ്യാപനത്തോടെയാണ് യേശു പ്രവർത്തനം ആരംഭിച്ചത് (മർക്കോ 1,14-15). ദൈവരാജ്യത്തിൽ പ്രവേശിക്കാനായി എല്ലാവരെയും ആഹ്വാനം ചെയ്യുന്നതായിരുന്നു യേശുവിന്റെ വാക്കുകൾ. ആ രാജ്യത്തിന്റെ സ്വഭാവം അനേകം ഉപമകളിലൂടെ യേശു വിശദീകരിച്ചു.

"ഒന്നിനോടൊന്ന് സാദൃശ്യം ചൊന്നാൽ ഉപമയാമത്. മന്നവേന്ദ്രാ വിളങ്ങുന്നു, ചന്ദ്രനെപ്പോലെ നിൻമുഖം". ചെറുപ്പകാലത്ത് സ്കൂളിൽ പഠിച്ച ഈ ഈരടി ഉപമയുടെ ഒരു സ്വഭാവം എടുത്തുകാട്ടുന്നു. അദൃശ്യവും അജ്ഞാതവുമായ ഒന്നിനെ ദൃശ്യവും ചിരപരിചിതവുമായ മറ്റൊന്നുമായി താരതമ്യം ചെയ്ത് വിശദീകരിക്കാൻ ശ്രമിക്കുന്നതിനെയാണ് ബൈബിളിൽ സാധാരണ ഉപമ എന്ന വാക്കുകൊണ്ടർത്ഥമാക്കുന്നത്. *പാരബിൾ* (*Parable*) എന്നാണ് ഇംഗ്ലീഷ് വാക്ക്. ഇത് *പാരാബൊളേ* (*Parabole*) എന്ന ഗ്രീക്കുവാക്കിൽ നിന്നു വരുന്നു. ഒന്നിനു സമാന്തരമായി മറ്റൊന്നുവയ്ക്കുക - റെയിൽവേ പാളങ്ങൾപോലെ. ഇതാണ് പാരാബൊളേ എന്ന ഗ്രീക്കുവാക്കിനർത്ഥം. സമാന്തരമായി വയ്ക്കുക എന്നർത്ഥമുള്ള *പാരാബല്ലെയിൽ* (*Para + ballein*) എന്ന ക്രിയാധാതുവിൽനിന്നാണ് ഈ നാമത്തിന്റെ നിഷ്പത്തി.

അദൃശ്യമായ ദൈവിക യാഥാർത്ഥ്യത്തെ മനുഷ്യനു ഗ്രഹിക്കാൻ കഴിയുന്നത്ര ലളിതമായി അവനു പരിചിതമായ ഉദാഹര

ണങ്ങളിലൂടെ അവതരിപ്പിക്കുന്നതാണ് ഉപമ. എല്ലാവർക്കും പരിചിതമായ ഉദാഹരണങ്ങളിലൂടെ കാര്യങ്ങൾ അവതരിപ്പിക്കുക എന്നത് യേശുവിന്റെ പ്രബോധനരീതിയുടെ ഒരു സവിശേഷത ആയിരുന്നു. ഉദാഹരണങ്ങൾ പലവിധത്തിലുള്ളതാകാം. സാമാന്യം ദീർഘമായ കഥകളാണ് നാം പൊതുവേ ഉപമകൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇത്തരം നാല്പത് ഉപമകൾ സമാന്തരസുവിശേഷങ്ങളിലുണ്ട്.

ഉപമകൾ പൊതുവേ ഒരു പ്രധാന അർത്ഥം, അഥവാ സന്ദേശം മാത്രമായിരിക്കും ലക്ഷ്യംവയ്ക്കുക. വിശദാംശങ്ങൾ കഥയുടെ മിഴിവിനുവേണ്ടി ചേർക്കുന്നതായി കരുതിയാൽ മതി. വിതക്കാരന്റെ ഉപമ ഉദാഹരണം (മത്താ 13,1-9). വിതക്കാരൻ വിതച്ച വിത്തിൽ മുക്കാൽ ഭാഗവും നഷ്ടമായി. എന്നാൽ അവശേഷിച്ച കാൽഭാഗം നൂറുമേനി വിളഞ്ഞ് വലിയ നേട്ടുണ്ടാക്കി. ദൈവരാജ്യത്തിന്റെ ഒരു സ്വഭാവസവിശേഷതയാണിവിടെ ശ്രദ്ധാകേന്ദ്രം. കേൾവിക്കാരുടെ അശ്രദ്ധയും, അലസതയും, സ്വാർത്ഥതാൽപര്യങ്ങളും, നേരിടേണ്ടിവരുന്ന എതിർപ്പുകളും മൂലം വിതയ്ക്കപ്പെടുന്ന വചനം അനേകരിൽ ഫലം പുറപ്പെടുവിക്കുന്നില്ലെങ്കിലും, ഒരു ചെറിയ വിഭാഗം വചനം ശ്രവിച്ച് ജീവിതം സഫലമാക്കും. അതിനാൽ നിരാശവേണ്ടാ. ഇതാണ് ഉപമയുടെ അർത്ഥം. ഇതുപോലെയാണ് മറ്റ് ഉപമകളും; കേന്ദ്രവത്തായ ഒരാശയത്തിനുമാത്രം പ്രാധാന്യം നല്കുന്നു.

എന്നാൽ ഉപമകൾ പലപ്പോഴും വിശദാംശങ്ങൾക്ക് ഊന്നൽ നല്കി വ്യാഖ്യാനിക്കപ്പെടാറുണ്ട്. അപ്പോൾ അതിനെ "*അന്യാപദേശം*" (*allegory*) എന്നാണ് വിശേഷിപ്പിക്കുക. വിതക്കാരന്റെ ഉപമയ്ക്കു സുവിശേഷത്തിൽത്തന്നെ നല്കുന്ന വിശദീകരണം ഉദാഹരണമായെടുക്കാം (മത്താ 13,18-23). വിത്ത് = ദൈവവചനം; വിതക്കാരൻ = യേശു; വയൽ = മനുഷ്യഹൃദയം; വയലിന്റെ സവിശേഷതകൾ = മനുഷ്യഹൃദയത്തിന്റെ വിവിധ ഭാവങ്ങൾ. അതിനാൽ "*വചനം കേട്ട്, ഉൽകൃഷ്ടവും നിർമ്മലവുമായ ഹൃദയത്തിൽ അതു സംഗ്രഹിച്ച്, ക്ഷമയോടെ ഫലം പുറപ്പെടുവിൻ*" (ലൂക്കാ 8,15) ഈ അന്യാപദേശത്തിലൂടെ ആഹ്വാനം ചെയ്യുന്നു.

ഉപമയ്ക്കും അന്യാപദേശത്തിനും പുറമേ, ഒറ്റവാക്യത്തിൽ കാര്യങ്ങൾ പഠിപ്പിക്കുന്ന സദൃശ്യവാക്യങ്ങളും ഉപമകളായിത്തന്നെ പരിഗണിക്കപ്പെടുന്നു. കണ്ണിലെ കരടും തടിയും (മത്താ

7,3), നിക്ഷേപവും ഹൃദയവും (മത്താ 6,19-21) ഒട്ടകവും സൂചിക്കുഴയും (മർക്കോ 10,25) ഉദാഹരണങ്ങൾ. പഴഞ്ചൊല്ലുകളും ഈ കൂട്ടത്തിൽ പരിഗണിക്കാം. "*മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കട്ടെ*" (ലൂക്കാ 9, 60). "*ശവം എവിടെയോ അവിടെ കഴുകൻ പ്രത്യക്ഷപ്പെടും*" (ലൂക്കാ 17,37). ശിഷ്യത്വത്തിലേക്കുള്ള വിളി ലഭിക്കുമ്പോൾ, മറ്റു കാര്യങ്ങളിൽ വ്യഗ്രതപ്പെടാതെ, വിളിച്ചവനെ അനുഗമിക്കണം എന്നാണ് ആദ്യത്തെ വാക്യം പഠിപ്പിക്കുന്നത്. ലോകാവസാനത്തെക്കുറിച്ച് ഉൽക്കണ്ഠവേണ്ടാ. സമയമാകുമ്പോൾ അതു വന്നുകൊള്ളും എന്ന് രണ്ടാമത്തേതിന്റെ അർത്ഥം. ഇപ്രകാരമുള്ള അനേകം സദൃശ്യവാക്യങ്ങളും ചൊല്ലുകളും ദൈവരാജ്യത്തിന്റെ സ്വഭാവം വിശദീകരിക്കാൻ യേശു ഉപയോഗിച്ചിട്ടുണ്ട്.

വസ്തുക്കളുമായുള്ള താരതമ്യങ്ങളും ഉപമകളുടെ ഗണത്തിപ്പെടും. അതും ദൈവരാജ്യത്തിന്റെ സ്വഭാവം വിശദീകരിക്കാൻ യേശു ഉപയോഗിച്ചിട്ടുണ്ട്. "*പുതിയ വീഞ്ഞും പുതിയ തോൽക്കുടവും*", "*പഴയ വസ്ത്രവും പുതിയ കണ്ഷണവും*" (മർക്കോ 2,21-22) ഉദാഹരണങ്ങളാണ്. ഇവയൊന്നും അക്ഷരാർത്ഥത്തിലല്ല മനസിലാക്കേണ്ടത് എന്നതിൽ സംശയമില്ല.

സമാനതയല്ല, ചിലപ്പോൾ വൈരുധ്യമായിരിക്കും ഉപമയിലും താരതമ്യത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ന്യായാധിപന്റെയും വിധവയുടെയും ഉദാഹരണത്തിൽ ഈ അവതരണശൈലി കാണാം (ലൂക്കാ 18,1-8). ദൈവഭയമില്ലാത്ത, നീതിരഹിതനായ ഒരു ന്യായാധിപൻ പോലും നിസ്സഹായയായ ഒരു വിധവയുടെ നിരന്തരമായ യാചനയിൽ മടുത്ത്, അവൾക്ക് ആവശ്യമായ നീതി നടത്തിക്കൊടുക്കുമെങ്കിൽ, നീതിയുടെ ഉറവിടവും സ്നേഹനിധിയായ പിതാവും ആയ ദൈവം എത്രയോ അധികമായി തന്നെ വിളിച്ചപേക്ഷിക്കുന്നവരുടെ പ്രാർത്ഥന സ്വീകരിക്കുകയില്ല! അർദ്ധരാത്രിക്ക് അപ്പം തേടിവരുന്ന സുഹൃത്തിനോട് വീട്ടുകാരന്റെ പ്രതികരണവും (ലൂക്കാ 11,5-9) ഇതേ ആശയം തന്നെ അവതരിപ്പിക്കുന്നു. ഉപമകളെക്കുറിച്ചുള്ള പൊതുവായ ഈ നിരീക്ഷണങ്ങൾക്കുശേഷം യേശു പറഞ്ഞ ഉപമകളിൽ ഇതൾവിരിയുന്ന ദൈവരാജ്യത്തിന്റെ സവിശേഷതകളിലേക്ക് അല്പം ഒന്നടുത്തു വരാനാണ് തുടർന്നു ശ്രമിക്കുന്നത്.

**ചെറിയ തുടക്കം:** സമകാലികരുടെ പ്രതീക്ഷകൾക്കു കടക

വിരുദ്ധമായിരുന്നു യേശു വരച്ചുകാട്ടിയ ദൈവരാജ്യചിത്രം. ദാവീദിനെപ്പോലെ ശക്തനായ ഒരു രാജാവുവന്ന് സകല രാജ്യങ്ങളെയും കീഴടക്കി, ഇസ്രായേലിന് ഒരു വലിയ സാമ്രാജ്യം സ്ഥാപിച്ചുകൊടുക്കും എന്ന സ്വപ്നവുമായി കഴിഞ്ഞവരുടെ മുന്നിൽ യേശു അവതരിപ്പിച്ചത് കടുകുമണിയുടെ ഉദാഹരണമാണ് (മത്താ 13,31-32). വിത്തുകളിൽ ഏറ്റം ചെറുതാണ് കടുകുമണി. എന്നാൽ അതു വളരുമ്പോൾ മറ്റു ചെടികളേക്കാൾ വലുതാകും. ആകാശപ്പറവകൾക്കു ചേക്കേറാൻ കഴിയുംവിധം ശാഖകൾ വിരിക്കും. ഈ ചിത്രത്തിനു പിന്നിൽ നബുക്കദ്നേസർ സ്വപ്നത്തിൽ കണ്ട വൻവൃക്ഷത്തിന്റെ ചിത്രം (ദാനി 4,10-28) മിന്നിമറയുന്നതും കാണാം. നസ്രത്തിലെ ഒരു മരപ്പണിക്കാരൻ ഏതാനും മത്സ്യത്തൊഴിലാളികളെയും കൂട്ടി ആരംഭിച്ചിരിക്കുന്ന ഈ മുന്നേറ്റം കടുകുമണി പോലെ ചെറുതാണ്. എന്നാൽ വളരുമ്പോൾ അതു ലോകം മുഴുവൻ നിറയും, സകല ജനതകളെയും ഉൾക്കൊള്ളും.

**ആന്തരികശക്തി:** ബാഹ്യമായ ഇടപെടലുകളിലൂടെയല്ല, ആന്തരികമായി പ്രവർത്തിക്കുന്ന ദൈവത്തിന്റെ ശക്തിയാലായിരിക്കും ദൈവരാജ്യം ഇവിടെ വളരുക. താനേ വളരുന്ന വിത്തിന്റെ ഉപമ (മർക്കോ 4,26-29) ഈ സത്യമാണ് പഠിപ്പിക്കുന്നത്. ഒച്ചപ്പാടും ബഹളവുമില്ലാതെ, വ്യക്തികളിൽനിന്നു വ്യക്തികളിലേക്കു സാവകാശം വ്യാപിച്ച് ജീവിതത്തിൽ സമൂലപരിവർത്തനം വരുത്തുന്നതായിരിക്കും ദൈവരാജ്യം എന്ന് ഉപ്പിന്റെയും (മത്താ 5, 13) പുളിമാവിന്റെയും (മത്താ 13, 33) ഉപമകളിലൂടെ വരച്ചുകാട്ടുന്നു.

**പ്രതിസന്ധികളെ അതിജീവിച്ച് ഫലം പുറപ്പെടുവിക്കും:** ഈ സത്യമാണ് വിതക്കാരന്റെ ഉപമയിലൂടെ പഠിപ്പിക്കുന്നത്. നിരാശ വേണ്ടാ. എതിർപ്പുകളും പീഡനങ്ങളും ഉണ്ടായാലും, പ്രത്യക്ഷത്തിൽ എല്ലാം നഷ്ടമാണെന്നു തോന്നിയാലും, പ്രത്യാശ കൈവെടിയാതെ വിശ്വസിക്കുക; ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കുക. അതിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് ജീവിക്കുക. ശുദ്ധമായ ഹൃദയത്തിൽ വചനം സ്വീകരിക്കുന്നവർ ഫലം പുറപ്പെടുവിക്കുക തന്നെ ചെയ്യും. വിത്തിനിടയിൽ കളവിതച്ചതിന്റെ ഉപമയിലൂടെ (മത്താ 13,24-30; 36-40) ഇതേ സത്യം തന്നെ ആവർത്തിച്ചുറപ്പിക്കുന്നു. അതോടൊപ്പം അന്യരെ വിധിക്കരുത്, വിധിയെല്ലാം ദൈവത്തിനു വിട്ടുകൊടുക്കുക; കള എന്നു

നിനക്കിപ്പോൾ തോന്നുന്നത് ഒരുപക്ഷേ നാളെ നല്ല ഫലം പുറപ്പെടുവിക്കുന്ന നെൽച്ചെടികളായിരിക്കാം എന്നും ഈ ഉപമയിലൂടെ പഠിപ്പിക്കുന്നു.

**ദൈവരാജ്യത്തിന്റെ പുതുമ:** യേശു ഉദ്ഘാടനം ചെയ്ത ദൈവരാജ്യം എന്തെന്നു ഗ്രഹിക്കാനും സ്വീകരിക്കാനും മനോഭാവത്തിൽ മാറ്റമുണ്ടാകണം. അതായിരുന്നു തുടക്കത്തിൽത്തന്നെ നല്കിയ ആഹ്വാനം: "*മാനസാന്തരപ്പെടുവിൻ. സുവിശേഷത്തിൽ വിശ്വസിക്കുവിൻ*" (മർക്കോ 1,15). പഴയ കീറത്തുണിയിൽ പുതിയ കഷ്ണം തയ്ച്ചുപിടിപ്പിക്കരുത്; പഴയ തോൽക്കുടത്തിൽ പുതിയ വീഞ്ഞൊഴിക്കരുത്. അങ്ങനെ ചെയ്താൽ രണ്ടും നഷ്ടപ്പെടും (മത്താ 9,16-17). മനോഭാവത്തിൽ മാറ്റമുണ്ടാകണം. അത് പ്രതീക്ഷകളിലും മൂല്യശ്രേണിയിലും ജീവിതശൈലിയിലും മാറ്റം വരുത്തും. യേശുവിലൂടെ ഈ ഭൂമിയിലേക്കു കടന്നുവന്നിരിക്കുന്ന പുതിയൊരു യാഥാർത്ഥ്യമാണ് ദൈവരാജ്യം.

**അമൂല്യമാണ്:** ദൈവരാജ്യത്തിൽ അംഗത്വം ലഭിക്കാൻ, അഥവാ ദൈവരാജ്യാനുഭവം സ്വന്തമാക്കാൻ വലിയ വിലകൊടുക്കേണ്ടിവരും. എന്നാൽ അതു നഷ്ടമായിട്ടല്ല, വലിയ ലാഭമായിട്ടായിരിക്കും അനുഭവപ്പെടുക: നിധിയൊളിഞ്ഞിരിക്കുന്ന വയലും അമൂല്യമായ രത്നവും സ്വന്തമാക്കാൻവേണ്ടി ഉള്ളതെല്ലാം സന്തോഷത്തോടെ വില്ക്കുന്നവരുടെ ഉദാഹരണങ്ങൾ (മത്താ 13,44-46). നഷ്ടപ്പെട്ടതിന്റെ ദുഃഖമല്ല, അമൂല്യമായതു സ്വന്തമാക്കിയതിന്റെ സന്തോഷമായിരിക്കും ഹൃദയത്തെ ഭരിക്കുക എന്നു പഠിപ്പിക്കുന്നു. ഏറ്റം വിലപ്പെട്ടതായി മനുഷ്യർ കരുതുന്ന കുടുംബത്തെയും സ്വന്തം ജീവനെത്തന്നെയും നഷ്ടപ്പെടുത്താൻ തയ്യാറാകുന്നത് ദൈവരാജ്യാനുഭവം നല്കുന്ന സന്തോഷത്തിന്റെ അടിസ്ഥാനത്തിലാണ് (ലൂക്കാ 14,25-27).

**കരുണാർദ്രമായ പിതൃസ്നേഹം:** ദൈവം പിതാവാണെന്നും സകല മനുഷ്യരെയും മക്കളായി സ്വീകരിക്കാൻ ആഗ്രഹിച്ചു കാത്തിരിക്കുന്നു എന്നും പഠിപ്പിക്കുന്ന അനേകം ഉപമകളുണ്ട്. പിതൃഭവനം ഉപേക്ഷിച്ച്, സ്വാർത്ഥം തേടി, അകന്നുപോയ മകനെ കാത്തിരിക്കുകയും, അവൻ മടങ്ങിവരുമ്പോൾ അതീവ സന്തോഷത്തോടെ സ്വീകരിച്ച് ആഘോഷിക്കുകയും ചെയ്യുന്ന പിതാവിന്റെ ചിത്രം സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഹൃദയത്തിലേക്കും അവിടുത്തെ ഭരണമാകുന്ന രാജ്യത്തിലേക്കും ആഴമേറിയ ഉൾ

ക്കാഴ്ച നല്കുന്നുണ്ട്. വീട്ടിൽ കയറാൻ വിസമ്മതിച്ചു പുറത്തു നില്ക്കുന്ന മൂത്ത മകനെയും അകത്തു കയറ്റാൻ ശ്രമിക്കുന്നവ നാണ് പിതാവ്. പിതാവിന് എല്ലാ മക്കളെയും വേണം (ലൂക്കാ 15,11-32). നിയമനിഷേധിയായ ചുങ്കക്കാരനും വിശുദ്ധന്റെ മുഖം മൂടിയണിഞ്ഞ ഫരിസേയനും ഒരുപോലെ ഈ പിതൃഭവനത്തിൽ, അഥവാ പിതൃഹൃദയത്തിൽ സ്ഥാനമുണ്ട്. അതിനാൽ മനസു മാറ്റി, സന്തോഷത്തോടെ മടങ്ങിവരുവിൻ! കുറ്റബോധവും മുഖം മൂടികളും ഉപേക്ഷിച്ച്, ദൈവത്തിന്റെ മക്കളെന്ന ബോധ്യത്തോടെ കടന്നുവരുവിൻ! പിതാവാണ് ക്ഷണിക്കുന്നത്.

**നഷ്ടപ്പെട്ടതിനെ തേടുന്ന സ്നേഹം:** ആരും നഷ്ടപ്പെട്ടുപോ കരുത് എന്നു ദൈവം ആഗ്രഹിക്കുന്നു. എല്ലാവർക്കും പിതൃഹൃ ദയത്തിൽ സ്ഥാനമുണ്ട്. നഷ്ടപ്പെട്ട ആടിനെ തേടുന്ന ഇടയനും, നഷ്ടപ്പെട്ട നാണയം തേടുന്ന വീട്ടമ്മയും (ലൂക്കാ 15,3-10) പാപി കളുടെ മാനസാന്തരത്തിൽ സന്തോഷിക്കുന്ന പിതാവിന്റെ പ്രതീ കങ്ങളാണ്. നഷ്ടപ്പെട്ടതിനെ കണ്ടെത്തുമ്പോൾ അരിശവും ശിക്ഷ യുമല്ല, സന്തോഷവും ആഘോഷവുമാണ്. ദൈവരാജ്യം അവാ ച്യമായ സന്തോഷത്തിന്റെ പര്യായമാണ്.

**സന്തോഷം - ആഘോഷം:** വളരെ താൽപര്യത്തോടെ യേശു അവതരിപ്പിക്കുന്ന ഒരു പ്രതീകമാണ് വിരുന്നാഘോഷം. ദൈവ രാജ്യത്തെ വിശദീകരിക്കാൻ വിരുന്നിന്റെ ഉപമ പറയുമ്പോൾ സന്തോഷത്തിന്റെ ഈ മാനത്തിന് ഊന്നൽ നല്കുന്നതായി കാണാം. ദൈവരാജ്യത്തെ വിരുന്നിനോട് ഉപമിക്കുക യഹൂദ റബ്ബിമാരുടെ ഇടയിൽ സാധാരണമായിരുന്നു. അതുകൊണ്ടാ ണല്ലോ യേശുവിന്റെ കൂടെ വിരുന്നവരിൽ ഒരുവൻ "*ദൈവരാ ജ്യത്തിൽ അപ്പം ഭക്ഷിക്കുന്നവൻ ഭാഗ്യവാൻ*" (ലൂക്കാ 14, 15) എന്നുദ്ഘോഷിച്ചത്. എന്നാൽ ദൈവരാജ്യമാകുന്ന വിരുന്നിന് ഒരു സവിശേഷതയുണ്ട്.

ധനികരുടെ ഒരു വിനോദമല്ല, സമൂഹം പുറന്തള്ളിയ പാവ പ്പെട്ടവർക്കു ദൈവം ഒരുക്കുന്ന ആഘോഷമാണത്. അതിനാൽ ദൈവരാജ്യമാകുന്ന വിരുന്നിൽ പാവപ്പെട്ടവർക്കായിരിക്കും മുൻ ഗണന. ചരിത്രത്തിന്റെ പരിസമാപ്തിയിൽ, ദൈവരാജ്യം അതിന്റെ പൂർണ്ണതയിൽ പ്രത്യക്ഷമാകുമ്പോൾ, അപ്രതീക്ഷിതമായ ചില ആശ്ചര്യങ്ങൾ ഉണ്ടാകാം. ഇന്ന് ദൈവരാജ്യത്തിലാണെന്നു കരുതി അഭിമാനിക്കുന്ന പലരും അന്നു പുറത്തായിരിക്കും; പുറ

ത്തെന്നു കരുതുന്ന പലരും അകത്തും (ലൂക്കാ 14,16-24). അതിനാൽ അഹങ്കാരവും ധാർഷ്ഠ്യവും വെടിഞ്ഞ്, എളിയവരുടെ നിരയിലേക്ക് ഇറങ്ങിവരുക. സമൂഹത്തിലെ ഏറ്റം താഴെക്കിടയിലുള്ളവരെ വിലപ്പെട്ടവരായി കണ്ട് ആദരിക്കുക, സഹായിക്കുക; പരിപാലിക്കുക.

**സൗജന്യദാനം:** ദൈവം യേശുക്രിസ്തുവിലൂടെ വച്ചുനീട്ടുന്ന സൗജന്യദാനമാണ് ദൈവരാജ്യം. "*ചെറിയ അജഗണമേ, ഭയപ്പെടേണ്ടാ. എന്തെന്നാൽ നിങ്ങൾക്കു രാജ്യം നല്കാൻ നിങ്ങളുടെ പിതാവ് പ്രസാദിച്ചിരിക്കുന്നു*" (ലൂക്കാ 12,31). മക്കളുടെ ന്യായമായ എല്ലാ ആവശ്യങ്ങളും അറിഞ്ഞ് നിറവേറ്റുന്ന സ്നേഹനിധിയായ പിതാവാണ് ദൈവം. വിലകൊടുത്തു വാങ്ങാവുന്നതല്ല അവിടുത്തെ സ്നേഹം. അതു ദൈവം സൗജന്യമായി നല്കുന്നതാണ്.

**വിലകൊടുക്കാൻ തയ്യാറാകണം:** ഭാവിയെക്കുറിച്ചുള്ള ഉൽക്കണ്ഠവെടിഞ്ഞ്, ദൈവപരിപാലനയിൽ ആശ്രയിക്കുക. ദൈവം കാത്തുകൊള്ളും എന്ന വിശാവസം തനിക്കുള്ളതെല്ലാം പങ്കുവയ്ക്കാൻ പ്രേരിപ്പിക്കണം. സ്വരുക്കൂട്ടിവയ്ക്കുന്ന സമ്പത്തിലല്ല, പിതാവായ ദൈവത്തിന്റെ പരിപാലനയിൽ സുരക്ഷിതത്വം കണ്ടെത്തണം. അപ്പോൾ അയല്ക്കാരുടെ ആവശ്യങ്ങൾ അറിയാനും കഴിവിനനുസരിച്ച് പരിഹരിക്കാനുമുള്ള മനസും ശക്തിയും ലഭിക്കും, ലഭിക്കണം. "*നിങ്ങളുടെ സമ്പത്തു വിറ്റ് ദാനം ചെയ്യുവിൻ. പഴികിപ്പോകാത്ത പണസഞ്ചികൾ കരുതിവയ്ക്കുവിൻ. ഒടുങ്ങാത്ത നിക്ഷേപം സ്വർഗ്ഗത്തിൽ സംഭരിച്ചുവയ്ക്കുവിൻ*" (ലൂക്കാ 12,33). ദാനം സ്വീകരിക്കാൻ ഹൃദയം ഒരുക്കണം.

**ഇടുങ്ങിയവാതിൽ:** ദൈവം സൗജന്യമായി നല്കുന്ന ദാനമാണ് ദൈവരാജ്യം. എന്നാൽ അത് ഒരു വീടോ പട്ടണമോ പോലെയാണെന്നു സൂചിപ്പിക്കുന്ന ഉപമകളുമുണ്ട്. അലസരുടെ മടിയിലേക്ക് ഇട്ടുകൊടുക്കുന്ന, വിലകെട്ട ദാനമല്ല അത്; ഉറച്ച തീരുമാനത്തോടെ, മറ്റെല്ലാം ത്യജിച്ച്, കഠിനമായി അധ്വാനിച്ചും നിരന്തരമായ ജാഗ്രത പാലിച്ചും നേടിയെടുക്കേണ്ട ഒന്നാണത് എന്നും യേശു ഉപമകളിലൂടെ തന്നെ പഠിപ്പിച്ചു. "*ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി വീതികുറഞ്ഞതുമാണ്. അതു കണ്ടെത്തുന്നവരോ ചുരുക്കം*" (മത്താ 7,14).

സ്നാപകനു പിന്നാലെ വന്ന യേശുവാണ് ദൈവരാജ്യത്തിന്റെ

സാന്നിധ്യം പ്രഖ്യാപിച്ചത്. ആ ദൈവരാജ്യത്തിലേക്കു പ്രവേശിക്കുക എളുപ്പമായിരിക്കുകയില്ല. "*നിയമവും പ്രവാചകന്മാരും സ്നാപക യോഹന്നാൻ വരെ ആയിരുന്നു. അതിനുശേഷം ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കപ്പെടുന്നു. എല്ലാവരും ബലം പ്രയോഗിച്ച് അതിൽ പ്രവേശിക്കുന്നു*" (ലൂക്കാ 16,16). മനുഷ്യർക്ക് ഇത് അസാധ്യമായിത്തോന്നാം. എന്നാൽ ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുന്നവർക്ക് ഇത് സാധ്യമാകും.

സമ്പത്തു മാത്രമല്ല, കുടുംബത്തെപോലും ദൈവരാജ്യത്തിനുവേണ്ടി ഉപേക്ഷിക്കേണ്ടിവരും എന്ന് യേശു മുന്നറിയിപ്പ് നല്കി. "*സ്വന്തം മാതാവിനെയും പിതാവിനെയും... എന്നല്ല സ്വജീവനെത്തന്നെയും വെറുക്കാതെ എന്റെ അടുത്തു വരുന്ന ആർക്കും എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല*" (ലൂക്കാ 14,26). ശിഷ്യനാകുന്നത് ദൈവരാജ്യത്തിൽ അംഗമാകുന്നതു തന്നെയാണ്; അതിനു വിലങ്ങുതടിയായി ആരും ഒന്നും, നില്ക്കാൻ അനുവദിക്കരുത്. വെറുക്കുക എന്നാൽ യേശുവിനെ അനുഗമിക്കുന്നതിൽ നിന്ന് തടയാൻ അനുവദിക്കരുത് എന്നേ ഇവിടെ അർത്ഥമാക്കുന്നുള്ളൂ.

**കരുണയാണ് കാതൽ:** ദൈവരാജ്യമൂല്യങ്ങളാണ് സത്യം, നീതി, സ്വാതന്ത്ര്യം, സാഹോദര്യം. എന്നാൽ ഇവയ്ക്കെല്ലാം ഉപരിയും ഇവയുടെ എല്ലാം അടിസ്ഥാനവുമായി നില്ക്കുന്നതാണ് കരുണ. "*സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ*" എന്നു മത്തായി രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ ആഹ്വാനം (മത്താ 5,48) "കരുണ" എന്ന് ലൂക്കാ വ്യാഖ്യാനിച്ചു. "*നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ*" (ലൂക്കാ 6,36). ദൈവത്തിന്റെ മാതൃഭാവമാണ് കരുണയിലൂടെ പ്രകടമാകുക.

"*റഹമിം*" എന്നാണ് ഹീബ്രുഭാഷയിൽ കരുണ എന്നു നാം വിശേഷിപ്പിക്കുന് വികാരം അറിയപ്പെടുന്നത്. മാതാവിന്റെ ഗർഭപാത്രം എന്നർത്ഥമുള്ള *റെഹെം* എന്ന വാക്കിൽനിന്നാണ് ഇതിന്റെ നിഷ്പത്തി. ഗർഭസ്ഥശിശുവിനോട് അമ്മയ്ക്കുള്ള ഭാവമാണത്. പൂർണ്ണമായും തന്നെ മാത്രം ആശ്രയിച്ചു കഴിയുന്ന ശിശു. താൻ നല്കാതെ കുഞ്ഞിനൊന്നുമില്ല. ഈ ഒരു അവസ്ഥാവിശേഷം ഉള്ളിൽ ഉദിപ്പിക്കുന്ന പ്രവർത്തനക്ഷമമായ വികാ

രമാണ് കരുണ. വഴിയിൽ മുറിവേറ്റു കിടന്ന ഹതഭാഗ്യനോട് അതിലേ കടന്നുപോയ പുരോഹിതനും ലേവ്യനും ഇല്ലാതെ പോയതും സമറിയാക്കാരനെ കഴുതപ്പുറത്തുനിന്നു പിടിച്ചിറക്കി അവനെ സഹായിക്കാൻ പ്രേരിപ്പിച്ചതുമായ വികാരം. അതാണ് ദൈവരാജ്യമൂല്യങ്ങളുടെ കാതൽ.

കൊടുക്കുന്നതുപോലെ തിരിച്ചുകിട്ടുന്നതും കൊടുത്തില്ലെങ്കിൽ കിട്ടാത്തതുമായ ദാനം - കരുണ. "*കരുണയുള്ളവർ ഭാഗ്യവാന്മാർ. അവർക്കു കരുണ ലഭിക്കും*" (മത്താ 5,7). ഇന്നു നാം കുരണ പ്രാവർത്തികമാക്കിയില്ലെങ്കിൽ നാളെ ദൈവത്തിന്റെ കാരുണ്യം പ്രതീക്ഷിക്കേണ്ടാ എന്ന താക്കീതാണ് ധനവാന്റെയും ലാസറിന്റെയും ഉപമയിലൂടെ യേശു നല്കിയത് (ലൂക്കാ 16,19-31). ആരോടും കരുണ തോന്നാതെ, ആർക്കും ഒന്നും കൊടുക്കാതെ എല്ലാം സ്വന്തമായി സ്വരുക്കൂട്ടി, അനന്തമായി ആഘോഷിക്കാം എന്നു വ്യാമോഹിക്കുന്നവൻ തന്റെ സ്വാർത്ഥതയുടെ അറപ്പുരയിൽ വീർപ്പുമുട്ടി മരിക്കും (ലൂക്കാ 12,16-21). തനിക്കുള്ളതെല്ലാം ദൈവം തന്ന ദാനമാണെന്നു തിരിച്ചറിഞ്ഞ്, ആവശ്യം അനുഭവിക്കുന്നവരുമായി പങ്കുവയ്ക്കാൻ തയ്യാറാകണം. എങ്കിലേ ദൈവരാജ്യാനുഭവത്തിൽ പങ്കുചേരാൻ കഴിയൂ.

**ഫലം പുറപ്പെടുവിക്കണം:** ദൈവരാജ്യം ദൈവം നല്കുന്ന ദാനമാണ്. എന്നാൽ അത് ഒരു ദൗത്യവും ഉൾക്കൊള്ളുന്നുണ്ട് എന്ന് യേശു അനേകം ഉപമകളിലൂടെ പഠിപ്പിച്ചു. താലന്തുകളുടെ ഉപമ ദൗത്യത്തിനു പ്രാധാന്യം നല്കുന്നു. കിട്ടിയ താലന്ത് സ്വന്തം അധ്വാനം കൊണ്ട് വർദ്ധിപ്പിച്ചവർ സമ്മാനിതരാകുന്നു; മണ്ണിൽ കുഴിച്ചിട്ടവന് ഉള്ളതുകൂടി നഷ്ടമാവുക മാത്രമല്ല, നിത്യ ശിക്ഷ ഏറ്റുവാങ്ങേണ്ടിയും വരും (മത്താ 24,14-30; ലൂക്കാ 19,22-27). അവകാശവാദങ്ങൾ ഒഴിവാക്കി, കഠിനമായി അധ്വാനിക്കണം. അതേസമയം ദൈവരാജ്യത്തെ അവകാശമെന്നല്ല, ദാനമായി കണ്ടു സ്വീകരിക്കണം. ഒന്നാം മണിക്കൂറിലും പതിനൊന്നാം മണിക്കൂറിലും ജോലിക്കു വന്നവർക്ക് തുല്യവേതന കൊടുക്കുന്ന കഥ (മത്താ 20,1-16) ഈ സത്യമാണ് പഠിപ്പിക്കുന്നത്.

അധ്വാനിക്കണം, അതേസമയം അവകാശവാദങ്ങൾ ഒഴിവാക്കുകയും വേണം. ദൈവം ആഗ്രഹിക്കുന്ന ഫലം പുറപ്പെടുവിച്ചില്ലെങ്കിൽ എല്ലാം നഷ്ടമാകും. ഈ സത്യമാണ് മുന്തിരിത്തോട്ടം പാട്ടക്കാരെ ഏല്പിച്ചതിന്റെ ഉപമയിലൂടെ ഊന്നിപ്പറയുന്നത്

(മത്താ 21,33-44). ജറുസലെമിൽ, സംഘർഷഭരിതമായ അന്തരീക്ഷത്തിൽ, യഹൂദ നേതാക്കളുമായി നടന്ന സംഘട്ടനമധ്യത്തിലാണ് യേശു ഈ ഉപമ പറഞ്ഞതെന്നതു പ്രത്യേകം ശ്രദ്ധിക്കണം. ദൈവരാജ്യത്തിന്റെ പ്രതീകമാണ് മുന്തിരിത്തോട്ടം. തങ്ങൾ കൃഷിക്കാരും വേലക്കാരും മാത്രമാണെന്ന സത്യം മറന്ന്, തോട്ടം സ്വന്തമാക്കാൻ വേണ്ടി ഉടമയുടെ മകനെ കൊല്ലുന്ന പാട്ടക്കാർക്കു സംഭവിക്കുന്നത് സമൂല നാശമായിരിക്കും എന്ന് ഈ ഉപമയിലൂടെ മുന്നറിയിപ്പു നല്കുന്നു. "*യഥാകാലം ഫലം കൊടുക്കുന്ന മറ്റു കൃഷിക്കാരെ മുന്തിരിത്തോട്ടം ഏല്പിക്കും*" (മത്താ 21, 41). ഫലം തരാത്ത അത്തിവൃക്ഷം വെട്ടി തീയിലിടുന്നതും (ലൂക്കാ 3,6-9) ഇതേ സത്യം പഠിപ്പിക്കുന്നു.

## എപ്പോൾ വരും?

ദൈവരാജ്യം എപ്പോഴാണ് വരുക എന്നതിന് യേശു നല്കുന്ന ഉത്തരം മൂന്നുതരം സാന്നിധ്യത്തിലേക്കു വിരൽ ചൂണ്ടുന്നു.

### 1. ഇപ്പോൾ, ഇവിടെ, നമ്മുടെ ഇടയിൽ

ഫരിസേയരുടെ ചോദ്യത്തിനു നല്കിയ ഉത്തരമാണ് ഒന്ന്. "*ദൈവരാജ്യം എപ്പോഴാണ് വരുന്നത്*" എന്നു ഫരിസേയർ ചോദിച്ചതിന് അവൻ മറുപടി പറഞ്ഞു: "*പ്രത്യക്ഷമായ അടയാളങ്ങളോടെയല്ല ദൈവരാജ്യം വരുന്നത്. ഇതാ ഇവിടെ, അതാ അവിടെ എന്ന് ആരും പറയുകയുമില്ല ദൈവരാജ്യം നിങ്ങളുടെ ഇടയിൽ ത്തന്നെയുണ്ട്*" (ലൂക്കാ 17,20-21). ദൈവരാജ്യത്തെക്കുറിച്ച് സമകാലികരുടെ ഇടയിൽ നിലവിലിരുന്ന വിശ്വാസത്തെ യേശു തിരുത്തി. ജനശ്രദ്ധ പിടിച്ചുപറ്റാൻ പോരുന്ന വലിയ അത്ഭുത സംഭവങ്ങളൊന്നും ഉണ്ടായിരിക്കുകയില്ല. ഗോപുരത്തിൽ നിന്നു താഴേക്കു ചാടിയില്ല. ഫരിസേയർ ആവശ്യപ്പെട്ട അത്ഭുതകരമായ അടയാളങ്ങളും നല്കിയില്ല (മത്താ 12,38-39). സുവിശേഷ പ്രഘോഷണവും മാനസാന്തരത്തിനുള്ള ആഹ്വാനവുമാണ് യോനായുടെ അടയാളത്തിലൂടെ യേശു സൂചിപ്പിക്കുന്നത് (ലൂക്കാ 11,29-32).

ദൈവരാജ്യം നിങ്ങളുടെ ഇടയിൽ ഉണ്ട് എന്ന പ്രസ്താവനയ്ക്ക് രണ്ടു വ്യാഖ്യാനസാധ്യതകളുണ്ട്. "*ഇടയിൽ*" എന്ന വാക്കിന്റെ അർത്ഥമാണ് പ്രസക്തം. "*എൻതോസ്*" (*enthos*) എന്ന ഗ്രീക്കു വാക്കാണ് "*ഇടയിൽ*" എന്നു വിവർത്തനം ചെയ്യുന്നത്. അപ്പോൾ ദൈവരാജ്യം കേൾവിക്കാരുടെ ഇടയിൽത്തന്നെ

സന്നിഹിതമായിരിക്കുന്നു എന്നാവും യേശു പറയുന്നത്. അത് യേശുവിലൂടെ ദൈവരാജ്യം അവരുടെ ഇടയിൽ വന്നിരിക്കുന്നു എന്നു വ്യാഖ്യാനിക്കുന്നവരുണ്ട്. ദൈവരാജ്യത്തിന്റെ മൂർത്തരൂപമാണല്ലോ യേശു, മാംസം ധരിച്ച ദൈവവചനം. എന്നാൽ അതല്ല, വചനം സ്വീകരിക്കുന്നവരുടെ ഇടയിൽ പുതുതായി സംജാതമാകുന്ന മൂല്യാധിഷ്ഠിത ബന്ധങ്ങളിലൂടെയാണ് ദൈവരാജ്യസാന്നിധ്യം എന്നു വ്യാഖ്യാനിക്കുന്നവരുമുണ്ട്. എന്നാൽ ഇതു രണ്ടുമല്ല, "*എൻതോസ്*" വാക്കിന് *ഉള്ളിൽ* എന്നാണർത്ഥം; അതിനാൽ ദൈവരാജ്യം ഹൃദയങ്ങളിൽ വേരുപാകുന്ന ഒരാത്മീയ സാന്നിധ്യമായി കരുതണം എന്നു വാദിക്കുന്നവരുമുണ്ട്.

ഇതിൽ ഏതെങ്കിലും ഒന്നുമാത്രം തിരഞ്ഞെടുക്കേണ്ടതില്ല. ഹൃദയത്തിൽ വേരുപാകി, സാമൂഹ്യബന്ധങ്ങളിൽ മൂല്യാധിഷ്ഠിതമായ പരിവർത്തനം വരുത്തുന്ന യാഥാർത്ഥ്യമാണ് ദൈവരാജ്യം. യേശുവിന്റെ ആഗമനത്തോടെ ദൈവരാജ്യം ഈ ഭൂമിയിൽ ആരംഭിച്ചു കഴിഞ്ഞു. അതു മനുഷ്യഹൃദയങ്ങളിൽ വളർന്ന് പുതിയ സമൂഹങ്ങളെ വാർത്തെടുക്കുന്നതിലൂടെ ഫലം പുറപ്പെടുവിക്കുന്നു. അത് ദൈവരാജ്യാഗമനത്തിന്റെ രണ്ടാം ഘട്ടത്തിലേക്കു നയിക്കുന്നു.

ദൈവരാജ്യം ഈ ഭൂമിയിൽ ആരംഭിച്ചു. അതിന്റെ ദൃശ്യമായ അടയാളങ്ങളാണ് യേശുവിന്റെ തന്നെ. വ്യക്തിത്വവും ജീവിതവും. അവന്റെ പ്രവൃത്തികളെല്ലാം ദൈവരാജ്യത്തിന്റെ സാന്നിധ്യവും വളർച്ചയും പ്രകടമാക്കുന്നു. വ്യക്തിയിൽനിന്ന് വ്യക്തിയിലേക്ക്, കുഴച്ച മാവിൽ പുളിപ്പുപോലെ, ഈ പരിവർത്തനപ്രക്രിയ നടക്കുന്നു. കൊട്ടും കുരവയുമില്ലാതെ, ജനശ്രദ്ധ പിടിച്ചുപറ്റാനുള്ള പൊള്ളയായ ആചാരാനുഷ്ഠാനങ്ങളും ആഘോഷാഭാസങ്ങളും കൂടാതെ, വ്യക്തികളിലൂടെ വളരുന്ന ദൈവരാജ്യം ഈ ലോകത്തെത്തന്നെ നവീകരിക്കും. ഈ പ്രക്രിയ ഇവിടെ തുടർന്നുകൊണ്ടേയിരിക്കും. അതിനാൽ എപ്പോൾ വരും എന്ന ജിജ്ഞാസ വെടിഞ്ഞ്, ദൈവരാജ്യമൂല്യങ്ങൾ സ്വന്തമാക്കാൻ ശ്രമിക്കുക.

### 2. ലോകാവസാനത്തിൽ

എന്നാൽ, ഇതു മാത്രമല്ല എപ്പോൾ എന്ന ചോദ്യത്തിനുള്ള ഉത്തരം. എല്ലാറ്റിനെയും സമൂലം നവീകരിക്കുന്ന ഒരു പൂർത്തീകരണം ഉണ്ടാകും. അത് ഇനിയും വരാനിരിക്കുന്നതേയുള്ളൂ. ദൈവരാജ്യം അതിന്റെ പൂർണ്ണതയിൽ ഒരു യാഥാർത്ഥ്യമാകു

മ്പോൾ ചരിത്രം തന്നെ അവസാനിക്കും. അതു ലോകാവസാന മായിരിക്കും. ദൈവരാജ്യം ശക്തിയോടെ വരുന്നത്, മനുഷ്യപു ത്രന്റെ പ്രത്യാഗമനം എന്നൊക്കെയാണ് ഇതിനെ വിശേഷിപ്പി ക്കുക.

ഒരു പുതിയ സൃഷ്ടി ആയിട്ടാണ് വെളിപാടുപുസ്തകം ദൈ വരാജ്യത്തിന്റെ സാക്ഷാത്കാരം ചിത്രീകരിക്കുന്നത്. "*ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു... സിംഹാസനത്തിൽ നിന്ന് വലിയൊരു സ്വരം ഞാൻ കേട്ടു. ഇതാ ദൈവത്തിന്റെ കൂടാ രം മനുഷ്യരോടുകൂടെ... ഇതാ സകലതും ഞാൻ നവീകരിക്കുന്നു*" (വെളി 21,1-5). എല്ലാ ദുഃഖങ്ങൾക്കും അറുതി വരുത്തുന്ന, തിന്മ യുടെ സ്വാധീനം പൂർണ്ണമായി അവസാനിപ്പിച്ച്, ദൈവം മനുഷ്യ രോടൊത്ത് എന്നേക്കും വസിക്കുന്ന, പുതിയ ആകാശവും പുതിയ ഭൂമിയും ആണ് ദൈവരാജ്യത്തിന്റെ പൂർണ്ണത.

ലോകത്തിന്റെ നവീകരണം, ശരീരങ്ങളുടെ ഉയിർപ്പ്, ആത്യന്തിക ശത്രുവായ മരണത്തിന്റെ ഉന്മൂലനം, ഇതെല്ലാമായി രിക്കും ദൈവരാജ്യത്തിന്റെ പരിസമാപ്തിയിൽ സംഭവിക്കുക എന്നു പൗലോസ് പഠിപ്പിച്ചു. "*എല്ലാ ഭരണവും അധികാരവും ശക്തിയും നിർമ്മാർജ്ജനം ചെയ്ത്, രാജ്യം പിതാവായ ദൈവ ത്തിനു സമർപ്പിക്കുമ്പോൾ എല്ലാറ്റിന്റെയും അവസാനമാകും*" (1 കോറി 15, 24). ദൈവം തന്നെയാണ് യേശുവിലൂടെ ചരി ത്രത്തെ ഈ ശാശ്വതവിജയത്തിലേക്കു നയിക്കുന്നത്. ലോകാ വസാനത്തെയും, മനുഷ്യപുത്രന്റെ പ്രത്യാഗമനത്തിന്റെയും ദൈ വരാജ്യത്തിന്റെ പൂർത്തീകരണത്തിന്റെയും കാലത്തെയും കുറിച്ചു ചോദിച്ചവർക്ക് യേശു കൃത്യമായ ഒരു ഉത്തരം നല്കിയില്ല. തീർ ച്ചയായും അതുണ്ടാകും. എന്നാൽ പിതാവു രഹസ്യമായി വച്ചി രിക്കുന്ന കാലവും സമയവും ഭാവിയുടെ മറനീക്കി വെളിപ്പെ ടുത്തുക തന്റെ ദൗത്യത്തിന്റെ ഭാഗമല്ല എന്ന് യേശു ആ സന്ദിഗ് ധമായി ശിഷ്യരോടു പറഞ്ഞു (മർക്കോ 13, 32-33).

### കണക്കു ചോദിക്കും

ദൈവം സൗജന്യമായി നല്കുന്ന ദാനമാണ് ദൈവരാജ്യം. മനുഷ്യർ ആദ്യം അന്വേഷിക്കേണ്ടതും അതാണ്. രാജ്യം അന്വേ ഷിക്കുക എന്നാൽ ദൈവത്തിന്റെ നീതി അന്വേഷിക്കുക, പ്രവർ ത്തിക്കുക എന്നാണർത്ഥം. "*നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുവിൻ. അതോ*

*ടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും*" (മത്താ 6,33). ദൈവഹിതമനുസരിച്ചുള്ള ജീവിതം നയിക്കുക എന്നാണ് രാജ്യം അന്വേഷിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അതുതന്നെയാണ് നീതി അന്വേഷിക്കലും. എപ്രകാരമാണ് ഓരോരുത്തരും തങ്ങൾക്കു ലഭിച്ച ദാനങ്ങൾ കൈകാര്യം ചെയ്തത് എന്ന് ദൈവതിരുമുമ്പിൽ കണക്കു ബോധിപ്പിക്കാൻ കടപ്പെട്ടിരിക്കുന്നു. ഈ കണക്കു ബോധിപ്പിക്കൽ ആത്യന്തികമായി ഓരോ വ്യക്തിയുടെയും മരണസമയത്താകും. അതിനും പുറമെ അന്തിമവിധിയിലും കണക്കു ചോദ്യമുണ്ടാകും.

അവിശ്വസ്തനായ കാര്യസ്ഥന്റെ ഉപമ (ലൂക്കാ 16,1-8) ഇപ്രകാരം ഒരു കണക്കു ചോദ്യത്തിന്റെ ഉദാഹരണമാണ്. താലന്തുകളുടെ കഥയും (മത്താ 24, 14-30) പ്രതീക്ഷിക്കാത്ത സമയത്തു മടങ്ങിവന്ന് സേവകരുടെ സേവനം പരിശോധിച്ച് സമ്മാനമോ ശിക്ഷയോ നല്കുന്ന യജമാനന്റെ ഉപമയും (ലൂക്കാ 12,35-37. 42-46) കണക്കു ചോദിക്കുന്നതിന്റെ ഉദാഹരണങ്ങൾ തന്നെ.

എന്നാൽ, ഇവയേക്കാൾ എല്ലാം വ്യക്തവും വിശദവുമായ വിവരണമാണ് അന്തിമവിധിയുടെ ഉപമയിൽ യേശു നല്കുന്നത് (മത്താ 25,31-46). ദൈവരാജ്യം അതിന്റെ പൂർണ്ണതയിൽ പ്രത്യക്ഷപ്പെടുമ്പോൾ യേശു വരുന്നത് വിധിയാളൻ എന്ന നിലയിൽ ആയിരിക്കും. ഓരോരുത്തരും ആ ന്യായാധിപന്റെ മുമ്പിൽ സ്വന്തം ജീവിതത്തിന്റെ കണക്ക് ബോധിപ്പിക്കണം. മാത്രമല്ല, ഓരോരുത്തരുടെയും ജീവിതം പരസ്യമായി അവതരിപ്പിക്കപ്പെടും. അതനുസരിച്ച് നിത്യ സമ്മാനമോ നിത്യശിക്ഷയോ പരസ്യമായിത്തന്നെ പ്രഖ്യാപിക്കപ്പെടുകയും ചെയ്യും.

## 3. ഇന്ന് സഹായം തേടുന്ന സഹോദരരിലൂടെ

വിധിക്ക് ഒരേ ഒരു മാനദണ്ഡമേയുള്ളൂ: ക്രിയാത്മകമായ സഹോദരസ്നേഹം. വിശ്വാസം പ്രവൃത്തിയിലൂടെ പ്രകടമാകണം, അർഹിക്കുന്നവന് സഹായം നല്കുന്ന പ്രവൃത്തി. വിശന്നും ദാഹിച്ചും, നഗ്നനും രോഗിയും പരദേശിയും കാരാഗൃഹവാസിയുമായി ഇന്നു ഞാൻ കാണുന്ന മനുഷ്യരിലൂടെ യേശു തന്നെയാണ് എന്റെ സഹാനുഭൂതിയും കരുണയും സഹായവും യാചിക്കുന്നത്. അവരോടുള്ള എന്റെ സമീപനമായിരിക്കും എന്റെ അന്തിമവിധിയുടെ മാനദണ്ഡം. ദൈവരാജ്യത്തിൽ എന്നേക്കുമായി അംഗമായിരിക്കണമോ, അതോ പുറത്തെ അന്ധകാരത്തിൽ കഴിയ

ണമോ എന്ന് ഓരോരുത്തരും ഇന്നുതന്നെ തീരുമാനിക്കണം.

"*എന്റെ പിതാവിനാൽ അനുഗൃഹീതരേ വരുവിൻ. ലോക സ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവ കാശപ്പെടുത്തുവിൻ... ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽ നിന്ന കന്ന്, പിശാചിനും അവന്റെ ദൂതന്മാർക്കുമായി സജ്ജമാക്കിയി രിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ*" (മത്താ 25,34-41). ലോകാവസാനത്തോടെ പൂർത്തിയാകുന്ന ദൈവരാജ്യത്തിലെ അംഗത്വം എന്റെ ഇന്നത്തെ തീരുമാനത്തെയും ജീവിതത്തെയും ആശ്രയിച്ചിരിക്കും.

## ഒരുങ്ങിയിരിക്കുവിൻ

ദൈവരാജ്യത്തിന്റെ മൂന്നു വിധത്തിലുള്ള ആഗമനത്തെക്കു റിച്ച് യേശു നല്കിയ പ്രബോധനം നിരന്തരമായ ജാഗ്രത പാലി ക്കാൻ നിർബ്ബന്ധിക്കുന്നു. ലോകാവസാനം എപ്പോൾ വരും എന്ന് എനിക്കറിയില്ല. എന്നാൽ ഒരു കാര്യം നിശ്ചയമാണ് - എന്റെ മരണം. അതോടെ തീരുമാനം എടുക്കാനും ജീവിതത്തിൽ പരി വർത്തനം വരുത്താനുമുള്ള അവസരം അവസാനിക്കും. എപ്പോ ഴാണ് മരണം വരുക എന്നറിയാത്തതിനാൽ നിതാന്ത ജാഗ്രത പാലിക്കണം. അനേകം ഉപമകളിലൂടെ യേശു ശിഷ്യരെ ജാഗ്രത പാലിക്കാൻ ആഹ്വാനം ചെയ്യുന്നുണ്ട്. ലോകാവസാനത്തിന്റെ മാത്രമല്ല, ഓരോ വ്യക്തിയും മരണത്തോടെ, ദൈവതിരുമുമ്പിൽ നിത്യവിധിക്കായി നിർത്തപ്പെടുന്ന നിമിഷത്തിന്റെയും വെളിച്ച ത്തിലാണ് ഈ ആഹ്വാനം.

മണവാളനെ സ്വീകരിക്കാൻ വിളക്കുമെടുത്ത് പുറപ്പെട്ട കന്യ കകളുടെ ഉപമ ഇപ്രകാരമുള്ള ആഹ്വാനത്തിന് ഒരു ഉദാഹരണ മാണ് (മത്താ 25,1-13). മണവാളൻ വരുന്നത് അന്തിമവിധിയുടെ മാത്രമല്ല, ഓരോ വ്യക്തിയുടെയും ജീവിതാന്ത്യത്തിന്റെയും സൂച നയാകാം. "*സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഞാൻ നിങ്ങളെ അറിയുകയില്ല. അതുകൊണ്ട് ജാഗരൂകരാ യിരിക്കുവിൻ. ആ ദിവസമോ മണിക്കൂറോ നിങ്ങൾ അറിയുന്നില്ല*" (മത്താ 25,13) യേശുവിന്റെ മടങ്ങി വരവിന്റെയും ദൈവരാജ്യ സംസ്ഥാപനത്തിന്റെ സമയം അന്വേഷിച്ച ശിഷ്യന്മാർക്കു നല് കുന്ന മറുപടി മർക്കോസ് ഒരു യുഗാന്തപ്രഭാഷണത്തിലൂടെ അവ തരിപ്പിക്കുന്നുണ്ട് (മർക്കോ 13). ഈ പ്രഭാഷണത്തിനിടയിൽ അഞ്ചുതവണ ജാഗരൂകരായിരിക്കാൻ ആഹ്വാനം ചെയ്യുന്നു (13,

9. 23.33. 35.37). എപ്പോഴാണവൻ വരുക എന്നറിയില്ല. അതിനാൽ ക്ലേശങ്ങളുടെയും പീഡനങ്ങളുടെയും മധ്യത്തിലും പ്രലോഭന ങ്ങളിലും വിശ്വാസം നഷ്ടപ്പെടാതെ പ്രത്യാശയോടെ ഉണർന്നി രിക്കണം, ജാഗ്രത പാലിക്കണം.

മരണനേരത്തു മാത്രമല്ല ദൈവരാജ്യത്തിന്റെ സുവിശേഷ വുമായി യേശു നമ്മെ സമീപിക്കുന്നത്. അനേകം വിധത്തിൽ ദൈവരാജ്യത്തിലേക്കുള്ള ആഹ്വാനം നമുക്കു ലഭിക്കുന്നുണ്ട്. ദൈ വവചനം ശ്രവിക്കുമ്പോൾ, കൂദാശകളിലൂടെ, ദൈവാത്മാവ് ഉള്ളിൽ ഉണർത്തുന്ന പ്രചോദനങ്ങളിലൂടെ; സർവ്വോപരി സഹായം അർഹിക്കുന്നവരായി കണ്ടുമുട്ടുന്ന സഹോദരങ്ങളി ലൂടെ. ഇവിടെയെല്ലാം യേശുവാണ് എന്റെ ജീവിതത്തിലേക്കു കടന്നുവരുന്നത്; നല്കാൻ ആഗ്രഹിക്കുന്നത് ദൈവരാജ്യാനുഭവം.

## ചുരുക്കത്തിൽ

എന്താണ് ഈ ദൈവരാജ്യം എന്ന് വിശുദ്ധ പൗലോസ് ഒറ്റ വാക്യത്തിൽ നിർവ്വചിക്കുന്നുണ്ട്. "*ദൈവരാജ്യമെന്നാൽ ഭക്ഷ ണവും പാനീയവുമല്ല: പ്രത്യുത, നീതിയും സമാധാനവും പരി ശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്*" (റോമാ 14, 17). ദൈവ രാജ്യത്തെക്കുറിച്ചുള്ള പ്രവാചക പ്രബോധനത്തിന്റെ രത്നചു രുക്കമായി മിക്കാ അവതരിപ്പിച്ചതിന്റെ ഒരു പുനഃരാഖ്യാനമാണിത്. എന്തു കാഴ്ചയാണ് നല്കേണ്ടത് എന്ന ഭക്തന്റെ ചോദ്യത്തിന് ദൈവം പ്രവാചകനിലൂടെ മറുപടി പറഞ്ഞു: "*മനുഷ്യാ, നല്ലതെ ന്തെന്ന് അവിടുന്ന് നിനക്കു കാണിച്ചുതന്നിട്ടുണ്ട്. നീതി പ്രവർ ത്തിക്കുക; കരുണ കാണിക്കുക; നിന്റെ ദൈവത്തിന്റെ സന്നിധി യിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് ദൈവം നിന്നിൽനിന്നാവശ്യപ്പെടുന്നത്?*" (മിക്കാ 6,8).

നീതി, കാരുണ്യം, വിനയം. ഇതാണ് പ്രവാചകദൃഷ്ടിയിൽ ദൈവരാജ്യമൂല്യങ്ങൾ. അതാണ് ദൈവം നല്കുന്നത്. അതുത ന്നെയാണ് മനുഷ്യൻ പ്രാവർത്തികമാക്കാൻ ശ്രമിക്കേണ്ടത്. യേശു നല്കിയ സന്ദേശവും വ്യത്യസ്തമല്ല. നിയമത്തിന്റെ വിശദാംശ ങ്ങളിൽ ശ്രദ്ധ ചെലുത്തി, പ്രധാനപ്പെട്ട കാര്യങ്ങൾ അവഗണി ക്കുന്ന കാപട്യത്തിനെതിരേ കലഹിക്കുന്ന യേശു ഉദ്ഘോഷിച്ചു: "*നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ നീതി, കാരുണ്യം, വിശ്വസ്തത എന്നിവ അവഗണിക്കുന്നു. ഇവയാണ് നിങ്ങൾ ചെയ്യേണ്ടിയിരുന്നത്, മറ്റുള്ളവ അവഗണിക്കാതെതന്നെ*" (മത്താ

23, 23). ഈ രാജ്യം ഐഹികമല്ല" (യോഹ 8,36), ദൈവികമാണ്; അതിന്റെ മൂല്യങ്ങളും അതിനാൽത്തന്നെ വ്യത്യസ്തങ്ങളത്രെ.

അങ്ങയുടെ രാജ്യം വരണമേ എന്നു പ്രാർത്ഥിക്കാൻ യേശു പഠിപ്പിച്ചപ്പോൾ ദൈവരാജ്യത്തിന്റെ ഈ ചിത്രമായിരുന്നു യേശുവിന്റെ മുമ്പിൽ ഉണ്ടായിരുന്നത്. ഇതിലേക്കാണ് ശിഷ്യരുടെ ശ്രദ്ധ ക്ഷണിക്കുന്നത്. രാജ്യം വരണമേ എന്ന യാചന സൂചിപ്പിക്കുന്ന മറ്റൊന്നു കൂടിയുണ്ട്. ഈ രാജ്യം ഇനിയും പൂർണ്ണമായി ഈ ഭൂമിയിൽ യാഥാർത്ഥ്യമായിട്ടില്ല. അതിനാൽ എന്റെ ജീവിതത്തിലും ഞാൻ ജീവിക്കുന്ന ലോകത്തിലും, പിതാവേ, അങ്ങയുടെ രാജ്യം ഒരു യാഥാർത്ഥ്യമാക്കി മാറ്റണമേ. നീതിയും സമാധാനവും, വിശുദ്ധവും ശാശ്വതവുമായ സന്തോഷവും അങ്ങയുടെ എല്ലാ മക്കൾക്കും പ്രദാനം ചെയ്യണമേ. അങ്ങയുടെ കാരുണ്യവും വിശ്വസ്തതയും അനുഭവിച്ചറിയാൻ എല്ലാവർക്കും ഇടവരുത്തണമേ. ആ അനുഭവം അങ്ങയുടെ ഓരോ മക്കളിലും നീതിയും കാരുണ്യവും വിനയവും വിശ്വസ്തതയുമായി ഫലം പുറപ്പെടുവിക്കാൻ ശക്തി നല്കണമേ. അങ്ങയുടെ രാജ്യം, അങ്ങയുടെ ഭരണം, ഈ ഭൂമിയിൽ, അതിന്റെ പൂർണ്ണതയിൽ പ്രകടമാക്കണമേ എന്നിങ്ങനെ യേശു പഠിപ്പിച്ച രണ്ടാമത്തെ യാചന ("അങ്ങയുടെ രാജ്യം വരണമേ") പരാവർത്തനം ചെയ്യാം.

# 7

## തിരുഹിതം

*"അങ്ങയുടെ ഹിതം സ്വർഗ്ഗത്തിലേതുപോലെ ഭൂമിയിലും ആകണമേ" (മത്താ 6,10)*

മത്തായി എഴുതിയ സുവിശേഷത്തിൽ കാണുന്ന കർത്തൃപ്രാർത്ഥനയിലെ മൂന്നാമത്തെ യാചനയാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. ലൂക്കാ എഴുതിയ സുവിശേഷത്തിൽ ഇങ്ങനെ ഒരു യാചന കാണുന്നില്ല. എന്തായിരിക്കും അതിനു കാരണം? എന്താണ് ദൈവത്തിന്റെ ഹിതം? എല്ലാറ്റിന്റെയും സ്രഷ്ടാവും നിയന്താവും പരിപാലകനും ദൈവമാണെങ്കിൽ അവിടുത്തെ തിരുഹിതത്തിനു വിരുദ്ധമായി എന്തെങ്കിലും സംഭവിക്കുമോ? അപ്പോൾ നാം ഈ ഭൂമിയിൽ കാണുന്ന അക്രമങ്ങളും അനീതിയും, ക്രൂരതയും വക്രതയും എല്ലാം ദൈവത്തിന്റെ ഹിതമനുസരിച്ചു സംഭവിക്കുന്നതാണെന്നു പറയാൻ കഴിയുമോ? ഇതിനെല്ലാം ഉപരി, എങ്ങനെയാണ് നമുക്കു ദൈവഹിതം അറിയാൻ കഴിയുക? അതിനായി എന്തെങ്കിലും മാർഗ്ഗം ദൈവം നിർദ്ദേശിച്ചുതന്നിട്ടുണ്ടോ?

ചോദ്യങ്ങൾ അനവധി; ഉത്തരം കണ്ടെത്തുക എളുപ്പമല്ലാത്ത ചോദ്യങ്ങൾ. ഇവയിൽ ഏറ്റം ആദ്യം ശ്രദ്ധയിൽപ്പെടുന്നത് മത്തായിലും ലൂക്കായും അവതരിപ്പിക്കുന്ന പ്രാർത്ഥനകളിലുള്ള വ്യത്യാസമാണ്. അതുതന്നെ തിരുഹിതത്തെ സംബന്ധിച്ച അന്വേഷണത്തിൽ ഒരുവഴികാട്ടിയാകും. ഒരേ ആശയം സമാന്തരവാക്യങ്ങളിലൂടെ അവതരിപ്പിക്കുന്ന സെമിറ്റിക് ശൈലിയാണ് മത്തായി സ്വീകരിച്ചിരിക്കുന്നതെന്നും ലൂക്കാ അത് ഉപേക്ഷിച്ചിരിക്കുന്നു എന്നും തുടക്കത്തിൽ നാം കണ്ടുകഴിഞ്ഞു. ഈ ഒരു നിലപാട് "*തിരുഹിതം*" എന്നതിന്റെ അർത്ഥം ഗ്രഹിക്കാൻ സഹായകമാകും.

## രാജ്യവും ഹിതവും

"*അങ്ങയുടെ രാജ്യം വരണമേ*" എന്ന യാചനയ്ക്കു സമാന്തരമായാണ് "*അങ്ങയുടെ ഹിതം സ്വർഗ്ഗത്തിലേതുപോലെ ഭൂമിയിലും ആകണമേ*" എന്ന യാചന. അപ്പോൾ "*തിരുഹിതം*" എന്നതു "*ദൈവരാജ്യം*" എന്ന ആശയത്തിന്റെ സമാന്തരമായ ഒരു ആവർത്തനം ആണെന്നു വരുന്നു. അതിനാൽ ദൈവരാജ്യത്തെക്കുറിച്ചു വിശദമായി നാം കണ്ടുകഴിഞ്ഞ കാര്യങ്ങൾ ഈ ഒരു യാചനയിൽ, മറ്റുവാക്കുകളിൽ അവതരിപ്പിക്കുന്നതാണെന്ന നിഗമനത്തിൽ എത്തിച്ചേരാൻ കഴിയും. എന്നാൽ ഈ നിഗമനം മുഴുവനായും ശരിയാകണമെന്നില്ല.

ഏകാർത്ഥസമാന്തര വാക്യങ്ങളിൽ (Synonymous Parallelism) ആദ്യവാക്യത്തിൽ പറയുന്നതിനു സമാന്തരമായാണ് രണ്ടാമത്തെ വാക്യത്തിലും പറയുന്നത്; രണ്ടു കാര്യങ്ങളും തമ്മിൽ സാമ്യമുണ്ട്; അവ സമാന്തരവുമാണ്. എന്നാൽ പൂർണ്ണമായും ഒരേ കാര്യത്തിന്റെ തനിയാവർത്തനമല്ല രണ്ടാം വാക്യം. ധ്വനികളിലും സൂചനകളിലും വ്യത്യാസമുണ്ടാകും. ആദ്യം പറഞ്ഞ കാര്യം മറ്റു വാക്കുകളിൽ കൂടുതൽ വിശദമായി അവതരിപ്പിക്കുകയാവും രണ്ടാം വാക്യത്തിൽ ചെയ്യുന്നത്. അതിനാൽ "തിരുഹിതം" എന്നത് ദൈവരാജ്യത്തിന്റെ വിശദീകരണമായും പരിഗണിക്കാനാവും.

"*അങ്ങയുടെ രാജ്യം വരണമേ*" എന്ന യാചന അപഗ്രഥിച്ചപ്പോൾ ദൈവികപദ്ധതി പൂർണ്ണമായും നിറവേറുന്ന അവസ്ഥയാണ് ദൈവരാജ്യം എന്നും യേശുവിന്റെ വരവോടെ ദൈവരാജ്യം ഈ ഭൂമിയിൽ വന്നു കഴിഞ്ഞെങ്കിലും അതിന്റെ സാന്നിധ്യവും സ്വാധീനവും ഇനിയും പൂർണ്ണമായിട്ടില്ല എന്നും നാം കാണുകയുണ്ടായി. ഏതാണ്ട് ഇതുതന്നെയാണഅ ദൈവത്തിന്റെ ഹിതത്തെക്കുറിച്ചും പറയാനുള്ളത്.

അതോടൊപ്പം, എന്താണ് സ്വർഗ്ഗം, സ്വർഗ്ഗവും ദൈവഹിതവും തമ്മിലുള്ള ബന്ധമെന്ത്, എന്താണ് ദൈവഹിതം, എങ്ങനെയാണതു തിരിച്ചറിയുക, ഇന്നു ഭൂമിയിൽ സംഭവിക്കുന്നതെല്ലാം ദൈവഹിതം അനുസരിച്ചാണോ എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കും ഉത്തരം കണ്ടെത്തേണ്ടതുണ്ട്.

## സ്വർഗ്ഗം

ദൈവത്തിന്റെ ഇഷ്ടവും പദ്ധതിയും പൂർണ്ണമായും നടപ്പിലായിരിക്കുന്ന അവസ്ഥ എന്ന് സ്വർഗ്ഗത്തെ ലളിതമായി നിർവ്വ

ചിക്കാം. അത് ഏതെങ്കിലും ഒരു സ്ഥലം എന്നതിനേക്കാൾ ഒരു അവസ്ഥയായി മനസിലാക്കണം. ദൈവത്തിന്റെ തിരുഹിതത്തിനു പൂർണ്ണമായി കീഴ്വഴങ്ങി ജീവിച്ചു മരിച്ചവർ വിശുദ്ധരെന്നറിയപ്പെടുന്നു. എപ്പോഴും ദൈവഹിതം അനുസരിക്കുന്നവരെ മാലാഖമാരെന്നും സ്വർഗ്ഗവാസികളെന്നും വിളിക്കുന്നു. ഭൂമിയിലേക്ക് ഇറങ്ങിവരുന്നതായി താൻ കണ്ട സ്വർഗ്ഗീയ ജറുസലെമിനെക്കുറിച്ചു വെളിപാടു ഗ്രന്ഥകാരൻ നല്കുന്ന വിവരണത്തിൽ സ്വർഗ്ഗത്തിന്റെ പ്രതീകാത്മകമായൊരു ചിത്രം കാണാൻ കഴിയും.

"*ഇതാ ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ അവിടുന്ന് അവരോടൊത്തു വസിക്കും. അവർ അവിടുത്തെ ജനമായിരിക്കുകയും ചെയ്യും. അവിടുന്ന് അവരുടെ മിഴികളിൽ നിന്ന് കണ്ണീർ തുടച്ചുനീക്കും. ഇനി മരണം ഉണ്ടായിരിക്കുകയില്ല. ഇനിമേൽ ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവില്ല*" (വെളി 21, 3-4). ദൈവം മനുഷ്യനോടൊത്ത്, അഥവാ മനുഷ്യൻ ദൈവത്തോടൊത്ത് എന്നേക്കും വസിക്കുന്ന അവസ്ഥ. മരണവും വേർപാടുമില്ലാത്ത, വേദനയും ദുഃഖവുമില്ലാത്ത, കണ്ണീരും നിലവിളിയുമില്ലാത്ത, ഒരിക്കലും കുറയാത്ത, അവസാനിക്കാത്ത, സന്തോഷത്തിന്റെ അവസ്ഥ - അതാണ് ബൈബിൾ വരച്ചുകാട്ടുന്ന സ്വർഗ്ഗം. അതിനാൽ "സ്വർഗ്ഗത്തിലേതുപോലെ" എന്ന വിശേഷണം ഈ അവസ്ഥയിലേക്കു വിരൽചൂണ്ടുന്നു. ദൈവഹിതം പൂർണ്ണമായി നിറവേറുമ്പോൾ ഇതുപോലൊരവസ്ഥ സംജാതമാകും. അതു വേഗം വരണമേ എന്നാണ് പ്രാർത്ഥനയുടെ ധ്വനി.

## തിരുഹിതം ഭൂമിയിൽ

അതോടൊപ്പം ഈ യാചന മറ്റു മൂന്നു കാര്യങ്ങൾ കൂടി ഉൾക്കൊള്ളുന്നുണ്ട്. ദൈവഹിതം ഇനിയും ഈ ഭൂമിയിൽ പൂർണ്ണമായും നിറവേറിയിട്ടില്ല. 2. തിരുഹിതം ഈ ഭൂമിയിൽ യാഥാർത്ഥ്യമാക്കാൻ ദൈവത്തിനു കഴിയും. 3. തിരുഹിതം കഴിയുന്നതും പൂർണ്ണമായും നടപ്പാക്കണമേ എന്ന യാചന. ഈ മൂന്നു കാര്യങ്ങൾ വ്യക്തമാകണമെങ്കിൽ എന്താണ് ദൈവഹിതം എന്നു ആദ്യമേ തിരിച്ചറിയണം.

ബൈബിളിന്റെ താളുകളിലൂടെ വേഗം ഒന്നു കടന്നുപോയാൽ ദൈവഹിതത്തെക്കുറിച്ചു കൂടുതൽ വ്യക്തത ലഭിക്കും. കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനങ്ങളും വ്യക്തികളെയും സമൂഹങ്ങളെയും സംബന്ധിച്ച ദൈവഹിതം തിരിച്ചറിയാൻ

സഹായിക്കും. കാനോൻ നിയമങ്ങൾ, കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം (Catechism of the Cathalic Church - CCC), പ്രത്യേകിച്ചും കർത്തൃപ്രാർത്ഥനയെക്കുറിച്ചുള്ള വിശദീകരണങ്ങൾ (CCC 2822 – 2828ൽ തിരുഹിതത്തെക്കുറിച്ചുള്ള ഏറ്റം ഹ്രസ്വവും സംക്ഷിപ്തവുമായ വിവരണം കാണാം.

## ദൈവഹിതം ബൈബിളിൽ

ഈ പ്രപഞ്ചത്തെ, പ്രത്യേകിച്ചും ഭൂമിയെയും മനുഷ്യവർഗ്ഗത്തെയും കുറിച്ചു പൊതുവായും, ഓരോ മനുഷ്യനെയും കുറിച്ചു പ്രത്യേകമായും ദൈവത്തിനു പദ്ധതിയുണ്ട് എന്ന ജറെമിയായിലൂടെ വളരെ വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്. "*നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് – നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നല്കുന്ന പദ്ധതി*" (ജറെ 29,11). ഇസ്രായേൽ ജനത്തോടു ജറെമിയാ പറയുന്ന ഈ വചനങ്ങൾ ഏതെങ്കിലും ഒരു പ്രത്യേക ജനതയെ മാത്രമല്ല, എല്ലാ മനുഷ്യരെയും സകല ജനതകളെയും സംബന്ധിച്ചും അർത്ഥവത്താണ്. എല്ലാവർക്കും നന്മയും ക്ഷേമവും ഉണ്ടാകണം. അതാണ് ദൈവഹിതം; അതാണ് ദൈവികപദ്ധതി. എന്നാൽ എങ്ങനെയാണ് ഈ ഹിതം അഥവാ പദ്ധതി പൂർത്തിയാവുക? ഇവിടെ ദൈവം നല്കുന്ന കല്പനകളും നിർദ്ദേശങ്ങളും പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

## സൃഷ്ടിയുടെ വിവരണത്തിൽ

പ്രപഞ്ചസൃഷ്ടിയുടെ രണ്ടു വിവരണങ്ങൾ ബൈബിളിന്റെ തുടക്കത്തിൽ കാണാം. ആദ്യവിവരണം (ഉൽപ 1, 1–2, 4a) മനുഷ്യനെ സൃഷ്ടിയുടെ മകുടമായി ചിത്രീകരിക്കുന്നു. ഏറ്റം അവസാനം ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കുമ്പോൾ എന്താണ് മനുഷ്യനു ലക്ഷ്യമായി ദൈവം വിഭാവനം ചെയ്യുന്നതെന്ന് വി. ഗ്രന്ഥകാരൻ വ്യക്തമാക്കുന്നുണ്ട്. "*അവർക്കു കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും നാല്ക്കാലികളുടെയും ഭൂമി മുഴുവന്റെയും ഭൂമിയിൽ ഇഴയുന്ന സകല ജീവികളുടെയും മേൽ ആധിപത്യം ഉണ്ടായിരിക്കട്ടെ*" (ഉൽപ 1, 26). സൃഷ്ടപ്രപഞ്ചത്തിന്റെ മേൽ ആധിപത്യം, അതാണ് മനുഷ്യനെ സംബന്ധിച്ച ദൈവഹിതം എന്ന് ആദ്യമായനയിൽ തോന്നാം. എന്നാൽ അല്പമൊന്ന് അടുത്തു പരിശോധിക്കുമ്പോൾ ലക്ഷ്യം കൂടുതൽ വ്യക്തമാകും.

നിരങ്കുശമായൊരു സർവ്വാധിപത്യമല്ല ഇത്; മറിച്ച് മനുഷ്യൻ ഭൂമിയിൽ ദൈവത്തിന്റെ കാര്യസ്ഥനും പ്രതിനിധിയും ആയിരിക്കണം. സൃഷ്ടവസ്തുക്കൾ ഒന്നിനും അവൻ അടിമയാകരുത്; ഒന്നും തന്നെ അടിമയാക്കാൻ അനുവദിക്കുകയുമരുത്. അതേസമയം ദൈവത്തോട് പൂർണ്ണമായ അനുസരണവും വിധേയത്വവും ഉണ്ടായിരിക്കണം. മനുഷ്യന്റെ മഹത്വവും അതേസമയം ദൗത്യവും പരിമിതികളും ഈ ദൈവിക പദ്ധതിയിലൂടെ വെളിവാകുന്നു. സകലവിധ വിഗ്രഹാരാധനകൾക്കും അടിമത്തങ്ങൾക്കും തടയിടുന്നതോടൊപ്പം, ദൈവത്തിന്റെ പ്രതിനിധി എന്ന നിലയിൽ മനുഷ്യന്റെ മഹത്വവും ഉത്തരവാദിത്വവും വ്യക്തമാക്കുകയും ചെയ്യുന്നു.

മണ്ണിൽനിന്നു മെനഞ്ഞെടുത്ത രൂപത്തിലേക്ക് ജീവന്റെ ശ്വാസം നിശ്വസിച്ച്, മണ്ണിനെ മനുഷ്യനാക്കി മാറ്റുന്ന സൃഷ്ടികർമ്മത്തിന്റെ രണ്ടാം വിവരണത്തിലും (ഉൽപ 2,4b-25) സമാനമായൊരു ദൈവിക പദ്ധതി ചുരുൾ വിടർത്തുന്നതു കാണാം. സന്തോഷത്തിന്റെയും സമൃദ്ധിയുടെയും, സർവ്വോപരി ദൈവിക സാന്നിധ്യത്തിന്റെയും പ്രതീകമായ പറുദീസായിൽ പാർപ്പിക്കുമ്പോൾ ദൈവം മനുഷ്യനു നല്കുന്ന കല്പനയിൽ തിരുഹിതം വെളിവാകുന്നു. "*ഏദെൻ തോട്ടം കൃഷി ചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി. അവിടുന്ന് അവനോടു കല്പിച്ചു... നന്മതിന്മയുടെ അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്; തിന്നുന്ന ദിവസം നീ മരിക്കും*" (ഉൽപ 2, 15-17).

ദൈവത്തിന്റെ കാര്യസ്ഥനായിരിക്കണം മനുഷ്യൻ ഈ ഭൂമിയിൽ. പ്രപഞ്ചത്തോട് അവനു കടപ്പാടുണ്ട്; തന്നോടു തന്നെയും, സഖിയായി പിന്നീടു നല്കപ്പെടുന്ന ജീവിതപങ്കാളിയോടും, സർവ്വോപരി ദൈവത്തോടും മനുഷ്യനു കടപ്പാടുണ്ട്. അതാണു ദൈവഹിതം. ഈ കടപ്പാടുകൾ കണിശമായി നിറവേറ്റുന്നിടത്തോളം കാലം അവനു പറുദീസായിൽ വസിക്കാം. ഇല്ലെങ്കിൽ പറുദീസാ നഷ്ടപ്പെടും. ഇവിടെ പറുദീസാ സ്വർഗ്ഗത്തിന്റെ പ്രതീകമായി നില്ക്കുന്നു. മനുഷ്യൻ കല്പന ലംഘിച്ചതും പറുദീസാ നഷ്ടപ്പെടുത്തിയതും ഇതിന്റെ ബാക്കിപത്രം.

ദൈവത്തിന്റെ കല്പന ലംഘിക്കാൻ മനുഷ്യനു കഴിയും എന്നതു തന്നെയാണ് മനുഷ്യമഹത്വത്തിന്റെ ഒരടയാളം; അതേ

സമയം മനുഷ്യൻ അനുഭവിക്കുന്ന സകല തിന്മകളുടെയും ഉറവിടവും. കല്പന നല്കുമ്പോൾ ദൈവം മനുഷ്യന്റെ സ്വാതന്ത്ര്യം അംഗീകരിക്കുകയും ഉറപ്പു നല്കുകയും ചെയ്യുന്നു, സ്വാതന്ത്ര്യം ദുരുപയോഗിക്കാനുള്ള സാധ്യത കണ്ടുകൊണ്ടുതന്നെ. അതിനാൽ ഈ ഭൂമിയിൽ ഇന്നു കാണുന്ന ദുരന്തങ്ങളുടെ മുഖ്യ കാരണം മനുഷ്യൻ തന്നെയാണ്, ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന മനുഷ്യൻ. വിലക്കപ്പെട്ട കനി തിന്നു പറുദീസാ നഷ്ടപ്പെടുത്തിയത് പ്രതീകാത്മകമായൊരു വ്യാഖ്യാനം. തിന്മ ദൈവം ആഗ്രഹിച്ചതല്ല, അനുവദിക്കുന്നു എന്നു മാത്രം.

## പുതിയ തുടക്കം

ദൈവകല്പന ലംഘിച്ച്, ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിച്ച മനുഷ്യനു സ്വർഗ്ഗം നഷ്ടപ്പെട്ടു. ചതുർവ്വിധ ബന്ധങ്ങൾ തകർന്നു. മനുഷ്യൻ ദൈവത്തിൽ നിന്നകന്നു; പരസ്പരം വെറുത്തു; പ്രപഞ്ചം അവനു ശത്രുവായി. ജീവിതം ദുഃഖപൂരിതമായി, മരണത്തിൽ അവസാനിച്ചു. ഈ അവസ്ഥയിൽ ദൈവം വീണ്ടും ഇടപെട്ട് എല്ലാം പുതുതായി തുടങ്ങുന്നു, അബ്രാഹത്തിന്റെ വിളിയിലൂടെ. അബ്രാഹത്തിനു ദൈവം നല്കുന്ന കല്പനകൾ തിരുഹിതം വ്യക്തമാക്കുന്നതാണ്. കുടുംബസമേതം ഹാരാനിൽ താമസിച്ചിരുന്ന അബ്രാമിന്റെ ജീവിതത്തിലേക്ക് ആകസ്മികമായി ദൈവം കടന്നുവന്നു, ഒരു കല്പനയും വാഗ്ദാനങ്ങളുമായി.

"*കർത്താവ് അബ്രാമിനോടരുളിച്ചെയ്തു: നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട്, ഞാൻ കാണിച്ചുതരുന്ന ദേശത്തേക്കു പോവുക. ഞാൻ നിന്നെ വലിയൊരു ജനതയാക്കും....... നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗൃഹീതമാകും*" (ഉൽപ 12,1-3). നേടിയതെല്ലാം ഉപേക്ഷിക്കുക, പുറപ്പെടുക. ലക്ഷ്യം വ്യക്തമല്ല; ദൈവം കാട്ടിത്തരും. ഇതാണ് ആദ്യഭാഗം. ദൈവഹിതത്തിന്റെ രണ്ടാംഭാഗം വാഗ്ദാനങ്ങളാണ് - വലിയൊരു ജനത, സ്വന്തമായൊരു രാജ്യം, സാർവ്വത്രിക രക്ഷ. അബ്രാഹത്തിലൂടെ എല്ലാ ജനതകൾക്കും രക്ഷ ലഭിക്കണം. അതാണ് ദൈവം ആഗ്രഹിക്കുന്നത്. അതിന് അബ്രാഹം അനുസരിക്കണം. അബ്രാഹം വിളികേട്ടു, അനുസരിച്ചു, പുറപ്പെട്ടു.

എളുപ്പമായിരുന്നില്ല യാത്ര. ദുർഘടമായ വഴികൾ, അകന്നകന്നുപോകുന്ന ലക്ഷ്യം. വാഗ്ദാനങ്ങൾ ആവർത്തിക്കുന്നതോ

ടുകൂടെ ദൈവം വീണ്ടും രണ്ടുതവണ തന്റെ ഹിതം വെളിപ്പെടുത്തി. "*സർവ്വ ശക്തനായ ദൈവമാണ് ഞാൻ. എന്റെ മുമ്പിൽ വ്യാപരിക്കുക. കുറ്റമറ്റവനായിരിക്കുക*" (ഉൽപ 17,1). കൂടെ നടക്കുന്ന, തന്നെ നയിക്കുന്ന ദൈവത്തിന്റെ സാന്നിധ്യത്തെക്കുറിച്ച് നിരന്തരം അവബോധം ഉണ്ടായിരിക്കണം. ഈ അവബോധം ജീവിതത്തെ നിർമ്മലവും കുറ്റമറ്റതുമായി കാത്തുസൂക്ഷിക്കാൻ സഹായിക്കണം.

അവസാനത്തെ അഗ്നിപരീക്ഷയും അബ്രാഹത്തിനു ദൈവഹിതം വെളിപ്പെടുത്തുന്നതായിരുന്നു. "*നീ സ്നേഹിക്കുന്ന നിന്റെ ഏകമകൻ ഇസഹാക്കിനെയും കൂട്ടിക്കൊണ്ട് മോറിയാ ദേശത്തേക്കു പോവുക. അവിടെ ഞാൻ കാണിച്ചുതരുന്ന മലമുകളിൽ നീ അവനെ എനിക്ക് ഒരു ദഹനബലിയായി അർപ്പിക്കണം*" (ഉൽപ 22,2). അബ്രാഹത്തിനു ദൈവം നല്കിയ വാഗ്ദാനങ്ങളെല്ലാം ഇസഹാക്ക് എന്ന ഏക മകനിലാണ് കേന്ദ്രീകരിച്ചിരുന്നത്. അവനിലൂടെയാണ് വലിയ ജനത, സ്വന്തം രാജ്യം, സാർവ്വത്രിക രക്ഷ ഇതെല്ലാം യാഥാർത്ഥ്യമാകേണ്ടത്. എന്നാൽ ഇപ്പോൾ ദൈവം ആ മകനെത്തന്നെ ഒരു ദഹനബലിയായി അർപ്പിക്കാൻ ആവശ്യപ്പെടുന്നത് തികച്ചും ക്രൂരവും ഇതുവരെ നല്കിയ വാഗ്ദാനങ്ങളുടെയെല്ലാം നിഷേധവുമായി തോന്നാം.

എന്നാൽ, അബ്രാഹത്തിന് അങ്ങനെ തോന്നിയില്ല. അബ്രാഹം കേട്ടു; അനുസരിച്ചു; മകനെയും കൂട്ടി പുറപ്പെട്ടു, മോറിയാ മലയിലേക്ക്. ബലിപീഠമൊരുക്കി, വിറകടുക്കി; മകനെ കിടത്തി, കഴുത്തറുക്കാൻ കത്തിയെടുത്തു. അപ്പോഴാണ് തിരുഹിതം വീണ്ടും സ്വർഗ്ഗത്തിൽനിന്നു വ്യക്തമാക്കുന്നത്: ***അരുത്***! (ഉൽപ 22,16-19). മനസിലാക്കാനും, അതിലുപരി സ്വീകരിച്ച് അനുസരിക്കാനും ഏറെ പ്രയാസമുള്ളതായിരുന്നു അബ്രാഹത്തിനു വേളിപ്പെടുത്തപ്പെട്ട തിരുഹിതം. പക്ഷേ, അബ്രാഹം ചോദ്യം ചെയ്തില്ല; സംശയിച്ചതുമില്ല. ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുക. സാഹചര്യങ്ങൾ വിപരീതമെങ്കിലും സംശയം കൂടാതെ അനുസരിക്കുക - അതാണ് അബ്രാഹത്തിലൂടെ ലഭിക്കുന്ന പാഠം.

## സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന ദൈവം

രക്ഷാചരിത്രത്തിന്റെ നാൾവഴിയിൽ ദൈവത്തിന്റെ തിരുഹിതം കുറെക്കൂടി വ്യക്തമായി വെളിപ്പെട്ട ഒരു മുഹൂർത്തമാണ് ഈജിപ്തിൽ നിന്നുള്ള പുറപ്പാടും തുടർന്ന് സീനായ് മലയുടെ

താഴ്‌വരയിൽ വച്ചുണ്ടായ ഉടമ്പടിയും. വാഗ്ദാനത്തിന്റെ ഉടമയായ ഇസ്രായേൽ ജനം ഈജിപ്തിൽ കഠിനമായ അടിമത്തം അനുഭവിച്ചു. അടിമകളുടെ വിയർപ്പും ചാട്ടവാറടിയേറ്റ് ഒഴുകിയ രക്തവും കൂടിക്കലർന്ന ഇഷ്ടികക്കളങ്ങളിൽ നിന്ന് അവരുടെ നിലവിളി ഉയർന്നു. ദൈവത്തിന്റെ തിരുഹിതം ശക്തമാംവിധം വെളിപ്പെടുത്താൻ അത് അവസരമൊരുക്കി.

ദൈവം നിലവിളി കേട്ടു, ഇറങ്ങിവന്നു. വിമോചക നേതാവായി മോശയെ തിരഞ്ഞെടുത്ത്, അധികാരത്തിന്റെ അടയാളമായി വടിയും കൊടുത്ത്, ഫറവോയുടെ അടുക്കലേക്കയച്ചു. ഒരേ ഒരു കല്പനയാണ് മോശവഴി ദൈവം ഫറവോയ്ക്കു നല്കിയത്. ദൈവഹിതം വെളിപ്പെടുത്തുന്ന കല്പന: "*ഇസ്രായേൽ എന്റെ പുത്രനാണ്, എന്റെ ആദ്യജാതൻ. ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു. എന്നെ ആരാധിക്കാൻ വേണ്ടി എന്റെ പുത്രനെ വിട്ടയയ്ക്കുക. നീ അവനെ വിട്ടയയ്ക്കുന്നില്ലെങ്കിൽ നിന്റെ പുത്രനെ, നിന്റെ ആദ്യജാതനെത്തന്നെ ഞാൻ വധിക്കും*" (പുറ 4,22-23). ഇവിടെ സംശയത്തിനു പഴുതില്ല. ദൈവം ഇസ്രായേൽ ജനത്തെ സ്വന്തം മകനായി സ്വീകരിക്കുന്നു. അവർ ദൈവത്തിന്റെ മക്കൾ എന്ന നിലയിൽ സ്വതന്ത്രരായിരിക്കണം. ആരും അവരെ അടിമയാക്കാൻ പാടില്ല.

തന്നെ ആരാധിക്കാൻ വിട്ടയയ്ക്കണം എന്നാവശ്യപ്പെടുമ്പോൾ ദൈവം ഇസ്രായേൽ ജനത്തെ ഫറവോയുടെ അടിമത്തത്തിൽ നിന്നു മോചിപ്പിച്ച്, തന്റെ അടിമയാക്കുകയല്ലേ ചെയ്യുന്നത് എന്നു ചോദിക്കുന്നവരുണ്ട്. ദൈവത്തെ ആരാധിക്കുക എന്നാൽ ദൈവത്തിന് അടിമവേല ചെയ്യുകയാണെന്നു കരുതുന്നവർ ഏറെ. അപ്പോൾ മനുഷ്യന്റെ സ്വാതന്ത്ര്യമാണ് ദൈവം ആഗ്രഹിക്കുന്നത് എന്നു പറയാനാകുമോ?

ആരാണ് ദൈവം, എന്താണ് ആരാധന എന്ന ചോദ്യങ്ങൾക്കു നല്കുന്ന മറുപടിയെ ആശ്രയിച്ചിരിക്കും ഇവിടെ ലഭിക്കുന്ന ഉത്തരം. ദൈവം പിതാവാണ്; ഇസ്രായേലിനെ ആദ്യജാതനായി അംഗീകരിക്കുന്നു എന്നു പറഞ്ഞതിനുശേഷമാണ് ആരാധനയെക്കുറിച്ചു പറയുന്നത് എന്നു ശ്രദ്ധിക്കണം. എന്താണ് ആരാധന? ആരെയെങ്കിലും എന്തിനെയെങ്കിലും എന്റെ സർവ്വസ്വവുമായി, ജീവന്റെ ഉറവിടവും ലക്ഷ്യവും സൗഭാഗ്യത്തിന്റെ നിദാനവുമായി അംഗീകരിച്ചു സ്വീകരിക്കുന്നതാണ് ആത്യന്തികമായ അർത്ഥ

ത്തിൽ ആരാധന. നീയാണ് എന്റെ നാഥൻ. ഞാൻ പൂർണ്ണമായും നിന്റേതാണ്. നിന്റെ ഇഷ്ടമാണ് എനിക്കു ജീവിതനിയമം. നിന്നോടുകൂടെ ആയിരിക്കുന്നതാണ് എനിക്കു സൗഭാഗ്യം. ഇതാണ് ആരാധകന്റെ മനോഭാവം.

ദൈവം ഒഴികെ മറ്റാർക്കെങ്കിലും, എന്തിനെങ്കിലും, അതു വ്യക്തിയോ, പണമോ, ആസക്തികളോ, പ്രത്യയശാസ്ത്രങ്ങളോ എന്തുമാകട്ടെ, മനുഷ്യൻ ഇപ്രകാരം സ്വയം അടിയറവച്ചാൽ അതു തികച്ചും അടിമത്തം തന്നെ ആയിരിക്കും. എന്നാൽ തന്റെ തന്നെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച്, തന്റെ ശ്വാസം കൊണ്ടു ജീവൻ നല്കിയ ദൈവം മനുഷ്യനെ അടിമയാക്കുകയല്ല, സ്വന്തം മകനായി / മകളായി സ്വീകരിച്ച് സ്നേഹിക്കുകയാണ് ചെയ്യുന്നത്. അപ്പോൾ ദൈവാരാധന അടിമത്തമല്ല, മക്കളുടെ സ്വാതന്ത്ര്യവും സന്തോഷവും അനുഭവിക്കലാണ്. അതിനുവേണ്ടിയാണ് ദൈവം ഇസ്രായേൽ ജനത്തെ മോചിപ്പിച്ചത്.

ഇതു ഒരു പ്രത്യേക ജനതയുടെ മാത്രം കാര്യമല്ല. ഇസ്രായേൽ ഒരു ഉദാഹരമമാണ്. അവർക്കുവേണ്ടി ചെയ്തത് ദൈവം എല്ലാവർക്കും വേണ്ടി ചെയ്യാൻ ആഗ്രഹിക്കുന്നു. ഇക്കാര്യം ലോകജനതകളെ മുഴുവൻ അറിയിക്കാൻ ഇസ്രായേലിനു കടമയുണ്ട്. അതാണ് സീനായ് മലയിലെ ഉടമ്പടിക്ക് ആമുഖമായി പറഞ്ഞുവയ്ക്കുന്നത്. "*നിങ്ങൾ എന്റെ വാക്കു കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനതകളിലും വച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും. കാരണം, ഭൂമി മുഴുവൻ എന്റേതാണ്. നിങ്ങൾ എനിക്കു പുരോഹിതരാജ്യവും വിശുദ്ധജനവുമാണ്*" (പുറ 19,5-6).

ദൈവം ആഗ്രഹിക്കുന്നതു മനുഷ്യന്റെ സമഗ്രമായ നന്മയാണെന്ന് ഈ പ്രമാണങ്ങൾ ഉറക്കെ പ്രഘോഷിക്കുന്നു. തുടർന്നു വരുന്ന മതാത്മകവും സാമൂഹികവുമായ നിയമങ്ങൾക്കെല്ലാം ഈ ഒരു ലക്ഷ്യമാണുള്ളത്. "*ഉടമ്പടിയുടെ നിയമസംഹിത*" (പുറ 21-23), "*വിശുദ്ധിയുടെ നിയമസംഹിത*" (ലേവ്യർ 17-26), "*നിയമാവർത്തന നിയമസംഹിത*" (നിയ 12-26) എന്നീ നിയമസംഹിതകൾക്കും മുഖ്യമായ ലക്ഷ്യം മനുഷ്യന്റെ സ്വാതന്ത്ര്യവും സന്തോഷവും നന്മയുമാണ്. അതാണ് പഞ്ചഗ്രന്ഥത്തിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവഹിതം.

അതോടൊപ്പം, തങ്ങൾ കടന്നുപോന്നവഴികൾ, ദൈവം നല്കിയ വിമോചനം, സംരക്ഷണം, എല്ലാം ജനം അനുസ്മരി

ക്കണം; തങ്ങളുടെ മക്കളെ പഠിപ്പിക്കണം. ദൈവം നല്കിയ ഏറ്റം പ്രധാനപ്പെട്ട നിയമം സ്നേഹത്തിന്റേതാണ്. "*ഇസ്രായേലേ കേൾക്കുക: നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർത്താവാണ്. നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം*" (നിയ 6,4-5). ഏറ്റം പ്രധാനപ്പെട്ട നിയമമാണിത്. അതേസമയം എല്ലാ നിയമങ്ങളുടെയും അടിസ്ഥാനവും കാതലും സ്നേഹത്തിന്റെ നിയമം തന്നെ. പുതിയ നിയമത്തിൽ യേശു വെളിപ്പെടുത്തിയ ദൈവഹിതത്തോട് ഏറ്റം അടുത്തുനില്ക്കുന്നു ഈ പ്രമാണം.

### തീരുമാനിക്കാൻ സ്വാതന്ത്ര്യം

ദൈവം തന്റെ ഹിതം വെളിപ്പെടുത്തുമ്പോഴും അതനുസരിച്ചോ അതിനു വിപരീതമായോ തീരുമാനം എടുക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യനു നല്കിയിരിക്കുന്നു. ഈ സ്വാതന്ത്ര്യം തന്നെയാണ് മനുഷ്യനെ ഇതര സൃഷ്ടികളിൽ നിന്ന് വ്യത്യസ്തനും കൂടുതൽ ഉന്നതനുമാക്കുന്നത്. നിയമത്തിന്റെ ആന്തരികതയ്ക്കു പ്രാധാന്യം നല്കുന്ന നിയമാവർത്തന പുസ്തകം ഈ സ്വാതന്ത്ര്യത്തെ പ്രത്യേകം എടുത്തുകാട്ടി, തീരുമാനം എടുക്കാൻ പ്രേരിപ്പിക്കുന്നുണ്ട്.

"*ഇതാ, ഇന്നു ഞാൻ നിന്റെ മുമ്പിൽ ജീവനും നന്മയും, മരണവും തിന്മയും വച്ചിരിക്കുന്നു... നീയും നിന്റെ സന്തതികളും ജീവിക്കേണ്ടതിനു ജീവൻ തിരഞ്ഞെടുക്കുക. നിന്റെ ദൈവമായ കർത്താവിനെ സ്നേഹിച്ച്, അവിടുത്തെ വാക്ക് കേട്ട്, അവിടുത്തോടു ചേർന്നു നില്ക്കുക. നിനക്കു ജീവനും ദീർഘായുസും ലഭിക്കും...*" (നിയ 30,15-20). നിർബ്ബന്ധത്തിനു വഴങ്ങിയോ ശിക്ഷയെ ഭയന്നോ അല്ല, സ്നേഹത്താൽ പ്രേരിതരായി പ്രമാണങ്ങൾ അനുസരിക്കണം. കാരണം ജീവന്റെ ഉറവിടമായ അവിടുത്തോടു ചേർന്നുനില്ക്കാൻ അതു മാത്രമാണ് ഏകമാർഗ്ഗം.

തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നല്കുമ്പോഴും എന്താണ് തിരഞ്ഞെടുക്കേണ്ടത്, ഏതു മാർഗ്ഗമാണ് നന്മയിലേക്കും ജീവനിലേക്കും നയിക്കുക എന്നു വ്യക്തമാക്കിക്കൊണ്ട് ദൈവം വഴി നയിക്കും. "*നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾ പിന്നിൽനിന്ന് ഒരു സ്വരം ശ്രവിക്കും; ഇതാണുവഴി, ഇതിലേ പോവുക*" (ഏശ 30, 21). എഴുതപ്പെട്ട നിയമങ്ങൾക്കു

പുറമേ ആന്തരിക പ്രചോദനം വഴിയും ദൈവം തന്റെ തിരുഹിതം വെളിപ്പെടുത്തുന്നു. ശ്രവിക്കണം, തീരുമാനിക്കണം, അനുസരിക്കണം.

## വഴി തെറ്റിക്കുന്ന വ്യാഖ്യാനങ്ങൾ

"*പുരോഹിതരാജ്യവും വിശുദ്ധജനവും*" (പുറ 19, 6) ആയി ദൈവം ഇസ്രായേൽ ജനത്തെ തിരഞ്ഞെടുത്തു വഴിനയിച്ചതിന്റെ ഒരു ലക്ഷ്യം അവർ ദൈവസ്നേഹം അടുത്തറിഞ്ഞ്, ആ അനുഭവം ഇതര ജനതകളുമായി പങ്കുവച്ച്, അവർക്കു മുമ്പിൽ സത്യദൈവത്തിന്റെ സാക്ഷികൾ ആകുക എന്നതായിരുന്നു - ജനതകൾക്കു പ്രകാശമാകുക (ഏശ 42, 7). ദൈവം നല്കിയ എല്ലാ നിയമങ്ങളുടെയും ലക്ഷ്യവും അതുതന്നെ ആയിരുന്നു. എല്ലാവരും ദൈവത്തെ അറിയണം; തങ്ങൾ ദൈവമക്കളാകാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന ബോധ്യം അവരിൽ ഉദിക്കണം. ദൈവമക്കൾ എന്ന നിലയിൽ തങ്ങളുടെ യഥാർത്ഥ മഹത്വവും, ഒപ്പം അതിനനുയോജ്യമാംവിധം ജീവിക്കാനുള്ള കടമയും എല്ലാ ജനതകളും തിരിച്ചറിയണം. എന്നാൽ ദൈവഹിതം ജനതകളെ അറിയിക്കാനായി തിരഞ്ഞെടുക്കപ്പെട്ടവർക്കു തന്നെ ലക്ഷ്യംതെറ്റി, നീതിയുടെ പാതയിൽ കാലിടറി.

ദൈവത്തിനും മനുഷ്യനും ഇടയിൽ മധ്യവർത്തിയായി നില്ക്കുകയാണ് പുരോഹിതധർമ്മം. ദൈവം ആരെന്നും തിരുഹിതം എന്തെന്നും ജനത്തെ പഠിപ്പിച്ച്, അതനുസരിച്ചു ജീവിക്കാൻ പ്രേരിപ്പിക്കണം. ജനത്തിന്റെ പ്രാർത്ഥനകളും കാഴ്ചകളും ദൈവതിരുമുമ്പിൽ സമർപ്പിക്കണം. ദൈനാമത്തിൽ ജനത്തെ അനുഗ്രഹിക്കണം. ഇസ്രായേൽ ജനം മുഴുവൻ ഇതരജനതകൾക്കു മുമ്പിൽ ഈ ദൗത്യം നിർവ്വഹിക്കണം. ഇസ്രായേൽ ജനത്തിൽത്തന്നെ ഈ ദൗത്യനിർവ്വഹണത്തിനായി ഒരു ഗോത്രം മുഴുവൻ, ലേവീ ഗോത്രം, പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടു. അവരിൽനിന്നുതന്നെ ഒരു വിഭാഗം പുരോഹിതരായി നിശ്ചയിക്കപ്പെട്ടു.

ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ട ആദ്യപുരോഹിതനായിരുന്നു അഹറോൻ. ദൈവഹിതമനുസരിച്ചു ജനത്തെ നയിക്കാൻ നിയുക്തനായ അഹറോൻതന്നെ, ജനത്തിന്റെ സ്വർണ്ണം വാങ്ങി. മൂശയിൽ ഉരുക്കി, കാളക്കുട്ടിയെ വാർത്തെടുത്ത്, അതിനെ ആരാധന വസ്തുവായി ജനത്തിനുമുമ്പിൽ അവതരിപ്പിക്കുമ്പോൾ (പുറ 32,1-29) ചെന്നു വീഴുന്ന കുഴിയുടെ ആഴം അളക്കാനാവില്ല. ദൈ

വാരാധന വിഗ്രഹാരാധനയായി; മനുഷ്യനിർമ്മിത വിഗ്രഹം ദൈവത്തിന്റെ സ്ഥാനത്തു പ്രതിഷ്ഠിക്കപ്പെട്ടു. ദൈവഹിതം അനുസരിച്ച് ജീവിക്കുന്നതിനുപകരം സ്വന്തം ഹിതത്തെ ദൈവഹിതമായി ചിത്രീകരിച്ചു. അതോടൊപ്പം ദൈവപ്രമാണങ്ങൾ അനുസരിച്ചു ജീവിതം ക്രമീകരിക്കുന്നതിനുപകരം ഏതാനും ബാഹ്യാനുഷ്ഠാനങ്ങളിൽ ആരാധന ഒതുക്കി, അതും പ്രധാന പുരോഹിതന്റെ നേതൃത്വത്തിൽ!

## ആത്മാവില്ലാത്ത അനുഷ്ഠാനങ്ങൾ

അനുഷ്ഠാന പ്രധാനമായ മതാത്മകത, അതാണ് ഇസ്രായേൽ ജനത്തിനു മുമ്പിൽ പുരോഹിതർ അവതരിപ്പിച്ച് പ്രോത്സാഹിപ്പിച്ചത്. ഇവിടെ ബലിയർപ്പണം, അർപ്പിക്കുന്ന വസ്തുവിന്റെ ഗുണവിശേഷങ്ങൾ, അർപ്പിക്കുന്നവിധം, ചൊല്ലുന്ന പ്രാർത്ഥനകൾ, പാടുന്ന ഗീതങ്ങൾ, ആചരിക്കുന്ന ചേഷ്ഠകൾ ഇവയെല്ലാമായി ശ്രദ്ധാവിഷയം. സമാഗമകൂടാരം നിർമ്മിച്ച്, ഉടമ്പടിയുടെ പേടകം അതിൽ പ്രതിഷ്ഠിച്ചപ്പോൾ ദൈവിക സാന്നിധ്യം കൂടാരത്തിലാണെന്ന വിശ്വാസം ജനിച്ചു. സോളമൻ ദേവാലയം നിർമ്മിച്ച്, ഉടമ്പടിയുടെ പേടകം അതിവിശുദ്ധസ്ഥലത്തു പ്രതിഷ്ഠിച്ചപ്പോൾ ദൈവം അന്ധകാരത്തിൽ വസിക്കുന്ന അജ്ഞാതനും അദൃശ്യനുമായി ചിത്രീകരിക്കപ്പെട്ടു.

## മറയുന്ന ദൈവികസാന്നിധ്യം

അബ്രാഹത്തെ വിളിച്ച, പുറപ്പാടു നയിച്ച ദൈവം ഇപ്പോൾ, ജനത്തിൽ നിന്നകലെ അപ്രാപ്യമായ ദൂരത്തിൽ, അന്ധകാരത്തിൽ വസിക്കുന്നു. ദൈവത്തിന്റെ സാന്നിധ്യം തേടി ജനം ജറുസലെമിലേക്കു വന്നു. വെറുംകയ്യോടെയല്ല, വിലയേറിയ കാഴ്ചകളുമായി. സോളമൻ പണിത ദേവാലയത്തിൽ വസിക്കുന്ന ദൈവം സോളമനെപ്പോലെ മഹത്വപൂർണ്ണനായ മഹാരാജാവായി, രാജാധിരാജനായി പരിഗണിക്കപ്പെട്ടു. രാജാവിനെന്നതുപോലെ ദൈവത്തിനും കാഴ്ചകൾ സമർപ്പിക്കണം. അതു മൃഗബലിയാകാം, ധാന്യബലിയാകാം. രക്തമാകാം, എണ്ണയാകാം. വിവിധങ്ങളായ ബലികൾ. അതർപ്പിക്കാൻ കൃത്യമായ നിയമങ്ങൾ. എല്ലാം ദൈവത്തെ പ്രതിപ്പെടുത്തി സ്വന്തം കാര്യങ്ങൾ നേടാൻ!

പുരോഹിതന്മാർ ഈ മതാത്മകതയ്ക്കു നേതൃത്വം നല്കി; പ്രോത്സാഹിപ്പിച്ചു. ദേവാലയവും ദേവാലയശുശ്രൂഷകരും സമ്പ

ന്നരായി. രാഷ്ട്രീയ തലസ്ഥാനമായ ജറുസലെം മതകേന്ദ്രവുമായതിനാൽ രാജാവിനു കൂടുതൽ അംഗീകാരവും ജനപിന്തുണയും ലഭിച്ചു. സാവധാനം മതവും മതാനുഷ്ഠാനങ്ങളും ആചാരങ്ങളും എല്ലാം സമ്പത്തു ശേഖരിക്കാനും അധികാരം ഉറപ്പിക്കാനുമുള്ള മാർഗ്ഗങ്ങളായി അധഃപതിച്ചു. അപ്പോഴും ജനങ്ങൾ ഭക്തിയോടെ ദേവാലയത്തിലേക്കു വന്നു. ശുശ്രൂഷകളിൽ പങ്കെടുത്തു. സന്തോഷത്തോടെ തിരിച്ചുപോയി. പക്ഷേ, അവരുടെ ഹൃദയത്തിൽ വേരുറപ്പിച്ചു വളർന്ന ദൈവചിത്രം അടിമകളുടെ നിലവിളി കേട്ട് ഇറങ്ങിവരുന്ന വിമോചകനായ ദൈവത്തിന്റേതല്ല, കിട്ടുന്ന കാഴ്ചകളിൽ പ്രസാദിച്ച് അനുഗ്രഹം വാരിവിതറുന്ന, അതിസമ്പന്നനായ, രാജാധിരാജന്റേതായിരുന്നു.

## ദേവാലയം തകർക്കുന്ന ദൈവം

"*ബലിപീഠത്തിനരികേ കർത്താവു നില്ക്കുന്നതു ഞാൻ കണ്ടു. അവിടുന്ന് അരുളിച്ചെയ്തു: പൂമുഖം കുലുങ്ങുമാറ് പോതികയെ ഊക്കോടെ അടിക്കുക. എല്ലാവരുടെയും മേൽ അതു തകർന്നു വീഴട്ടെ. അവശേഷിക്കുന്നവരെ ഞാൻ വാളിനിരയാക്കും. ഒരുവനും രക്ഷപ്പെടുകയില്ല*" (ആമോ 9,1).

സ്വന്തം പേരിൽ പുസ്തകമുള്ള 16 പ്രവാചകന്മാരിൽ ചരിത്രപരമായി നോക്കുമ്പോൾ ആദ്യത്തെ പ്രവാചകനാണ് ആമോസ്. വടക്കൻ രാജ്യമായ ഇസ്രായേലിന്റെ മുഖ്യ ആരാധനാകേന്ദ്രമായ ബെഥേലിലാണ് അദ്ദേഹം അധികപങ്കും പ്രസംഗിച്ചത് (ബി.സി. 760). അന്തഃസത്ത അറ്റുപോയ, അനുഷ്ഠാന പ്രധാനമായ, മതാത്മകതയ്ക്കെതിരേ അതിശക്തമായ ആരോപണങ്ങളുമായി രംഗത്തുവന്ന പ്രവാചകൻ ഇസ്രായേൽ ജനത്തെ തങ്ങളുടെ ആദ്യ അനുഭവത്തിലേക്ക്, ഉറവിടങ്ങളിലേക്ക് മടങ്ങിവരാൻ ക്ഷണിച്ചു (ആമോ 5,4–7). ഉത്സവാഘോഷങ്ങളും ബലിയർപ്പണങ്ങളും ഒന്നുമല്ല ദൈവം ആഗ്രഹിക്കുന്നത്.

"*നിങ്ങളുടെ ഉത്സവങ്ങളോട് എനിക്കു വെറുപ്പാണ്, അവജ്ഞയാണ്. നിങ്ങളുടെ മഹാസമ്മേളനങ്ങളിൽ എനിക്കു പ്രസാദമില്ല. നിങ്ങൾ എത്ര ദഹനബലികളും ധാന്യബലികളും അർപ്പിച്ചാലും ഞാൻ സ്വീകരിക്കുകയില്ല... നിങ്ങളുടെ വീണാനാദം എനിക്കു കേൾക്കേണ്ടാ*" (ആമോ 5,21–23). പുരോഹിതന്മാർ സുപ്രധാനം എന്നു പഠിപ്പിച്ചു പ്രോത്സാഹിപ്പിച്ച സകലമതാനുഷ്ഠാനങ്ങളും ഒറ്റയടിക്ക് അർത്ഥശൂന്യമാക്കി മാറ്റുന്ന പ്രവാചകൻ! ഇതു ദൈ

വസ്വരമാണെന്ന് അംഗീകരിക്കാൻ മതനേതാക്കൾക്കു കഴിഞ്ഞില്ല. ആമോസിനെതിരേ ആരോപണങ്ങളുമായി പുരോഹിതശ്രേഷ്ഠൻ രാജാവിനെ സമീപിച്ചു, ആമോസിനു വിലക്കു കല്പിച്ചു. എന്നാൽ എന്താണ് ആമോസിലൂടെ ദൈവം ആവശ്യപ്പെടുന്നത് എന്ന് അവർ ശ്രദ്ധിച്ചില്ല.

അർത്ഥശൂന്യമായ ആചാരാനുഷ്ഠാനങ്ങൾക്കെതിരേ ആഞ്ഞടിച്ച പ്രവാചകനിലൂടെ ദൈവം ആവശ്യപ്പെട്ടത് ഒരേ ഒരു കാര്യമാണ്: "*നീതി ജലംപോലെ ഒഴുകട്ടെ; സത്യം ഒരിക്കലും വറ്റാത്ത നീർച്ചാൽ പോലെയും*" (ആമോ 5,24). ദൈവഹിതം വെളിപ്പെടുത്തുന്ന പ്രമാണങ്ങൾ അനുസരിച്ചു ജീവിതം ക്രമീകരിക്കുമ്പോൾ സംജാതമാകുന്ന അവസ്ഥയാണ് *നീതി*. "*സ്ദാഖാ*" എന്നു ഹീബ്രുവിൽ. മനുഷ്യൻ ദൈവത്തോടും സഹജീവികളോടും പ്രപഞ്ചത്തോടും തന്നോടുതന്നെയുമുള്ള കടമകൾ നിർവ്വഹിക്കുമ്പോൾ നീതി നടപ്പിലാകും. അതു *സമാധാനം - ശാലോം* - സ്ഥാപിക്കും. ഇതിന് ഏതെങ്കിലും തരത്തിൽ ഭംഗം സംഭവിച്ചാൽ അതു പരിഹരിക്കുന്നതാണ് സത്യം എന്നു വിവർത്തനം ചെയ്തിരിക്കുന്നത് *ധർമ്മനിഷ്ഠ* - "*മിഷ്പാത്ത്*" എന്നാണ് ഹീബ്രുവിൽ.

ഇതാണ് ദൈവം ആഗ്രഹിക്കുന്നത്. ഇപ്രകാരം ഒരു ജീവിതാവസ്ഥ സംജാതമാകാനും നിലനിർത്താനും സഹായിക്കാത്ത മതാനുഷ്ഠാനങ്ങളും ആചാരങ്ങളും ദൈവഹിതത്തിനനുയോജ്യമല്ല എന്ന നിലപാട് ആമോസിന്റേതുമാത്രമല്ല; മിക്കവാറും എല്ലാ പ്രവാചകന്മാരും ഈ സത്യം ഉച്ചത്തിൽ പ്രഘോഷിച്ചിട്ടുണ്ട്.

അവസാനത്തെ പ്രവാചകനായി അറിയപ്പെടുന്ന മലാക്കിയും (ബി.സി. 450) നീതിക്ക് പ്രാധാന്യം നല്കാത്ത മതാത്മകതയ്ക്കെതിരേ സമാനമായ നിലപാടാണ് സ്വീകരിച്ചത്. "*നിങ്ങൾ എന്റെ ബലിപീഠത്തിൽ വ്യർത്ഥമായി തീ കത്തിക്കാതിരിക്കാൻ നിങ്ങളിൽ ആരെങ്കിലും വാതിൽ അടച്ചിരുന്നെങ്കിൽ!*" (മലാ 1,10). പാവപ്പെട്ടവർക്കു പ്രത്യേക സംരക്ഷണം ഉറപ്പുവരുത്തണം, ദശാംശം കൃത്യമായി നല്കണം (മലാ 3,10), പരസ്പരം ക്ഷമിച്ചും സ്നേഹിച്ചും സമൂഹത്തിൽ അനുരഞ്ജനമുണ്ടാകണം (മലാ 4,5-6) ഇതൊക്കെയാണ് ദൈവം ജനത്തിൽ നിന്നാഗ്രഹിക്കുന്നത്.

## സ്നേഹമാണ് പ്രധാനം

ആമോസിനു തൊട്ടുപിന്നാലെ (ബി.സി. 750–730) വന്ന് വട ക്കൻ രാജ്യമായ ഇസ്രായേലിൽ പ്രസംഗിച്ച ഹോസിയാ ദൈവ സ്നേഹത്തിന്റെ പ്രവാചകൻ എന്നറിയപ്പെടുന്ന.ു. ഒരു പുരോ ഹിതനായിരുന്ന ഹോസിയാ വഴിപിഴച്ച മതാത്മകതയ്ക്കെതിരേ അതിശക്തമായി പ്രതികരിച്ചു; ജനത്തെ നേർവഴി നയിക്കാൻ നിയുക്തരായ പുരോഹിതരുടെ പരാജയത്തെ അതികഠിനമായി വിമർശിച്ചു. "*ഇവിടെ വിശ്വസ്തതയോ സ്നേഹമോ ഇല്ല. ദൈ വവിചാരം ദേശത്ത് അറ്റുപോയിരിക്കുന്നു. ആണയിടലും വഞ്ച നയും കൊലപാതകവും മോഷണവും വ്യഭിചാരവും സീമാതീ തമായിരിക്കുന്നു*" (ഹോസി 4,1–2). ദൈവപ്രമാണങ്ങൾ ഒന്നൊ ഴിയാതെ ലംഘിക്കപ്പെട്ടതായി തെളിയിച്ചതിനുശേഷം ആരാണി തിനെല്ലാം ഉത്തരവാദി എന്നു വ്യക്തമാക്കുന്നു.

"*ആരും തർക്കിക്കേണ്ടാ, കുറ്റപ്പെടുത്തുകയും വേണ്ടാ. പുരോ ഹിതാ, നിനക്കെതിരേയാണ്എന്റെ ആരോപണം... അജ്ഞതനി മിത്തം എന്റെ ജനം നശിക്കുന്നു. നീ വിജ്ഞാനം തിരസ്കരി ച്ചതുകൊണ്ട് എന്റെ പുരോഹിതനായിരിക്കുന്നതിൽനിന്നു നിന്നെ ഞാൻ തിരസ്കരിക്കുന്നു*" (ഹോസി 4,4–6). സ്വന്തം ദൗത്യം മറന്ന്, അനുഷ്ഠാനങ്ങളിലും ആഘോഷങ്ങളിലും അഭിരമിച്ച പുരോ ഹിതർ ജനത്തിന്റെ നാശത്തിനു കാരണമായിത്തീരുന്നു. ഇനി എന്താണു വേണ്ടത്?

ബലിയർപ്പണങ്ങൾ കുറ്റമറ്റതാക്കുകയോ ആഘോഷങ്ങൾക്കു മോടികൂട്ടുകയോ അല്ല. "*ബലിയല്ല, സ്നേഹമാണ് ഞാൻ ആഗ്ര ഹിക്കുന്നത്. ദഹനബലികളല്ല, ദൈവജ്ഞാനമാണ് എനിക്കിഷ്ടം*" (ഹോസി 6,6). അതിന് ഒരു മടക്കയാത്ര ആവശ്യമാണ്. ഈജിപ് തിലെ ഇഷ്ടികക്കളത്തിലെ വിയർപ്പും ചോരയും, കണ്ണീരും വിലാ പവും ഓർക്കണം. അവിടെ നിന്നു മോചിപ്പിച്ച്, മരുഭൂമിയിലൂടെ വഴി നടത്തിയ ദൈവത്തിലേക്കു മടങ്ങിവരണം. അപ്പോൾ ദൈ വഹിതം അറിയാനും അനുവർത്തിക്കാനുമുള്ള ശക്തി ദൈവം തന്നെ തരും. "*എന്നേക്കുമായി ഞാൻ നിന്നെ പരിഗ്രഹിക്കും. നീതിയിലും സത്യത്തിലും, സ്നേഹത്തിലും കാരുണ്യത്തിലും ഞാൻ നിന്നെ സ്വീകരിക്കും. വിശ്വസ്തതയിൽ നിന്നെ ഞാൻ സ്വന്തമാക്കും. കർത്താവിനെ നീ അറിയും*" (ഹോസി 2,19).

നീതി, സത്യം, സ്നേഹം, കാരുണ്യം, വിശ്വസ്തത ഇതെല്ലാ

മാണ് ദൈവത്തെ അറിയാൻ, അവിടുത്തെ തിരുഹിതം മനസിലാക്കി ജീവിക്കാൻ ആവശ്യം. ഇതെല്ലാം ദൈവം തന്നെ നല്കുന്ന ദാനമായിരിക്കും, വിവാഹവേളയിൽ വരൻ വധുവിനു നല്കുന്ന സ്ത്രീധനംപോലെ. സ്നേഹത്തിലൂടെ മാത്രമേ ദൈവഹിതം അറിയാൻ കഴിയൂ!

## നീതി - കാരുണ്യം - വിനയം

ഹോസിയായുടെ സമകാലികനാണ്, ജെറുസലെം കേന്ദ്രമാക്കി യൂദായായിൽ പ്രസംഗിച്ച; പ്രവാചകന്മാരിൽ അഗ്രഗണ്യനായി കരുതപ്പെടുന്ന ഏശയ്യാ. പാവപ്പെട്ടവർക്കു നീതി നിഷേധിക്കുന്നിടത്ത് ബലിയർപ്പണം ദൈവത്തെ അവഹേളിക്കലായി പ്രവാചകൻ ചിത്രീകരിച്ചു. "*നിങ്ങളുടെ അനീതി നിറഞ്ഞ ഉത്സവങ്ങൾ എനിക്കു സഹിക്കാനാവില്ല. നിങ്ങളുടെ അമാവാസികളും ഉത്സവങ്ങളും ഞാൻ വെറുക്കുന്നു. അവ എനിക്കു ഭാരമായിരിക്കുന്നു. അവ എനിക്കു ദുഃസഹമായിരിക്കുന്നു...*" (ഏശ 1,11-15). ഇതൊന്നുമല്ല ദൈവം ആവശ്യപ്പെടുന്നത്. ദൈവം മൃഗത്തിന്റെ മാംസം ഭക്ഷിക്കുകയില്ല; രക്തം കുടിക്കുകയുമില്ല. ആരവങ്ങളും ആർപ്പുവിളികളും ദൈവത്തിനു കേൾക്കേണ്ടാ. പിന്നെ എന്തു വേണം? എന്താണ് ദൈവത്തിനു പ്രീതികരമായ കാഴ്ച സമർപ്പണം?

"*നിങ്ങളുടെ അകൃത്യങ്ങൾ അവസാനിപ്പിക്കുവിൻ. നന്മ പ്രവർത്തിക്കാൻ ശീലിക്കുവിൻ. നീതി അന്വേഷിക്കുവിൻ. മർദ്ദനം അവസാനിപ്പിക്കുവിൻ. അനാഥരോടു നീതി ചെയ്യുവിൻ. വിധവകൾക്കുവേണ്ടി വാദിക്കുവിൻ*" (ഏശ 1,16-18). ദൈവത്തിലുള്ള വിശ്വാസവും ദൈവഭക്തിയും സഹജീവികളോടുള്ള സമീപനങ്ങളിൽ പ്രകടമാകണം. സമൂഹത്തിലെ ഏറ്റം താഴെക്കിടയിൽ ഉള്ളവരുടെയും അവഗണിക്കപ്പെടുന്നവരുടെയും പ്രതീകമാണ് അനാഥരും വിധവകളും. അവർക്കു നീതി ലഭ്യമാക്കുന്നതിലൂടെ ആയിരിക്കണം ദൈവഹിതം അനുസരിക്കുന്നത്.

വലിയ പ്രതീക്ഷകളോടെ ബാബിലോൺ പ്രവാസത്തിൽ നിന്നു തിരിച്ചുവന്ന ജനത്തിൽ അനേകർ വീണ്ടും വലിയ പ്രതിസന്ധിയിലായി. കൊടിയ ദാരിദ്ര്യവും പട്ടിണിയും അവരെ വലച്ചു. ചുരുക്കംപേർ സ്വത്തു കയ്യടക്കി, അനേകരെ ചൂഷണം ചെയ്ത്; അടിമകളാക്കി. അതേസമയം ആരാധനാനുഷ്ഠാനങ്ങളെല്ലാം മുറപോലെ തുടർന്നു. ഈ സാഹചര്യത്തിലാണ് മൂന്നാം

ഏശയ്യാ (ഏശ 56-66) എന്ന പ്രവാചനകനിലൂടെ ദൈവം ശക്തമായ താക്കീതുകൾ വഴി തിരുഹിതം വെളിപ്പെടുത്തിയത്. ഉപവാസവും പ്രാർത്ഥനയും പ്രതീക്ഷിച്ച ഫലം തരുന്നില്ല എന്നു വിലപിച്ചവരോട് പ്രവാചകൻ വഴി കർത്താവ് അരുളിച്ചെയ്തു:

"*ഉപവസിക്കുമ്പോൾ നിങ്ങൾ സ്വന്തം സുഖമാണു തേടുന്നത്. നിങ്ങളുടെ വേലക്കാരെ നിങ്ങൾ പീഡിപ്പിക്കുന്നു... നിങ്ങളുടെ സ്വരം ഉന്നതത്തിൽ എത്താൻ ഇത്തരം ഉപവാസം ഉപകരിക്കുകയില്ല*" (ഏശ 56, 3-4). അനുഷ്ഠാന പ്രധാനമായ ഉപവാസമല്ല ദൈവം ആഗ്രഹിക്കുന്നത് എന്നു വ്യക്തമാക്കയതിനു ശേഷം എന്താണ് ദൈവം ആഗ്രഹിക്കുന്നത് എന്നു പ്രവാചകൻ തുടർന്നു പറയുന്നു: "*ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയുമല്ലേ ഞാനാഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്?*" (ഏശ 56,6-7).

ദൈവം സ്വതന്ത്രരാക്കിയവരെ ആരും അടിമകളാക്കരുത്. എല്ലാവർക്കും ആവശ്യമായതു ലഭിക്കണം. ദൈവമക്കളുടെ അഭിമാനത്തോടെ നിവർന്നു നടക്കാൻ വേണ്ടിയാണ് കർത്താവ് അവരുടെ നുകത്തിന്റെ കെട്ടുകൾ പൊട്ടിച്ചത് (ലേവ്യ 26, 13). എല്ലാവർക്കും തുല്യമായ നീതി, അവകാശം, അഭിമാനം. ഇതു ദൈവഹിതമാണ്.

ഏശയ്യായുടെ സമകാലികനായ മിക്കായിലൂടെ ദൈവം നല്കുന്ന സന്ദേശവും വ്യത്യസ്തമല്ല. ദൈവത്തെ പ്രസാദിപ്പിക്കാൻ, ദൈവത്തിന്റെ അനുഗ്രഹവും കൃപയും നേടാൻവേണ്ടി എന്തു ത്യാഗവും അനുഷ്ഠിക്കാൻ ഒരുക്കമാണെന്നു പ്രഖ്യാപിക്കുന്ന ഭക്തനു പ്രവാചകനിലൂടെ ദൈവം നല്കുന്ന മറുപടി എന്താണ് ദൈവഹിതം എന്നു വ്യക്തമാക്കുന്നു. "*കർത്താവിന്റെ മുമ്പിൽ എന്തു കാഴ്ചയാണ് ഞാൻ കൊണ്ടുവരേണ്ടത്?..... എന്റെ അതിക്രമങ്ങൾക്കു പരിഹാരമായി എന്റെ ആദ്യജാതനെ ഞാൻ നല്കണമോ?... മനുഷ്യാ, നല്ലതെന്തെന്ന് അവിടുന്നു നിനക്കു കാണിച്ചുതന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക; കരുണ കാണിക്കുക; നിന്റെ ദൈവമായ കർത്താവിന്റെ മുമ്പിൽ വിനീതനായി ചരി*

*ക്കുക. ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽ നിന്നാവശ്യപ്പെടുന്നത്?"* (മിക്കാ 6,6-8).

ദൈവത്തെ പ്രസാദിപ്പിക്കാൻ എന്നു കരുതി നരബലി പോലും നടത്തിയിരുന്ന (2 രാജാ 16,3) ഒരു സമൂഹത്തോടാണ് പ്രവാചകനിലൂടെ ദൈവം ഇപ്രകാരം സംസാരിക്കുന്നത്. ആമോസ്, ഹോസിയാ, ഏശയ്യാ എന്നീ പ്രവാചകന്മാരിലൂടെ ദൈവം വെളിപ്പെടുത്തിയ തിരുഹിതത്തിന്റെ ഒരു സംക്ഷിപ്ത രൂപം ഇവിടെ കാണാം. നീതി, കാരുണ്യം, വിനയം - എല്ലാം മനുഷ്യബന്ധങ്ങളിൽ അവശ്യം നിലനില്ക്കേണ്ട ഗുണങ്ങൾ. ഇവ കൂടാതെ ആർക്കും ദൈവപ്രീതി ലഭ്യമാകില്ല. എല്ലാ പ്രവാചകന്മാർക്കും ഏകസ്വരത്തിൽ ഇതാണു പറയാനുള്ളത്. നീതി പ്രവർത്തിക്കുക, കരുണ കാണിക്കുക, കർത്താവിന്റെ മുമ്പിൽ വിനീതനായിരിക്കുക. വിനയം എന്നാൽ ഒദ്ധത്യം വെടിഞ്ഞ് യാഥാർത്ഥ്യം അംഗീകരിക്കലാണ്.

## ജ്ഞാനഗ്രന്ഥങ്ങളിൽ

ജോബ്, സങ്കീർത്തനങ്ങൾ, സഭാഷിതങ്ങൾ, സഭാപ്രസംഗകൻ, ഉത്തമഗീതം, ജ്ഞാനം, പ്രഭാഷകൻ എന്നീ ഏഴു പുസ്തകങ്ങൾ ജ്ഞാനഗ്രന്ഥങ്ങൾ എന്നപേരിൽ അറിയപ്പെടുന്നു. നിരവധിയായ ഉപദേശങ്ങളും പ്രഭാഷണങ്ങളും ആപ്തവാക്യങ്ങളും പ്രാർത്ഥനകളും വഴി ദൈവഹിതത്തെക്കുറിച്ച് വ്യക്തമായ രൂപം ഈ ഗ്രന്ഥങ്ങളും നല്കുന്നുണ്ട്. ഇവയിൽ ജ്ഞാനസങ്കീർത്തനങ്ങൾ (Wisdom Psalsm) എന്നറിയപ്പെടുന്ന 11 സങ്കീർത്തനങ്ങൾ (1, 37, 49, 73, 91, 112, 119, 127, 128, 133, 139) സവിശേഷ ശ്രദ്ധയർഹിക്കുന്നു. എന്താണ് ദൈവഹിതം, എപ്രകാരം ഒരു ജീവിതമാണ് ദൈവം ആഗ്രഹിക്കുന്നത് എന്ന് ഈ സങ്കീർത്തനങ്ങൾ വിശദമായി പ്രതിപാദിക്കുന്നുണ്ട്. 176 വാക്യങ്ങളുള്ള, ബൈബിളിലെ തന്നെ ഏറ്റം നീളം കൂടിയ അധ്യായമായ 119-ാം സങ്കീർത്തനം ദൈവഹിതം വെളിപ്പെടുത്തുന്ന ദൈവിക നിയമത്തിന്റെ, അഥവാ വചനത്തിന്റെ മനോഹരമായൊരു ആവിഷ്കാരമാണ്.

ആരാധനക്രമബന്ധിയായി (Liturgical Psalm) പൊതുവേ കരുതപ്പെടുന്ന 15-ാം സങ്കീർത്തനം ദൈവഹിതത്തിന്റെ വളരെ വ്യക്തമായൊരു ചിത്രം അവതരിപ്പിക്കുന്നുണ്ട്. കർത്താവിന്റെ സന്നിധിയിലേക്കു വരാൻ ആർക്കാണ് അർഹതയുള്ളത് എന്ന ഭക്തന്റെ ചോദ്യത്തിനു ദേവാലയവാതില്ക്കൽ നില്ക്കുന്ന പുരോ

ഹിതന്റെ ഉത്തരം എന്ന നിലയിലാണ് സങ്കീർത്തനം അവതരിപ്പിച്ചിരിക്കുന്നത്. നിഷ്കളങ്കരായി ജീവിക്കണം എന്ന പൊതുവായ നിയമം, തുടർന്ന് ഒമ്പതു കാര്യങ്ങളിലൂടെ വിശദമാക്കുന്നു: 1. നീതി പ്രവർത്തിക്കണം. 2. സത്യം പറയണം. 3. പരദൂഷണം അരുത്. 4. സ്നേഹിതനെ ദ്രോഹിക്കരുത്. 5. അപവാദമരുത്. 6. ദുഷ്ടനോടു കൂട്ടുകൂടരുത്. 7. വാക്കു പാലിക്കണം. 8. കടത്തിനു പലിശ വാങ്ങരുത്. 9. കൈക്കൂലി വാങ്ങരുത് എന്നും, ഇന്നു പ്രത്യേകിച്ചും, പ്രസക്തമായ നിയമങ്ങൾ. ഇതാണു ദൈവഹിതം. ഇതനുസരിച്ചു ജീവിക്കുന്നവർക്കു ദൈവസാന്നിധ്യം അനുഭവിക്കാം. ഇവ അനുസരിക്കാത്തവനു പള്ളിപ്പറമ്പിൽപോലും കാലുകുത്താൻ അവകാശമില്ല എന്ന സങ്കീർത്തനത്തിന്റെ ധ്വനി കേൾക്കാതെ പോകരുത്.

ദൈവത്തെ അനുസരിച്ചുള്ള ജീവിതമാണ് യഥാർത്ഥഭക്തി. അത് ഒരു കാരണവശാലും അനീതി പ്രവർത്തിക്കാൻ അനുവദിക്കില്ല; അനീതിക്കു കൂട്ടുനില്ക്കാനും സമ്മതിക്കുകയില്ല. അനീതിക്കെതിരേ പ്രതികരിക്കാനും, നിഷേധിക്കപ്പെടുന്ന നീതി അതർഹിക്കുന്നവർക്കു ലഭ്യമാക്കാൻ വേണ്ടി ക്രിയാത്മകമായി ഇടപെടാനും പ്രേരിപ്പിക്കും. ഇവിടെ പ്രഭാഷകന്റെ പുസ്തകം നല്കുന്ന ശക്തമായ ചില താക്കീതുകൾ ശ്രദ്ധേയമാകുന്നു.

"*അന്യായ സമ്പത്തിൽനിന്നുള്ള ബലി പങ്കിലമാണ്. നിയമനിഷേധകന്റെ കാഴ്ചകൾ സ്വീകാര്യമല്ല... ദരിദ്രന്റെ സമ്പത്തു തട്ടിയെടുത്ത് ബലിയർപ്പിക്കുന്നവൻ പിതാവിന്റെ മുമ്പിൽവച്ചു പുത്രനെ കൊല്ലുന്നവനെപ്പോലെയാണ്. ദരിദ്രന്റെ ജീവൻ അവന്റെ ആഹാരമാണ്. അത് അപഹരിക്കുന്നവൻ അവനെ കൊല്ലുകയാണ്. അയല്ക്കാരന്റെ ഉപജീവനമാർഗ്ഗം തടയുന്നവൻ അവനെ കൊല്ലുകയാണ്. വേലക്കാരന്റെ കൂലികൊടുക്കാതിരിക്കുന്നത് രക്തച്ചൊരിച്ചിലാണ്*" (പ്രഭാ 34, 18-22). യാതൊരു വ്യാഖ്യാനവും ആവശ്യമില്ലാത്തത്ര വ്യക്തമാണ് ഈ പ്രബോധനങ്ങൾ, ദൈവത്തിന്റെ ഹിതം എന്തെന്ന് അന്വേഷിക്കുന്നവർ ശ്രദ്ധിക്കേണ്ട വചനങ്ങൾ; പ്രത്യേകിച്ചും മതാത്മകമേഖലയിൽ. ആരാധനയും ബലിയർപ്പണവും ഉത്സവാഘോഷങ്ങളും വഴി ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നവർ പിതാവിന്റെ മുന്നിൽ വച്ചു പുത്രനെ കൊല്ലുന്നതുപോലുള്ള പാതകമാണോ ചെയ്യുന്നതെന്ന് ആത്മശോധന ചെയ്യാൻ നിർബ്ബന്ധിക്കുന്ന ദൈവവചനം.

## ക്രമം തെറ്റുന്ന മുൻഗണന

ബി.സി. 539-ൽ പേർഷ്യൻ രാജാവായ സൈറസ് ബാബിലോണിനെ യുദ്ധത്തിൽ തോല്പിച്ച് മധ്യപൗരസ്ത്യദേശത്തിന്റെ അനിഷേധ്യ അധിപനായി ആധിപത്യം ഉറപ്പിച്ചു. ബാബിലോൺ അടിമകളാക്കിയിരുന്ന സകല പ്രവാസികൾക്കും സ്വാതന്ത്ര്യം പ്രഖ്യാപിച്ചുകൊണ്ട് 538-ൽ വിളംബരം പുറപ്പെടുവിച്ചു. അങ്ങനെ ഏശയ്യായിലൂടെ ദൈവം നല്കിയ മുന്നറിയിപ്പ് (ഏശ 45,1-8) പൂർത്തിയായി. പ്രവാസികളായി കഴിഞ്ഞിരുന്ന അനേകം ഇസ്രായേൽക്കാർ സ്വന്തം നാട്ടിൽ തിരിച്ചെത്തി.

എന്നാൽ പ്രവാചകന്മാർ വാഗ്ദാനം ചെയ്ത സന്തോഷവും സമൃദ്ധിയും മടങ്ങിവന്ന പ്രവാസികൾക്കു ലഭിച്ചില്ല.വിവിധ കാരണങ്ങളാൽ ദുരിതങ്ങളും ക്ലേശങ്ങളുമാണ് അധികപേരും നേരിട്ടത്. ഇതു ദൈവകോപത്തിന്റെ ഫലമാണെന്നും നിയമങ്ങൾ കർശനമായി അനുസരിക്കണം എന്നും മതനേതാക്കൾ പഠിപ്പിച്ചു. മതാനുഷ്ഠാനങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്താൻ പ്രേരിപ്പിച്ചു. പക്ഷേ ജനത്തിന്റെ ക്ലേശങ്ങളും പരാതിയും കൂടുതൽ ശക്തമായതേയുള്ളൂ. അവർ നിരത്തുന്ന പരാതി ഉദാഹരണമാണ്: "*ജനത്തിൽ പലരും, സ്ത്രീപുരുഷഭേദമെന്നിയേ യഹൂദസഹോദരർക്കെതിരേ ആവലാതി പറഞ്ഞു. ചിലർ പറഞ്ഞു. പുത്രീപുത്രന്മാരടക്കം ഞങ്ങൾ വളരെപ്പേരുണ്ട്. ജീവൻ നിലനിർത്താൻ ഞങ്ങൾക്കു ഭക്ഷണം തരുക... ഞങ്ങളുടെ പുത്രിമാരിൽ ചിലർ അടിമകളായിക്കഴിഞ്ഞു. ഞങ്ങൾ നിസ്സഹായരാണ്*" (നെഹെ 5,1-5).

ഈ സാഹചര്യത്തിലാണ് എസ്രാ എന്ന നിയമപണ്ഡിതൻ ശക്തമായൊരു മതനവീകരണം ആരംഭിച്ചത്. ബി.സി. 548-ൽ പ്രവാസികളുടെ ഒരു സംഘവുമായി ബാബിലോണിൽനിന്നു ജറുസലെമിൽ എത്തിയ എസ്രാ ഇസ്രായേലിന്റെ മതാത്മകജീവിതത്തിൽ സമൂലമായ ഒരു ഉടച്ചുവാർക്കലിനു നേതൃത്വം നല്കി. ജനത്തിനുമേൽ വന്നു ഭവിച്ച സകല ദുരന്തങ്ങൾക്കും കാരണം അവർ കർത്താവിന്റെ നിയമം ലംഘിച്ച്, അവിടുത്തെ ഉടമ്പടിക്കു വിരുദ്ധമായി പ്രവർത്തിച്ചുകൊണ്ട് കർത്താവിനെ തിരസ്കരിച്ചതാണെന്ന് എസ്രാ ഉറച്ചുവിശ്വസിച്ചു; ഉറക്കെ പ്രഘോഷിച്ചു. അവിശ്വസ്തതയുടെ കാരണം അവർ ഇതര ജനതകളുമായി ബന്ധപ്പെടുകയും അവരുടെ വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും സ്വീകരിക്കുകയും ചെയ്തതാണെന്ന് എസ്രാ പഠിപ്പിച്ചു.

## എസ്രായുടെ മതനവീകരണം

പരിഹാരം ഒന്നേയുള്ളൂ; വിജാതീയരുമായി സകലബന്ധവും വിഛേദിക്കുക. വിവാഹബന്ധത്തിൽ തുടങ്ങി ഈ വിഛേദനം. തുടർന്ന് മതനിയമങ്ങളിലും അനുഷ്ഠാനങ്ങളിലും കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. എല്ലാം കണിശമായും പൂർണ്ണ വിശ്വസ്തതയോടെയും അനുസരിക്കണം എന്നു പുരോഹിതന്മാർക്കു നിർദ്ദേശങ്ങൾ നല്കി. ഉറവിടങ്ങളിലേക്കു മടങ്ങുക. ബലിയർപ്പണങ്ങളും തിരുനാളാഘോഷങ്ങളും എല്ലാം ദൈവം നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ച് കണിശമായി ആചരിക്കണം. പഴയനിയമഗ്രന്ഥങ്ങളിൽ അധികപങ്കും, പ്രത്യേകിച്ച് പഞ്ചഗ്രന്ഥം, ഈ കാലഘട്ടത്തിലാണ് രചന പൂർത്തിയായത്. ദൈവഹിതം ആരായുന്നവർ ഈ ഗ്രന്ഥങ്ങൾ, പ്രത്യേകിച്ചും ലേവ്യരുടെ പുസ്തകം വിശദമായി പഠിക്കണം.

എസ്രാ നേതൃത്വം നല്കിയ മതനവീകരണത്തിൽ ആചാരങ്ങൾക്കും ബാഹ്യാനുഷ്ഠാനങ്ങൾക്കുമായിരുന്നു പ്രാധാന്യം. ആന്തരികത അത്രതന്നെ പ്രധാനമായി കരുതപ്പെട്ടില്ല. നിയമങ്ങളുടെ കർശനമായ നിർവ്വചനങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടായി. നിയമം പഠിക്കാനും ജനത്തെ പഠിപ്പിക്കാനുമായി എസ്രായുടെ ഒരു ശിഷ്യഗണം തന്നെ രൂപപ്പെട്ടു. നിയമജ്ഞർ (Seribes) എന്ന പേരിൽ അവർ അറിയപ്പെടുന്നു.

വിവിധങ്ങളായ ബലിയർപ്പണങ്ങളും അവയോടനുബന്ധിച്ചുള്ള ആചാരങ്ങളും കൃത്യമായി നിർവ്വചിക്കപ്പെട്ടു. വിവിധ സാഹചര്യങ്ങളിൽ നിയമാനുഷ്ഠാനം എപ്രകാരം ആയിരിക്കണം എന്നു വളരെ വിശദമായ പഠനങ്ങൾ നല്കി. ശുദ്ധാശുദ്ധവിവേചനം, സാബത്താചരണം മുതലായ നിയമങ്ങൾ വളരെ വിശദമായി വ്യാഖ്യാനിച്ചു, നടപ്പിലാക്കി. "*നിയമജ്ഞരുടെ വ്യാജമായ തൂലിക നിയമത്തെ വ്യർത്ഥമാക്കിയിരിക്കുന്നു*" (ജറെ 8,8) എന്ന പ്രവാചക വിലാപം ഇവിടെ ഒരു യാഥാർത്ഥ്യമായിത്തീർന്നു. സ്വാതന്ത്ര്യം ഉറപ്പുവരുത്താൻ വേണ്ടി കർത്താവു നല്കിയ നിയമങ്ങൾ ജനത്തിനു താങ്ങാനാവാത്ത ചുമടായിത്തീർന്നു. പക്ഷേ അതുവഴി തങ്ങൾ മാത്രമാണ് ദൈവഹിതം പൂർണ്ണമായി അനുസരിക്കുന്നവർ എന്നു പുരോഹിത നേതാക്കന്മാർ കരുതി.

ജനതകൾക്കു പ്രകാശമാകാൻ വിളിക്കപ്പെട്ടവരാണ് തങ്ങൾ എന്നു പ്രവാസകാലത്തു പഠിച്ച പാഠങ്ങൾ അവർ അതിവേഗം

മറന്നു. വിജാതീയരുമായുള്ള സകലബന്ധങ്ങളും വിഛേദിച്ച്, സ്വയം നിർമ്മിച്ച മതിൽക്കെട്ടുകൾക്കുള്ളിൽ തടവുകാരായി. തങ്ങളാണ് വിശുദ്ധമായ ദൈവജനം എന്ന ഒരു മൂഢസ്വർഗ്ഗത്തിൽ അവർ കഴിഞ്ഞു. അനുഷ്ഠാന പ്രധാനമായ മതാത്മകതയിൽ സർവ്വശ്രദ്ധയും കേന്ദ്രീകരിച്ചു. അതുതന്നെയാണ് ദൈവഹിതം എന്ന് അവർ ദൃഢമായി വിശ്വസിച്ചു.

## ഫരിസേയരുടെ തീക്ഷ്ണത

ബി.സി. 167 – 164–ൽ സിറിയൻ രാജാവായ അന്തിയോക്കസ് നാലാമൻ "ദൃശ്യനായ ദൈവം" എന്നർത്ഥമുള്ള "*എപിഫാനസ്*" (*Epiphanes)* എന്ന നാമം സ്വീകരിച്ചുകൊണ്ട് സ്വയം ദൈവമായി പ്രഖ്യാപിച്ചു. തന്റെ അധികാരത്തിൻകീഴിലുള്ളവരെല്ലാം തന്നെ ദൈവമായി ആരാധിക്കണം എന്ന കല്പന പുറപ്പെടുവിച്ചു. സിറിയായുടെ ആധിപത്യത്തിലായിരുന്ന ഇസ്രായേൽ ജനം വലിയൊരു പ്രതിസന്ധിയിലായി. കഠിനശിക്ഷ, മരണം ഉൾപ്പെടെ, ഏല്ക്കേണ്ടിവരും എന്നറിഞ്ഞുകൊണ്ടുതന്നെ ഒരുപറ്റം ഇസ്രായേൽക്കാർ രാജകല്പന അനുസരിക്കില്ല എന്നു ദൃഢപ്രതിജ്ഞ ചെയ്തു. "*വിശുദ്ധർ*" എന്നർത്ഥമുള്ള "*ഹസിദിം*" (*Chasidim*) എന്ന് അവർ സ്വയം വിശേഷിപ്പിച്ചു. അവരാണ് പില്ക്കാലത്ത് *ഫരിസേയർ* എന്നപേരിൽ അറിയപ്പെടുന്നത്. ജീവിതവും പ്രവൃത്തിയും വേഷവും എല്ലാം വഴി മറ്റുള്ളവരിൽനിന്നു വ്യത്യസ്തരായിരുന്നതിനാൽ പൊതുജനം അവർക്കു നല്കിയതാണ് "വ്യത്യസ്തർ" അഥവാ "വേറിട്ടുനില്ക്കുന്നവർ" എന്നർത്ഥമുള്ള "ഫരിസേയർ" എന്ന പേര്.

ലിഖിതമായ നിയമങ്ങളും അലിഖിതമായ പിതാക്കന്മാരുടെ പാരമ്പര്യങ്ങളും വള്ളിപുള്ളി വിടാതെ, അക്ഷരാർത്ഥത്തിൽത്തന്നെ അനുസരിക്കും എന്നതായിരുന്നു അവർ എടുത്ത വ്രതം. ആ വ്രതം അവർ കണിശമായി പാലിച്ചു. അതിലൂടെ ദൈവഹിതം പൂർണ്ണമായി അനുസരിക്കുന്നു എന്ന് അവർ വിശ്വസിച്ചു. ഇപ്രകാരം അനുസരിക്കാത്തവരെയെല്ലാം പാപികളും അഭിശപ്തരുമായി അവർ മുദ്രകുത്തി. ഈ കാഴ്ചപ്പാടും നിലപാടും അവരുടെ അനുദിന ജീവിതത്തിലും വ്യക്തിബന്ധങ്ങളിലും പ്രതിഫലിച്ചു.

ഇതായിരുന്നു യേശു രംഗപ്രവേശം ചെയ്യുമ്പോൾ പലസ്തീനായിൽ നിലനിന്ന മതാത്മക പശ്ചാത്തലം. ദൈവഹിതം സൂക്ഷ്

മമായി അന്വേഷിക്കുകയും കണിശമായി ആചരിക്കുകയും വിശദമായി പഠിപ്പിക്കുകയും നിഷ്കരുണം നടപ്പിലാക്കുകയും ചെയ്ത നേതാക്കന്മാർ തങ്ങളാണ്, തങ്ങൾ മാത്രമാണ് ദൈവത്തിനു സ്വീകാര്യരായ വിശുദ്ധർ എന്നു വിശ്വസിച്ചു; ആ വിശ്വാസത്തിൽ ഊറ്റംകൊണ്ടു.

## യേശുവും ദൈവഹിതവും

"*പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ, ഈ അവസാന നാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്ന് നമ്മോടു സംസാരിച്ചിരിക്കുന്നു*" (ഹെബ്രാ 1,1-2). സ്വയം വെളിപ്പെടുത്താൻ ഉപയോഗിക്കുന്ന മാർഗ്ഗമാണല്ലോ വചനം. ദൈവം തന്റെ തിരുഹിതം വെളിപ്പെടുത്തിയ കല്പനകളെ വചനങ്ങൾ എന്നാണ് ബൈബിൾ വിശേഷിപ്പിക്കുന്നത് എന്നു നാം കണ്ടുകഴിഞ്ഞു (പുറ 20,1)

ഒരു പടികൂടിക്കടന്ന്, ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണ് വചനം എന്നു പുതിയ നിയമത്തിൽ കാണുന്നു. "*ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവമായിരുന്നു*" (യോഹ 1,1). വചനമായ ദൈവമാണ് മനുഷ്യനായി അവതരിച്ച യേശുക്രിസ്തു. "*വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു*" (യോഹ 1,14). ആ വചനമാണ് നമുക്ക് ദൈവത്തെയും അവിടുത്തെ തിരുഹിതത്തെയും ആധികാരികമായി വെളിപ്പെടുത്തിത്തരുന്നത്: "*ദൈവത്തെ ആരും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്*" (യോഹ 11,8).

യേശുവിന്റെ ജീവിതവും വാക്കും പ്രവൃത്തികളും എല്ലാം ദൈവത്തിന്റെയും തിരുഹിതത്തിന്റെയും വെളിപ്പെടുത്തലായിരുന്നു. അതേസമയം തന്നെ സംബന്ധിച്ച ദൈവഹിതം എന്തെന്ന് യേശു നിരന്തരം പരിശോധിക്കുകയും കാതോർക്കുകയും അനുസരിക്കുകയും ചെയ്തിരുന്നുവെന്നും സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവിടെ യേശു തന്നെ തിരുഹിതം തേടുന്നതിന്റെയും അതനുസരിച്ചു ജീവിക്കുന്നതിന്റെയും മാതൃകയായി മാറുന്നു. പിതാവിന്റെ തിരുഹിതം നിറവേറണമേ എന്നു പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നതിനുമുമ്പേ യേശു ആ തിരുഹിതം തിരി

ച്ചറിയാൻ ശ്രമിക്കുകയും അതിന് സ്വയം കീഴ്വഴങ്ങുകയും ചെയ്തുകൊണ്ട് നാം എങ്ങനെ പ്രാർത്ഥിക്കണം, പ്രവർത്തിക്കണം എന്നും പഠിപ്പിച്ചു.

## തിരുഹിതം അനുസരിക്കുന്ന യേശു

ജോർദാനിലെ ജ്ഞാനസ്നാനവേളയിൽ പരിശുദ്ധാത്മാഭിഷേകം സ്വീകരിക്കുകയും ദൈവപുത്രനെന്ന പിതാവിന്റെ പ്രഖ്യാപനം ശ്രവിക്കുകയും ചെയ്ത യേശു ആദ്യമേ ചെയ്യുന്നത്, നാല്പതു ദിവസം മരുഭൂമിയിൽ ഉപവസിച്ചു പ്രാർത്ഥിക്കുകയാണ്. ദൈവഹിതം തിരിച്ചറിയാനും അതിന് കീഴ്വഴങ്ങാനുമുള്ള തീവ്രശ്രമമായി ഈ ഉപവാസത്തെ മനസിലാക്കണം. അപ്പം, അത്ഭുതം, അധികാരം എന്നീ മൂന്നു മാർഗ്ഗങ്ങൾ മുന്നിൽ തെളിയുന്നതു പ്രലോഭനങ്ങളായി യേശു തിരിച്ചറിഞ്ഞു, തള്ളിപ്പറഞ്ഞു (മത്താ 4,1-11).

പരസ്യജീവിതകാലത്ത് പലപ്പോഴും യേശു ഇപ്രകാരമുള്ള പ്രലോഭനങ്ങൾ നേരിടുകയും അവിടെയെല്ലാം പിതാവിന്റെ തിരുഹിതത്തിനു സ്വയം വിധേയപ്പെട്ടുക്കൊണ്ട് പ്രലോഭനങ്ങളുടെ മേൽ വിജയം വരിക്കുകയും ചെയ്തതായി സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അസാധാരണമായൊരു അടയാളം ആവശ്യപ്പെട്ടു വന്ന യഹൂദനേതാക്കൾക്ക് യേശു നല്കുന്ന മറുപടി (മത്താ 12,38-42; 16,1-4) ഉദാഹരണമാണ്.

യേശുവിന്റെ ജീവിതം മുഴുവൻ പിതാവിന്റെ ഹിതമനുസരിച്ചായിരുന്നു. തിരുഹിതം അവന് അപ്പംപോലെ, അഥവാ അപ്പത്തേക്കാൾ പ്രധാനമായിരുന്നു. പ്രലോഭകനു നല്കിയ മറുപടി (മത്താ 4,4)യിൽ മാത്രമല്ല ഈ നിലപാട് പ്രകടമാകുന്നത്. സമറിയായിലെ കിണറ്റിൻകരയിലേക്ക് അപ്പവും വാങ്ങി തിരിച്ചുവന്ന ശിഷ്യരോടു യേശു പറഞ്ഞവചനം ഇവിടെ സവിശേഷ ശ്രദ്ധയർഹിക്കുന്നു. "*എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം*" (യോഹ 4,34).

പിതാവിന്റെ ഹിതത്തിൽ നിന്നു വ്യത്യസ്തമായി സ്വന്തം ഒരു ഹിതമോ തീരുമാനമോ യേശുവിനില്ല. യഹൂദനേതാക്കളുമായി നടത്തിയ തീവ്രമായ സംഘട്ടനത്തിൽ ഇതു വീണ്ടും വീണ്ടും പ്രകടമാകുന്നുണ്ട്. "*സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്ന, പിതാവു ചെയ്തു കാണുന്നതല്ലാതെ പുത്രന്*

*സ്വന്തം ഇഷ്ടം അനുസരിച്ച് ഒന്നും ചെയ്യാൻ സാധിക്കുകയില്ല"* (യോഹ 5,19). "*എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമാണ് ഞാൻ അന്വേഷിക്കുന്നത്*" (യോഹ 5,30).

ദൈവപുത്രനായ യേശു ഈ ഭൂമിയിലേക്ക് മനുഷ്യനായി വന്നതിന്റെ ലക്ഷ്യം തന്നെ ദൈവഹിതം വെളിപ്പെടുത്തുകയും പൂർത്തീകരിക്കുകയുമായിരുന്നു. എന്താണ് ആ തിരുഹിതം എന്നു യേശു വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. "*ഞാൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നിരിക്കുന്നത് എന്റെ ഇഷ്ടം പ്രവർത്തിക്കാനല്ല, എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റാനാണ്. അവിടുന്ന് എനിക്കു നല്കിയവരിൽ ഒരുവനെപ്പോലും ഞാൻ നഷ്ടപ്പെടുത്താതെ, അന്ത്യദിനത്തിൽ ഉയിർപ്പിക്കണം എന്നതാണ് എന്നെ അയച്ചവന്റെ ഇഷ്ടം. പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവനാരോ അവനു നിത്യജീവൻ ഉണ്ടാകണം എന്നതാണ് എന്റെ പിതാവിന്റെ ഇഷ്ടം*" (യോഹ 6,38-40).

എളുപ്പമായിരുന്നില്ല യേശുവിന് തിരുഹിതം അനുസരിച്ചുള്ള ജീവിതം. പരസ്യജീവിതത്തിന്റെ ആരംഭത്തിൽ നേരിട്ടതിനേക്കാൾ വളരെയേറെ കഠിനമായ പ്രലോഭനങ്ങൾ, പ്രത്യേകിച്ചും ജീവിതാവസാനത്തിൽ, യേശുവിനു നേരിടേണ്ടിവന്നു. സമാന്തരസുവിശേഷങ്ങൾ ഗദ്സെമെനിയിലെ പ്രാർത്ഥനയുടെ പശ്ചാത്തലത്തിൽ ഈ ആന്തരികസംഘർഷം അവതരിക്കുമ്പോൾ യോഹന്നാൻ മറ്റൊരുവിധത്തിലാണ് ഇതു ചിത്രീകരിക്കുന്നത്.

"*ഇപ്പോൾ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു. ഞാൻ എന്തു പറയേണ്ടു? പിതാവേ, ഈ മണിക്കൂറിൽനിന്ന്ന എന്നെ രക്ഷിക്കണമേ! അല്ല, ഇതിനുവേണ്ടിയാണല്ലോ ഈ മണിക്കൂറിലേക്കു ഞാൻ വന്നത്*" (യോഹ 12,27). പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവ വഴി സ്വർഗ്ഗീയ മഹത്വത്തിലേക്ക് യേശു പ്രവേശിക്കുന്ന സംഭവത്തെയാണ് *മണിക്കൂർ* (*hora* എന്നു ഗ്രീക്കിൽ) എന്നു യോഹന്നാൻ വിശേഷിപ്പിക്കുന്നത്. തുടക്കം മുതൽ അറിഞ്ഞുകൊണ്ട് ഒരുങ്ങിയിരുന്നെങ്കിലും, അവസാനം സംശയം ഉയരുന്നോ എന്നു തോന്നാം. പ്രലോഭനം തിരിച്ചറിഞ്ഞ് യേശു തള്ളിപ്പറഞ്ഞു. "*പിതാവേ അങ്ങയുടെ നാമം മഹത്വപ്പെടുത്തണമേ*" (യോഹ 12,28) എന്ന പ്രാർത്ഥന തിരുഹിതത്തിനു പൂർണ്ണമായി സ്വയം അടിയറവയ്ക്കുന്നതിന്റെ അടയാളമാണ്.

ഇതിനു സമാനമാണ് ഗത്സെമെനിയിലെ പ്രാർത്ഥനയിൽ

സംഭവിച്ചത്. "*അവൻ പര്യാകുലനാകാനും അസ്വസ്ഥനാകാനും തുടങ്ങി. അവൻ അവരോടു പറഞ്ഞു: "എന്റെ ആത്മാവ് മരണത്തോളും ദുഃഖിതമായിരിക്കുന്നു... അബ്ബാ പിതാവേ, എല്ലാം അങ്ങേക്കു സാധ്യമാണ്. ഈ പാനപാത്രം എന്നിൽനിന്നു മാറ്റിത്തരണമേ! എന്നാൽ എന്റെ ഹിതമല്ല, അങ്ങയുടെ ഹിതം മാത്രം*" (മർക്കോ 14,33-36). ആന്തരികസംഘർഷത്തിന്റെ തീവ്രതയിൽ "*അവന്റെ വിയർപ്പുതുള്ളികൾ രക്തത്തുള്ളികൾപോലെ നിലത്തു വീണു*" (ലൂക്കാ 22,44). *പാനപാത്രം* എന്നും *മണിക്കൂർ* എന്നും പറയുന്നത് ഒരേ യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്ന, യേശു കടന്നുപോകേണ്ടിയിരുന്ന അതികഠിനമായ സഹനത്തെയാണ്.

തിരുഹിതം തിരിച്ചറിയാനുള്ള ഈ ശ്രമം യേശുവിന്റെ തന്നെ വ്യക്തിത്വത്തിലേക്ക് ആഴമേറിയ ഉൾക്കാഴ്ച നല്കുന്നുണ്ട്. യേശു ഒരേ സമയം പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനുമാണ്. അറിയാനും തീരുമാനം എടുക്കാനുമുള്ള സ്വതന്ത്രമായ ഇഛാശക്തി മനുഷ്യസ്വഭാവത്തിന്റെ അവിഭാജ്യഘടകമാണ്; ഒപ്പം ദൈവസ്വഭാവത്തിന്റെയും. ദൈവപുത്രന്റെ ഏകവ്യക്തിത്വത്തിൽ ദൈവസ്വഭാവവും മനുഷ്യ സ്വഭാവവും സമ്പൂർണ്ണമായി നിലനില്ക്കുന്നു എന്നതിന്റെ വ്യക്തമായൊരു അടയാളമാണ് ഈ പ്രലോഭനവും പ്രാർത്ഥനയും. ആസന്നമായിരിക്കുന്ന പീഡാസഹനത്തിന്റെ രൂക്ഷത മുന്നിൽ കണ്ട് പതറുന്ന മാനുഷിക ഇഛാശക്തി, അതിനെ കീഴ്പ്പെടുത്തുന്ന ദൈവികതീരുമാനം. മനുഷ്യപ്രകൃതിയും ദൈവപ്രകൃതിയും തമ്മിൽ, യേശുവിന്റെ ഉള്ളിൽത്തന്നെ നടക്കുന്ന സംഘർഷത്തിന്റെ രൂക്ഷതയാണ് രക്തമായി മാറുന്ന വിയർപ്പുതുള്ളികൾ വ്യക്തമാക്കുന്നത്.

ഈ പ്രലോഭനം ഗെത്സെമെനിയിൽ അവസാനിച്ചില്ല. കുരിശിലാണ് അത് ഏറ്റം രൂക്ഷമായത്. കുരിശിൽനിന്ന് ഇറങ്ങിവന്ന് തന്റെ ദൈവത്വം തെളിയിക്കാനുള്ള വെല്ലുവിളി ഒരു വശത്ത് (മത്താ 27, 39-42), പിതാവിന്റെ സമ്പൂർണ്ണ നിശ്ശബ്ദത മറുവശത്ത്. ലോകത്തിന്റെ പാപം മുഴുവൻ സ്വന്തം തോളിൽ ഏറ്റെടുത്ത്, പാപത്തിന്റെ മൂർത്തരൂപമായി (2 കോറി 5,21) കുരിശിൽ തൂങ്ങിയ യേശു നിരാശയിൽ ആണ്ടുപോകുന്നുവോ എന്നുതോന്നും, കുരിശിലെ നിലവിളി കേൾക്കുമ്പോൾ; "*എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തേ എന്നെ നീ ഉപേക്ഷിച്ചു?*" (മർക്കോ 15,34). തിരുഹിതം തിരിച്ചറിയാനും അതിനു കീഴ്വഴങ്ങാനും വേണ്ടി വരുന്ന

സഹനവും വിശ്വാസദാർഢ്യവും ഇവിടെ പ്രകടമാകുന്നു. അരമായ ഭാഷയിൽ യേശുവിന്റെ നിലവിളി അവതരിപ്പിക്കുന്നതിലൂടെ (മർക്കോ 15, 34) ഇത് യേശുവിന്റെ സ്വന്തം വാക്കുകൾ തന്നെയെന്ന് സുവിശേഷകൻ അടിവരയിട്ടുറപ്പിക്കുന്നു.

എന്നാൽ ഇതായിരുന്നില്ല കുരിശിലെ അവസാന വാക്ക്. "*എല്ലാം പൂർത്തിയായി*" എന്നു യോഹന്നാനും (19, 30) "*പിതാവേ, അവിടുത്തെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു*" എന്നു ലൂക്കായും (23, 46) രേഖപ്പെടുത്തുമ്പോൾ പിതാവിന്റെ തിരുഹിതത്തിന് അവസാനനിമിഷംവരെ തന്റെ ജീവിതം സമർപ്പിക്കുന്ന യേശുവിന്റെ ചിത്രമാണ് വെളിപ്പെടുന്നത്. ഇതു തന്നെയാണ് യേശു തന്റെ ശിഷ്യർക്കു നല്കുന്ന മാതൃകയും അവരിൽനിന്ന് ആവശ്യപ്പെടുന്ന മറുപടിയും. യേശു ചെയ്തതു പോലെ പിതാവിന്റെ തിരുഹിതം അറിയാൻ തീക്ഷ്ണമായി പ്രാർത്ഥിക്കുക; അറിയുന്ന തിരുഹിതം, എന്തുവിലകൊടുത്തും, പൂർണ്ണമായി അനുസരിക്കുക. പഠിപ്പിക്കുന്നതിനു മുമ്പേ പ്രവൃത്തിയിലൂടെ യേശു കാണിച്ചുതരുന്നു എന്താണ് തിരുഹിതം, എങ്ങനെ അതു കണ്ടെത്തണം, എങ്ങനെ അനുസരിക്കണം എന്ന്.

## തിരുഹിതം അനുസരിക്കാൻ ആഹ്വാനം

നാലു സുവിശേഷങ്ങളും രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ പ്രബോധനങ്ങൾ എല്ലാംതന്നെ മനുഷ്യനെ സംബന്ധിച്ച ദൈവത്തിന്റെ തിരുഹിതം വെളിപ്പെടുത്തുന്നതാണ്. സുദീർഘമായ അഞ്ചു പ്രഭാഷണങ്ങളിലൂടെ മത്തായി അവതരിപ്പിക്കുന്ന യേശുവിന്റെ പ്രബോധനത്തിന്റെ കാതൽ "*സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ*" (മത്താ 5,48) എന്ന മഹാവാക്യത്തിൽ കാണാം. സുവിശേഷ ഭാഗ്യങ്ങളും (മത്താ 5,1-12), ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും ആയി സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തണം എന്ന ആഹ്വാനവും അവതരിപ്പിച്ചതിനുശേഷം യേശു എപ്രകാരമാണ് പഴയനിയമത്തിനു പുതിയ മാനങ്ങൾ നല്കുന്നത് എന്നു ആറ് ഉദാഹരണങ്ങളിലൂടെ എടുത്തുകാട്ടുന്നു. അതിന്റെ ഒരു സംഗ്രഹം എന്ന നിലയിലാണ് പിതാവിനെ അനുകരിക്കാനുള്ള ആഹ്വാനം.

പിതാവിനെപ്പോലെ പരിപൂർണ്ണരാകുമ്പോഴാണ് നാം ദൈവമക്കൾ എന്ന സ്ഥാനത്തിന് അർഹരാകുന്നത്. ഇത് ഒരു ദാനവും

ദൗത്യവും ഉൾക്കൊള്ളുന്നു. ദൈവത്തിന്റെ മക്കൾ എന്ന സ്ഥാനത്തിന്റെ മഹത്വം തിരിച്ചറിയണം; ദൈവമക്കൾക്ക് അനുയോജ്യമായ ജീവിതം നയിക്കണം. എന്നാൽ പരിമിതരും ബലഹീനരും പാപികളുമായ മനുഷ്യർക്ക് ദൈവത്തെപ്പോലെ പരിപൂർണ്ണരാകാൻ കഴിയുമോ? ഈ ചോദ്യത്തിനുള്ള മറുപടിയാണ് ലൂക്കാ നല്കുന്ന ഭാഷ്യം: "*നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ*" (ലൂക്കാ 6,36).

നല്ല സമറിയാക്കാരൻ (ലൂക്കാ 10,25-37), നഷ്ടപ്പെട്ടതിനെ അന്വേഷിക്കുന്ന ഇടയൻ, നഷ്ടപ്പെട്ട നാണയം തേടുന്ന വീട്ടമ്മ, നഷ്ടപ്പെട്ട മകനെ കാത്തിരിക്കുന്ന പിതാവ് (ലൂക്കാ 15) തുടങ്ങി അനേകം ഉദാഹരണങ്ങളിലൂടെ കരുണയുടെ പാഠം യേശു പഠിപ്പിച്ചു. പിതാവിന്റെ കരുണ മക്കൾ അനുകരിക്കണം. അങ്ങനെ എല്ലാവർക്കും കരുണ ലഭിക്കണം, ശാന്തിയും സന്തോഷവും ശാശ്വതമായ സമാധാനവും ഉണ്ടാകണം. ഇതാണ് യേശുവിന്റെ ആഹ്വാനങ്ങളിലൂടെ വെളിപ്പെടുന്ന തിരുഹിതം.

ഇതു സാധ്യമാകാൻ ഒരു സമൂല ഹൃദയ പരിവർത്തനം ആവശ്യമാണ്. "*സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെടുവിൻ, സുവിശേഷത്തിൽ വിശ്വസിക്കുവിൻ*" (മർക്കോ 1,15). യേശുവിന്റെ ആദ്യത്തെ വാക്കുകളായി മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്ന ഈ വാക്കുകളിൽ യേശുവിന്റെ ആഹ്വാനത്തിന്റെ രത്നച്ചുരുക്കം കാണാം. വിശ്വസിക്കണം; ഒരു പുതിയ ഹൃദയം ഉണ്ടാകണം; ചിന്താഗതിയിലും ജീവിതവീക്ഷണത്തിലും ശൈലിയിലും എല്ലാം ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്കനുസരിച്ച് പരിവർത്തനം ഉണ്ടാകണം.

### ഹൃദയമാണ് കേന്ദ്രം

സമകാലികരുടെ ഇടയിൽ, പ്രത്യേകിച്ചും നിയമജ്ഞരും ഫരിസേയരും പുരോഹിതരു മടങ്ങുന്ന മതനേതൃനിരയിൽ, നിലനിന്ന അനുഷ്ഠാന പ്രധാനമായ മതാത്മകതയുടെ കാപട്യവും പൊള്ളത്തരവും എടുത്തുകാട്ടുന്നതായിരുന്നു യേശുവിന്റെ ആഹ്വാനങ്ങൾ. "*അവരുടെ പ്രവൃത്തികൾ നിങ്ങൾ അനുകരിക്കരുത്. അവർ പറയുന്നു, പ്രവർത്തിക്കുന്നില്ല. അവർ ഭാരമുള്ള ചുമടുകൾ മനുഷ്യരുടെ ചുമലിൽ വച്ചുകൊടുക്കുന്നു. സഹായിക്കാൻ ചെറുവിരൽ അനക്കാൻപോലും തയ്യാറാകുന്നുമില്ല*" (മത്താ 23, 3-4).

മതനേതൃത്വം നല്കുന്ന പ്രബോധനങ്ങളുടെയും ആഹ്വാനങ്ങളുടെയും, അതിലുപരി അവരുടെ പ്രവർത്തനങ്ങളുടെയും കാപട്യം തുറന്നുകാട്ടുന്നതാണ് "*ദുരിതം*" എന്ന ആമുഖത്തോടെ ഏഴുതവണ അവതരിപ്പിക്കുന്ന കുറ്റാരോപണം (മത്താ 23,13-36).

ചെയ്യുന്നതെല്ലാം മറ്റുള്ളവരെ കാണിക്കാൻവേണ്ടി, വിശുദ്ധരുടെ വേഷവും മുഖംമൂടിയും അണിയുമ്പോഴും ഹൃദയം "*കവർച്ചയും ആർത്തിയും കൊണ്ടു നിറഞ്ഞിരിക്കുന്നു*" (മത്താ 23,25). "*ദുരിതം*" എന്ന വ്യാക്ഷേപണം ഒരു ശാപമല്ല, വിലാപമാണ്. നിങ്ങളുടെ അവസ്ഥ എത്രയോ ദയനീയം, പരിതാപകരം എന്നത്രേ ഇതിനർത്ഥം. ദൈവം ആഗ്രഹിക്കുന്നത് ഇതൊന്നുമല്ല. അനുഷ്ഠാനങ്ങളിൽ മാത്രം ശ്രദ്ധ ചെലുത്തുന്നവർ "*നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ നീതി, കാരുണ്യം, വിശ്വസ്തത എന്നിവ അവഗണിക്കുന്നു*" (മത്താ 23,23) എന്ന കുറ്റാരോപണം തിരുഹിതത്തെ സംബന്ധിച്ച വ്യക്തമായ സൂചന നല്കുന്നു. നീതി, കാരുണ്യം, വിശ്വസ്തത. ഇതാണ് ദൈവം മനുഷ്യനിൽനിന്ന് ആഗ്രഹിക്കുന്നത്. ഇതില്ലാത്ത, ഇതിനു പ്രോത്സാഹിപ്പിക്കാത്ത മതാനുഷ്ഠാനങ്ങൾ ഒന്നും ദൈവഹിതം അനുസരിക്കുന്നില്ല.

## സ്നേഹം സുപ്രധാനം

മനോഭാവത്തിൽ മാറ്റംവരണം, അതു ജീവിതത്തിൽ പ്രകടമാകണം. അതിനുവേണ്ടിയാണ് പഴയനിയമത്തിലെ നിയമസംഹിതകൾ നല്കപ്പെട്ടത്; പ്രവാചകന്മാർ ആഹ്വാനം ചെയ്തത്. അതിന്റെ എല്ലാം പൂർത്തീകരണം ***സ്നേഹം*** എന്നു ഒറ്റവാക്കിൽ യേശു അവതരിപ്പിച്ചു. ഏറ്റം പ്രധാനപ്പെട്ട നിയമം ഏത്, നിത്യജീവൻ അവകാശമാക്കാൻ എന്തു ചെയ്യണം എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കു മറുപടിയായി യേശു അനുസ്മരിപ്പിച്ചതാണ് ഈ പ്രമാണം (ലൂക്കാ 10,25-28; 18,18-20). എല്ലാറ്റിലും ഉപരി ദൈവത്തെ സ്നേഹിക്കുക, നിന്നെപ്പോലെ നിന്റെ അയല്ക്കാരനെയും. നിയ 6,4-5; ലേവ്യ 19,18 എന്നീ രണ്ടു ബൈബിൾ ഭാഗങ്ങൾ കൂട്ടിച്ചേർന്നതാണ് ഈ മറുപടി.

സ്നേഹത്തിന്റെ ഈ പ്രമാണം ദൈവഹിതത്തിന്റെ സംക്ഷിപ്തരൂപമായി, ഒരു പുതിയ പ്രമാണം എന്ന രീതിയിൽ, യേശു പഠിപ്പിച്ചത് യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട്. "*ഞാൻ പുതിയ ഒരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേ*

*ഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല*" (യോഹ 15,12-13).

ഇതാണ് യേശുവിലൂടെ വെളിപ്പെടുത്തപ്പെടുന്ന ദൈവഹിതം. സ്വയം മറക്കുന്ന, സ്നേഹിതനുവേണ്ടി സ്വന്തം ജീവൻ സമർപ്പിക്കാൻ സന്നദ്ധമാകുന്ന സ്നേഹം. അതിനു പ്രചോദനവും പ്രേരണയുമായി നില്ക്കുന്നത് ദൈവസ്നേഹം. തന്റെ ഏകജാതനെപ്പോലും നല്കാൻ തക്കവിധം നമ്മെ സ്നേഹിക്കുന്ന (യോഹ 3,16), ദൈവത്തിന്റെ സ്നേഹമാണ് ഈ കല്പനയുടെ അടിസ്ഥാനം. "ഇപ്രകാരം സ്നേഹിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമേ" എന്ന് "തിരുഹിതം നിറവേറണമേ" എന്ന യാചന പരാവർത്തനം ചെയ്യാം. ഇതിന് ദൈവസ്നേഹത്തിൽ അടിയുറച്ച, ആഴമേറിയ വിശ്വാസം ആവശ്യമാണ്; നിരന്തരമായ പ്രയത്നവും. ഉറച്ചതീരുമാനം എടുക്കണം. അനുദിനം അതു നിറവേറ്റണം. കുരിശുമെടുത്ത് യേശുവിനെ അനുഗമിക്കുന്നതിനു തുല്യമാണത്. ഈ ദൈവസ്നേഹത്തിൽനിന്ന് എന്നെ അകറ്റാൻ ആരെയും, ഒന്നിനെയും ഞാൻ അനുവദിക്കരുത് (റോമാ 8,35-39). ഇപ്രകാരം ഒരു ജീവിതത്തിലാണ് ദൈവഹിതം സ്വർഗ്ഗത്തിലെന്നതുപോലെ നിറവേറുന്നത്. അതിനു ദൈവത്തിന്റെ തന്നെ ശക്തിയും സഹായവും ആവശ്യമായതിനാൽ നിരന്തരം യാചിക്കാൻ യേശു ആഹ്വാനം ചെയ്യുന്നു.

## ആദിമസഭയുടെ ജീവിതത്തിൽ

"*പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിയാർജ്ജിക്കും. ജറുസലെമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും*" (അപ്പ 1,8).

ഉത്ഥിതനായ നാഥൻ സ്വർഗ്ഗാരോഹണത്തിനുമുമ്പ് ശിഷ്യന്മാർക്കു നല്കിയ വാഗ്ദാനവും ദൗത്യവുമാണിത്. ഇനി അങ്ങോട്ടുള്ള സഭയുടെ യാത്രയിൽ ഉന്നതത്തിൽ നിന്നു വരുന്ന ശക്തിയായ പരിശുദ്ധാത്മാവായിരിക്കും അവർക്കു ദൈവഹിതം വെളിപ്പെടുത്തുകയും നിരന്തരം അവരെ നയിക്കുകയും ചെയ്യുന്നത്. ഈ വാഗ്ദാനത്തിന്റെ പൂർത്തീകരണം അപ്പസ്തോലപ്രവർത്തനങ്ങളിൽ അനേകം തവണ രേഖപ്പെടുത്തിയിട്ടുണ്ട്. ശിഷ്യന്മാർ

എങ്ങനെ ദൈവഹിതം തിരിച്ചറിഞ്ഞു, അതനുസരിച്ച് തീരുമാനങ്ങൾ എടുക്കുകയും ജീവിതം ക്രമീകരിക്കുകയും ചെയ്തു എന്നതിന്റെ നിരവധി ഉദാഹരണങ്ങൾ ആദിമസഭയുടെ ജീവിതത്തിൽ കാണാം.

പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുവേണ്ടി അവർ, "*ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരന്മാരോടും ഒപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു*" (അപ്പ 1, 14). നിരന്തരമായ പ്രാർത്ഥന, പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം, കർത്താവിന്റെ ശബ്ദം കേൾക്കാൻ കാത്തിരിക്കൽ - ഇതാണു തുടക്കം. ഈ കാത്തിരിപ്പിനിടയിൽ അവർ എടുക്കുന്ന ഒരു തീരുമാനം ദൈവഹിതം തിരിച്ചറിയാനുള്ള ഒരു മാർഗ്ഗം എടുത്തുകാട്ടുന്നു.

ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളുടെ സ്ഥാനത്ത്, പുതിയ ദൈവജനമായ സഭയുടെ അടിസ്ഥാനമായി പന്ത്രണ്ട് അപ്പസ്തോലന്മാരെയാണ് യേശു തിരഞ്ഞെടുത്തത്. അതിൽ ഒരുവൻ ഒറ്റുകാരനായി മാറി, ആത്മഹത്യയിലൂടെ ജീവൻ ഒടുക്കി. യൂദാസിനു പകരം ഒരാളെ തിരഞ്ഞെടുക്കണം എന്നതു ദൈവഹിതമാണെന്ന് അപ്പസ്തോലന്മാർ വിശ്വസിച്ചു. എന്നാൽ ആരെയാണു തിരഞ്ഞെടുക്കുക? ഇവിടെയാണ് ദൈവഹിതം അറിയാൻ അവർ സ്വീകരിച്ച മാർഗ്ഗം ശ്രദ്ധേയമാകുന്നത്. സമൂഹത്തിന്റെ അഭിപ്രായം ആരാഞ്ഞു. രണ്ടുപേരുകൾ നിർദ്ദേശിക്കപ്പെട്ടു. ഇവരിൽ ആരെയാണ് ദൈവം തിരഞ്ഞെടുത്തിരിക്കുന്നത്? അതറിയാൻ അവർ രണ്ടു കാര്യങ്ങൾ ചെയ്തു, 1. പ്രാർത്ഥിച്ചു. 2. കുറിയിട്ടു. "*മത്തിയാസിനു കുറിവീണു. പതിനൊന്നപ്പസ്തോലന്മാരോടുകൂടെ അവൻ എണ്ണപ്പെടുകയും ചെയ്തു*" (അപ്പ 1,26).

ഇതുപോലുള്ള അനേകം സംഭവങ്ങൾ അപ്പസ്തോലപ്രവർത്തനങ്ങളിൽ കാണാം. ഇന്നും സഭയിൽ ദൈവഹിതം അറിഞ്ഞ് തദാനുസാരം തീരുമാനമെടുക്കുന്നത് ഇതുപോലെയാണ്. പൊതുവായ അഭിപ്രായശേഖരണം, പ്രാർത്ഥന, അധികാരികൾ വോട്ടിട്ട് തീരുമാനം ഉറപ്പിക്കൽ. ജറുസലെം കൗൺസിലിൽ (അപ്പ 15, 1-29) തുടങ്ങുന്ന സാർവ്വത്രിക സൂനഹദോസുകൾ മുതൽ പാരിഷ് കൗൺസിലിന്റെ തീരുമാനം വരെ ഈ രീതിയിലാണ് എടുക്കുക.

വ്യക്തികളുടെ ജീവിതത്തിലും തീരുമാനങ്ങളിലും ഇതേ രീതി

അവലംബിക്കുന്നതായി കാണാം. എത്യോപ്യാക്കാരനോടു സുവിശേഷം പ്രസംഗിക്കാൻ പീലിപ്പോസിനോടു പറയുന്ന കർത്താവിന്റെ ദൂതൻ (അപ്പ 9,26) ഒരുദാഹരണമാണ്. ക്രിസ്ത്യാനികളെ ഉന്മൂലനം ചെയ്യാൻ കച്ചകെട്ടി ഇറങ്ങിയ മതതീവ്രവാദിയും ഭീകരനുമായ സാവൂളിനു ഡമാസ്കസിന്റെ പടിവാതില്ക്കൽ വച്ചുണ്ടായ ക്രിസ്തു അനുഭവം മറ്റൊരുദാഹരണം. സാവൂൾ പൗലോസായി മാറി; മതഭീകരൻ തീക്ഷ്ണമതിയായ സുവിശേഷപ്രഘോഷകനും അപ്പസ്തോലനുമായി. തുടർന്നുള്ള പൗലോസിന്റെ ഓരോ ചുവടുവയ്പും ആന്തരിക പ്രചോദനങ്ങളിലൂടെ ലഭിക്കുന്ന ദൈവഹിതത്തിന്റെ വെളിപ്പെടുത്തലുകൾ അനുസരിച്ചായിരുന്നു (ഉദാ: അപ്പ 16,6-10, 18,9.21; 20,22).

### അപ്പസ്തോലന്മാരുടെ പ്രബോധനങ്ങളിൽ

പുതിയനിയമത്തിലെ 21 പുസ്തകങ്ങൾ അപ്പസ്തോലന്മാരുടെ ലേഖനങ്ങളായി അറിയപ്പെടുന്നു. അവയിൽ എല്ലാംതന്നെ ദൈവഹിതം എന്തെന്നും അത് എങ്ങനെ അറിയാൻ കഴിയും, എങ്ങനെ അനുവർത്തിക്കണം എന്നും വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഏതാനും ചില ഉദാഹരണങ്ങൾ മാത്രമേ ഇവിടെ കാട്ടുന്നുള്ളൂ.

പൗലോസിന്റെ ലേഖനങ്ങളിൽ എന്നല്ല, പുതിയ നിയമത്തിൽത്തന്നെ ആദ്യം എഴുതപ്പെട്ട ലേഖനമായി തെസലോണിക്കായിലെ സഭയ്ക്ക് എഴുതപ്പെട്ട ഒന്നാം ലേഖനം കരുതപ്പെടുന്നു. അതിൽ തിരുഹിതത്തെക്കുറിച്ചു വളരെ വ്യക്തമായ പ്രബോധനം കാണാം. "*യേശുവിന്റെ നാമത്തിൽ എന്തെല്ലാം പ്രബോധനങ്ങളാണു ഞങ്ങൾ നല്കിയതെന്നു നിങ്ങൾക്കറിയാം. നിങ്ങളുടെ വിശുദ്ധീകരണമാണ് ദൈവം അഭിലഷിക്കുന്നത്*" (1 തെസ 4,2-3). നമ്മെ സംബന്ധിച്ച തിരുഹിതത്തിന്റെ ഒരു നിർവ്വചനംപോലെയാണ് ഈ പ്രഖ്യാപനം, "*നിങ്ങളുടെ വിശുദ്ധീകരണം*".

വിശുദ്ധീകരണത്തിനു രണ്ടു മാനങ്ങളുണ്ട്. അസ്തിത്വപരമായ മാനവും ധാർമ്മികമാനവും (existential and ethical dimensions). ദൈവത്തിനായി മാറ്റിവയ്ക്കപ്പെടുന്ന വ്യക്തികളും വസ്തുക്കളും സ്ഥലങ്ങളും എല്ലാം അസ്തിത്വപരമായി വിശുദ്ധമാണ്. വിശുദ്ധം എന്നാൽ ദൈവത്തിന്റേത്, ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെട്ടത് എന്നർത്ഥം. ഇതാണ് ആദ്യത്തെ മാനം. എന്നാൽ ഇതു

മാത്രമല്ല വിശുദ്ധർ എന്ന പദപ്രയോഗം സൂചിപ്പിക്കുന്നത്. ദൈവത്തിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ടവർ പൂർണ്ണമായും ദൈവത്തിനുവേണ്ടി, അവിടുത്തെ നിയമങ്ങൾ അനുസരിച്ചു ജീവിക്കണം. ഈ രണ്ടുമാനങ്ങളും ചേരുമ്പോഴാണ് ഒരാൾ വിശുദ്ധനാകുക. "*യേശുക്രിസ്തുവിൽ വിശുദ്ധരായവർക്കും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവർക്കും*" (1 കോറി 1,2) എന്ന വിശേഷണത്തിൽ ഈ രണ്ടു മാനങ്ങളും പ്രകടമാകുന്നു. ഇപ്രകാരം വിശുദ്ധരായിരിക്കണം എന്നതാണ് നമ്മെ സംബന്ധിച്ച ദൈവത്തിന്റെ തിരുമനസ്.

ഈ തിരുഹിതം കൂടുതൽ വിശദമായി അതേ ലേഖനത്തിന്റെ അവസാനഭാഗത്തു നല്കുന്ന ഉപദേശത്തിൽ പൗലോസ് വിവരിക്കുന്നുണ്ട്. "*നിങ്ങൾ സമാധാനത്തിൽ കഴിയുവിൻ... അലസരെ ശാസിക്കുവിൻ, ഭീരുക്കളെ ധൈര്യപ്പെടുത്തുവിൻ; ദുർബ്ബലരെ സഹായിക്കുവിൻ; എല്ലാ മനുഷ്യരോടും ക്ഷമാപൂർവ്വം പെരുമാറുവിൻ... എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ. ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ.* ***ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ച ദൈവഹിതം.*** *ആത്മാവിനെ നിർവീര്യമാക്കരുത്. പ്രവചനങ്ങളെ നിന്ദിക്കരുത്. തിന്മയിൽനിന്ന് അകന്നു നില്ക്കുകയും ചെയ്യുവിൻ*" (1 തെസ 5,12-22). യാതൊരു വ്യാഖ്യാനവും വിശദീകരണവും ആവശ്യമില്ലാത്തത്ര വ്യക്തമാണ് നമ്മെ സംബന്ധിച്ച ദൈവഹിതം എന്ത് എന്നതിന്റെ ഈ നിർവ്വചനം. ഇതു തന്നെയാണ് മറ്റു ലേഖനങ്ങളിലും പൗലോസ് നല്കുന്ന പ്രബോധനവും ആഹ്വാനവും.

മതപീഡനം നേരിടുന്ന യഹൂദക്രൈസ്തവരെ മുഖ്യമായും മുന്നിൽ കണ്ടുകൊണ്ട് എഴുതപ്പെട്ട ഹെബ്രായ ലേഖനത്തിൽ യേശുവിന്റെ തന്നെ മാതൃക എടുത്തുകാട്ടി എപ്രാകരമാണ് ദൈവഹിതം തിരിച്ചറിയുകയും അനുസരിക്കുകയും ചെയ്യേണ്ടതെന്നും പഠിപ്പിക്കുന്നുണ്ട്. യേശുവിനും എളുപ്പമായിരുന്നില്ല ദൈവഹിതം തരിച്ചറിയാനും അതിനു കീഴ്വഴങ്ങാനും എന്ന് ലേഖനം എടുത്തുപറയുന്നു. "*തന്റെ ഐഹിക ജീവിതകാലത്ത് ക്രിസ്തു മരണത്തിൽനിന്നു തന്നെ രക്ഷിക്കാൻ കഴിവുള്ളവന് കണ്ണീരോടും വലിയ വിലാപത്തോടും കൂടെ പ്രാർത്ഥനകളും യാചനകളും സമർപ്പിച്ചു. അവന്റെ ദൈവഭയം മൂലം അവന്റെ പ്രാർത്ഥന കേട്ടു. പുത്രനായിരുന്നിട്ടും തന്റെ സഹനത്തിലൂടെ അവൻ അനുസരണം അഭ്യസിച്ചു*" (ഹെബ്രാ 5,7-8). ഗത്സെമെനിയിലെ പ്രാർ

ത്ഥനയെ അനുസ്മരിപ്പിക്കുന്നതാണ് ഈ വിവരണം. രക്തം വിയർത്തും ദൈവഹിതം തേടുകയും മരണംവരെ അനുസരിക്കുകയും ചെയ്യുന്ന യേശുവാണ് അനുകരണീയമായ മാതൃക.

യേശു ഈ ലോകത്തിലേക്കു വന്നതുതന്നെ ദൈവഹിതം പൂർണ്ണമായും നിറവേറ്റുന്നതിനുവേണ്ടിയാണെന്നു സങ്കീ 40,6–8 ഉദ്ധരിച്ചുകൊണ്ട് ഹെബ്രായ ലേഖനകർത്താവ് തുടർന്നു സമർത്ഥിക്കുന്നു. "*ദൈവമേ അവിടുത്തെ ഹിതം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു... ആ ഹിതമനുസരിച്ച് യേശുക്രിസ്തുവിന്റെ ശരീരം എന്നേക്കുമായി ഒരിക്കൽ സമർപ്പിക്കപ്പെട്ടതു വഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു*" (ഹെബ്രാ 10,5–10). "*മരണംവരെ, അതേ കുരിശു മരണംവരെ, അനുസരണമുള്ളവനായി അവൻ തന്നെത്തന്നെ താഴ്ത്തി*" (ഫിലി 2,8) എന്നു പൗലോസ് വിവരിക്കുന്നതിനു സമാനമാണ് ദൈവഹിതത്തിനു സ്വയം അടിയറവയ്ക്കുന്ന യേശുവിന്റെ അനുസരണത്തെക്കുറിച്ചുള്ള ഹെബ്രായ ലേഖനത്തിലെ വിവരണം. സമ്പൂർണ്ണ സമർപ്പണമാണ് ദൈവം ആഗ്രഹിക്കുന്നത്. എന്നാൽ അതു മരണത്തിൽ അവസാനിക്കുന്നില്ല. മറിച്ച് ഉത്ഥാനത്തിലേക്കും അനശ്വരമായ പുതുജീവിനിലേക്കും നയിക്കും എന്നതിന് യേശുവിന്റെ ഉത്ഥാനം തെളിവായി നില്ക്കുന്നു: "*ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നല്കുകയും ചെയ്തു*" (ഫിലി 2,9).

ദൈവഹിതം അനുസരിച്ചുള്ള ജീവിതം എളുപ്പമായിരിക്കുകയില്ല. സ്വാഭാവികമായ ആഗ്രഹങ്ങൾക്കും പ്രവണതകൾക്കും കടിഞ്ഞാണിടേണ്ടിവരും. ചിലപ്പോൾ കഠിനമായ സഹനങ്ങളും ജീവത്യാഗം തന്നെയും നേരിടേണ്ടിവരും. അപ്പോഴും സന്തോഷത്തോടെ യേശുവിൽ പ്രകടമായ ദൈവസ്നേഹത്തിനു സാക്ഷ്യം വഹിക്കണം എന്ന് അപ്പസ്തോലപ്രമുഖനായ പത്രോസ് നമ്മെ അനുസ്മരിപ്പിക്കുന്നു: "*നന്മ പ്രവർത്തിച്ചിട്ടു കഷ്ടതയനുഭവിക്കുകയെന്നതാണ് ദൈവഹിതമെങ്കിൽ, അതാണ് തിന്മ പ്രവർത്തിച്ചിട്ടു കഷ്ടതയനുഭവിക്കുക എന്നതിനേക്കാൾ നല്ലത്*" (1 പത്രോ 3,17). യേശുവിനെ അനുകരിച്ചുകൊണ്ടായിരിക്കണം ഇതു ചെയ്യേണ്ടതെന്ന് അപ്പസ്തോലൻ തുടർന്ന് ഉദ്ബോധിപ്പിക്കുന്നു.

"*ശരീരത്തിൽ പീഡനമേറ്റ ക്രിസ്തുവിന്റെ മനോഭാവം നിങ്ങൾക്ക് ആയുധമായിരിക്കട്ടെ. ശരീരത്തിൽ സഹിച്ചിട്ടുള്ളവൻ*

*പാപത്തോടു വിടവാങ്ങിയിരിക്കുന്നു. അവൻ ശരീരത്തിൽ ജീവിക്കുന്നിടത്തോളം കാലം മാനുഷികവികാരങ്ങൾക്ക് അടിമപ്പെട്ടല്ല, ദൈവഹിതത്തിനൊത്താണു ജീവിക്കുന്നത്"* (1 പത്രോ 4,1-2).

ദൈവഹിതാനുസാരം ജീവിക്കുമ്പോൾ സഹനം അനിവാര്യമായി വരുന്നു. കാരണം പാപത്തിനധീനമായ മനുഷ്യപ്രകൃതി സ്വഭാവേന തിന്മയിലേക്കു ചാഞ്ഞിരിക്കുന്നു. അതിനാൽ ദൈവപ്രമാണങ്ങൾ നിഷ്കർഷിക്കുന്നതനുസരിച്ചു ജീവിക്കുന്നതിനേക്കാൾ ആ പ്രമാണങ്ങൾക്കു വിരുദ്ധമായി ജീവിക്കുക കൂടുതൽ എളുപ്പമായി അനുഭവപ്പെടുന്നു. ഇവിടെ മനുഷ്യന്റെ അന്തരാത്മാവിൽത്തന്നെ നന്മയും തിന്മയും തമ്മിൽ, ദൈവഹിതവും സ്വന്തം താൽപര്യങ്ങളും തമ്മിൽ ശക്തമായ സംഘട്ടനം നടക്കുന്നു. ഇതാണ് പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനത്തിൽ വളരെ നാടകീയമായി അവതരിപ്പിച്ചിരിക്കുന്നത്.

*"..... ഞാൻ ഇച്ഛിക്കുന്നതല്ല, വെറുക്കുന്നതാണ് ഞാൻ ചെയ്യുന്നത്... നന്മ ഇച്ഛിക്കാൻ എനിക്കു സാധിക്കും; എന്നാൽ പ്രവർത്തിക്കാൻ സാധിക്കുന്നില്ല. ഇച്ഛിക്കുന്ന നന്മയല്ല, ഇച്ഛിക്കാത്ത തിന്മയാണു ഞാൻ ചെയ്യുന്നത്... എന്റെ അന്തരംഗത്തിൽ ഞാൻ ദൈവത്തിന്റെ നിയമമോർത്ത് ആഹ്ലാദിക്കുന്നു. എന്റെ അവയവങ്ങളിലാകട്ടെ, എന്റെ മനസിന്റെ നിയമത്തോടു പോരാടുന്ന വേറൊരു നിയമം ഞാൻ കാണുന്നു. അത് എന്റെ അവയവങ്ങളിലുള്ള പാപത്തിന്റെ നിയമത്തിന് എന്നെ അടിപ്പെടുത്തുന്നു. ഞാൻ ദുർഭഗനായ മനുഷ്യൻ! മരണത്തിനധീനമായ ഈ ശരീരത്തിൽ നിന്ന് എന്നെ ആരു മോചിപ്പിക്കും?"* (റോമാ 7,15-25). എല്ലാ മനുഷ്യരും നേരിടുന്ന ആന്തരിക സംഘർഷത്തിന്റെ ഒരു നേർചിത്രം ഇവിടെ കാണാം. ഇതാണ് തിരുഹിതം സ്വർഗ്ഗത്തിലെന്നതുപോലെ ഈ ഭൂമിയിലും യാഥാർത്ഥ്യമാക്കണമേ എന്ന പ്രാർത്ഥനയുടെ പശ്ചാത്തലം. ഈ ദുരവസ്ഥയെ നേരിടാൻ സഹായിക്കണമേ എന്നതാണ് പ്രാർത്ഥന. "*നമ്മുടെ കർത്താവായ യേശുക്രിസ്തു വഴി ദൈവത്തിനു സ്തോത്രം*" (റോമാ 7,24) എന്ന സ്തുതിയോടെ വിലാപം ഉപസംഹരിക്കുമ്പോൾ പൗലോസ് ഈ പ്രാർത്ഥനയുടെ അർത്ഥവും ആഴവും വ്യക്തമാക്കുന്നു. യേശുക്രിസ്തു വഴി ദൈവം നമ്മെ ശക്തിപ്പെടുത്തും.

**ചുരുക്കത്തിൽ**

അങ്ങയുടെ രാജ്യം വരണമേ എന്ന യാചനയുടെ സമാന്തര

മാണ് അങ്ങയുടെ ഹിതം സ്വർഗ്ഗത്തിലേതുപോലെ ഭൂമിയിലും ആകണമേ എന്ന യാചന. ഇതുതന്നെ ആയിരിക്കും ലൂക്കായുടെ അവതരണത്തിൽ ഈ യാചന ഇല്ലാത്തതിനു കാരണം. എന്താണ് ഈ യാചനയുടെ അർത്ഥം എന്ന അന്വേഷണത്തിൽ നിന്നു ലഭിക്കുന്ന ഉൾക്കാഴ്ചകൾ ഇപ്രകാരം സംഗ്രഹിക്കാം.

ഇന്നു ഭൂമിയിൽ നടമാടുന്ന അക്രമങ്ങളും അഴിമതിയും, വക്രതയും ക്രൂരതയും ഒന്നും ദൈവത്തിന്റെ തിരുഹിതം അനുസരിച്ചല്ല. ദൈവഹിതം അറിയാനും അനുസരിക്കാനും അതേ സമയം തിരസ്കരിക്കാനും ദൈവം തന്നെ മനുഷ്യനു സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. തന്റെ തന്നെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചത് അവൻ ഈ ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയായി വർത്തിക്കാൻ വേണ്ടി ആയിരുന്നു. എന്നാൽ അടിമയുടെ വിധേയത്വമല്ല, മക്കളുടെ സ്നേഹപൂർണ്ണമായ സമർപ്പണമാണ് ദൈവം ആഗ്രഹിക്കുന്നത്.

സൃഷ്ടിയുടെ വിവരണങ്ങളിൽത്തന്നെ ഈ ദൈവഹിതം വെളിവാകുന്നുണ്ട്. ഭൂമിയിൽ മനുഷ്യൻ ദൈവത്തിന്റെ പ്രതിനിധിയായി വർത്തിക്കണം. തോട്ടം കൃഷി ചെയ്യുന്നതും കാത്തുസൂക്ഷിക്കുന്നതും ഈ പ്രാതിനിധ്യത്തിന്റെ അടയാളങ്ങളാണ്. അതേസമയം മനുഷ്യൻ തന്റെ പ്രാതിനിധ്യസ്വഭാവം മറന്ന് ഉടമയാകാൻ ശ്രമിക്കാനുള്ള സാധ്യതയും നിലനില്ക്കുന്നു. ഇവിടെയാണ് മനുഷ്യന്റെ മഹത്വം, അവന്റെ സ്വാതന്ത്ര്യം; അതോടൊപ്പം വീഴ്ചയുടെ കാരണവും. സ്വാതന്ത്ര്യം ദുരുപയോഗിച്ച് സ്വയം ദൈവമാകാൻ ശ്രമിക്കാം. അതുതന്നെ സംഭവിച്ചു. അതോടെ തിന്മയും ആരംഭിച്ചു. ഇനി അങ്ങോട്ട് മനുഷ്യന്റെ ഉള്ളിൽ ദൈവഹിതവും സ്വന്തം താൽപര്യങ്ങളും തമ്മിൽ, നന്മയും തിന്മയും തമ്മിൽ, സംഘട്ടനം തുടരും.

ദൈവഹിതം അറിയാൻ കഴിയുമെങ്കിലും അത് അനുസരിക്കാൻ കഴിയാത്തവിധം തിന്മയുടെ ശക്തി മനുഷ്യന്റെ മേൽ ആധിപത്യം സ്ഥാപിച്ചു. ആ അടിമത്തത്തിൽ നിന്നുള്ള പടിപടിയായ മോചനമാണ് ബൈബിൾ അനാവരണം ചെയ്യുന്നത്. ദൈവം പലവിധത്തിൽ തന്റെ ഹിതം മനുഷ്യനു വെളിപ്പെടുത്തിക്കൊടുത്തു. അതിന്റെ ഏറ്റം പ്രധാനപ്പെട്ട ഉദാഹരണമാണ് പത്തു പ്രമാണങ്ങൾ. ദൈവവും മനുഷ്യനും തമ്മിലും മനുഷ്യർ തമ്മിൽത്തമ്മിലുമുള്ള ബന്ധങ്ങളെ നിർണ്ണയിക്കുന്ന പ്രമാണങ്ങൾ,

പക്ഷേ, ലംഘിക്കപ്പെട്ടു. കാലക്രമത്തിൽ ആന്തരികത നഷ്ടപ്പെട്ട്, അനുഷ്ഠാനപ്രധാനമായ മതാചാരങ്ങളായി ദൈവഹിതത്തെക്കുറിച്ചുള്ള വീക്ഷണം ചുരുങ്ങി. പ്രവാചകന്മാർ വഴി ദൈവം ഈ കാഴ്ചപ്പാടു തിരുത്താൻ ശ്രമിച്ചെങ്കിലും മതനേതാക്കൾക്ക് അതു ഗ്രഹിക്കാനായില്ല.

ആചാരാനുഷ്ഠാനങ്ങൾക്ക് അമിത പ്രാധാന്യം നല്കി, അതുതന്നെ ദൈവഹിതം എന്നു വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്ത മതനേതാക്കന്മാരായിരുന്നു യേശുവിന്റെ കാലത്ത് ഇസ്രായേൽ ജനത്തെ നയിച്ചിരുന്നത്. നിയമങ്ങളുടെ അക്ഷരങ്ങളിൽനിന്ന് ആത്മാവിലേക്ക് യേശു ശ്രദ്ധ ക്ഷണിച്ചു. പാത്രങ്ങളുടെ പുറം കഴുകിയാൽ പോരാ, അകം ശുദ്ധമാകണം; എന്തു ഭക്ഷിക്കുന്നു എന്നു നോക്കിയാൽ പോരാ, ഹൃദയത്തിൽ എന്തു നിറയുന്നു എന്നു ശ്രദ്ധിക്കണം. എല്ലാ ആചാരങ്ങളും അനുഷ്ഠാനങ്ങളും ആഴമേറിയ ആന്തരികതയുടെ പ്രകടനമാകണം. ദൈവത്തിന്റെ നിയമങ്ങൾ ജനത്തിനു താങ്ങാൻ പറ്റാത്ത ചുമടാക്കി മാറ്റിയ മതനേതൃത്വത്തിനെതിരേ യേശു കലഹിച്ചു. ദൈവിക നിയമങ്ങൾ ആരെയും അടിമയാക്കുന്നില്ല. ദൈവം സകല മനുഷ്യരെയും മക്കളായി സ്വീകരിക്കാൻ ആഗ്രഹിക്കുന്നു. അതാണ് ദൈവത്തെ അബ്ബാ, പിതാവേ എന്നു വിളിക്കാൻ പഠിപ്പിച്ചപ്പോൾ യേശു വ്യക്തമാക്കിയത്.

മനുഷ്യനായി അവതരിച്ച ദൈവവചനമായ യേശു ഒറ്റവാക്യത്തിൽ ദൈവഹിതം സംക്ഷിപ്തമായി അവതരിപ്പിച്ചു. "*ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ*" (യോഹ 13,34). ആ സ്നേഹത്തിന്റെ ആഴവും വ്യാപ്തിയും എത്രയെന്നും സംശയത്തിനിട നല്കാതെ യേശു തന്നെ പഠിപ്പിച്ചു. "*സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല*" (യോഹ 15,12). "*തന്റെ ഏകജാതനെ നല്കാൻ തക്കവിധം അത്രമാത്രം ലോകത്തെ സ്നേഹിച്ച*" (യോഹ 3,16) ദൈവസ്നേഹമാണ് ഇവിടെ ദൈവഹിതമായി യേശു ശിഷ്യരുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. ആ തിരുഹിതം അന്വേഷിക്കാനും തിരിച്ചറിയാനും അതിനു സ്വയം വിധേയപ്പെടാനും യേശു തന്നെ മാതൃകയും നല്കി "*എന്റെ ഹിതമല്ല, നിന്റെ ഹിതം നിറവേറട്ടെ!*" (ലൂക്കാ 22.42).

എല്ലാവർക്കും നന്മ വരണം, എല്ലാ മനുഷ്യരും ദൈവത്തിന്റെ

മക്കളും അതിനാൽത്തന്നെ പരസ്പരം സഹോദരങ്ങളുമായി തിരിച്ചറിയണം, അംഗീകരിക്കണം. അതനുസരിച്ച് സന്തോഷമായി, സമാധാനത്തിൽ ജീവിക്കണം. ദൈവത്തെ "*ഞങ്ങളുടെ പിതാവേ*" എന്നു വിളിക്കുന്നവർ ഒരേ പിതാവിന്റെ മക്കളാണെന്നു തിരിച്ചറിയണം. അപ്പോൾ ശാന്തിയും സമാധാനവും ശാശ്വതമായ സന്തോഷവും പുലരും. ദൈവരാജ്യം, ദൈവഭരണം, ഈ ഭൂമിയിൽ യാഥാർഥ്യമാകും. ഭൂമുഖം നവീകരിക്കപ്പെടും (സങ്കീ 104,30); പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമാകും (വെളി 21, 1-4). ആ ദിവസം വേഗം വരാൻ ഇടയാക്കണമേ എന്നാണ് തിരുഹിതം ഭൂമിയിൽ നടപ്പിലാക്കണമേ എന്ന പ്രാർത്ഥനയിലൂടെ യാചിക്കാൻ യേശുനാഥൻ പഠിപ്പിച്ചത്. "*ഇതാ ഞാൻ വേഗം വരുന്നു*" (വെളി 22,12) എന്ന യേശുവിന്റെ വാഗ്ദാനം ഈ പ്രാർത്ഥനയ്ക്കുള്ള ഉത്തരമാണ്. അതിനാൽ മനസുമടുക്കാതെ പ്രാർത്ഥിക്കുക. തിരുഹിതം ഈ ഭൂമിയിൽ, എന്റെ ജീവിതത്തിൽ നിറവേറാൻ വേണ്ടി കാത്തിരിക്കുക; ദൈവത്തോടു സഹകരിക്കുക: *മാറാൻ ആത്താ! കർത്താവേ വരണമേ!*

# 8

## അപ്പം

മത്തായി എഴുതിയ സുവിശേഷത്തിൽ നാലാമത്തേതും ലൂക്കാ എഴുതിയ സുവിശേഷത്തിൽ മൂന്നാമത്തേതുമായ യാചന ഭക്ഷണത്തെ സംബന്ധിക്കുന്നതാണ്. രണ്ടു യാചനകളും തമ്മിൽ ചെറിയ ചില വ്യത്യാസങ്ങൾ കാണുന്നുണ്ട്. തന്നെയുമല്ല, സാധാരണ വീടുകളിൽ പ്രാർത്ഥിക്കുന്നതും, പള്ളിയിൽ കുർബ്ബാന മധ്യേ പ്രാർത്ഥിക്കുന്നതും, സുവിശേഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതുമായ യാചനകൾ തമ്മിലും ചില വ്യത്യാസങ്ങൾ കാണാം. "അന്നന്നെയപ്പം" എന്ന് വീടുകളിൽ പ്രാർത്ഥിക്കുമ്പോൾ "ഞങ്ങൾക്ക് ആവശ്യകമായ ആഹാരം" എന്നു പള്ളിയിൽ പ്രാർത്ഥിക്കുന്നു. ബൈബിളിലും അപ്പം എന്നല്ല, ആഹാരം എന്നാണ് കാണുന്നത്. "അന്നന്നുവേണ്ട ആഹാരം" എന്നു രണ്ടു സുവിശേഷങ്ങളും രേഖപ്പെടുത്തുന്നു. എന്നാൽ "ഇന്നു ഞങ്ങൾക്കു നല്കണമേ" എന്നു മത്തായിയിലും "ഓരോ ദിവസവും ഞങ്ങൾക്കു നൽകണമേ" എന്നു ലൂക്കായിലും കാണുന്നു. ഇതിൽ ഏതായിരിക്കും യേശു പഠിപ്പിച്ചത്? എന്തേ ഈ വ്യത്യാസങ്ങൾ?

ആഹാരത്തിനുവേണ്ടി യാചിക്കാൻ പഠിപ്പിക്കുമ്പോൾ മനുഷ്യരെ ഭിക്ഷാടകരുടെ, അഥവാ യാചകരുടെ നിലയിലേക്കു താഴ്ത്തുകയല്ലേ, യേശു ചെയ്യുന്നത്? മനുഷ്യൻ അധ്വാനിക്കാതെ ഭക്ഷണം ഉണ്ടാകുമോ? അപ്പോൾ ഈ യാചന അലസത പ്രോത്സാഹിപ്പിക്കുകയാണെന്ന് ആരെങ്കിലും വാദിച്ചാൽ നിഷേധിക്കാനാകുമോ?

### യാചനകളുടെ രണ്ടാംഭാഗം

മത്തായി എഴുതിയ സുവിശേഷത്തിൽ ആദ്യത്തെ മൂന്നും ലൂക്കായിൽ ആദ്യത്തെ രണ്ടും യാചനകൾ ദൈവവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഊന്നൽ നല്കി - അങ്ങയുടെ നാമം, അങ്ങയുടെ രാജ്യം, അങ്ങയുടെ ഹിതം. പിതാവേ എന്നു വിളിച്ചതിനു ശേഷം പിതാവിന്റെ കാര്യങ്ങളിലേക്കു ശ്രദ്ധ ഉയർത്താൻ ആദ്യത്തെ യാചനകൾ പ്രേരിപ്പിക്കുന്നു. നാമം, രാജ്യം, ഹിതം എന്നീ മൂന്നു കാര്യങ്ങളും മനുഷ്യജീവിതവുമായി അഭേദ്യം ബന്ധപ്പെ

ട്ടിരിക്കുന്നെങ്കിലും അവയുടെ ദൈവികമാനത്തിനാണ് കൂടുതൽ പ്രാധാന്യം നല്കുന്നത്. എന്നാൽ തുടർന്നു വരുന്ന നാല് (മൂന്ന്) യാചനകളിൽ മനുഷ്യന്റെ ആവശ്യങ്ങളിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഞങ്ങളുടെ അപ്പം, ഞങ്ങളുടെ കടങ്ങൾ, ഞങ്ങളുടെ പ്രലോഭനങ്ങൾ, ഞങ്ങളുടെ രക്ഷ - പ്രാർത്ഥനയുടെ രണ്ടു ഭാഗങ്ങളും തമ്മിലുള്ള ഈ ബന്ധവും വ്യത്യാസവും രണ്ടു സുവിശേഷങ്ങളിലും പ്രകടമാണ്.

മനുഷ്യന്റെ ഏറ്റം അടിസ്ഥാനപരമായ ആവശ്യങ്ങളും മനുഷ്യൻ നേരിടുന്ന പ്രശ്നങ്ങളുമാണ് രണ്ടാം ഭാഗത്ത് പ്രാർത്ഥനാവിഷയമായി അവതരിപ്പിക്കുന്നത്. ദൈവത്തോടു പ്രാർത്ഥിക്കുന്നത് മനുഷ്യനെ യാചകനും അടിമയുമാക്കി തരം താഴ്ത്തുകയല്ലേ എന്ന ചോദ്യം തികച്ചും അർത്ഥശൂന്യമാണെന്നതിൽ സംശയമില്ല. ദൈവത്തെ പിതാവേ എന്നു വിളിച്ചുകൊണ്ടാണ് പ്രാർത്ഥിക്കുന്നത്. അതിനാൽ ഇത് അടിമയുടെ യാചനയല്ല, ഭിക്ഷാടകന്റെ രോദനവുമല്ല. എന്റെ ജീവന്റെ ഉറവിടവും ശക്തിയും ലക്ഷ്യവുമായ പിതാവിന്റെ മുമ്പിൽ ഒരു മകനെ / മകളെപ്പോലെ എന്റെ ആവശ്യം അവതരിപ്പിക്കുകയാണ് ഞാൻ ചെയ്യുന്നത്. മാതാപിതാക്കളുടെ മുമ്പിൽ തങ്ങളുടെ ആവശ്യങ്ങൾ നിരത്തിവയ്ക്കുന്ന മക്കളെ ആരും യാചകരായി കാണില്ല. മറിച്ച്, അവരുടെ സ്നേഹവും ആശ്രയബോധവും പ്രകടമാക്കുന്ന മക്കളുടെ സ്വാതന്ത്ര്യത്തിന്റെ അടയാളമാണ് ഈ യാചന. ഇതുതന്നെയാണ് ദൈവതിരുമുമ്പിൽ അർപ്പിക്കുന്ന എല്ലാ പ്രാർത്ഥനകളെയും യാചനകളെയും കുറിച്ചു പറയാനുള്ളത്.

**അപ്പം - ആഹാരം**

*അർതോസ്* (*Artos*) എന്ന ഗ്രീക്കു വാക്കാണ് രണ്ടു സുവിശേഷങ്ങളിലും ഉപയോഗിച്ചിരിക്കുന്നത്. ഇതിനെ *ബ്രെഡ്* (*bread*) എന്ന് ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യുന്നു. ഇതുതന്നെയാണ് "*അപ്പം*" എന്നു മലയാള വിവർത്തനം. എന്നാൽ മലയാളത്തിൽ "അപ്പം" എന്ന വാക്കിനു പല ധ്വനികൾ ഉണ്ടല്ലോ. പലതരത്തിലുള്ള അപ്പങ്ങൾ നമുക്കു പരിചിതമാണ്. നെയ്യപ്പം, ഉണ്ണിയപ്പം, കള്ളപ്പം, വട്ടയപ്പം, വെള്ളയപ്പം, നൂലപ്പം എന്നിങ്ങനെ പലവിധത്തിലുള്ള അപ്പം നമുക്കുണ്ട്. അതിനും പുറമേ ബേക്കറികളിൽ നിന്നു വാങ്ങുന്ന ബ്രെഡും കേക്കും എല്ലാം അപ്പത്തിന്റെ പട്ടികയിൽപ്പെടുന്നു. ഈ വൈവിധ്യം നിലനിൽക്കുന്നതിനാൽ, അപ്പം

എന്ന വാക്കാണ് ഗ്രീക്കു മൂലത്തോട് കൂടുതൽ വിശ്വസ്തത പുലർത്തുന്നതെങ്കിലും, അർത്ഥം കൂടുതൽ വ്യക്തമാക്കുന്ന "*ആഹാരം*" എന്ന പദമാണ് ബൈബിൾ വിവർത്തനത്തിൽ സ്വീകരിച്ചിരിക്കുന്നത്. അതുതന്നെയാണ് ഔദ്യോഗികമായ പ്രാർത്ഥനയിലും ഉപയോഗിക്കുന്നത്. രണ്ടു വാക്കുകളുടെയും അർത്ഥം പ്രയോഗത്തിൽ ഒന്നുതന്നെ, ആഹാരം. ജീവന്റെ നിലനില്പിന് ആവശ്യമായ ഭക്ഷണം എന്നാണ് വിവക്ഷ.

## അന്നന്നത്തെയപ്പം - ആവശ്യകമായ ആഹാരം

"ഞങ്ങളുടെ" എന്ന വിശേഷണം രണ്ടു സുവിശേഷങ്ങളിലും ഒരുപോലെ രേഖപ്പെടുത്തിയിരിക്കുന്നു; അപ്പത്തിനു നല്കുന്ന രണ്ടാമത്തെ വിശേഷണവും, "അന്നന്നെയപ്പം", ഗ്രീക്കു ഭാഷയിൽ രണ്ടു സുവിശേഷങ്ങളിലും ഒന്നുതന്നെ. ഇംഗ്ലീഷിൽ ഡെയ്‌ലി (daily) എന്നാണു വിവർത്തനം. അന്നന്നെയപ്പം എന്നുതന്നെ അർത്ഥം. പിന്നെ എവിടെ നിന്നുവന്നു: "*ഞങ്ങൾക്കാവശ്യമായ*" എന്ന വിശേഷണം? ഇതാണല്ലോ സഭയുടെ ഔദ്യോഗിക പ്രാർത്ഥനയായി വി. കുർബ്ബാനമധ്യേ നാം പ്രാർത്ഥിക്കുന്നത്. ഇവിടെ മൂലഭാഷയായ ഗ്രീക്കിലേക്കും അതിന്റെ ഔദ്യോഗിക ലത്തീൻ വിവർത്തനമായ വുൾഗാത്തായിലേക്കും ശ്രദ്ധ തിരിക്കണം.

ഗ്രീക്കു ഭാഷയിൽ "*എപ്പി ഊസിയോൺ*" (*epi ousion*) എന്ന വിശേഷണമാണ് രണ്ടു സുവിശേഷങ്ങളും ഉപയോഗിച്ചിരിക്കുന്നത്. ഇതിനു മൂന്നു വിവർത്തന സാധ്യതകളുണ്ട്. "*ഊസിയോസ്*" (*ousios*) എന്ന വിശേഷണം ആയിരിക്കുക, നിലനില്ക്കുക എന്നർത്ഥമുള്ള "*എയ്നായ്*" (*einai*) എന്ന ക്രിയാധാതുവിൽ നിന്നുവരുന്നു. *എപ്പി* (*epi*) എന്ന ഉപസർഗ്ഗം (വാക്കിനു മുമ്പിൽ വയ്ക്കുന്ന ഒരു വിശേഷണം - *Prefix*) "*വേണ്ടി*" "*ആവശ്യകമായ*" എന്ന അർത്ഥം ഉൾക്കൊള്ളുന്നു. ഇതിന്റെ വാച്യാർത്ഥത്തിലുള്ള വിവർത്തനമാണ് മത്തായി എഴുതിയ സുവിശേഷത്തിന്റെ വിവർത്തനത്തിൽ വി. ജെറോം ഉപയോഗിച്ചിരിക്കുന്നത്. "*സൂപ്പെർ സുബ്സ്ത്യാൻസിയാലിസ്*" (*Super Substantialis*) എന്ന ലത്തീൻ ആവാക്കിന് നിലനില്പിന് ആവശ്യകമായത് എന്നാണർത്ഥം. ഇവിടെ നിന്നാണ് "*ഞങ്ങൾക്കാവശ്യകമായ ആഹാരം*" എന്നു മലയാളവിവർത്തനം. അക്ഷരാർത്ഥത്തിൽ ഇതുതന്നെയാണ് ഗ്രീക്കുവാക്കിന്റെ ശരിയായ വിവർത്തനം.

അതേസമയം ഈ വാക്കുതന്നെ ലൂക്കായുടെ സുവിശേഷം വിവർത്തനം ചെയ്തപ്പോൾ വി. ജെറോം "*അനുദിനം*" എന്നർത്ഥമുള്ള "*ക്വോത്തിദിയാനും*" (*Quotidianum*) എന്ന വാക്കാണു ഉപയോഗിച്ചത്. അതിന്റെ സ്വാധീനത്തിലാവാം *അന്നന്നെയപ്പം*, *daily bread* എന്ന വിവർത്തനം ഉണ്ടായത്. ഈ വിവർത്തനവും തെറ്റാണെന്നു പറയാനാവില്ല. നിലനില്പിന്റെ ആവശ്യം ഓരോ ദിവസവും ഉള്ളതിനാൽ ആവശ്യകമായ ആഹാരം എന്നതിനു പകരം അനുദിനം വേണ്ട ആഹാരം, അഥവാ അന്നന്നെയപ്പം എന്നും ഉപയോഗിക്കാം.

മൂന്നാമതൊരു വിവർത്തന സാധ്യതയും ഈ വാക്കിനുണ്ട് "*നാളത്തെ ആഹാരം*" ഇന്നു ഞങ്ങൾക്കു തരണമേ (*Give us today our bread for tomorrow*) എന്ന് ചുരുക്കം ചില വിവർത്തനങ്ങളിൽ കാണാം. ഇവിടെ "*എപ്പി ഊസിയോസ്*" എന്ന വിശേഷണത്തിന് വേറൊരു വ്യാഖ്യാനമാണ് നല്കുന്നത്. ആയിരിക്കുക എന്നർത്ഥമുള്ള "*എയ്നായി*" (*einai*) എന്ന ക്രിയാധാതുവിനു പകരം "*ആയിത്തീരുക, വരുക*" എന്നർത്ഥമുള്ള "*ഇയേനായ്*" (*ienai*) എന്ന ക്രിയാധാതുവിനോട് "*എപ്പി*" എന്ന ഉപസർഗ്ഗം ചേർത്തുണ്ടായതാണ് "*എപ്പി ഊസിയോസ്*" എന്ന വിശേഷണം എന്ന് ഈ വിവർത്തനം അവകാശപ്പെടുന്നു. ഇതിൽ നിന്നാണ് വരാനിരിക്കുന്ന അപ്പം, അഥവാ വരാനിരിക്കുന്ന ലോകത്തിലെ അപ്പം, എന്ന അർത്ഥത്തിൽ നാളത്തെ അപ്പം എന്നു വിവർത്തനം ചെയ്യുന്നത്.

ഇവിടെ അപ്പം അഥവാ ആഹാരം എന്ന പദത്തിന് കൂടുതൽ ആഴമേറിയ, ആത്മീയമായൊരു അർത്ഥം ഉള്ളതായി കാണാം. നാളെ എന്നത് പുതുയുഗപ്പിറവി, സ്വർഗ്ഗരാജ്യത്തിന്റെ പൂർത്തീകരണം, യേശുവിന്റെ രണ്ടാം വരവ്, ലോകാവസാനം എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്ന യാഥാർത്ഥ്യത്തിലേക്കു വിരൽചൂണ്ടുന്നു. ചുരുക്കമായേ കാണപ്പെടുന്നുള്ളൂ എങ്കിലും, ഈ വിവർത്തനവും തെറ്റാണെന്നു പറയാനാവില്ല. കാരണം അപ്പം അഥവാ ആഹാരം എന്ന പദം മനുഷ്യന്റെ സമഗ്രമായ നിലനില്പിനാവശ്യമായതിനെ എല്ലാം സൂചിപ്പിക്കുന്നതാണ്. അതിനാൽ മൂന്നിൽ ഏതെങ്കിലും ഒന്നു മാത്രമേ ശരിയുള്ളൂ എന്നു കരുതേണ്ടതില്ല. പരസ്പര പൂരകങ്ങളായി ഈ മൂന്നു വിവർത്തനങ്ങളെയും കാണാൻ കഴിയും.

### ഇന്ന് – അനുദിനം

അപ്പം നല്കാൻ ആവശ്യപ്പെടുന്നത് എന്നത്തേയ്ക്കാണ് എന്ന കാര്യത്തിൽ രണ്ടു സുവിശേഷങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. "ഇന്നു ഞങ്ങൾക്കു തരണമേ" എന്നു മത്തായി എഴുതുമ്പോൾ "ഓരോ ദിവസവും ഞങ്ങൾക്കു തരണമേ" എന്നു ലൂക്കാ. മൂലഭാഷയായ ഗ്രീക്കിലും ഈ വ്യത്യാസം നിലനില്ക്കുന്നുണ്ട്. എന്നാൽ ലത്തീൻ വിവർത്തനമായ വുൾഗാത്തായിൽ രണ്ടിടത്തും "ഇന്ന്" എന്നർത്ഥമുള്ള "*ഹോദിയെ*" (*hodie*) എന്ന വാക്കാണു ഉപയോഗിച്ചിരിക്കുന്നത്. "ഇന്ന്" എന്ന കാലസൂചന കാലത്തിനും സമയത്തിനും അതീതമായി എന്നും പ്രസക്തമായൊരു യാഥാർത്ഥ്യത്തിലേക്കു വിരൽ ചൂണ്ടുന്നു. "*നാളെയെക്കുറിച്ചു നിങ്ങൾ ആകുലരാകേണ്ടാ... ഓരോ ദിവസത്തിനും അതതിന്റെ ക്ലേശം മതി*" (മത്താ 6,34) എന്ന ഗുരുവചനം ഈ സത്യം സൂചിപ്പിക്കുന്നു. നാളെ എന്തു സംഭവിക്കും എന്ന് ആലോചിച്ച് ആരും ഉൽക്കണ്ഠാകുലരാകേണ്ടാ. ദൈവത്തിന്റെ കരങ്ങളിൽ സ്വയം സമർപ്പിക്കുക. ഇന്നാണ്, ജീവിക്കുന്ന ഈ നിമിഷമാണ്, പ്രധാനം. അതുമാത്രം ശ്രദ്ധിച്ചാൽ മതി.

"*ഓരോ ദിവസവും*" എന്ന ലൂക്കായുടെ അവതരണം ദൈവത്തിന്റെ നിരന്തരവും അനന്തവുമായ പരിപാലനയിലേക്കു ശ്രദ്ധക്ഷണിക്കുന്നു. നിത്യം പരിപാലിക്കുന്ന ദൈവത്തിന്റെ കൃപാകടാക്ഷം എന്നും, ഓരോ ദിവസവും കൂടെ ഉണ്ടായിരിക്കണമേ എന്ന യാചനയും തെറ്റാണെന്നു പറയാനാവില്ല; അത് നാളെയെക്കുറിച്ചുള്ള ഉൽക്കണ്ഠയുടെ പ്രകടനം ആണെന്നും കരുതണമെന്നില്ല. ഇവിടെയും പരസ്പരപൂരകങ്ങളായ രണ്ടു വ്യാഖ്യാനങ്ങളായി എടുക്കുകയാണുചിതം. സ്വർഗ്ഗസ്ഥനായ പിതാവാണ് എല്ലാവർക്കും ആവശ്യമായതെല്ലാം എന്നും നല്കുന്നതെന്ന വിശ്വാസം ഏറ്റുപറയുന്നതോടൊപ്പം ആവശ്യമായ ആഹാരം നല്കണമേ എന്നു മക്കൾക്കനുയോജ്യമായ സ്നേഹത്തോടെ, വിനയത്തോടെ യാചിക്കുകയാണിവിടെ.

ഈ ഒരു യാചനയിൽ മാത്രം ഒതുങ്ങിനില്കുന്നതല്ല ആഹാരത്തെക്കുറിച്ചുള്ള ബൈബിളിന്റെ പഠനം. പഴയ നിയമത്തിലും പുതിയനിയമത്തിലും ഒരുപോലെ, പ്രത്യേകിച്ചും യേശുവിന്റെ പ്രവർത്തനങ്ങളിലും പ്രബോധനങ്ങളിലും നിറഞ്ഞുനില്ക്കുന്ന ഒരു പ്രമേയമാണ് അപ്പം. അതോടൊപ്പം മനുഷ്യന്റെ എന്നല്ല,

സകല ജീവജാലങ്ങളുടെയും ഏറ്റം പ്രധാനപ്പെട്ട ആവശ്യവുമാണ് അപ്പം. യാചനയുടെ വിവർത്തനത്തിലെ സാങ്കേതികവശങ്ങൾ പരിഗണിച്ചതിനുശേഷം ഈ യാചനയുടെ ആഴമേറിയ അർത്ഥ തലങ്ങളിലേക്കു ശ്രദ്ധ തിരിക്കേണ്ടതുണ്ട്.

### ആഴങ്ങളിലേക്ക്

അപ്പം എന്ന പ്രമേയം അവതരിപ്പിക്കുന്ന ഈ യാചനയുടെ നാല് അർത്ഥതലങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്നു. 1. അപ്പം ഒരു പ്രതീകം. 2. അപ്പം ഒരു ദാനം. 3. അപ്പം ഒരു ദൗത്യം. 4. അപ്പം ഒരു പ്രലോഭനം. ഈ ഓരോ വിഷയത്തെയും കുറിച്ച് ബൈബിളിന്റെ അടിസ്ഥാനത്തിൽ പഠിക്കാനാണു തുടർന്ന് ശ്ര മിക്കുന്നത്.

### 1. അപ്പം – പ്രതീകം

"*അപ്പാ, അപ്പം തരണേ*" എന്നു പ്രാർത്ഥിക്കുമ്പോൾ ആദ്യമേ ശ്രദ്ധയിൽ വരുന്നത് ശരീരപോഷണത്തിന്, ജീവന്റെ നിലനില് പിനും വളർച്ചയ്ക്കും ആവശ്യമായ വസ്തുവാണ് അപ്പം എന്ന യാഥാർത്ഥ്യമത്രേ. "*അന്നവിചാരം മുന്നവിചാരം*" എന്ന ചൊല്ല് അർത്ഥമാക്കുന്നതും ഇതുതന്നെയാണല്ലോ. അപ്പം അഥവാ ആഹാരം എന്നത് ഏറ്റം പ്രത്യക്ഷവും വ്യക്തവുമായ തലത്തിൽ ഈ അർത്ഥമാണുൾക്കൊള്ളുന്നത്. ശരീരങ്ങളുടെ നിലനില് പിനും വളർച്ചയ്ക്കും ആവശ്യമായതെല്ലാം അപ്പം എന്ന ഒറ്റവാ ക്കിൽ അടങ്ങിയിരിക്കുന്നു. ഇവിടെ മനുഷ്യർക്കു മാത്രമല്ല, ജീവ നുള്ള സകലതനും, പക്ഷിമൃഗാദികൾക്കും വൃക്ഷലതാദികൾക്കും എല്ലാം ഭക്ഷണം ആവശ്യമാണ്. ഈ ഭക്ഷണം ദൈവമാണു നല് കുന്നതെന്ന് ഏറ്റുപറയുകയും അതേസമയം ഭക്ഷണം നല്കണമേ എന്നു യാചിക്കുകയുമാണ് ഇതിലൂടെ ചെയ്യുന്നത്. ഇതാണ് അപ്പം എന്ന പ്രതീകത്തിന്റെ ആദ്യതലം. എന്നാൽ ഇതുമാത്ര മല്ല അപ്പം സൂചിപ്പിക്കുന്നത്.

ഇതരജീവികളിൽനിന്നു മനുഷ്യനെ വ്യത്യസ്തമാക്കുന്ന താണ് അവന്റെ വ്യക്തിത്വം. ചിന്തിക്കാനും നൈസർഗ്ഗിക വാസ നകൾക്കുപരി തന്റെ തീരുമാനങ്ങൾ രൂപപ്പെടുത്താനും, ജീവി ക്കാനും മനുഷ്യനെ പ്രാപ്തനാക്കുന്നതാണ് ഈ വ്യക്തിത്വം. ഇവിടെ വ്യക്തിബന്ധങ്ങൾ സുപ്രധാനമാകുന്നു. ഒറ്റപ്പെട്ട വ്യക്തി കളായിട്ടല്ല, സമൂഹങ്ങളായിട്ടാണ് മനുഷ്യർ ജീവിക്കുക. ഈ സമൂ

ഹജീവിതത്തിന്റെ നിലനില്പിനും വളർച്ചയ്ക്കും ആവശ്യമായതും "*അപ്പം*" എന്ന വാക്ക് ഉൾക്കൊള്ളുന്നു. മാതാപിതാക്കൾക്കു മക്കളോടുള്ള വാത്സല്യം, കരുതൽ; സഹോദരങ്ങൾ തമ്മിലുള്ള സഹകരണം, സഹായം; സ്നേഹിതർ തമ്മിലുള്ള ബന്ധത്തിൽ പ്രകടമാകുന്ന കൂട്ടായ്മ, സഹഗമനം - ഇതെല്ലാം അപ്പം എന്ന പ്രതീകത്തിൽ ഉൾച്ചേർന്നിട്ടുണ്ട്. പ്രത്യേകിച്ചും "*ഞങ്ങളുടെ*" എന്ന വിശേഷണത്തോടെ അപ്പത്തെക്കുറിച്ചു പറയുമ്പോൾ ഈ സാമൂഹികമാനം വ്യക്തമാകുന്നു. ഇവിടെ അപ്പം പങ്കുവയ്ക്കുന്ന സ്നേഹമായി മാറുന്നു.

ഒരുപടികൂടി കടന്ന്, അപ്പം ദൈവ-മനുഷ്യബന്ധത്തിന്റെയും പ്രതീകമാണ്. ദൈവത്തെ അപ്പാ എന്നു വിളിക്കുകയും അപ്പം തരണേ എന്നു യാചിക്കുകയും ചെയ്യുമ്പോൾ അപ്പം എന്ന പ്രമേയം ഭൗതികതയ്ക്കപ്പുറത്തേക്കു വ്യാപിക്കുന്നു എന്നു കാണാൻ കഴിയും. ഇവിടെ അപ്പം ഒരു കൂദാശ, അഥവാ അടയാളമായി മാറുന്നു. ഈ അർത്ഥത്തിലാണ് യേശു സ്വയം അപ്പമായി അവതരിച്ചതും അന്ത്യ അത്താഴവേളയിൽ സ്വയം പകുത്തുനല്കിയതും. "*സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും*" (യോഹ 6,51). യേശുവിന്റെ കല്പനയനുസരിച്ച്, അവന്റെ ഓർമ്മയാചരിച്ചുകൊണ്ട് ക്രൈസ്തവ സമൂഹങ്ങളിൽ അപ്പം ആശിർവ്വദിച്ചു മുറിച്ചു പങ്കുവയ്ക്കുമ്പോൾ അപ്പം കൂദാശയാകുന്നു, അപ്പത്തിന്റെ ആത്മീയമാനം ഏറ്റം വ്യക്തമാകുന്നു (1 കോറി 11, 17-34).

ശാരീരികവും സാമൂഹികവും ആത്മീയവുമായ മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും ആവശ്യമായ ആഹാരമാണ് "അപ്പം" എന്ന പ്രതീകത്തിലൂടെ അവതരിപ്പിക്കുന്നത്. അപ്പത്തിനുവേണ്ടി യാചിക്കുമ്പോൾ ഈ മൂന്നുതലങ്ങളും ശ്രദ്ധിക്കണം. അതോടൊപ്പം ഈ അപ്പം നശ്വരമായ ഭൗതികജീവിതത്തിനു മാത്രമല്ല, നിത്യജീവിതത്തിനാവശ്യമായ ആഹാരം എന്ന അർത്ഥവും ഉൾക്കൊള്ളുന്നുണ്ട് എന്നതു മറക്കരുത്. ഈ അർത്ഥത്തിലാണ് യേശു തന്നെത്തന്നെ ജീവന്റെ അപ്പമായി അവതരിപ്പിച്ചതും പങ്കുവച്ചതും. അവൻ ജനിച്ചത് "*അപ്പത്തിന്റെ വീട്*" എന്നർത്ഥമുള്ള ബെത്‌ലെഹെമിലാണ്; അവൻ ഇന്നും നമ്മുടെ മധ്യേ വസിക്കുന്നത് ജീവന്റെ അപ്പമായും.

**2. അപ്പം – ദാനം**

സകല ജീവജാലങ്ങൾക്കും, അവയുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ആവശ്യമായ ആഹാരമാണ് അപ്പം. ഈ അപ്പം ദൈവം നല്കുന്ന സൗജന്യദാനമാണെന്ന് ബൈബിളിന്റെ ആദ്യ അധ്യായം മുതൽ അവസാന അധ്യായം വരെ അനേകം തവണ ആവർത്തിച്ചു പഠിപ്പിക്കുന്നുണ്ട്.

സൃഷ്ടിയുടെ രണ്ടു വിവരണങ്ങളിൽ തുടങ്ങുന്നു അപ്പം ദൈവത്തിന്റെ ദാനമാണെന്ന പ്രബോധനം. കരയിലും കടലിലും ആകാശത്തിലും ചരിക്കുന്ന സകല ജീവികളെയും സൃഷ്ടിക്കുന്നതിനു മുമ്പേ ദൈവം അവയ്ക്ക് ആഹാരമായി സസ്യലതാദികളും ഫലമൂലാദികളും സൃഷ്ടിച്ചു. അതിനുമുമ്പേ അവയ്ക്ക് വളർന്നുവികസിക്കാൻ ആവശ്യമായ മണ്ണും വളവും ജലവും വായുവും പ്രകാശവും ദൈവം സൃഷ്ടിച്ചു (ഉൽപ 1,6–30). ഇതാണ് ആദ്യത്തേ ദാനം – ആവാസ വ്യവസ്ഥയും ആഹാര സംവിധാനങ്ങളും.

"*ദൈവം അരുളിച്ചെയ്തു. ഭൂമുഖത്തുള്ള ധാന്യം വിളയുന്ന എല്ലാ ചെടികളും വിത്തുൾക്കൊള്ളുന്ന പഴങ്ങൾ കായ്ക്കുന്ന എല്ലാ വൃക്ഷങ്ങളും ഞാൻ നിങ്ങൾക്കു ഭക്ഷണത്തിനായി തരുന്നു. ഭൂമിയിലെ മൃഗങ്ങൾക്കും ആകാശത്തിലെ എല്ലാ പറവകൾക്കും ഇഴജന്തുക്കൾക്കും ജീവശ്വാസമുള്ള സകലതിനും – ആഹാരമായി ഹരിതസസ്യങ്ങൾ ഞാൻ നല്കിയിരിക്കുന്നു*" (ഉൽപ 1, 29–30). ഈ പ്രസ്താവന വിശദീകരണം ആവശ്യമില്ലാത്തത്ര വ്യക്തമാണ്. ആഹാരം ദൈവം നല്കുന്ന ദാനമാണെന്ന് ബൈബിൾ തുടക്കം മുതലേ പഠിപ്പിക്കുന്നു.

സൃഷ്ടിയുടെ രണ്ടാം വിവരണത്തിലും ഈ ആശയം പ്രതിധ്വനിക്കുന്നുണ്ട്. മണ്ണിൽനിന്നു മെനഞ്ഞെടുത്ത മനുഷ്യനെ തന്റെ ശ്വാസത്താൽ ജീവനുള്ള മനുഷ്യനാക്കിയതിനുശേഷം ദൈവം അവനു പാർക്കാൻ ഏദേൻ തോട്ടം സൃഷ്ടിച്ചു എന്നു കഥാരൂപത്തിൽ പ്രപഞ്ചസൃഷ്ടി വിവരിക്കുന്ന വി. ഗ്രന്ഥകാരൻ മനുഷ്യനു ദൈവം നല്കുന്ന ആഹാരത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു: "*അവിടുന്ന് അവനോടു കല്പിച്ചു: ഈ തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടെയും ഫലം ഭക്ഷിച്ചുകൊള്ളുക. എന്നാൽ നന്മതിന്മയുടെ അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്; തിന്നുന്ന ദിവസം നീ മരിക്കും*" (ഉൽപ 2,17). ആഹാരം ദൈവത്തിന്റെ ദാനമാണെന്ന് എടുത്തു പറയുന്നതോടൊപ്പം അതിനെ സംബന്ധിച്ച ചില നിബ

 സ്ഥനകളും ഇവിടെ സൂചിപ്പിക്കുന്നുണ്ട്. ആഹാരം സ്വീകരിക്കുന്നത് ദൈവത്തിന്റെ കല്പന അനുസരിച്ചായിരിക്കണം.

മനുഷ്യൻ ദൈവത്തോടൊന്നിച്ചായിരിക്കുന്നതിന്റെ പ്രതീകമായിരുന്നു ഏദേൻ. അതിനെ പറുദീസാ എന്നു വിളിക്കുന്നു. പാപത്തിനും തദ്വാരാ തിന്മയ്ക്കും അധീനമായ ഈ യുഗം അവസാനിച്ച് പുതുയുഗം ഉദിക്കുമ്പോൾ മനുഷ്യൻ വീണ്ടും പൂർണ്ണമായും ദൈവത്തോടൊന്നിച്ചായിരിക്കും. ദൈവം തന്നെ സ്വർഗ്ഗമായി, പാർക്കാൻ കൂടാരമായി, മനുഷ്യനു അനുഭവപ്പെടും. ഈ പറുദീസായിൽ വിശപ്പോ ദാഹമോ ഉണ്ടായിരിക്കുകയില്ല (വെളി 21,1-4). ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്നു പുറപ്പെട്ട്, നഗരമധ്യത്തിലൂടെ ഒഴുകുന്ന, പരിശുദ്ധാത്മാവിന്റെ പ്രതീകമായ, നദിയുടെ ഇരുകരകളിലും വളരുന്ന ജീവന്റെ വൃക്ഷത്തിൽ കായ്ക്കുന്ന ഫലങ്ങളും (വെളി 22,1-3) ദൈവം നല്കുന്ന, ജീവദായകമായ ആഹാരത്തിന്റെ പ്രതീകമാണ്.

ഇവയ്ക്കു മധ്യേ ദൈവം മനുഷ്യന് ആഹാരം നല്കുന്നതിന്റെ അനേകം വിവരണങ്ങൾ ബൈബിളിൽ കാണാം. അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് സ്വാതന്ത്ര്യത്തിന്റെ നാടായ വാഗ്ദത്തഭൂമിയിലേക്ക് ഇസ്രായേൽ ജനം നടത്തിയ തീർത്ഥാടനം മരുഭൂമിയിലൂടെ ആയിരുന്നു. വഴിയും നിഴലുമില്ലാത്ത, വെള്ളവും അപ്പവുമില്ലാത്ത, മരുഭൂമിയിൽ ദൈവം അവർക്കുവേണ്ടി ആകാശത്തുനിന്ന് അപ്പം വർഷിച്ചു. ജനം അതിനെ *മന്നാ* എന്നു വിളിച്ചു. പാറയിൽനിന്ന് അരുവികൾ ഒഴുക്കി. ആഹാരം സൗജന്യദാനമായി നല്കി. അതിന്റെ ഓർമ്മയാചരിക്കാൻ അല്പം മന്നാ എടുത്ത് ഉടമ്പടിയുടെ പേടകത്തിനുമുമ്പിൽ സൂക്ഷിച്ചുവയ്ക്കാൻ ദൈവം കല്പിച്ചു (പുറ 16,33). കെറീത്ത് അരുവിയുടെ കരയിൽ ഒളിച്ചിരുന്ന ഏലിയായ്ക്ക് കാക്ക അപ്പം കൊണ്ടുവന്നു കൊടുക്കുന്നതും (1 രാജാ 17,6) അരുവി വറ്റിയപ്പോൾ സറേഫാത്തിലെ വിധവയുടെ കലത്തിലെ മാവും ഭരണിയിലെ എണ്ണയും വറ്റാതെ അവൾക്കും ഏലിയായ്ക്കും ആവശ്യമായ ആഹാരം നല്കിയതിന്റെ വിവരണവും (1 രാജാ 17,8-14) അപ്പം ദൈവിക ദാനമാണെന്ന് ഊന്നിപ്പറയുന്നു.

ഈജിപ്തിൽ വരാൻ പോകുന്ന വരൾച്ചയെ മുൻകൂട്ടി അറിയിച്ച് അതിനായി മുൻകൂർ ഭക്ഷണം ശേഖരിച്ച് ഒരുങ്ങാൻ ഫറവോയ്ക്കു ജോസഫിലൂടെ നിർദ്ദേശം നല്കുന്നതും (ഉൽപ

41,1-36) ഏലിയായുടെ വാക്കനുസരിച്ച് ഭൂമിയിൽ വരൾച്ചയും ക്ഷാമവും ഉണ്ടാകുന്നതും പിന്നീട് ഏലിയായുടെ പ്രാർത്ഥന യ്ക്കു മറുപടിയായി മഴ പെയ്യുകയും ഭൂമി വീണ്ടും ഫലപുഷ്ടമാ കുന്നതും (1 രാജാ 17,1; 18,45) ആഹാരം ദൈവം കനിഞ്ഞു നല്കുന്ന ദാനമാണെന്നു വ്യക്തമാക്കുന്നു.

യേശുവിന്റെ വാക്കും പ്രവൃത്തിയും അപ്പം ദൈവത്തിന്റെ ദാനമാണെന്നു പഠിപ്പിക്കുന്നതായിരുന്നു. ദൈവത്തിന്റെ അനുകമ്പയും അതോടൊപ്പം ശക്തിയും പ്രകടമാക്കുന്നതാണ് യേശു പ്രവർത്തിച്ച അത്ഭുതങ്ങൾ. യേശുവിന്റെ തന്നെ വാക്കുകൾ ഇതു വ്യക്തമാക്കുന്നുണ്ട്. "*ഈ ജനത്തോട് എനിക്ക് അനുകമ്പ തോന്നുന്നു. മൂന്നു ദിവസമായി അവർ എന്നോടു കൂടെയാണ്. അവർക്കു ഭക്ഷിക്കാൻ ഒന്നുമില്ല. വഴിയിൽ അവർ തളർന്നുവീഴാൻ ഇടയുള്ളതിനാൽ ആഹാരം നല്കാതെ അവരെ പറഞ്ഞയയ്ക്കാൻ എനിക്കു മനസ്സുവരുന്നില്ല*" (മത്താ 15,32). രണ്ടുതവണ അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച് തന്റെ അനുയായികളുടെ വിശപ്പടക്കുമ്പോൾ അപ്പം ദൈവത്തിന്റെ ദാനമാണെന്നു പഠിപ്പിക്കുകയായിരുന്നു - വിശക്കുന്നവനു ദൈവം നല്കുന്ന സൗജന്യദാനം.

ശരീരത്തിന് ആവശ്യമായ ആഹാരം മാത്രമല്ല, മനുഷ്യജീവന്റെ സമഗ്രമായ നിലനില്പിനും വളർച്ചയ്ക്കും ആവശ്യമായതെല്ലാം യേശു ദാനമായി നല്കി. അപ്പം നല്കുന്നതിനുമുമ്പേ അവർ അവർക്കു വചനം നല്കി, വചനം വഴി സൗഖ്യവും. "*അവൻ കരയ്ക്കിറങ്ങിയപ്പോൾ വലിയൊരു ജനക്കൂട്ടത്തെ കണ്ടു. അവരുടെ മേൽ അവന് അനുകമ്പ തോന്നി. അവരുടെ ഇടയിലെ രോഗികളെ അവൻ സുഖപ്പെടുത്തി*" (മത്താ 14,14).

അപ്പം ദൈവത്തിന്റെ ദാനമാണ് എന്നു പറയുമ്പോൾ സ്വീകരിക്കുന്നവന്റെ ഭാഗത്തുനിന്ന് ആവശ്യമായ മനോഭാവത്തെക്കുറിച്ചുള്ള സൂചനകളും ശ്രദ്ധിക്കണം. മനുഷ്യന്റെ ആവശ്യങ്ങളെല്ലാം അറിയുന്നവനാണ് ദൈവം എങ്കിലും മനുഷ്യർ ദൈവത്തിന്റെ മുമ്പിൽ തങ്ങളുടെ ആവശ്യങ്ങൾ ഏറ്റുപറഞ്ഞ് ചോദിക്കണം. അതാണ് യാചനാപ്രാർത്ഥന. പ്രാർത്ഥിക്കുന്നത് ദൈവം കേൾക്കും എന്ന വിശ്വാസത്തോടെ ആയിരിക്കണം ചോദിക്കുന്നത്. അതോടൊപ്പം എല്ലാം ദാനമായി നല്കുന്ന ദൈവത്തോട് നന്ദി ഉണ്ടായിരിക്കണം. യാചന, വിശ്വാസം, കൃതജ്ഞത - ഈ

മൂന്നു കാര്യങ്ങളും ഉൾക്കൊള്ളുന്നതാണ് അപ്പം ദാനമാണെന്ന പ്രസ്താവന.

### 3. അപ്പം - ദൗത്യം

ദൈവം സൗജന്യമായി നല്കുന്ന ദാനമാണെന്നത് അപ്പത്തിന്റെ ഒരു മാനം മാത്രമേ ആകുന്നുള്ളൂ. അതോടൊപ്പം തുല്യ പ്രാധാന്യമുള്ളതാണ് അപ്പം ഒരു ദൗത്യവും ഉൾക്കൊള്ളുന്നു എന്നത്. അലസന്റെ മടിയിലേക്കു ദൈവം സൗദന്യമായി ഇട്ടുകൊടുക്കുന്ന ദാനമല്ല അപ്പം. ഭൂമിയും അതിലെ വിഭവങ്ങളും ദൈവത്തിന്റെ സൃഷ്ടിയും ദാനവുമാണെങ്കിലും, ഭൂമി നല്കുന്ന വിഭവങ്ങൾ ആഹാരമായി മുമ്പിൽ എത്തണമെങ്കിൽ മനുഷ്യന്റെ അധ്വാനവും ആവശ്യമാണ്. അപ്പം ഉൾക്കൊള്ളുന്ന ദൗത്യങ്ങളെ പൊതുവിൽ നാലായി തിരിക്കാം. അധ്വാനം, മിതത്വം, പങ്കുവയ്ക്കൽ, പ്രകൃതി സംരക്ഷണം.

#### അധ്വാനം

"*ഏദൻതോട്ടം കൃഷി ചെയ്യാനും സംരക്ഷിക്കാനുമായി ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി*" (ഉൽപ 2,15). മനുഷ്യന്റെ അധ്വാനവും കൂടി ചേരുമ്പോഴാണ് ഭൂമി ഫലപുഷ്ടമാകുന്നതും ആഹാരം നല്കുന്നതും. ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരുന്ന മഹനീയമായൊരു ദൗത്യമാണ് അധ്വാനം. എന്നാൽ പാപം മൂലം അധ്വാനം ക്ലേശകരവും ദുരിതപൂർണ്ണവുമായി ത്തീർന്നു. ദൈവം ആദിമനുഷ്യനെ പിടിച്ചുനിർത്തി വിചാരണ ചെയ്ത് വിധി പ്രസ്താവിക്കുന്നതിന്റെ നാടകീയ വിവരണം ഈ യാഥാർത്ഥ്യത്തെ അനുസ്മരിപ്പിക്കുന്നു.

"*തിന്നരുതെന്നു ഞാൻ പറഞ്ഞ പഴം സ്ത്രീയുടെ വാക്കു കേട്ട് നീ തിന്നതുകൊണ്ട് നീ മൂലം മണ്ണ് ശപിക്കപ്പെട്ടതായിരിക്കും. ആയുഷ്കാലം മുഴുവൻ കഠിനാധ്വാനം കൊണ്ട് നീ അതിൽ നിന്നു കാലയാപനം ചെയ്യും. അതു മുള്ളും മുൾച്ചെടികളും നിനക്കായി മുളപ്പിക്കും. വയലിലെ സസ്യങ്ങൾ നീ ഭക്ഷിക്കും. മണ്ണിൽ നിന്ന് എടുക്കപ്പെട്ട നീ, മണ്ണിനോടു ചേരുന്നതുവരെ, നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷണം സമ്പാദിക്കും*" (ഉൽപ 3,17-19).

വിയർപ്പിന്റെ ഉപ്പുകലർന്നതാണ് അപ്പം. ഇത് ഒരു ശാപമായി തോന്നാമെങ്കിലും യഥാർത്ഥത്തിൽ ശാപം എന്നതിനേക്കാൾ ദൈവം ഏല്പിച്ചിരിക്കുന്ന ദൗത്യമായി അധ്വാനത്തെ കാണണം.

ഭൂമിക്കും അതിന്റെ വിഭവങ്ങൾക്കും, ദൈവത്തിന്റെ ശ്വാസം കൊണ്ടു ജീവിക്കുകയും മുഖഛായ വഹിക്കുകയും ചെയ്യുന്ന മനുഷ്യന്റെ അധ്വാനത്തിലൂടെ ദൈവികമായ ഛായ ലഭിക്കുന്നു. പ്രപഞ്ചത്തെ മാനുഷികമാക്കി, ദൈവികമാക്കി മാറ്റാനുള്ള ദൗത്യത്തിന്റെ (humanization and divinization) ഭാഗമാണ് അധ്വാനം.

അധ്വാനത്തിന്റെ ദൈവികമായ ഈ മാനം പ്രത്യേകം ശ്രദ്ധിക്കണം. അതോടൊപ്പം കഴിവിനൊത്ത് അധ്വാനിക്കാതിരിക്കുന്നതു തെറ്റായി, പാപമായി കരുതണം. അലസതയ്ക്കെതിരേയുള്ള ശക്തമായ ഒരു താക്കീതും അപ്പത്തിനുവേണ്ടിയുള്ള യാചനയിലുണ്ട്. തന്റെ തന്നെ മാതൃക എടുത്തുകാണിച്ചുകൊണ്ട് അധ്വാനത്തിന്റെ അനിവാര്യതയെക്കുറിച്ച് പൗലോസ് അപ്പസ്തോലൻ നല്കുന്ന പ്രബോധനം ഇവിടെ ശ്രദ്ധേയമാകുന്നു. "*നിങ്ങളുടെ കൂടെ ആയിരുന്നപ്പോൾ ഞങ്ങൾ അലസരായിരുന്നില്ല. ആരിൽ നിന്നും ഞങ്ങൾ അപ്പം ദാനമായി വാങ്ങി ഭക്ഷിച്ചിട്ടില്ല... നിങ്ങൾക്ക് ഒരു മാതൃക നല്കാനാണ് ഇങ്ങനെ ചെയ്തത്. ഞങ്ങൾ നിങ്ങളുടെ കൂടെ ആയിരുന്നപ്പോൾത്തന്നെ നിങ്ങൾക്ക് ഒരു കല്പന നല്കി: അധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ*" (2 തെസ 3,8-10).

ഭൂമിയിൽനിന്ന് ആഹാരം ഉല്പാദിപ്പിക്കാൻ വേണ്ടി ചെയ്യുന്ന കായികാധ്വാനം മാത്രമല്ല, മനുഷ്യന്റെ എല്ലാവിധ അധ്വാനങ്ങളെയും അപ്പം സൂചിപ്പിക്കുന്നുണ്ട്. ബൗദ്ധികവും സാമൂഹികവും ആത്മീകവുമായ സകല മേഖലകളിലും അധ്വാനം പ്രസക്തമാകുന്നു. ശരീരത്തിൽ പല അവയവങ്ങളും ഓരോ അവയവത്തിനും വ്യത്യസ്ത ധർമ്മങ്ങളും ഉള്ളതുപോലെ മനുഷ്യർക്കു നിശ്ചയിച്ചിരിക്കുന്ന അധ്വാനത്തിലും വൈവിധ്യമുണ്ട്. ഓരോരുത്തരും തങ്ങൾക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന ദൗത്യം വിശ്വസ്തതാപൂർവ്വം നിർവ്വഹിക്കുമ്പോൾ, അപ്പോൾ മാത്രം, എല്ലാവർക്കും ആവശ്യമായതു ലഭിക്കും. നമ്മുടെ നാട്ടിൽ പ്രത്യേകിച്ചും പെരുകിവരുന്ന അലസതയുടെ സംസ്കാരത്തിന്റെ തായ്വേരറുക്കുന്നതാണ് ഈ യാചന.

**മിതത്വം**

ഭൂമിയും അതിലെ വിഭവങ്ങളും എല്ലാവർക്കും, എല്ലാ മനുഷ്യർക്കും മാത്രമല്ല, സകല ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ്. അതേസമയം ഈ വിഭവങ്ങൾക്കെല്ലാം പരിമിതികളുണ്ട്.

അതിനാൽ ഓരോരുത്തർക്കും ആവശ്യമായതും അവകാശപ്പെട്ടതും മാത്രമേ എടുക്കാവൂ, ഉപയോഗിക്കാവൂ. അവകാശങ്ങൾക്കു പരിധി നിർണ്ണയിക്കുന്ന ഈ നിയമം പാലിക്കാത്തതല്ലേ ഇന്നു മനുഷ്യനും മറ്റു ജീവജാലങ്ങളും നേരിടുന്ന വലിയ പ്രതിസന്ധികൾക്കു കാരണം എന്നു ചിന്തിക്കേണ്ടതുണ്ട്. മനുഷ്യന്റെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ വേണ്ടതു ഭൂമി നല്കും; എന്നാൽ ആർത്തിക്ക് അറുതി വരുത്താനാവില്ല.

എല്ലാവർക്കും അവകാശപ്പെട്ടത് ചുരുക്കം പേർ വാരിക്കൂട്ടി സ്വന്തമാക്കുമ്പോൾ ദാരിദ്ര്യവും പട്ടിണിയും പെരുകും. ആഡംബരത്തിന്റെയും ആർഭാടത്തിന്റെയും ഉപഭോഗസംസ്കാരം അരങ്ങു കീഴടക്കുന്നു. തദ്ഫലമായി ഒരു ഭാഗത്ത് പൊണ്ണത്തടിയും ആലസ്യവും അമിതാഹാരം മൂലം ഉണ്ടാകുന്ന മറ്റു രോഗങ്ങളും പെരുകുമ്പോൾ, മറുഭാഗത്ത് കോടിക്കണക്കിനു ജനങ്ങൾ ഒരു നേരത്തെ ആഹാരം പോലും കിട്ടാതെ നരകിക്കുന്നു; പോഷകാഹാരക്കുറവും പട്ടിണി മരണവും പെരുകുന്നു.

മതി എന്നു പറയാൻ പഠിക്കണം. "*ഭക്ഷണവും വസ്ത്രവും ഉണ്ടെങ്കിൽ അതുകൊണ്ട് നമുക്കു തൃപ്തിപ്പെടാം*" (1 തിമോ 6,8) എന്ന അപ്പസ്തോലന്റെ ഉപദേശം ഇവിടെ മാർഗ്ഗദർശകമാകുന്നു. "*ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാന കാരണം*" (1 തിമോ 6,10) എന്ന ഓർമ്മപ്പെടുത്തൽ മിതത്വത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നു.

**പങ്കുവയ്ക്കൽ**

സ്നേഹത്താൽ പ്രേരിതമായ പങ്കുവയ്ക്കലിലൂടെ മാത്രമേ ഏവർക്കും വേണ്ടത്ര ആഹാരം ലഭിക്കൂ. മിച്ചം വരുന്നതു സ്വരുക്കൂട്ടി സൂക്ഷിക്കുന്നത് ഈ പ്രാർത്ഥനയുടെ അരൂപിക്കു യോജിച്ചതല്ല. അറപ്പുരയിൽ വീർപ്പുമുട്ടി മരിക്കുന്ന ധനികന്റെയും (ലൂക്കാ 12,16-21) പടിവാതിക്കൽ പട്ടിണി കിടന്നു മരിക്കുന്ന ലാസറിനെ ശ്രദ്ധിക്കാതെ നിരന്തരം വിരുന്നാഘോഷിച്ച ധനികന്റെയും (ലൂക്കാ 16,19-31) ഉപമകളിലൂടെ പങ്കുവയ്ക്കലിന്റെ ആവശ്യകതയെക്കുറിച്ച് യേശു വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. യേശുവിന്റെ പ്രബോധനങ്ങളിൽ നല്ലൊരു ഭാഗം പങ്കുവയ്ക്കലിന്റെ ആവശ്യകതയെക്കുറിച്ചായിരുന്നു. ഉൽക്കണ്ഠ കൂടാതെ ദൈവപരിപാലനയിൽ ആശ്രയിക്കുമ്പോഴും തങ്ങൾക്കുള്ളവ ആവശ്യം അനുഭവിക്കുന്നവരുമായി പങ്കുവയ്ക്കണം എന്ന് ശക്തമായി ഉദ്ബോ

ധിപ്പിക്കുന്നു. "*ചെറിയ അജഗണമേ, ഭയപ്പെടേണ്ടാ. എന്തെന്നാൽ, നിങ്ങൾക്ക് രാജ്യം നല്കാൻ നിങ്ങളുടെ പിതാവു പ്രസാദിച്ചിരിക്കുന്നു. നിങ്ങളുടെ സമ്പത്തു വിറ്റു ദാനം ചെയ്യുവിൻ*" (ലൂക്കാ 12, 32-33).

ആദിമസഭ ഈ ആഹ്വാനം അക്ഷരാർത്ഥത്തിൽത്തന്നെ സ്വീകരിച്ചു, പാലിച്ചു. അപ്പോൾ അവരുടെ ഇടയിൽ സന്തോഷവും സമാധാനവും ഉണ്ടായി. അവരുടെ ജീവിതം, മറ്റുള്ളവരുടെ മുമ്പിൽ, നിരന്തരം പരിപാലിക്കുന്ന ദൈവസ്നേഹത്തിന്റെ സാക്ഷ്യമായി. "*വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു*" (അപ്പ 2,44). "*അവരുടെ ഇടയിൽ ദാരിദ്ര്യമനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല*" (അപ്പ 4,34).

പങ്കുവയ്ക്കുന്ന സ്നേഹം ക്രൈസ്തവജീവിതത്തിന്റെ മുഖമുദ്ര ആയിരുന്നു. എന്നും അങ്ങനെ ആയിരിക്കുകയും വേണം. കോറിന്തോസിലെ സഭയെ പൗലോസ് അപ്പസ്തോലൻ ഇക്കാര്യം വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. ആവശ്യം അനുഭവിക്കുന്നവർക്കുവേണ്ടി ഉദാരമായി ദാനം ചെയ്യണം എന്ന് ഉദ്ബോധിപ്പിച്ചതിനു ശേഷം നല്കുന്ന ഒരു വിശദീകരണം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. "*മറ്റുള്ളവർ കഷ്ടപ്പെടരുതെന്നും നിങ്ങൾ കഷ്ടപ്പെടണം എന്നും അല്ല ഞാൻ അർത്ഥമാക്കുന്നത്. അവരുടെ സമൃദ്ധിയിൽ നിന്ന് നിങ്ങളുടെ കുറവ് നികത്തപ്പെടുന്നതിന് നിങ്ങളുടെ ഇപ്പോഴത്തെ സമൃദ്ധിയിൽനിന്ന് അവരുടെ കുറവു നികത്തണമെന്നും അങ്ങനെ സമത്വമുണ്ടാകണമെന്നുമാണ്*" (2 കോറി 8,13-14).

## പ്രകൃതിസംരക്ഷണം

അപ്പവുമായി ബന്ധപ്പെട്ട മനുഷ്യന്റെ ദൗത്യത്തിൽ സുപ്രധാനമാണ് പ്രകൃതിസംരക്ഷണം. സൃഷ്ടിവസ്തുക്കളുടെ മേൽ മനുഷ്യന് ആധിപത്യം നല്കുകയും (ഉൽപ 1,26-28) തോട്ടം സംരക്ഷിക്കാനും കൃഷി ചെയ്യാനുമായി മനുഷ്യനെ ഏദേൻ തോട്ടത്തിലാക്കുകയും (ഉൽപ 2,15) ചെയ്തു എന്നു ബൈബിൾ പറയുമ്പോൾ ഈ ഒരു ആശയത്തിനു പ്രത്യേക പ്രാധാന്യം നല്കുന്നതായി കാണാം. തന്റെ ഇഷ്ടംപോലെ ഉപയോഗിക്കാനും ദുരുപയോഗിക്കാനും നശിപ്പിക്കാനുമുള്ള നിരങ്കുശമായ അധികാരവും ആധിപത്യവുമല്ല ദൈവം മനുഷ്യനു നല്കിയിരിക്കുന്നത്. മറിച്ച്,

ദൈവത്തിന്റെ പ്രതിനിധിയും കാര്യസ്ഥനും എന്ന നിലയിൽ ഈ ഭൂമിയിൽ മനുഷ്യൻ അധ്വാനിക്കണം; പ്രപഞ്ചസ്രഷ്ടാവിന്റെ ഹിതം അനുസരിച്ച് അതിനെ സംരക്ഷിക്കണം.

ഉൽപത്തി പുസ്തകത്തിലെ ആദ്യത്തെ രണ്ട് അധ്യായങ്ങളിൽ കാണുന്ന സൃഷ്ടിയുടെ രണ്ടു വിവരണങ്ങളിലും മനുഷ്യന് സ്രഷ്ടപ്രപഞ്ചത്തോടുള്ള ഉത്തരവാദിത്വം എടുത്തു കാട്ടുന്നുണ്ട്. ഈ ഉത്തരവാദിത്വം കണിശമായി പാലിച്ചെങ്കിൽ മാത്രമേ എല്ലാവർക്കും, എല്ലാ സൃഷ്ടിജാലങ്ങൾക്കും, ആഹാരം ലഭ്യമാകൂ. അപ്പം തരണേ എന്നു പ്രാർത്ഥിക്കുമ്പോൾ ഈ ഉത്തരവാദിത്വവും അനുസ്മരിക്കണം.

എന്നാൽ ദൗർഭാഗ്യകരം എന്നു പറയട്ടെ, ഈ ഭൂമിയെയും അതിലെ വിഭവങ്ങളെയും കാത്തുസൂക്ഷിക്കാനായി നിയുക്തനായ മനുഷ്യൻ തന്നെ അതിന്റെ കാപാലികനായി മാറുന്ന ദുരവസ്ഥ സംജാതമായിരിക്കുന്നു. *"ഭൂമി നിശ്ശേഷം തകർക്കപ്പെട്ടിരിക്കുന്നു; അതു ഛിന്നഭിന്നമായി. അതു പ്രകമ്പനം കൊള്ളുന്നു. ഭൂമി ഉന്മത്തനെപ്പോലെ ആടി ഉലയുന്നു; കുടിൽപോലെ ഇളകിയാടുന്നു. അതു താങ്ങുന്ന അകൃത്യം അത്ര ഭാരമേറിയതാണ്"* (ഏശ 24,19-20). അപ്പോകലിപ്റ്റിക് ശൈലിയിൽ, പ്രതീകങ്ങളുടെ ഭാഷയിൽ, ഏശയ്യാ പറഞ്ഞത് ഇന്ന് അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നതു നാം കാണുന്നു.

കാലംതെറ്റി, ദിശമാറി വീശുന്ന മഴക്കാറ്റുകൾ. പ്രതിവർഷം ഉയരുന്ന താപനില. ഉരുകുന്ന മഞ്ഞുമലകൾ. ഉയരുന്ന സമുദ്രങ്ങളിലെ ജലനിരപ്പ്. പടരുന്ന മരുഭൂമികൾ. ഭൂമിക്കുതന്നെ സമനില തെറ്റി, ഉലഞ്ഞാടുന്നു എന്ന് ഏശയ്യാ പറഞ്ഞതിനെ അന്വർത്ഥമാക്കുന്ന ഭൂകമ്പങ്ങൾ. ഉണർന്നു തീ ചീറ്റുന്ന അഗ്നിപർവ്വതങ്ങൾ. ഒന്നിനു പിറകെ ഒന്നായി ആഞ്ഞടിക്കുന്ന കൊറോണാപോലുള്ള മഹാമാരികൾ. വറ്റിപ്പോകുന്ന കുടിവെള്ളത്തിന്റെ ഉറവകൾ. വിഷലിപ്തമായ നദികൾ. മാരകമായ പ്രപഞ്ചരശ്മികളിൽ നിന്നു ഭൂമിയെ കാത്തുപാലിക്കാൻ ദൈവം തന്നെ നെയ്തുകൊടുത്ത രക്ഷാകവചമായ ഓസോൺപാളികളിൽ ഭയാനകമായവിള്ളലുകൾ.

എത്രപറഞ്ഞാലും തീരാത്തത്ര ഭീകരവും മാരകവുമായ ദുരന്തങ്ങൾ ഈ ഭൂമിയിൽ അരങ്ങേറുന്നു. എന്താണിതിനു കാരണം? പൂർണ്ണമായ ഉത്തരം ലഭ്യമല്ലെങ്കിലും ഒരു കാര്യം ഉറപ്പ്. ആർത്തി

പ്പെരുമ്പാമ്പ് വരിഞ്ഞുമുറുകിയ ആധുനിക മനുഷ്യന്റെ അതിരു വിട്ട ചെയ്തികൾ തന്നെയാണിതിനു മുഖ്യകാരണം എന്നു പ്രകൃതിശാസ്ത്രജ്ഞന്മാർ തെളിവുകൾ നിരത്തി സ്ഥാപിക്കുന്നു. പുരോഗമനത്തിന്റെ അടയാളങ്ങളായ വാഹനങ്ങൾ, കമ്പ്യൂട്ടർ പോലുള്ള യന്ത്രസാമഗ്രികൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, എല്ലാം അവശേഷിപ്പിക്കുന്ന മാലിന്യം താങ്ങാൻ ഭൂമിക്കു കരുത്തില്ലാതാകുന്നു. ഉപയോഗിച്ചശേഷം വലിച്ചെറിയുന്ന കോടിക്കണക്കിന് ടൺപ്ലാസ്റ്റിക് - ഇലക്ട്രോണിക്ക് മാലിന്യങ്ങൾ ഭൂമിയെ ശ്വാസം മുട്ടിക്കുന്നു. പ്ലാസ്റ്റിക് വിഴുങ്ങി തിമിംഗലങ്ങൾ പോലുള്ള ഭീമാകാരജീവികൾ പോലും ചത്തൊടുങ്ങുന്നു. ശീതീകരണ യന്ത്രങ്ങളും മറ്റും പുറന്തള്ളുന്ന ഹരിതഗൃഹവാതകങ്ങൾ ഈ ഭൂമിയെത്തന്നെ ഒരു ഭീകരമായ ശവപ്പറമ്പാക്കിത്തീർക്കുമോ എന്ന ഭയം വർദ്ധിക്കുന്നു.

പ്രകൃതിയോട് ഇത്രവലിയ ദ്രോഹം ചെയ്യാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നതിൽ ബൈബിളിന് വലിയ പങ്ക് ഉത്തരവാദിത്വമുണ്ട് എന്ന ഒരു കാഴ്ചപ്പാട് പ്രചരിക്കുന്നുണ്ട്. മനുഷ്യനെ ഭൂമിയുടെ അധിപനായി ദൈവം നിശ്ചയിച്ചിരിക്കുന്നു എന്ന വിശ്വാസം തന്നെ അതിനായി എടുത്തുകാട്ടുന്ന ന്യായം. എന്നാൽ ഈ വാദം അർത്ഥശൂന്യമാണെന്നു നാം കണ്ടുകഴിഞ്ഞു. തോന്നിയപോലെ ഉപയോഗിക്കാനും നശിപ്പിക്കാനുമല്ല, കാത്തുസൂക്ഷിക്കാനും സംരക്ഷിക്കാനുമാണ് ദൈവം മനുഷ്യനെ തന്റെ പ്രതിനിധിയായി ഈ ഭൂമിയിൽ ആക്കിയിരിക്കുന്നത്.

ഈ ഉത്തരവാദിത്വം മറന്നുപോകുന്നതാണ് ഇന്നു നാം നേരിടുന്ന ആഗോള പ്രതിസന്ധികളുടെ മുഖ്യകാരണം. അപ്പം തരണേ എന്ന് അപ്പനോടു പ്രാർത്ഥിക്കുമ്പോൾ ഈ ഭൂമിയോട്; ഇതിന്റെ പരിസ്ഥിതികളോട്, ഇതിനെ നിയന്ത്രിക്കുന്ന പ്രപഞ്ചനിയമങ്ങളോട് നമുക്കുള്ള ഉത്തരവാദിത്വവും കടപ്പാടും ഓർമ്മിക്കണം. നാം ഈ പ്രപഞ്ചത്തിന്റെ തന്നെ ഭാഗമാണെന്നും നമ്മുടെ നിലനില്പ് ഈ പ്രപഞ്ചത്തിന്റെ സന്തുലിതാവസ്ഥയെ ആശ്രയിച്ചിരിക്കുന്നു എന്നും മറക്കരുത്.

### 4. അപ്പം - പ്രലോഭനം

"*പ്രലോഭകൻ അവനോടു പറഞ്ഞു: നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകൾ അപ്പമാകാൻ പറയുക. അവൻ പ്രതിവചിച്ചു: മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു*

*പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്*" (മത്താ 4,3-4).

"*ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ*", എന്ന കർത്തൃപ്രാർത്ഥനയിലെ ആറാമത്തെ യാചന പ്രലോഭനം എന്ന വിഷയത്തെ നേരിട്ട് അവതരിപ്പിക്കുന്നുണ്ട്. ആ യാചന വിശദമായി പിന്നീട് പഠനവിഷയമാക്കുന്നതിനാൽ അപ്പം എന്ന പ്രമേയം ഉയർത്തുന്ന പ്രലോഭനത്തിന്റെ ചില വശങ്ങൾ മാത്രമേ ഇവിടെ ചർച്ച ചെയ്യുന്നുള്ളൂ.

ദൈവപ്രമാണങ്ങൾ ലംഘിക്കാൻ, ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിക്കാൻ, അതുവഴി ദൈവത്തെ ധിക്കരിക്കാനും നിഷേധിക്കാനും, ആത്യന്തികമായി ദൈവത്തിന്റെ സ്ഥാനം സ്വന്തമാക്കാനുമുള്ള പ്രേരണയാണ് പ്രലോഭനം. വിവിധങ്ങളായ സാഹചര്യങ്ങൾ പ്രലോഭനത്തിനു കാരണമാകാം. എന്നാൽ എല്ലാ പ്രലോഭനങ്ങളുടെയും മൂലകാരണം സാത്താൻ എന്നും പിശാചെന്നും വിശേഷിപ്പിക്കുന്ന തിന്മയുടെ ശക്തിയാണ്. ജീവസന്ധാരണത്തിനുവേണ്ടി ദൈവം കനിഞ്ഞു നല്കുന്ന അപ്പം തന്നെ പ്രലോഭനഹേതുവാകാം എന്ന തിരിച്ചറിവ് ഭയാനകമാണ്; അതിനാൽത്തന്നെ അതീവ ജാഗ്രത ആവശ്യപ്പെടുകയും ചെയ്യുന്നു.

ജോർദ്ദാനിൽ വച്ച് പരിശുദ്ധാത്മാഭിഷേകവും ദൈവപുത്രൻ എന്ന പ്രഖ്യാപനവും സ്വീകരിച്ച യേശു മരുഭൂമിയിലെ ഉപവാസത്തിലൂടെ പരസ്യജീവിതത്തിന് ഒരുങ്ങി. ഇവിടെ ആദ്യമേ നേരിടുന്ന പ്രലോഭനം അപ്പത്തിന്റേതാണ്. സ്വന്തം വിശപ്പടക്കാനുള്ള എളുപ്പമാർഗ്ഗമായാണ് കല്ലുകളെ അപ്പമാക്കാനുള്ള ആഹ്വാനം അവതരിപ്പിച്ചിരിക്കുന്നത്. ദൈവപുത്രനാണെങ്കിൽ തനിക്ക് അതിനു കഴിയും എന്ന ചിന്തയും കടന്നുവരുന്നു. സ്വന്തം വിശപ്പടക്കുക മാത്രമല്ല, ജനകോടികൾക്ക് എളുപ്പമാർഗ്ഗത്തിൽ അപ്പം ലഭ്യമാക്കുക, അതുവഴി അവർക്കു രക്ഷ നല്കുക; അവരുടെ നേതാവും രക്ഷകനും ആവുക. ഇതാണ് ആദ്യ പ്രലോഭനം.

അനേകം മുനകളുള്ള ഒരു പ്രലോഭനമാണ് ഇവിടെ അവതരിപ്പിക്കുന്നത്. മനുഷ്യന്റെ സകല ആവശ്യങ്ങളും ഭൗതികമായ അപ്പത്തിൽ ഒതുക്കുക; ഭൗതികാഹാരം നല്കുന്നതിലൂടെ മനുഷ്യരുടെ മേൽ ആധിപത്യം ഉറപ്പിക്കുക. ഇതാണ് പ്രലോഭനത്തിന്റെ ഒരുവശം. അതോടൊപ്പം, ദൈവഹിതം എന്തെന്നാരായാതെ സ്വന്തം താല്പര്യങ്ങളും തീരുമാനങ്ങളും ദൈവഹിത

മായി കരുതുക എന്ന കൂടുതൽ അപകടകരമായൊരു ചിന്തയും ഈ പ്രലോഭനത്തിലുണ്ട്. യേശുവിന്റെ മറുപടി പ്രലോഭകന്റെ യഥാർത്ഥ ചിത്രം വ്യക്തമാക്കുന്നു; അതോടൊപ്പം എങ്ങനെയാണ് പ്രലോഭനത്തെ വിജയിക്കുക എന്നു പഠിപ്പിക്കുകയും ചെയ്യുന്നു. അപ്പം മാത്രം പോരാ; ദൈവത്തിന്റെ വചനമാണ് മനുഷ്യനു കൂടുതൽ ആവശ്യം.

യേശുവിൽ തുടങ്ങിയതല്ല ഈ പ്രലോഭനം. മരുഭൂമിയിലൂടെയുള്ള യാത്രാമധ്യേ അനേകം തവണ ഇസ്രായേൽ ജനം ഈ പ്രലോഭനം നേരിടുകയുണ്ടായി. വിശപ്പിന്റെ വിളിയായാണിതു തുടങ്ങിയത്. ആഹാരം കിട്ടാതെ വലഞ്ഞപ്പോൾ ജനം തങ്ങൾ ഈജിപ്തിൽ അനുഭവിച്ചിരുന്ന അടിമത്തത്തിന്റെ ക്ലേശങ്ങൾ മറന്നു. അവർ മോശയ്ക്കും അഹറോനും എതിരേ പിറുപിറുത്തു: "*... സമൂഹം മുഴുവനെയും പട്ടിണിയിട്ടു കൊല്ലാനായി ഞങ്ങളെ ഈ മരുഭൂമിയിലേക്കു നിങ്ങൾ കൊണ്ടുവന്നിരിക്കുന്നു!*" (പുറ 16,2-3).

വിശപ്പടക്കാൻ ആഹാരമായി ദൈവം ആകാശത്തു നിന്നു മന്ന വർഷിച്ചു. അപ്പോൾ പ്രലോഭനം വേറൊരു വിധത്തിൽ വീണ്ടും തലപൊക്കി, ആർത്തിയും വ്യഗ്രതയുമായി. ഓരോ ദിവസത്തേക്കും ആവശ്യമായതു മാത്രമേ ശേഖരിക്കാവൂ എന്നു മോശ പറഞ്ഞിരുന്നെങ്കിലും ചിലർ ഏറെ വാരിക്കൂട്ടി. ചിലർക്കു വളരെ കുറച്ചു മാത്രമേ കിട്ടിയുള്ളൂ. ഇതാണ് പ്രലോഭനത്തിന്റെ മറ്റൊരു വശം, സമൂഹത്തിൽ ഉച്ചനീചത്വം; അപരന്റെ ആവശ്യം പരിഗണിക്കാതെ വാരിക്കൂട്ടി സമ്പന്നരാകാനുള്ള ശ്രമം. പക്ഷേ അവിടെ ദൈവം വീണ്ടും ഇടപെട്ടു. കൂടാരത്തിൽ കൊണ്ടുവന്ന് അളന്നുനോക്കിയപ്പോൾ "*കൂടുതൽ ശേഖരിച്ചവർക്കു കൂടുതലോ, കുറച്ചു ശേഖരിച്ചവർക്കു കുറവോ ഉണ്ടായിരുന്നില്ല. ഓരോരുത്തനും ശേഖരിച്ചത് അവനു ഭക്ഷിക്കാൻ മാത്രമുണ്ടായിരുന്നു*" (പുറ 16,18). അങ്ങനെ മനുഷ്യന്റെ ആർത്തിക്ക് ദൈവം തടയിട്ടു.

രണ്ടാമത്തെ പ്രലോഭനമായിരുന്നു ഭാവിയെക്കുറിച്ചുള്ള വ്യഗ്രത. ഇന്നു മന്ന കിട്ടി; നാളെ കിട്ടും എന്നതിന് എന്താണുറപ്പ്? അതിനാൽ ചിലർ ശേഖരിച്ച മന്നായിൽ കുറച്ച് നാളത്തേക്കുവേണ്ടി മാറ്റിവച്ചു. ദൈവപരിപാലനയിൽ ആശ്രയിക്കാതെ, സ്വന്തം സമ്പാദ്യത്തിൽ മാത്രം ആശ്രയിക്കുന്ന വിശ്വാസരാഹിത്യമാണിവിടെ പ്രകടമാകുന്നത്. അതിനും കിട്ടി ഉടനെ ദൈവ

ത്തിന്റെ മറുപടി. "*ചിലർ അതിൽനിന്ന് ഒരു ഭാഗം പ്രഭാതത്തി ലേക്കു നീക്കിവച്ചു. അതു പുഴുത്തു മോശമായി*" (പുറ 16, 20).

അനുദിനം അധ്വാനിക്കുക, ആവശ്യത്തിനു മാത്രം എടുക്കുക, മറ്റുള്ളവർക്ക് അർഹമായതു സ്വന്തമാക്കാതിരിക്കുക, ദൈവപരി പാലനയിൽ ആശ്രയിക്കുക - ഇതെല്ലാമാണ് മന്നായുമായി ബ ന്ധപ്പെട്ട ബൈബിൾ നല്കുന്ന ഒരു പാഠം; എന്നാൽ അതു മാത്രമല്ല.

ആദ്യമാദ്യം മന്നാ കിട്ടിയപ്പോൾ ഇസ്രായേൽക്കാർ അതു വളരെ സന്തോഷത്തോടെ സ്വീകരിച്ചു. അതിന്റെ രുചി അവർക്ക് ഏറെ ഇഷ്ടമായി. സ്വർഗ്ഗത്തിൽ നിന്നു വന്ന, മാലാഖമാരുടെ അപ്പം എന്നു അവർ അതിനെ വിശേഷിപ്പിച്ചു. "*അവർക്കു ഭക്ഷിക്കാൻ അവിടുന്ന് മന്നാ വർഷിച്ചു; സ്വർഗ്ഗീയ ധാന്യം അവർക്കു നല്കി. മനുഷ്യൻ ദൈവദൂതന്മാരുടെ അപ്പം ഭക്ഷിച്ചു*" (സങ്കീ 78,24-25). എന്നാൽ ദിവസങ്ങളും മാസങ്ങളും കടന്നുപോയി. എല്ലാ ദിവ സവും ഒരേ ആഹാരം തന്നെ കഴിച്ച് അവർക്കു മടുത്തു. അത് പ്രതിഷേധമായി പുറത്തുവന്നു. ഈജിപ്തിൽ ലഭിച്ചിരുന്ന രുചി കരമായ ഭക്ഷണത്തിന്റെ ഓർമ്മ മന്നായുമായി താരതമ്യം ചെയ്തു. അവർ മോശക്കെതിരേ കലഹിച്ചു. "*ഇവിടെ ഞങ്ങ ളുടെ പ്രാണൻ പോകുന്നു. ഈ മന്നായല്ലാതെ മറ്റൊന്നും കാണാ നില്ല*" (സംഖ്യ 11,6). കലഹവും വിലാപവും, ശാപവും പ്രതി ഷേധവുമായി: "*ഈ മരുഭൂമിയിൽ മരിക്കാൻ നീ ഞങ്ങളെ ഈ ജിപ്തിൽ നിന്നു കൊണ്ടുവന്നതെന്തിന്? ഇവിടെ അപ്പമോ വെള്ളമോ ഇല്ല; ഈ വിലകെട്ട മന്നാ തിന്നു ഞങ്ങൾ മടുത്തു*" (സംഖ്യ 21,5).

മാലാഖമാരുടെ അപ്പം ഇപ്പോൾ വിലകെട്ട മന്നാ ആയി. ഇതു പോരാ. ഞങ്ങൾക്കു ഭക്ഷിക്കാൻ ഇറച്ചിവേണം. അതാണവരുടെ ആവശ്യം. "*ആരാണു ഞങ്ങൾക്കു ഭക്ഷിക്കാൻ മാംസം തരുക?*" (സംഖ്യ 11,5). അപ്പം എന്ന പ്രമേയം ഉൾക്കൊള്ളുന്ന മറ്റൊരു പ്രലോഭനമാണിത്, സുഖേച്ഛ അഥവാ ഭോഗാസക്തി. വിശപ്പട ക്കാനും ജീവൻ നിലനിർത്താനും പരിപോഷിപ്പിക്കാനും ആവ ശ്യമായ വസ്തു എന്നതിനപ്പുറം എല്ലാ ആഗ്രഹങ്ങളും ആസ ക്തികളും ശമിപ്പിക്കാൻ ആവശ്യമായ ഉപകരണം എന്ന നില യിൽ അപ്പം ഇവിടെ പരിഗണിക്കപ്പെടുന്നു. ഭക്ഷണത്തിനു രുചി പോരാ, ജീവിതസൗകര്യങ്ങൾ തികയുന്നില്ല. ഒരിക്കലും തൃപ്തി

യാവാത്ത ആഗ്രഹങ്ങളുടെയും ആസക്തികളുടെയും മുമ്പിൽ അപ്പം എന്ന പ്രമേയം ഒരു പ്രലോഭനമായിത്തീരുന്നു.

മരുഭൂമിയിലേക്കു മടങ്ങിവരാം. ദൈവം ജനത്തിന്റെ പിറുപിറുപ്പും പ്രതിഷേധവും കേട്ടു; മറുപടിയും നല്കി. അവരുടെ അതിരുകവിഞ്ഞ ആഗ്രഹങ്ങൾ തന്നെ അവർക്ക് മരുഭൂമിയിൽ ശവക്കുഴി ഒരുക്കുന്നതായിരുന്നു ദൈവം നല്കിയ മറുപടി. "*കർത്താവു നിങ്ങൾക്കു മാംസം തരും, നിങ്ങൾ ഭക്ഷിക്കുകയും ചെയ്യും. ഒന്നോ രണ്ടോ അഞ്ചോ പത്തോ ഇരുപതോ ദിവസത്തേക്കല്ല നിങ്ങൾ അതു തിന്നുക. നിങ്ങളുടെ മൂക്കിലൂടെ പുറത്തുവന്ന് ഓക്കാനം വരുന്നതുവരെ ഒരു മാസത്തേക്ക് നിങ്ങൾ അതു ഭക്ഷിക്കും*" (സംഖ്യ 11,20).

കർത്താവു വാക്കു പാലിച്ചു. കടലിൽനിന്നാഞ്ഞു വീശിയ കാറ്റിന്റെ ചിറകിൽ കോടിക്കണക്കിന് കാടപ്പക്ഷികൾ വന്നു, കൂടാരങ്ങളുടെ ചുറ്റും വീണു. ആർത്തിപൂണ്ട മനുഷ്യർ അവയെ വാരിക്കൂട്ടി പാകംചെയ്തു വിഴുങ്ങി. തീറ്റ അധികമായി. തിന്നുതിന്ന് ഓക്കാനിച്ചു, ഛർദ്ദിച്ചു; ഛർദ്ദിൽ കിടന്നു അനേകർ ചത്തു (സംഖ്യ 11,31-35). അപ്പത്തിന്റെ പ്രലോഭനം കൊണ്ടുചെന്നെത്തിക്കുന്ന ദുരന്തത്തിന്റെ നേർക്കാഴ്ച. അവരെ കുഴിച്ചിട്ട സ്ഥലത്തിന് "*കിബ്രോത്ത് ഹത്താവാ*" എന്ന പേരിട്ടു. "*അത്യാഗ്രഹത്തിന്റെ ശവക്കുഴി*" എന്നർത്ഥം.

പണ്ടെങ്ങോ നടന്ന ഒരു സംഭവത്തിന്റെ വിവരണം മാത്രമല്ല ഇത്. അപ്പവുമായി ബന്ധപ്പെട്ട് എന്നും പ്രസക്തമായ പ്രലോഭനത്തിന്റെ ഒരു നേർക്കാഴ്ച ഇവിടെ കാണാം. ആധുനിക ലോകത്തെ അതിസമ്പന്നർ തങ്ങൾക്കുവേണ്ടി ഒരുക്കുന്ന ശവക്കുഴിയായി കിബ്രോത്ത് ഹന്നാവയെ പരിഗണിക്കാനാവും. കിട്ടുന്നതുകൊണ്ട് തൃപ്തിപ്പെടാതെ, ഒരിക്കലും മതി എന്നു പറയാൻ കഴിയാതെ, സുഖഭോഗങ്ങൾക്കായി തേടുന്ന മനുഷ്യൻ ചെന്നെത്താവുന്ന ദുരന്തത്തെക്കുറിച്ചും ഈ സ്ഥലനാമവും അപ്പത്തിന്റെ പ്രമേയവും നമ്മെ അനുസ്മരിപ്പിക്കുന്നു.

സ്വന്തമായി സമ്പാദിച്ച് ആസ്വദിക്കാനുള്ള പ്രലോഭം മാത്രമല്ല, അന്യന്റേതുകൂടി സ്വന്തമാക്കി സമ്പന്നരാകാനുള്ള ശ്രമവും അപ്പം എന്ന പ്രമേയം അവതരിപ്പിക്കുന്ന പ്രലോഭനങ്ങളിൽപ്പെടുന്നു. ആഭ്യന്തരകലാപങ്ങളും ശത്രുരാജ്യങ്ങളുടെ കടന്നാക്രമണങ്ങളും, മതഭീകരർ അഴിച്ചുവിടുന്ന അക്രമങ്ങളും, മതപീഡനങ്ങളും മൂലം

കിടപ്പാടം നഷ്ടപ്പെട്ട്, അഭയാർത്ഥികളായി അലയേണ്ടിവരുന്ന ഹതഭാഗ്യരുടെ കണ്ണീരും നിലവിളിയും "*അപ്പാ അപ്പം തരണേ*" എന്ന യാചനയിൽ മുഴങ്ങുന്നുണ്ട്. എല്ലാം സ്വന്തമാക്കാൻ ശ്രമിക്കുന്ന ശക്തന്മാരുടെ മുമ്പിൽ എല്ലാം നഷ്ടപ്പെടുന്ന ദരിദ്രർ. എല്ലാം കയ്യടക്കുന്ന ശക്തന്റെ അട്ടഹാസവും വിശന്നുപൊരിയുന്ന പാവപ്പെട്ടവന്റെ ദീനരോദനവും ഈ യാചനയുടെ പിന്നിൽ പ്രതിധ്വനിക്കുന്നതും കേൾക്കാതെ പോകരുത്.

## ചുരുക്കത്തിൽ

പിതാവായ ദൈവത്തിന്റെ മുമ്പിൽ സമർപ്പിക്കുന്ന ഏഴു യാചനകളിൽ നാലാമത്തേത് അപ്പം എന്ന ആവശ്യമാണ് ഉന്നയിക്കുന്നത്. ആദ്യത്തെ മൂന്നു യാചനകൾ മുഖ്യമായും ദൈവിക മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ തുടർന്നുള്ള നാലുയാചനകളും മനുഷ്യന്റെ ഭൗതിക ആവശ്യങ്ങൾക്ക് ഊന്നൽ നല്കുന്നു. അതിൽ ആദ്യത്തേതും ഏറ്റം പ്രധാനപ്പെട്ടതുമാണ് അപ്പം. ജീവൻ നിലനിർത്താനും പരിപോഷിപ്പിക്കാനും ആവശ്യമായ എല്ലാ കാര്യങ്ങളെയും പൊതുവായി സൂചിപ്പിക്കുന്ന ഒരു വാക്കാണ് അപ്പം. അപ്പവും ആഹാരവും ഒരേ യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്നു.

മത്തായിയും ലൂക്കായും ഈ യാചന അവതരിപ്പിക്കുന്നുണ്ട്. അവ തമ്മിലുള്ള വ്യത്യാസങ്ങൾ പ്രമേയത്തിന്റെ ചില പ്രത്യേക വശങ്ങൾക്ക് ഊന്നൽ നല്കുന്നു എന്നല്ലാതെ, അർത്ഥത്തിൽ കാര്യമായ വ്യത്യാസമില്ല. അനുദിനാഹാരവും ആവശ്യമായ ആഹാരവും ഫലത്തിൽ ഒന്നുതന്നെ.

അപ്പം എന്നത് മുഖ്യമായും ഒരു പ്രതീകമാണ്, മനുഷ്യന്റെ ഭൗതികവും ആത്മീയവും, വ്യക്തിപരവും സാമൂഹികവും; കാലികവും നിത്യവുമായ എല്ലാ ആവശ്യങ്ങളുടെയും പ്രതീകം. അപ്പം തരണേ എന്നു യാചിക്കുന്നത് മനുഷ്യനെ ഭിക്ഷാടകനായി തരം താഴ്ത്തുകയല്ല, ദൈവമക്കളുടെ മഹത്വത്തിനും സ്വാതന്ത്ര്യത്തിനും അതേ സമയം ആശ്രയബോധത്തിനും ഊന്നൽ നല്കുകയാണു ചെയ്യുന്നത്.

ദൈവം സൗജന്യമായി നല്കുന്ന ദാനമാണ് അപ്പം. അതോടൊപ്പം മനുഷ്യന്റെ ഉത്തരവാദിത്വങ്ങളെയും ഈ പ്രമേയം അനുസ്മരിപ്പിക്കുന്നു. അധ്വാനിക്കണം; മതി എന്നു പറയാൻ പഠിക്കണം, ആവശ്യം അനുഭവിക്കുന്നവരുമായി പങ്കുവയ്ക്കണം.

ദൈവം സൃഷ്ടിച്ച ഭൂമിയിൽ മനുഷ്യന്റെ അധ്വാനമാണ് അപ്പം വിളയിക്കുന്നത്. ഭൂമിയും അതിലെ വിഭവങ്ങളും ദൈവത്തിന്റേതാണ്; മനുഷ്യൻ അതിന്റെ കാര്യസ്ഥനും കർഷകനും. എല്ലാ ജീവജാലങ്ങൾക്കും ജീവിക്കാനും വികസിക്കാനും കഴിയുംവിധം ഈ ഭൂമിയുടെ സന്തുലിതാവസ്ഥ നിലനിർത്താനും, അതിനു കോട്ടം തട്ടുന്ന യാതൊരുവിധ പ്രവൃത്തിയും പ്രകൃതിചൂഷണവും മനുഷ്യന്റെ ഭാഗത്തുനിന്നും ഉണ്ടാകാതിരിക്കാനും ശ്രദ്ധിക്കണം. പരിസ്ഥിതി സംരക്ഷണവും ഈ യാചനയുടെ ഭാഗം തന്നെ.

അപ്പം എന്ന പ്രമേയം ചില പ്രലോഭനങ്ങളിലേക്കും ശ്രദ്ധ ക്ഷണിക്കുകയും അവയ്ക്കെതിരേ ജാഗ്രത പാലിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ട്. അപ്പം എന്നതു ഭൗതിക മാത്രമായ ഒരു ചിന്താഗതിയിൽ ഒതുക്കരുത്. ഒരിക്കലും തൃപ്തിവരാത്ത, സമൂലനാശത്തിലേക്ക് നയിക്കുന്ന, ഭൂമിയെ അത്യാഗ്രഹികളുടെ ശവപ്പറമ്പാക്കി മാറ്റുന്ന, ആർത്തി വളർത്തുന്ന ഉപഭോഗസംസ്കാരത്തിന് തടയിടാനും ഈ യാചന ഓർമ്മിപ്പിക്കുന്നു. എല്ലാം സ്വന്തമെന്നു കരുതി വാരിക്കൂട്ടി, സ്വാർത്ഥതയുടെ തടവറയിൽ വീർപ്പുമുട്ടി മരിക്കാതിരിക്കാനും, പട്ടിണി കിടക്കുന്ന അയല്ക്കാരനെ ശ്രദ്ധിക്കാതെ വിരുന്നാസ്വദിക്കുന്നതിലെ അപകടം ഗ്രഹിക്കാനും ഈ യാചന ആഹ്വാനം ചെയ്യുന്നു. അധ്വാനിക്കുന്നവന്റെ വിയർപ്പും പീഡിതന്റെ ചോരയും വിശന്നുവലയുന്നവന്റെ കണ്ണീരും കലർന്നതാണ് ഞാൻ ഭക്ഷിക്കുന്ന അപ്പം എന്നും "*അപ്പം തരണേ*" എന്നു പ്രാർത്ഥിക്കുമ്പോൾ ഓർമ്മിക്കണം. പങ്കുവയ്ക്കാതെ ഭക്ഷിക്കുന്ന അപ്പം ജീവന്റെ ആഹാരമല്ല, നിത്യനാശം വരുത്തുന്ന വിഷമായിത്തീരുമെന്നും ഈ യാചന നമ്മെ അനുസ്മരിപ്പിക്കുന്നു.

# 9

## ക്ഷമ - മാപ്പ്

യേശു പഠിപ്പിച്ച പ്രാർത്ഥനയിലെ അഞ്ചാമത്തെ യാചന മാപ്പിരക്കുന്നതാണ്. ദൈവത്തെ പിതാവേ എന്നു വിളിച്ചുകൊണ്ടു തുടങ്ങുന്ന പ്രാർത്ഥനയിലെ ആദ്യത്തെ മൂന്നു യാചനകൾ "*അങ്ങയുടെ*" എന്ന ആമുഖത്തോടെ തുടങ്ങുമ്പോൾ തുടർന്നുള്ള നാലു യാചനകൾ "*ഞങ്ങളുടെ*" എന്ന വിശേഷണത്തോടെ ആരംഭിക്കുന്നു. അതിനാൽ യാചനകളുടെ ഈ രണ്ടാം ഭാഗം മുഖ്യമായും മനുഷ്യന്റെ ആവശ്യങ്ങൾക്കും മനുഷ്യൻ നേരിടുന്ന പ്രതിസന്ധികൾക്കും ഊന്നൽ നല്കുന്നു എന്നു വ്യക്തം. ഈ നാലു യാചനകളിൽ രണ്ടാമത്തേതാണ് തുടർന്നു പഠനവിഷയമാക്കുന്നത്.

മത്തായിയും ലൂക്കായും ഈ യാചന അവതരിപ്പിക്കുന്നുണ്ട്. എന്നാൽ രണ്ടവതരണങ്ങളും തമ്മിൽ ശ്രദ്ധേയമായ ചില വ്യത്യാസങ്ങളുമുണ്ട് എന്നു താഴെ കൊടുത്തിരിക്കുന്ന താരതമ്യത്തിൽ നിന്നു കാണാൻ കഴിയും.

മത്താ 6,2: "*ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ.*"

ലൂക്കാ 11,4: "*ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ. എന്തെന്നാൽ ഞങ്ങളുടെ കടക്കാരോട് ഞങ്ങളും ക്ഷമിക്കുന്നു*".

കേരള കത്തോലിക്കാസഭ ഔദ്യോഗികമായി 1981-ൽ പ്രസിദ്ധീകരിച്ച പി.ഒ.സി. ബൈബിൾ വിവർത്തനമാണിത്. 2018-ൽ പ്രസിദ്ധീകരിച്ച പുതിയ വിവർത്തനത്തിൽ മത്തായിയുടെ സുവിശേഷത്തിലെ പ്രാർത്ഥന പഴയതുപോലെ തന്നെ നിലനിർത്തുമ്പോൾ, ലൂക്കായുടെ സുവിശേഷത്തിലെ ഈ യാചനയുടെ രണ്ടാം ഭാഗത്തിൽ അല്പം മാറ്റം വരുത്തിയിട്ടുണ്ട്.

ലൂക്കാ 11,4 "*ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ. കാരണം ഞങ്ങളുടെ എല്ലാ കടക്കാരോടും ഞങ്ങൾ ക്ഷമിക്കുന്നു*".

ഇതു പി.ഒ.സി. വിവർത്തനത്തിന്റെ മാത്രം പ്രശ്നമല്ല. സാധാരണമായി വീടുകളിൽ കുടുംബപ്രാർത്ഥനയുടെ ഭാഗമായും വ്യക്തികൾ തനിച്ചും പ്രാർത്ഥിക്കുമ്പോൾ ഉപയോഗിക്കുന്ന വാക്കുകളും ദേവാലയത്തിൽ വി. കുർബ്ബാനയുടെ മധ്യേ പ്രാർത്ഥിക്കുമ്പോൾ ഉപയോഗിക്കുന്ന വാക്കുകളും തമ്മിലും വ്യത്യാസമുണ്ട്. അതുപോലെ തന്നെ, സീറോ മലബാർ കുർബ്ബാനയിലും ലത്തീൻ കുർബ്ബാനയിലും ഈ യാചന അവതരിപ്പിക്കുന്നതിലും ചില വ്യത്യാസങ്ങൾ കാണആം.

"*ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ*" എന്നാണ് സാധാരണ ജനം പൊതുവേ പ്രാർത്ഥിക്കുന്നത്. "*ഞങ്ങളോടു തെറ്റു ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ*" എന്ന ലത്തീൻ കുർബ്ബാനയിൽ പ്രാർത്ഥിക്കുന്നു. സീറോ മലബാർ കുർബ്ബാനയിലാകട്ടെ, "*ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ*" എന്നായിരുന്നു അടുത്ത കാലം വരെ പ്രാർത്ഥിച്ചിരുന്നത്. സെപ്റ്റംബർ 2021-ൽ പ്രസിദ്ധീകരിച്ച പുതിയ കുർബ്ബാനക്രമത്തിൽ "*ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ*" എന്നു മാറ്റിയിരിക്കുന്നു.

ക്ഷമിക്കുക, അഥവാ മാപ്പു നല്കുക എന്നതാണ് ഈ യാചനയുടെ മുഖ്യപ്രമേയം. ദൈവത്തോടു ക്ഷമ യാചിക്കുന്നു; അതോടൊപ്പം അയല്ക്കാരോടു ക്ഷമിക്കുന്നു എന്നും പറയുന്നു. ഇവിടെ ക്ഷമ അഥവാ മാപ്പ് എന്ന വിഷയത്തിന്റെ കാര്യത്തിൽ സംശയത്തിനിടയില്ല. എന്നാൽ എന്തു ക്ഷമിക്കാനാണ് ദൈവത്തോടു യാചിക്കുന്നത്, എന്താണ് അയല്ക്കാരനോടു ക്ഷമിക്കുന്നത് എന്ന വിഷയത്തിൽ അവ്യക്തത നിലനില്ക്കുന്നു. തെറ്റ്, കടം, പാപം എന്നീ മൂന്നു വാക്കുകൾ അതിനായി ഉപയോഗിക്കുന്നതു കാണാം.

ദൈവം ക്ഷമിക്കുന്നതും അയല്ക്കാരോടു ക്ഷമിക്കുന്നതും തമ്മിലുള്ള ബന്ധത്തിലും വിവർത്തനങ്ങൾ തമ്മിൽ വ്യത്യാസങ്ങളുണ്ട്. എന്താണ് ഈ ബന്ധം? ഇവിടെ രണ്ടു സാധ്യതകളാണ് ആദ്യമേ ശ്രദ്ധയിൽപ്പെടുന്നത് "*കൊണ്ട്*" എന്ന വാക്കി

ലൂടെ ദൈവം ക്ഷമിക്കുന്നതിന്റെ അടിസ്ഥാനവും കാരണവുമായി ഞാൻ അയല്ക്കാരനോടു ക്ഷമിക്കുന്നത് ബന്ധപ്പെടുത്തിയിരിക്കുന്നു. എന്നാൽ "*പോലെ*" വിശേഷണം ഉപയോഗിക്കുമ്പോൾ രണ്ടും തമ്മിൽ ഒരു താരതമ്യമാണ് അവതരിപ്പിക്കുന്നത് എന്ന പ്രതീതി ലഭിക്കുന്നു. ഞാൻ അയല്ക്കാരനോടു ക്ഷമിച്ചതുകൊണ്ടാണോ ദൈവം എന്നോടു ക്ഷമിക്കണം എന്നു ഞാൻ പ്രാർത്ഥിക്കുന്നത്? അതോ ഞാൻ എന്തുമാത്രം ക്ഷമിക്കുന്നുവോ അത്രമാത്രം എന്നോടും ക്ഷമിക്കണം എന്നാണോ യാചന?

ഏറേ സംശയങ്ങളും ആശയക്കുഴപ്പങ്ങളും നിലനില്ക്കുന്ന ഒരു വിഷയമാണിത്. വിവിധ ഭാഷകളിലുള്ള ബൈബിൾ വിവർത്തനങ്ങളിലും, ഓരോ ഭാഷയിൽത്തന്നേയുള്ള വിവിധ വിവർത്തനങ്ങളിലും ആരാധനക്രമങ്ങളിലും ഈ അവ്യക്തത തുടരുന്നു. അതിനാൽ വിശദമായൊരു പഠനം ഇവിടെ ആവശ്യമായി വരുന്നു. ഗ്രീക്കു മൂലത്തിലെ അർത്ഥവും അതിന്റെ വിവധ വിവർത്തന സാധ്യതകളും അപഗ്രഥിച്ചതിനുശേഷം പാപം, ക്ഷമ എന്നീ മുഖ്യ പ്രമേയങ്ങൾ പഠനവിഷയമാക്കാനാണ് തുടർന്നു ശ്രമിക്കുന്നത്.

## 1. പാപം - കടം - തെറ്റ്: വിവർത്തനങ്ങളിൽ

പുതിയനിയമം നമുക്കു ലഭിച്ചിരിക്കുന്നത് മൂലഭാഷയായ ഗ്രീക്കിലാണ്. യേശു സംസാരിച്ചത് അരമായ ഭാഷയാണെങ്കിലും സുവിശേഷങ്ങൾ നാലും വിരചിതമായത് അന്നു പൊതുവേ സംസാരഭാഷയായിരുന്ന ഗ്രീക്കിലാണ്; അതും സാമാന്യ ജനങ്ങളുടെ *ഭാഷ* എന്നർത്ഥം വരുന്ന "*കൊയ്നേ*" ഗ്രീക്കിൽ. ഗ്രീക്കിൽനിന്നാണ് മറ്റു ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടത്; മലയാളത്തിലേക്കും. അതുകൊണ്ട് യേശുപഠിപ്പിച്ച പ്രാർത്ഥനയിൽ, ഗ്രീക്കുഭാഷയിൽ ഏതൊക്കെ വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്, എന്തൊക്കെ ധ്വനികളാണ് ആ വാക്കുകൾക്കുള്ളത് എന്നു പരിശോധിക്കണം.

മത്തായിയും ലൂക്കായും രണ്ടു വ്യത്യസ്ത പദങ്ങളാണുപയോഗിച്ചിരിക്കുന്നത്. മത്തായിയിൽ "*ഒഫെയ്ലേമെത്താ*" (*കടങ്ങൾ*), "*ഒഫേയ്ലെതായിസ്*" (*കടക്കാരോട്*) എന്നാണു കാണുന്നത്. "*ഒഫെയ്ലോ*" എന്ന ക്രിയാധാതുവിന് "*കടപ്പെട്ടിരിക്കുക*", "*കൊടുക്കാൻ ബാധ്യത ഉണ്ടായിരിക്കുക*" എന്നാണർത്ഥം. ഇങ്ങനെ ആർ കൊടുക്കാൻ ബാധ്യതപ്പെട്ടിരിക്കുന്നുവോ അവരെ

"*കടക്കാർ*" എന്നും കൊടുക്കാൻ ബാധ്യതയുള്ളതെന്തോ അതിനെ "*കടം*" എന്നും വിളിക്കുന്നു. അപ്പോൾ മത്തായിയുടെ അവതരണത്തിൽ സംശയത്തിനിടമില്ല. "*ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണം*". ഇതായിരിക്കണം ശരിയായ വിവർത്തനം. ക്ഷമയെ സംബന്ധിച്ച വിവിധ വശങ്ങൾ പിന്നാലെ കാണുന്നതാണ്.

ഇതാണ് സീറോ മലബാർ കുർബ്ബാനയിൽ എടുത്തിരിക്കുന്നത്. ലത്തീൻക്രമത്തിൽ കടക്കാർ - കടങ്ങൾ എന്നതിനുപകരം "*തെറ്റു ചെയ്യുന്നവർ - തെറ്റുകൾ*" എന്നാണു പ്രാർത്ഥിക്കുന്നത്. ഗ്രീക്കുഭാഷയിലെ "*ഒഫെയ്‌ലേമത്താ*" എന്ന വാക്ക് വുൾഗാത്താ എന്ന ലത്തീൻ വിവർത്തനത്തിൽ ദെബിത്താ (debita) എന്നാണു കാണുന്നത്. ഈ ലത്തീൻ വാക്കിൽ നിന്നാണ് ഡെറ്റ് (debt) എന്ന ഇംഗ്ലീഷ് വാക്കിന്റെ ഉത്ഭവം. അതിനാൽ ഇവിടെയും കടക്കാർ - കടങ്ങൾ എന്ന വിവർത്തനമല്ലേ കൂടുതൽ ഉചിതം എന്ന ചോദ്യം ന്യായമായും ഉന്നയിക്കാവുന്നതാണ്.

ഇംഗ്ലീഷ് വിവർത്തനങ്ങളിലും ഈ പ്രശ്നങ്ങൾ നിലനില്ക്കുന്നുണ്ട്. അതിർത്തി ലംഘിക്കുക, അതിരു കടക്കുക എന്നർത്ഥമുള്ള *ടെസ്പാസ്* (trespass) എന്ന പദമാണ് ഇംഗ്ലീഷിൽ പ്രാർത്ഥനയ്ക്കായി പൊതുവേ ഉപയോഗിക്കുന്നത്. നിഷിദ്ധ മേഖലയിലേക്ക് അതിക്രമിച്ചു കടക്കുന്നതിനെയാണല്ലോ ഈ പദം സൂചിപ്പിക്കുന്നത്. എന്നാൽ ഈ പദം മാത്രമല്ല, പ്രാർത്ഥനകളിൽ ഉപയോഗിക്കുക. കടം എന്നർത്ഥമുള്ള *ഡെറ്റ്* (debt) എന്ന പദം ചുരുക്കമായി ഉപയോഗിക്കാറുണ്ട്. എന്നാൽ അതിനേക്കാളധികം "പാപം" എന്നർത്ഥമുള്ള *സിൻ* (Sin) എന്ന പദം ഉപയോഗിച്ചു കാണുന്നു. ഈ ആശയക്കുഴപ്പം ഇംഗ്ലീഷിലെ പ്രമുഖ ബൈബിൾ വിവർത്തനങ്ങളിലും കാണാം.

ഉദാഹരണത്തിന് KJV (King James Version), NIV (New International Version), NAB (New American Bible), JB (Jerusalem Bible), RSV (Revised Standard Version), NRSV (New Revised Standard Version), CB (Community Bible) എന്നിവയെല്ലാം കടം എന്നർത്ഥമുള്ള "debt" എന്ന പദമാണുപയോഗിക്കുന്നത്. എന്നാൽ NEB (New English Bible), GNB (Good News Bible) എന്നിവ തെറ്റ് എന്നർത്തമുള്ള Wrong എന്ന പദം ഉപയോഗിക്കുന്നു. PSB (People's Study Bible) പാപം - Sin - എന്ന പദം

ഉപയോഗിക്കുന്നു. ഈ താരതമ്യപഠനത്തിൽനിന്ന് കടം എന്ന പദമാണ് ഇംഗ്ലീഷ് വിവർത്തനങ്ങൾ കൂടുതലായും ഉപയോഗിക്കുന്നത് എന്നു കാണാം.

മറ്റു ഭാഷകളിലും ഈ പ്രശ്നം നിലനില്ക്കുന്നുണ്ട്. കത്തോലിക്കരും പ്രോട്ടസ്റ്റന്റുകാരും സംയുക്തമായി ഫ്രഞ്ചിലേക്കു തർജ്ജമ ചെയ്ത എക്കുമേനിക്കവൽ എഡിഷനിൽ "തെറ്റ്" എന്നർത്ഥമുള്ള *തോർ* (tort) എന്ന് പദമാണുപയോഗിക്കുന്നത്. ജർമ്മൻ ഭാഷയിൽ പ്രസിദ്ധീകരിച്ച എക്കുമേനിക്കൽ എഡീഷനിൽ "കുറ്റം" എന്നർത്ഥമുള്ള *ഷുൾഡ്* (Schuld) എന്ന പദം ഉപയോഗിക്കുന്നു. "കടം" എന്നും വിവർത്തനം ചെയ്യാവുന്നതാണ് ഈ പദം. കടപ്പെട്ടിരിക്കുന്നു - കടക്കാരൻ എന്നും, കുറ്റം ചെയ്തവൻ - കുറ്റവാളി എന്നും അർത്ഥമുള്ളതാണ് ഈ പദം. ഇറ്റാലിയൻ ഭാഷയിൽ സംശയ്തിതനു പഴുത്തില്ലാത്ത കടം - കടക്കാർ എന്നർത്ഥമുള്ള debita - debitori എന്ന പദങ്ങളാണ് ഉപയോഗിക്കുന്നത്.

ഇതുപോലൊരു വൈവിധ്യം മലയാള വിവർത്തനങ്ങളിലും നിലനില്ക്കുന്നുണ്ട്. പ്ശിത്താ (മാന്നാനം, 1978; വടവാതൂർ 1987), ഓശാന (പാലാ 1983) എന്നിവ തെറ്റു ചെയ്യുന്നവർ - തെറ്റ് എന്നു വിവർത്തനം ചെയ്യുന്ന സത്യവേദ പുസ്തകം (1910), പി.ഒ.സി. ബൈബിൾ (1981) എന്നിവ കടങ്ങൾ - കടക്കാർ എന്നാണ് വിവർത്തനം ചെയ്യുന്നത്.

വളരെ ഹ്രസ്വമായ ഈ അന്വേഷണത്തിൽ നിന്ന് ഒരു നിഗമനത്തിലെത്താൻ കഴിയും. മത്തായി എഴുതിയ സുവിശേഷത്തിലെ കർത്തൃപ്രാർത്ഥനയിൽ ഞങ്ങളുടെ കടക്കാരോട് - അഥവാ ഞങ്ങളോട് കടപ്പെട്ടിരിക്കുന്നവരോട് - ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും "ക്ഷമിക്കണമേ" എന്ന വിവർത്തനമാണ് കൂടുതൽ സ്വീകാര്യം. എന്നാൽ ഇതുകൊണ്ടൊന്നും ചോദ്യത്തിന് ഉത്തരം പൂർണ്ണമായില്ല. കടങ്ങൾ എന്നാണ് ബൈബിളിലെങ്കിൽ പിന്നെ "പാപങ്ങൾ" എവിടെ നിന്നു വന്നു? എന്താണതിനർത്ഥം? ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ലൂക്കാ എഴുതിയ സുവിശേഷത്തിലേക്കു ശ്രദ്ധ തിരിക്കണം.

ലൂക്കായുടെ സുവിശേഷത്തിലെ കർത്തൃപ്രാർത്ഥന താരതമ്യേന ഹ്രസ്വമാണെന്നും അതിന്റെ കാരണമെന്തെന്നും ആരംഭ

ത്തിൽ പറഞ്ഞുവച്ചു. ചോദ്യവിഷയമായ യാചന: "ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ. എന്തെന്നാൽ ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നു" എന്നാണ് പി.ഒ.സി. വിവർത്തനം. ഇവിടെ ദൈവമനുഷ്യബന്ധത്തിലും മനുഷ്യർ പരസ്പരമുള്ള ബന്ധത്തിലും വരുന്ന വീഴ്ചകളെ സൂചിപ്പിക്കാൻ രണ്ടു പദങ്ങളാണുപയോഗിച്ചിരിക്കുന്നത് എന്നതാണ് ആദ്യമേ ശ്രദ്ധയിൽപ്പെടുന്നത്.

ദൈവത്തോട് ക്ഷമ യാചിക്കുന്നത് പാപങ്ങൾക്കുവേണ്ടിയാണ് - "*ഹമർത്തിയാ*" എന്നു ഗ്രീക്കുമൂലം. ദൈവത്തോടുള്ള ബന്ധത്തിൽ മനുഷ്യൻ വരുത്തുന്ന വീഴ്ചകളാണ് *ഹമർത്തിയാ*, അഥവാ "പാപം" എന്ന പദം സൂചിപ്പിക്കുന്നത്. ഇതിന്റെ തന്നെ വിവിധ മേഖലകൾ കൂടുതൽ വിശദമായ പഠനം ആവശ്യപ്പെടുന്നുണ്ട്. അതിലേക്കു പിന്നീട് വരാം. പ്രാർത്ഥനയിൽ "*പാപങ്ങൾ*" എന്നു പറയാൻ കാരണം ലൂക്കായുടെ സുവിശേഷത്തിലെ ഈ പ്രയോഗമാണെന്നതിൽ സംശയമില്ല. മിക്കവാറും എല്ലാ മലയാള വിവർത്തനങ്ങളും ഈ രണ്ടു വ്യത്യസ്ത പദങ്ങൾ ഉപയോഗിക്കുന്നു.

ഇറ്റാലിയൻ, ജർമ്മൻ, ഫ്രഞ്ച് ഭാഷകളിലെ ഔദ്യോഗിക -കത്തോലിക്കാ-ഏക്കുമേനിക്കൽ വിവർത്തനങ്ങളിലെല്ലാം പാപം - കടക്കാർ എന്ന വ്യത്യാസം നിലനിർത്തിയിട്ടുണ്ട്. ഇംഗ്ലീഷിലും ഭൂരിഭാഗം വിവർത്തനങ്ങളിലും പാപം - കടക്കാർ (Sin - debtors) എന്ന വ്യത്യാസം കാണാം. എന്നാൽ GN, NEB എന്നിവ ഞങ്ങളുടെ പാപങ്ങൾ (Sin), ഞങ്ങളോട് തെറ്റു ചെയ്തവർ (done wrong) എന്നാണ് വിവർത്തനം ചെയ്യുന്നത്. PSB പാപം - പാപം ചെയ്യുന്നവർ എന്ന് രണ്ടുതവണയും 'Sin' എന്ന പദം തന്നെ ഉപയോഗിക്കുന്നു.

ബാഹ്യമാത്രമായ ഈ അന്വേഷണത്തിൽ നിന്ന് വ്യക്തമായ ഒരു നിഗമനം ഉരുത്തിരിയുന്നു. യേശു പഠിപ്പിച്ച പ്രാർത്ഥനയ്ക്ക് രണ്ടു പതിപ്പുകളുണ്ട്. മത്തായി എഴുതിയ സുവിശേഷത്തിൽ കാണുന്ന കൂടുതൽ ദീർഘവും അതേ സമയം സെമിറ്റിക് -ശൈലി ഉൾക്കൊള്ളുന്നതുമായ അവതരണമാണ് മൂലത്തോട് കൂടുതൽ വിശ്വസ്തത പുലർത്തുന്നത്. ലൂക്കായുടെ സുവിശേഷത്തിൽ അനുവാചകർക്ക് എളുപ്പം ഗ്രഹിക്കാൻ പറ്റുന്നവിധത്തിൽ ആവർത്തനങ്ങൾ ഒഴിവാക്കി അവതരിപ്പിച്ചിരിക്കുന്നു. പാപം- കടം എന്ന

രണ്ടു വാക്കുകൾ വരുന്നത് ലൂക്കായുടെ സുവിശേഷത്തിൽ നിന്നാണ്. മത്തായിയുടെ സുവിശേഷത്തെ മാത്രം ആധാരമാക്കി പ്രാർത്ഥന എടുത്തവർ കടങ്ങൾ എന്നു മാത്രം പറയുന്നു. ഇനി എന്താണ് ഈ കടങ്ങൾ? എന്താണ് പാപങ്ങൾ: അതിന് അല്പം കൂടി ആഴമേറിയ വിശകലനം ആവശ്യമുണ്ട്. അതിലേക്കാണ് അടുത്തതായി ശ്രദ്ധ തിരിക്കുന്നത്.

**2. കടങ്ങളും പാപങ്ങളും: വേരുകൾ തേടി**

കർത്തൃപ്രാർത്ഥനയിൽ പാപങ്ങൾക്കു ക്ഷമയാചിക്കുന്നത് എന്തുകൊണ്ടാണ് പലവിധത്തിലായത് എന്ന ചോദ്യം ബൈബിളിന്റെ വെളിച്ചത്തിൽ കൂടുതൽ അടുത്തും ആഴത്തിലും പരിശോധിക്കേണ്ടതുണ്ട് എന്നു പറഞ്ഞുവച്ചു. മത്തായിയും ലൂക്കായും രണ്ടുവിധത്തിലാണ് ഈ പ്രാർത്ഥന അവതരിപ്പിച്ചിരിക്കുന്നത്. "*ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതു(ക്ഷമിക്കുന്നതു)പോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണം*" എന്നാണ് മത്തായിയുടെ അവതരണം. ഇവിടെ കടങ്ങൾ - കടക്കാർ, രണ്ടും ഒരേ മൂലത്തിൽ നിന്നുവരുന്ന വാക്കുകളാണ്. എന്നാൽ ലൂക്കായിൽ "*ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ. എന്തെന്നാൽ ഞങ്ങളുടെ കടക്കാരോട് ഞങ്ങളും ക്ഷമിച്ചിരിക്കുന്നു*" (ലൂക്കാ 11,4) എന്നു കാണുന്നു. ഇവിടെ പാപങ്ങളും കടങ്ങളും സൂചിപ്പിക്കാൻ രണ്ടു വ്യത്യസ്ത പദങ്ങളാണ് ഗ്രീക്കുമൂലത്തിൽ ഉപയോഗിച്ചിരിക്കുന്നത്. അതിനാൽ ഈ മൂലപദങ്ങളുടെ അർത്ഥം കൃത്യമായി കണ്ടെത്തേണ്ടതുണ്ട്.

**കടം - കടക്കാർ**

മത്തായി എഴുതിയ സുവിശേഷത്തിലെ കർത്തൃപ്രാർത്ഥനയിൽ രണ്ടു തവണയും ഉപയോഗിച്ചിരിക്കുന്നതാണ് ഈ പദം. *ഒഫെയ്‌ലോ (ophailo)* എന്ന ക്രിയയിൽനിന്നാണ് കടം എന്നു വിവർത്തനം ചെയ്യുന്ന *ഒഫെയ്‌ലേമാ (opeilema)* എന്ന നാമവും കടക്കാർ എന്നു വിവർത്തനം ചെയ്യുന്ന *ഒഫെയ്‌ലേത്തേസ് (opheiletes)* എന്ന വിശേഷണവും വരുന്നത്. മനുഷ്യർ തമ്മിലുള്ള വ്യവഹാരത്തെ സംബന്ധിക്കുന്ന ഒരു പദമായിട്ടാണ് ഇതു സാധാരണ ഉപയോഗിക്കുക. ഫരിസേയന്റെ വീട്ടിൽ വിരുന്നിനിരുന്ന യേശു തന്റെ പാദത്തിൽ കണ്ണീരൊഴുക്കി, കഴുകി ചുംബിച്ച്

തൈലം പൂശിയ പാപിനിയെക്കുറിച്ചു ആതിഥേയനോടു പറയുന്ന കഥ ഉദാഹരണമാണ്. ഒരു ഉത്തമർണ്ണന് രണ്ട് അധമർണ്ണർ - അഥവാ കടക്കാർ. ഒരുവൻ അഞ്ഞൂറും അപരൻ അമ്പതും കടപ്പെട്ടിരുന്നു (ലൂക്കാ 7,44). ഇവിടെ കടപ്പെട്ടിരിക്കുക, കടക്കാർ എന്ന പദത്തിന്റെ അർത്ഥത്തിൽ സംശയത്തിനു പഴുതില്ല; കടം വാങ്ങിയവൻ, അഥവാ കൊടുക്കാൻ കടപ്പെട്ടവനാണ് കടക്കാരൻ; കൊടുക്കാൻ കടപ്പെട്ട തുകയാണ് കടം. ഇതേ അർത്ഥത്തിലാണ് നിർദ്ദയനായ ഭൃത്യന്റെ ഉപമയിൽ (മത്താ 18,23-35) കടം - കടക്കാരൻ എന്ന പദങ്ങൾ ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ കടം എന്നതിന് ഈ അർത്ഥം മാത്രമല്ല ഉള്ളത്.

ദൈവത്തോടുള്ള മനുഷ്യന്റെ ബന്ധം മുഴുവൻ കടത്തിന്റേതാണ് എന്ന ഒരു കാഴ്ചപ്പാട് ബൈബിളിൽ പൊതുവേയുണ്ട്. എല്ലാം ദാനമായി ദൈവത്തിൽനിന്നു സ്വീകരിച്ച മനുഷ്യൻ എല്ലാറ്റിനും ദൈവത്തോടു കടപ്പെട്ടിരിക്കുന്നു. ആ കടപ്പാടിന്റെ ആകെത്തുകയായി പറയുന്നതാണ് ദൈവികനിയമം അനുസരിക്കാനുള്ള കടമ. നിയമങ്ങൾ രണ്ടു തരമുണ്ട്. കല്പനകളും വിലക്കുകളും. ചെയ്യണം എന്നു കല്പിക്കുന്ന കാര്യങ്ങൾ ചെയ്യാതിരിക്കുമ്പോൾ അത് കടമായി പരിഗണിക്കുന്നു; അരുത് എന്നു കല്പിക്കുന്നവ ചെയ്യുമ്പോൾ ലംഘനമായും. ആദ്യത്തേതിനെ കടം എന്നും രണ്ടാമത്തേതിനെ പാപം എന്നുമാണ് പൊതുവേ വിവർത്തനം ചെയ്യുക. എന്നാൽ മത്തായിയുടെ അവതരണത്തിൽ ദൈവത്തോടുള്ള മനുഷ്യന്റെ കടപ്പാടും പ്രമാണത്തിന്റെ ലംഘനവും ഒരേ വാക്കുകൊണ്ടു തന്നെ വിവർത്തനം ചെയ്യുന്നു; അപ്പോൾ ഞങ്ങളുടെ 'കടങ്ങൾ' എന്ന പ്രയോഗത്തിന് സാമ്പത്തിക - ഭൗതിക തലത്തിനപ്പുറത്ത് ആത്മീയമായൊരു അർത്ഥമുണ്ടാകുന്നു.

ഈ അർത്ഥത്തിൽ ലൂക്കായും ഈ പദങ്ങൾ ഉപയോഗിക്കുന്നുണ്ട്. മാനസാന്തരത്തിന്റെ ആവശ്യകതയെക്കുറിച്ചു പഠിപ്പിക്കാൻ യേശു രണ്ട് ചരിത്രസംഭവങ്ങൾ ഉദ്ധരിക്കുന്നതു രേഖപ്പെടുത്തുമ്പോഴാണ് ലൂക്കാ ഈ പദം ഉപയോഗിക്കരുത്. "*സീലോഹായിലെ ഗോപുരം ഇടിഞ്ഞുവീണ് കൊല്ലപ്പെട്ട പതിനെട്ടുപേർ അന്നു ജറുസലെമിൽ വസിച്ചിരുന്ന എല്ലാവരെയുംകാൾ കുറ്റക്കാരായിരുന്നു എന്നു നിങ്ങൾ വിശ്വസിക്കുന്നുവോ?*" (ലൂക്കാ 13,4). കുറ്റക്കാർ എന്നു വിവർത്തനം ചെയ്യുന്നത് "*ഒഫെയ്‌ലേ*

*ത്തായി*" (*opheiletai*) എന്ന ബഹുവചനമാണ്. കണിശമായി വിവർത്തനം ചെയ്യുകയാണെങ്കിൽ "കടക്കാർ" എന്നായിരുന്നു വേണ്ടത്.

എന്നാൽ ഇതിനു സമാന്തരമായി പരാമർശിക്കുന്ന പീലാത്തോസ് വധിച്ച ഗലീലിക്കാരെക്കുറിച്ചു പറയുമ്പോൾ "*അവർ മറ്റെല്ലാ ഗലീലിയക്കാരെയുംകാൾ കൂടുതൽ പാപികളായിരുന്നു എന്ന് നിങ്ങൾ കരുതുന്നുവോ?*" (ലൂക്കാ 13,2). ഇവിടെ *ഹമർത്തോലോയി* (*hamartoloi*) എന്ന ബഹുവചനം ഉപയോഗിച്ചിരിക്കുന്നു. സമാന്തരമായ ഈ അവതരണത്തിൽനിന്ന് ദൈവ-മനുഷ്യബന്ധത്തെക്കുറിച്ചു പരാമർശിക്കുമ്പോൾ കടങ്ങൾ - കടക്കാർ എന്നതും പാപം - പാപികൾ എന്നതും ഒരേ അർത്ഥത്തിൽത്തന്നെ ഉപയോഗിക്കുന്നതായി കാണാം.

ചെയ്യാൻ കടപ്പെട്ടിരിക്കുന്നതു ചെയ്യാതിരിക്കുക എന്ന മാനമാണ് മുഖ്യമായും "*ഒഫെയ്‌ലോ*" എന്ന ക്രിയയ്ക്കും അതുമായി ബന്ധപ്പെട്ട നാമ-വിശേഷണങ്ങൾക്കും ഉള്ളത്. എന്നാൽ ഇത് പാപത്തിന്റെ ഒരു വശം മാത്രമേ ആകുന്നുള്ളൂ. തന്നെയുമല്ല, "പാപം" എന്നു സാധാരണ വിവർത്തനം ചെയ്യുന്നത് മറ്റൊരു ഗ്രീക്കു വാക്കാണെന്ന കാര്യവും ശ്രദ്ധിക്കണം.

പുതിയ നിയമത്തിൽ പൊതുവേ "പാപം" എന്നു വിവർത്തനം ചെയ്യുന്നതു *ഹമർത്തിയ* (*haratia*) എന്ന ഗ്രീക്കു വാക്കാണ്. ഇതിന്റെ ക്രിയാരൂപം *ഹമർത്താനോ* (*hamartano*); വിശേഷണം, *ഹമർത്തോലോസ്* (*hamartalos*). *ഹമർത്തേമാ* (*hamartema*) എന്ന പദവും പാപം എന്ന് വിവർത്തനം ചെയ്യുന്ന. അതിനാൽ ബൈബിളിലെ, പ്രത്യേകിച്ചും പുതിയ നിയമത്തിലെ പാപത്തെക്കുറിച്ചുള്ള പ്രബോധനം ഗ്രഹിക്കണമെങ്കിൽ ഈ പദത്തിന്റെ വ്യത്യസ്ത ഉപയോഗങ്ങളും ഉപയോഗിക്കുന്ന സാഹചര്യങ്ങളും വിശദമായി അപഗ്രഥിക്കണം. സമാന്തരസുവിശേഷങ്ങൾ യോഹന്നാന്റെ ലിഖിതങ്ങൾ, പൗലോസിന്റെ ലേഖനങ്ങൾ, ഹെബ്രായ ലേഖനം, കാതോലിക ലേഖനങ്ങൾ എന്നിവയിലെല്ലാം അവതരിപ്പിക്കുന്ന വ്യത്യസ്ത സാഹചര്യങ്ങളും സൂചനകളും വീക്ഷണങ്ങളും വിശദമായി പഠിക്കണം. അങ്ങനെ ഒരു പഠനത്തിനു മുതിരാതെ, ചില വിശദീകരണങ്ങൾ സംക്ഷിപ്തമായി ചൂണ്ടിക്കാണിക്കാനേ ഇവിടെ ശ്രമിക്കുന്നുള്ളൂ.

*ഹമർത്തിയാ* - എന്നതു ഗ്രീക്കു പദമാണെങ്കിലും അത് ഉപ

യോഗിക്കുന്ന ബൈബിളിൽ ആ വാക്കിന്റെ അർത്ഥം കണ്ടെ ത്താൻ പഴയ നിയമത്തിന്റെ മൂലഭാഷയായ ഹീബ്രുവിലേക്കു പോകണം. കാരണം ഗ്രീക്കിലേക്കു ബൈബിൾ വിവർത്തനം ചെയ്തവർ യഹൂദരായിരുന്നു; ഹീബ്രുബൈബിളിൽ ഉപയോ ഗിക്കുന്ന പദങ്ങളും അവയുടെ വ്യത്യസ്ത അർത്ഥമാനങ്ങളും നന്നായി അറിയാവുന്നവരായിരുന്നു.

വിവർത്തനം, പ്രത്യേകിച്ചും പാപം പോലെ വിശാലമായ അർത്ഥതലങ്ങളുള്ള വാക്കുകൾ വിവർത്തനം ചെയ്യുക എളുപ്പമല്ല. വിവർത്തനം ചെയ്യാനുപയോഗിക്കുന്ന ഭാഷയിൽ ഒരു വാക്കി നുള്ള അർത്ഥം മാത്രമായിരിക്കുകയില്ല മൂലഭാഷയിലെ വാക്കി നുള്ളത്. സാഹചര്യമനുസരിച്ച് അർത്ഥവ്യത്യാസങ്ങൾ ഉണ്ടാകാം. അതിനാൽ മൂലഭാഷയിലെ ഒരു വാക്കിന് എപ്പോഴും ഒരേ വാക്കു തന്നെ വിവർത്തനത്തിലും ഉപയോഗിക്കണം എന്നു ശഠിക്കാ നാവില്ല. അല്പം ഗഹനമായ ഏതെങ്കിലും കൃതികൾ വിവർത്ത നം ചെയ്യാൻ ശ്രമിച്ചിട്ടുള്ളവർക്കെല്ലാം അനുഭവവേദ്യമാണ് ഈ സത്യം. ഗ്രീക്കിൽനിന്നു പുതിയ നിയമവും ഹീബ്രുവിൽ നിന്നു പഴയനിയമവും വിവർത്തനം ചെയ്യാൻ ശ്രമിച്ചപ്പോൾ ഈ പ്രശ്നം ഞങ്ങൾ നേരിട്ടതാണ്. ഈ പശ്ചാത്തലത്തിൽ *ഹമർത്തിയാ* എന്ന ഗ്രീക്കു പദത്തിനു പിന്നിൽ പഴയനിയമത്തിലെ ഏതെല്ലാം ഹീബ്രുപദങ്ങളാണ് നില്ക്കുന്നത്, അവയുടെ വ്യത്യസ്ത അർത്ഥ തലങ്ങൾ ഏവ എന്ന ചോദ്യം പ്രസക്തമാകുന്നു.

### ഗ്രീക്കിനു പിന്നിലെ ഹീബ്രുപദങ്ങൾ

അടുത്തു പരിശോധിക്കുമ്പോൾ ഏകദേശം ഒരു ഡസനി ലേറെ ഹീബ്രുപദങ്ങൾ ഹമർത്തിയാ എന്നു വിവർത്തനം ചെയ് തിരിക്കുന്നതായി കാണാം. അവയിൽ ഏറ്റം പ്രധാനപ്പെട്ടവയും അവയുടെ സാഹചര്യങ്ങളും അർത്ഥതലങ്ങളുമാണ് അടുത്ത തായി കാണാൻ ശ്രമിക്കുന്നത്.

1. "***ഹത്താഅ***" എന്ന പദമാണ് "***ഹമർത്തിയാ***" എന്ന് ഏറ്റവും കൂടുതൽ വിവർത്തനം ചെയ്യപ്പെടുന്നത്. പാപം (Sin) എന്നർത്ഥം. എന്നാൽ എന്താണ് ഈ പദത്തിന്റെ മൂലാർത്ഥം? ലക്ഷ്യം പിഴയ് ക്കുക, വഴിതെറ്റി പോവുക എന്നാണ് മൂലത്തിന്റെ അർത്ഥം. ഇതിൽനിന്ന് പാപത്തിന്റെ ഒരു പ്രത്യേക മാനം അഥവാ തലം വ്യക്തമാകുന്നു. മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന ലക്ഷ്യത്തിൽ എത്തിച്ചേരാൻ കഴിയാതെ വരുക, അങ്ങോട്ടു പോകേണ്ട വഴിക്കു

പകരം വേറെ വഴിക്കുക പോവുക. ദൈവം നിശ്ചയിച്ചിരിക്കുന്ന വഴിയിൽ നിന്നു മനഃപൂർവ്വം മാറി യാത്ര ചെയ്യുകയാണ് പാപം. ഇതിനെ തെറ്റ്, വഴിതെറ്റൽ, ദൈവത്തിനെതിരേ തെറ്റുചെയ്യൽ എന്നൊക്കെ വിശേഷിപ്പിക്കാം. "*എന്റെ പാപത്തിൽനിന്ന് എന്നെ ശുദ്ധീകരിക്കണമേ*" (സങ്കീ 51,2) എന്ന സങ്കീർത്തകന്റെ പ്രാർത്ഥനയിൽ "*ഹത്താഅ*" എന്ന പദമാണുപയോഗിക്കുന്നത് ഇതിനെ ദൈവത്തിനെതിരായ പ്രവൃത്തിയും പാപവുമായി പരിഗണിക്കുന്നു.

ദൈവത്തോടു മറുതലിക്കുക, അവിശ്വസ്തത കാട്ടുക, ഏല്പിച്ചിരിക്കുന്ന ദൗത്യങ്ങൾ മനഃപൂർവ്വം നിർവ്വഹിക്കാതിരിക്കുക എന്നൊക്കെ ഈ പദത്തിന് അർത്ഥമുണ്ട്. സാധാരണ ഭൗതിക വ്യവഹാരത്തിൽ ഉടമ്പടിയുടെ നിബന്ധനകൾ പാലിക്കാതിരിക്കുകയോ ലംഘിക്കുകയോ ചെയ്യുന്നതിനെയാണ് ഈ പദം സൂചിപ്പിക്കുന്നത്. 1 സാമു19,4 ഉദാഹരണമാണ്. പിതാവായ സാവൂളിന്റെ മുമ്പിൽ ദാവീദിനുവേണ്ടി വാദിക്കുന്ന ജോനാഥൻ യാചിക്കുന്നു: "*ദാവീദിനോട് രാജാവ് തിന്മ പ്രവർത്തിക്കരുതേ! അവൻ അങ്ങയോട് തിന്മ പ്രവർത്തിച്ചിട്ടില്ല*" (1 സാമു 29,4). രണ്ടു തവണയും. "*ഹത്താഅ*" എന്ന പദമാണ് തിന്മ പ്രവർത്തിക്കുക എന്നു വിവർത്തനം ചെയ്യുന്നത് ഇതിനെ *അവിശ്വസ്തത* എന്നു വിശേഷിപ്പിക്കാം.

ആതിഥ്യമര്യാദയിൽ വരുത്തിയ വീഴ്ചയായും (ഉൽപ 20,9) വിവാഹോടമ്പടിയുടെ ചട്ടങ്ങളുടെ ലംഘനമായും (ഉൽപ 31,36) ഈ പദം ഉപയോഗിക്കുന്നുണ്ട്. ചുരുക്കത്തിൽ ചെയ്യാൻ കടപ്പെട്ടിരിക്കുന്ന കാര്യങ്ങൾ ചെയ്യാതെ ഉപേക്ഷയിലൂടെ വരുന്ന പാപങ്ങളെയാണ് മുഖ്യമായും "*ഹത്താഅ*" എന്ന പദം സൂചിപ്പിക്കുന്നത്.

2. ***"ആവോൻ"*** അകൃത്യം (iniquity) എന്നാണ് ഈ പദം പൊതുവേ വിവർത്തനം ചെയ്യുന്നത്. അരുതാത്തത് ചെയ്യുക, നിയമം ലംഘിക്കുക. അങ്ങനെ നിയമത്തിന്റെ മുമ്പിൽ കുറ്റക്കാരനാകുക എന്നതാണ് മൂലാർത്ഥം. സങ്കീ 51,2-ൽ "അകൃത്യം" നിശ്ശേഷം കഴുകി കളയണമേ എന്നു പ്രാർത്ഥിക്കുന്നു. ഇതിനെ അകൃത്യം എന്നതിനു പുറമെ നിയമലംഘനത്തിനുള്ള ശിക്ഷയായും കരുതുന്നുണ്ട്. "*എന്റെ അകൃത്യങ്ങൾ... എനിക്കു താങ്ങാനാവാത്ത ചുമടായിരിക്കുന്നു*" (സങ്കീ 38,4) എന്ന സങ്കീർത്ത

കൻ വിലപിക്കുമ്പോൾ പാപിയെ ഉള്ളിൽ നിന്നു കാർന്നുതിന്നു കയും തകർക്കുകയും ചെയ്യുന്ന ശിക്ഷയായി, അഥവാ പാപ ത്തിന്റെ ഫലമായി ഇതു പ്രത്യക്ഷപ്പെടുന്നു.

3. ***പാഷാ - പെഷാ:*** അതിർത്തി ലംഘിക്കുക, നിരോധിത മേഖലയിലേക്കു പ്രവേശിക്കുക എന്നാണ് *പാഷാ* എന്ന ഹീബ്രു വാക്കിനർത്ഥം. ഈ ക്രിയാധാതുവിൽനിന്നാണ് *പെഷാ* എന്ന നാമത്തിന്റെ ഉത്ഭവം. അതിർത്തി ലംഘനം (trangness - tersspass എന്ന് ഇംഗ്ലീഷിൽ പറയും). വ്യക്തി വ്യക്തിക്കെതിരായും (ഉൽപ 31, 36) രാജ്യം രാജ്യത്തിനെതിരായും (ആമോ 1,3–6–11) ചെയ്യുന്ന അതിക്രമങ്ങളെയാണതു സൂചിപ്പിക്കുന്നത്.

ഈ പദം ആത്മീയ മേഖലയിൽ ഉപയോഗിക്കുമ്പോൾ പാപ ത്തിന്റെ മറ്റൊരു മാനം അനാവൃതമാകുന്നു. ദൈവം നിശ്ചയിച്ചി രിക്കുന്ന അതിർത്തികൾ മറികടക്കുക, കല്പന ലംഘിക്കുക എന്നത് പാപത്തന്റെ ഏറ്റം പ്രധാനപ്പെട്ട ഒരു മാനമാണ്. "*പാപം ചെയ്യുന്നവൻ നിയമം ലംഘിക്കുന്നു. നിയമലംഘനമാണ് പാപം*" (1 യോഹ 3,4) എന്ന നിർവ്വചനം ഇവിടെ പ്രസക്തമാകുന്നു. ഇതിനെ "*അതിക്രമം*" എന്നു വിവർത്തനം ചെയ്യാറുണ്ട്: "*എന്റെ അതിക്രമങ്ങൾ മായിച്ചുകളയണമേ*" (സങ്കീ 51,2).

*പെഷാ* എന്ന പദം നിയമലംഘനം എന്നതിലുപരി ദൈവ ത്തിനെതിരായ കലഹവും കലാപവുമായും (rebellion) ദൈവ ത്തിന്റെ അധികാരത്തെ മാത്രമല്ല, ദൈവത്തെത്തന്നെ നിഷേധി ക്കലായും അവതരിപ്പിക്കുന്നുണ്ട്. "*ഞാൻ മക്കളെ പോറ്റിവളർത്തി. അവർ എന്നോട് കലഹിച്ചു*" (ഏശ 1,2; 1,28; 46,8; 48,8). ഏശയ്യാ അവതരിപ്പിക്കുന്ന "ദൈവവിലാപം" ഉദാഹരണമാണ്. കഠിനമായ പരിഹാരവും പ്രായശ്ചിത്തവും ആവശ്യപ്പെടുന്ന പാപമായി *പെഷാ* പരിഗണിക്കപ്പെടുന്നു. "എന്റെ അതിക്രമങ്ങൾക്കു - *പെഷാ* - പകരമായി എന്റെ ആദ്യജാതന ഞാൻ നല്കണമോ", (മിക്കാ 6,7) എന്ന ഭക്തന്റെ ചോദ്യത്തിൽ ഈ ബോധ്യമാണ് പ്രതിഫലിക്കുന്നത്.

4. ***മാറാദ്:*** കലഹിക്കുക; ***മെറെദ്***: കലഹം, കലാപം. മേലധി കാരികൾക്കെതിരേ, പ്രത്യേകിച്ചും ഭരിക്കുന്ന രാജാക്കന്മാർക്കെ തിരേ നടത്തുന്ന കലാപത്തെയാണ് ഈ പദം മുഖ്യമായും സൂചി പ്പിക്കുക. Rebel - rebellion എന്ന് ഇംഗ്ലീഷിൽ. സെദെക്കിയാ നബു ക്കദ്നേസറിനോടു വാഗ്ദാനം ചെയ്തിരുന്ന വിധേയത്വം

വെടിഞ്ഞ് കലാപക്കൊടി ഉയർത്തിയതായി 2 ദിന 36, 13ൽ ഈ പദം സൂചിപ്പിക്കുന്നു. 2 രാജാ 18,20 ഇതിനു സമാനമാണ്. ദൈവത്തിനെതിരേ കലാപത്തിനു മുതിരുന്നതിനും ഈ പദം ഉപയോഗിച്ചിരിക്കുന്നതു കാണാം: "*കർത്താവിനോടു മറുതലിക്കുക*" (സംഖ്യ 14,8); "*എന്നെ എതിർത്ത നിഷേധികൾ*" (എസെ 2,3); "*അങ്ങയെ ധിക്കരിച്ചു*" (ദാനി 9,5) എന്നിങ്ങനെ പല വാക്കുകൾ ഉപയോഗിച്ചാണ് മലയാളത്തിലേക്കു വിവർത്തനം ചെയ്യുന്നത്. അടിസ്ഥാനപരമായ ആശയം ദൈവത്തെ ധിക്കരിക്കുക എന്നതുതന്നെ.

5. ***റാഷാആ: ദുഷ്ടത:*** മനഃപൂർവ്വം ഒരാളെ ദ്രോഹിക്കണം എന്ന ലക്ഷ്യത്തോടെ ചെയ്യുന്ന ഒരു പ്രവൃത്തിയാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. Wicked - Wickedness എന്ന് ഇംഗ്ലീഷിൽ. പാപത്തിന്റെ കൂടുതൽ ബീഭത്സമായൊരു മുഖം ഇവിടെ പ്രത്യക്ഷമാകുന്നു. സംഖ്യ 16, 26 "*ഈ ദുഷ്ടന്മാർ*" എന്നാണ് ജനത്തിനിടയിൽ കലാപമുണ്ടാക്കിയ കോറഹിനെയും കൂട്ടരെയും വിശേഷിപ്പിക്കുന്നത്. മലാ 3,15: "*ദുഷ്കർമ്മികൾ*"; എസെ 3,18: "*ദുഷ്ടൻ*"; "*ക്രൂരമായി മുഷ്ടിക്കൊണ്ട് ഇടിക്കുക*" - ദുഷ്ടതയുടെ മുഷ്ടി എന്ന് വാച്യാർത്ഥം (ഏശ 58,4) മുതലായ പ്രയോഗങ്ങൾ ഈ വാക്കിന്റെ വിവിധ അർത്ഥതലങ്ങൾ വ്യക്തമാക്കുന്നു.

6. ***റാആ: തിന്മ:*** മോശമായത് (Bad - evil). ഈ പദവും പാപത്തിന്റെ ഒരു പ്രത്യേക വശം പ്രകടമാക്കാൻ സഹായിക്കുന്നു. നിയ 30, 15 "*തിന്മ*"; 2 സാമു 14, 17 "*നന്മയും തിന്മയും വിവേചിച്ചറിയുക*"; "*നന്മയെ തിന്മയെന്നു വിളിക്കുന്നവർ*" (ഏശ 5, 20); "*തിന്മയല്ല, നന്മ അന്വേഷിക്കുവിൻ*" (ആമോ 5,14) എന്നിങ്ങനെ നന്മയ്ക്കു കടകവിരുദ്ധമായ മനോഭാവവും തജ്ജന്യമായ പ്രവൃത്തിയുമാണ് ഈ പദം സൂചിപ്പിക്കുന്നത്.

7. ***ഷാഖർ***: വഞ്ചിക്കുക; ***ഷെഖെർ*** - വഞ്ചന deceive (deception). ഒരാളെ മനഃപൂർവ്വം വഞ്ചിക്കാൻ വേണ്ടി സത്യം മറച്ചുവയ്ക്കുകയോ കള്ളം പറയുകയോ ചെയ്യുന്നതിനെയാണ് ഈ പദം സൂചിപ്പിക്കുന്നത്. കള്ളസത്യം ചെയ്യുക, കള്ളസാക്ഷ്യം പറയുക, വഞ്ചനയ്ക്കു കൂട്ടുനില്ക്കുക എന്നൊക്കെയാണ് ഈ വാക്കിനർത്ഥം. എട്ടാം പ്രമാണത്തിൽ വിലക്കിയിരിക്കുന്ന പ്രവൃത്തിയാണിത്. സത്യത്തിനെതിരായ ഈ പ്രവൃത്തി ദൈവത്തെത്തന്നെ നിഷേധിക്കുന്നതിനു തുല്യമായിത്തീരുന്നു. "*വ്യാജമായി*

*പെരുമാറുക*" (ഹോസി 7,1); "*പ്രവാചകരും പുരോഹിതരും കപടമായി പെരുമാറുന്നു*" (ജറെ 6,13); "*കള്ളസാക്ഷികൾ*" (സങ്കീ 27, 12) മുതലായവ ഉദാഹരണങ്ങളാണ്.

8. ***ആഷാം***: കുറ്റം, ദ്രോഹം (Offence, guilt). അപരനു നഷ്ടം വരുത്തുന്നതും പരിഹാരം ആവശ്യപ്പെടുന്നതുമായൊരു കുറ്റകൃത്യത്തെയാണ് *ആഷാം* എന്ന പദം സൂചിപ്പിക്കുന്നത്. അതോടൊപ്പം കുറ്റത്തിനു ചെയ്യുന്ന പരിഹാരത്തെയും ഈ പദം സൂചിപ്പിക്കുന്നു.

9. ***ഷഗാഗ്: ഷാഗാ***: വഴിതെറ്റിപ്പോവുക; ലക്ഷ്യംതെറ്റി അലയുക (go astray) എന്നാണ് ഈ പദത്തിന്റെ മൂലാർത്ഥം. പാപം ലക്ഷ്യം പിഴയ്ക്കലാണ്, ലക്ഷ്യമില്ലാതെ അലയലാണ്. അതോടൊപ്പം തെറ്റുചെയ്യുക, എന്നും അർത്ഥമുണ്ട്. മുഖ്യമായും അറിയാതെ ചെയ്തുപോകുന്ന തെറ്റിനെയാണിതു സൂചിപ്പിക്കുക.

10. ***താആബ്: തോയെബാ***: അറപ്പ്. അറപ്പുളവാക്കുക - ഗർഹണീയവും നികൃഷ്ടവുമായ പ്രവൃത്തി ചെയ്യുക, മ്ലേഛത - മ്ലേഛമായി പ്രവർത്തിക്കുക (abomination) എന്നാണ് ഈ വാക്കിനർത്ഥം. മുഖ്യമായും ആരാധനയുമായി ബന്ധപ്പെട്ട ഒരു പദമാണിത്. ദൈവത്തിന് അറപ്പുളവാക്കുന്ന പ്രവൃത്തി എന്നാണ് വിവക്ഷ.

11. ***ആവാൽ: ഇവലെത്ത്:*** ഭോഷൻ, ഭോഷത്തം (folly). വിവേകമില്ലാതെ പെരുമാറുക, യാഥാർത്ഥ്യം അറിയാതിരിക്കുക, അതിനാൽത്തന്നെ സത്യം നിഷേധിക്കുകയും സത്യത്തിൽ നിന്നകന്നു പോവുകയും ചെയ്യുക; യാഥാർത്ഥ്യങ്ങളെ വളച്ചൊടിച്ച് വികലമായും വക്രമായും ചിത്രീകരിക്കുക എന്നൊക്കെയാണ് ഈ പദത്തിന്റെ ധ്വനികൾ.

ഇനിയും ഇതുപോലുള്ള ചില പദങ്ങൾ ഹീബ്രുവിൽ കാണാം. അവയെല്ലാം ചികഞ്ഞെടുക്കാതെ തന്നെ "പാപം" എന്നതുകൊണ്ട് പഴയനിയമത്തിൽ എന്താണർത്ഥമാക്കുന്നത് എന്ന് ഇതുവരെ കണ്ടതിൽ നിന്നു വ്യക്തമാകും. പാപത്തിന്റെ വിവിധ മാനങ്ങൾ വ്യക്തമാക്കുന്ന രണ്ടു ബൈബിൾ ഭാഗങ്ങൾ കൂടി എടുത്തുകാട്ടട്ടെ. നാഥാന്റെ കുറ്റാരോപണത്തെയും ശിക്ഷാവിധിയെയും (2 സാമു 12,1-12) തുടർന്ന് ദാവീദ് തന്റെ പാപം ഏറ്റുപറഞ്ഞ് മാപ്പിരക്കുന്നതായി കരുതപ്പെടുന്ന 51-ാം സങ്കീർത്തനത്തിൽ പാപത്തിന്റെ വിവിധ വശങ്ങൾ പ്രകടമാകുന്നുണ്ട്:

"എന്റെ അതിക്രമങ്ങൾ (*പെഷാ*) മായിച്ചുകളയണമേ. എന്റെ അകൃത്യം (*ആവോൻ*) നിശ്ശേഷം കഴുകിക്കളയണമേ. എന്റെ പാപങ്ങളിൽ നിന്ന്, (*ഹത്താ*) എന്നെ ശുദ്ധീകരിക്കണമേ... അങ്ങയുടെ മുമ്പിൽ ഞാൻ തിന്മ (*റാആ*) പ്രവർത്തിച്ചു" (സങ്കീ 51,1-3).

ഏതെങ്കിലും ഒരു വാക്കുകൊണ്ടു മാത്രം വിവർത്തനം ചെയ്യാനോ അർത്ഥതലങ്ങൾ മുഴുവൻ വ്യക്തമാക്കാനോ കഴിയുന്ന ഒന്നല്ല പാപം. ഇതിന്റെ യാഥാർത്ഥ്യവും ഭീകരതയും ഏശയ്യാ തന്റെ പ്രവചനങ്ങളുടെ തുടക്കത്തിൽത്തന്നെ വരച്ചുവച്ചിട്ടുണ്ട്: "*അവർ എന്നോടു കലഹിച്ചു... ദുർമ്മാർഗ്ഗികളായ മക്കൾ! അവർ കർത്താവിനെ പരിത്യജിച്ചു. ഇസ്രായേലിന്റെ പരിശുദ്ധനെ നിന്ദിച്ചു. അവർ എന്നിൽ നിന്നു തീർത്തും അകന്നുപോയി*" (ഏശ 1,2-4). ദൈവവുമായുള്ള ബന്ധത്തിൽനിന്നു മാത്രമേ പാപത്തിന്റെ യഥാർത്ഥ സ്വഭാവവും ഗൗരവവും മനസിലാക്കാൻ കഴിയൂ. ദൈവവിചാരവും ദൈവവിശ്വാസവും നഷ്ടപ്പെടുന്നിടത്ത് പാപബോധവും നഷ്ടപ്പെടും. എന്നാലും കുറ്റബോധം അവശേഷിക്കും.

യഥാർത്ഥമായ പാപബോധം അുതാപത്തിലേക്കു നയിക്കും. ദൈവം എന്നെ എത്രമാത്രം സ്നേഹിച്ചു, സ്നേഹിക്കുന്നു എന്ന അവബോധത്തിന്റെ ആഴത്തിൽ നിന്നാണ് പാപത്തിന്റെ യഥാർത്ഥ സ്വഭാവം വ്യക്തമാകുക. അതു ദൈവവുമായുള്ള ബന്ധം വിഛേദിക്കലാണ്, നന്ദിഹീനതയാണ്. പോരാ, ദൈവനിഷേധവും അതിക്രമവും അക്രമവും കലഹവും കലാപവുമാണ്. ഏശയ്യാ എടുത്തുകാട്ടുന്ന ഈ വിവിധ തലങ്ങൾ ധൂർത്തപുത്രന്റെ ഉപമയിൽ യേശു വ്യക്തമായി വരച്ചുകാട്ടി. പിതാവിന്റെ സ്നേഹം തൃണവൽഗണിച്ച്, ഭവനം വിട്ടിറങ്ങി, വിദേശത്തു പോയി, ഇഷ്ടാനുസൃതം ജീവിച്ച് എല്ലാം നശിപ്പിച്ചു കഴിയുമ്പോൾ ഉണ്ടാകുന്ന അവബോധത്തിൽ ഇതു പ്രകടമാകുന്നു: "*പിതാവേ സ്വർഗ്ഗത്തിനെതിരായും നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു*" (ലൂക്കാ 15, 18).

ഈ ഒരു യാഥാർത്ഥ്യം വ്യക്തമാക്കാൻ പാപം എന്ന ഒരു വാക്കു മാത്രം പര്യാപ്തമല്ല. അതുകൊണ്ടായിരിക്കണം ആരാധനക്രമപ്രാർത്ഥനകളിൽ "*കടങ്ങളും പാപങ്ങളും*" എന്ന് പറയുന്നത്. അത് സെമിറ്റിക് ശൈലിയിലുള്ള ഒരാവർത്തനമല്ല, പാപത്തിന്റെ രണ്ടു വശങ്ങൾ സൂചിപ്പിക്കുന്ന രണ്ടു പദങ്ങളാണ്. ഇവ

യുടെ കൂടെ ഇനിയും ഒരു ഡസനിലേറെ പദങ്ങൾ കൂട്ടിച്ചേർക്കാം. എന്നാലും പാപത്തിന്റെ വിവിധ അർത്ഥതലങ്ങൾ വ്യക്തമാകണമെന്നില്ല. അതിന് ദൈവസ്നേഹത്തെപ്പറ്റി ആഴമായ അനുഭവമുണ്ടാകണം. ആ അനുഭവത്തിലേക്കാണ് "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന അഭിസംബോധന നയിക്കുന്നത്.

## പാപം പുതിയ നിയമത്തിൽ

പുതിയനിയമത്തിൽ പാപത്തെക്കുറിച്ച് കൂടുതൽ വ്യക്തവും ആഴമേഴിയതുമായ തലങ്ങൾ വിശദമാകുന്നുണ്ട്. പാപത്തിന്റെ മൂന്നു മാനങ്ങളാണ് മുഖ്യമായും ശ്രദ്ധയിൽ പെടുന്നത്. 1. പാപം ഒരു പ്രവൃത്തി. 2. പാപം - ഒരവസ്ഥ. 3. പാപം തിന്മയിലേക്കു നയിക്കുന്ന ഒരു ശക്തി. യേശുക്രിസ്തു ഈ ത്രിവിധ മാനങ്ങളിലും നിന്ന് വ്യക്തികൾക്കും, മനുഷ്യവർഗ്ഗത്തിനു മുഴുവനും, മാത്രമല്ല സൃഷ്ടപ്രപഞ്ചത്തിനു മുഴുവനും മോചനവും രക്ഷയും നല്കുന്നു എന്നതാണ് പുതിയ നിയമം അവതരിപ്പിക്കുന്ന രക്ഷയുടെ സുപ്രധാനമായൊരു വശം.

സമാന്തര സുവിശേഷങ്ങളിൽ മുഖ്യമായും വ്യക്തികളുടെ പാപങ്ങളെയും പാപികളായ വ്യക്തികളെയും കുറിച്ചാണ് പരാമർശിക്കുന്നത്. യോഹന്നാന്റെ സുവിശേഷത്തിലും ലേഖനങ്ങളിലും വ്യക്തികളുടെ പാപങ്ങൾക്കപ്പുറത്ത് മനുഷ്യൻ എത്തിച്ചേർന്നിരിക്കുന്ന അടിമത്തത്തിന്റെ അവസ്ഥ എന്ന മാനത്തിനു കൂടുതൽ പ്രാധാന്യം നല്കുന്നു. ഈ രണ്ടു തലങ്ങളെയും അംഗീകരിച്ചുകൊണ്ടുതന്നെ പൗലോസിന്റെ ലേഖനങ്ങളിൽ പാപത്തെ മനുഷ്യനിൽ വസിക്കുകയും നന്മ ചെയ്യാൻ അശക്തനാക്കി, തിന്മയുടെ ആധിപത്യത്തിലാഴ്ത്തുകയും ചെയ്യുന്ന ഒരു ശക്തി ആയിട്ടാണ് ചിത്രീകരിക്കുന്നത് (ഉദാ റോമ 7,13-24). ആദിമനുഷ്യന്റെ പാപം വഴി മനുഷ്യനിൽ പ്രവേശിച്ച തിന്മയുടെ ഈ സ്വാധീനവും ശക്തിയും എല്ലാവരെയും ദുർബ്ബലരാക്കുന്നു. എന്നാൽ യേശുക്രിസ്തുവിലൂടെ ദൈവം തന്നെ മനുഷ്യനു മോചനം നല്കുന്നു (റോമ 5,12-6,14;7). പാപം മൂലം മരണത്തിനധീനമായ ഈ ശരീരത്തിൽനിന്ന് ആരെന്നെ മോചിപ്പിക്കും എന്ന വിലാപത്തിന് അപ്പസ്തോലൻ തന്നെ മറുപടി പറയുന്നു. "*നമ്മുടെ കർത്താവായ യേശുക്രിസ്തു വഴി ദൈവത്തിനു സ്തോത്രം*" (റോമാ 7,25).

കടങ്ങളും പാപങ്ങളും എന്നല്ല, എത്ര പദങ്ങൾ ഉപയോഗി

ച്ചാലും വ്യക്തമാക്കാൻ ശ്രമിക്കുന്ന ആശയം പൂർണ്ണമായി അവതരിപ്പിക്കാൻ കഴിഞ്ഞെന്നു വരില്ല. പാപകടങ്ങൾ എന്നോ കടങ്ങളും പാപങ്ങളും എന്നോ രണ്ടു വാക്കുകൾ ഉപയോഗിക്കുന്നതുകൊണ്ടുമാത്രം വ്യക്തത ലഭ്യമാവില്ല. അതിനാൽ പാപങ്ങൾ അഥവാ തെറ്റുകൾ എന്ന പ്രാർത്ഥനാരൂപവും സ്വീകാര്യമായിത്തന്നെ കരുതണം. ഒരുപക്ഷേ "*ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ*" എന്ന ലൂക്കായുടെ അവതരണരീതി ആയിരിക്കില്ലേ കൂടുതൽ മെച്ചം എന്നും പരിഗണിക്കാവുന്നതാണ്.

ഇനിയും വ്യക്തമാകാത്ത ഒരു ചോദ്യം അവശേഷിക്കുന്നു. "ക്ഷമിച്ചതുപോലെ" എന്നോ "ക്ഷമിക്കുന്നതുപോലെ എന്നോ ആണ് പ്രാർത്ഥിക്കേണ്ടത്? അതാണ് തുടർന്നു ചർച്ച ചെയ്യുന്നത്.

### 3. ക്ഷമിച്ചതുപോലെ - ക്ഷമിക്കുന്നതുപോലെ?

കർത്താവു പഠിപ്പിച്ച പ്രാർത്ഥനയിൽ ക്ഷമയ്ക്കു വേണ്ടിയുള്ള യാചന പലവിധത്തിലാണ് വിവർത്തനം ചെയ്തുകാണുന്നത്. "ഞങ്ങൾ ക്ഷമിച്ചതുപോലെ" എന്നു ചില വിവർത്തനങ്ങളിൽ കാണാം. എന്നാൽ മറ്റു ചില വിവർത്തനങ്ങളിൽ "ഞങ്ങൾ ക്ഷമിക്കുന്നതുപോലെ"യെന്നും വീണ്ടും ചില വിവർത്തനങ്ങളിൽ "ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ" എന്നും കാണുന്നു. അതിനും പുറമെ മത്തായിയുടെ അവതരണത്തിൽ "പോലെ" എന്ന പദം ഒരു താരതമ്യത്തിലേക്കു ക്ഷണിക്കുന്നതായി തോന്നും. അപ്പോൾ ദൈവത്തോടു യാചിക്കുന്ന ക്ഷമയുടെ അളവും വിധവും ഞാൻ എന്റെ കടക്കാർക്കു നല്കുന്ന ക്ഷമയാണു നിശ്ചയിക്കുക എന്ന ധാരണയുണ്ടാകുന്നു. ലൂക്കായുടെ അവതരണത്തിലാകട്ടെ ദൈവത്തോടു ക്ഷമ യാചിക്കുന്നതിനു കാരണമായി നില്ക്കുന്നത് ഞങ്ങൾ ക്ഷമിച്ചു എന്ന വസ്തുതയാണെന്നു തോന്നും. അതാണല്ലോ "*... ഞങ്ങളോടു ക്ഷമിക്കണമേ. എന്തെന്നാൽ ..... ഞങ്ങളും ക്ഷമിക്കുന്നു*" എന്ന പ്രയോഗത്തിലൂടെ അർത്ഥമാക്കുന്നത്. ഈ വ്യത്യസ്ത അവതരണങ്ങളിൽ ഏതായിരിക്കും യേശു ഉദ്ദേശിച്ചതും പഠിപ്പിച്ചതുമായ വാക്കുകൾ? എന്താണിതിന്റെ അർത്ഥം?

നൂറുശതമാനം തൃപ്തികരമായ ഒരുത്തരം കണ്ടെത്താൻ പ്രയാസമുള്ളൊരു ചോദ്യമാണിത്. രണ്ടു സുവിശേഷങ്ങൾ രണ്ടു

വിധത്തിൽ അവതരിപ്പിച്ചിരിക്കുന്നു എന്നതാണ് ഉത്തരം കണ്ടെത്തുക എളുപ്പമല്ലാതാക്കുന്ന ഒരു കാരണം. പല വിവർത്തന സാധ്യതയുള്ളതാണ് ഈ വാക്കുകൾ എന്നത് ആദ്യമേ ശ്രദ്ധിക്കണം. രണ്ടു സുവിശേഷങ്ങളിലും അവതരിപ്പിച്ചിരിക്കുന്ന യാചനയുടെ സാധ്യമായ വിവർത്തനങ്ങൾ ആദ്യമേ കാണാം. ഓരോ വിവർത്തനത്തിലും മുഴങ്ങുന്ന അർത്ഥധ്വനികൾ അടുത്തു പരിശോധിച്ചതിനുശേഷം മനുഷ്യന്റെ ക്ഷമയും ദൈവത്തിന്റെ ക്ഷമയും തമ്മിലുള്ള ബന്ധം പരിശോധിക്കണം.

മത്താ 6,12 *"ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ".*

ലൂക്കാ 11,4 *"ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ. എന്തെന്നാൽ ഞങ്ങളുടെ എല്ലാ കടക്കാരോടും ഞങ്ങളും ക്ഷമിക്കുന്നു".*

പാപങ്ങൾ - കടങ്ങൾ എന്ന രണ്ടു പദങ്ങൾ ലൂക്കായും കടങ്ങൾ എന്നുമാത്രം മത്തായിയും അവതരിപ്പിക്കുന്നതിന്റെ വിവിധ വശങ്ങൾ നാം കണ്ടുകഴിഞ്ഞതാണ്. ഇവിടെ "ക്ഷമിക്കുക" എന്ന പദത്തിലെ കാലസൂചനയും, ദൈവക്ഷമയും മനുഷ്യക്ഷമയും തമ്മിലുള്ള ബന്ധവും മാത്രമാണ് ചർച്ചാവിഷയം. ആദ്യമേ ക്രിയയുടെ കാലത്തെക്കുറിച്ചു കാണാം.

"ക്ഷമിച്ചതുപോലെ" എന്നാണ് മത്തായിയുടെ സുവിശേഷത്തിൽ കാണുന്നത്. ഇത് ഭൂതകാലത്തെ സൂചിപ്പിക്കുന്ന ക്രിയാരൂപമാണ്. "അദ്യതനഭൂതകാലം", അവൊറിസ്റ്റ് (aorist) എന്ന് വിശേഷിപ്പിക്കുന്ന ഈ ക്രിയാരൂപം ഭൂതകാലത്തു നടന്ന ഒരു പ്രവൃത്തിയെ സൂചിപ്പിക്കുന്നു എന്നു മാത്രമേ അർത്ഥമാക്കുന്നുള്ളൂ. ആ പ്രവൃത്തി ദീർഘകാലം നീണ്ടുനിന്നതോ, ഒറ്റ നിമിഷംകൊണ്ട് നടന്നതോ, ആ പ്രവൃത്തിയുടെ ഫലം ഇപ്പോഴും നിലനില്ക്കുന്നുണ്ടോ എന്നൊന്നും ഈ ക്രിയാരൂപം സൂചിപ്പിക്കുന്നില്ല. അതിനൊക്കെ വേറെ ക്രിയാരൂപങ്ങളാണ് ഗ്രീക്കുഭാഷയിൽ ഉപയോഗിക്കുന്നത്. അതിനാൽ "ക്ഷമിച്ചതുപോലെ" എന്ന വിവർത്തനം ശരിയാണ്, കൃത്യമാണ്.

എന്നാൽ ചില വിവർത്തനങ്ങളിൽ "*ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ*" എന്നു കാണുന്നു. ഇവിടെ ഭൂതകാലത്തു നടന്ന ഒരു പ്രവൃത്തിയുടെ ഫലം വർത്തമാനകാലത്തിലും നില

നില്ക്കുന്നു എന്ന സൂചനയുണ്ട്. ഈ ക്രിയാരൂപത്തെ "പൂർണ്ണ ഭൂതകാലം" (Pluperfect) എന്നാണ് വിശേഷിപ്പിക്കുക. മത്തായി ഉപയോഗിച്ചിരിക്കുന്നത് ഈ ക്രിയാരൂപമല്ലെങ്കിലും പ്രാർത്ഥന യുടെ അർത്ഥം കൂടുതൽ വ്യക്തമാക്കാൻ ഇതു സഹായിക്കും എന്നതിൽ സംശയമില്ല. ഒരിക്കൽ ക്ഷമിച്ചതുകൊണ്ടു മാത്രമാ യില്ല, ആ ക്ഷമ എന്നേക്കും നിലനില്ക്കണം. "പണ്ടൊന്നു ക്ഷമിച്ചു; എന്നാൽ ഇപ്പോൾ ഞങ്ങൾ വീണ്ടും ശത്രുതയിലാണ്" എന്ന അവസ്ഥയിൽ യേശു പഠിപ്പിച്ച പ്രാർത്ഥന പ്രാർത്ഥിക്കാ നാവില്ല. അതിനാൽ "ക്ഷമിച്ചതുപോലെ - ക്ഷമിച്ചിരിക്കുന്നതു പോലെ" എന്ന രണ്ടു പ്രയോഗങ്ങളും സ്വീകാര്യവും, ആദ്യത്തെ രൂപം മൂലത്തോട് അക്ഷരാർത്ഥത്തിൽ കൂടുതൽ വിശ്വസ്തവും ആണെങ്കിലും, രണ്ടാമത്തെ രൂപമാണ് അർത്ഥം വ്യക്തമാക്കാൻ കൂടുതൽ സഹായകം.

ലൂക്കായുടെ അവതരണത്തിൽ "ഞങ്ങളും ക്ഷമിക്കുന്നു". എന്ന വിവർത്തനം മൂലത്തോടു പൂർണ്ണമായും വിശ്വസ്തത പുലർ ത്തുന്നു. ഇപ്പോൾ നടക്കുന്ന ഒരു പ്രവൃത്തിയെ സൂചിപ്പിക്കുന്ന വർത്തമാനകാലമാണ് ഗ്രീക്കുമൂലത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ദൈവത്തോടു ക്ഷമ ചോദിക്കുന്നയാൾ ക്ഷമയ്ക്കു നിദാനമായി എടുത്തുകാട്ടുന്ന കാരണമാണ് "ഞങ്ങൾ ക്ഷമിക്കുന്നു" എന്നത്. അതിനാൽ അനുദിന പ്രാർത്ഥനയിൽ മുകളിൽ കണ്ട മൂന്നുരൂപ ങ്ങളിൽ ഏതുപയോഗിച്ചാലും തെറ്റാണെന്നു പറയാനാവില്ല. എ ന്നാൽ എന്താണ് ദൈവത്തോടു യാചിക്കുന്ന ക്ഷമയും മനുഷ്യന്റെ ക്ഷമയും തമ്മിലുള്ള ബന്ധം എന്ന ചോദ്യം കൂടുതൽ പ്രസ ക്തവും പ്രാധാന്യമുള്ളതുമാണ്. അതിനുള്ള ഉത്തരം ഈ പ്രാർ ത്ഥനയിലെ രണ്ടു വാക്കുകളിൽ നിന്നുമാത്രം കണ്ടെത്താനാവില്ല. ഇതിനെക്കുറിച്ച് യേശു നല്കിയിരിക്കുന്ന പ്രബോധനങ്ങൾ കൂടു തൽ വിശദമായും ആഴത്തിലും പഠിച്ചേ മതിയാവൂ.

## ക്ഷമയുടെ മാനദണ്ഡം

കർത്തൃപ്രാർത്ഥനയുടെ ഉപസംഹാരം എന്ന വിധത്തിൽ മത്തായി രേഖപ്പെടുത്തിയിരിക്കുന്ന ഒരു ഗുരുവചനം ഈ വിഷ യത്തിലേക്കു വെളിച്ചം വീശാൻ പര്യാപ്തമാണ്. "*മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും. മറ്റുള്ളവരോട് നിങ്ങൾ ക്ഷമി ക്കുന്നില്ലെങ്കിൽ നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകൾ നിങ്ങ*

*ളോടും ക്ഷമിക്കുകയില്ല*" (മത്താ 6,14-15). "*പാരാപ്തോമ*" എന്ന ഗ്രീക്കുപദമാണ് "*തെറ്റ്*" എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. രണ്ടു തവണയും ഒരേ പദം തന്നെ മൂലത്തിൽ ഉപയോഗിച്ചിരിക്കുന്നു. ലക്ഷ്യം പിഴയ്ക്കുക, അതിർത്തി ലംഘിക്കുക (transgness - tresspass) നിയമവിരുദ്ധമായി പെരുമാറുക എന്നൊക്കെയാണ് ഈ പദത്തിനർത്ഥം. ദൈവത്തോടുള്ള ബന്ധത്തിൽ പാപം എന്നും മനുഷ്യരോടുള്ള ബന്ധത്തിൽ തെറ്റ് എന്നും വിവർത്തനം ചെയ്യാം.

മനുഷ്യർ ക്ഷമിച്ചാലേ ദൈവം ക്ഷമിക്കൂ എന്ന സൂചനയാണ് ഇതിൽനിന്നു ലഭിക്കുന്നത്. ദൈവം ക്ഷമിക്കാൻ അവശ്യനിബന്ധനയായി മനുഷ്യന്റെ ക്ഷമ പ്രത്യക്ഷപ്പെടുന്നു. അപ്പോൾ ക്ഷമയുടെ കാര്യത്തിൽ മുൻകൈ എടുക്കേണ്ടത് മനുഷ്യനാണെന്നു വരുന്നു. "ഞങ്ങൾ ക്ഷമിച്ചതുപോലെ" എന്ന താരതമ്യവും ഈ സൂചനയാണല്ലോ നല്കുന്നത്. എന്നാൽ മത്തായി തന്നെ രേഖപ്പെടുത്തിയിരിക്കുന്ന നിർദ്ദയനായ കാര്യസ്ഥന്റെ ഉപമയിൽ (മത്താ 18,21-35) വ്യത്യസ്തമായൊരു വീക്ഷണം കാണാം. പതിനായിരം താലന്ത് (പതിനായിരം കോടിരൂപ എന്നു കരുതാം) കടപ്പെട്ട കാര്യസ്ഥനെ കുടുംബസഹിതം വിറ്റ് കടം വീട്ടാൻ രാജാവു നല്കിയ കല്പന, കാര്യസ്ഥന്റെ ദയനീയമായ യാചനയെ മാനിച്ച് രാജാവു തന്നെ പിൻവലിക്കുകയും കടം മുഴുവൻ ഇളച്ചുകൊടുക്കുകയും ചെയ്തു. എന്നാൽ ആ കാര്യസ്ഥൻ തന്നെ തനിക്കു നൂറു ദേനാറാ (കേവലം അമ്പതിനായിരം രൂപാ എന്നു കരുതാം) കടപ്പെട്ട സഹസേവകനോടു ക്ഷമിക്കാതെ അയാളെ കാരാഗൃഹത്തിലടച്ചു. ഇതറിഞ്ഞ രാജാവ് കോപിച്ച് കരുണ കാണിക്കാത്ത ആ കാര്യസ്ഥനെ തടവിലാക്കി.

കഥയുടെ വ്യാഖ്യാനത്തിൽ അർത്ഥശങ്കയ്ക്ക് ഇടയില്ല. അഥവാ ആർക്കെങ്കിലും സംശയം അവശേഷിക്കുന്നെങ്കിൽ അതു പൂർണ്ണമായും തുടച്ചുനീക്കുന്നതാണ് ഉപമയുടെ ഉപസംഹാരമായ ഗുണപാഠം. "*ഞാൻ നിന്നോടു കരുണ കാണിച്ചതുപോലെ നീയും നിന്റെ സഹസേവകനോട് കരുണ കാണിക്കേണ്ടതായിരുന്നില്ലേ?... നിങ്ങൾ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും ക്ഷമിക്കുകയില്ല*" (മത്താ 18,33-35). കഥയുടെ ഗതി വീക്ഷിച്ചാൽ ദൈവമാണ് ആദ്യം ക്ഷമിച്ചതെന്നു കാണാം. എന്നാൽ

ക്ഷമ സ്വീകരിച്ചവൻ ക്ഷമിക്കാൻ തയ്യാറാകാത്തതിനാൽ ദൈവത്തിന്റെ ക്ഷമ അവനിൽ നിലനില്ക്കുന്നില്ല. സഹോദരനോട് ക്ഷമിക്കാൻ തയ്യാറാകാത്തവന് ദൈവത്തിന്റെ ക്ഷമ അനുഭവിക്കാൻ കഴിയുകയില്ല എന്നാണല്ലോ ഈ താക്കീതിൽനിന്നു മനസിലാക്കേണ്ടത്. അപ്പോൾ ക്ഷമ എന്നത് ഒരിക്കൽമാത്രം സംഭവിക്കേണ്ട ഒരു പ്രവൃത്തിയല്ല, മറിച്ച് ജീവിതത്തിൽ നിരന്തരം നടക്കേണ്ട ഒരു പ്രക്രിയയും നിലനില്ക്കേണ്ട ഒരു മനോഭാവവും ആണെന്നു വരുന്നു. ഈ സത്യം ഊന്നിപ്പറയുന്നതാണ് ലൂക്കാ അവതരിപ്പിക്കുന്ന മറ്റൊരുപമ.

വിരുന്നിനിരുന്ന യേശുവിന്റെ കാല്ക്കൽ കമിഴ്ന്നുവീണ് പാദങ്ങൾ കണ്ണീരുകൊണ്ടു കഴുകി, തലമുടികൊണ്ട് തുടച്ച്, സുഗന്ധതൈലം പൂശി, ചുംബിച്ച പാപിനിയെ അവജ്ഞയോടെയും യേശുവിനെ സംശയദൃഷ്ടിയോടെയും വീക്ഷിച്ച ആതിഥേയൻ ശിമയോനോട് യേശു പറഞ്ഞ കഥയിലാണ് ഈ സത്യം വ്യക്തമാകുന്നത്. അഞ്ഞൂറും അമ്പതും ദേനാറ വീതം കടപ്പെട്ടിരുന്ന രണ്ടു കടക്കാർ. കൊടുത്തുവീട്ടാൻ നിവൃത്തിയില്ലാതിരുന്ന ഇരുവർക്കും ഇളവു ലഭിക്കാനും അപ്പോൾ ഇളവു ചെയ്തവനെ ആരായിരിക്കും കൂടുതൽ സ്നേഹിക്കുക? ആർക്കു കൂടുതൽ ഇളവു ലഭിച്ചുവോ അയാൾ എന്ന ഫരിസേയന്റെ ഉത്തരം യേശു ശരിവച്ചു (ലൂക്കാ 7,36-50). കൂടുതൽ ക്ഷമ ലഭിച്ചവൻ കൂടുതൽ സ്നേഹിക്കും. കുറച്ചു ലഭിച്ചവൻ കുറച്ചും. അപ്പോൾ ദൈവം ക്ഷമിച്ചതുകൊണ്ടാണ് പാപിനിയായ സ്ത്രീ യേശുവിലൂടെ ദൈവത്തെ ഇത്രമാത്രം സ്നേഹിച്ചത് എന്നു ധ്വനി.

എന്നാൽ യേശുവിന്റെ വിശദീകരണം വീണ്ടും സംശയത്തിനു പഴുതിടുന്നു. “*ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ഇവൾ അധികം സ്നേഹിച്ചു*” (ലൂക്കാ 7,47). അപ്പോൾ പാപിനിയുടെ സ്നേഹമാണോ ദൈവക്ഷമയുടെ കാരണം? തൊട്ടുപിന്നാലെ വരുന്ന ഗുരുമൊഴി ഈ ചോദ്യത്തിന് ഉത്തരം നല്കുന്നു. “*ആരോട് അല്പം ക്ഷമിക്കപ്പെടുന്നുവോ അവൻ അല്പം സ്നേഹിക്കുന്നു*” (ലൂക്കാ 7,47). പാപിയായ മനുഷ്യൻ സ്നേഹിച്ചതുകൊണ്ടല്ല ദൈവം ക്ഷമിച്ചത്; മറിച്ച് ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹം അനുഭവിച്ചറിഞ്ഞതുകൊണ്ടാണ് മനുഷ്യനു ക്ഷമിക്കാൻ കഴിയുന്നത്, സ്നേഹിക്കാനും. യേശുവിലൂടെ ദൈവസ്നേഹം അനുഭവിച്ചറിയാൻ പാപിനിക്കു കഴിഞ്ഞു.

എപ്പോഴാണ് അവൾ യേശുവിനെ ആദ്യമായി കണ്ടത്, എപ്പോഴാണ് അവൾക്കു ക്ഷമ ലഭിച്ചത് എന്നൊന്നും സുവിശേഷകൻ പറയുന്നില്ല. അവൾ പട്ടണത്തിൽ അറിയപ്പെടുന്ന ഒരു പരസ്യ പാപിനിയായിരുന്നു. ഫരിസേയന്റെ വീട്ടിൽ വിരുന്നിനിരിക്കുന്ന യേശുവിനെത്തേടി വരാൻ അവൾ കാട്ടിയ സാഹസവും ധൈര്യവും അവളുടെ ആന്തരികാവസ്ഥ വിളിച്ചറിയിക്കുന്നതാണ് - പാപബോധം, യേശുവിനെ കാണാൻ ആഗ്രഹം; അതിനുവേണ്ടി എന്തും നേരിടാനുള്ള സന്നദ്ധത.

തന്റെ പിന്നിൽനിന്നു കരഞ്ഞ അവളെ യേശു തടഞ്ഞില്ല; അവജ്ഞയോടെ നോക്കിയില്ല. അവളുടെ അനുതാപവും സ്നേഹവും ശുശ്രൂഷയും എല്ലാം സന്തോഷത്തോടെ സ്വീകരിച്ചു. അത് അവൾക്കു പാപമോചനത്തിന്റെ അടയാളമായി. അനുതാപവും സ്നേഹവും ചിറപൊട്ടിയൊഴുകി. വിലപ്പെട്ട സുഗന്ധതൈലം പാദങ്ങളിൽ കമിഴ്ത്തി; നിർത്താതെ, ഗാഢമായി ചുംബിച്ചു. ഇതെല്ലാം അകൈതവമായ കൃതജ്ഞതയുടെയും അഗാധമായ സ്നേഹത്തിന്റെയും അടയാളങ്ങളായിരുന്നു.

ഈ കഥയിൽ ഏതാണ് ആദ്യം, ഏതാണ് പിന്നെ എന്ന ചോദ്യം തന്നെ അപ്രസക്തമാകുന്നു. ഉള്ളിലുദിച്ച പാപബോധവും യേശുവിനെ കാണാനുള്ള അദമ്യമായ ആഗ്രഹവും ദൈവം നല്കിയ ദാനമാണ്, സക്കേവൂസിനെ മരത്തേൽ കയറാൻ പ്രേരിപ്പിച്ചതുപോലെ. ദൈവത്തിന്റെ പ്രചോദനത്തിനു വഴങ്ങുന്ന വ്യക്തിയെ ദൈവം വഴി നടത്തുന്നു, പൂർണ്ണമായ മോചനത്തിലേക്കും രക്ഷയിലേക്കും ശാശ്വതമായ സന്തോഷത്തിലേക്കും കൈപിടിച്ചുയർത്തുന്നു. ദൈവമാണ് ഈ പ്രക്രിയയിൽ മുൻകൈ എടുക്കുന്നത്. മനുഷ്യൻ അനുസരിക്കുന്നു, അനുഗമിക്കുന്നു.

ഇതുതന്നെയാണ് ക്ഷമയിലും പാപമോചനത്തിലും സംഭവിക്കുന്നത്. മനുഷ്യകുലത്തിന്റെ മുഴുവൻ പാപം ഏറ്റെടുത്ത് ആത്മബലിയിലൂടെ യേശു മോചനം നല്കിക്കഴിഞ്ഞു. എന്നാൽ ഈ മോചനം എനിക്കു ലഭിക്കണമെങ്കിൽ ഞാൻ സഹോദരങ്ങളോട് ഹൃദയം തുറന്നു ക്ഷമിക്കാൻ തയ്യാറാകണം. നിർദ്ദയനായ സേവകനു കടമിളവു ലഭ്യമായിരുന്നു. എന്നാൽ സഹസേവകനോട് ക്ഷമിക്കാഞ്ഞതിനാൽ രാജാവിന്റെ ക്ഷമ അയാൾക്കു ലഭിച്ചില്ല. ദൈവത്തിന്റെ ബാങ്കിൽ എനിക്കായി ക്ഷമയുടെ വലി തുക യേശുനാഥൻ നിക്ഷേപിച്ചിരിക്കുന്നു. എന്റെ സഹോദരങ്ങളോടു ക്ഷമി

ക്കുന്നതിനെ ചെക്കെഴുതി ആ തുക എടുക്കുന്നതിനോടുപമിക്കാം. ദൈവത്തിന്റെ ഭാഗത്തുനിന്ന് ക്ഷമ എനിക്കു ലഭ്യമാണ്; എന്നാൽ അതു സ്വീകരിക്കാൻ ഞാൻ ക്ഷമിക്കേണ്ടിയിരിക്കുന്നു.

ഈ കാഴ്ചപ്പാടിൽ മത്തായിയും ലൂക്കായും രണ്ടു ക്രിയാരൂപങ്ങളിലൂടെയും രണ്ടു വാക്കുകളിലൂടെയും പറയുന്നത് ഒരേ കാര്യം തന്നെ. അതുപോലെത്തന്നെ, "പോലെ", "കൊണ്ട്" എന്ന രണ്ടു നിബന്ധനകളും ഏതാണ്ട് ഇതേ അർത്ഥത്തിൽത്തന്നെ വ്യാഖ്യാനിക്കാനാവും. "നിങ്ങൾ അളക്കുന്ന അളവുകൊണ്ടു തന്നെ നിങ്ങൾക്കും അളന്നുകിട്ടും" (മത്താ 7,2) എന്ന ഗുരുമൊഴി "പോലെ" എന്നതിന്റെ വിശദീകരണമാണ്. വിശകലനം ചെയ്ത ഉപമകൾ രണ്ടും "കൊണ്ട്" എന്നതിന്റെ അർത്ഥം വ്യക്തമാക്കുന്നു. ദൈവത്തിന്റെ ദാനത്തിന്റെ അളവ് എന്റെ പ്രവൃത്തിയെ ആശ്രയിച്ചിരിക്കും എന്നു പറയുന്നതിനേക്കാൾ ഞാൻ എത്രമാത്രം ക്ഷമിക്കുന്നുവോ അത്രമാത്രം ക്ഷമ സ്വീകരിക്കാൻ എനിക്കും കഴിയും; അത്രയേ കഴിയൂ, എന്നു പറയുന്നതാവാ കൂടുതൽ ശരി. സൂര്യൻ പ്രകാശിക്കാത്തുകൊണ്ടല്ല, സൂര്യനെതിരെ മുഖം തിരിച്ചുനില്ക്കുന്നതിനാലാണ് ഭൂമിയിൽ ഇരുട്ടാകുന്നത്. ദൈവം സ്നേഹിക്കാത്തിനാലല്ല, ആ സ്നേഹം സ്വീകരിക്കാൻ എന്റെ ഹൃദയം ഒരുക്കാത്തിനാലാണ് എനിക്കു ദൈവസ്നേഹം അനുഭവിക്കാൻ കഴിയാത്തത്. വെളിച്ചമില്ലാത്തിനാലല്ല, എന്റെ കണ്ണിനു കാഴ്ചയില്ലാത്തിനാലാണ്, അഥവാ ഞാൻ കണ്ണടച്ചതിനാലാണ്, ഞാൻ ഇരുട്ടിൽ കഴിയുന്നത്.

### ചുരുക്കത്തിൽ

യേശു പഠിപ്പിച്ച പ്രാർത്ഥനയിലെ ക്ഷമയ്ക്കുവേണ്ടിയുള്ള യാചന ഒരേസമയം പ്രാർത്ഥനയും പ്രബോധനവുമാണ്; ദാനവും ദൗത്യവും ഉൾക്കൊള്ളുന്നു. ക്ഷമിക്കാൻ എന്നെ പ്രാപ്തനാക്കുന്നത് ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹമാണ്. ഞാൻ ക്ഷമിക്കുന്നതിന് ആനുപാതികമായി ആ സ്നേഹം എനിക്ക് അനുഭവവേദ്യമാകും. ഇത് ഒരിക്കൽ മാത്രം സംഭവിക്കുന്ന ഒറ്റപ്പെട്ട പ്രവൃത്തിയല്ല, നിലയ്ക്കാത്ത ജലപ്രവാഹം പോലെ എന്നും തുടരേണ്ട ഒരു പ്രക്രിയയാണ്. അതിനുള്ള ശക്തിയും കൃപയും നാഥൻതന്നെ പ്രദാനം ചെയ്യട്ടെ.

# 10

## പരീക്ഷ - പ്രലോഭനം

"*ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ*" എന്നാണ് ബൈബിളിൽ കാണുന്ന പ്രാർത്ഥനയിലെ ഒരു യാചന. എന്നാൽ വീടുകളിൽ ഈ യാചന "*ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്ത രുതേ*" എന്നാണ് ചൊല്ലുന്നത്. ഇതിൽ ഏതാണ് ശരിയായത്? അതോ രണ്ടിനും അർത്ഥം ഒന്നുതന്നെയോ? ഇതോടൊപ്പം മറ്റൊരു ചോദ്യവും ഉദിക്കുന്നു. ദൈവം ആരെയെങ്കിലും പ്രലോ ഭനത്തിൽ ഉൾപ്പെടുത്തുമോ? നന്മയുടെ ഉറവിടമായ ദൈവം തന്നെ ഒരാളെ പ്രലോഭനത്തിലേക്കു തള്ളിവിടും എന്നു പറയുന്നതു മനസിലാക്കാൻ വിഷമമുണ്ട്. ഈ യാചന തിരുത്തണം എന്ന് ഫ്രാൻസിസ് മാർപ്പാപ്പ അടുത്തകാലത്ത്, ആവശ്യപ്പെട്ടതായും കേൾക്കുന്നു. മാത്രമല്ല, സീറോ മലബാർ കുർബാനയിൽ "*ഞങ്ങൾ പരീക്ഷയിൽ വീഴാൻ ഇടയാകരുതേ*" എന്ന അടുത്ത കാലത്ത് തിരുത്തിയിരിക്കുന്നതായും കാണുന്നു.

പതിവായി പ്രാർത്ഥിക്കാറുള്ളതിനാൽ ശ്രദ്ധിക്കാതെ പോകാ വുന്ന ഒരു വ്യത്യാസമാണിത്. പരീക്ഷയും പ്രലോഭനവും ഒന്നു തന്നെയോ? എങ്കിൽ എന്തിന് ഈ രണ്ടുവാക്കുകൾ? ഇംഗ്ലീ ഷിലും ഈ പ്രശ്നം നിലനില്ക്കുന്നുണ്ട്. *പ്രലോഭനം* (*temptation*) എന്ന പദമാണ് സാധാരണ ഉപയോഗിക്കാറുള്ളത്. എങ്കിലും *പരീക്ഷ* (*test*) എന്നും പ്രാർത്ഥിക്കാറുണ്ട്. അതിനാൽ ഇവ രണ്ടും ഒന്നുതന്നെ എന്ന പ്രതീതിയാണുണ്ടാവുക.

മൂലഭാഷയിലും സ്ഥിതി വ്യത്യസ്തമല്ല. ഇവിടെ മത്തായിയും ലൂക്കായും ഒരേ വാക്കു തന്നെയാണ് ഉപയോഗിക്കുന്നത്. "*പെയി രാസ്മോസ്*". "*പെയിരാസോ*" എന്ന ക്രിയാധാതുവിൽ നിന്നാണ് ഈ ഗ്രീക്കുനാമം ഉണ്ടായത്. എന്നാൽ ഈ വാക്കിന് അതുപ യോഗിക്കുന്ന സാഹചര്യം അനുസരിച്ച് അർത്ഥവ്യത്യാസമു ണ്ടാകും. ഒരാളുടെ കഴിവു പരിശോധിക്കാൻ വേണ്ടി നടത്തുന്ന പരീക്ഷയാണ് ഒരർത്ഥം. പരീക്ഷ എന്ന വാക്കിന് നാം സാധാ രണ നല്കുന്ന അർത്ഥവും ഇതുതന്നെയാണല്ലോ. പരീക്ഷിക്കുക

എന്നതിന് ശ്രമിക്കുക, എനിക്കിതു ചെയ്യാൻ കഴിയുമോ എന്നു നോക്കുക, കഴിവു വർദ്ധിപ്പിക്കാൻ പരിശ്രമിക്കുക എന്നും ഗ്രീക്കു വാക്കിനർത്ഥമുണ്ട്. എന്നാൽ ഇവ രണ്ടുമാണ് കർത്തൃപ്രാർത്ഥനയിൽ ഉദ്ദേശിക്കുന്നത് എന്നു കരുതാനാവില്ല.

*പെയിരാസോ - പെയിരാസ്മോസ്* എന്ന ഗ്രീക്ക് വാക്ക് മതാത്മക - ആത്മീയതലത്തിൽ ഉപയോഗിക്കുമ്പോൾ മറ്റൊരർത്ഥമുണ്ട്. മനുഷ്യൻ ദൈവത്തെ പരീക്ഷിക്കുന്നു എന്നു പറയുന്ന ബൈബിൾ ഭാഗങ്ങളിൽ ഈ പദമാണുപയോഗിച്ചിരിക്കുന്നത്. ഹീബ്രുവിൽ "*നാസാ*" എന്ന ക്രിയാപദമാണ് *പെയിരാസോ* എന്ന് ഗ്രീക്കിലേക്കു വിവർത്തനം ചെയ്യുന്നത്. ഈ പദത്തിന്റെ അർത്ഥം ഏറ്റം വ്യക്തമാക്കുന്നതാണ് മരുഭൂമിയിലൂടെയുള്ള യാത്രാമധ്യേ ഉണ്ടായ ഒരു സംഭവം (പുറ 17,1-7). ജലം കിട്ടാതെ വിഷമിച്ച ജനം മോശയ്ക്കെതിരേ തിരിഞ്ഞു. ദൈവം അവർക്കു പാറയിൽ നിന്നു വെള്ളം കൊടുത്തു. എന്നാൽ വെള്ളത്തിനുവേണ്ടി കലഹിച്ച ജനവും, പാറയിൽ അടിക്കുമ്പോൾ ദൈവത്തിൽ ദൃഢമായി വിശ്വസിച്ച് ദൈവത്തെ മഹത്വപ്പെടുത്താത്ത മോശയും ദൈവത്തെ പരീക്ഷിക്കുകയായിരുന്നു എന്ന് വി. ഗ്രന്ഥകാരൻ പറയുന്നു: "*ഇസ്രായേൽ അവിടെ വച്ചു കലഹിച്ചതിനാലും ദൈവം ഞങ്ങളുടെ ഇടയിൽ ഉണ്ടോ ഇല്ലയോ എന്നു ചോദിച്ചുകൊണ്ട് കർത്താവിനെ പരീക്ഷിച്ചതിനാലും മോശ ആ സ്ഥലത്തിനു മാസ എന്നും മെരീബാ എന്നും പേരിട്ടു*" (പുറ 17,7). "*നാസാ*" എന്ന ക്രിയയിൽനിന്നാണ് "*മാസാ*" എന്ന പേരുണ്ടായത്. പരീക്ഷയുടെ മറ്റൊരു വശം ഇവിടെ ദൃശ്യമാകുന്നു. ഈ അർത്ഥത്തിലാണ് "*നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്*" (മത്താ 4,7) എന്ന് യേശു പറയുന്നത്. എന്നാൽ ഈ അർത്ഥമാണ് പ്രാർത്ഥനയ്ക്കുള്ളത് എന്നും പറയാനാവില്ല.

ഇതിൽനിന്നെല്ലാം വ്യത്യസ്തമായി "തിന്മ ചെയ്യാൻ പ്രേരിപ്പിക്കുക" "പാപത്തിലേക്കു നയിക്കുക" എന്ന അർത്ഥവും *പെയിരാസോ* എന്ന ഗ്രീക്കു വാക്കിനുണ്ട്. ഒരാളെ പാപത്തിനു പ്രേരിപ്പിക്കുന്ന വ്യക്തിയെ "*പെയിരാസോൺ*" എന്നു വിളിക്കുന്നു. ഈ അർത്ഥം ലഭിക്കണമെങ്കിൽ "*പ്രലോഭിപ്പിക്കുക - പ്രലോഭനം - പ്രലോഭകൻ*" എന്ന പദങ്ങൾ ഉപയോഗിക്കണം. അപ്പോൾ പരീക്ഷ - പരീക്ഷിക്കുക എന്ന വാക്കുകളേക്കാൾ മെച്ചം പ്രലോഭനം എന്നതു തന്നെയാണ്. അതിനാൽത്തന്നെയാണ് സഭ

ഔദ്യോഗിക പ്രാർത്ഥനകളിൽ "*പ്രലോഭനത്തിൽ ഉൾപ്പെടുത്ത രുതേ*" എന്നു പ്രാർത്ഥിക്കുന്നത്. ഇംഗ്ലീഷിൽ '*temptation*" എന്ന പദമാണ് *test* എന്നതിനേക്കാൾ കൂടുതൽ അർത്ഥവത്താകുക. അതുതന്നെയാണ് സഭ ഉപയോഗിക്കുന്നതും.

ഇനി എന്താണ് പ്രലോഭനം, ദൈവം ആരെയെങ്കിലും പ്രലോഭനത്തിലേക്ക് നയിക്കുമോ എന്ന ചോദ്യങ്ങൾക്കും ഉത്തരം കണ്ടെത്തണം. ആത്യന്തികമായ അർത്ഥത്തിൽ ദൈവത്തിൽ നിന്നകലാൻ, ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിക്കാൻ, ദൈവത്തെത്തന്നെ നിഷേധിക്കാൻ ഉണ്ടാകുന്ന പ്രേരണയാണ് പ്രലോഭനം. അതിനാൽ ദൈവം തന്നെ ആരെയെങ്കിലും ഇപ്രകാരമൊരു പ്രവൃത്തിക്കു പ്രേരിപ്പിക്കും എന്നു പറയാനാവില്ല. പ്രലോഭകൻ ദൈവമല്ല, മറിച്ച് സാത്താനെന്നും പിശാചെന്നും വിളിക്കുന്ന തിന്മയുടെ ശക്തിയാണ്. പ്രലോഭകൻ എന്നത് സാത്താന്റെ തന്നെ ഒരു പര്യായമായി ബൈബിൾ പലതവണ ഉപയോഗിക്കുന്നുമുണ്ട്.

പ്രലോഭനത്തിന്റെ സ്വഭാവം മനസിലാക്കാൻ ബൈബിളിലെ രണ്ടു സംഭവങ്ങൾ പ്രത്യേകം സഹായകമാകും. പറുദീസായിൽ വച്ച് ആദിമാതാപിതാക്കൾ നേരിട്ടതാണ് ആദ്യത്തെ പ്രലോഭനം. ദൈവം വിലക്കിയിരുന്ന പഴം ഭക്ഷിക്കാനുള്ള പ്രേരണ ആയിട്ടാണ് ബൈബിൾ ഈ പ്രലോഭനത്തെ അവതരിപ്പിക്കുന്നത് (ഉൽപ 3,1-7). പ്രലോഭനത്തിന്റെ ഉറവിടം അവർക്കു പുറത്താണ്. പുറമെനിന്ന് കടന്നുവരുന്ന ചോദ്യങ്ങളും ആശയങ്ങളും നിർദ്ദേശങ്ങളുമായി പ്രലോഭനം പ്രത്യക്ഷപ്പെടുന്നു. തിന്മ ചെയ്യാനുള്ള പ്രേരണ എന്ന രീതിയിലല്ല, മറിച്ച് ലഭിക്കാൻ പോകുന്ന വലിയ നന്മ ആയിട്ടാണ് പഴം തിന്നുക എന്ന പ്രവൃത്തി ചിത്രീകരിക്കപ്പെടുന്നത്. പഴത്തിന്റെ ഭംഗിയും ആസ്വാദ്യതയും കഴിവുകളും എല്ലാം അവർക്ക് അഭികാമ്യമായി തോന്നുന്നു. ദൈവകല്പന ലംഘിക്കയാണെന്നറിയാമെങ്കിലും, പഴം തരും എന്നു കരുതുന്ന നന്മകളിലാണ് പ്രലോഭിതരുടെ മനസ് ഉടക്കുന്നത്: "*പഴം ആസ്വാദ്യവും കണ്ണിനു കൗതുകകരവും അറിവേകാൻ കഴിയും എന്നതിനാൽ അഭികാമ്യവും ആണെന്നു കണ്ട് അവൾ അതു പറിച്ചു തിന്നു. ഭർത്താവിനും കൊടുത്തു. അവനും തിന്നു*" (ഉൽപ 3,6).

ഇതാണ് പ്രലോഭനത്തിന്റെ സ്വഭാവം; തിന്മയെ നന്മയായി ചിത്രീകരിക്കുക. ലഭിക്കാൻ പോകുന്ന നന്മയിൽ മാത്രം ശ്രദ്ധ

കേന്ദ്രീകരിക്കുക, മറ്റെല്ലാം മറക്കുക. നന്മയാണെന്നു കരുതി തിന്മ തിരഞ്ഞെടുക്കുക. ഇതൊരു തന്ത്രമാണ് - നുണയെ നേരായി അവതരിപ്പിച്ചു വഞ്ചിക്കുന്ന കുതന്ത്രം. ഇതിനു പിന്നിൽ പ്രവർത്തിക്കുന്ന ശക്തിയെ ബൈബിൾ പ്രലോഭകൻ എന്നും സാത്താൻ എന്നും വിളിക്കുന്നു.

ഇവിടെ നിന്നു ശ്രദ്ധേയമായൊരു ഉൾക്കാഴ്ച ലഭിക്കുന്നു. പ്രലോഭനങ്ങളുടെയെല്ലാം ആത്യന്തിക ലക്ഷ്യം മനുഷ്യനെ ദൈവത്തിൽ നിന്നകറ്റുകയാണ്. അതുതന്നെയല്ലേ കർത്തൃപ്രാർത്ഥനയിൽ ഈ യാചനയിലൂടെ യേശു പഠിപ്പിക്കുന്നത്? *"സർഗ്ഗസ്ഥനായ പിതാവേ, അങ്ങിൽനിന്നും അകറ്റപ്പെടാൻ ഒരുനാളും ഞങ്ങളെ അനുവദിക്കരുതേ"* എന്ന് ഈ യാചനയെ പരാവർത്തനം ചെയ്യാം. പക്ഷേ ഇതായിരുന്നു അർത്ഥമെങ്കിൽ "പ്രലോഭനങ്ങളിൽ" എന്ന ബഹുവചനമായിരുന്നില്ലേ കൂടുതൽ ഉചിതം എന്ന ചോദ്യം ഉയരുന്നു. എന്നാൽ രണ്ടു സുവിശേഷകന്മാരും "പ്രലോഭനത്തിൽ" എന്നാണ് എഴുതിയിരിക്കുന്നത്. മൂലഭാഷയിലും ഏകവചനം തന്നെ. അപ്പോൾ അനുദിനം ഉണ്ടാകുന്ന നിരവധിയായ പ്രലോഭനങ്ങളേക്കാൾ ഏതോ ഒരു പ്രത്യേക പ്രലോഭനത്തിലേക്കാണ് ഈ യാചന ശ്രദ്ധ ക്ഷണിക്കുന്നത് എന്നു തോന്നും.

ഇവിടെ പുതിയ നിയമത്തിലെ ചില സംഭവങ്ങൾ ശ്രദ്ധേയമാകുന്നു. പരസ്യജീവിതത്തിനൊരുക്കമായി നാല്പതു ദിനരാത്രങ്ങൾ മരുഭൂമിയിൽ ഉപവസിച്ചു പ്രാർത്ഥിച്ച യേശു നേരിട്ട പ്രലോഭനമാണ് ഒന്ന്. കല്ലുകൾ അപ്പമാക്കുക, അത്ഭുതം പ്രവർത്തിച്ച് ജനശ്രദ്ധ പിടിച്ചുപറ്റുക, ലോകാധിപത്യം നേടാനായി സാത്താനെ ആരാധിക്കുക. ഇതാണ് പ്രലോഭനത്തിന്റെ യഥാർത്ഥ ലക്ഷ്യം. ഇവിടെ പ്രലോഭകന്റെ മുഖം അനാവരണം ചെയ്യപ്പെടുന്നു. ദൈവത്തിന്റെ സ്ഥാനത്ത് സാത്താനെ പ്രതിഷ്ഠിച്ച് ആരാധിക്കുക. അടിസ്ഥാനപരമായി, വിശ്വാസത്യാഗമാണ് പ്രലോഭനത്തിന്റെ ലക്ഷ്യം. ഇതിനെക്കുറിച്ചു യേശു തന്നെ ശിഷ്യന്മാർക്കു മുന്നറിയിപ്പു നല്കിയിരിക്കുന്നു. *"സാത്താൻ നിങ്ങളെ ഗോതമ്പു പോലെ പാറ്റാൻ ഉദ്യമിച്ചു. എന്നാൽ നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ പ്രാർത്ഥിച്ചു"* (ലൂക്കാ 22,31-32).

യേശുവിന്റെ പീഡാനുഭവും മരണവും ശിഷ്യന്മാർ അതികഠിനമായി പ്രലോഭിപ്പിക്കപ്പെട്ട അവസരമായിരുന്നു. *"പ്രലോഭ*

*നത്തിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർഥിക്കുവിൻ*" (ലൂക്കാ 22,46) എന്ന ആഹ്വാനം ഈ പ്രലോഭനത്തിന്റെ രൂക്ഷതയും അതിനെതിരേ വേണ്ട ജാഗ്രതയുടെയും പ്രാർത്ഥനയുടെയും ആവശ്യകതയും വ്യക്തമാക്കുന്നു. ഗത്സെമിനിയിലെ പ്രാർത്ഥന യേശു നേരിട്ട പ്രലോഭനത്തിന്റെ കാഠിന്യം വ്യക്തമാക്കുന്നുണ്ട്. "*പിതാവേ അങ്ങേക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകറ്റണമേ*" (ലൂക്കാ 22,42). മനുഷ്യവർഗ്ഗത്തിന്റെ പാപം മുഴുവൻ ഏറ്റെടുത്ത് ആത്മബലിയിലൂടെ മോചനം നല്കാനുള്ള ദൗത്യമാണ് പാനപാത്രം. അത് അകറ്റണമേ എന്ന പ്രാർത്ഥനതന്നെ പ്രലോഭനത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്നു. എന്നാൽ അതേ ശ്വാസത്തിൽത്തന്നെ "*എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ*" എന്ന് നിലവിളിച്ചുകൊണ്ട് പ്രലോഭനത്തിൽ വിജയം വരിക്കുന്നു. കുരിശിലും ഈ പ്രലോഭനം ആവർത്തിക്കുകയുണ്ടായി. കുരിശിൽ നിന്നിറങ്ങിവന്ന് ദൈവത്വം തെളിയിക്കാൻ വെല്ലുവിളിച്ചത് ഇതേ പ്രലോഭനം തന്നെ. ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിക്കാനും അതുവഴി ദൈവത്തെ നിഷേധിക്കാനുമുണ്ടാകുന്ന പ്രേരണയാണ് പ്രലോഭനം എന്ന് ഈ സംഭവങ്ങൾ സൂചിപ്പിക്കുന്നു.

യുഗാന്തോന്മുഖമായ ഒരു കാഴ്ചപ്പാടും ഈ യാചനയുടെ പിന്നിലുണ്ട് എന്നു ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു. ശിഷ്യസമൂഹം ഒന്നടങ്കം വിശ്വാസത്യാഗത്തിനു പ്രേരിപ്പിക്കപ്പെടുന്ന ഭീകരമായ അവസരങ്ങളുണ്ടാകാം. "*എങ്കിലും മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ*" (ലൂക്കാ 18,8) എന്ന ചോദ്യം ഇപ്രകാരമൊരു വിശ്വാസത്യാഗത്തിലേക്ക് സൂചന നല്കുന്നുണ്ട്. എന്നാൽ ലോകാവസാനത്തിൽ സംഭവിക്കാൻ പോകുന്ന മതപീഡനത്തിന് ഇരയാക്കരുത് എന്ന ഒരു പ്രാർത്ഥനയിലേക്ക് ഈ യാചനയെ ഒതുക്കാനാവില്ല. വിവിധങ്ങളായ ജീവിതസാഹചര്യങ്ങളിൽ സമ്മർദ്ദങ്ങൾക്കു വഴങ്ങിയോ കാര്യലാഭങ്ങൾക്കുവേണ്ടിയോ ദൈവത്തെ നിഷേധിക്കാൻ, അവിടുത്തെ തിരുഹിതത്തിനു വിരുദ്ധമായി പ്രവർത്തിക്കാൻ ഒരിക്കലും ഇടയാക്കരുതേ എന്നതാവും പ്രാർത്ഥനയുടെ അർത്ഥം.

"*ഉൾപ്പെടുത്തരുതേ*" എന്ന യാചനയും ശ്രദ്ധയർഹിക്കുന്നു. ദൈവം ആരെയെങ്കിലും പ്രലോഭിപ്പിക്കുമോ? ഇല്ല എന്നാണ് ബൈബിൾതന്നെ സാക്ഷ്യപ്പെടുത്തുന്നത്: "*ദൈവം തിന്മയാൽ പരീക്ഷിക്കപ്പെടുന്നില്ല; ആരെയും പരീക്ഷിക്കുന്നുമില്ല*" (യാക്കോ

1,13). പ്രലോഭിപ്പിക്കുക എന്ന വിവർത്തനമാകും അർത്ഥം വ്യക്ത മാക്കാൻ കൂടുതൽ സഹായിക്കുക. പരീക്ഷയും പ്രലോഭനവും തമ്മിലുള്ള വ്യത്യാസം ആരംഭത്തിൽ കണ്ടുകഴിഞ്ഞതാണ്. ഓരോ രുത്തരുടെയും ദുർമ്മോഹങ്ങളാണ് പ്രലോഭനത്തിനു കാരണ മാവുക എന്നു യാക്കോബ് തുടർന്നു പഠിപ്പിക്കുന്നു. അതേസമയം മനുഷ്യനെ പ്രലോഭിപ്പിക്കുന്നത് സാത്താനാണെന്ന് ബൈബി ളിൽ അനേകം തവണ അർത്ഥശങ്കയ്ക്കിടമില്ലാത്തവിധത്തിൽ എടുത്തുപറയുന്നുണ്ട്: "*നിങ്ങളുടെ ശത്രുവായ പിശാച് അല റുന്ന സിംഹത്തെപ്പോലെ, ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചു കൊണ്ട് ചുറ്റിനടക്കുന്നു*" (1 പത്രോ 5,8). ഉദാഹരണമാണ്. വെളി പാടു പുസ്തകത്തിൽ വിശ്വാസികളുടെ സമൂഹമാകുന്ന സഭയ് ക്കെതിരേ സാത്താൻ നടത്തുന്ന പ്രലോഭനങ്ങളും ആക്രമണ ങ്ങളും അനേകം പ്രതീകങ്ങളിലൂടെ അവതരിപ്പിക്കുന്നുണ്ട് (വെളി 12-20).

അതിനാൽ ദൈവമല്ല, സാത്താനും തിന്മയുടെ ശക്തി ഉണർ ത്തുന്ന ദുർമ്മോഹങ്ങളുമാണ് പ്രലോഭനങ്ങൾക്കു കാരണം. എങ്കിൽ പിന്നെ എന്തേ ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടു ത്തരുതേ, അഥവാ പ്രലോഭനത്തിലേക്കു തള്ളിവിടരുതേ (lead us not into temptation) എന്നു പ്രാർത്ഥിക്കുന്നു? ഇവിടെ രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

ബൈബിളിന്റെ കാഴ്ചപ്പാടിൽ, ആത്യന്തികമായ അർത്ഥ ത്തിൽ എല്ലാറ്റിന്റെയും ഉറവിടവും സ്രഷ്ടാവും ദൈവം തന്നെ യാണ്. ദൈവത്തിനു തുല്യമായോ സമാന്തരമായോ മറ്റൊരു ശക്തിയുമില്ല. ഏകദൈവ വിശ്വാസത്തിന്റെ മൂലക്കല്ലാണിത്. അങ്ങനെയെങ്കിൽ സാത്താനും സാത്താന്റെ പ്രവൃത്തികളും പോലും ദൈവത്തിനധീനമാണ്. ദൈവം അനുവദിക്കുന്നിടത്തോളം മാത്രമേ സാത്താനും പ്രവർത്തിക്കാൻ കഴിയൂ.

ഇതിനോടനുബന്ധിച്ച് മറ്റൊന്നു കൂടിയുണ്ട്. ദൈവത്തിനും അവിടുത്തെ രക്ഷാകരപദ്ധതിയായ തിരുഹിതത്തിനും എതിരേ പ്രവർത്തിക്കാൻ ദൈവം അനുവദിക്കുന്നുണ്ട്. ഇത് മനസിലാ ക്കാൻ ഏറെ വിഷമമുള്ളതെങ്കിലും നിഷേധിക്കാനാവാത്തവിധം ബൈബിളിൽ വ്യക്തമാണ് ജോബിന്റെ അനുഭവം ഉദാഹരണം. ദൈവം അനുവദിച്ചതുകൊണ്ടാണ് സാത്താന് ജോബിനെ അതി കഠിനമായി പരീക്ഷിക്കാൻ കഴിഞ്ഞത്.

ഈ പരിഗണനകളുടെ പാശ്ചാത്തലത്തിൽ "പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ" എന്ന പ്രാർത്ഥന അർത്ഥമാക്കുന്നത് ദൈവം മനഃപൂർവ്വം ആരെയെങ്കിലും തിന്മപ്രവർത്തിക്കാൻ പ്രേരിപ്പിക്കും എന്നല്ല, "*ചെറുത്തു നില്ക്കാൻ കഴിയാത്തവിധം ശക്തമായി പ്രലോഭിപ്പിക്കപ്പെടാൻ അനുവദിക്കരുതേ*" എന്നാകും. ഇത് അനുദിനമുണ്ടാകുന്ന ജീവിത പ്രശ്നങ്ങളും പ്രതിസന്ധികളുമാകാം. ഒരുപടികൂടി കടന്ന്, വിശ്വാസത്യാഗത്തിനു പ്രേരിപ്പിക്കുന്ന മത പീഡനമാകാം. എന്തുമാകട്ടെ ഇപ്രകാരം കഠിനമായ പ്രലോഭന ങ്ങൾക്കു വിധേയരാകാൻ അനുവദിക്കരുതേ എന്നും അതോ ടൊപ്പം പ്രലോഭനത്തിൽപ്പെടുന്ന ഞങ്ങളെ പ്രലോഭകന്റെ ഇഷ്ട ത്തിന് കൈവിടരുതേ എന്നും ഈ യാചന വ്യാഖ്യാനിക്കാവുന്ന താണ്.

പരീക്ഷ പ്രലോഭനമായി മാറാം എന്ന സാധ്യതയും കണ ക്കിലെടുക്കേണ്ടതുണ്ട്. വിശ്വാസത്തിൽ ദൃഢപ്പെടാനും ദൈവ ത്തോടുള്ള വിശ്വസ്തത ഏറ്റു പറഞ്ഞു തെളിയിക്കാനും ദൈവം നല്കുന്ന അവസരങ്ങളാണ് പരീക്ഷകൾ. ഈ അർത്ഥത്തിലാണ് "*ദൈവം അബ്രാഹത്തെ പരീക്ഷിച്ചു*" (ഉൽപ 22,1) എന്നു പറ യുന്നത്. മകനെ ബലിയർപ്പിക്കാൻ വിസമ്മതിച്ചുകൊണ്ട് അബ്രാ ഹത്തിന് അനുസരണക്കേടു കാട്ടാമായിരുന്നു. എന്നാൽ അബ്രാഹം അനുസരിച്ചു; അങ്ങനെ തന്റെ വിശ്വാസത്തിന്റെ ആ ഴവും ദൃഢതയും വ്യക്തമാക്കി. അതിനാൽ പരീക്ഷ പരീക്ഷയാ യിത്തന്നെ നിന്നു.

എന്നാൽ നേരേ മറിച്ചാണ് ആദാമിന്റെയും ഹവ്വായുടെയും കാര്യത്തിൽ സംഭവിച്ചത്. നന്മ-തിന്മയുടെ അറിവിന്റെ വൃക്ഷ ത്തിൽനിന്നു ഭക്ഷിക്കരുത് എന്ന കല്പന ഒരു പരീക്ഷയായി രുന്നു. പക്ഷേ ഈ പരീക്ഷ അവർക്കു പ്രലോഭനമായി മാറി. അവർ പ്രലോഭനത്തിൽ വീണു; കല്പന ലംഘിച്ചു. ദൈവികജീ വൻ തങ്ങൾക്കും തലമുറകൾക്കുമായി നഷ്ടപ്പെടുത്തി. അങ്ങനെ പരീക്ഷ പ്രലോഭനമായി പരിണമിക്കാമെന്നും നിത്യനാശത്തിനു തന്നെ കാരണമായിത്തീരാമെന്നും ഒരു സൂചന ഈ വിവരണ ത്തിലുണ്ട്. അതിനാൽ യേശു പഠിപ്പിച്ച യാചനയിൽ ഈ ഒരു അർത്ഥസൂചനയും ഉൾച്ചേർന്നിരിക്കുന്നു എന്ന് അംഗീകരി ക്കണം. ഈ അർത്ഥത്തിലാവും ചില ഇംഗ്ലീഷ് വിവർത്തനങ്ങ ളിൽ lead us not to the test എന്നു കാണുന്നത്. The test എന്നാൽ

സാധാരണയുണ്ടാകുന്ന പരീക്ഷയല്ല, നിത്യനാശത്തിലേക്കു നയിക്കാൻ കഴിയുന്ന യുഗാന്തോന്മുഖ പരീക്ഷയാകും.

**ചുരുക്കത്തിൽ**

ദൈവം തിന്മയാൽ പ്രലോഭിപ്പിക്കപ്പെടുന്നില്ല; ആരെയും പ്രലോഭിപ്പിക്കുന്നുമില്ല. എന്നാൽ ഓരോ വ്യക്തികൾക്കും താന്താങ്ങളുടെ വിശ്വാസം ഏറ്റുപറയാനും വിശ്വാസത്തിൽ ആഴപ്പെടാനും ഉപകരിക്കുന്ന വിധത്തിൽ പരീക്ഷകൾ അനുവദിക്കും. ഈ പരീക്ഷകൾ ചിലപ്പോൾ ചിലരെ സംബന്ധിച്ച് പ്രലോഭനങ്ങളായിത്തീരാം. അതിനാൽ ഞങ്ങളുടെ കഴിവിനതീതമായി പരീക്ഷിക്കപ്പെടാൻ അനുവദിക്കരുതേ; വിശ്വാസത്യാഗം വഴി അങ്ങിൽ നിന്നകന്നുപോകാൻ ഇടയാകാത്തക്കവിധത്തിലുള്ള പ്രലോധനങ്ങളിൽ വീഴാൻ അനുവദിക്കരുതേ; തിന്മയുടെ ശക്തിക്ക് ഞങ്ങളെ വിട്ടുകൊടുക്കരുതേ എന്നൊക്കെയാവാം ഈ യാചനയുടെ അർത്ഥം.

അതോടൊപ്പം, ഞങ്ങളുടെ വാക്കും പ്രവൃത്തിയും ജീവിതവും മനോഭാവങ്ങളും വഴി ആരെയും പ്രലോഭനത്തിൽ വീഴ്ത്താൻ ഒരിക്കലും ഇടവരുത്തരുതേ എന്ന ഒരു യാചനയും ഇതിന്റെ പിന്നിൽ കാണാം. അത് വലിയൊരുത്തരവാദിത്വബോധം ഓരോ വ്യക്തിയിലും ഉണർത്തണം. മറ്റൊരാൾക്കു പാപഹേതു ആകുന്നവർക്കെതിരേ യേശു നല്കിയ താക്കീത് (മത്താ 18,6) ഓർമ്മിക്കണം.

# 11

## സംരക്ഷണം

സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന വീടുകളിൽ പ്രാർത്ഥിക്കുമ്പോൾ അവസാനത്തെ യാചനയായി "*തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ*" എന്നാണ് പ്രാർത്ഥിക്കുന്നത്. ലത്തീൻകുർബ്ബാനയിലും ഇങ്ങനെതന്നെ പ്രാർത്ഥിക്കുന്നു. എന്നാൽ സീറോ മലബാർ കുർബ്ബാനയിൽ "*ദുഷ്ടാരൂപിയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ*" എന്നു പ്രാർത്ഥിക്കുന്നു. ഇതിൽ ഏതാണ് കർത്താവു പഠിപ്പിച്ചത്? എന്താണ് ഇങ്ങനെ രണ്ടുവിധത്തിൽപ്രാർത്ഥിക്കാൻ കാരണം? ഇവ തമ്മിൽ വ്യത്യാസമുണ്ടോ? ഉണ്ടെങ്കിൽ എന്ത്? ഇനി എന്താണ് തിന്മ? ആരാണ് ദുഷ്ടാരൂപി?

കർത്താവു തന്നെ പഠിപ്പിച്ചതായി സുവിശേഷങ്ങൾ അവതരിപ്പിക്കുന്ന പ്രാർത്ഥന മത്തായിയും ലൂക്കായും രണ്ടുവിധത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും അതിന്റെ കാരണം എന്തെന്നും നാം കണ്ടു. ചില വാക്കുകൾ തമ്മിലുള്ള വ്യത്യാസങ്ങളും അവയുടെ അർത്ഥ-ധ്വനി വ്യത്യാസങ്ങളും കണ്ടുകഴിഞ്ഞു. അതുപോലെ ഒന്നാണ് ഏഴു യാചനകളിൽ അവസാനത്തേതായി മത്തായി അവതരിപ്പിക്കുന്ന മോചനത്തിന് അഥവാ സംരക്ഷണത്തിനുവേണ്ടിയുള്ള യാചന. വീട്ടിലും പള്ളിയിലും ചൊല്ലുന്നത് രണ്ടു വിധത്തിലാകാൻ കാരണമെന്ത് എന്ന ചോദ്യം തീർച്ചയായും ഉത്തരം അർഹിക്കുന്നു. തന്നെയുമല്ല തിന്മ-ദുഷ്ടൻ എന്നീ പ്രയോഗങ്ങളുടെ അർത്ഥവും വ്യക്തമാക്കേണ്ടതുണ്ട്.

ഉത്തരം തേടി ബൈബിളിലേക്കു തിരിയുമ്പോൾ ആദ്യമേ ശ്രദ്ധയിൽപ്പെടുന്നത് ലൂക്കായുടെ അവതരണത്തിൽ ഈ യാചന ഇല്ല എന്നതാണ്. ഒരേ കാര്യം വ്യത്യസ്ത വാക്കുകളിൽ സമാന്തരമായി ആവർത്തിച്ചവതരിപ്പിക്കുന്നത് സെമിറ്റിക് ശൈലിയുടെ ഭാഗമാണെന്നും ലൂക്കാ പൊതുവേ ആവർത്തനങ്ങൾ ഒഴിവാക്കുന്നു എന്നും നാം കണ്ടു കഴിഞ്ഞു. ഈ പശ്ചാത്തലത്തിൽ തിന്മ (ദുഷ്ടൻ)യിൽനിന്നു രക്ഷിക്കണമേ എന്ന യാചന പ്രലോ

ഭനത്തിൽ ഉൾപ്പെടുത്തരുതേ എന്ന യാചനയുടെ ഒരു വിശദീകരണവും ആവർത്തനവുമായി ലൂക്കാ പരിഗണിച്ചതിനാലാണ് ഒഴിവാക്കിയത് എന്ന നിഗമനത്തിന് സാധുതയുണ്ട്.

ഇനി തിന്മയിൽ നിന്ന്, ദുഷ്ടാരൂപിയിൽനിന്ന് - ഇതിൽ ഏതാണ് മൂലത്തോടു വിശ്വസ്തത പുലർത്തുന്ന വിവർത്തനം എന്ന ചോദ്യം പരിഗണിക്കാം. മലയാളം വിവർത്തനങ്ങളിൽ സത്യവേദ പുസ്തകം, പ്ശീത്താ എന്നിവ "ദുഷ്ടനിൽനിന്ന്" എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്. ഓശാന ബൈബിൾ "തിന്മയിൽനിന്ന്" എന്നു വിവർത്തനം ചെയ്തിരിക്കുന്നു. എന്നാൽ "ദുഷ്ടനിൽനിന്ന്" എന്നും വിവർത്തനം ചെയ്യാം എന്ന് അടിക്കുറിപ്പു നല്കിയിട്ടുണ്ട്. ഇതുതന്നെയാണ് പി.ഒ.സി. ബൈബിളിലും ചെയ്തിരിക്കുന്നത്. അപ്പോൾ രണ്ടുവിധത്തിലും തർജ്ജിമ ചെയ്യാവുന്നതാണ് മൂലഭാഷയായ ഗ്രീക്കിലെ വാക്ക് എന്ന് ഈ രണ്ടു വിവർത്തനങ്ങളും അംഗീകരിക്കുന്നു.

ഇതര ഭാഷകളിലെ വിവർത്തനങ്ങളിലും ഈ വ്യത്യാസം നിലനില്ക്കുന്നുണ്ട്. ഇംഗ്ലീഷ് ഭാഷയിൽ പൊതുവേ "ദുഷ്ടനിൽ നിന്ന്" (from the evil one) എന്ന വിവർത്തനമാണ് കാണുന്നത്. ചുരുക്കമായി തിന്മയിൽ നിന്ന് (from evil) എന്നും. ലത്തീൻ വിവർത്തനം ഗ്രീക്കിന്റെ അതേ സാധ്യതകൾ അവശേഷിപ്പിക്കുന്നു. ഇറ്റാലിയൻ, ഫ്രഞ്ച് ഭാഷകളിൽ "തിന്മയിൽനിന്ന്" എന്ന് വിവർത്തനത്തിനാണ് മുൻഗണന; ജർമ്മൻ ഭാഷയിൽ രണ്ടു വിധത്തിലും വ്യാഖ്യാനിക്കാവുന്ന വിധമാണ് പരിഭാഷ. അതിനാൽ അത്ര എളുപ്പം പരിഹരിക്കാവുന്നതല്ല പ്രശ്നം എന്നു വ്യക്തം. കാരണം മൂലഭാഷയായ ഗ്രീക്കിൽത്തന്നെ ഈ പദത്തിന്റെ അർത്ഥത്തിൽ അവ്യക്തത നിലനിൽക്കുന്നു എന്നതാണ്.

**മൂലഭാഷയിൽ**

*അല്ലാ റൂസായ് ഹെമാസ് അപ്പോ തൂ പൊനെരൂ* (alla rousai hemas apo tou ponerou) എന്നാണ് ഈ യാചനയുടെ ഗ്രീക്കു മൂലം. "എന്നാൽ ഞങ്ങളെ രക്ഷിക്കണേ" എന്ന ആദ്യഭാഗത്ത് സംശയമില്ല. "*അപ്പോ തൂ പൊനെരൂ*" എന്ന രണ്ടാം ഭാഗമാണ് അവ്യക്തം. ഇതിനു കാരണം ഭാഷയുടെ തന്നെ സവിശേഷതയാണ്. ഗ്രീക്കു ഭാഷയിൽ എല്ലാ വാക്കുകളും സ്ത്രീ-പുരുഷ-നംപുസക (feminine - masculine - neuter) ലിംഗത്തിൽ ഏതെങ്കിലും ഒന്നിൽ പെട്ടിരിക്കും. പൊതുവേ പദങ്ങളുടെ അവസാനം

കണ്ടാൽ ഏതു ലിംഗത്തിൽ പെട്ടതാണ് വാക്ക് എന്നു തിരിച്ച റിയാം. അ (a)യിൽ അവസാനിക്കുന്നത് സ്ത്രീലിംഗം; ഓസ് (os) ഇൽ അവസാനിക്കുന്നത് പുല്ലിംഗം. ഓൺ (on) ഇൽ അവ സാനിക്കുന്നത് നപുംസകലിംഗം. ഇത്രയുമേ ഉള്ളായിരുന്നുവെ ങ്കിൽ സംശയത്തിനിട ഉണ്ടാകുമായിരുന്നില്ല.

എന്നാൽ ഗ്രീക്ക് - ലത്തീൻ ഭാഷകളിൽ ഓരോ വിഭക്തിക്ക നുസരിച്ച് വാക്കുകളുടെ അവസാനത്തിനു മാറ്റമുണ്ടാകും. മല യാളത്തിലും ഇംഗ്ലീഷിലും ഇല്ലാത്തൊരു വ്യാകരണപ്രതിഭാസ മാണിത്. സംസ്കൃതത്തിൽ ഈ വ്യത്യാസമുണ്ട്. അതിൻപ്രകാരം വിഭക്തി പ്രത്യയങ്ങൾ മാറുന്നതനുസരിച്ച് വാക്കിന്റെ അവസാ നത്തിനും മാറ്റമുണ്ടാകും. ചില പ്രത്യയങ്ങൾ ചേർക്കുമ്പോൾ പുല്ലിംഗത്തിലും നപുംസകലിംഗത്തിലും പെട്ട വാക്കുകളുടെ അവസാനം ഒരുപോലെ ഇരിക്കും. അതിനാൽ വാക്ക് ഏതു ലിംഗ ത്തിൽപ്പെട്ടതാണെന്ന് തിരിച്ചറിയാനാവില്ല. അതാണ് ചർച്ചാവി ഷയമായ വാക്കിൽ സംഭവിച്ചിരിക്കുന്നത്.

*പൊനേരോസ്* (Poneros) എന്നാണ് പുല്ലിംഗം. ദുഷ്ടൻ എന്നു വിവർത്തനം ചെയ്യാം. ഈ വാക്കു തന്നെ നപുംസകമായി അവ തരിപ്പിക്കാം. അപ്പോൾ *പൊനേരോൺ* (Poneron) എന്നായിരിക്കും അന്ത്യം. തിന്മ എന്നു വിശേഷിപ്പിക്കാം. എന്നാൽ "ഇൽനിന്ന്" എന്ന പ്രത്യയം ചേർക്കുമ്പോൾ വാക്കിന്റെ രൂപം മാറി "*പൊനേരൂ*" (Ponerou) എന്നാകുന്നു. ഇത് പുല്ലിംഗമോ നപും സകലിംഗമോ എന്നു തിരിച്ചറിയാൻ കഴിയില്ല; രണ്ടുമാകാം. അതി നാൽത്തന്നെ വിവർത്തകർ ഒരു തിരഞ്ഞെടുപ്പിനു നിർബ്ബന്ധി തരാകുന്നു. അതാണ് ആരംഭത്തിൽ എടുത്തുകാട്ടിയ വിവർത്ത നങ്ങളിലെ വ്യത്യാസങ്ങൾക്കു കാരണം. ഇനി ഏതു വിവർത്ത നമാണ് ശരി? അഥവാ ഏതു വിവർത്തനമായിരിക്കാം യേശു പഠിപ്പിച്ച പ്രാർത്ഥനാരൂപത്തോട് കൂടുതൽ വിശ്വസ്തത പുലർ ത്തുക? അതിന് ഒരു വാക്കിന്റേയോ ആ വാക്കു പ്രത്യക്ഷപ്പെ ടുന്ന ബൈബിൾ സാഹചര്യത്തിന്റേയോ മാത്രം വിശകലനം മതിയാവുകയില്ല. ഈ വാക്കിലൂടെ അവതരിപ്പിക്കാൻ ശ്രമിക്കുന്ന ആശയം സുവിശേഷങ്ങളിൽ, പ്രത്യേകിച്ചും യേശുവിന്റെ പ്രബോ ധനങ്ങളിൽ എന്താണെന്ന് അന്വേഷിക്കേണ്ടതുണ്ട്. വളരെ വിശാ ലമായ ഒരു മേഖലയിലേക്കാണ് ഈ അന്വേഷണം വഴിതുറക്കുക. അതിനു മുതിരാതെ ചുരുക്കി പറയാനാണ്തുടർന്ന് ശ്രമിക്കുന്നത്.

തുടക്കത്തിൽത്തന്നെ രണ്ടു നിരീക്ഷണങ്ങൾ പ്രസക്തമാണ്. 1. തിന്മ എന്നത് വ്യക്തിത്വമില്ലാത്ത, ഒരു ശക്തിയോ ആശയമോ ആയി നില്ക്കുന്നു. ദുഷ്ടൻ എന്നു പറയുമ്പോൾ അത് ഒരു വ്യക്തിത്വത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. തിന്മയുടെ ശക്തി എന്നു പറയുമ്പോഴും ചിന്തിക്കാനും തീരുമാനിക്കാനും പ്രവർത്തിക്കാനും കഴിവുള്ള ഒരു വ്യക്തി എന്ന വീക്ഷണമാണ് പ്രകടമാകുന്നത്. 2. ലൂക്കായിൽ ഈ ഒരു യാചന ഇല്ലാത്തതിനാൽ ഇതിനു തൊട്ടുമുമ്പുള്ള "ഞങ്ങളെ പ്രലോഭനത്തിൽ ഉൾരപ്പെടുത്തരുതേ" എന്ന യാചനയുടെ വിശദീകരണമായി ഇതിനെ ലൂക്കാ മനസിലാക്കി എന്ന കരുതണം.

**പ്രലോഭനം - പ്രലോഭകൻ**

പ്രലോഭനമാണ് ഇവിടെ വിശദീകരണ വിഷയം. ദൈവം ആരെയും പ്രലോഭിപ്പിക്കുന്നില്ല എന്നും പരീക്ഷയും പ്രലോഭനവും തമ്മിൽ വ്യത്യാസമുണ്ടെന്നും നാം കണ്ടു കഴിഞ്ഞതാണ്. ദൈവേഷ്ടത്തിനു വിരുദ്ധമായി പ്രവർത്തിച്ച് ദൈവത്തിൽ നിന്നകന്ന്, ദൈവത്തിന്റെ സ്ഥാനത്ത് സ്വയം അവരോധിക്കാനുള്ള ആഗ്രഹമാണ് പ്രലോഭനം എന്നും നാം കാണുകയുണ്ടായി. പറുദീസായിൽ ആദി മാതാപിതാക്കന്മാരും പരസ്യജീവിതത്തിന്റെ തുടക്കത്തിൽ യേശുവും നേരിട്ടത് ഇപ്രകാരം ഒരു പ്രലോഭനമായിരുന്നു. ആത്യന്തികമായ അർത്ഥത്തിൽ പ്രലോഭനങ്ങളുടെയെല്ലാം ലക്ഷ്യം ഇതുതന്നെ - ദൈവനിഷേധം. അത് ഒളിഞ്ഞോ തെളിഞ്ഞോ ആകാം; പ്രലോഭനത്തിന്റെ രൂക്ഷത കൂടിയും കുറഞ്ഞും ഇരിക്കാം. ഏതായാലും ദൈവത്തിൽ നിന്നകറ്റുന്നതാണ് പ്രലോഭനം.

ഇപ്രകാരം ഒരു പ്രലോഭനം മനുഷ്യസ്വഭാവത്തിന്റെ തന്നെ ഭാഗമാണ് എന്നു പറയാനാവില്ല. എല്ലാം നല്ലതു മാത്രമായാണ് ദൈവം സൃഷ്ടിച്ചതെങ്കിൽ പിന്നെ എവിടെനിന്നു വന്നു ദൈവത്തിനെതിരേ, ദൈവഹിതത്തിനു വിരുദ്ധമായി തിരിയാനുള്ള മനുഷ്യനിലെ പ്രവണത? ഇവിടെയാണ് ആദിപാപത്തിന്റെയും അതിനുകാരണമായ പ്രലോഭനത്തിന്റെയും, പ്രലോഭനത്തിനു പിന്നിൽ നില്ക്കുന്ന പ്രലോഭകന്റെയും ചിത്രം പ്രസക്തമാകുന്നത് (ഉൽപ 3,1-14).

ജോർദ്ദാനിലെ സ്നാനവേളയിൽ സ്വർഗ്ഗം തുറന്ന് പരിശുദ്ധാത്മാവ് ഇറങ്ങിവന്ന് അഭിഷേചിക്കുകയും പിതാവ് പ്രിയപുത്ര

നായി പ്രഖ്യാപിക്കുകയും ചെയ്തു കഴിഞ്ഞപ്പോൾ യേശു മരുഭൂമിയിലേക്കു പോയി. പിശാചിന്റെ പ്രലോഭനങ്ങളെ നേരിടാൻ പരിശുദ്ധാത്മാവ് തന്നെയാണ് യേശുവിനെ മരുഭൂമിയിലേക്കു നയിച്ചത് (മത്താ 4,1; മർക്കോ 1,12; ലൂക്കാ 4,2). ഇവിടെ സംശയത്തിനു പഴുതില്ല. പ്രലോഭകൻ ഒരു വ്യക്തിതന്നെ - സാത്താൻ എന്നും പിശാചെന്നും വിളിക്കുന്നു; പ്രലോഭകൻ എന്നും. ഇത് വെറും ഒരു ആശയമോ ശക്തിയോ അല്ല, ദൈവത്തിനും ദൈവത്തിന്റെ പദ്ധതികൾക്കും വിരുദ്ധമായി നില്ക്കുന്ന ഒരു വ്യക്തി.

പ്രലോഭനവും പ്രലോഭകനും ഇവിടെ ഒരുമിച്ചു പോകുന്നു. മനുഷ്യനു നൈസർഗ്ഗികമായി ഉണ്ടാകാവുന്ന തോന്നലുകളും ആഗ്രഹങ്ങളുമല്ല, മനുഷ്യന്റെ മനസിലേക്ക് പുറമേ നിന്നു കടത്തിവിടുന്ന ആഗ്രഹങ്ങളും ആസക്തികളുമാണ് ഇവിടെ പ്രലോഭനങ്ങളായി ചിത്രീകരിക്കപ്പെടുക. അപ്പോൾ ശിഷ്യർ നേരിടുന്ന പ്രലോഭനങ്ങളുടെയഥാർത്ഥ സ്വഭാവവും അതിനു പിന്നിൽ നില്ക്കുന്ന ശക്തിയും തിരിച്ചറിയണം. ഈ തിരിച്ചറിവിലേക്കാണ് "ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ" എന്ന യാചന വിരൽ ചൂണ്ടുന്നത്.

## സാത്താനും പിശാചും

മനുഷ്യൻ അനുഭവിക്കുന്ന സകല തിന്മകളുടെയും അടിസ്ഥാന കാരണം പാപമാണെന്നതും, പാപത്തിലേക്കു മനുഷ്യനെ നയിച്ചത് പ്രലോഭനം വഴി സാത്താനെന്നും പിശാചെന്നും ബൈബിൾ വിളിക്കുന്ന തിന്മയുടെ ശക്തിയാണെന്നതും ബൈബിളിന്റെ ആദ്യതാളുകൾ മുതൽ ആവിഷ്കരിക്കുന്ന സത്യമാണ്. പറുദീസായിലെ പ്രലോഭനത്തിനു പിന്നിൽ പ്രവർത്തിച്ച ശക്തിയെ സർപ്പം എന്നാണ് ഉൽപ 3,1 ൽ വിളിക്കുന്നതെങ്കിലും അത് ഒരു സാധാരണ സർപ്പമല്ല "*സാത്താനെന്നും പിശാചെന്നും വിളിക്കുന്ന*" (വെളി 12,9) തിന്മയുടെ മൂർത്തീഭാവവും ഉറവിടവുമാണെന്ന് ബൈബിൾ അനേകം തവണ വ്യക്തമാക്കുന്നുണ്ട്.

എതിർക്കുക, കുറ്റം ആരോപിക്കുക എന്നൊക്കെ അർത്ഥമുള്ള "*സാത്താനാ*" എന്ന ഹീബ്രുവാക്കിൽ നിന്നാണ് *സാത്താൻ* എന്ന പേരിന്റെ ഉത്ഭവം. ആരംഭത്തിൽ ഒരു ദൈവദൂതനായിരുന്നെന്നും അഹങ്കാരം മൂലം അധഃപതിച്ച് ദൈവത്തിന്റെ ശത്രുവും തിന്മയുടെ ഉറവിടവുമായി മാറിയതാണ് സാത്താൻ എന്നും ബൈബിളിൽത്തന്നെ സൂചനകളുണ്ട്. ഉദാ: "*നീ തന്നത്താൻ പറഞ്ഞു.*

*ഞാൻ സ്വർഗ്ഗത്തിലേക്കു കയറും. ഉന്നതത്തിൽ ദൈവത്തിന്റെ നക്ഷത്രങ്ങൾക്കുപരി എന്റെ സിംഹാസനം ഞാൻ സ്ഥാപിക്കും..... ഞാൻ അത്യുന്നതനെപ്പോലെ ആകും*" (ഏശ 14,13-14). പ്രത്യ ക്ഷത്തിൽ ബാബിലോൺ രാജാവിനെക്കുറിച്ചുള്ള ഒരു ചിത്രീക രണമാണെങ്കിലും അതിനുപിന്നിൽ അമാനുഷികമായ ഒരു ശക്തി, തിന്മയുടെ ശക്തി, മിന്നിമറയുന്നതു കാണാം.

ഇതിനോടു സമാനമാണ് എസെക്കിയേൽ ടയിറിനെക്കുറിച്ച് ആലപിക്കുന്ന വിലാപഗാനം. അവിടെയും ചില വിവരണങ്ങൾ ഒരു മനുഷ്യനേക്കാൾ ഉയർന്ന ആരെയോ സൂചിപ്പിക്കുന്നതായി തോന്നും: "*അഹങ്കാരത്തള്ളൽ കൊണ്ട് നീ പറഞ്ഞു. ഞാൻ ദൈ വമാണ് (ദേവൻ എന്നു പി.ഒ.സി. വിവർത്തനം)..... നീ നിന്നെ ത്തന്നെ ദൈവത്തെപ്പോലെ ജ്ഞാനിയായി കണക്കാക്കി... നീ പൂർണ്ണതയ്ക്കു മാതൃകയായിരുന്നു... നീ ദൈവത്തിന്റെ വിശുദ്ധ ഗിരിയിൽ ആയിരുന്നു... നിന്ന സൃഷ്ടിച്ചനാൾ മുതൽ അധർമ്മം നിന്നിൽ പ്രത്യക്ഷപ്പെടുന്നതുവരെ നീ നിഷ്കളങ്കനായിരുന്നു*" (എസെ 38,1-16).

ദൈവദൂതന്മാരിൽ ഒരുവനായിരുന്നു സാത്താൻ എന്ന സൂച നയാണ് ജോബിന്റെ പുസ്തകവും നല്കുന്നത് - ദൈവത്തിന്റെ മുമ്പിൽ മനുഷ്യരുടെ കുറ്റങ്ങളും കുറവുകളും എടുത്തു കാണി ക്കുന്ന ദൈവത്തിന്റെ അറ്റോർണിയെപ്പോലെ. തുടക്കത്തിൽ സാത്താനേൽ എന്നായിരുന്നു പേരെന്നും പതനത്തിനുശേഷം "ഏൽ" വിട്ടുകളഞ്ഞതാണെന്നും കരുതുന്നവരുണ്ട്. ദൈവത്തി ന്റെ കുറ്റാരോപകൻ എന്നായിരുന്നത്രെ ആദ്യത്തെ പേരിനർത്ഥം. സാത്താന്റെ പതനത്തെക്കുറിച്ച് വെളിപാടുപുസ്തകത്തിലും സൂചനയുണ്ട് (വെളി 12, 7-10).

തിന്മയുടെ ശക്തിയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന മറ്റൊരു പേരാണ് ഗ്രീക്കിൽ "*ദിയാബൊളോസ്*" (*diabalos - devil* എന്ന് ഇംഗ്ലീഷിൽ). "*ഇടയിൽ എറിയുക*" എന്നർത്ഥമുള്ള *ദിയാ - ബള്ളെയിൻ* (*dia ballein*) എന്ന രണ്ടു ഗ്രീക്കു വാക്കുകളിൽ നിന്നാണ് ഇതിന്റെ ഉത്ഭവം. തമ്മിൽ അകറ്റുന്നവൻ, പരസ്പരം ഭിന്നിപ്പിക്കുമ്പൻ എന്ന് മൂലാർത്ഥം. മനുഷ്യരെ ദൈവത്തിൽ നിന്നും പരസ്പരവും അകറ്റുന്നവൻ എന്നാണതു വിവക്ഷ. ഈ വാക്കാണ് പിശാച് എന്നു സാധാരണ വിവർത്തനം ചെയ്യുക.

## പല പേരുകൾ

ഈ രണ്ടു വാക്കുകൾക്കു പുറമേ മറ്റനേകം പേരുകളും വിശേഷണങ്ങളും ഈ അർത്ഥത്തിൽത്തന്നെ ബൈബിളിൽ, പ്രത്യേകിച്ചും പുതിയ നിയമത്തിൽ കാണാം. അതിൽ പ്രധാനപ്പെട്ട ഒന്നാണ് *പ്രലോഭകൻ*. പ്രലോഭനം മുഖ്യമായും ദൈവത്തിൽ നിന്നകറ്റാനുള്ള ശ്രമമാണ്. ഇതിനു പുറമേ *നുണയൻ*, *നുണയുടെ പിതാവ്* (യോഹ 8,44), ശത്രു (മത്താ 13,39), *കൊലപാതകൻ* (യോഹ 8,44), ഈ *ലോകത്തിന്റെ അധിപൻ* (യോഹ 12,31), *ബെലിയാൽ* (2 കോറി 6,15), *ബേൽസെബൂൽ - പിശാചുക്കളുടെ തലവൻ* (മത്താ 12,24) *ദുഷ്ടൻ* (മത്താ 6,13) എന്നിങ്ങനെ നിരവധി പേരുകളിൽ ഈ ഒരേശക്തി അറിയപ്പെടുന്നു.

ഇവിടെയെല്ലാം ശ്രദ്ധേയമായൊരു കാര്യം ഏക വചനത്തിലാണ് ഈ ശക്തി പ്രത്യക്ഷപ്പെടുന്നത് എന്നതത്രെ. സാത്താന്മാർ എന്ന് ഒരിക്കലും കാണുന്നില്ല. “പിശാചുക്കൾ” എന്നു ബഹുവചനത്തിൽ വിവർത്തനം ചെയ്യുന്നത് *ദൈമോണിയോൺ* - (*ദൈമോണിയാ* - ബഹുവചനം; Daimonion - Daimonia) എന്ന പദമാണ്. പല വിജാതീയ മതങ്ങളും ദൈവങ്ങളായി ആരാധിച്ചിരുന്ന ശക്തികളാണിവ. മനുഷ്യനിൽ പ്രവേശിച്ച് രോഗിയാക്കുന്നതും മനസിന്റെ സമനില തെറ്റിക്കുന്നതും ഇപ്രകാരമുള്ള ആത്മാക്കളാണ്. അവ മരിച്ചുപോയ മനുഷ്യരുടെ ആത്മാക്കളല്ല, ശിക്ഷിക്കപ്പെട്ട മാലാഖമാരാണ് എന്നതത്രെ ബൈബിളിന്റെ പ്രബോധനം. *അശുദ്ധാത്മാക്കൾ, ദുരാത്മാക്കൾ, രോഗാത്മാക്കൾ* തുടങ്ങിയ പ്രയോഗങ്ങളും ബൈബിളിൽ കാണാം. ഇവയെല്ലാം സാത്താൻ അഥവാ പിശാച് എന്നറിയപ്പെടുന്ന തിന്മയുടെ അധിപന്റെ കീഴിൽ സൈന്യവും ആജ്ഞാനുവർത്തികളുമായി പ്രവർത്തിക്കുന്നു (ലൂക്കാ 11,16). എന്നാൽ സാത്താൻ ഒരിക്കൽ മാത്രമേ ഒരു വ്യക്തിയിൽ പ്രവേശിച്ചതായി ബൈബിൾ പറയുന്നുള്ളൂ - യൂദാസിൽ (ലൂക്കാ 22,3; യോഹ 13,27). ഫലം വ്യക്തം - യേശുവിനെ ഒറ്റിക്കൊടുത്തു; തുടർന്ന് ആത്മഹത്യ ചെയ്തു.

## പ്രവർത്തനം

എന്താണ് സാത്താന്റെ പ്രവൃത്തി എന്നറിഞ്ഞാലേ പ്രാർത്ഥനയുടെ അർത്ഥം മുഴുവനായി ഗ്രഹിക്കാൻ കഴിയൂ. ആദിമാതാപിതാക്കളെയും യേശുവിനെയും പ്രലോഭിപ്പിക്കുന്നതിലൂടെ സാത്താന്റെ തനിനിറം വ്യക്തമായതാണ്. സാത്താന്റെ സ്വഭാവം

തന്നെ ദൈവനിഷേധവും സ്വയം ദൈവമാക്കുന്ന അഹങ്കാരവുമാണ്. അതിനാൽത്തന്നെ സാത്താന്റെ പ്രവർത്തനം മുഖ്യമായും, ആത്യന്തികമായും മനുഷ്യനെ ദൈവത്തിൽനിന്നും അകറ്റുക എന്നതത്രേ. ജീവന്റെ ഉറവിടം ദൈവമാണ്; ആ ഉറവിടത്തിൽ നിന്നകറ്റുക എന്നാൽ കൊല്ലുക എന്നുതന്നെയാണ് അർത്ഥമാക്കുക. ദൈവികജീവൻ നഷ്ടമാക്കുക, അതാണ് നിത്യമരണം; നിത്യനരകം. മനുഷ്യൻ ഏറ്റം അധികം ഭയപ്പെടേണ്ടതും ജാഗ്രത പാലിക്കേണ്ടതും ഈ നിത്യമരണത്തെയാണ് (ലൂക്കാ 12,5).

അപ്പസ്തോലന്മാരെപ്പോലും പ്രലോഭിപ്പിച്ച് കെണിയിൽപ്പെടുത്താൻ സാത്താനു കഴിയും. യേശുവിന്റെ പീഡാനുഭവവും മരണവും അത്തരം ഒരു അവസരമായിരുന്നു. അതിനാലാണ് യേശു വ്യക്തമായ മുന്നറിയിപ്പും ശക്തമായ താക്കീതും നല്കിയത്: "*ശിമയോൻ, ശിമയോൻ, ഇതാ സാത്താൻ നിങ്ങളെ ഗോതമ്പു പോലെ പാറ്റാൻ ശ്രമിച്ചു. എന്നാൽ നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു*" (ലൂക്കാ 22,21-22).

സാത്താന്റെ പ്രലോഭനം എത്ര ശക്തമാണെന്ന് ശിഷ്യരെല്ലാവരും അറിഞ്ഞു. ഒരാൾ ഒറ്റിക്കൊടുത്തു; എല്ലാവരും ഗുരുവിനെ ഉപേക്ഷിച്ച് ഓടിപ്പോയി. ഒരിക്കലും ഉപേക്ഷിക്കില്ല എന്നു വമ്പു പറഞ്ഞ പത്രോസ് മൂന്നുതവണ ഗുരുവിനെ തള്ളിപ്പറഞ്ഞു. പഴയ ഇസ്രായേലിന്റെ സ്ഥാനത്ത് പുതിയ ദൈവജനത്തിന്റെ അടിത്തറയായി യേശു തിരഞ്ഞെടുത്ത പന്ത്രണ്ടംഗസംഘം ചിതറി. സഭ എന്ന മഹാസ്വപ്നം തന്നെ പൊലിഞ്ഞു എന്നു തോന്നും. അത്ര ഭീകരമായിരുന്നു സാത്താന്റെ പ്രലോഭനം. യേശുവിന്റെ പ്രാർത്ഥനയാണ് ശിഷ്യരെ മാനസാന്തരത്തിലേക്കു മടക്കിക്കൊണ്ടുവന്നതും സഭയെ തകർച്ചയിൽനിന്നു കാത്തതും.

"ദുഷ്ടൻ" എന്ന വിവർത്തനം അർത്ഥം പൂർണ്ണമായും വ്യക്തമാക്കാൻ പര്യാപ്തമാണെന്നു തോന്നുന്നില്ല. "ദുഷ്ടൻ - ദുഷ്ടത" എന്നത് തിന്മയുടെ ഒരു വശം മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. മനഃപൂർവ്വം - മറ്റൊരാളെ നശിപ്പിക്കാനായി തീരുമാനിക്കുകയും ശ്രമിക്കുകയും ചെയ്യുക എന്നതാണല്ലോ പദത്തിന്റെ മുഖ്യ അർത്ഥം. എന്നാൽ *പോനെരോസ്* (Poneros) എന്ന ഗ്രീക്കു വാക്കിന് കൂടുതൽ വ്യാപകമായ അർത്ഥമുണ്ട്. തിന്മ എന്ന വാക്കിന്റെ വ്യക്തിത്വം കലർന്ന രൂപമാണിത്. ഇംഗ്ലീഷിൽ evil - the evil one എന്നു പറയുമ്പോൾ അർത്ഥം വ്യക്തമാണ്. എന്നാൽ മല

യാളത്തിലേക്കു വരുമ്പോൾ തിന്മ-ദുഷൻ എന്നാണ് വിവർത്തനം. അർത്ഥം കണിശമായി ലഭിക്കണമെങ്കിൽ "*തിന്മ - തിന്മൻ*" എന്നു വിവർത്തനം ചെയ്യണം. *പൊനെരോൺ - പൊനേരോസ്* എന്ന ഗ്രീക്കു വാക്കുകളുടെ കൃത്യമായ തർജ്ജിമ അതായിരിക്കും. എന്നാൽ "തിന്മൻ" എന്നൊരു പദം മലയാള ഭാഷയ്ക്ക് അന്യമായതിനാൽ "ദുഷ്ടൻ" എന്ന പദം തന്നെ ഉപയോഗിക്കുന്നു; കൂടുതൽ മെച്ചമായൊരു പദം കണ്ടെത്തുന്നതുവരെ, അല്ലെങ്കിൽ "തിന്മൻ" മലയാളപദമായി അംഗീകരിക്കപ്പെടുന്നതുവരെ.

## ദുഷ്ടനും തിന്മയും

യേശു പഠിപ്പിച്ച പ്രാർത്ഥനയിലെ അവസാനത്തെ യാചന "ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ" എന്ന വിവർത്തനത്തിലാണ് കൂടുതൽ അർത്ഥവത്താവുക എന്ന് ഈ വിശദീകരണങ്ങളിൽ നിന്ന് വ്യക്തമാകുന്നു. അപ്പോൾ "തിന്മയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ" എന്നു പ്രാർത്ഥിക്കുന്നതു തെറ്റാണോ? തന്നെയുമല്ല, "ദുഷ്ടാരൂപി" എന്ന വിവർത്തനത്തെക്കുറിച്ച് എന്തു പറയണം? രൂപമില്ലാത്ത ദുഷ്ടൻ എന്നേ "ദുഷ്ടാരൂപി" എന്ന വാക്കിനർത്ഥമുള്ളൂ. ഒരുപക്ഷേ തെറ്റിധാരണകൾ ഒഴിവാക്കാൻ ദുഷ്ടാരൂപി എന്ന വ്യാഖ്യാനം കൂടുതൽ സഹായകമാകാം. അതിനാൽ രണ്ടും സ്വീകാര്യമായി കരുതുന്നതിൽ തെറ്റില്ല. എന്നാൽ "തിന്മ"യുടെ കാര്യമോ?

ഈ ചോദ്യത്തിന് ഉത്തരം മറ്റൊരു ചോദ്യത്തിനു നല്കുന്ന ഉത്തരത്തെ ആശ്രയിച്ചിരിക്കുന്നു. "എന്താണ് തിന്മ?" "*ഉണ്മയുള്ളതെല്ലാം നന്മ*" (omne ens est bonum) എന്നൊരു തത്വമുണ്ട്. അസ്തിത്വമുള്ളതെല്ലാം നന്മയാണ്, കാരണം സർവ്വ നന്മ സ്വരൂപനായ ദൈവമാണ് എല്ലാം സൃഷ്ടിച്ചത്. "*താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നു എന്നു ദൈവം കണ്ടു*" (ഉൽപ 1,31) എന്ന അവലോകനത്തോടെ സമാപിക്കുന്ന പ്രപഞ്ചസൃഷ്ടിയുടെ വിവരണം തന്നെ ഈ സത്യം സ്ഥിരീകരിക്കുന്നു. അപ്പോൾ എന്താണ് തിന്മ? "*നന്മയുടെ അഭാവമാണ് തിന്മ*"യെന്ന് വളരെ ചുരുക്കിപറയാം. അഥവാ നന്മയുടെ ദുരുപയോഗമാണ് തിന്മ. ഇവിടെ നന്മയെത്തന്നെ രണ്ടുവിധത്തിൽ കാണേണ്ടിവരുന്നു - ആത്യന്തികവും ആപേക്ഷികവുമായ നന്മ.

നന്മയെക്കുറിച്ച് ജനമനസിൽ രൂഢമൂലമായിട്ടുള്ള ചില ബോധ്യങ്ങളും കാഴ്ചപ്പാടുകളും ഇവിടെ വിശകലനത്തിനും വിമർശ

നത്തിനും വിധേയമാക്കേണ്ടിയിരിക്കുന്നു.ദൈവാനുഗ്രഹം കൊണ്ടുമാത്രമാണ് നന്മയുണ്ടാകുന്നത്. നന്മയെന്നാൽ ആരോഗ്യം, ദീർഘായുസ്, സമ്പത്ത്, സൽകീർത്തി, സന്തോഷം, സമൂഹത്തിൽ അംഗീകാരം, സ്ഥാനം, അധികാരം എന്നിങ്ങനെ നീളുന്നു. സാധാരണ അവതരിപ്പിക്കാറുള്ള പട്ടിക. ഇതംഗീകരിക്കുന്നവർക്ക് രോഗം, ദാരിദ്ര്യം, സമൂഹത്തിൽ അവഗണന, പരിഹാസം, അകാലമരണം മുതലായവയെല്ലാം തിന്മയായി പ്രത്യക്ഷപ്പെടുന്നു.

അപ്പോൾ തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ എന്ന പ്രാർത്ഥന ഇതൊക്കെയാവാം അർത്ഥമാക്കുന്നത്. എന്നാൽ ഇതൊക്കെയാണോ തിന്മ? സമ്പത്തും സൽകീർത്തിയും ദീർഘായുസും നന്മയും അവയുടെ അഭാവം തിന്മയുമായി കരുതുന്നവർ യേശുവിന്റെ പ്രബോധനങ്ങളെ ഒന്നുകൂടി പരിശോധിക്കണം. സുവിശേഷഭാഗ്യങ്ങളിൽത്തന്നെ തുടങ്ങണം (മത്താ 5,3-12; ലൂക്കാ 6,20-26). അക്കൂട്ടത്തിൽ അറപ്പുരയിൽ വീർപ്പുമുട്ടുന്ന ധനികന്റെയും (ലൂക്കാ 12,16-21), പടിവാതില്ക്കൽ പട്ടിണി കിടന്നു മരിക്കുന്ന ലാസറിനെ കാണാതെ തിന്നുകുടിച്ചു മദിച്ച ധനവാന്റെയും (ലൂക്കാ 16,19-31) ഉപമകളും വായിക്കണം. പോരാ, ശിഷ്യത്വത്തെയും ദൈവരാജ്യത്തെയും കുറിച്ചു നല്കുന്ന പ്രബോധനങ്ങളും മനസിരുത്തി ധ്യാനിക്കണം (ലൂക്കാ 9,23-27; 57-62; 18,18-25).

നന്മയെന്നു പ്രത്യക്ഷത്തിൽ തോന്നുന്നതെല്ലാം യഥാർത്ഥ നന്മയാകണം എന്നില്ല. അതുപോലെതന്നെ തിന്മയെന്നു തോന്നുന്നതെല്ലാം തിന്മയാകമമെന്നുമില്ല. സമ്പത്ത് അനീതിയിലൂടെ സമ്പാദിച്ചതാവാം. പങ്കുവയ്ക്കാത്ത സമ്പത്ത് മാരകമാകാം. ആരോഗ്യം നഷ്ടപ്പെടുന്നത് മാനസാന്തരത്തിനു സഹായകമാകാം. അകാലമരണം എന്നൊന്നില്ല. "*നീതിമാൻ പ്രായമെത്താതെ മരിച്ചാലും വിശ്രാന്തി ആസ്വദിക്കും... ഹ്രസ്വകാലം കൊണ്ട് പൂർണ്ണത കൈവരിച്ചതിനാൽ നീതിമാൻ ദീർഘകാലം പിന്നിട്ടു*" (ജ്ഞാനം 4,7-14). സമൂഹത്തിന്റെ അംഗീകാരം നന്മയുടെയും ദൈവാനുഗ്രഹത്തിന്റെയും മാനദണ്ഡമായി കരുതാനാവില്ല.

ആത്യന്തികമായി ദൈവം മാത്രമാണ് നന്മ, നല്ലവൻ. നിത്യരക്ഷയെ സംബന്ധിച്ച ചോദ്യവുമായി വന്ന അധികാരിയെ യേശു ഇക്കാര്യം പ്രത്യേകം അനുസ്മരിപ്പിച്ചു: "*എന്തുകൊണ്ടാണ് നീ*

*എന്നെ നല്ലവൻ എന്നു വിളിക്കുന്നത്? ദൈവം ഒരുവനല്ലാതെ നല്ലവനായി ആരുമില്ല*" (മർക്കോ 10,18). ദൈവം മാത്രമാണ് നന്മയും നന്മയുടെ ഉറവിടവുമെങ്കിൽ ദൈവത്തോട് അടുപ്പിക്കുന്നതും ചേർത്തുനിർത്തുന്നതുമെല്ലാം നന്മ; ബന്ധം വിച്ഛേദിക്കുന്നതും അകറ്റുന്നതുമെല്ലാം തിന്മ. അന്തിമവിശകലനത്തിൽ നമ്മെ സംബന്ധിച്ച് നന്മ-തിന്മയുടെ മാനദണ്ഡം ഒന്നുമാത്രം. ദൈവഹിതാനുസാരം ജീവിക്കുന്നതും പ്രവർത്തിക്കുന്നതും നന്മ. ദൈവത്തിൽനിന്ന് അകറ്റുന്നതെല്ലാം തിന്മ.

ഈ കാഴ്ചപ്പാടിൽ ചോദ്യവിഷയമായ വാക്ക് എങ്ങനെ വിവർത്തനം ചെയ്താലും തെറ്റില്ല; രണ്ടിന്റെയും അർത്ഥം ഒന്നുതന്നെ എന്നു കാണാം. എന്നാലും "തിന്മ"യെന്നത് ഒരു തിരഞ്ഞെടുപ്പിലേക്കും അതിൽ നന്നുളവാകുന്ന അവസ്ഥയിലേക്കും ശ്രദ്ധ ക്ഷണിക്കുമ്പോൾ ദുഷ്ടൻ എന്നത് എന്നെ സ്വാധീനിക്കുന്ന ഒരു ബാഹ്യശക്തിയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇന്ന് നന്മയും ആകർഷകവുമായി അവതരിപ്പിക്കപ്പെടുന്ന പലതും യഥാർത്ഥത്തിൽ തിന്മയാണെന്നും അവയുടെ ഉറവിടം ദൈവവിരുദ്ധശക്തിയായ സാത്താനാണെന്നും തിരിച്ചറിയാനും തള്ളിപ്പറയാനും സഹായിക്കണമേ എന്നും ഈ പ്രാർത്ഥന അർത്ഥമാക്കുന്നുണ്ട്.

# ഉപസംഹാരം

lex orandi = lex credendi = lex vivendi

ലത്തീനിൽ ഉള്ള ഒരു ചൊല്ലാണിത്. പ്രാർത്ഥനയുടെ നിയമം = വിശ്വാസത്തിന്റെ നിയമം = ജീവിതനിയമം. ഏറെ ആഴമേറിയ ധ്വനികളുള്ള ഈ ചൊല്ല് പ്രാർത്ഥനയുടെ പ്രാധാന്യവും അതിനു നമ്മുടെ ജീവിതത്തിൽ ഉള്ള, ഉണ്ടാകേണ്ട സ്വാധീനവും എത്രയെന്നു സൂചിപ്പിക്കുന്നു. എന്റെ പ്രാർത്ഥന എന്റെ വിശ്വാസത്തിന്റെ പ്രതിഫലനമാണ്; അതേസമയം വിശ്വാസം പ്രാർത്ഥനയെ സ്വാധീനിക്കും. അതുപോലെ തന്നെ പ്രാർത്ഥന വിശ്വാസത്തെയും. ഞാൻ എന്തു വിശ്വസിക്കുന്നുവോ അതനുസരിച്ചായിരിക്കും എന്റെ പ്രാർത്ഥന. ദൈവത്തിൽ വിശ്വസിക്കാത്തവർക്കു ദൈവത്തോടു പ്രാർത്ഥിക്കാനാവില്ലല്ലോ. അതുപോലെ തന്നെ എന്റെ പ്രാർത്ഥന എന്റെ വിശ്വാസത്തെ സ്വാധീനിക്കും, രൂപപ്പെടുത്തുകയും ചെയ്യും.

ഇതുപോലെ തന്നെയാണ് പ്രാർത്ഥനയും ജീവിതവും തമ്മിലുള്ള ബന്ധം. എന്റെ ജീവിതാനുഭവങ്ങൾ, ആഗ്രഹങ്ങൾ, പ്രതീക്ഷകൾ, വിശ്വാസം എല്ലാം എന്റെ പ്രാർത്ഥനയിൽ പ്രതിഫലിക്കും. വിശ്വാസമാണ് എന്റെ ജീവിതത്തെ നയിക്കുന്നത്. ജീവിതത്തെ രൂപപ്പെടുത്തുന്ന വിശ്വാസം എന്റെ പ്രാർത്ഥനയിൽ പ്രകടമാകും. പരസ്പരം സ്വാധീനിക്കുന്ന വളർത്തുന്ന, പൂരകങ്ങളായി വർത്തിക്കുന്ന മൂന്നു യാഥാർത്ഥ്യങ്ങളാണ് പ്രാർത്ഥനയും വിശ്വാസവും ജീവിതവും. അതിനാൽത്തന്നെ എന്തു പ്രാർത്ഥിക്കുന്നു, എങ്ങനെ പ്രാർത്ഥിക്കുന്നു എന്നത് ഓരോ വ്യക്തിയുടെയും ജീവിതത്തിലും സമൂഹത്തിന്റെ പൊതുജീവിതത്തിലും പ്രസക്തമാകുന്നു.

പ്രാർത്ഥനയ്ക്കായി യേശു നല്കിയ നിർദ്ദേശവും മാർഗ്ഗരേഖയുമാണ് കർത്തൃപ്രാർഥനയിൽ കാണുന്നത്. "*ഇപ്രകാരം പ്രാർത്ഥിക്കുവിൻ*" എന്ന ആമുഖത്തോടെ തുടങ്ങുമ്പോൾ, ഇതേ വാക്കുകൾ ഉപയോഗിച്ചു പ്രാർത്ഥിക്കണം എന്നതിലുപരി, ഇതായിരിക്കണം നിങ്ങളുടെ പ്രാർത്ഥനയുടെ മാതൃക എന്നു പഠിപ്പിക്കുന്നു.

രണ്ടു സുവിശേഷങ്ങളിലും കാണുന്ന പ്രാർത്ഥനകൾ തമ്മിൽ നിലനില്ക്കുന്ന വ്യത്യാസങ്ങളും, പള്ളിയിലും വീട്ടിലും പ്രാർ

ത്ഥിക്കുമ്പോൾ കാണുന്ന വ്യത്യാസങ്ങളും ഒന്നും കാതലായ പ്രശ്നങ്ങളായി പരിഗണിക്കേണ്ടതില്ല. യേശു സംസാരിച്ചതും പഠിപ്പിച്ചതും അരമായ ഭാഷയിലാണ്. സുവിശേഷങ്ങൾ രചിക്കപ്പെട്ടതു ഗ്രീക്കുഭാഷയിൽ. ഇന്നു നാം പ്രാർത്ഥിക്കുന്നതു നമ്മുടേതായ മാതൃഭാഷയിൽ. പലതവണ വിവർത്തനങ്ങൾക്കു വിധേയമായതാണ് ഇന്നു നമുക്കു കിട്ടിയിരിക്കുന്ന പ്രാർത്ഥനാരൂപങ്ങൾ. അതിനാൽ പ്രാർത്ഥനയിലെ വാക്കുകളിൽ കാണുന്ന വ്യത്യാസങ്ങൾക്ക് അമിതമായ പ്രാധാന്യം കൊടുക്കേണ്ടതില്ല. ഒരു ഭാഷയിൽ നിന്നു മറ്റൊരു ഭാഷയിലേക്കു വിവർത്തനം ചെയ്യുമ്പോൾ ഒരു വാക്കിന് മൂലഭാഷയിലുള്ള അർത്ഥം ഒറ്റവാക്കുകൊണ്ട് അത്രമാത്രം വ്യക്തമായും കണിശമായും പ്രകടമാക്കാൻ സാധിച്ചെന്നുവരില്ല. അതിനാൽ പല വാക്കുകൾ ഉപയോഗിക്കേണ്ടിവരും. കർത്തൃപ്രാർത്ഥനയുടെ വിവർത്തനത്തിലും ഇതു പ്രസക്തമാണ്.

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനവും വിശ്വാസസത്യങ്ങളുടെ ഏറ്റം ലളിതവും, ഹ്രസ്വവും, അതേസമയം സമഗ്രവുമായ ഒരു അവതരണമായി കർത്തൃപ്രാർത്ഥനയെ കാണാനാവും. അഭിസംബോധനതന്നെ ക്രിസ്തീയവിശ്വാസത്തനിമയിലേക്കും അതിന്റെ ആഴങ്ങളിലേക്കും, ഈ വിശ്വാസം സമൂഹനിർമ്മിതിയിൽ ചെലുത്തേണ്ട സ്വാധീനത്തിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. ദൈവം പിതാവാണ്, സകല മനുഷ്യരും ദൈവത്തിന്റെ മക്കളും, അതിനാൽത്തന്നെ പരസ്പരം സഹോദരങ്ങളും. സ്വാർത്ഥതയുടെയും വ്യക്തിവിദ്വേഷത്തിന്റെയും ശത്രുതയുടെയും എല്ലാം വേരറുക്കുന്നതാണ് ഈ അഭിസംബോധന പ്രകടമാക്കുന്ന വിശ്വാസവും അത്യാവശ്യപ്പെടുന്ന മനോഭാവങ്ങളും ജീവിതശൈലിയും.

തുടർന്നു വരുന്ന ഓരോ യാചനയും ഈ വിശ്വാസത്തിന്റെ പ്രകടനമാണ്. ആദ്യത്തെ മൂന്നു യാചനകൾ “അങ്ങയുടെ” എന്ന വിശേഷണത്തോടെ ആരംഭിക്കുന്നു; തുടർന്നുള്ള നാലു യാചനകൾ “ഞങ്ങളുടെ” എന്ന വിശേഷണത്തോടെയും. ദൈവവും മനുഷ്യനുമായുള്ള ബന്ധം ശരിയായ രീതിയിൽ നിലനില്ക്കുമ്പോൾ മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളും ശരിയായിരിക്കും. ദൈവം തന്റെ വിശുദ്ധി വെളിപ്പെടുത്തണം; അതിനു വിഘാതമോ തടസ്സമോ സൃഷ്ടിക്കുന്ന ഒന്നും ഞങ്ങളുടെ ഭാഗത്തുനിന്നുണ്ടാകരുതേ എന്നതാണ് ആദ്യത്തെ യാചന. മക്കളുടെ ജീവിതത്തിലൂടെ പിതാവിന്റെ യഥാർത്ഥ സ്വഭാവം എല്ലാവരും അറിയാൻ ഇടയാകണം.

ദൈവം ഈ ഭൂമിയിൽ ഭരണം നടത്തണം. അവിടുത്തെ രാജ്യം ഇവിടെ യാഥാർത്ഥ്യമാകണം എന്ന രണ്ടാമത്തെ യാചന

വീണ്ടും ദൈവം മനുഷ്യബന്ധത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. ദൈവരാജ്യമെന്നാൽ "*ഭക്ഷണവും പാനീയവുമല്ല, പ്രത്യുത, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും*" (റോമാ 14,17) ആണെന്ന അപ്പസ്തോലന്റെ നിർവ്വചനം ഇവിടെ ശ്രദ്ധേയമാകുന്നു. ദൈവരാജ്യത്തിന്റെ വിവിധ വശങ്ങൾ യേശു തന്നെ വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. യേശുവിലൂടെ ഈ ഭൂമിയിലേക്കു കടന്നുവന്ന ദൈവരാജ്യം, അഥവാ ദൈവഭരണം, കഴിയുന്നത്ര വേഗം അതിന്റെ പൂർണ്ണതയിൽ ഒരു യാഥാർത്ഥ്യമാകണമേ എന്നതാണ് രണ്ടാമത്തെ യാചന. ഇതിന്റെ വിവിധ വശങ്ങൾ തിരുഹിതത്തെ സംബന്ധിച്ച മൂന്നാം യാചനയിൽ വ്യക്തമാക്കുന്നു.

മനുഷ്യന്റെ എല്ലാ ആവശ്യങ്ങളുടെയും പര്യായമാണ് ***അപ്പം***. ഭൗതികവും ആത്മികവും, വ്യക്തിപരവും സാമൂഹികവുമായ എല്ലാ മേഖലകളിലും ആവശ്യമായതെല്ലാം അപ്പം എന്ന ഒറ്റവാക്ക് സൂചിപ്പിക്കുന്നു. ഇതും *ഞങ്ങളുടെ* എന്ന വിശേഷണത്തോടെ അവതരിപ്പിക്കുമ്പോൾ മനുഷ്യനെ സ്വാർത്ഥതയുടെ തടവറയിൽനിന്നു മോചിപ്പിച്ച്, പങ്കുവച്ച് സന്തുഷ്ടനായി കഴിയാൻ സഹായിക്കുന്നതാണ് ഈ യാചന എന്നു വ്യക്തമാക്കുന്നു. അപ്പം ദാനമാണ്; അതേസമയം ഒരു ദൗത്യവും ഉൾക്കൊള്ളുന്നു. ഉൽപാദിപ്പിക്കാനും പങ്കുവയ്ക്കാനുമുള്ള ഉത്തരവാദിത്വം, അതോടൊപ്പം ഒന്നും നശിപ്പിക്കാതെ സംരക്ഷിക്കാനും.

സമൂഹജീവിതത്തിന് അവശ്യംവേണ്ട ഒന്നാണത്ര ക്ഷമിക്കുന്ന സ്നേഹം. പരസ്പരം ക്ഷമിച്ചുകൊണ്ട് ദൈവത്തിന്റെ ക്ഷമ സ്വീകരിക്കാൻ പ്രാപ്തരാക്കണമേ എന്ന അഞ്ചാമത്തെ യാചനയിലെ സാമൂഹികമാനം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. പരസ്പരം സ്നേഹിക്കുന്ന, കുറ്റങ്ങളും തെറ്റുകളും ക്ഷമിക്കുന്ന, സഹോദരങ്ങളുടെ കൂട്ടായ്മയായിരിക്കണം പ്രാർത്ഥിക്കുന്ന ദൈവമക്കൾ. നാം ക്ഷമിക്കാൻ തയ്യാറാകുമ്പോൾ മാത്രമേ നമുക്കു ദൈവത്തിന്റെ ക്ഷമ സ്വീകരിക്കാൻ കഴിയൂ.

വിവിധങ്ങളായ പ്രലോഭനങ്ങളുടെ മധ്യത്തിലൂടെയാണു നാം കടന്നുപോകുന്നത്. പ്രലോഭനങ്ങളെല്ലാം, ആത്യന്തികമായി ദൈവത്തെ ഉപേക്ഷിക്കാനും ദൈവത്തിന്റെ തിരുഹിതത്തിനുപകരം സ്വന്തം ഇഷ്ടം അനുസരിച്ചു ജീവിക്കാനുമുള്ള പ്രേരണയാണ്; പ്രലോഭനങ്ങളുടെ മൂലകാരണം തിന്മയുടെ ശക്തിയും. എന്നാൽ പ്രലോഭനങ്ങൾ എപ്പോഴും തിരിച്ചറിയപ്പെട്ടെന്നു വരില്ല. സ്വന്തം തോന്നലുകളും ദൈവാത്മാവിന്റെ പ്രചോദനങ്ങളും തിന്മയുടെ ശക്തി ഉയർത്തുന്ന പ്രലോഭനങ്ങളും വേർതിരിച്ചറിയാൻ കഴി

യണം. പ്രലോഭനങ്ങളെ തള്ളിക്കളയാനും പ്രചോദനങ്ങളെ സ്വീകരിക്കാനും സാധിക്കണം. ഇതാണു ആറാമത്തെ യാചനയുടെ ലക്ഷ്യം.

മനുഷ്യനെ തിന്മയിലേക്കു നയിക്കുന്ന ഒരു ശക്തി ഈ പ്രപഞ്ചത്തിലുണ്ട് എന്ന സത്യം ബൈബിൾ സംശയരഹിതമാംവിധം പഠിപ്പിക്കുന്നുണ്ട്. മനുഷ്യനെ തന്റെ ആത്യന്തികലക്ഷ്യമായ ദൈവത്തിൽനിന്നകറ്റി, നിത്യനാശത്തിലേക്കു നയിക്കുക ഈ ദുഷ്ട ശക്തിയുടെ ലക്ഷ്യമായും ബൈബിൾ പഠിപ്പിക്കുന്നു. പാപത്തിനധീനവും തിന്മയിലേക്കു ചായ്‌വുള്ളതുമായ മനുഷ്യപ്രകൃതിയാണ് ഉത്ഭവം വഴി നമുക്കു ലഭിച്ചിരിക്കുന്നത്. ഇവിടെ തിന്മയെ ചെറുക്കാനും നന്മയോടു ചേർന്നുനില്ക്കാനും ദൈവത്തിന്റെ സഹായം അനിവാര്യമായിരിക്കുന്നു. മനുഷ്യനു ദൈവം സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. എന്നാൽ ആ സ്വാതന്ത്ര്യം ദുരുപോയഗിക്കാൻ പ്രലോഭനങ്ങൾ കാരണമാകും. അതിനാൽ ദുഷ്ടനിൽനിന്നു സംരക്ഷണം നല്കണമേ എന്ന് ഏഴാമത്തെ യാചനയിലൂടെ പ്രാർത്ഥിക്കുന്നു.

വിശ്വാസത്തിന്റെ പ്രകടനമാണ് പ്രാർത്ഥന; അതേസമയം വിശ്വാസസത്യങ്ങളുടെ ആഴങ്ങൾ ഗ്രഹിക്കാൻ പ്രാർത്ഥന സഹായിക്കും; സഹായിക്കണം. പ്രാർത്ഥന വിശ്വാസത്തെയും വിശ്വാസം ജീവിതത്തെയും നയിക്കും, ശക്തിപ്പെടുത്തും. ഞാൻ എന്താണ് പ്രാർത്ഥിക്കുന്നതെന്നറിയുന്നത് ഞാൻ ആരാണെന്നു ഗ്രഹിക്കാൻ സഹായിക്കും. അതുകൊണ്ടാണ് മാനവരക്ഷകനായി അവതരിച്ച ദൈവപുത്രൻ തന്നെ നമ്മെ ഈ പ്രാർത്ഥന പഠിപ്പിച്ചത്. ക്രിസ്തീയ വിശ്വാസത്തിന്റെ ഏറ്റം ലളിതവും ഹ്രസ്വവുമായ അവതരണമായി ഈ പ്രാർത്ഥനയെ കരുതണം. “സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ” എന്ന ഒറ്റ അഭിസംബോധനയിൽ ആ വിശ്വാസസത്യങ്ങളുടെയെല്ലാം സംഗ്രഹം കാണാം. അതു നമുക്കു ശക്തിയും പ്രത്യാശയും മാർഗ്ഗദർശനവും പ്രദാനം ചെയ്യും. അതിനാൽ എല്ലാ വിഭാഗീയതകളും മറന്ന്, മനുഷ്യവർഗ്ഗം ഒന്നുചേർന്നു ഏകസ്വരത്തിൽ വിളിക്കാം.

## അബ്ബാ

## സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ